Office of the Kadavallur Grama Panchayat
Karikkad P.O.
Thrissur - Dist.

# കടവല്ലൂർ ഗ്രാമ പഞ്ചായത്ത്



## ജനകീയാസൂത്രണം

# വികസന റിപ്പോർട്ട്

1996

# 1994
# KADAVALLUR PANCHAYAT
# കടവല്ലൂർ ഗ്രാമ പഞ്ചായത്ത്

## നിയോജക മണ്ഡലങ്ങൾ



കടവല്ലൂർ ഗ്രാമ പഞ്ചായത്ത്

# ജനകീയാസൂത്രണം

# വികസന റിപ്പോർട്ട്
# 1996



# പ്രസ്താവന

കടവല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ സർവ്വതോൻമുഖമായ പുരോഗമനത്തിന്, അധികാരവികേന്ദ്രീകരണ ഭരണസമ്പ്രദായ പ്രകാരം, അധികാരം ജനങ്ങൾക്ക് ആയിരിക്കുമ്പോൾ ജനകീയ ആസൂത്രണ പദ്ധതികൾക്ക് അതിപ്രധാനമായ സ്ഥാനം ഉണ്ട്. 1979 മുതൽ ഈ പഞ്ചായത്തിന്റെ പ്രസിഡണ്ട് ആയിരുന്ന എനിക്ക്, ഈ വികസന റിപ്പോർട്ട് പ്രകാശിപ്പിക്കുന്നതിൽ സന്തോഷമുണ്ട്. ഇന്നലെകളുടെ നേട്ടങ്ങളും, ഇന്നിന്റെ വെല്ലുവിളികളും ഉൾക്കൊണ്ട് നാളെയ്ക്ക്, പഞ്ചായത്തിന്റെ എല്ലാ മേഖലകളിലും പുരോഗതി ലക്ഷ്യമാക്കിക്കൊണ്ടാണ് നാം യത്നിക്കുന്നത്.

ഒൻപതാം പദ്ധതിയിൽ ഗ്രാമപഞ്ചായത്തുകൾക്ക് 30-40% തുക നീക്കിവെച്ചിട്ടുള്ളതിനാൽ ഈ തുകയ്ക്കുള്ള വികസന പദ്ധതികൾ ജനപങ്കാളിത്തത്തോടെ രൂപപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന് ഗവൺമെന്റ് നിർദ്ദേശം നൽകിയിട്ടുള്ള സമയപരിധിക്കുള്ളിൽതന്നെ, ആസൂത്രണ പരിപാടിയുടെ ഓരോഘട്ടവും പൂർത്തിയാക്കിക്കൊണ്ടിരിക്കുകയാണ്. ഈ പദ്ധതിയുടെ ആദ്യ ഫലമായ പഞ്ചായത്ത്തല വികസന റിപ്പോർട്ട് വികസന സെമിനാറിൽ അവതരിപ്പിക്കുന്നതിന് തയ്യാറായിരിക്കുന്നു. നിശ്ചിത സമയമായ ഒക്ടോബർ 2 ന് തന്നെ പഞ്ചയാത്തിലെ 12 വാർഡുകളിലും ഗ്രാമസഭകൾ പൂർത്തീകരിച്ചു. ഒന്നാംഘട്ട പഞ്ചായത്ത്തല പരിശീലന ക്യാമ്പ് സെപ്റ്റംബർ 12 നും, രണ്ടാം ഘട്ടപഞ്ചയാത്ത്തല പരിശീലന ക്യാമ്പ് ഒക്ടോബർ 28 നും പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ വെച്ച് നടത്തി. പഞ്ചായത്ത്തല സെമിനാർ നവംബർ 16 ന് പെരുമ്പിലാവ് റ്റി. എം. ഹൈസ്കൂളിൽ വെച്ച് നടത്തുന്നു.

ഗ്രാമസഭകളിലെ നിർദ്ദേശങ്ങളും, ഗ്രൂപ്പ് റിപ്പോർട്ടുകളും, ദ്വതീയ സ്ഥിതിവിവര കണക്കുകളും, വിഭവഭൂപടവും, നാട്ടറിവുകളും, ക്രോഡീകരിച്ച് വിദഗ്ധ സമിതിയാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. ഇത് പദ്ധതികൾ അല്ല. റിപ്പോർട്ട് മാത്രമാണ്. പൊതുജന പങ്കാളിത്തം ഈ പരിപാടിയുടെ മുഖമുദ്രയാക്കുവാനും നമ്മൾക്ക് കഴിഞ്ഞിട്ടുണ്ട്.

പഞ്ചായത്തിന്റെ സർവ്വതോൻമുഖമായ വളർച്ചയ്ക്കും, പ്രദേശികമായ അസംതുലിതാവസ്ഥ ഇല്ലാതാക്കുവാനും, ജനങ്ങളുടെ സാമൂഹ്യവും, സാമ്പത്തികവുമായ അഭിവൃദ്ധി ലക്ഷ്യമാക്കിക്കൊണ്ടും, പ്രാദേശിക ആവശ്യങ്ങളും, പ്രശ്നങ്ങളും, സാഹചര്യങ്ങളും, വിഭവങ്ങളും, സാദ്ധ്യതകളും, നിക്ഷേപസാദ്ധ്യതകളും കണക്കിലെടുത്തുംകൊണ്ടാണ് ഈ വികസന റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. വികസനസെമിനാറിൽ, പ്രോത്സാഹജനകമായ ചർച്ചകളും, നിർദ്ദേശങ്ങളും ഉണ്ടാകണം. എങ്കിൽ മാത്രമെ, ജനകീയ പങ്കാളിത്തത്തോടു കൂടിയ പദ്ധതി ആവിഷ്ക്കരണം സാദ്ധ്യമാകുകയുള്ളൂ. സാമൂഹ്യ, സാസംസ്ക്കാരിക, ചരിത്രപശ്ചാത്തലങ്ങളും 12 ഗ്രൂപ്പുകളായി പദ്ധതി വിശദീകരണങ്ങളും ഇതിൽ വിവരിച്ചിട്ടുണ്ട്. ആയതിനാൽ കൂടുതൽ വിശദീകരണം അർഹിക്കുന്നില്ല. പഞ്ചായത്തിന്റെ ദ്രുതഗതിയിലുള്ള പുരോഗതി ലക്ഷ്യമാക്കി, ജനപങ്കാളിത്തത്തോടുകൂടിയ പദ്ധതി ആവിഷ്ക്കരണവും നടത്തിപ്പും, ഉത്തരവാദിത്വത്തോടെ ഏറ്റെടുത്ത്, പഞ്ചായത്തിന്റെ സമഗ്രപുരോഗതിക്കായി നമ്മൾക്ക് കൂട്ടായി പ്രവർത്തിക്കാം. എല്ലാ വീടുകളിലും, ഓഫീസുകളിലും കയറി ഇറങ്ങി വിവരങ്ങൾ ശേഖരിച്ചവർക്കും, വികസന റിപ്പോർട്ട് തയ്യാറാക്കിയവർക്കും കൃതജ്ഞത രേഖപ്പെടുത്തികൊള്ളുന്നു.

കരിക്കാട്
8.11.96

A.P. മുഹമ്മദാലി
പ്രസിഡണ്ട്

C6

# ഉള്ളടക്കം


## ഭാഗം 1

**അദ്ധ്യായം**

1 കടവല്ലൂർ ഗ്രാമ പഞ്ചായത്ത് ഇന്നലെ, ഇന്ന്, നാളെ

## ഭാഗം 2 പ്രാഥമിക മേഖല

**അദ്ധ്യായം**

2 കൃഷി, ജലസേചനം

3 മൃഗസംരക്ഷണം, മത്സ്യബന്ധനം

## ഭാഗം 2 ദ്വിതീയ മേഖല

**അദ്ധ്യായം**

4 വ്യവസായം, വാർത്താവിനിമയം

5 ഗതാഗതം, ഊർജ്ജം, മാർക്കററിങ്ങ്

## ഭാഗം 4 തൃതീയ മേഖല

**അദ്ധ്യായം**

6 വിദ്യാഭ്യാസം

7 ആരോഗ്യം, ശുചിത്വം, കുടിനീർ

8 പാർപ്പിടം, സാമൂഹ്യക്ഷേമം

9 പട്ടികജാതി, പട്ടികവർഗ്ഗം

10 സംസ്കാരം, കായികം

11 വനിത

12 സഹകരണം

13 വിഭവ സമാഹരണം

## പഞ്ചായത്ത് തല വികസന റിപ്പോർട്ട് തയ്യാറാക്കിയ

# വിദഗ്ദ്ധ സമിതി അംഗങ്ങൾ

1 ശ്രീ. C. ചന്ദ്രശേഖരൻ Rtd. B D.O. (പഞ്ചായത്ത് തല കൺവീനർ)
2 ശ്രീ. ഉണ്ണികൃഷ്ണൻ മാസ്റ്റർ (കൃഷിജല സേചനം)
3 ശ്രീ. ജോബ് മാസ്റ്റർ (മൃഗപരിപാലനം, മത്സ്യബന്ധനം)
4 ശ്രീ. ശക്തീധരൻ മാസ്റ്റർ (വിദ്യാഭ്യാസം)
5 ശ്രീ. K. ഭാസ്കരൻ (വ്യവസായം, വാർത്താവിതരണം)
6 ശ്രീ. T. N. ജയൻ മാസ്റ്റർ (ഗതാഗതം, ഊർജ്ജവും, മാർക്കറ്റും)
7 ശ്രീ. രഘുനാഥൻ മാസ്റ്റർ (പാർപ്പിടവും സാമൂഹ്യക്ഷേമവും)
8 ശ്രീ. V. P. മുഹമ്മദാലി (സംസ്കാരം)
9 ശ്രീ. വീരാൻകുട്ടി മാസ്റ്റർ (വനിതാക്ഷേമം)
10 ശ്രീ. നാരായണൻ നമ്പൂതിരി (ചരിത്രം)
11 ശ്രീ. സുബൈർ A. A. (പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമം)
12 ശ്രീ. ഹരികുമാർ (വിഭവസമാഹരണം)
13 ശ്രീ. M. K. രവീന്ദ്രനാഥൻ (ആരോഗ്യം)
14 ശ്രീ. K.P. വിശ്വംഭരൻ (DRP)
15 ശ്രീ. P. G. സജീവ് (DRP)
16 ശ്രീ. മുഹമ്മദ് (DRP)
17 ശ്രീ. മോഹനൻ തിപ്പലശ്ശേരി (DRP)
18 ശ്രീ. K. ഗോപാലകൃഷ്ണൻ (DRP)
19 ശ്രീ. K. ഉണ്ണിനായർ (മെമ്പർ, ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത്)
20 ശ്രീമതി. സൂസന്ന പാപ്പച്ചൻ (മെമ്പർ, ചൊവന്നൂർ ബ്ലോക്ക് പഞ്ചായത്ത്)

Printed at: Sukumar Brother's
CLARITY PRINTERS
Pazhanji Road, Akkikavu-680519



ശ്രീ. വി. ഭാസ്കരൻ നായർ
വൈസ് പ്രസിഡണ്ട്



ശ്രീ. എം.കെ. രവീന്ദ്രനാഥൻ
സെക്രട്ടറി



ശ്രീ. എം.എം. അബ്ദുൾ
സ്റ്റാൻഡിംഗ് കമ്മിറ്റി
ചെയർമാൻ



ശ്രീ. ഗോപി
1-ാം വാർഡ് മെമ്പർ



ശ്രീ. ഫസലു റഹ്മാൻ
4-ാം വാർഡ് മെമ്പർ



ശ്രീമതി. ശാന്ത
ബാലകൃശ്ണൻ
5-ാം വാർഡ് മെമ്പർ



ശ്രീ. എം.വി. അബൂബക്കർ
6-ാം വാർഡ് മെമ്പർ



ശ്രീമതി. ശ്രീമതി ടീച്ചർ
7-ാം വാർഡ് മെമ്പർ



ശ്രീ. ബാലാജി എം.
പാലിശ്ശേരി
9-ാം വാർഡ് മെമ്പർ



ശ്രീമതി. ഭാർഗ്ഗവി ടീച്ചർ
3-ാം വാർഡ് മെമ്പർ



ശ്രീമതി. ചന്ദ്രിക ചന്ദ്രൻ
[illegible]-ാം വാർഡ് മെമ്പർ



ശ്രീ. എ. ശങ്കരൻ
12-ാം വാർഡ് മെമ്പർ

12



ഇരിക്കുന്നവർ ഇടത്തുനിന്ന്

1. M.P. പീലിപ്പോസ്, യു.ഡി. ക്ലർക്ക്, 2. M.K. രവീന്ദ്രനാഥൻ, സെക്രട്ടറി
3. A.K. സുബ്രഹ്മണ്യൻ, ഹെഡ് ക്ലർക്ക്, 4. P.V. തോമസ്, പ്യൂൺ

നിൽക്കുന്നവർ ഇടത്തുനിന്ന്

1. ലോവീസ് ജോൺ എൽ.ഡി. ക്ലർക്ക്, 2. K.A. ദേവകി എൽ.ഡി. ക്ലർക്ക്, 3. K.K. തങ്കമണി യു.ഡി. ക്ലർക്ക്



ശ്രീമതി. കെ.കെ. സത്യഭാമ
മുൻ പ്രസിഡണ്ട് 1972 - 79



ശ്രീ. സി.യു. അബ്രഹാം
മുൻ പ്രസിഡണ്ട് 1953 - 62



ശ്രീ. സി.യു. ജോർജ്
മുൻ പ്രസിഡണ്ട് 1964 - 71

13

ഭാഗം - I

# കടവല്ലൂർ ഗ്രാമ പഞ്ചായത്ത്

# ഇന്നലെ
# ഇന്ന്, നാളെ

# ഭാഗം ഒന്ന്
# കടവല്ലൂർ ഗ്രാമ പഞ്ചായത്ത്
# ഇന്നലെ, ഇന്ന്, നാളെ.
# വികസന റിപ്പോർട്ട്
# 1996

| | | | |
|---|---|---|---|
| 1. | പഞ്ചായത്തിന്റെ പേര് | | കടവല്ലൂർ |
| 2. | പഞ്ചായത്ത് ഉൾപ്പെടുന്ന വില്ലേജുകൾ | | 1. കടവല്ലൂർ |
| | | | 2. പെരുമ്പിലാവ് |
| | | | 3. കരിക്കാട് |
| 3. | ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | | 1. കടവല്ലൂർ ഡിവിഷൻ |
| | | | 2. പെരുമ്പിലാവ് ഡിവിഷൻ |
| 4. | ബ്ലോക്ക് പഞ്ചായത്ത് | | ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് |
| 5. | താലൂക്ക് | | തലപ്പിള്ളി |
| 6. | അസംബ്ലി മണ്ഡലം | | വടക്കാഞ്ചേരി |
| 7. | വിസ്തീർണ്ണം | | 24.845 Sq. Km. |
| 8. | അതിർത്തികൾ | വടക്ക് | ചാലിശ്ശേരി പഞ്ചായത്ത് (പാലക്കാട് ജില്ല. |
| | | കിഴക്ക് | കടങ്ങോട്. പഞ്ചായത്ത് |
| | | തെക്ക് | പോർക്കുളം പഞ്ചായത്ത് |
| | | പടിഞ്ഞാറ് | നന്നംമുക്ക് പഞ്ചായത്ത് (മലപ്പുറം ജില്ല. |
| 9. | ജനസംഖ്യ | | 30019 (1991) |
| 10. | വാർഡുകൾ | | 12 എണ്ണം |
| 11. | പ്രസിഡണ്ടിന്റെ പേര് | | A.P. മുഹമ്മദാലി |
| 12. | വൈസ്.പ്രസിഡണ്ടിന്റെ പേര് | | വി. ഭാസ്കരൻ നായർ |
| 13. | സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | | എം.എം. അബ്ദുൾ. |

1961 ലെ ഗവ. ഉത്തരവ് GOMS 191/61 തിയ്യതി 28-12-61 പ്രാകാരമാണ് കടവല്ലൂർ പഞ്ചായത്ത് രൂപീകൃതമായത്. രേഖാംശം 10° 41" നും 10° 44" ഇടക്കും 11 ഉത്തര അക്ഷാംശം 76° 3 മിനിറ്റിനും 76° 8 മിനിറ്റിനകം ഇട ക്കാണ് കടവല്ലൂർ പഞ്ചായത്തിന്റെ ഭൂപരമായ സ്ഥാനം. പഴയ കൊച്ചി രാജ്യത്തിന്റെ വടക്കുഭാഗത്ത് സ്ഥിതിചെയ്യുന്ന കൊച്ചിരാജ്യത്തിന്റെ ഭാഗമാ യിരുന്നു. ഇപ്പോൾ തൃശ്ശൂർ ജില്ലയുടെ വടക്കേ അറ്റത്ത്, മലപ്പുറം പാല ക്കാട് എന്നീ ജില്ലകളോട് ചേർന്ന് കിടക്കുന്ന സമുദ്രനിരപ്പിൽനിന്നും 25 മിനിറ്റിനും 150 മിനിറ്റിനും ഉയരത്തിൽ സ്ഥിതിചെയ്യുന്ന ഈ പഞ്ചായ ത്തിന്റെ വടക്കുഭാഗം കൊള്ളഞ്ചേരിതോട്ടം, പടിഞ്ഞാറ് ഒതല്ലൂർ ബണ്ടം കിഴക്കുഭാഗം പൊന്നാംകുന്ന്, തെക്ക് പോർക്കുളം പഞ്ചായത്തിന്റെ അതിർത്തി യാകുന്നു.

(പഞ്ചായത്തിന്റെ വാർഡ് തിരിച്ചുള്ള ഭൂപടം ഇവിടെ കൊടുക്കാം)

## ഭൂപ്രകൃതി



# ആമുഖം

നമ്മുടെ രാഷ്ട്രപിതാവിന്റെ സ്വപ്നമായിരുന്ന 'ഗ്രാമസ്വരാജ്' സ്വാശ്രയ ഗ്രാമങ്ങൾ, സാക്ഷ വൽക്കരിക്കാൻ ശക്തമായ പഞ്ചായത്ത് രാജ് സമ്പ്രദായം കൊണ്ടേ കഴിയൂ എന്നുള്ള വസ്തുത സ്വാതന്ത്ര ലബ്ധിക്കു ശേഷം രൂപം കൊണ്ടവിവിധ കമ്മിറ്റികൾ ചൂിണ്ടക്കാിട്ടയിരുന്നു. എന്നാൽ 1993 ഓടെ 73,74 ഭരണഘനാ ഭേദഗതി സംബന്ധിച്ച നടപടി ക്രമങ്ങൾ ആരംഭിക്കുന്നതുവരെ 'പഞ്ചായത്ത് രാജ് ഭരണഘടനയുടെ നിർദ്ദേശകതത്വങ്ങളിൽ മാത്രം ഒതുങ്ങിനിന്നു. വിവിധ സംസ്ഥാ നങ്ങളിൽ വിവിധ തരത്തിലുള്ള, നാമമാത്ര അധികാരങ്ങൾ മാത്രമുള്ള, പഞ്ചായത്ത് സമിതികൾ ഉണ്ടായിരുന്നുവെങ്കിലും ഉള്ള അധികാരങ്ങൾ ഉദ്യോഗസ്ഥമേധാവിത്വത്തിലും ജന പ്രതിനിധകളി ലും ഒരുതങ്ങിനിന്നു. കേരളത്തിൽ 1979 ജില്ലാ ഭരണ നിയമം പാസ്സായെങ്കിലും അതനുസരിച്ചുള്ള സമതികൾ 91-92ൽ മാത്രമേ നിലവിൽ വന്നുള്ളൂ. ല്ലാ ജില്ലാ കൗൺസിലുകളും ഞൊടിയിടയിൽ അപ്രത്യക്ഷമായി. ശേഷിച്ചിരുന്നത് 1960ലെ പഞ്ചായത്ത്രാജ് ആക്റ്റ് പ്രകാരം നിലവിലുണ്ടായി രുന്ന നാമമാത്ര അധികാരണമുള്ള പഞ്ചായത്തുകളായിരുന്നു. ജനപങ്കാളിത്വമില്ലാത്ത, അധികാരമി ല്ലാത്ത പഞ്ചായത്തുകൾക്ക് വികസന പ്രക്രിയയിൽ യാതൊരു സ്ഥാനവും ഉണ്ടായിരുന്നില്ല. അതി നാൽ 'സ്വാശ്രയഗ്രാമങ്ങൾ' സങ്കൽപ്പത്തിൽതന്നെ ഒതുങ്ങിനിന്നു.

എന്നാൽ 73, 74 ഭരണഘടനാ ഭേദഗതികളുടെ ഫലമായി '3' തലത്തിലുള്ള ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകൾ 1995 ഒക്ടോബർ 2-ാം തിയ്യതി നിലവിൽവരുകയും 1994 ലെ പഞ്ചായത്ത് രാജ് ആക്റ്റ് പ്രകാരം അവക്ക് ചുമതലകൾ ഏൽപിച്ചുകൊടുക്കുകയും ചെയ്തതോടെ അധികാര വികേന്ദ്രീകരണം ഒരു പരിധിവരെ ജനങ്ങളിലേക്ക് ഇറങ്ങിചെല്ലുകയും ചെയ്തിരിക്കുകയാണ്. ഇതനുസ്രിച്ച് ഗ്രാമസഭകൾ സജീവമായി വികസന പ്രക്രിയയിൽ ജനങ്ങൾ പങ്കാളികളാകാൻ തുടങ്ങി. ഉദ്യോഗസ്ഥ ജനപ്രതിനിധികളിൽമാത്രം ഒരുങ്ങിനിന്നിരുന്നതും ജനപങ്കാളിത്വമില്ലാതിരുന്ന തും ജനങ്ങൾ നിസ്സംഗതയോടെ മാത്രം വീക്ഷിച്ചിരുന്നതുമായ വികസന പ്രക്രിയയിൽ ജനങ്ങ ളുടെ പങ്കാളിത്വം കൂടി വരാൻ തുടങ്ങിയിരിക്കുന്നു. ഈ സന്ദർത്തിലാണ് 9-ാം പദ്ധതിയുടെ 35-40% വിഹിതം പഞ്ചായത്തുകൾ നീക്കിവയ്ക്കാൻ തീരുമാനിച്ചത് ഇതനുസരിച്ചാണ്. ആസൂത്രണ ത്തിന് വേണ്ടയുള്ള ഗ്രാമസഭകൾ സജീവമായും പുത്തൻ വികസനസംസ്ക്കാരം, കക്ഷി രാഷ്ട്രീയ മതഭേദമന്യേ, ഉടലെടുത്തതും, അതനുസരിച്ച ജനങ്ങളാൽ തയ്യാറാക്കപ്പെട്ട ഈ വികസന റിപ്പോർട്ട് സഫലമായതും.

സംസ്ഥാനസർക്കാരിന്റേയും പ്ലാനിങ്ങ് കമ്മിറ്റിയുടേയും നിർദ്ദേശമനുസരിച്ച് സമയബന്ധിത മായി ആസൂത്രണം ചെയ്ത ഈ പരിപാടിയുടെ ആദ്യപടിയായി ഈ ഗ്രാമ പഞ്ചായത്തിലെ ഗ്രാമസഭകൾ (12 എണ്ണം) എല്ലാ ഒക്ടോബർ 2ന് മുൻപ് തന്നെ വിളിച്ചുചേർത്തു. അതിന്മുമ്പ് പഞ്ചായത്ത് തല പരിശീലന ക്യാമ്പ് സെപ്റ്റംബർ 12ന് നടത്തപ്പെട്ടു. അതിൻപ്രകാരം ഓരോ വാർഡിലെയും ഗ്രാമസഭകൾ അഞ്ച് ഗ്രൂപ്പുകളായി തിരിഞ്ഞ് ചർച്ച ചെയ്ത് താഴെ പറയുന്ന വിഷയങ്ങളിൽ റിപ്പോർട്ട അവതരിപ്പിച്ചു.

Group I - കൃഷി, ജലസേചനം, മത്സ്യബന്ധനം, മൃഗസംരക്ഷണം

Group II - വ്യവസായം, റോഡ്, ഊർജം, വാർത്താവിനിമയം മാർക്കറ്റ്

Group III - വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ളം, പാർപ്പിടം

Group IV - സാമൂഹ്യക്ഷേമം, സംസ്കാരം, വനിത Sc/ST.

Group V - സഹകരണം, സാമ്പത്തികം, വിഭവസമാഹരണം.

തുടർന്ന വിവിധ വാർഡുകളിൽനിന്ന് കിട്ടിയ ഗ്രൂപ്പുറിപ്പോർട്ടുകളും മുൻഗ്രാമസഭ നിർദ്ദേശ

ങ്ങളും പഞ്ചായത്ത് തലത്തിൽ ക്രോഡീകരിച്ചു. അതാതു വാർഡ് മെമ്പേഴ്സിന്റെ നേതൃത്വത്തിൽ വിദഗ്ദ സമിതി അവ പഞ്ചായത്ത് തലത്തിൽ മേൽ വിഷയങ്ങൾ 5 ഗ്രൂപ്പുകളായി ക്രോഡീകരിച്ച് പഞ്ചായത്തിന്റെ പ്രഥമ വികസന റിപ്പോർട്ട് തയ്യാറാക്കി. ഇതിനുവേണ്ടി എല്ലാ വാർഡിൽനിന്നുള്ള ഗ്രൂപ്പു പ്രതിനിധികളും, ഉദ്യോഗസ്ഥരും, പഞ്ചായത്തിലെ വിവിധ തുറകളുമായി ബന്ധപ്പെട്ടവരും ദിവസവം പഞ്ചായത്ത് ഓഫീസിൽ ഒത്തുകൂടിയാണ് ഇത് തയ്യാറാക്കിയത്. ആസൂത്രണത്തിന് വേണ്ട ഗ്രാമസഭകൾ മുടക്കു . ദിവസങ്ങളിലായിരുന്നു സമ്മേളിച്ചത്. ഗ്രാമസഭകൾ സ്ത്രീ പുരുഷ ഭേദമന്യേ ധാരാലം പേർ പങ്കെടുത്തിരുന്നു. വാർഡ് മെമ്പർമാർ ഓരോ വീടുകളിലും കയറിയിറങ്ങി ഗ്രാമസഭാഗംങ്ങളെ കണ്ടിരുന്നു.

ഇതുകഴിഞ്ഞ് അടുത്ത രണ്ടാംഘട്ട പരിശിശീലനമായിരുന്നു. ഒക്ടോബർ 23,24,25 തിയ്യതിക ളിൽ കുന്നംകുളം ടൗൺഹാളിൽ നടന്ന ഈ പരിശീലനക്യാമ്പിൽ ഒന്നാം ഘട്ടത്തിൽ നിന്നും വ്യത്യസ്ഥമായി പ്രസിഡണ്ടും, വൈസ് പ്രസിഡണ്ടും പഞ്ചായത്തംഗങ്ങളും സെക്രട്ടറിയും കൂടാതെ വികസനറിപ്പോർട്ട് തയ്യാറാക്കുന്നതിനുവേണ്ടി തിരഞ്ഞെടുത്ത വിദഗ്ദരായിരുന്നു പങ്കെടുത്തത്. തുടർന്ന് ഒക്ടോബർ 28ന് പഞ്ചായത്ത്തല പരിശീലനക്യാമ്പ് നടത്തി പഞ്ചായത്ത് തല റിസോഴ്സ് പേഴ്സൺസിനെ തയ്യാറാക്കി 93 പേരോളം പങ്കടുത്ത ഈ ക്യാമ്പിൽ DRP കൾ വിവിധ വിഷയ ങ്ങളെക്കുറിച്ച് ക്ലാസ്സുകൾ എടുത്തു.

തുടർന്ന് ഒക്ടോബർ 29 മുതൽ വിവിധ '13' വിഷയങ്ങളിൽ കരട് റിപ്പോർട്ട് തയ്യാറാക്കുന്ന തിന് തിരഞ്ഞെടുത്ത വിദഗ്ദർ ദിവസവും പഞ്ചായത്താഫീസിൽ സമ്മേളിച്ച് പ്രാഥമിക റിപ്പോർട്ടും, സ്ഥിതിവിവരക്കണക്കുകളും, വിഭവ ഭൂപടവും ഓരോ വാർഡിലും നടത്തിയ പ്രാഥമിക സ്ഥിതിവിവ രക്കണക്കുകളും പരിശോധിച്ച് ഓരോ വിഷയത്തിലു് പഞ്ചായത്തിന്റെ കരട് റിപ്പോർട്ട് തയ്യാറാക്കു കയും നവംബർ 4ന് അതിന്റെ അവസാനരൂപം നൽകുകയും ചെയ്തു. വീണ്ടും പോരായ്മകൾ പരിശോധിച്ച് കൂട്ടിച്ചേർത്ത കരട് ടേബിളുകളും, ഗ്രാഫുകളും, സ്ഥിതിവിവരക്കണക്കുകളും പഞ്ചാ യത്തിന്റെ വികസനത്തിന്റെ നാഴികകല്ലുകളായ ഫോട്ടോകളും ചേർത്ത് വിപുലീകരിച്ച് നവംബർ 6ന് പൂർത്തീകരിച്ചു. കൂടാതെ വികസനറിപ്പോർട്ട് നവംബർ 16ന് നടത്താൻ നിശ്ചയിച്ചിട്ടുള്ള വികസനസെമിനാറിന് രണ്ട് ദിവസം മുൻപുതന്നെ റിപ്പോർട്ടിന്റെ പ്രിന്റ് ചെയ്ത കോപ്പികൾ സെമി നാറിൽ പങ്കുടക്കുന്നവർക്ക് ലഭ്യമാക്കുവാനും തീരുമാനിച്ചു. കൂടാതെ 16ലെ വികസനസെമിനാർ ആഘോഷപൂർവ്വം നടത്തുവാനും തീരുമാനിച്ചു. കരട് വികസന റിപ്പോർട്ട് പഞ്ചായത്ത് കമ്മിറ്റി നവംബർ 8ന് യോഗം ചേർന്ന് അംഗീകരിക്കുകയും ചെയ്തു.

## കടവല്ലൂർ ഗ്രാമ പഞ്ചായത്ത് ഭരണ ചരിത്രം ദശാബ്ദികളിലൂടെ

കൊല്ലവർഷം 1087ലെ കൊച്ചിൻ പഞ്ചായത്ത് റെഗുലേഷൻപ്രകാരമാണ്. ആദ്യമായി 85 വർഷ ങ്ങൾക്ക് മുൻപ് കടവല്ലൂർ പഞ്ചായത്ത് രൂപംകൊണ്ട ഇന്ത്യയിൽ ആദ്യമായി നിയമപ്രകാരമുള്ള പഞ്ചായത്ത് രൂപീകരിച്ചത് കൊച്ചി രാജ്യത്തായിരുന്നു എന്ന ഖ്യാതിയും കൊച്ചി രാജ്യത്തിനുണ്ട്. കൊച്ചി ഒരു നാട്ടുരാജ്യവും മഹാരാജാവ് ഭരണാധികാരിയും ആയിരുന്നു. മഹാരാജാവ് പുറപ്പെടുവിക്കുന്ന നിയമനത്തിനാണ് റെഗുലേഷൻ എന്ന് പറയുന്നത്. കടവല്ലൂർ, പെരുമ്പിലാവ്, കരിക്കാട് എന്നീ മൂന്നു വില്ലേജുകൾ ഉൾപ്പെടുത്തികൊച്ചി പഞ്ചായത്ത് റെഗുലേഷൻ പ്രാകരം അന്ന് രൂപീകരിച്ച കടവല്ലൂർ പഞ്ചായത്തിന്റെ അതിർത്ഥിയിലും, വിസ്തീർണ്ണത്തിലും അതിനുശേഷം ഇന്നേവരെ ഒരു മാറ്റവും ഉണ്ടായിട്ടില്ല. ടി. റഗുലേഷൻ ആക്റ്റ് പ്രകാരം കൊച്ചി രാജ്യത്ത് ആദ്യമായി രൂപീകരിച്ച '87' പഞ്ചായത്തുകളിൽ ഒന്നാണ് കടവല്ലൂർ പഞ്ചായത്ത്. അന്നത്തെ പഞ്ചായത്തുകളിൽ വിസ്തീർണ്ണ വും ജനസംഖ്യയും എത്രയായാലും അംഗങ്ങളുടെ എണ്ണം '5' ആയിരുന്നു. പഞ്ചായത്തതിർത്തിയിലെ നാട്ടുപ്രമാണിമാരായ '5' വ്യക്തികളെ മെമ്പർമാരായി നോമിനേറ്റ് ചെയ്യുകയായിരുന്നു അന്ന് പതിവ്.

അവരിൽ നിന്ന് പ്രസിഡണ്ടിനെ തിരഞ്ഞെടുക്കുവാൻ മെമ്പർമാർക്കധികാരമുണ്ടായിരുന്നു. അങ്ങിനെ തിരഞ്ഞെടുത്ത ആദ്യകാല പ്രസിഡണ്ടുമാർ ആയയിരുന്ന ഭട്ടിയിൽ തെക്കേടത്ത് മനക്കൽ വാസുദേവൻ സോമയാജിപ്പാട്, കാഞ്ഞിങ്ങാട്ട് ഉക്രു, എടവഴിപ്പുറത്ത് മനക്കൽപരമേശ്വരൻനമ്പൂതിരി മുതലായവർ ആയിരുന്നു.

അന്നത്തെ പഞ്ചായത്ത് കമ്മിറ്റിയുടെ ചുമതലകൾ ശുദ്ധീകരണം, വിളക്ക് വെപ്പ്, വേനൽക്കാല തണ്ണീർപ്പന്തലുകൾ ഒരുക്കൽ മോരിൻവെള്ളം കൊടുക്കൽ, മേച്ചിൽ സ്ഥലം സംരക്ഷിക്കൽ, കന്നുകാലി പൗണ്ട് സംരക്ഷിക്കൽ മുതലായവ മാത്രമായിരുന്നു. അതിന്പുറമെ പഞ്ചായത്ത് കമ്മറ്റി യോഗംകൂടി പഞ്ചായത്ത് പ്രദേശത്ത് വേണ്ട കുളം, കിണർ, റോഡുകൾ മുതലായവ ആവശ്യങ്ങൾക്ക് പ്രമേയം പാസാക്കി പഞ്ചായത്ത് ഡയറക്ടർക്കും മറ്റ് ബന്ധപ്പെട്ട വകുപ്പ് മേധാവികൾക്കും അയച്ചുകൊടുക്കും. അത് പഞ്ചായത്ത് ഡിപ്പാർട്ട്മെന്റ് തന്നെ നടത്തുകയും ചെയ്യും. അന്ന് പഞ്ചായത്ത് സ്റ്റാഫിന്റെ ശമ്പളം, ഓഫീസിലേക്കുള്ള ആവശ്യമായ പുസ്തകങ്ങൾ ഫോറങ്ങൾ സ്റ്റേഷനറി സ്റ്റാമ്പ് മുതലായവ എല്ലാം സർക്കാരിൽ നിന്നും നൽകും.

ഈ തരത്തിലുള്ള പഞ്ചായത്തുകൾ കൊച്ചി രാജ്യത്ത് തുടർന്നുകൊണ്ടിരിക്കേ 1947 ആഗസ്റ്റ് 15ന് ഇന്ത്യക്ക് സ്വാതന്ത്ര്യം കിട്ടുകയും 1949 ജൂലായ് 1ന് രാജാവിന്റെ ഭരണം അവസാനിക്കുകയും കൊച്ചിയും തിരുവിതാംകൂറും കൂടി United State of travancore Cochin നിലവിൽ വരുകയും ചെയ്തു. തിരുവിതാംകൂറിൽ വില്ലേജ് പഞ്ചായത്തുകൾ ഇല്ല. അതിന് പകരം വില്ലേജ് യൂണിയൻ എന്ന സമ്പ്രദായമായിരുന്നു. അപ്പോൾ പഞ്ചായത്ത് നിയമത്തിന് ഒരു ഏകീകൃത നിയമത്തിന്റെ ആവശ്യം വന്നു. അങ്ങിനെയാണ് 1950ലെ തിരുവിതാംകൂർ കൊച്ചി പഞ്ചായത്ത് ആക്ട് രൂപംകൊണ്ടത്. ഈ ആക്ട് പ്രകാരമാണ് ആദ്യമായി പഞ്ചായത്ത് വാർഡുകളായി വിഭചിച്ചതും അതിൽ നിന്ന് ആദ്യമായി പഞ്ചായത്ത് മെമ്പർമാരെ ജനങ്ങൾ വോട്ടവകാശം ഉപയോഗിച്ചു തിരഞ്ഞെടുത്തതും. ഈ ആക്ട് പ്രകാരം കടവല്ലൂർ പഞ്ചായത്തിൽ 6 വാർഡും 7 മെമ്പർമാരും ഉണ്ടായി.(ഏതെങ്കിലും വാർഡിൽ നിന്ന് ഒരു പട്ടിക ജാതിക്കാരനും ഒരു ജനറലും.) ഈ ആക്ട് പ്രകാരം 1953ൽ ഇലക്ഷൻ നടത്തി പുതിയ കമ്മറ്റിയടെ പ്രസിഡണ്ടായി ശ്രീ. C.O. എബ്രഹാമിനെ തിരഞ്ഞെടുത്തു. വൈസ്. പ്രസിഡണ്ടായി കെ.കെ. കുഞ്ഞഹമ്മദിനേയും. ഈ കമ്മറ്റി 1953 ഒക്ടോബർ 1ന് അധികാരമേറ്റെടുത്തു.

അതിനിടെ 1956 നവംബർ 1ന് കേരളം പിറവിയെടുത്തു. പഴയ മദ്രാസ് വില്ലേജ് പഞ്ചായത്ത് ആക്ട് പ്രകാരമുള്ള ഭരണവും കൊച്ചി പ്രദേശത്ത് TC പഞ്ചായത്ത് ഏക്റ്റ് പ്രകാരമുള്ള ഭരണവും തുടർന്നു. ഇതിന് വിരാമമിട്ടുകൊണ്ട് 1960ലെ കേരള പഞ്ചായത്ത് Act രൂപം കൊണ്ടു. ഈ ആക്ട് നടപ്പിൽ വരുത്തുവാൻ വേണ്ടി C.O. എബ്രഹാം അദ്ധ്യക്ഷനായുള്ള പഞ്ചായത്തു കമ്മറ്റിയെ 1962 ഡിസംബർ 31ന് സർക്കാർ പിരിച്ച്വിടുകയും 1963 ജനുവരി 1 മുതൽ അന്ന് പഞ്ചായത്ത് ഇൻസ്പക്ടർ ആയിരുന്ന പി.കെ.നായരെ പഞ്ചായത്ത് സ്പെഷ്യൽ ഓഫീസറാക്കി നിയമിക്കുകയും ചെയ്തു. ഇതു 1964 ജനുവരി 1 വരെ തുടർന്നു. ഇതിനിടയിൽ പഞ്ചായത്ത്രാജ് Act 1960 പ്രകാരമുള്ള ഇലക്ഷൻ ഈ പഞ്ചായത്തിനെ 7 വാർഡുകളായി വിഭചിച്ചുകൊണ്ട് നടത്തുകയും (ഇതിൽ ഒരു വാർഡ് Reservation) ആയിരുന്നു.) അതനുസരിച്ച് തിരഞ്ഞെടുക്കപ്പെട്ട കമ്മറ്റി അന്തരിച്ച ശ്രീ. സി.യു. ജോർജ്ജിനെ ഈ ആക്ട് പ്രകാരമുള്ള കടവല്ലൂർ പഞ്ചായത്തിലെ ആദ്യ പ്രസിഡണ്ടായി തിരഞ്ഞെടുക്കുകയും ചെയ്തു. വൈസ് പ്രസിഡണ്ടായി ശ്രീകൊച്ചുണ്ണിനായരേയും തിരിഞ്ഞെടുത്തു.

അദ്ദേഹം മരിച്ചപ്പോൾ K.A. അബൂബക്കർ വൈസ് പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടു. കൂടാതെ സ്ത്രീകളാരും തിരഞ്ഞെടുക്കപ്പെട്ടില്ലെങ്കിൽ K.P. Act പ്രകാരം ഒരു വനിതാ മെമ്പറെ തിരഞ്ഞെടുക്കുവാൻ പഞ്ചായത്ത് കമ്മിറ്റിക്ക് ഉണ്ടായിരുന്ന അധികാരമുപയോഗിച്ച് ഈ സ്ഥാനത്തേക്ക് ശ്രീമതി. കെ.കെ. സത്യഭാമയെ പഞ്ചായത്ത് മെമ്പറായി നോമിനേറ്റ് ചെയ്തു. ഈ കാലഘട്ടം വരെ പഞ്ചായത്തിന് സ്വന്തമായി കെട്ടിടം ഉണ്ടായിരുന്നില്ല. കരിക്കാട് സെന്ററിൽ ഒരു വാടകകെട്ടിടത്തിലാണ് ഓഫീസ് പ്രവർത്തിച്ചിരുന്നത്. ശ്രീ സി.യു. ജോർജ്ജ് പ്രസിഡണ്ടായിരിക്കെ ഓഫീസ് കെട്ടിടം നിർമ്മിക്കാനുള്ള സ്ഥലം ഗവൺമെന്റിൽനിന്ന് വിലക്ക് വാങ്ങുകയും അവിടെ ഓഫീസ് കെട്ടിടം പണി മുഴുമിക്കുന്നതിനു മുൻപുതന്നെ അദ്ദേഹം 28-6-71ൽ അന്തരിച്ചു. തുടർന്നും വൈസ് പ്രസിഡണ്ടായിരുന്ന കെ. അബൂബക്കർ ചാർജ്ജ് വഹിക്കുകയും തടർന്ന് 1972ൽ നോമിനേറ്റഡ് മെമ്പർ ശ്രീ കെ.കെ. സത്യഭാമ കടവല്ലൂർ പഞ്ചായത്തിന്റെ ആദ്യ വനിതാ പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു. അന്ന് വനിതകൾ പ്രസിഡണ്ടയുള്ള അപൂർവ്വം ചില പഞ്ചായത്തുകളിൽ ഒന്നായിരുന്നു ഇത്. ഇന്നുള്ള പഞ്ചായത്താഫീസ് കെട്ടിടത്തിന്റെ ഉൽഘാടനം അന്നത്തെ തദ്ദേശ സ്വയം ഭരണ വകുപ്പുമന്ത്രി അവു കാദർ കുട്ടി നഹ 1972 ആഗസ്റ്റിൽ നിർവ്വഹിച്ചു.

തുടർന്ന് 1979ൽ 15 വർഷത്തിലധികം നിലനിന്നിരുന്ന പഞ്ചായത്ത് കമ്മിറ്റി പിരിച്ചുവിടുകയും തിരഞ്ഞെടുപ്പു നടത്തുകയും ചെയ്തതിന്റെ ഫലമായി ഇപ്പോഴത്തെ പ്രസിഡണ്ടായ ശ്രീ എ.പി. മുഹമ്മദാലി പ്രസിഡണ്ടായുള്ള പത്തംഗ കമ്മിറ്റി 28-9-1979 ൽ നിലവിൽ വരികയും ചെയ്തു. അഞ്ചു വർഷം നീണ്ടുനിന്ന ഈ കാലഘട്ടത്തിൽ വൈസ് പ്രസിഡണ്ടുമാരായി ശ്രീ. ഗോവിന്ദൻകുട്ടി നായരും ശ്രീ. എം.യു. മുഹമ്മദ് അബ്ദുൽഖാദർ സാഹിബും യഥാക്രമം സേവനം അനുഷ്ഠിച്ചു. തുടർന്ന് പഞ്ചായത്ത്കമ്മിറ്റി പിരിച്ചു വിടുകയും സ്പെഷൽ ഓഫീസർഭരണം വരുത്തുകയും ചെയ്തു. തുടർന്ന് 1988ൽ പുതിയ തിരഞ്ഞെടുപ്പ് നടത്തുകയും വീണ്ടും ശ്രീ. എ.പി. മുഹമ്മദാലിയുടെ നേതൃത്വത്തിലുള്ള പതിനൊന്നംഗ കമ്മിറ്റി നിലവിൽ വരികയും ചെയ്തു. ശ്രീ. വി. ഭാസ്കരൻ നായർ വൈസ് പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടു. ഈ ഭരണ സമിതി 1994 പഞ്ചായത്ത്രാജ് ആക്റ്റ്പ്രകാരം തിരഞ്ഞെടുക്കപ്പെട്ടു. 12 അംഗ ഭരണ സമിതി നിലവിൽ വരുന്നതുവരെ തുടർന്നു. 1995 ഒക്ടോബർ 2ന് ഗാന്ധിജയന്തി ദിനത്തിൽ 73-ാം ഭരണഘടനാ ഭേദഗതിപ്രകാരം നിലവിൽ വന്ന ത്രിതല പഞ്ചായത്ത്രാജ് സംവിധാനത്തിൽ കടവല്ലൂർ ഗ്രാമപഞ്ചായത്തിന്റെ ആദ്യ പ്രസിഡണ്ടായി വീണ്ടും ശ്രീ. എ.പി. മുഹമ്മദാലി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു. ആദ്യ വൈസ് പ്രസിഡണ്ടായി വീണ്ടും ശ്രീ. വി. ഭാസ്കരൻ നായരും തിരഞ്ഞെടുക്കപ്പെട്ടു. പുതിയ ആക്റ്റ് പ്രകാരമുള്ള ആദ്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാനായി ശ്രീ. എം.എം. അബ്ദുളും തിരഞ്ഞെടുക്കപ്പെട്ടു.

## സാമൂഹിക സാംസ്കാരിക ചരിത്രപശ്ചാത്തലം.

മദ്ധ്യകേരളത്തിലെ പ്രാചീനക്ഷേത്രങ്ങളിലൊന്നായ കടവല്ലൂർ ശ്രീ രാമസ്വാമി ക്ഷേത്രം വേദപാണ്ഡിത്യത്തിന്റെ മാറ്റുരക്കുന്ന 'അന്യോന്യ' ത്തിന് പ്രസിദ്ധമാണ്. കടവല്ലൂർ എന്ന നാമത്തിന് പുറകിലും ഈ ക്ഷേത്രത്തിന്റെ ചരിത്രമാണ് ഉള്ളത്.

കടവല്ലൂർ എന്നുള്ളത് 'ഘടവൽക്കചപുരം' എന്നതിൽ നിന്നും ഉണ്ടായതാണെന്നാണ് ഐതിഹ്യം. ദിഗ് വിജയത്തിന്ന് ഇറങ്ങിത്തിരിച്ച ഘടോൽക്കചൻ ലങ്കയിൽ ചെന്ന് വിഭീഷണനെ



*പെരുമ്പിലാവ് പ്രൈമറി ഹെൽത്ത് സെൻറർ നിർമ്മാണം ഉത്ഘാടനം ബഹു. പൊതുമരാമത്ത് മന്ത്രി ശ്രീ. പി.കെ.കെ.ബാവ. ഉത്ഘാടനം ചെയ്യുന്നു. ശ്രീ. എ.പി. മുഹമ്മദാലി അദ്ധ്യക്ഷത വഹിക്കുന്നു.*



*ചർക്ക ഗ്രാമം ഉത്ഘാടന സമ്മേളനത്തിൽ ശ്രീ. എ.പി. മുഹമ്മദാലി സംസാരിക്കുന്നു. ബഹു. അഡ്വ. ശ്രീ. ബലറാം M.L.A. ഉത്ഘാടനം ചെയ്തു.*

പോരിന് വിളിക്കുകയു് ദൈവികകാര്യങ്ങളിൽ മാത്രം മുഴുകിയിരുന്ന വിഭീഷണൻ പോരിന് ഒരുങ്ങാതിരിക്കുകയും ചെയ്തപ്പോൾ അദ്ദേഹത്തെ പ്രകോപിപ്പിക്കുവാൻ അദ്ദേഹം വച്ച് ആരാധിച്ചു പോന്ന രണ്ട് ശ്രീരാമ വിഗ്രഹങ്ങൾ ചോദിക്കുകയും എന്നിട്ടും പ്രകോപിതനാകാത്ത വിഭീഷണൻ രണ്ടു വിഗ്രഹങ്ങളും ഘടോൽക്കചന് നൽകുകയും, അദ്ദേഹം രണ്ട് വിഗ്രഹങ്ങളുഅ കൊണ്ട് (ഇതിൽ ഒന്ന് ചതുർഭുജ വിഷ്ണു രൂപവും ഒന്ന് രണ്ട് ഭുജങ്ങളും ഉള്ളതും ആയിരുന്നു എന്നാണ് ഐതിഹ്യം.) ഗുരുവായൂരിന്നടുത്തുള്ള 'ബ്രഹ്മകുളത്ത്' എത്തുകയും ഒരു കൈയ്യിലുള്ള വിഗ്രഹം മറ്റം കടവല്ലൂരിലും, ചതുർഭുജ ബാഹുവായ വിഗ്രഹം ഇവിടെ പ്രതിഷ്ഠിക്കുകയും ചെയ്തു എന്നാണ് ഐതിഹ്യം. ക്ഷേത്രവും മതിൽക്കെട്ടും, ഗോപുരവും വാസ്തുശില്പകലയുടെ മുതൽക്കൂട്ടാണ് എന്നാൽ ഈ ക്ഷേത്രത്തിന് വളരെ മുൻപുതന്നെ നരസിംഹവും ലക്ഷ്മണനും പ്രിതിഷ്ഠയുള്ള എടയൂർ ക്ഷേത്രം നിലനിന്നിരുന്നതായി പറയുന്നു. 250 വർഷത്തോളം പഴക്കമുള്ള പെരുമ്പിലാവ് മുസ്ലിം ദേവാലയവും ഇവിടെയുണ്ട്. 75 വർഷത്തോളം പഴക്കമുള്ള ഒരു കൃസ്ത്യൻ ദേവാലയവും കല്ലും പുറത്ത് സ്ഥിതി ചെയ്യുന്നുണ്ട്.

മദ്ദള വിദഗ്ദരായിരുന്ന കടവല്ലൂർ ശങ്കുണ്ണിനായർ അദ്ദേഹത്തിന്റെ സഹോദരൻ ഗോവിന്ദൻനായർ അടുത്തകാലത്ത് അന്തരിച്ച അരവിന്ദാക്ഷൻ, ചെണ്ടവിദഗ്ദൻ അച്ചുതമാരാർ എന്നിവർ സാംസ്കാരിക രംഗത്തുള്ള കടവല്ലൂരിന്റെ സംഭാവനകളാണ്. മോഹിനിയാട്ട വിദഗ്ദൻ കൊരട്ടിക്കര അപ്പുരടയത്ത് കൃഷ്ണപണിക്കരാണ് കേരള കലാമണ്ഡലത്തിന്റെ ആരംഭ ദശയിൽ അവിടുത്തെ മോഹിനിയാട്ട കളരി നിയന്ത്രിച്ചിരുന്നത്. "വാചസ്പതി" ദ്വാരകയിൽ ഇല്ലത്ത് പരമേശ്വരൻ മൂസ് എന്ന എഴുത്തുകാരൻ 60 വർഷം മുൻപ് കടവല്ലൂരിൽ ഉണ്ടായിരുന്നു. പ്രാചീന ഉത്സവങ്ങൾ, നേർച്ചകൾ, വിവിധ സമുദായങ്ങളുടെ കലാരൂപങ്ങൾ, തനതു കലകൾ, കായികാഭ്യാസങ്ങൾ, ആയോധനമുറകൾ, നൃത്ത കലാരൂപങ്ങൾ, എന്നിവയേക്കുറിച്ച് സംസ്കാരത്തിൽ വിശദമായി. പ്രതിപാദിച്ചിട്ടുണ്ട്.

വിദേശീ ബ്രാഹ്മണരായ പട്ടൻമാരുടെ 40ഓളം കുടുംബങ്ങൾ കടവല്ലൂരിൽ നിലനിന്നിരുന്നു. എന്നാൽ ആ കുടുംബങ്ങൾ ഒന്നും തന്നെ ഇന്ന് ഇവിടെയില്ല. എല്ലാവരും ക്രമേണെ ഇവിടെനിന്നും മറ്റ സ്ഥലങ്ങളിലേക്ക് കുടിയേറി. കടവല്ലൂരിൽ താമസിച്ചിരുന്ന നായൻമാർ സിലോണിൽ പോയി നായർ സമാജം അവിടെ സ്ഥാപിച്ചതും, അവരുടെ സഹായത്താൽ ഇവിടുത്തെ മൂശാരിമാർ നിർമ്മിച്ച് 1116ൽ സ്ഥാപിച്ചതാണ്. കടവല്ലൂർ ക്ഷേത്രത്തിലെ പ്രസിദ്ധമായ ദീപസ്തംഭം. കടവല്ലൂർ ഏകാദശി പ്രസിദ്ധമാണ്.

## ഇന്നലെയുടെ നേട്ടവും ഇന്നിന്റെ വെല്ലുവിളികളും.

20ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ വളരെ പിന്നോക്കം നിന്നിരുന്ന പഞ്ചായത്തായിരുന്നു കടവല്ലൂർ ഗ്രാമപഞ്ചായത്ത്. കാർഷിക വൃത്തിയെ മാത്രം ആശ്രയിച്ചുകഴിയുന്നവരായിരുന്നു ബഹുഭൂരിപക്ഷം ജനങ്ങളും. ദേശീയ പ്രസ്ഥാനങ്ങളിൽ സജീവമായി പങ്കുടുത്തവർ വളരെ കുറവായിരുന്നു. എന്നാൽ സുഭാഷ് ചന്ദ്രബോസ് സംഘടിപ്പിച്ച INA യിൽ കൊരട്ടിക്കര പാലിശ്ശേരി ബാലനാരായണ മേനോൻ പ്രവർത്തിച്ചിരുന്നു. വിനോഭാവ കാലടിയിലെ സർവ്വോദയസമ്മേളനത്തിന് കോഴിക്കോട്ട് നിന്ന് ഈ പഞ്ചായത്ത് വഴി പദയാത്ര പോയിട്ടുണ്ട്. കൂടാതെ അദ്ദേഹം ഭൂദാന പ്രസ്ഥാനത്തിന്റെ സന്ദേശവുമായി പെരുമ്പിലാവ് ടി.എം. ഹൈസ്കൂളിൽ വന്നിട്ടുള്ളതായി പറയുന്നു.

കൊച്ചി മഹാരാജ്യത്തിന്റെ ഭാഗമായിരുന്ന ഇവിടെ കൊച്ചി മഹാരാജാവിന്റെ ഭരണമാണ് നടന്ന് വന്നിരുന്നത്. ഭൂപരിഷ്കരണത്തോടെ ജന്മി കുടിയാൻ വ്യവസ്ഥിതിയിൽ അധിഷ്ഠിതമായ ഫ്യൂഡൽ വ്യവസ്ഥിതിക്ക് അറുതി വന്നുള്ളു. കൃഷിയെ മാത്രം ആശ്രയിച്ചായിരുന്നു ഇവിടുത്തെയും ജീവിതം. മനകളുടെ വകയായിരുന്നു ഭൂമി മുഴുവനും പിന്നീട് ദേവസ്വത്തിന്ന് ഭൂമി വന്നുചേർന്നു. കടവല്ലൂർ പ്രദേശത്ത് പത്തു മനകളോളമുണ്ടായിരുന്നു. പല മനകളും വളരെ മുൻപുതന്നെ അന്യംനിന്നു. ഈ നൂറ്റണ്ടിന് വളരെ മുൻപുതന്നെ മനവക ഒരു സ്കൂൾ കടവല്ലൂരിൽ സ്ഥാപിതമായി അതിൽ

താഴ്ന്ന ജാതിക്കാർക്ക് പ്രവേശനം നിഷിദ്ധമായിരുന്നു. എന്നാൽ സ്കൂൾ പാറമേൽ മനവക കുന്നിൻഭാഗത്തേക്ക് മാറ്റിയതോടെ എല്ലാ ജാതിക്കാർക്കും അവിടെ പ്രവേശനം നൽകി. പിന്നീട് ഈ സ്കൂൾ ദേവസ്വത്തിന് കൈമാറുകയും 1906ൽ ഈ പഞ്ചായത്തിലെ ആദ്യത്തെ എൽ.പി. സ്കൂൾ കടവല്ലൂരിൽ സ്ഥാപിതമാകുകയും ചെയ്തു. ഇന്ന് ഇത് 2500 ഓളം കുട്ടികൾ പഠിക്കുന്ന ഗവൺമെന്റ് ഹൈസ്കൂളാണ്. ഈ സ്കൂൾ പണ്ടുതന്നെ ഇവിടുത്തെ വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിൽ കാര്യമായ പങ്കു വഹിച്ചു. പ്രത്യേകിച്ച് ഇതിന് സമീപത്ത് വസിക്കുന്ന ആളുകളുടെ. പിന്നീട് കൃസ്ത്യൻ മാനേജ്മെന്റ് വക ഒരു സ്വകാര്യ സ്കൂൾ 1939 ൽ പെരുമ്പുലാവിൽ സ്ഥാപിക്കുന്നതുവരെ കടവല്ലൂർ സ്കൂളായിരുന്നു ഏക ആശാകേന്ദ്രം. പിന്നീട് ധാരാളം വിദ്യാഭ്യാസ സ്ഥാപനങ്ങൾ അവിടെ നിലവിൽ വന്നു.

ഈ പഞ്ചായത്തിലെ കൊടമരക്കുന്ന് പ്രദേശം കോട്ടോൽകുന്ന് എന്നിവ കാട് പ്രദേശങ്ങളായിരുന്നു. പുലി തുടങ്ങിയ വന്യമൃഗങ്ങളും മറ്റ് എല്ലാതരം പക്ഷിമൃഗാദികളും ഈ നൂറ്റാണ്ടിന് മുൻപ് അവിടെയെല്ലാം വിഹരിച്ചിരുന്നു. ഇന്ന് വന്യമൃഗങ്ങൾ ഒന്നും തന്നെ ഇല്ലാതായിട്ടുണ്ട്. കാട് പ്രദേശം ഒന്നു് തന്നെയില്ല. എല്ലാതരത്തിലുള്ള നാടൻ പക്ഷികളും ദേശീയ പക്ഷിയായ മയിലുകളും ഇന്നും ഇവിടെയുണ്ട്. കുറുക്കൻമാർ കുന്നിൻപുറത്തെ കുറ്റിക്കാടുകളിൽ അപൂർവ്വമായി ഇന്നും ഉണ്ട്. പ്രത്യേകിച്ച് കോട്ടോൽ ഭാഗത്ത്. കൃഷിയെ അവലംഭിച്ചുള്ള ജീവിതമായതിനാൽ വൻപിച്ച കന്നുകാലി സമ്പത്തിനെ തീറ്റിപ്പോറ്റിയിരുന്നത് ഈ കാടുകളായിരുന്നു. കാളയോട്ടമത്സരവും അടുത്തകാലത്തുവരെ നടന്നിരുന്നു. 70 വർഷത്തോളം പഴക്കമുള്ള പെരുമ്പിലാവ് കന്നുകാലി ചന്ത ഇന്നും തുടർന്നുവരുന്നു.

സ്വാതന്ത്ര്യപ്രഖ്യാപനത്തിന് മുൻപ് നടന്ന ക്ഷേത്രവിളംഭര പ്രഖ്യാപനം വരെ അയിത്തോച്ഛാടനങ്ങൾ ഇവിടെ കൊടി കുത്തി വാണിരുന്നു. അതിനുശേഷം ആണ് കടവല്ലൂർ ക്ഷേത്രത്തിൽ പോലും താഴ്ന്ന ജാതിക്കാരെ പ്രവേശിപ്പിച്ചു തുടങ്ങിയത്. ഫ്യൂഡൽ വ്യവസ്ഥിതിയുടെ തകർച്ചയും ഇതിന്ന് ആക്കം കൂട്ടി.

കളരി അഭ്യാസ പണിക്കൻമാർ ധാരാളം കോട്ടോൽ പ്രദേശത്ത് ഉണ്ടായിരുന്നു. "അണ്ടർജാൻകുഴി" എന്ന ഗുഹ കോട്ടോൽകുന്നത്ത് നിലനിൽക്കുന്നു. അടുത്തിടെ വെട്ടുകൽ നിർമ്മാണവേളയിൽ കോത്തോളിക്കുന്നിലും ഗുഹകൾ പ്രത്യക്ഷപ്പെട്ടു. മൺചട്ടികളും ഭരണികളുടെയും അവശിഷ്ടങ്ങൾ ഈ ഗുഹയിൽനിന്നും കണ്ടുകിട്ടിയിട്ടുണ്ട്.

## വികസനം കഴിഞ്ഞ 5 വർഷങ്ങളിൽ.

ഈ പഞ്ചായത്തിലെ ജനസംഖ്യ 1991 സെൻസസ് അനുസരിച്ച് 30019 ആണ്. ജനസംഖ്യാവർദ്ധനവിന്റെ നിരക്ക് ഗ്രാഫിൽനിന്നും അറിയാവുന്നതാണ്. ഫ്യൂഡൽ വ്യവസ്ഥിതിയുടെ തകർച്ചയും ഗൾഫ് പണത്തിന്റെ വരവും പ്രാചീനവ്യവസ്ഥകൾ മാറ്റിമറിച്ചു. ഇന്ന് കാർഷികവൃത്തിക്ക് തൊഴിലാളികളെ കിട്ടാനില്ലാത്ത സ്ഥിതിവിശേഷം കൃഷി ലാഭകരമല്ലാതാക്കിതീർത്തിരിക്കുന്നു. ഇന്ന് 5 ഏക്കറിന് മേൽ ഭൂമിയുള്ള 60 കർഷകരെ ഇവിടെയുള്ളൂ. ബാക്കി ഭൂമി മുഴുവൻഅതിനു താഴെ ഭൂമിയുള്ള നാമമാത്ര കർഷകരുടെ കയ്യിലാണ്. അത്തരം 5725 കുടുംബങ്ങളാണ് ഇവിടെയുള്ളത്. ഇന്ന് തെഴിലാളികൾ ബഹുഭൂരിപക്ഷവും കെട്ടിടനിർമ്മാണം, വ്യവസായ ശാലകൾ, കച്ചവടം, കുടിൽ വ്യവസായം, ഓട്ടോമൊബൈൽഗതാഗതം, കയറ്റിറക്ക് എന്നീ മേഖലകളിൽപ്രവർത്തിക്കുന്നു. രണ്ട്

സ്റ്റേറ്റ് ഹൈവേകൾ കൂടിച്ചേരുന്ന പെരുമ്പിലാവ് സെന്റർ കച്ചവടത്തിന്റെ സിരാകേന്ദ്രമായി മാറിയിരിക്കുന്നു. LKG മുതൽ ഹൈയർ സെക്കൻഡറിവരെയുള്ള അൻസാർ ഇംഗ്ലീഷ് സ്കൂൾ ITC ഹോസ്പിറ്റൽ, കംമ്പ്യൂട്ടർ കോഴ്സുകൾ ആയുർവ്വേദാശുപത്രി മുതലായവ ഇതിനോടടുത്ത് സ്ഥിതി ചെയ്യുന്നു. ഗതാഗതം വളരെ വർദ്ധിച്ചിരിക്കുന്നു നൂറോളം ഓട്ടോ റിക്ഷകളും അത്രയും തന്നെ ടെമ്പോകളും ടാക്സികളും ഇവിടെയുണ്ട് .

വിദ്യാഭ്യാസ സ്ഥാപനങ്ങൾ പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും സ്ഥിതിചെയ്യുന്നു. ഗവൺമെന്റ് ഉടമയിലുള്ള ഒരു U.P. സ്കൂൾ 1 മുതൽ10 വരെ ക്ലാസ്സുകളുള്ള കടവല്ലൂർ ഗവ. ഹൈസ്ക്കൂൾ ഇതിനും പുറമെ സ്വകാര്യ മാനേജ്മെന്റുകളുടെ ഒരു ഹൈസ്ക്കൂളും ഒരു L.P. സ്കൂളും സിരാകേന്ദ്രമാണ്.

4.5 ലക്ഷം ഉറുപ്പിക ചിലവിൽപണിയിച്ച കമ്മ്യൂണിറ്റി ഹാൾ, 5 ലക്ഷം ക. ചിലവിൽ സ്വാശ്രയ സ്കീമിൽനിർമ്മിച്ച റസിഡൻഷ്യൽകാർട്ടേഴ്സ് (ചിലവു കുറഞ്ഞ സാങ്കതികവിദ്യ ഉപയോഗിച്ച് നിർമ്മിതി കേന്ദ്രം മുഖേനെയാണ് ഇത് നിർമ്മിച്ചിട്ടുള്ളത്.) അംബേദ്കർ ഗ്രാമത്തിൽനിർമ്മിച്ചിട്ടുള്ള T.V. കിയോസ്റ്റ (T.V. യും ഉണ്ട്) എന്നിവ പഞ്ചായത്തിന് അഭിമാനിക്കാൻ വകനൽകുന്നവയാണ്.

കൂടാതെ സ്വാശ്രയപഞ്ചായത്ത് സ്കീമിൽ കമ്മ്യൂണിറ്റി ഹോളിനോടനുബന്ധിച്ച് വാടകക്ക് കൊടുക്കുവാൻ 70,000 ക. യുടെ പാത്രങ്ങളും വാങ്ങിയിട്ടുണ്ട്. United ഫണ്ടും പഞ്ചായത്ത് ഫണ്ടും ഉപയോഗിച്ച് കമ്മ്യൂണിറ്റി ഹാളിലേക്ക് 350 ചെയറുകളും, 50 ഊൺമേശകളും വാങ്ങാൻ 60,000 ക. ചിലവഴിച്ചിട്ടുണ്ട്. കൂടാതെ United fund ഉപയോഗിച്ചു 35,000 കൊണ്ട് കമ്മ്യൂണിറ്റി ഹാൾ വൈദ്യുതീകരിക്കുകയും ചെയ്തു. പഞ്ചായത്തിന്റെ തൊട്ടടുത്തുള്ള ഗ്രൗണ്ട് 1 ലക്ഷം ക. ഉപയോഗിച്ച് നന്നാക്കി വരുന്നു. സ്വാശ്രയ ഫണ്ടും, സ്പെഷൽ ഗ്രാന്റും ഉപയോഗിച്ചാണ് ഇതിന്റെ പണി നടത്തുന്നത്. സ്വാശ്രയ സ്കീമിൽ 8 ലക്ഷവും പഞ്ചായത്ത് ഫണ്ടും ഉപയോഗിച്ച് ഹോമിയോ, ആയുർവ്വേദ, അലോപ്പതി ഡിസ്പെൻസറിക്ക് കെട്ടിടങ്ങൾ പണി പൂർത്തിയായി വരുന്നു. ഹോമിയോ, ആയുർവ്വേദ ഡിസ്പെൻസറി കെട്ടിടങ്ങൾ ഇതിനകം തന്നെ പൂർത്തീകരിച്ചിട്ടുണ്ട്.

185 കി. മീറ്റർ ദൂരം പഞ്ചായത്തു റോഡുകൾ ഉള്ള ഈ പഞ്ചായത്തിൽ JRY, United പഞ്ചായത്ത് ഫണ്ട് എന്നിവ വിനിയോഗിച്ച് 20 കി. മീറ്റർ ദൂരം ടാർ ചെയ്ത് കഴിഞ്ഞിട്ടുണ്ട്. 16000 കയോളം ചിലവു വന്നിട്ടുള്ള 8 പെയ്റ്റിങ്ങ് ഷെഡുകൾ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ പണികഴിപ്പിച്ചതാണ്. കൂടാതെ Fled, സ്പെഷൽ ഗ്രാന്റുകൾ വിനിയോഗിച്ച് വിവിധഭാഗങ്ങളിൽ 3 കി.മീറ്റർ ദൂരം ടാർചെയ്തിട്ടുണ്ട്. പഞ്ചായത്ത് റോഡുകൾ മെയിന്റനൻസ് ചെയ്യുവാൻ 5 ലക്ഷത്തോളം തുക വിനിയോഗിച്ചിട്ടുണ്ട്. മൈനർ ഇറിഗേഷൻ ഫണ്ട് ഉപയോഗിച്ചു മുട്ടിപാലത്തും കൊള്ളഞ്ചേരിയിലുള്ള സ്ലയിസുകൾ റിപ്പയർ ചെയ്തിട്ടുണ്ട്. 1971ൽ പണിത പഞ്ചായത്താഫീസു കെട്ടിടത്തിൽ, വില്ലേജ് ഓഫീസ് ഹെൽത്ത് റൂം, ലെപ്രസി യൂണിറ്റ് എന്നിവയും സ്ഥിതിചെയ്യുന്നുണ്ട്. വില്ലേജ് ഓഫീസ് അടത്തുതന്നെ സ്വന്തം കെട്ടിടത്തിലേക്ക് മാറുന്നതാണ്.

602 സ്ട്രീറ്റ് ലൈറ്റുകളും 12 ട്യൂബ്ലൈറ്റുകളും ഈ പഞ്ചായത്തിനു വെളിച്ചം നൽകുന്നുണ്ട്. മാസം തോറും 8000 ക യോളം ഇതിനെ ചിലവിടുന്ന Table കാണുക. 25 സോഡിയം വേപ്പർ ലാമ്പുകൾ വിവിധ ഭാഗങ്ങളിൽ സ്ഥാപിക്കുവാൻ വേണ്ട നടപടികൾ പൂർത്തിയായിട്ടുണ്ട്. 300 ബൾബുകൾ കൂടി വിവിധ ഭാഗങ്ങളിൽ സാമ്പത്തിക നില മെച്ചപ്പെടുന്നതോടെ സ്ഥാപിക്കുന്നതാ

ണ്. ദുർബ്ബല ജനവിഭാഗത്തിൽപ്പെട്ട 500 പേർക്ക് (പട്ടികജാതി 110) വിവിധ ഫണ്ടുകൾ വിനിയോഗിച്ച് (4ലക്ഷം രൂപ) സൗജന്യവൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്. IVP ഗ്രാന്റുകൾ വിനിയോഗിച്ച് രണ്ട് പൊതുകക്കൂസുകളും 22 ലക്ഷം വീടുകളുടെ റിപ്പയറിങ്ങും നടത്തുകയുണ്ടായി. തിപ്പിലശ്ശേരി I.H.D.P. കോളനിയിലും മേലേപ്പുര ഹരിജൻ കോളനിയിലും വൈദ്യുതി എല്ലാവർക്കും ലഭ്യമാക്കിയിട്ടുണ്ട്.

JRY, IAY, സ്കീം വഴി 120 ഓളം കുടുംബങ്ങൾക്കു വീടുകൾ നൽകിയിട്ടുണ്ട്. പുറംമ്പോക്കിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കാൻ മുല്ലപ്പള്ളി കുന്നിൽ എടുത്ത 27 പ്ലോട്ടുകൾ 18 പേരെ പുനരധിവസിപ്പിച്ചിട്ടുണ്ട്. ബാക്കിയുള്ള 9 പ്ലോട്ടുകളിലോ സെലക്ഷൻ കഴിഞ്ഞിട്ടുണ്ട്. 18 പേർക്ക് BLOCK JRY യിൽ വീട് പണിയാനുള്ള സഹായം നൽകിയിട്ടുണ്ട്. രാജീവ് ദശലക്ഷം പാർപ്പിട പദ്ധതിയിൽ കീഴിൽ സ്ഥലം ലഭ്യമാക്കാനുള്ള നടപടികൾ എടുത്തുവരുന്നു.

JRY സ്വാശ്രയ പഞ്ചായത്ത് സ്കീം എന്നീ സ്കീമിൻ കീഴിൽ ഇതുവരെ 300 പേർക്ക് സാനിറ്ററി കക്കൂസുകൾ നൽകിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ സോഷ്യോ ഇക്കണോമിക് യൂണിറ്റ് സ്കീം പ്രകാരം അടുത്ത 5 വർഷംകൊണ്ട് കക്കൂസ് ഇല്ലാത്ത എല്ലാവർക്കും കക്കൂസുകൾ ലഭ്യമാക്കാനുള്ള പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇത് ഏപ്രിലിൽ ആരംഭിക്കുന്നതാണ് ഇതിൽ പഞ്ചായത്തിന്റെ വിഹിതമായ 7.5 ലക്ഷം രൂപ ഗ്രാന്റ് വഴിയും സ്വാശ്രയ സ്കീം വഴിയും സ്വരൂപിച്ചു കഴിഞ്ഞിട്ടുണ്ട്. പരമ്പരാഗത പെരുമ്പിലാവ് കന്നുകാലി ചന്തയിൽ നിന്നുള്ള മലിനീകരണം തടയുന്നതിന്റെ ഭാഗമായുള്ള നടപടികൾ എടുത്തിട്ടുണ്ട്.

## പഞ്ചായത്ത് തല വിഭവ ഭൂപട നിർമ്മാണം.

പഞ്ചായത്ത് തല ആസൂത്രണം മുന്നിൽ കണ്ടുകൊണ്ട് വസിച്ച ജനപങ്കാളിത്തത്തോടെ ഈ പഞ്ചായത്തിന്റെ വിഭവ ഭൂപടം നിർമ്മിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ, സെന്റഫോർ എത്ത് സയൻസ് സ്റ്റഡിസിന്റെ (CESS) ആഭിമുഖ്യത്തിൽ Costford എന്ന ഏജൻസിയുടെ സഹായത്തോടേയും 1994ൽ പഞ്ചായത്തിന്റെ വിഭവഭൂപടം തയ്യാറാക്കുന്ന പദ്ധതിയും രൂപം നൽകി. ജില്ലാകൗൺസിലിന്റെ നേതൃത്വത്തിൽ നടന്ന ആയതിന്റെ ജില്ലാതല ഉൽഘാടനം ഈ പഞ്ചായത്തിൽ വച്ചാണ് നടത്തപ്പെട്ടത്. ഓരോ വാർഡിൽ നിന്നും എടുത്ത 10 സന്നദ്ധ സേവകരും CESS ലെ ശാസ്ത്രജ്ഞന്മാരും Costford ലെ സാങ്കേതിക വിദഗ്ദരും പഞ്ചായത്തിൽ ഒരു മാസത്തോളം ക്യാമ്പ് ചെയ്ത് ഓരോസർവ്വേയും അളന്ന് തിട്ടപ്പെടുത്തി അവിടെയുള്ള ആസ്തികളുടേയും, ഭൂവിനിയോഗവും മാപ്പിൽ രേഖപ്പെടുത്തി. കൂടാതെ വീട് വീടാന്തരം കയറിയിറങ്ങിയുള്ള സാമൂഹ്യ സാമ്പത്തിക സർവ്വേയും ഇതോടൊപ്പം നടത്തുകയുണ്ടായി.

ഈ പഞ്ചായത്തിലെ ഭൂപ്രകൃതി, ജലസ്രോതസ്സുകൾ, കെട്ടിടങ്ങളുടെ വിവരം, റോഡുകൾ, തോടുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പൊതുകെട്ടിടങ്ങൾ, കുളങ്ങൾ, കിണറുകൾ വേയ്സ്റ്റ്ലാൻഡ്, പോസ്റ്റ് ഓഫീസുകൾ, ആരാധാനാലയങ്ങൾ, ഫാക്ടറികൾ, പൊതുജനാരോഗ്യകേന്ദ്രങ്ങൾ, ശ്മാശനങ്ങൾ, പാലങ്ങൾ, ബസ്സ്റ്റോപ്പുകൾ, വർക്ക്ഷോപ്പുകൾ, റൈസ്മില്ലുകൾ മുതലായ ആസ്തികളെ സംബന്ധിച്ച വിവരങ്ങളും മാപ്പിൽ പകർത്തി.

ഭൂവിനിയോഗം സംബന്ധിച്ച്, ഉയർന്ന പ്രദേശങ്ങൾ, സമതലങ്ങൾ, റബ്ബർ, തെങ്ങ്, കവുങ്ങ്, നെൽകൃഷി, കശുമാവ്, ഒരുപ്പൂ, ഇരുപ്പൂ നിലങ്ങൾ, മണ്ണിട്ട് നികത്തിയ പ്രദേശങ്ങൾ എന്നീ ഭൂവിനിയോഗം സംബന്ധിച്ച വിവരങ്ങളും ശേഖരിച്ചു. ഈ സംരംഭം വമ്പിച്ച ജനപങ്കാളിത്വത്തോടെ നടപ്പിലാക്കിയ പദ്ധതിയായിരുന്നു. 100 ഓളം അഭ്യസ്തവിദ്യരായ സന്നദ്ധ സേവകരുടെ 3 മാസം നീണ്ടുന്നി കഠിനാദ്ധ്വാനത്തിന്റെ ഫലമായിട്ടായിരുന്നു ഈ പദ്ധതി വിജയമാക്കിതീർത്തത്.

എന്നാൽ ഭൂവിനിയോഗ ഭൂപടവും, ആസ്തികളുടെ ഭൂപടവും തയ്യാറാക്കി പഞ്ചായത്തിന് അയച്ചു തരുവാൻ CESS രണ്ട് വർഷമെടുത്തു എന്നുള്ളത് നമ്മളുടെ ശാസ്ത്ര സാങ്കേതിക ഏജൻസികളുടെ ജനങ്ങളോടുള്ള ഉത്തരവാദിത്വമില്ലായ്മയുടെ ഒരു ഉദാഹരണമാണ്.

വീട് വീടാന്തരം ശാസ്ത്രജ്ഞന്മാരുടെ നേതൃത്വത്തിൽ കയറിയിറങ്ങി ഓരോ കുടുംബത്തെപറ്റിയുള്ള മുഴുവൻ കാര്യങ്ങളും ഷീറ്റിലേക്ക് പകർത്തികൊടുത്ത് തങ്ങളുടെ ജോലി ആഭംഗുരം നിർവ്വഹിച്ച സന്നദ്ധസേവകരുടെ അദ്ധ്വാനത്തിന്റെ ഫലവും 'CESS' ഇതുവരേ വിവരങ്ങൾ ക്രോഡീകരിച്ച് തരാത്തതിനാൽ, ഇപ്പോഴത്തെ ജനകീയാസൂത്രണ പദ്ധതി രൂപീകരിക്കുന്നതിൽ ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ല.

ഏതായാലും പഞ്ചായത്ത് തല ആസൂത്രണത്തിന് വിഭവഭൂപടം സുപ്രധാനമായ വിവരങ്ങൾ നൽകിയെന്നത് അഭിമാനിക്കത്തക്ക സംഗതിയുണ്ട്. വിഭവഭൂപടവും സാമ്പത്തിക സാമൂഹ്യ സർവ്വേയിൽ നിന്ന് കിട്ടുന്ന വിവരങ്ങളും ഉപയോഗിച്ചുകൊണ്ട് ഗ്രാമസഭയിൽ നിന്നും ഉരുത്തിരിയുന്ന നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ ഒരു മേശക്ക് ചുറ്റും ഇരുന്നുകൊണ്ട് തന്നെ പഞ്ചായത്ത് തല ആസൂത്രണം നടപ്പിലാക്കാൻ കഴിയും എന്നുള്ളതിന് യാതൊരു ശംശയവും വേണ്ട.

കുടിവെള്ള പ്രശ്നമാണ് പഞ്ചായത്തിനെ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളിൽ ഏറ്റവും രൂക്ഷമായത് രണ്ട് കുഴൽകിണർ പമ്പിങ്ങിൽ നിന്ന് ഒരു കിണറിൽ നിന്ന് പഞ്ചായത്തിലെ 7 വാർഡുകളിൽ മാത്രമായി 120 ടാപ്പുകൾ ഉണ്ട്. ഒരു ടാങ്ക് കരിക്കാട് പരുവകുന്നത്തും ഒന്ന് പെരുമ്പിലാവ് കണക്കകോളണിയിലു ആണ്. കല്ലുംപുറത്തു നിന്നുനേരിട്ടുള്ള പമ്പിങ്ങ് ആണ് ചാലിശ്ശേരി പാവറട്ടി സ്കീമിൽപെടുന്ന ഈ പഞ്ചായത്തിലെ 8 കി. മീറ്റർ ദൂരം പൈപ്പ് ഇട്ടു കഴിഞ്ഞു. അക്കിക്കാവിൽ തൃത്താല ടാങ്കിൽ നിന്നും വരുന്ന ജലം ശേഖരിക്കാനുള്ള ടാങ്കും സജ്ജമായികഴിഞ്ഞു. ടി പദ്ധതി കമ്മീഷൻ ചെയ്യാൻ വൈകുമെന്നതിനാൽ അതിനുള്ള ബദൽ സംവിധാനം 9-ാം പദ്ധതിയിൽപ്പെടുത്തുന്നുണ്ട്. ഇത് പ്രാവ്യത്തികമാകുന്ന പക്ഷം കുടിവെള്ള ക്ഷാമം പരിഹരിക്കപ്പെടുന്നതാണ്. ഇപ്പോൾ പഞ്ചായത്തിന് 12 കുളങ്ങളും 120 ടാപ്പുകളും 31 കുഴൽകിണറുകളും 65 കിണറുകളുമുണ്ട്. കഴിഞ്ഞവരൾച്ചയിൽ 1700 മീറ്റർ പൈപ്പലയിൻ എക്സ്റ്റൻഷനും, '4' കുഴൽകിണർ നിർമ്മാണവും, ലോറിയിൽ വെള്ളം വിതരണവും, കിണറുകൾ ചേറെടുക്കലും നടത്തി. 3.25 ലക്ഷത്തോളം കളക്ടറുടെ ഫണ്ടിൽ നിന്ന് ഇതിനായി ചിലവഴിച്ചിട്ടുണ്ട്.

ഗൾഫ് മേഖയുടെ സ്വാധീനം എല്ലാമേഖലേയും ബാധിച്ചിട്ടുണ്ട്. കച്ചവടകേന്ദ്രങ്ങളും കെട്ടിടങ്ങളും വാഹനങ്ങളും, പണമിടപാട് സ്ഥാപനങ്ങളും ദിനം പ്രതി പെരുകിവരുന്നു. ഭൂമിയിന്മേൽ സമ്മർദ്ദം ഏറിയതിനാൽ ഭൂമിയ്ക്ക് ക്രമാതീതമായി വിലകയറിയിട്ടുണ്ട്. വേതനം വളരെയധികം വർദ്ധിച്ചു. പരമ്പരാഗത കൃഷികളും കുടിൽ വ്യവസായങ്ങളും നിർജീവങ്ങളായിക്കൊണ്ടിരിക്കുന്നു. ഗൾഫ് പണം കെട്ടിടങ്ങളിലും, ഭൂമിയിലും ബ്ലേഡ് കമ്പനികളിലുമായി കുരുങ്ങിക്കിടക്കുന്നു. ഇത് ദുർബ്ബല വിഭാഗക്കാരുടെ ജീവിതം ദുഃസ്സഹമാക്കിയിരിക്കുന്നു. സാധാരണക്കാരുടെ വരുമാനത്തിന്റെ ഏറിയപങ്കുംഇവരുടെ കൈകളിൽ എത്തിച്ചേരുന്നു. വിദേശനിർമ്മിത വസ്തുക്കളോട് ഭ്രമം വർദ്ധിച്ചിരിക്കുന്നു. ഉപഭോകൃത സംസ്കാരം മാദ്ധ്യമങ്ങൾ വഴി ദൃഢപ്പെട്ടുവരുന്നു.

### ഭൂപ്രകൃതി

**അവലംബം:** വിഭവഭൂപടങ്ങൾ, റവന്യൂരേഖകൾ, കൃഷിഭവൻ രേഖകൾ ഭൂപ്രകൃതിക്കനുസരിച്ച് കടവല്ലൂർ ഗ്രാമപഞ്ചായത്ത് 3 ആയി തരം തിരിക്കാം.

1. ഉയർന്ന സമതലം 2 ചരിവു പ്രദേശം 3 താഴ്ന്ന സമതലം

| | തരം | വിസ്തീർണ്ണം | ശതമാനം |
|---|---|---|---|
| 1. | ഉയർന്ന സമതലം | 151.42 | 6% |
| 2. | ചരിവുപ്രദേശം | 1644.868 | 66% |
| 3. | താഴ്ന്ന സമതലം | 665.492 | 28% |
| | | 2461.78 | 100 |

1. ഉയർന്ന സമതലം

മൊത്തം വിസ്തീർണ്ണത്തിന്റെ 6% വരുന്ന ഈ പ്രദശമാണ് പഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശം. സമുദ്ര നിരപ്പിൽ നിന്നും 150 മീറ്റർ ഉയരമുണ്ട്. 100ന് 150 മദ്ധ്യേയുള്ള സ്ഥലമാണ് ഉയർന്ന സമതലമായി കണക്കാക്കിയിട്ടുള്ളത്. ഉയർന്ന സമതലത്തിന്റെ 6% തരിശ് ഭൂമിയാണ്. (Ref. വിനി യോഗഭൂപടം) പൊന്നാംകുന്ന, കോത്തോളികുന്ന്, കോട്ടോൽകുന്ന്, ഒരുകാലികുന്ന്, കൊടമരക്കുന്ന് എന്നീ സ്ഥലങ്ങൾ ഈ പ്രദേശത്തിൽ ഉൾപ്പെടുന്നതാണ്. ഇതിന്റെ 94% സ്ഥലവും കശുമാവ്, റബ്ബർ ഇവ യോജിച്ചതാണ്. ഇതിൽ 4%ത്തോളം റബ്ബർ കൃഷിയും 60%ത്തോളം കശുമാവ് കൃഷിയും ഉണ്ട്. കരിങ്കൽ ക്വാറികൾ കേന്ദ്രീകരിച്ചിരിക്കുന്നത് ഈ പ്രദേശത്താണ് ജലത്തിന് ഏറ്റവും ദൗർലഭ്യമുള്ള സ്ഥലവും ഇതുതന്നെ.

2. ചരിവ് പ്രദേശം

വിസ്മൃതിയുടെ 66%ത്തോളം ഈ പ്രദേശമാണ്. ഇവിടെ വെട്ടുകല്ലും ചരലും ചേർന്ന് ചെമ്മണ്ണും നിറഞ്ഞതാണ്. ഇവിടെ വെള്ളം താഴ്ന്നിറങ്ങുന്നതിനാൽ കവുങ്ങ്, കുരുമുളുക്, തെങ്ങ്, വാഴ മുതലായ തോട്ടവിളകൾ കൃഷിചെയ്യുന്ന ജനസംഖ്യയ്ക്ക് 90% ഇവിടെ താമസിക്കുന്ന വെട്ടു ന്നതിൽ പലരും ഇവിടെ പ്രാവീണ്യം നേടിയിരിക്കുന്നു. ചെരിവ് പ്രദേശത്തിന്റെ 3% തരിശായി കിടക്കുന്നു.

3. താഴ്‌വര

ഇത് മൊത്തം വിസ്മൃതിയുടെ 28%വരും ഇവിടെയാണ് നെൽകൃഷി 660. 15ക ഹെക്ടറിൽ വിരിപ്പ്, മുണ്ടുകൻ എന്നിവയും, 5.34 ഹെക്ടറിൽ പുഞ്ചകൃഷിയും ഉണ്ട്. ഈപ്പുകൃഷിയാണെങ്കിലും മുണ്ടകുരു വെള്ളത്തിന്റെ ദൗർലബ്യം ഉണ്ട്. എന്നാൽ 1,4 വാർഡുകളിലെ കൃഷികൾ ഒതള്ളർ ബണ്ടിലെ വെള്ളക്കൂടുതൽ (നാന്നാമുക്ക് പഞ്ചായത്ത്) രണ്ടാം ഇറക്കുവാൻ വിഷമം അനുഭവപ്പെടു ന്നുണ്ട്. ഇവിടെ ലോമീസോയിൽ ആണ് . കൊരട്ടിക്കര തോട്, കുണ്ടുതോട്, കൊള്ളഞ്ചേരി തോട്, മരത്തോട് തോട്, പള്ളിക്കപ്പാടം തോട്, ഇരട്ടക്കുളങ്ങര തോട്, തിപ്പിലശ്ശേരി തോട്, പലോട്ടംതോട്, നൂലഞ്ചേരി എന്നിവയാണ് ഈ പ്രദേശത്തെ ജലസ്രോതസ്സുകൾ ഈ തോട്ടിൽ കൂടിയാണ് ഉയർന്ന പ്രദേശങ്ങളിൽ നിന്നുള്ള വെള്ളം ഒഴുകിവരുന്നത്. നിർവാർച്ചയുള്ള പ്രദേശമാണ് ഇവിടം. നെൽകൃ ഷിക്ക് യോജിച്ച പ്രദേശമാണ്. വെള്ളം ലഭിക്കുന്ന പക്ഷം 100 ഹെക്ടർ പ്രദേശംകൂടി കൃഷിക്ക് ഉപയുക്തമാക്കാവുന്നതാണ്.

III. ജനപ്രകൃതി

1991ലെ കാനേഷ്മാരി കണക്ക് അനുസരിച്ച് ഈ പഞ്ചായത്തിലെ ജനസംഖ്യ 30019 ആണ്. ഇതിൽ 15438 പുരുഷന്മാരും 14581 സ്ത്രീകളും ആണ്. (സ്ത്രീ 51.42% പു. 48.58%) വാർഡ് തിരിച്ചുള്ള കണക്ക് താഴെകൊടുക്കുന്നുണ്ട്. പട്ടിക ജാതിക്കാർ 16% വരും 7250 വീടുകൾ (കുടുംബ ങ്ങൾ). ശരാശരി ഒരു വീട്ടിൽ 4.5 അഗ്രങ്ങൾ ഉണ്ട്. എന്നാൽ പട്ടിക ജാതിക്കാരിൽ ഇത് 5.8 ആണ്. ച.കി. മീറ്ററിന് 1260 ആണ് ജനസാന്ദ്രത. സാക്ഷരതാ ശതമാനം 87.87 ആണ്. 0.6 നും ഇടക്കുള്ള 4165 പേർ ആണ് ഉള്ളത്. (14%) ആകെ 22706 സാക്ഷരർ ഉണ്ട്. ഇതിൽ പുരുഷൻന്മാർ 50.14% വും സ്ത്രീകൾ 49.86% ആണ്. സ്ത്രീസാക്ഷരതാ 84.25 ഉം പുരുഷ സാക്ഷരത 91.70% ആണ്. (ആകെ 87.82)ൽ പങ്കാളിത്ത നിരക്ക് വളരേ കുറവാണ്. (3 പട്ടിക കാണുക 68 SSI യൂണിറ്റുകൾ ഇങ്ങനെ യുണ്ട്. തൊഴിലാളികൾ 59.2% കൃഷിത്തൊഴിലാളികൾ ആണ്. (പട്ടിക കാണുക)

## പട്ടിക 1
## ജനസംഖ്യ വാർഡ് തിരിച്ച് 1991 സെൻസസ്

| വാർഡ് | പുരുഷൻ | സ്ത്രീ | ആകെ |
|---|---|---|---|
| I | 1053 | 1176 | 2229 |
| II | 1134 | 1224 | 2358 |
| III | 1328 | 1405 | 2733 |
| IV | 1747 | 1713 | 3460 |
| V | 1418 | 1581 | 2999 |
| VI | 891 | 1060 | 1951 |
| VII | 948 | 1071 | 2019 |
| VIII | 1876 | 1680 | 3556 |
| IX | 1478 | 1570 | 3048 |
| X | 1377 | 1512 | 2889 |
| XI | 1331 | 1446 | 2777 |
| | **14581** | **15438** | **30019** |

## പട്ടിക 2
## തൊഴിലാളികളുടെ എണ്ണം വിവിധ മേഖലകളിൽ 1991 സെൻസസ്

| തൊഴിൽ | പു | സ്ത്രീ | മൊത്തം | % |
|---|---|---|---|---|
| കൃഷിക്കാർ | 877 | 79 | 956 | 14 |
| കൃഷിത്തൊഴിലാളികൾ | 1835 | 1267 | 3102 | 59 |
| ഹോട്ടൽ തൊഴിലാളികൾ | 155 | 41 | 196 | 4 |
| ക്വാറി തൊഴിലാളികൾ | 86 | 13 | 99 | 2 |
| പ്രൈമറി സെക്റ്റർ | 204 | 48 | 252 | 5 |
| വീട്ടുജോലി | 618 | 213 | 831 | 16 |
| ആകെ | 3575 | 1661 | 5236 | |

## പട്ടിക 3

## ഭൂമി സംബന്ധിച്ച വിവരങ്ങൾ A &BT റജിസ്റ്റർ

| വില്ലേജ് | ഉടമസ്ഥരുടെ എണ്ണം | | | | | | |
|---|---|---|---|---|---|---|---|
| | 1-10 സെന്റ് | 10-25 സെന്റ് | 25-50 സെന്റ് | 50-100 സെന്റ് | 1-2 ഏക്കർ | 2-5 ഏക്കർ | 5 മുകളിൽ |
| കരിക്കാട് | 72 | 315 | 290 | 513 | 144 | 236 | 12 |
| കടവല്ലൂർ | 85 | 417 | 311 | 567 | 157 | 283 | 17 |
| പെരുമ്പിലാവ് | 103 | 538 | 426 | 670 | 219 | 319 | 31 |
| ആകെ | 260 | 1270 | 1027 | 1750 | 520 | 838 | 60 |
| % | 4.5% | 22% | 18% | 30.5% | 9% | 15% | 10% |

## പട്ടിക 4

## ജനസംഖ്യാവർദ്ധന




Census Data
71,81,91

Population
1971-20388
1981-24648
1991-30019

Population Growth
1971-81=1.72% Per Year
1981-91=2.17% Per Year

## പട്ടിക 5

### പുതിയ കെട്ടിടങ്ങൾ വർദ്ധനവ് എണ്ണത്തിൽ (Assessment Register)

| വർഷം | ടെറസ് | ഓട് | ഓല | ആകെ |
|---|---|---|---|---|
| 1988-89 | 31 | 9 | 4 | 44 |
| 1989-90 | 57 | 22 | 23 | 102 |
| 90-91 | 80 | 49 | 39 | 168 |
| 91-92 | 127 | 67 | 65 | 259 |
| 92-93 | 105 | 28 | 28 | 161 |
| 93-94 | 132 | 21 | 20 | 173 |
| 94-95 | 177 | 40 | 22 | 239 |
| 95-96 | 156 | 21 | 33 | 210 |
| | 865 | 257 | 234 | 1356 |
| | 63.8% | 19% | 17.2% | |

വീടുകളിൽ 63.8% കോൺക്രീറ്റും 19% ഓടും17.2% കുടിലുകളുമാണ്.

തൊഴിലില്ലാ വേതനം പറ്റുന്നവർ 300ൽ താഴെ മാത്രം. ജനസംഖ്യയിൽ ഭൂരിപക്ഷം ഹിന്ദുക്കളും മുസ്ലീങ്ങളുമാണ്. ക്രിസ്ത്യൻ മതത്തിൽപ്പെട്ടവർ വളരെകുറവാണ്.

ദാരിദ്ര്യരേഖക്കു താഴെയുള്ളവർ 37.5% ത്തോളം വരും. ഇതിൽ 22.5% ത്തോളം പട്ടിക ജാതിക്കാർ ആണ്. ഇവർക്ക് തോഴിൽ ഉണ്ടെങ്കിലും സമ്പാദ്യശീലം കുറവാണ്. മദ്യം, പുകവലി, മറ്റ് വിനോദങ്ങൾ എന്നിവയ്ക്കാണ് വരുമാനം ചിലവഴിക്കുന്നത്. തമിഴ് പലിശ വാണിഭ സംഘങ്ങളും ബ്ലേഡ് കമ്പനികളും ഇവരെ ചൂഷണം ചെയ്യുന്നു. 79 പേർക്കു വാർദ്ധക്യകാല പെൻഷനും 59 പേർക്ക് വിധവാ പെൻഷനും ലഭിക്കുന്നുണ്ട്. എന്നാൽ ഇവർക്കു പെൻഷൻ കൊടുക്കുന്നതിലുപരി ഇവരെയെല്ലാം സമ്പാദ്യശീലത്തിലേക്കു കൊണ്ടുവരേണ്ടത് മറ്റു ദാരിദ്ര്യ നിർമ്മാർജന പ്രവർത്തനത്തേക്കാൾ മുൻഗണനകൊടുക്കുന്നുണ്ട്. ബജറ്റ് വില്ലേജാക്കി ഓരോ വാർഡും മാറ്റുവാനാണ് പഞ്ചായത്ത് തീരുമാനിച്ചിട്ടുള്ളത്.

ശരാശരി 300 സെ.മീറ്റർ മഴ ഇവിടെ ലഭിക്കുന്നുണ്ടെങ്കിലും വേനൽക്കാലങ്ങളിൽ, മാർച്ച്, ഏപ്രിൽ, മെയ്, വരൾച്ച അനുഭവപ്പെടുന്നു. ഭൂവിനിയോഗബോർഡിന്റെ കണക്കനുസരിച്ച് ഈ പഞ്ചായത്ത് സെൻട്രൽ മിഡ് ലാൻഡ് സോൺ മേഖലയിൽ സ്ഥിതിചെയ്യുന്നു. മിക്ക കിണറുകളും വേനൽക്കാലത്ത് വറ്റുന്നു. 2200 ഓളം കിണറുകൾ ഈ പഞ്ചായത്തിൽ ഉണ്ട്. ഇതിൽ 65% വേനലിൽ വറ്റുന്നവയാണ്. കുഴൽകിണറുകളുടെ ഉപയോഗം ഭൂഗർഭ ജലത്തിന്റെ അളവ് കുറച്ചിട്ടുണ്ട്.

വിവിധമതസമൂഹങ്ങൾ വളരെ ഒരുമയോടെ കഴിയുന്ന ഒരു കാഴ്ച ഇവിടെ കാണാം. 33 ക്ഷേത്രങ്ങളും 24 മുസ്ലീം പള്ളികളും 7 ക്രിസ്ത്യൻ പള്ളികളും ഇവിടെയുണ്ട്. ഉത്സവങ്ങളിലും, നേർച്ചകളിലും പെരുന്നാളിലും എല്ലാ മതവിഭാഗങ്ങളും പങ്കുകൊള്ളാറുണ്ട്. 9-ാം പഞ്ചവത്സരപദ്ധതിയിൽ ദുർബല വിഭാഗക്കാരുടെ ഉന്നമനത്തിനുതകുന്ന പദ്ധതികൾക്കു മുൻഗണന നൽകുകയായിരിക്കും പഞ്ചായത്തിന്റെ നയം.

ഭാഗം - II

# കടവല്ലൂർ ഗ്രാമ പഞ്ചായത്ത്

## പ്രാഥമിക മേഖല

35—

# അദ്ധ്യായം I
## ഭാഗം II
## കൃഷി, ജലസേചനം

കടവല്ലൂർ പഞ്ചായത്ത് നിലവിൽ വരുന്നതിനു മുമ്പുതന്നെ ഇവിടെ നല്ലനിലയിലുള്ള കാർഷിക സംസ്കാരം നിലനിന്നിരുന്നു. നെൽകൃഷി, കമുകു കൃഷി എന്നിവക്കാണ് പ്രാമുഖ്യം നൽകിവന്നിരുന്നത്. കശുമാവിന്ന് മൂന്നാം സ്ഥാനമാണുണ്ടായിരുന്നത്. കാർഷികമേഖല സമ്പന്നമായിരുന്നു. 1116 ഇടവം 14ന് ഉണ്ടായ കൊടുംകാറ്റും പേമാരിയും ഇവിടുത്തെകർഷകരെ ഒന്നടങ്കം വൻ നഷ്ടത്തിലാഴ്ത്തി. അതിന്റെ ആഘാതത്തിൽ നിന്നും മോചിതരാകാൻ അശ്രാന്തമായ പരിശ്രമം വേണ്ടിവന്നു. മണ്ണിന്റെ ഫലഭൂയിഷ്ടത, തൊഴിലാളികളുടെ അർപ്പണബോധം എന്നിവ ആ കാലത്തെ മുതൽമുടക്കായിരുന്നു. മണ്ണിൽ പൊന്നുവിളയുന്ന കാലമെന്ന് പഴമക്കാർ പറയുന്നു. ക്രമേണ മണ്ണൊലിപ്പ് കാരണം ഫലഭൂയിഷ്ടത നഷ്ടപ്പെടാൻതുടങ്ങി. ചെറുചരിവായി കിടക്കുന്ന സ്ഥലമായതിനാൽ മണ്ണൊലിപ്പു തടയാൻ ഫലപ്രദമായി ഒന്നും തന്നെ ചെയ്യാൻ സാധിച്ചിട്ടില്ല. ഇന്നും ഇവിടുത്തെ കർഷകരെ അലട്ടുന്ന ഏറ്റവും വലിയ പ്രശ്നം തന്നെയാണ് മണ്ണൊലിപ്പ്.

തൃശ്ശൂർ ജില്ല മണ്ണ് സംരക്ഷണ ഓഫീസർ ഈ കാര്യം പ്രത്യേകം സൂചിപ്പിക്കുന്നു. വർഷത്തിൽ3000 മി. മീറ്റർ മഴ ലഭിക്കുന്ന നമ്മുടെ പ്രദേശം വരൾച്ചയെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നു. ആകെ ലഭിക്കുന്ന മഴയുടെ 90% ജൂൺ മുതൽ നവംബർ വരെയുള്ള മാസങ്ങളിലാണ് ലഭിക്കുന്നത്. ഈ കാലാവസ്ഥയിലുണ്ടാകുന്ന അധികജലം ശരിയായി ഉപയോഗിക്കാത്തതുമൂലം അതിവേഗം നഷ്ടപ്പെടുന്നു. തൽഫലമായി കൃഷിക്ക് ഉപയുക്തമായ മേൽമണ്ണ് നഷ്ടപ്പെടുന്നതോടൊപ്പം ഭൂഗർഭ ജലത്തിന്റെ അളവ് കുറയുന്നതിനാൽ വരൾച്ച അനുഭവപ്പെടുന്നു. മേൽമണ്ണ് നഷ്ടപ്പെടുന്നതിനെ തടയുന്നതോടൊപ്പം ഭൂഗർഭ ജലനിരപ്പ് ഉയരുന്ന മണ്ണ്,ജലസംരക്ഷണ പദ്ധതിയാണ് തൃശ്ശൂർ ജില്ലയിൽപ്പെട്ട ഈ പഞ്ചായത്തിലും ആവശ്യം. അതിനായി ചില പ്രത്യേക പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്.

നീർമറി അടിസ്ഥാനത്തിലുള്ള മണ്ണ്, ജലസംക്ഷണ പദ്ധതി-ചെറിയ നീർമറി* പ്രദേശങ്ങൾ തെരഞ്ഞെടുത്ത് അതിലെ മുഴുവൻ പ്രദേശങ്ങളിലും മണ്ണ് സംരക്ഷണപ്രവർത്തനങ്ങൾ നടത്തി നീർമറി പ്രദേശത്തെ മുഴുവനായി സംരക്ഷിക്കുക എന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. കൃഷിയോഗ്യമായ സ്ഥലങ്ങളിൽ ഭൂമിയുടെ പൊക്കമനുസരിച്ച് കല്ല് കൊണ്ടു കെട്ടുക, കോൺ ടൂർ വെജിറ്റേറ്റീവ് വിതരണങ്ങൾ ഉണ്ടാക്കുക, കോൺ ടൂർ-ട്രൻച്, ചെറിയ കുഴികൾ എന്നിവ നിർമ്മിക്കുക എന്നിവക്ക് പ്രത്യേക പരിഗണന അടുത്ത പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. പൊതുനീർചാലുകളുടെ സംരക്ഷണം, നവീകരണം എന്നിവ ഈ പദ്ധതിയിൽപെടുന്നു. ഭൂപരിഷ്കരണ നിയമം നടപ്പിൽ വന്നതോടുകൂടി എണ്ണത്തിൽവളരെ കുറവു മാത്രമുള്ള ജന്മികളുടെ ഭൂമി കുടിയാൻമാരുടെ സ്വന്തമായി. മൊത്തം 665 ഹെക്ടറാണ് ഈ പഞ്ചായത്തിലെ നെൽകൃഷി. ഇതിൽ ഗണ്യമായ കുറവ് ഇതുവരെ അനുഭവപ്പെട്ടിട്ടില്ല. എല്ലാം ഇരുപ്പൂനിലങ്ങൾ. മൂന്ന് പൂവ് കൃഷി ചെയ്തിരുന്ന ചില പാടങ്ങളും ഈ പ്രദേശത്തുണ്ടായിരുന്നു. കാലഘട്ടത്തിന്റെ വത്യാസം, കാലാവസ്ഥയുടെ മാറ്റം, തൊഴിലാളികളുടെ അഭാവം എന്നിവ കാരണം ഇപ്പോൾ മിക്ക പാടങ്ങളും ഒരുപ്പൂവായി മാറിതുടങ്ങി.

ഈ പഞ്ചായത്തിൽ മൊത്തം 4132 കർഷകകുടുംബങ്ങളാണുള്ളത്. ഇതിൽ1260 ചെറുകിടനാമമാത്ര കർഷകരും, 2828 മാർജിനൽ കർഷകരും, 44 വൻകിടകൃഷിക്കാരുമാണുള്ളതാണ്. 3102

കർഷകത്തൊഴിലാളികളാണിവിടെയുള്ളത്. 1267 പുരുഷൻമാരും, 1835 സ്ത്രീകളും. കൃഷി ലാഭകരമല്ലാതായതു മുതൽ ആകർഷകമായ മറ്റുരംഗങ്ങളിലേക്ക് തൊഴിലാളികൾ ആകൃഷ്ടരായി. പരമ്പരാഗത കർഷകത്തൊഴിലാളികൾ പോലും ഈരംഗം ഉപേക്ഷിച്ചുപോകാൻതുടങ്ങി. റോഡ്നിർമ്മാണം, കെട്ടിടനിർമ്മാണം എന്നിവയിൽ താരതമ്യേനെ വരുമാനം കൂടുതലായതിനാൽ ആ രംഗങ്ങളാണ് കൂടുതൽ പേരും തിരഞ്ഞെടുക്കുന്നത്. തൊഴിലാളികളുടെ അഭാവം കാരണം കൂലിവർദ്ധനവുണ്ടായി. ഇത് കാർഷികമേഖലയെ തളർത്തി. ഇതിന്റെ ഫലമായി പലരും ഒരുപ്പൂ കൃഷി കൊണ്ട് തൃപ്തരാകാൻതുടങ്ങി.

ഗൾഫ് മേഖലയുടെ സ്വാധീനം ഈ പഞ്ചായത്തിൽ വളരെ അധികം ഉണ്ട്. കൂലിവർദ്ധനവിന്റെ മുഖ്യകാരണങ്ങളിൽ ഒന്നാണ് ഗൾഫ് പണത്തിന്റെ സ്വാധീനം.

നമ്മുടെ പഞ്ചായത്തിൽ കാർഷികമേഖലയുടെ അഭിവൃദ്ധിക്കായി ഒരു കോ-ഓപ്പ. സൊസൈറ്റി പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 4371 കർഷകർ അംഗത്വം എടുത്തുട്ടുണ്ട്. കാർഷികവായ്പകൾ കൊടുത്തുരുന്നു. എന്നാൽ കുടിശ്ശിക അടച്ചുതീർക്കാത്തതു കാരണം ഇപ്പോൾ പലർക്കും കാർഷിക വായ്പകൾ കിട്ടുന്നില്ല. ഇപ്പോൾ ഈ സൊസൈറ്റിയിൽ ബാങ്കിങ്ങ് വ്യവസായത്തിന്നാണ് പ്രാധാന്യം കൊടുത്തിരിക്കുന്നത്. ഇതിനോടൊപ്പം തന്നെ കൂടുതൽപണം കാർഷികരംഗത്തെ പ്രവർത്തനത്തിന് നീക്കി വെക്കുകയും കർഷകർക്ക് വായ്പ കൊടുക്കുകയും ചെയ്താൽ ബുദ്ധിമുട്ടുള്ള കൃഷിക്കാർക്ക് ആശ്വാസമാകും. കൂടുതൽപേർക്ക് ലോൺ ലഭ്യമാക്കാനുള്ള നടപടികളെടുക്കണം.
സൗത്ത് ഇന്ത്യൻ ബാങ്ക്, കനറാ ബാങ്ക് എന്നിവയുടെ ഓരോ ശാഖകൾ വീതം ഈ പഞ്ചായത്തിൽപ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇവകളുടെ പ്രവർത്തനം ഗ്രാമീണകർഷകർക്ക് വളരെ കുറച്ചുമാത്രമെ പ്രയോജനപ്പെടുന്നുള്ളൂ. ലോണുകൾ കൊടുക്കുന്നതിൽ ഈ ബാങ്കുകൾ വൈമുഖ്യം കാണിക്കുന്നു. ഗ്രാമീണ മേഖലയെ പുഷ്ടിപ്പെടുത്താനുള്ള ഈ ബാങ്കുകളുടെ സ്ഥാപിതലക്ഷ്യം പരിപൂർണ്ണമായി പാലിക്കണം. സർക്കാരിൽനിന്നും ഇതിനുള്ള സമ്മർദ്ദം ഉണ്ടാകണം.

സൊസൈറ്റി, ബാങ്കുകൾ എന്നിവ ഉദാരമായ പ്രവർത്തനരീതി കൈക്കൊള്ളുകയാണെങ്കിൽ കാർഷികമേഖല എന്നല്ല എല്ലാ മേഖലകളിലും വളർച്ച സാദ്ധ്യം തന്നെ. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കർഷകർ കൂടുതൽ ഉത്സാഹം ഈ രംഗത്ത് കാണിക്കും.

കഴിഞ്ഞ രണ്ടു വർഷമായി ചില ഉത്പന്നങ്ങൾക്ക് നേരിയ തോതിൽ വിലവർദ്ധനവുണ്ടായത് കർഷകന് കുറച്ചാശ്വാസമായിട്ടുണ്ട്. അടക്ക,കുരുമുളക്, കശുവണ്ടി എന്നിവക്കാണ് ഒരുവിധം തൃപ്തികരമായ വില ലഭിക്കുന്നത്. കൂലി വർദ്ധനവിന്റെ തോതിൽ ഇതും ലാഭകരമാണെന്ന് പറയാൻ വയ്യ. ഇന്ന് പുരുഷതൊഴിലാളികളുടെ കൂലി 100-200 ഉം സ്ത്രീ തൊഴിലാളികളുടെ കൂലി 50-60ഉം ആണ്.

അത്യുത്പാദന ശേഷിയുള്ള നെൽവിത്തുകൾ ഇന്നു ധാരാളമായി കിട്ടുന്നുണ്ടെങ്കിലും കൂടുതൽ കൃഷിക്കാരും നാടൻ ഇനങ്ങളോടാണ് കൂടുതൽ ആഭിമുഖ്യം കാണിക്കുന്നത്. കാരണം ഇവിടെ കന്നുകാലി സമ്പത്ത് സാമാന്യം തൃപ്തികരമാണ്. അവയുടെ ഭക്ഷണത്തിനുള്ള മെച്ചപ്പെട്ട വൈക്കോൽ നാടൻ നെല്ലിനങ്ങളിൽ നിന്നു കിട്ടുന്നതു തന്നെയാണ് കർഷകർക്ക് നാടൻ ഇനങ്ങളോടു പ്രിയംകൂടാൻ കാരണം. നാടൻ നെല്ലിനങ്ങളു ടെ വൈക്കോലിന്റെ വില ഒരു കന്നിന് 2-3രൂപ വരും.

നെല്ലിന്റെ ഉത്പാദനം ഏകദേശം 3800 ടൺ ആണ്. ഊർജ്ജിതമായ പദ്ധതി ആവിഷ്കരണത്തിലൂടെ ഈ പഞ്ചായത്തിന് അരിയുടെ കാര്യത്തിൽ സ്വയം പര്യാപ്തത

കൈവരിക്കുവാൻ സാധിക്കും. മണ്ണൊലിപ്പ് തടയുക, ജലസ്രോതസ്സുകളുടെ ക്ഷമത വർദ്ധിപ്പിക്കുക എന്നിവ ഊർജ്ജിതമാക്കിയാൽ ഈ ലക്ഷ്യം ഈ പദ്ധതിയിൽ തന്നെ നേടാൻ കഴിയും.

പത്തു പാടശേഖര സമിതികൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും അവയുടെ പ്രവർത്തനം മന്ദഗതിയിൽ തന്നെയാണ്. കർഷകരെ പൂർണ്ണമായി സഹകരിപ്പിക്കാനോ, ബോധവൽക്കരിക്കുവാനോ നമ്മൾക്ക് സാധിച്ചിട്ടില്ല. കൂട്ടുകൃഷിസമ്പ്രദായങ്ങളെകുറിച്ച് ബോധവൽക്കരണക്ലാസ്സുകൾ സംഘടിപ്പിച്ചിട്ടുണ്ടെങ്കിലും കർഷകരുടെ പൂർണ്ണമായ സഹകരണം ഇതുവരെ ലഭിച്ചിട്ടില്ല. ഇന്നു നമ്മളെ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളിൽ നിന്നും കൃഷി ലാഭകരമാക്കാൻ കൂട്ടുകൃഷി സമ്പ്രദായം കൊണ്ടുമാത്രമേ സാധിക്കൂ. കൃഷിവകുപ്പു മേധാവികളുടെ ആത്മാർത്ഥമായ സേവനവും ഈരംഗത്ത് ഉണ്ടായിട്ടുണ്ട്.

മൂന്ന് രാസവളവില്പനകേന്ദ്രങ്ങൾ ഈ പഞ്ചായത്തിൽ ഉണ്ട്. കർഷകർക്കാവശ്യമായ രാസവളങ്ങൾ, കീടനാശിനികൾ എന്നിവ ഈ വിൽപ്പനകേന്ദ്രങ്ങളിൽ ഉണ്ട്. കൃഷിഭവൻ മുഖേന നാട്ടിൽ വസ്തുക്കൾ ലഭിക്കാറുണ്ട്. നല്ല ഗുണനിലവാരം പുലർത്തുന്ന ഒരുനേഴ്സറി ഇവിടെ പ്രവർത്തിക്കുന്നത് കർഷകർക്കാശ്വാസമാണ്.

യന്ത്രവൽക്കരണം എന്ന ആശയം ഉണ്ടായിട്ടുണ്ടെങ്കിലും അത് പ്രായോഗിഗമായിട്ടില്ല. ട്രാക്ടർ മാത്രമാണ് ഇപ്പോൾ ലഭ്യമായിട്ടുള്ളത്. നാടൻ കലപ്പകളുടെ ഉപയോഗംകുറച്ച് മാത്രമാണ്. നടീൽ യന്ത്രങ്ങൾ മെതിയെന്ത്രങ്ങൾ എന്നിവയുടെ പ്രവർത്തനം കൊണ്ട് കൃഷി കൂടുതൻ ലാഭകരമാക്കാൻ സാധിക്കും.

ജൈവ വളങ്ങളുടെ ഉപയോഗം പ്രോൽസാഹിപ്പിക്കുന്നതിനായി ഓരോ വർഷവും കമ്പോസ്റ്റു കുഴികളുടെ നിർമ്മാണത്തിന്നായി കൃഷിഭവൻ വഴി കർഷകർക്ക് 25 രൂ വീതം സഹായധനം നൽകുന്നുണ്ട്. വിഷാംശം കലരാത്ത ഭക്ഷ്യ വസ്തുക്കൾ ഉത്പാദിപ്പിക്കുന്നതിന് ജൈവവളങ്ങളുടെ ഉപയോഗം കൂടിയേതീരൂ.

നെൽ കൃഷി ലാഭകരമല്ലാതാകുകയും നാളികേരവില വർദ്ധിക്കുകയും ചെയ്തതോടുകൂടി കർഷകർ വ്യാപകമായി തെങ്ങുകൃഷിയിലേക്ക് ശ്രദ്ധതിരിച്ചു. 575 ഹെക്ടർ സ്ഥലത്താണ് ഇവിടെ തെങ്ങുകൃഷിയുള്ളത്. ഇപ്പോഴത്തെ ഉത്പാദനം 39 ലക്ഷമാണ്. കൊപ്ര എണ്ണക്കുരുവായി അംഗീകരിക്കുകയും താങ്ങവില അർഹമായ രീതിയിൽ പ്രഖ്യാപിക്കുകയും ചെയ്താൽ മാത്രമെ തെങ്ങുകൃഷി ലാഭകരമാകുകയുള്ളൂ. ഏതാണ്ട് മുഴുവൻ കർഷകരും നാളികേരം വിൽപന കഴിയുമ്പോൾ മാർക്കറ്റിൽവില കൂടുന്ന പ്രവണതയാണിപ്പോഴുള്ളത്. വൻകിട സംഭരണക്കാർക്ക് മാത്രമാണ് ഇതുകൊണ്ട് നേട്ടം. തെങ്ങ് കയറ്റ തൊഴിലാളികളുടെ എണ്ണം കുറഞ്ഞു. കൂലി വർദ്ധിച്ചു.

കൃഷിഭവൻ മുഖേനയുള്ള എല്ലാ സ്കീമുകളും ഇവിടുത്തെ കർഷകൻ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. 1400 പമ്പുസെറ്റുകൾ ഉപയോഗിച്ച് 371 ഹെക്ടർ സ്ഥലം ജലസേചനം നടത്തുന്നുണ്ട്. മൊത്തം 17212 തെങ്ങുകളാണ് ഇവിടെയുള്ളത്. 80,000 തൈതെങ്ങുകളാണ്. 79,000 തെങ്ങുകൾക്ക് ജലസേചനമില്ല. നാടൻ ഇനങ്ങൾ കൂടാതെ അത്യുത്പാദനശേഷിയുള്ള TXD, DXT എന്നീ സങ്കരവർഗ്ഗങ്ങളും, കുറ്റ്യാടി, ലക്കഡീവ്, വെസ്റ്റ് കോസ്റ്റ് എന്നീ ഇനങ്ങളും ഇപ്പോൾ കൃഷിചെയ്തു വരുന്നു. കോക്കനെട്ട് ബോർഡിൽ നിന്നും വേണ്ടത്ര പ്രോത്സാഹനം കിട്ടുന്നില്ല. സമഗ്ര നാളികേര വികസന അതോറിട്ടിയുടെ പ്രവർത്തനം കാര്യക്ഷമമായാൽ തെങ്ങുകൃഷി കൂടുതൽ ആദായകരമാകും. വളരെയധികം കർഷകർ ഇതിൽ അംഗങ്ങളായി പ്രതീക്ഷയോടെ കഴിയുന്നു.

ഫലവൃക്ഷങ്ങൾക്കുള്ള വിള ഇൻഷുറൻസ് പദ്ധതിയിൽ ധാരാളം കർഷകർ പോളിസിയെടുത്തിട്ടുണ്ട്. എന്നാൽ പ്രകൃതിക്ഷോഭം കൊണ്ട് ഉണ്ടാകുന്ന നഷ്ടങ്ങൾക്ക് മാത്രമെ ഇപ്പോൾ നഷ്ടപരിഹാരത്തിന് അർഹതയുള്ളൂ. ഈ സ്ഥിതി മാറ്റി രോഗബാധിതവൃക്ഷങ്ങൾക്കും നഷ്ടപരി

ഹാരം ബാധകമാക്കണം. കശുമാവ് ഈ പഞ്ചായത്തിൽ മൂന്നാം സ്ഥാനത്താണ്. അമ്പത് ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷിയുണ്ട്. മുപ്പത് ടൺ വിളവ് ഇതിൽനിന്നും ലഭിക്കുന്നു. കശുവണ്ടിക്ക് വില വർദ്ധിച്ചതോടുകൂടി കർഷകർ കൂടുതൽ കൃഷിചെയ്യുവാൻ തുടങ്ങിയിട്ടുണ്ട്. ഒട്ടുതൈകളും ഇപ്പോൾ കിട്ടുന്നുണ്ട്. തേയിലകൊതുകിന്റെ ആക്രമണത്തിൽനിന്നും പൂങ്കിലകളെ സംരക്ഷിക്കാൻ കീടനാശിനികൾ കൃഷിഭവനിൽനിന്നും സൗജന്യമായി ലഭിക്കുന്നു.

അടക്ക ഈ പഞ്ചായത്തിലേ പ്രധാന കാർഷിക വിഭവത്തിലൊന്നാണ്. 272 ഹെക്ടർ സ്ഥലത്ത് കമുകു കൃഷിയുണ്ട്. വളരെ കാലത്തിനുമുമ്പുമുതൽ നിലനിന്നിരുന്ന കമുകു കൃഷി ഇടക്കാലത്ത് വൻ നഷ്ടമുണ്ടാക്കുകയും ചില കർഷകർ കമുകു വെട്ടിമാറ്റി തെങ്ങുകൃഷി ചെയ്യുകയും ചെയ്തിട്ടുണ്ട്. ശോഷിച്ചുവന്നിരുന്ന അടക്ക ഉൽപാദനം കഴിഞ്ഞ അഞ്ച് വർഷമായി മെച്ചപ്പെട്ടുവരുകയാണ്. ഇപ്പോഴത്തെ ഉൽപാദനം 500 മെട്രിക് ടൺ ആണ്. പഴഞ്ഞി, കുന്നംകുളം, ചാലിശ്ശേരി എന്നിവിടങ്ങളിൽ വിൽപനകേന്ദ്രങ്ങൾ ഉള്ളതിനാൽ കർഷകർക്ക് വിറ്റഴിക്കാൻ സൗകര്യമുണ്ട്. ഈ പഞ്ചായത്തിൽതന്നെ ഒരു വിപണനകേന്ദ്രം ഉണ്ടാക്കേണ്ടത് ആവശ്യമാണ്.

വില കുറഞ്ഞ കാലങ്ങളിൽ കർഷകരിൽനിന്നും കേടുവരാത്തവിഭവങ്ങളായ അടക്ക, കുരുമുളക് എന്നിവ ഡിപ്പോസിറ്റുകളായി സ്വീകരിച്ച് വിലയുടെ 75% വായ്പ കൊടുക്കാനുള്ള സംവിധാനം സഹകരണസംഘം വഴി പുനരാരംഭിക്കണമെന്ന ആവശ്യം കർഷകർ ഉന്നയിച്ചിട്ടുണ്ട്.

പുരയിടങ്ങളിലുള്ള കിണറുകൾ, കുളങ്ങൾ എന്നിവയിലെ വെള്ളത്തെ മാത്രം ആശ്രയിച്ചാണ് കമുകു കൃഷി നടത്തുന്നത്. വേനൽക്കാലത്തുണ്ടാകുന്ന ജലക്ഷാമം പരിഹരിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടിയിരിക്കുന്നത്. സ്പ്രിംഗ്ലർ ഉപയോഗിക്കുന്നവരുമുണ്ട്.

നാടൻ ഇനത്തോടൊപ്പം അത്യുൽപാദനശേഷിയുള്ള മംഗള, മോഹിത് നഗർ, സൗത്ത് കാനറ എന്നീ ഇനങ്ങളും കർഷകന്റെ ആശാ കേന്ദ്രങ്ങളായി തീർന്നിട്ടുണ്ട്.

കമുകു തോട്ടങ്ങളെ ബാധിക്കുന്ന മഹാളി രോഗത്തിന് ഫലപ്രദമായ പ്രതിരോധം സാധിച്ചിട്ടില്ല. ഈ രോഗത്തെ ചെറുക്കുന്നതിന് കഴിവുള്ള കീടനാശിനി തുരിശ്ശാണ്. ഈ തുരിശ്ശ് കൃഷിഭവൻ വഴി ആവശ്യത്തിന് കൃത്യസമയത്ത് ലഭിക്കുന്നില്ലെന്ന് മിക്ക കർഷകരും പരാതിപ്പെടുന്നു. ജൂൺമാസത്തിൽ തന്നെ തുരിശ്ശ് വിതരണം നടത്താനുള്ള ശ്രമങ്ങൾ സ്വീകരിക്കുന്നത് കമുക് കർഷകർക്ക് ആശ്വാസമാകും.

ഈ പഞ്ചായത്തിൽ 90 ഹെക്ടർ സ്ഥലത്ത് കമുക് കൃഷി നടത്തിവരുന്നു. 80 ടൺ വിഭവം ഇതിൽനിന്നും ലഭിക്കുന്നു. നാടൻ, കരിമുണ്ട, പന്നിയൂർ എന്നീ ഇനങ്ങളാണ് കൃഷിചെയ്തുവരുന്നത്. വിലവർദ്ധനവ് കർഷകർക്കും പ്രോത്സാഹനമായിട്ടുണ്ട്. എന്നാൽ അടുത്ത കായലത്ത് ദ്രുതവാട്ടം (കുമിൾ രോഗം) കാരണം കുരുമുളക് കൃഷിക്ക് നാശം ഉണ്ടായിട്ടുണ്ട്. ഇതിന് ഫലപ്രദമായി ഒന്നും ചെയ്യാൻ സാധിച്ചിട്ടില്ല. കൃഷി ഭവൻ മുഖേനെ കുരുമുളകുവള്ളി സൗജന്യനിരക്കിൽ വിതരണം ചെയ്യുന്നത് കർഷകർക്കാശ്വാസമാണ്. ഓണക്കുലകൾക്ക് പ്രശസ്തമായ തൃശ്ശൂർ ജില്ലയിലെ ഈ പഞ്ചായത്തിലും നേന്ത്രവാഴകൃഷി വ്യാപകമായി ഉണ്ടായിരുന്നു. നല്ല ലാഭവും കർഷകർക്ക് ഇതിൽനിന്നും ലഭിച്ചിരുന്നു. എന്നാൽ ജലക്ഷാമം, കീടങ്ങളുടെ ആക്രമണം, കൂമ്പുചീയൽ, കൂമ്പടക്കൽ എന്നിവ കാരണം കർഷകർ ഇപ്പോൾ ഈ രംഗത്തുനിന്ന് പിൻമാറിക്കൊണ്ടിരിക്കുകയാണ്. എങ്കിലും നൂററമ്പത് ഹെക്ടർ സ്ഥലത്ത് ഇപ്പോഴും നേന്ത്രവാഴകൃഷി ചെയ്യുന്നുണ്ട്. ഇതിൽനിന്നും 250 ടൺ ഫലം മാത്രമാണ് കിട്ടുന്നത്.

തോട്ടങ്ങളിലെ മണ്ണൊലിപ്പ് തടയുന്നതിനും മണ്ണിന്റെ ഈർപ്പം സമതുലിതമായി നിർത്തുന്നതി

നും സഹായകമായിരുന്ന നാടൻ വാഴകൾ പലവിധമായ രോഗങ്ങളും ബാധിച്ച് വംശനാശം വന്നുകൊണ്ടിരിക്കുന്നു. പ്രത്യേക പരിചരണങ്ങളില്ലാതെ നല്ല വിളവുതന്നിരുന്ന ഈ വിഭവം പ്രതിസന്ധിയിലാണ്.

തോട്ടങ്ങളിലെ സമ്മിശ്ര കൃഷികൾക്ക് പ്രചരണവും പ്രോത്സാഹനവും ലഭിക്കേണ്ടതാണ്. തെങ്ങിന് ഇട വിളകളായി കൃഷി ചെയ്യാവുന്നതാണ്. ചേന, ചേമ്പ്, ഇഞ്ചി, മഞ്ഞൾ എന്നിവ മഴയുടെ ആരംഭത്തോടുകൂടി തുടങ്ങാവുന്ന ഈ കൃഷികളുടെ അനുഭവം മഴക്കാലത്തിന്റെ അവ സാനത്തോടുകൂടി ഉണ്ടാകും.

പച്ചക്കറികൃഷി ഒറ്റപ്പെട്ട കർഷകർ മാത്രമാണ് ഇപ്പോൾ നടത്തുന്നത്. ഇത് മറ്റുള്ളവർക്ക് പ്രോൽസാഹനമാകുന്നു. കൃഷി കഴിഞ്ഞപാടങ്ങളിൽ ധാരാളം പച്ചക്കറി കൃഷി നടത്താനുള്ള സാധ്യതകളുണ്ട്. ജല ദൗർലഭ്യമാണ് മുഖ്യമായ തടസ്സം. കീടബാധക്ക് ഫലപ്രധമായ പ്രതിവിധി കൾ നടത്തേണ്ടതുണ്ട്.

ഒരു നിയോജക മണ്ഡലത്തിൽ ഒരു പഞ്ചായത്ത് പച്ചക്കറികൃഷിക്കായി തിരഞ്ഞെടുക്കുമെന്ന് കൃഷിമന്ത്രി അടുത്ത ദിവസം പറഞ്ഞിട്ടുണ്ട്. ആയതിന് നമ്മുടെ പഞ്ചായത്തിൽ സാധ്യതകളുണ്ട്. ഫലപുഷ്ടിയുള്ള ഒഴിഞ്ഞ നെൽപ്പാടങ്ങളിൽ പച്ചക്കറികൃഷികൾക്കു സൗകര്യങ്ങൾ ഏറെയുണ്ട്. ഇതിനാവശ്യമായ വിത്തുകളും വളങ്ങളും കീടനാശിനികളും സർക്കാർ നല്കണം. സാങ്കേതിക സഹായവും നൽകേണ്ടതുണ്ട്. ഏറ്റവും നല്ല കൃഷിക്കാരന് പ്രോൽസാഹനം നൽകണം

ഇന്ന് സ്കൂൾ വിദ്യാർത്ഥികൾക്ക് സർക്കാർ വിത്തു പേക്കറ്റുകൾ സൗജന്യമായി നൽകിവരുന്നത് അഭികാമ്യംതന്നെ. എന്നാൽ ഈ വിത്തുകളുടെ ഗുണമേന്മയിൽ സംശയമുണ്ട്. ഗുണമേന്മയുള്ള വിത്തുകൾ വിതരണം ചെയ്യുന്നതിന് ശ്രദ്ധിക്കണം.

വേനൽകാലത്തുണ്ടാകുന്ന പച്ചക്കറികൃഷികൾക്ക് ആവശ്യമായ പ്രോൽസാഹനം കൊടുക്ക ണം. കൊയ്ത്തുകഴിഞ്ഞ പാടങ്ങളിൽ ജലദൗർലഭ്യം ഇല്ലാത്തവ തിരഞ്ഞെടുത്തു സാമൂഹിക കൃഷി അവലംഭിക്കുകയാണെങ്കിൽ ഓരോരുത്തർക്കും അദ്ധ്വാനഭാരംകുറക്കാനും സാധിക്കും. ഇ തിനായി വേണ്ടി വരുന്ന ധനസഹായം സർക്കാർ നൽകുക. വിത്തുകളും വളങ്ങളും ഒരു പ്രാവ ശ്യമെങ്കിലും വിതരണം നടത്തുക. വീട്ടാവശ്യത്തിന്നുള്ള പച്ചക്കറികൾ വീട്ടുമുറ്റത്ത് എന്ന ആശയം കർഷകരിൽ വളർത്തുക. നമ്മുടെ സമ്പത്ത് അന്യ സംസ്ഥാനങ്ങളിലേക്കൊഴുകുന്നതിൽ നിന്ന് നമ്മുടെ നാടിന്റെ വികസനത്തിലുള്ള കോട്ടങ്ങൾ എടുത്തുകാട്ടുക എന്നിവ സർക്കാരിന്റെ പക്ഷ ത്തുനിന്നും ഉണ്ടായേ പറ്റൂ. ഇതിനായി പ്രത്യേകം കർമ്മസമിതികൾ രൂപീകരിക്കുക.

കർഷകർ തെരഞ്ഞെടുത്തു നടത്തുന്ന പച്ചക്കറി കൃഷികൾ ഇൻഷൂർ ചെയ്യണം. ഇതിന്റെ പ്രീമിയം [illegible]ക സർക്കാർ തന്നെ അടക്കണം. വിളനാശം സംഭവിച്ചാൽ തങ്ങളുടെ പണം നഷ്ടപ്പെ ടില്ലെന്നുള്ള ബോധം വർദ്ധിപ്പിക്കണം. നാശം സംഭവിച്ചാൽ പരാതി ബോധിപ്പിക്കുന്നതിന്ന് സമ യപരിധി നിശ്ചയിക്കണം. പരാതി പരിശോധകർ പരിശോധിച്ച് ബോധ്യപ്പെട്ടാൽ കാലതാമസം കൂടാതെ നഷ്ടപരിഹാരം നൽകണം.

വെള്ളരി, മഞ്ഞൾ, കുമ്പളം, തണ്ണിമത്തൻ, ചീര എന്നിവ വേനൽക്കാലത്ത് കൃഷിചെയ്യാൻ പറ്റിയവയാണ്. കാലിവളം തന്നെയാണ് ഇവക്കാവശ്യം. നാടൻ മത്തങ്ങക്കും മറ്റും ധാരാളം പ്രിയമുണ്ട് കർഷകൻ ഉത്പാദിപ്പിക്കുന്ന വിഭവങ്ങൾക്ക് വിപണനസൗകര്യങ്ങളും ആവശ്യമാണ്. അർഹമായ വില ലഭിക്കണം. അതിനായി ഓരോ പഞ്ചായത്തിലും സർക്കാരിന്റെ അധീനതയിൽ

പച്ചക്കറിച്ചന്ത തുടങ്ങണം. കർഷകരിൽനിന്നും മാത്രം സാധനങ്ങൾ വാങ്ങുക, ഇടനിലക്കാരെ ഒഴിവാക്കുക. കൃഷികഴിഞ്ഞ പാടങ്ങളിൽ വിതക്കുവാനുള്ള പയർ വിത്ത് ലഭ്യമാക്കണം. 28 ദിവസം മുതൽ 40 ദിവസങ്ങൾക്കുള്ളിൽ കായ്ച്ചുതുടങ്ങുന്ന പയർ ഭൂമിയുടെ ഫലപുഷ്ടി വർദ്ധിപ്പിക്കുകമാത്രമല്ല നമ്മുടെ ആവശ്യത്തിന് കായ തരുന്നവയുമാണ്.

കപ്പകൃഷി ഇന്ന് പഞ്ചായത്തിൽ നിന്നും അപ്രത്യക്ഷമായി കൊണ്ടിരിക്കുന്നു. പണ്ടുമുതൽ തന്നെ ധാരാളമായി കപ്പകൃഷി നടത്തിയിരുന്ന ഈ പഞ്ചായത്ത് ഇന്നത്തെ ഈ അവസ്ഥ കണ്ടതായി തന്നെ ഭാവിക്കുന്നില്ല. ഇവിടെ ഉൽപാദനം ഇല്ലാതെ വന്നപ്പോൾ വില കിലോക്ക് നാല് രൂ. വരെയെത്തി. സർക്കാരിൽനിന്ന് കപ്പകൃഷി പ്രോത്സാഹിപ്പിക്കാനുള്ള നടപടികൾ ഉണ്ടാക്കണം.

പൈനാപ്പിൾ കൃഷിക്ക് വൻ സാദ്ധ്യതകളുള്ള സ്ഥലമാണ് ഈ പഞ്ചായത്ത്. തെങ്ങിൻ തോപ്പുകളിൽ ഇടവിളയായി കൈതകൃഷി ചെയ്യാം. ഒരു വർഷം നടുന്ന കൈതയിൽ നിന്ന് അഞ്ച് വർഷം വിളവെടുക്കാൻ സാധിക്കും. ഒരു കിലോ ചക്കക്ക് അഞ്ചു രൂപ മുതൽ പന്ത്രണ്ട് രൂപ വരെ വില വരാറുണ്ട്. കമ്പോസ്റ്റ്, ചാണകപ്പൊടി എന്നിവ ഇതിനാവശ്യമുള്ള വളങ്ങളാണ്. തുറന്ന വെയിലേൽക്കുന്ന സ്ഥലമാണ് ഈ കൃഷിക്ക് യോജിച്ചത്.

കാർഷികരംഗത്തെ നൂതനാശയങ്ങളായ ഔഷധ സസ്യങ്ങൾ, അലങ്കാരചെടികൾ എന്നിവയും ഇവിടെ സാദ്ധ്യതയുള്ളവയാണ്. കച്ചോലം ആടലോടകം, നീല അമരി, തിപ്പല്ലി, എന്നിവ തെങ്ങിൻ തോപ്പുളിൽ തന്നെ ഉത്പാദിപ്പിക്കുവാൻ കഴിയും. പക്ഷെ ഇവകളുടെ വിപണി കണ്ടെത്തിയാൽ മാത്രമെ ലാഭമുണ്ടാക്കാൻ കഴിയുകയുള്ളു

വീട്ടുമുറ്റത്തും, ടെറസ്സുകളിലും കൃഷി ചെയ്യാവുന്ന അലങ്കാരച്ചെടികൾ സാധ്യതയുള്ളവകൾ തന്നെയാണ്. കണികാ ജലസേചനം കൊണ്ട് ഇവയെ വളർത്താനും സാധിക്കും. പക്ഷേ തുടക്കത്തിൽ വലിയതുക ചിലവാക്കേണ്ടിവരും. പൂക്കളുടെ വിപണിയും കണ്ടെത്തേണ്ടതുണ്ട്. വീട്ടിലെ എല്ലാ അംഗങ്ങൾക്കും ഇതിൽ ഭാഗികമായിട്ടെങ്കിലും പങ്കെടുക്കാൻ സാധിക്കും എന്നുള്ളതു കൊണ്ട് ഇതാ ആകർഷകമായിരിക്കും.

വെറ്റിലകൃഷിക്കും ഇവിടെ സാധ്യതകളുണ്ട്. മഴയെ മാത്രം ആശ്രയിച്ചിട്ടുള്ള കൃഷികളാണ് ഈ പഞ്ചായത്തിൽ അധികമുള്ളത്. ആകെ കിട്ടുന്ന മഴയിൽ 70% ജൂൺ, ജൂലൈ മാസങ്ങളിലാണ് ലഭിക്കാറുള്ളത്. ചെരിവായി കിടക്കുന്ന ഭൂപ്രകൃതി ആയതിനാൽ ഈ ജലം അതിവേഗം ഒഴുകി കായലുകളിലെത്തുന്നു. അതിവേഗമുള്ള നീർവാർച്ച കാരണം തുടർന്നുള്ള കൃഷിക്ക് ജലക്ഷാമം അനുഭവപ്പെടുന്നു. മുഖ്യമായ ജലസ്രോതസ്സുകൾ ഇവിടെ ഇല്ല എന്നുള്ളത് പ്രത്യേകം എടുത്തു പറയേണ്ട കാര്യമാണ്. പഞ്ചായത്തിന്റെ 12 കുളങ്ങളും 51 സ്വകാര്യ കുളങ്ങളും ചേർന്നാണ് ഉൾനാടൻ ജല സ്രോതസ്സുകൾ. നീർമനികളിലെത്തുന്ന വെള്ളം കുണ്ടുതോട്, കൊരട്ടിക്കര തോട്, മങ്ങാട്ട് തോട് എന്നിവ വഴി പടിഞ്ഞാറോട്ടൊഴുകി പോകുന്നു. തിപ്പിലശ്ശേരി പാടത്തുള്ള നീർച്ചാൽ തെക്കോട്ടൊഴുകി ചിറമനേങ്ങാട്ട് ചെന്നെത്തുന്നു. ഈ തോടുകൾ വശങ്ങൾ കെട്ടിയുറപ്പിച്ച് വീതിയും ആഴവവും കൂട്ടി തടയിണകൾ നിർമ്മിച്ചാൽ കൃഷി ആവശ്യത്തിനുള്ള ജലത്തിന് ബുദ്ധിമുട്ടുണ്ടാകുകയില്ല. ഇടക്കാലത്തുണ്ടാകുന്ന ഉണക്കിൽ നിന്നും കൃഷിയെ രക്ഷിക്കാൻ സാധിക്കുന്നത് കൊണ്ട് ഉൽപാദനം ഇന്നത്തെ തോതിൽനിന്നും ഉയരാൻ സഹായിക്കും.

നിലവിലുള്ള കുളങ്ങളിൽ 10എണ്ണം ജലസമൃദ്ധിയുള്ളവയാകയാൽ ജല സേചനത്തിന് ഉപയുക്തമാണ്. എന്നാൽ മണ്ണൊലിപ്പ് കാരണം ഇവകൾ ആഴം കുറഞ്ഞ് ജലസംഭരണ ശേഷി ഇല്ലാത്ത അവസ്ഥയിലാണ്. ആ കുളങ്ങളുടെ ആഴം കൂട്ടി സംരക്ഷിച്ചാൽ ഇന്നത്തെ തോതിൽനിന്നും



പെരുമ്പിലാവ് മു  സ്ളീം പള്ളി



പഞ്ചായത്ത് റസിഡൻഷ്യൽ കോർട്ടേഴ്സ്

ഉയർന്ന ജലസമൃദ്ധി ലഭിക്കും.

ഈ പഞ്ചായത്തിൽ മിക്ക സ്ഥലങ്ങളിലും 8-10 മീറ്റർ ആഴത്തിൽ വെള്ളം ലഭിക്കുന്നു. ഫെബ്രുവരി - മാർച്ച്മാസത്തോട് കൂടി ഇവയിൽ 75% കിണറുകളും വറ്റാൻ തുടങ്ങുന്നതോടുകൂടി രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്നു. ഭൂഗർഭജലത്തിന്റെ ചൂഷണം ഇതിനൊരു കാരണമായി കർഷകർ ചൂണ്ടിക്കാണിക്കുന്നു. ഈ ജല ക്ഷാമം കൃഷിയെ - പ്രധാനമായി തോട്ട വിളകളെ പ്രതികൂലമായി ബാധിക്കുന്നു. ഇവിടെയാണ് കണികാജലസേചന പദ്ധതികളെ കുറിച്ച് ഗൗരവമായി ചിന്തിക്കേണ്ടത്. ഡ്രിപ്പ്ളറിഗേഷൻ, സ്പ്രിംഗ്ളർ എന്നിവയുടെ പ്രവർത്തനം കൊണ്ട് വെള്ളത്തിന്റെ ഉപഭോഗം വളരെ കുറച്ച് തോട്ടവിളകളെ വറുതിയിൽനിന്നും രക്ഷിക്കാൻ കഴിയും. ഇതുവഴി തോട്ടവിളകളുടെ ഉൽപാദനക്ഷമത ഇന്നത്തെ നിലയിൽനിന്നും വർദ്ധിപ്പിക്കാനും കഴിയും

ഈ പഞ്ചായത്തിൽ മൊത്തം 2212 കിണറുകൾ പ്രവർത്തനക്ഷമമായിട്ടുണ്ട്. എന്നാൽ ഇവയിൽ 726 എണ്ണം മാത്രമാണ് വേനൽക്കാലത്ത് ആശ്വാസം തരുന്നത്. ഈ പഞ്ചായത്തിലെ ജലസമൃദ്ധിയുള്ള വറ്റാത്ത കുളങ്ങൾ ചീനികുളം, കൊറ്റുകുളം, മാടമ്പിക്കുളം, വടക്കേകളത്തിൽ കുളം, കോലാടിക്കുളം എന്നിവയാണ്. ഏതാണ്ട് രണ്ടേക്കർവരുന്ന കടവല്ലൂർ ക്ഷേത്രക്കുളം ജല സമൃദ്ധിയിൽ എടുത്തുപറയേണ്ടതാണ്. നീർമറികളിലെ തോടുകളും നീർച്ചാലുകളും വീതിയും ആഴവും കൂട്ടി വെള്ളം കെട്ടി നിർത്തുന്നത് കൊണ്ട് പറമ്പുകളിലുള്ള കിണറുകളിലും, കുളങ്ങളിലും ജലനിരപ്പുയരുകയും തോട്ടവിളകൾക്ക് ഇന്നത്തെ തോതിൽനിന്ന് കൂടുതൽ അളവ് ജലം ലഭിക്കുകയും ചെയ്യും. ഈ സൗകര്യങ്ങളുണ്ടായാൽ ഇന്നത്തെ തോതിൽനിന്നും 50% ഉൽപാദനം വർദ്ധിപ്പിക്കാൻ കഴിയും.

പഴയ കാലം മുതൽ ഇവിടെ നിലനിന്നിരുന്ന കാളത്തേക്ക്, തുലാത്തേക്ക് എന്നീ ജലസേചന രീതികൾ ഇന്ന് നാമമാത്രമായി ശേഷിക്കുന്നു. ആ സ്ഥാനത്ത് ഡീസൽ, മണ്ണെണ്ണ എഞ്ചിനുകളും പമ്പുസെറ്റുകളും സ്ഥാനം പിടിച്ചു കഴിഞ്ഞു. ഇവയുടെ വിതരണത്തിൽ കൃഷി വകുപ്പും ബാങ്കുകളും സജീവമായി പങ്കു വഹിച്ചിട്ടുണ്ട്.

ജല വിഭവം പൂർണ്ണമായി വിനിയോഗിക്കുന്നതിൽ പലപ്പോഴും കർഷകർക്ക് പരാജയം സംഭവിക്കുന്നു. വൈദ്യുതി ലഭിക്കുന്നതിനുള്ള കാലതാമസം, ആവശ്യത്തിന് വൈദ്യുതി ലഭിക്കാതിരിക്കുക, വേണ്ടത്ര മണ്ണെണ്ണ കൃത്യസമയത്ത് കിട്ടാതിരുക്കുക എന്നീകാര്യങ്ങൾ പലപ്പോഴും കർഷകരെ നിരാശരാക്കുന്നു. മേൽ പറഞ്ഞ കാര്യങ്ങൾക്ക് സജീവ പരിഗണന കിട്ടിയാൽ ഓരോ ഉൽപാദനത്തിന്റെയും തോത് ഇന്നത്തെനിലയിൽനിന്ന് മെച്ചപ്പെടും. വൈദ്യുതി ബോർഡും വിതരണസമ്പ്രദായവും കാര്യക്ഷമമാകണം.

9-ാം പദ്ധതിയിൽ സജീവപരിഗണന നൽകേണ്ടത് ജലസേചനത്തിനാണെന്നുള്ളത് നിസ്തർക്കമാണ്. അതിന് പ്രാമുഖ്യം നൽകിയില്ലെങ്കിൽ നമ്മുടെ കാർഷികസംസ്കാരത്തിന് കോട്ടം തട്ടും. ഭക്ഷ്യസ്വയം പര്യാപ്തത എന്നലക്ഷ്യം വെറും സ്വപ്നമായിത്തന്നെ അവശേഷിക്കും. ദാരിദ്ര നിർമ്മാർജ്ജനം അസാധ്യമാകും. തൊഴിലില്ലായ്മ വർദ്ധിക്കും. തുച്ഛമായ വിഭവങ്ങളിൽ നിന്നുകിട്ടുന്ന വരുമാനം അന്യ സംസ്ഥാനങ്ങളിലേക്കൊഴുകും. വികസനം വഴിമുട്ടി നിൽക്കും. കാർഷികരംഗത്ത് വരും കാലങ്ങളിൽ സന്തോഷത്തിന്റെ നാളുകളുണ്ടാകാൻ ജലസേചനത്തിനു പ്രാമുഖ്യം നൽകണം.

ജലസേചനത്തിനായി കർഷകർ താഴെ പറയുന്ന പരിമിതികൾക്ക് മുൻഗണന നൽകണമെന്നാവ

ശ്യപ്പെടുന്നു.

1. കൊള്ളഞ്ചേരിതോട്, ചാലിശ്ശേരി പാലം മുതൽ വെളിയം ചീർപ്പ് (NH) വരെ സൈഡ് കെട്ടി കൊള്ളഞ്ചേരി ചീർപ്പിനും ചാലിശ്ശേരി പാലത്തിനും ഇടക്ക് ഒരു ഷട്ടർകൂടി ഏർപ്പെടുത്തേണ്ടതു മാണ്.
2. ചീനിക്കുളം, കൊററുകുളം, കൊരട്ടിക്കരകുളം, മാടമ്പിക്കുളം,പാറക്കുളം,രാമൻകുളം,കുന്നത്ത്കുളം,കീറോട്ട്കുളം, വടക്കേകുളത്തിൽ കുളം, കോലാടിക്കുളം, പതിയാട്ടുകുളം എന്നിവ ആഴം കൂട്ടി ക്ഷമത വർദ്ധിപ്പിക്കുക. ടി നീർച്ചാലുകൾ സംരക്ഷിക്കുക.
3. തൂർന്നുപോയ ഇക്കുഴി പ്രവർത്തനക്ഷമമാക്കുക. തെക്കേ ഭാഗത്തുള്ള തോട് സൈഡ് കെട്ടി ജലസേചനയോഗ്യമാക്കുക.
4. സാമൂഹിക ജലവിതരണം നടപ്പിലാക്കുക.
5. ഒതളൂർ ബണ്ടിന്റെ ഭാഗത്തുനിന്ന് കോട്ടോൽ കുണ്ട് തോട് വഴി വെള്ളം പമ്പ് ചെയ്ത് കരിക്കാട് പാടശേഖരത്തിൽ എത്തിക്കുക. ഇതിനായി കുണ്ട്തോട് പെരുന്തോടു വരെ നീട്ടുക.
6. ഭട്ടിമുറി പാടശേഖരത്തിൽ ഉള്ള തോട് വീതിയും ആഴവും കൂട്ടി പാറകൂട്ടത്തിനടുത്ത് ബണ്ട് കെട്ടുക.
7. രണ്ടാം വാർഡിൽ വടക്കേകുളത്തിൽകുളത്തിൽ നിന്നും വെള്ളം ഒഴുകുന്ന കീഴ്പാടം വരെയുള്ള പുറമ്പോക്ക് ഭൂമിയിൽ ഉള്ള 600 മീറ്റർ നീർച്ചാൽ താഴ്ത്തി കല്ലുകെട്ടി കുളത്തിൽ 10HP മോട്ടോർ വെക്കുക. ഇതുകൊണ്ട് 40 എക്കർ കൃഷിഭൂമി ജലസേചനയോഗ്യമാകും. ലിഫ്റ്റ് ഇറിഗേഷൻ സ്ഥാപിക്കുക.

### ഗ്രാമ സഭയിൽ നിന്നുള്ള നിർദ്ദേശങ്ങളും, ശേഖരിച്ച വിവരങ്ങളും (പ്രശ്നങ്ങളും സാദ്ധ്യതകളും)

1. ഏറ്റവും നല്ല കർഷകനെയും, കർഷകതൊഴിലിനേയും ആദരിക്കുക.

   ഇതുവഴി കർഷകന് പ്രോത്സാഹനവും തൊഴിലാളിക്ക് ഈ രംഗം ആകർഷകവും ആകും.
2. പാടശേഖര സമിതികളുടെ പ്രവർത്തനം കൂടുതൽ വിപുലപ്പെടുത്തുക.

   10 പാടശേഖര സമിതികളാണ് ഈ പഞ്ചായത്തിൽ റജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇവയുടെ പ്രവർത്തനം തൃപ്തികരമല്ല. യോഗങ്ങളിൽ ഭൂരിഭാഗം കർഷകർ പങ്കെടുക്കുകയാണെങ്കിൽ ഇതിന്റെ പ്രവർത്തനം വിപുലീകരിക്കാൻ സാധിക്കും.
3. പാടശേഖര സമിതികൾക്ക് സബ്സിഡി നിരക്കിൽ മെതിയന്ത്രം, കൊയ്ത്തുയന്ത്രം, ട്രാക്ടർ, സ്പ്രെയറുകൾ, എന്നിവ വിതരണം ചെയ്യണം.
4. കൂട്ടുകൃഷി സമ്പ്രദായങ്ങൾ നടപ്പിലാക്കുക.
5. നീർമറികളിലെ തോടുകളും, നീർച്ചാലുകളും ആഴം കൂട്ടി സൈഡുകൾ കെട്ടി തടയിണകൾ നിർമ്മിക്കുക.
6. ജലസേചനത്തിനുപയോഗിക്കുന്ന കുളങ്ങൾ സംരക്ഷിച്ച് സംഭരണശേഷി വർദ്ധിപ്പിക്കുക.
7. പാടശേഖരങ്ങളിലേക്ക് ട്രാക്ടർ ഇറക്കുന്നതിന് സ്ഥിരം റാമ്പുകൾ കെട്ടുക.
8. വെള്ളംകെട്ടിനിൽക്കുന്ന പാടങ്ങളിൽ ജലനിർഗമനമാർഗ്ഗങ്ങൾ ഉണ്ടാക്കുക.
9. ആവശ്യമായ സ്ഥലങ്ങളിൽ ജലസേചനത്തിനായി പുതിയ കുളങ്ങൾ കുഴിക്കുക. ഇതിനാവശ്യമായ സ്ഥലം കർഷകർ നൽകണം.
10. നെൽകൃഷിക്ക് ഇന്ന് നൽകുന്ന ഉൽപാദനക്ഷമതാ ബോണസ് ഉൽപാദന ചിലവുകളുടെ അടി

സ്ഥാനത്തിൽ ഉയർത്തുക.

11. കൃഷി ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുക.
12. ഓരോ വാർഡിലും കൃഷി അസിസ്റ്റന്റ് ഓഫീസ് പണിയുക അതിൽ ഒരു മുറി പാടശേഖര സമിതിയുടെ ഓഫീസ് കാര്യങ്ങൾക്ക് അനുവദിക്കുക.
13. ജലസേചനത്തിനുള്ള ധനസഹായം ഭൂമിയുടെ പരിധി നോക്കാതെ എല്ലാ കർഷകർക്കും അനുവദിക്കുക.
14. ആവശ്യമുള്ള സ്ഥലങ്ങളിൽ സാമൂഹ്യ ജലവിതരണപദ്ധതികൾ നടപ്പിലാക്കുക.
15. അത്യുൽപാദനശേഷിയുള്ള തെങ്ങിൻതൈകളും, നടീൽവസ്തുക്കളും സൗജന്യനിരക്കിൽ വിതരണം ചെയ്യുക.
16. തെങ്ങിൻതോപ്പുകളിൽ ഇടവിളകൾക്ക് പ്രോത്സാഹനം നൽകുക.
17. മണ്ണ് പരിശോധനാകേന്ദ്രം കൃഷിഭവനിൽ ആരംഭിക്കുക.
18. തെങ്ങകയറ്റത്തിന് യന്ത്രം ഉപയോഗിക്കാൻ ഉള്ള സൗകര്യം ഉണ്ടാക്കുക.
19. ജൈവവളത്തിന് ഇന്നനുവദിക്കുന്ന സബ്സിഡി നൂറു രൂപയായി ഉയർത്തുക. പയർ, ഡൈഞ്ച, കൊഴിഞ്ഞിൽ എന്നിവയുടെ വിത്തുകൾ കൃത്യസമയത്ത് ലഭ്യമാക്കുക.
20. ഉൽപന്നവായ്പാസൗകര്യം സഹകരണസംഘം വഴി പുനരാരംഭിക്കുക.
21. സ്പ്രിംഗ്ളറിനും, ഡ്രിപ്പിറിഗേഷനുമുള്ള സബ്സിഡി അനുവദിക്കുക.
22. കാർഷികാവശ്യത്തിന് വേണ്ടിയുള്ള മണ്ണെണ്ണ നവംബർ മാസത്തിൽതന്നെ അനുവദിക്കുക.
23. കാർഷികാവശ്യത്തിനുള്ള വൈദ്യുതി സൗജന്യമാക്കുക.
24. കീടനാശിനികൾ കൃഷിഭവനിൽക്കൂടി കൃത്യസമയത്ത് വിതരണം ചെയ്യുക.
25. കൃഷി ആവശ്യത്തിന് വൈദ്യുതി OYC ഒഴിവാക്കുക.
26. കൃഷി ഭവനിൽ ഒഴിവുള്ള തസ്തികകൾ നികത്തുക.
27. മഹാളിരോഗത്തിന് തെളിക്കാനുള്ള തുരിശ്ശ് ആവശ്യമായ അളവിൽ കൃത്യസമയത്തിന് സൗജന്യനിരക്കിൽ വിതരണം ചെയ്യുക (ജൂൺ മാസത്തിൽ)
28. പുറംപോക്ക് റോഡ് ഒഴിപ്പിച്ച് കൃഷിക്ക് തടസ്സം മാറ്റുക.
29. വിള ഇൻഷൂറൻസ് എല്ലാ കൃഷികൾക്കും സൗജന്യമാക്കുക. വിളനാശം സംഭവിച്ചതായി ബോധ്യപ്പെട്ടാൽ കഴിയുന്നത്ര വേഗത്തിൽ നഷ്ടപരിഹാരം നൽകുക.
30. ആലഞ്ചേരി കുളം സ്വകാര്യവ്യക്തിയുടെ കയ്യിൽനിന്നും ഒഴിപ്പിക്കുക.
31. ഒതളൂർ ബണ്ടിന്റെ ഭാഗത്തുനിന്നും കോട്ടോൽ കുണ്ടുതോടുവഴി വെള്ളം പമ്പ് ചെയ്ത് കരിക്കാട് പാടശേഖരത്തിൽ എത്തിക്കുക. കുണ്ടുതോട് ചെന്ത്രാ തോട്വരെ നീട്ടുക.
32. കരിക്കാട് വിത്ത്കേന്ദ്രം കേടുപാടുകൾ തീർത്ത് കൃഷിഭവന്റെ എക്സ്റ്റൻഷൻ കൗണ്ടർ സ്ഥാപിക്കുക.
33. കൊപ്ര, അടക്ക എന്നിവയുടെ സംസ്കരണ യൂണിറ്റ് ആരംഭിക്കുക.
34. സ്ലോയിഡ് കംബ്രിഡ്ജുകൾ സ്ഥാപിക്കുക.
35. കേടുവന്ന ചിറകൾ പുതുക്കി പണിയുക.
36. ഭട്ടിമുറി പാടശേഖരത്തിലുള്ള തോട് വീതികൂട്ടി പാറക്കൂട്ടത്തിന്റെ ഭാഗത്ത് ബണ്ട് കെട്ടുക.
37. ചീർപ്പുകളിലെ പലകകൾ സൂക്ഷിക്കാൻ കെട്ടിടം പണിയുക
38. കൃഷി ആവശ്യത്തിനുള്ള വൈദ്യുതി ലൈൻ ആവശ്യമായ സ്ഥലങ്ങളിലേക്ക് നീട്ടുക.
39. രണ്ടാം വാർഡിൽ കൊള്ളഞ്ചേരി തോട്ടിൽ തിരലത്ത്കുണ്ട് നങ്ങ്യാരത്തും എന്നീ ഭാഗങ്ങളിൽ

നിന്നും 200 മീറ്റർ താഴ്ച്ചയിൽ പുതിയ സ്ലൂയിസ്കം ബ്രിഡ്ജ് സ്ഥാപിക്കുക

40. കൊള്ളഞ്ചേരി തോട്ടിൽ തിരലത്ത്കുണ്ട് മുതൽ NH റോഡ് വരെയുള്ള ഒന്നര കി.മീ. നീളം ആഴം കൂട്ടി സൈഡുകൾ കെട്ടി ജലനിർഗമനശേഷി വർദ്ധിപ്പിച്ചാൽ 150 ഏക്കർ താഴ്ന്ന നിലം വെള്ളപ്പൊക്കം കൊണ്ട് നശിക്കുന്നതിൽനിന്ന് രക്ഷിക്കാം. വെള്ളം കുറവില്ല സമയങ്ങളിൽ വെള്ളം കെട്ടിനിർത്തി കൃഷിക്കുപയോഗിക്കും. ഈ പാടത്തേക്ക് ട്രാക്ടർ ഇറക്കാനുള്ള റാമ്പ് കെട്ടണം

41. സ്വകാര്യകുളങ്ങൾ സ്വയം വിട്ടുതരാൻ തയ്യാറുള്ളപക്ഷം ആ കുളങ്ങൾ ഏറ്റെടുത്ത് ആഴം കൂട്ടി ജലസേചനത്തിനുപയോഗിക്കണം.

42. പെരുമ്പിലാവ്, അക്കിക്കാവ് എന്നിവിടങ്ങളിൽ നിന്ന് വരുന്ന വരുവെള്ളം പെരുമ്പിലാവ് പാടത്തിന്റെ പടിഞ്ഞാറ് ഭാഗത്തുകൂടി തോട് കുഴിച്ച് ഒന്നാം പാലത്തിന്റെ ഭാഗത്ത് എത്തിക്കുക.

43. ഹൈവെ റോഡുമുതൽ ഒതളൂർ ബണ്ടുവരെയുള്ള നൂറു ഹെക്ടർ സ്ഥലം കായലിനോട് തൊട്ടുകിടക്കുന്ന സ്ഥലമായതിനാൽ വെള്ളപ്പൊക്കം മൂല് രണ്ട് പൂവിലും കൃഷി നശിച്ചുപോകുന്നു. തോടിന്റെ സൈഡ് കെട്ടിയാൽ നൂറു ഹെക്ടർ സ്ഥലം രണ്ടു പൂവും കൃഷി ചെയ്യാൻ കഴിയും. കല്ലുമ്മേൽ താഴം ചീർപ്പുമുതൽ ഒതളൂൾ ബണ്ടുവരെ മുട്ടികിടക്കുന്ന ചെറിയതോട് താഴ്ത്തി വീതി കൂട്ടിയാൽ 100 ഹെക്ടർ പ്രദേശത്ത് ജലസേചനത്തിന് സൗകര്യമാണ്. തറമേൽഭാഗത്ത് ചീർപ്പുകെട്ടി വെള്ളം തെക്കേപാടത്തേക്ക് തിരിച്ചു കൊണ്ടു പോകാൻ കഴിയും. ഇതുമൂലം ഇപ്പോൾ എഞ്ചിൻ, മോട്ടോർ എന്നിവ ഉപയോഗിച്ച് രണ്ടു പൂവും കൃഷി ചെയ്യുന്ന 25 ഹെക്ടർ സ്ഥലം കൃഷി ചെയ്യുന്നതിനും കൂലിച്ചിലവ് കുറക്കുന്നതിനും സാധിക്കും. പള്ളിക്കുളം ഒരു മീറ്റർ താഴ്ത്തിയാൽ വേനൽക്കാലത്തും വെള്ളം നിലനിർത്താം. കടവല്ലൂർ തെക്കെപാടത്തുള്ള പുറമ്പോക്ക് സ്ഥലത്ത് ഒരു കുളം കുഴിച്ചാൽ 10 ഹെക്ടർ സ്ഥലത്ത് പച്ചകറികൃഷി നടത്തുന്നതിനും 25 ഹെക്ടർ സ്ഥലത്ത് ജലസേജനത്തിനും ഉപയോഗിക്കാം.

കല്ലുമ്മേൽ താഴം ചീർപ്പുമുതൽ ഒതളൂർ ബണ്ടുവരെയുള്ള ചെറിയ തോട് താഴ്ത്തുന്നതിനും കിഴക്കെ പാടത്ത് മങ്കുഴിപ്രദേശത്ത് 10 ഹെക്ടർ കൃഷിസ്ഥലത്ത് 200 മീറ്റർ തോട് വലിയ തോടിനോട് ബന്ധിപ്പിക്കുന്നതിനും കൃഷിക്കാരുടെ ഭാഗത്ത്നിന്ന് 60% ബാക്കി പഞ്ചായത്തിന്റെ ഭാഗത്തുനിന്നും തുകയെടുത്ത് നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം ഗ്രാമസഭയിൽ ഉണ്ടായിട്ടുണ്ട്.

44. പാലാട്ട് തോട് വീതിയും ആഴവും കുട്ടി ജലസേജനത്തിനുപയുക്തമാക്കുക.

45. കൊള്ളഞ്ചേരി പാടത്ത് ഇപ്പോൾ നിലവിലുള്ള ചെറിയകുളത്തിന്റെ വിസ്താരവും ആഴവും കൂട്ടുക.

46. ചാലിശ്ശേരി തോട്ടിൽ കരയിൽ മോട്ടോർ സ്ഥാപിച്ച പൈപ്പ് ലൈൻ വഴി കാരപ്പാടം, കല്ലറത്താഴം, പാറക്കുളം എന്നീ പാടശേഖരങ്ങളിലേക്ക് വെള്ളം എത്തിക്കുക.

47. കാരക്കുളം മുതൽ കരിമ്പനത്താഴം വരെയുള്ള തോടിന്റെ സൈഡ് കെട്ടുകയും താഴ്ത്തുകയും ചെയ്യുക.

48. വടക്കേകുളം കുളം താഴ്ത്തി 10 HP മോട്ടർ സ്ഥാപിച്ച് ലിഫ്റ്റ് ഇറിഗേഷൻ വഴി 50 ഏക്കർ സ്ഥലം രണ്ട് പുതൽ പണിയാൻ സൗകര്യമുണ്ടാക്കുക. അതിനുവേണ്ടി കുളത്തിൽനിന്നും പൂഴിക്കുന്ന് വരെയുള്ള പുറമ്പോക്ക് വെള്ളച്ചാൽ താഴ്ത്തി സൈഡ് കെട്ടി സംരക്ഷിക്കുക.

46. കരടിക്കുന്ന് മുതൽ കാരപ്പാടം പാടത്തേക്ക് ട്രാക്ടറിറക്കാൻ സൗകര്യമുണ്ടാക്കുക.

47. കൊള്ളഞ്ചേരി ചീർപ്പിന്റെ പലക സീക്ഷിക്കുവാൻ ഷെഡ്ഡ് നിർമ്മിക്കുക. സ്ഥലം കർഷകർ നൽകുന്നതാണ്.

48. കൊള്ളഞ്ചേരി പാടത്ത് മണ്ണാന്റെ താഴത്ത് വെള്ളത്തിനൂൽപ്പടി റോഡിൽനിന്ന് റാമ്പ് നിർമ്മിച്ച്

ട്രാക്ടർ ഇറക്കുവാൻ സൗകര്യമുണ്ടാക്കുക.

49. രണ്ടാം വർഡിൽ മൂസക്കുട്ടി മുസ്ല്യാരുടെ വീടിന്റെ പടിഞ്ഞാറ് ഭാഗത്തുകൂടി ട്രാക്ടർ ഇറക്കുവാൻ സൗകര്യമുണ്ടാക്കുക.

50. കോട്ടോൽ പാടത്തുള്ള കോലാടിക്കുളം താഴ്ത്തി സൈഡ് കെട്ടിയാൽ പരിസരപ്രദേശത്തുള്ള 60 ഏക്കർ സ്ഥലം കൃഷിക്ക് രണ്ടാം പൂവിലെ വരൾച്ച നേരിടുവാൻ സാധിക്കുന്നതാണ്.

51. പെരുമ്പിലാവ് കീറോട് കുളത്തിന് ചുറ്റും ഒരു ഏക്കർ സ്ഥലം പലരുടെ കൈവശത്തിൽ ഉള്ളത് ഒഴിപ്പിച്ച് കുളം വികസിപ്പിച്ച് വടക്കുഭാഗത്തേക്ക് ജലസേചനചാലുകൾ പെരുമ്പിലാവ് പാടത്ത് രണ്ടാം വിളവിനുള്ള വെള്ളത്തിന്റെ ബുദ്ധിമുട്ട് പരിഹരിക്കുവാൻ സാധിക്കുന്നതാണ്.

# അദ്ധ്യായം 2
# മൃഗസംരക്ഷണവും മത്സ്യബന്ധനവും

## ക്ഷീരവികസനം

ഏതാണ്ട് 25 ച.കി.മീറ്ററിൽ 12 വാർഡുകളിലായി 7,000 ലധികം കുടുംബങ്ങൾ താമസിക്കുന്ന ഒരു പഞ്ചായത്താണ് കടവല്ലൂർ ഗ്രാമ പഞ്ചായത്ത്. ഇവിടത്തെ ജനങ്ങളിൽ നല്ലൊരു ശതമാനവും കർഷകത്തൊഴിലാളികളും നാമമാത്ര കർഷകരുമാണെന്ന് പ്രത്യേകം എടുത്തുപറയേണ്ട ഒരു കാര്യ മാണ്.

ഈ പഞ്ചായത്തിൽ കന്നുകാലി വളർത്തൽ അതി പ്രധാനമായ ഒരു തൊഴിലാണ്. കൃഷി യുടെ അവിഭാജ്യ ഘടകമായി ഈ തൊഴിൽ ചെയ്തിരുന്നു. ജൈവ വളങ്ങളുടെ മുഖ്യശ്രോതസ്സു കൾ കന്നുകാലികളാണെന്ന് എടുത്തു പറയേണ്ടതില്ലല്ലോ. അതിനു പുറമേ കാർഷികതൊഴിലിനും വണ്ടി വലിക്കുന്നതിനും പാൽ ഉൽപാദിപ്പിക്കുന്നതിനും കുന്നുകാലികളെ വളർത്തുന്നു. ഈ പഞ്ചാ യത്തിൽ പണ്ട് പരവക്കുന്നു പ്രദേശം പോലെ ധാരാളം പുറമ്പോക്കുകൾ ഉണ്ടായിരുന്നതുകൊണ്ട് കാലിവളർത്തലിൽ വളരെ സഹായകരമായിരുന്നു.

മുൻ കാലങ്ങളിൽ വലിയ ജന്മിമാർ പ്രത്യേക് കാളകളെ പരിശീലിപ്പിച്ചെടുത്ത് കാളപ്പൂട്ടു മത്സരങ്ങൾ ഇവിടെ നടത്തിയിരുന്നു.

## വിപണനം

ഈ പഞ്ചായത്തിൽ ഉൾപ്പെട്ട പെരുമ്പിലാവിലെ കന്നുകാലിചന്ത കേരളത്തിലെ സുപ്രധാന കന്നുകാലിചന്തയായി പ്രവർത്തിച്ചു വരുന്നത് പ്രസിദ്ധമാണ്. ഈ പഞ്ചായത്തിലെ മാംസത്തിനും പാലിനും ആവശ്യമായ മൃഗങ്ങൾ ഈ പഞ്ചായത്തിൽ പൂർണ്ണമായും നിറവേറ്റപ്പെടുന്നില്ല. പാലക്കാ ട്, മലപ്പുറം, കോഴിക്കോട്, തൃശ്ശൂർ എന്നീ ജില്ലകളിൽ നിന്നും കാലികൾ വിപണനത്തിന് ചൊവ്വാ ഴ്ച തോറും ധാരാളമായി ഇവിടെ എത്തിച്ചേരുന്നുണ്ട്. ഇതിനും പുറമെ ഇപ്പോൾ അന്യ സംസ്ഥാ നങ്ങളിൽ നിന്നും ധാരാളമായി കാലികൾ ഇവിടെ വന്നു ചേരുന്നുണ്ട്. ഗുണനിലവാരത്തിൽ ഇവ മേത്തരമായി കണകാക്കുവാൻ നിർവ്വാഹമില്ല. ഇവിടെ വന്നുചേരുന്ന കാലികൾക്ക് പുല്ല് എത്തിച്ചു കൊടുക്കുന്ന പ്രവൃത്തിയിൽ ഈ പഞ്ചായത്തിലെ അഞ്ഞൂറിലധികം തൊഴിലാളികൾ പരോക്ഷ മായി ഏർപ്പെട്ടിരിക്കുന്നു എന്നുള്ളത് പ്രസ്താവ്യമാണ്. കൂടാതെ ഭക്ഷണ ശാലപോലുള്ള ചെറുകിട വ്യവസായങ്ങൾ അതിനോടനുബന്ധിച്ച് നടക്കുന്നുണ്ട്. സമീപ പ്രദേശങ്ങളിലേയും ഇവിടങ്ങളരിലേ യും ഭക്ഷണാവശ്യത്തിന് ഉപയോഗിക്കുന്ന മൃഗങ്ങലുടെ തോലുകളും ഇവിടെ കൊണ്ടുവന്ന് വ്യാപാരം നടത്തുന്നുണ്ട്. എന്നാൽ കാർഷിക മേഖലയിലെ പണികളെ നോക്കി മൃഗങ്ങളെ വളർത്തുന്ന പ്രവണത കൃഷിക്കാരിൽ കുറഞ്ഞുവരുന്നുണ്ട്. തന്മൂലം ഈ വിഭാഗം മൃഗങ്ങളുടെ വിപണനം കുറഞ്ഞുവരുന്നുണ്ട്. എന്നാൽ അറവു മാടുകളുടെ വിപണനം വർദ്ധിച്ച് കേരളത്തിലെ മിക്ക ഭാഗങ്ങളിലേക്കും കൊണ്ടുപോകുന്നത് ചൊവ്വാഴ്ച ദിവസങ്ങളിലെ ഒരു സ്ഥിരം കാഴ്ചയാണ്.

പാലുൽപാദന രംഗത്ത് പശുക്കളും, എരുമകളും, ആടുകളും ഒരു ഉപതൊഴിലെന്ന നിലക്ക് ഇന്ന് കൃഷിക്കാർ വളർത്തിസംരക്ഷിച്ചുപോരുന്നു.

**ഈ പഞ്ചായത്തിലെ കാലിസമ്പത്ത്**

| Cattles -1 | F | Breadable | Non-Breadable M F | Calf |
|---|---|---|---|---|
| 468 | 1044 | 565 | 567 1319 | 712 |

(1991 ലെ കന്നുകാലി സെൻസസ് പ്രകാരം)

കഴിഞ്ഞ ദശകങ്ങളിൽ പാലിന്റെ ഉൽപാദനത്തിലും പ്രതിശീർഷ ഉപഭോഗത്തിലും ഗണനീയമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എന്നിരുന്നാലും മൃഗസംരക്ഷണ മേഖലയുടെ സമഗ്ര വികസനത്തിന് അനുയോജ്യമായ രീതിയിൽ പദ്ധതികൾ ആവിഷ്കരിക്കപ്പെട്ടിട്ടില്ല. ശരാശരി പാലിന്റെ ഉപഭോഗം 220 ഗ്രാം വേണമെന്നിരിക്കെ ഈ പഞ്ചായത്തിൽ ശരാശരി 150ഗ്രാം മാത്രമേ നിറവേറ്റപ്പെട്ടിട്ടുള്ളൂ. ഈ പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും നാമമാത്ര കർഷകരും സാമ്പത്തിക ഭദ്രത കൈവന്നിട്ടില്ലാത്ത ജനങ്ങളുമാണെന്ന് എടുത്തു പറയേണ്ടതായിട്ടുണ്ട്. ഈ മേഖലയെ സംബന്ധിച്ച് വളരെയധികം കാര്യം ഇനിയും ചെയ്തു തീർക്കുവാനുണ്ട്. ഇത് ഇപ്പോൾ തന്നെ തുടങ്ങിയാൽ മാത്രമേ 2,000-ാം മാണ്ട് ആകുമ്പോഴേക്കും അതിന്റെ പൂർണ്ണതോതിലുള്ള വിഭവശേഷി കൈവരിക്കുവാൻ സാധിക്കുകയുള്ളൂ.

**കടവല്ലൂർ പഞ്ചായത്തിലെ കന്നുകാലി സമ്പത്ത്**

| | | |
|---|---|---|
| 1. | നാടൻ പശുക്കൾ | 10 |
| 2. | സങ്കരയിനം പശുക്കൾ | 1609 |
| 3. | കാളയും കുട്ടികളും | 1035 |
| 4. | കന്നുകുട്ടികൾ | 712 |
| 5. | പോത്തുകൾ | 12 |
| 6. | എരുമകൾ | 51 |
| 7. | കറവയുള്ളത് | 43 |
| 8. | കുട്ടികൾ | 50 |
| 9. | ആടുകൾ (ആൺ) | 853 |
| 10. | ആടുകൾ (പെൺ) | 1560 |
| 11. | പന്നി | 111 |
| 12. | കോഴികൾ (പൂവൻ) | 2213 |
| 14. | കുട്ടികൾ | 1957 |
| | ആകെ | 16472 |

(1991 ലെ ലൈഫ് സ്റ്റോക്ക് സെൻസസ് പ്രകാരം)

ഇപ്പോൾ നിലവിലുള്ള സാദ്ധ്യതകൾ ഈ രംഗത്ത് വളരെ അധികം പേർക്ക് പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല. ഇന്നത്തെ സാഹചര്യത്തിൽ ഉൽപ്പാദകന് ഉൽപ്പാദകച്ചെലവിന് അനുസൃതമായി വരുമാനം ലഭിക്കുന്നില്ല. അതിന് പ്രധാനമായും കാലിത്തീറ്റയുടെ അനിയന്ത്രിതമായ വിലക്കയറ്റവും, വൈക്കോലിന്റേയും പുല്ലിന്റേയും ഉൽപാദനചെലവ് ഗണ്യമായി വർദ്ധിച്ചതുകൊണ്ടാണ്. പഞ്ചായത്തു മേഖലയിലോ, സഹകരണ മേഖലയിലോ കാലിത്തീറ്റ മിശ്രണ യൂണിറ്റുകൾ സ്ഥാപിച്ച് ഗുണനിലവാരമുള്ള തീറ്റ മിതമായ വിലക്ക് കർഷകന് ലഭ്യമാക്കുകയും തീറ്റപ്പുൽ കൃഷി വ്യാപകമാക്കുകയും ചെയ്യേണ്ടതായിട്ടുണ്ട്. ഇപ്രകാരമായാൽ ഗണ്യമായ ചിലവ് കുറയ്ക്കുവാൻ കഴിയും. ഏറ്റവും ചുരുങ്ങിയത് വിവിധ സ്ഥലങ്ങളിൽ സഹകരണ സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കേണ്ടിയിരിക്കുന്നു. തിപ്പലശ്ശേരിക്കു സമീപം ആൽത്തറയിലും, കൊരട്ടിക്കരയിലും, കടവല്ലൂരും, കരിക്കാടും ഓരോ സഹകരണ സംഘങ്ങൾ രൂപീകരിക്കേണ്ടത് അത്യാവശ്യമാണ്. ഈ പഞ്ചായത്തിലെ കാലി സമ്പത്തിന്റെ നല്ല ശതമാനവും ഈ സ്ഥലങ്ങൾക്ക് സമീപമാണ്. ഇപ്പോൾ ഈ ദേശങ്ങളിൽ നിന്നും ജനങ്ങൾ പഴഞ്ഞി ക്ഷീര സഹകരണ സംഘത്തിലേക്കാണ് പാൽകൊണ്ടുപോകുന്നത്. പ്രഭാതത്തിൽ ഇത്രയും ദൂരസ്ഥലത്തേക്ക് പാൽ കൊണ്ടുപോകുന്നത് വളരെ ശ്രമകരമായ ഒരു പ്രക്രിയയാണ്. ഇപ്പോൾ നിലവിലുള്ള പെരുമ്പിലാവിൽ ഒരു സബ് സെന്റർ പ്രവർത്തനം ആരംഭിച്ചി

ട്ടുണ്ട്. (പാതാക്കര). തന്മൂലം നല്ലയിനം സങ്കരയിനത്തിലുള്ള പശുക്കളെ ഈ പ്രദേശങ്ങളിൽ വ്യാപകമായി ഉൽപാദിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. എങ്കിലും ഇത് അപര്യാപ്തമാകയാൽ കടവല്ലൂർ, കരിക്കാട്, എന്നീ സ്ഥലങ്ങളിൽ കൂടി മൃഗാസ്പത്രിയുടെ ഒരു സബ്സെന്റർ ആരംഭിക്കേണ്ടതും ക്രമേണ അത് മൃഗാസ്പത്രിയായി ഉയർത്തേണ്ടതുമാണ്. എന്നാൽ ഈ പഞ്ചായത്തിൽ സങ്കര യിനം പശുക്കളുടെ വംശവർദ്ധന ഗണ്യമായി ഉയരുകയും ധാരാളം പാൽ ഉൽപാദിപ്പിക്കുകയും ചെയ്യാം. ഇപ്രകാരം ഉൽപ്പാദനം പുരോഗമിച്ചാൽ തൊഴിലില്ലാത്തവർക്കും ഇടത്തട്ടുകാർക്കും വരു മാനം ഉണ്ടാക്കാവുന്നതാണ്. ധാരാളം ജൈവവളസമ്പത്ത് ലഭ്യമാകയാൽ കാർഷിക മേഖലയെ വളരെയധികം സഹായിക്കുകയും ചെയ്യും.

ഗുണമേന്മയുള്ള സങ്കരയിനം പശുക്കളെ ശാസ്ത്രീയമായി സംരക്ഷിക്കുന്നവർക്കുള്ള സാമ്പ ത്തിക സഹായം നൽകുവാൻ തൃശ്ശൂർ ഡെപ്യൂട്ടി ഡയറക്ടർ (ക്ഷീരവികസനം) ഓഫീസിൽ നിന്നുള്ള സാമ്പത്തിക സഹായം പരമാവധി പ്രയോജനപ്പെടുത്തേണ്ടിയിരിക്കുന്നു. ഇതിനു വേണ്ടി 25 സെൻ പുൽകൃഷി ചെയ്യുന്നവർക്ക് 7,000/ ക വീതം 30 എണ്ണം പുതുതായി തുടങ്ങേണ്ടതാണ്. ഇതിനു വേണ്ടി പഞ്ചായത്തിൽ നിന്നും 3,000/- ക വീതം പ്രത്യേകം നൽകിയാൽ ഈ പഞ്ചായത്തിൽ ഈ പഞ്ചായത്തിൽ പ്രത്യക്ഷമായ ഒരു ക്ഷീര വിപ്ലവം പ്രതീക്ഷിക്കാവുന്നതാണ്.

ശുദ്ധമായ പാൽ ഉൽപാദനത്തിനും, കാലികളുടെ സംരക്ഷണത്തിനും വൃത്തിയായ തൊഴുത്ത് അനുപേക്ഷണീയമാണ്. തൊഴുത്തു നിർമ്മാണത്തിന് ചിലവിന്റെ $^1/_3$ അഥവാ 1250/- ക. സാമ്പ ത്തിക സഹായം ഒരു പഞ്ചായത്തിൽ 10 വീതം അഞ്ചുവർഷംകൊണ്ട് 50 എണ്ണം എന്ന കണക്ക് പൂർണ്ണമായും പ്രയോജനപ്പെടുത്തേണ്ടതാണ്.

ക്ഷീരവികകസന വകുപ്പ് തീരെ ദരിദ്രരായ ജനവിഭാഗങ്ങൾക്കു വേണ്ടി ഒരു പശുവിനെ പൂർണ്ണമായും സൗജന്യമായി നൽകുന്ന പ്രക്രിയ ബ്ലോക്കടിസ്ഥാനത്തിൽ നടക്കുന്നുണ്ടല്ലോ. ഇതിന് 6,993/- ക വിലവരുന്ന പശുക്കളെ വാങ്ങി കൊടുക്കുന്നുണ്ട്.
പഞ്ചായത്ത് ശക്തമായി സമ്മർദ്ദം ചെലുത്തിയാൽ കുറച്ചു പേർക്കെങ്കിലും ഇതിന്റെ പ്രയോജനം ലഭിക്കുന്നതാണ്. തൊഴുത്തു നിർമ്മാണത്തിനുവേണ്ടി വരുന്ന ചിലവിന്റെ പകുതി എന്ന നിലയിൽ 2,000/-ക വരെ ക്ഷീര വികസന വകുപ്പു വഴി നൽകുന്നത് പരമാവധി പ്രയോജനപ്പെടുത്തേണ്ടിയി രിക്കുന്നു. തൊഴിലില്ലാത്തവർക്ക് വളർച്ചയെത്തിയ കിടാരികളെ വാങ്ങുന്നതിന് 4,000/- വരെ നൽകു ന്നത് പരമാവധി പ്രയോജനപ്പെടുത്തി തൊഴിലാളികളെ ഒരു പരിധി വരെ കുറയ്ക്കുവാൻ ശ്രമിക്കു ന്നതാണ്.

300 കി.വരെ തൂക്കമുള്ള ഒരു പശുവിന് $1^1/_2$ K.G. തീറ്റയും, പാലിന്റെ ഉൽപാദന ക്ഷമതയനു സരിച്ച് 1 ലിറ്ററിന് 400 gm. എന്ന തോതിൽ കാലിത്തീറ്റയും, 25 കി.മുതൽ 30 കി. വരെ വൈക്കോലോ, പുല്ലോ കൊടുക്കേണ്ടതും + 1 ലിറ്ററിന് 5 കി. പുല്ലും 6കി. വൈക്കോലും കൊടുക്കേണ്ടതാണ്. ഇപ്രകാരം വേണ്ടിവരുന്ന തീറ്റ വാങ്ങുന്നതിൽ ഈ പഞ്ചായത്തിലെ കൃഷി ക്കാർക്ക് ഗണ്യമായ തുക നഷ്ടപ്പെടുന്നുണ്ട്. അതുകൊണ്ട് മുൻപ്രസ്താവിച്ച രീതിയിൽ പാൽ സഹകരണ സംഘങ്ങൾ വഴി തീറ്റ വിതരണം ചെയ്യേണ്ടിയിരിക്കുന്നു. പ്രതിമാസം 900/- യിൽ കവിയാത്ത വരുമാനമുള്ള കർഷകർക്ക് പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയിൽ ഉൾപ്പെടുത്തി 32 മാസത്തിനുള്ളിൽ ആദ്യപ്രസവം സാദ്ധ്യമാകത്തക്ക വിധത്തിൽ ഗുണമേന്മയുള്ള കാലിത്തീറ്റ പകുതി വിലക്ക് നൽകുക, രോഗപ്രതിരോധ മരുന്നുകളും, കുത്തിവെപ്പുകളും, വിരമരുന്നുകളും, പകുതി വിലക്ക് നൽകുന്ന പദ്ധതിയിൽ ഈ പഞ്ചായത്തിലെ ജനങ്ങളെ പൂർണ്ണമായും പങ്കെടുപ്പി ക്കുന്ന വിധത്തിൽ പ്രചാരണവും ബോധവും ഉൾക്കൊള്ളിക്കേണ്ടതാണ്.

വിഷബാധ നിർമ്മാർജ്ജനം ചെയ്യുക, പേവിഷത്തിനെതിരെയുള്ള വാക്സിൻ പകുതി വിലക്ക് വിതരണം ചെയ്യുവാൻ ശ്രമിക്കേണ്ടതാണ്. അലയുന്ന തെരുവ് നായ്ക്കളെ പിടിച്ചു നശിപ്പിക്കു വാൻ ഈ പഞ്ചായത്ത് ശ്രമിച്ചിട്ടുണ്ടെങ്കിലും ഇനിയും പൂർണ്ണവിജയം കൈവരിക്കുവാൻ കഴിഞ്ഞി ട്ടില്ല. വളർത്തു നായ്ക്കളെ കുത്തിവെയ്പ്പിന് വിധേയമാക്കി രജിസ്റ്റർ ചെയ്ത് ലൈസൻസ്

എടുക്കുവാൻ നിർബ്ബന്ധിക്കുന്നുണ്ട്. ഒമ്പതാം പഞ്ചവത്സര പദ്ധതിക്കാലത്ത് മൃഗസംരക്ഷണ വകുപ്പ് 4മാസം മുതൽ 9മാസം വരെ പ്രായമുള്ള 25,000/- സങ്കരയിനം പശുക്കിടാങ്ങളെ ദത്തെടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഒരു കർഷകന് 5,000/- ക. വരെ പരമാവധി സബ്സിഡി നൽകുവാനും തയ്യാറാണ്. ഇതിനുവേണ്ടി ഈ പഞ്ചായത്തിലെ സങ്കരയിനം പശുക്കിടാങ്ങളെ 1000 എണ്ണമെങ്കിലും ദത്തെടുപ്പിക്കുവാൻ കാര്യമായ ശ്രമം ആ വകുപ്പുമായി ആലോചിച്ച് ചെയ്യേണ്ടതാണ്.

ഈ പഞ്ചായത്തിലെ ഏകദേശം 80% ആളുകളും മാംസം ഉപയോഗിക്കുന്നവരാണ്. അശാസ്ത്രീയവും വൃത്തിഹീനവുമായ ചുറ്റുപാടുകളിൽ അറവുകാലചെയ്ത്, അതിലും വൃത്തിഹീനമായ ചുറ്റുപാടിൽ ഇറച്ചി വിതരണം നടത്തുകയാണ് ഇപ്പോൾ ചെയ്യുന്നത്. ആധുനിക രീതിയിലുള്ള അറവുശാലകൾ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലായി സ്ഥാപിച്ച് ശാസ്ത്രീയമായ രീതിയിൽ മാംസം ഉൽപാദിപ്പിക്കേണ്ടതാണ്. ഇതിനു വേണ്ടി ഒരു ദിവസം ശരാശരി 10 മാടുകളെ അറവുചെയ്യാനുതകുന്ന ചെറുകിട അറവുശാലകൾ നൽകുന്ന സ്കീമിൽ താലൂക്കടിസ്ഥാനത്തിൽ നിർമ്മിക്കാവുന്ന ഒരു അറവുശാല എന്നത് ഈ പഞ്ചായത്തിൽ കൊണ്ടുവരാൻ ശ്രമിക്കണം. മാത്രമല്ലാ ഈ പഞ്ചായത്തിന്റെ കീഴിൽ രണ്ടു വാർഡിന് ഒരു അറവുശാല എന്ന തോതിൽ നിർമ്മിക്കുകയും ചെയ്യണം.

കൃതിമ ബീജസങ്കലനം വഴി ഈ പഞ്ചായത്തിൽ ഉദ്ദേശം 500 കാളകുട്ടികൾ എങ്കിലും ജനിക്കുന്നുണ്ടെന്ന് കണക്കാക്കപ്പെടുന്നു. ഇതിൽ ബഹുഭൂരിഭാഗവും പരിചരണം ലഭിക്കാതെ വളർച്ച മുരടിച്ചു പോകയോ, മരണപ്പെടുകയോ ആണ് ചെയ്യുന്നത്. ആസൂത്രിത സമീപനം വഴി പാഴായിപ്പോകുന്ന ഈ ദേശീയ സമ്പത്ത് ഈ പഞ്ചായത്തിന്റെ ആഭ്യന്തര മാംസോൽപ്പാദന വർദ്ധനവിനും, വരുമാനവർദ്ധനവിനുമുള്ള ഉപാധിയായും സ്വീകരിക്കേണ്ടതാണ്. നാമമാത്ര കർഷകർക്കു വേണ്ടി മൃഗസംരക്ഷണവകുപ്പു നടപ്പാക്കുന്ന രണ്ടോ, മൂന്നോ, മാസം പ്രായമുല്ല 5 കാളക്കുട്ടികളെ തിരഞ്ഞെടുത്ത് 6മാസം പ്രായമാകുമ്പോൾ വരിയുടച്ച് 12 മാസം വരെ ശാസ്ത്രീയമായി പരിചരിച്ച് മാംസാവശ്യത്തിനും വേണ്ടി ഉപയോഗിക്കാവുന്ന ഒരു യൂണിറ്റൊക്കേണ്ടതും, യൂണിറ്റൊന്നിന് 2500/- ക. വീതം 100 യൂണിറ്റ് എന്ന ഒരു പദ്ധതിയാക്കി ഈ പഞ്ചായത്തിൽ 5വർഷം കൊണ്ട് 100 യൂണിറ്റ് എങ്കിലും തുടങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്. പഞ്ചായത്തിനു കീഴിൽ മൃഗസംരക്ഷണ മേഖലയിൽ വളർത്തുമൃഗങ്ങളുടേയും, പക്ഷികളുടേയും പ്രദർശനവും മത്സരവും വിൽപ്പനയും നടത്തിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഇത് വർഷത്തിൽ 2 തവണ എങ്കിലും സംഘടിപ്പിക്കണം.

കറവപ്പശുക്കളിൽ പാലിലൂടെ നഷ്ടപ്പെടുന്ന ധാതുക്കളുടെ കുറവ് പരിഹരിക്കുവാനും പ്രത്യുൽപാദനശേഷി വർദ്ധിപ്പിക്കാനും വേണ്ടി കർഷകർക്ക് സബ്സിഡി നൽകുന്ന പദ്ധതിയിൽ നിന്ന് 5വർഷംകൊണ്ട് 5 മെട്രിക് ടൺ ധാതുലവണം വിതണം ചെയ്യേണ്ടതാണ്. വാണിജ്യാടിസ്ഥാനത്തിൽ കർഷകരുടെ സ്ഥലത്ത് തന്നെ പുൽകൃഷി ഒരു പഞ്ചായത്തിൽ നടപ്പാക്കാവുന്നതും, ഇതിനുവേണ്ടി 25,000/- ക. സാമ്പത്തിക സഹായം നൽകുന്നത്, ക്ഷീരവകുപ്പിൽ നിന്നും വാങ്ങി വിതരണം ചെയ്യുവാൻ പരമാവധി പരിശ്രമിക്കണം. കൂടാതെ ദീർഘകാലപ്പുൽകൃഷി, പുൽപയർ മിശ്രിതം, ഹ്രസ്വകാല പുൽകൃഷി എന്നിവയ്ക്ക് ജില്ലാ ഡയറി വഴി വിതരണം ചെയ്യുന്ന ചോളം, പയർ വിത്തുകൾ സൗജന്യനിരക്കിൽ വിതരണം ചെയ്യുന്നതിനും, അതിനുള്ള സാമ്പത്തിക സഹായങ്ങൾ കാലാകാലങ്ങളിൽ വാങ്ങി വിതരണം ചെയ്യണം. കൃഷികൾ നടത്തിക്കുന്നതിനുള്ള ബോധവൽക്കരണം നടത്തുകയും ചെയ്യണം. സംസ്ഥാന സർക്കാർ ക്ഷീരവികസനത്തിനുവേണ്ടി നടപ്പാക്കാൻ പോകുന്ന 22 പദ്ധതികളിൽ ഈ പഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

നബാർഡിന്റെ നിബന്ധനയ്ക്ക് വിധേയമായി പട്ടികജാതി / വർഗ്ഗ കുടുംബങ്ങളെ സഹായിക്കുന്ന പദ്ധതികളും പഞ്ചായത്തിൽ പ്രയോജനപ്പെടുത്തേണ്ടിയിരിക്കുന്നു. ഒരു ഡെയറി യൂണിറ്റിന് 7,000/- ക. വീതം ജില്ലയിൽ 150 എണ്ണം വീതം 5വർഷം കൊണ്ട് 750 യൂണിറ്റ് നൽകുന്ന പദ്ധതിയിൽ കഴിയുന്നത്ര യൂണിറ്റുകൾക്ക് സഹായം നൽകുവാൻ ശ്രമിക്കേണ്ടതാണ്. ചുരുങ്ങിയത് 50 യൂണിറ്റെങ്കിലും ഈ പഞ്ചായത്തിൽ എത്തിക്കുവാൻ ശ്രമിക്കേണ്ടതാണ്.

| M | F | C | ആകെ |
|---|---|---|---|
| 853 | 1560 | 2000 | 4413 |

ഈ പഞ്ചായത്തിലെ എല്ലാ വിഭാഗങ്ങളിലുമുള്ള കർഷകരും വീട്ടുവളപ്പിൽ ഒരു ഇടക്കാലകൃഷി എന്ന നിലയിലും, വിനോദം എന്ന നിലയിലും ലാഭേച്ഛം കൂടാതെ ആടുകളെ സംരക്ഷിച്ചു പോരുന്നുണ്ട്. നല്ലയിനം ആടുകളെ ലഭിക്കാനുള്ള പ്രയാസം വളരെയാണ്. സങ്കരയിനം വർഗ്ഗത്തിൽപ്പെട്ട ആടുകളെ കൃത്രിമ ബീജസങ്കലനം വഴി ഈ പഞ്ചായത്തിന്റെ മുഴുവൻ പ്രദേശങ്ങളിലും വ്യാപിപ്പിക്കുവാനുള്ള ശ്രമം വളരെയേറെ പ്രസക്തിയുള്ളതാണ്. ഈ നാട്ടിൻ തന്നെ ജനിതക ഗുണമുള്ള ആടുകളെ വളർത്തുന്നവരെ തിരഞ്ഞുപിടിച്ച് നാട്ടറിവുകളുള്ളെ മുൻനിർത്തി നിലനിർത്തേണ്ടത് ആവശ്യമായ ഒരു വസ്തുതയാണ്. അതിനുവേണ്ടി കുട്ടിയോ, കുട്ടികളോ ഉള്ള ഒരു പെണ്ണാടിനെ ഒരു യൂണിറ്റെന്ന നിലയിൽ കണക്കാക്കി സബ്സിഡി വർഷം എന്ന നിലയിൽ 5 വർഷം കൊണ്ട് 2500 കർഷകർക്കെങ്കിലും പ്രയോജനം ലഭിക്കത്തക്കവിധത്തിൽ ക്രമീകരിക്കേണ്ടിയിരിക്കുന്നു. ആടിൽ നിന്നുള്ള വരുമാനം പെട്ടെന്ന് ലഭിക്കും എന്നുള്ളതിനാൽ കൃഷിക്കാരുടെ ഇടയിൽ ബോധവൽക്കരണം നടത്തേണ്ടതും അത്യന്താപേക്ഷികമാണ്. മലബാറി ആടുകളെ തിരഞ്ഞുപിടിച്ച് ഒരു ആട് ഫാം ഉണ്ടാക്കണം. ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഫാം ഉണ്ടെങ്കിൽ അവയെ പ്രയോജനപ്പെടുത്തണം. സംഘങ്ങൾ രൂപീകരിച്ച് വളർത്താനുള്ള സാമ്പത്തിക സഹായവും, സബ്സിഡിയും നൽകണം. ഇങ്ങനെ വളർത്തുന്നവയിൽ മേൽത്തരം ഇനത്തിൽപെട്ട മലബാറി, സങ്കരയിനം, കനേഡിയൻ എന്നീ ജനിതക ഗുണമുള്ള ബീജം കാർഷിക സർവ്വകലാശാലയിൽ നിന്നുംശേഖരിച്ച് ഇവിടെയുള്ള ആടുകളിൽ കൃത്രിമ ബിജസങ്കലനം നടത്തണം. ഇങ്ങനെ ഉണ്ടാകുന്ന ആട്ടിൻ കുട്ടികളെ ഫാമുകളിൽ നിന്നും വാങ്ങി പരമാവധി സബ്സിഡി നൽകി സാധാരണ ജനങ്ങൾക്ക് നൽകണം. ഇങ്ങനെ നൽകുന്നവയിൽ ഉണ്ടാകുന്ന ജനിതകഗുണമുള്ള ആട്ടിൻകുട്ടികളെ ശേഖരിച്ച് ഈ പഞ്ചായത്തിലെ താൽപര്യമുള്ള എല്ലാ കുടുംബങ്ങൾക്കും സാമ്പത്തിക അടിസ്ഥാനത്തിൽ ഏറ്റവും താഴേക്കിടയിൽ നിന്നും തുടങ്ങി വിതരണം ചെയ്യേണ്ടതാണ്. ഇതിനുവേണ്ടി ഇപ്പോൾ നിലവിലുള്ളതും ഇനി തുടങ്ങാൻ പോകുന്നതുമായ മൃഗാസ്പത്രികളിൽ ആവശ്യം വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തി പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്. സാമ്പത്തികമായി വളരെ പിന്നിൽ നിൽക്കുന്നവർ, സാധാരണക്കാർ, പട്ടിക ജാതി / വർഗ്ഗക്കാർ ഇങ്ങനെ മൂന്നു വിഭാഗമാക്കി 5[illegible] 750/- 1000/- ക എന്നിങ്ങനെ സൗജന്യ സഹായം നൽകി പുതിയ കൂടുകൾ നിർമ്മിക്കുവാൻ വേണ്ട 2000 കുടുംബങ്ങളെയെങ്കിലും പ്രയോജനപ്പെടുത്തേണ്ടിയിരിക്കുന്നു.

ഇപ്പോഴുള്ള കൂടുകൾ റിപ്പയർ ചെയ്യുന്നതിന് 200/- ക വീതം സാമ്പത്തിക സഹായം നൽകുക. പ്ലാവ്, പുല്ല്, എന്നിവയും കൃഷിചെയ്യുന്നതിന് കർഷകരെ പ്രോത്സാഹിപ്പിക്കുക.

വളരെ കാര്യക്ഷമമായി സ്തീകളാണ് പ്രധാനമായും ആടുവളർത്തലിൽ വ്യാപൃതരായിരിക്കുന്നത്. തന്മൂലം വനിതകളുടെ സാമ്പത്തിക പുരോഗതിയിൽ ഏതാണ്ട് 10,000 പേർക്കെങ്കിലും ഇതിന്റെ പ്രയോജനം ലഭിക്കുന്നതാണ്. അയൽ പഞ്ചായത്തുകളിൽ ആടിന് ഇന്ന് കനത്ത വെല്ലുവിളിയായിരിക്കുന്ന അജ്ഞാത ജീവിയെ ഈ പഞ്ചായത്തിന്റെ അതിർത്തിയിൽ പ്രവേശിപ്പിക്കാതിരിക്കാൻ ഇപ്പോൾ തന്നെ കാര്യമായ പ്രവർത്തനം വേണ്ടതാണ്. അങ്ങനെ ഒരു സാഹചര്യമുണ്ടായാൽ അതിന്റെ പ്രത്യാഘാതം വളരെ വലുതായിരിക്കും എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ.

വളർന്നു വരുന്ന ജനിതക ഗുണമുള്ള ആട്ടിൻ കുട്ടികൾക്ക് ഇന്ന് സങ്കരയിനം പശുക്കുട്ടികൾക്കുള്ള പരിഗണന നൽകിയാൽ ഈ സമ്പത്ത് വളരെ വലുതായിത്തീരും. ജനങ്ങളുടെ പുരോ

ഗതി ഉയർത്തുവാനും ഇത് സഹായിക്കുന്നതാണ്. അതിനുവേണ്ടി തീറ്റ, തുടങ്ങാൻ പോകുന്ന സഹകരണ സംഘങ്ങൾ വഴി വാങ്ങി വിതരണം ചെയ്താൽ ഇടത്തട്ടുക്കാരുടെ ചൂഷണം ഒഴിവാക്കുകയും ചെയ്യാം. മൊത്തം ആവശ്യമായി വരുന്ന ആട്ടിൻ മാംസം മുഴുവനും ഇവിടെത്തന്നെ ഉൽപാദിപ്പിക്കാവുന്നതും, കൂടുതലുള്ളത് ഈ പഞ്ചായത്തിനു കീഴിലുള്ള കന്നുകാലിച്ചന്ത വഴി വിൽക്കുവാനും സാധിക്കുമെന്നുള്ളതുകൊണ്ട് വിപണനം ഇവിടെ യാതൊരു തരത്തിലും പ്രശ്നമാവുകയില്ല. ആവശ്യക്കാർ അധികമുള്ള ഒരു മേഖലയാണ് ആടുവളർത്തൽ എന്നുള്ളത്. ഈ മേഖലയുടെ പുരോഗതി സാധാരണ ജനങ്ങളിൽ കാര്യമായ പ്രതികരണം ഉളവാക്കുമെന്നതിൽ സംശയമില്ല.

നമ്മുടെ പഞ്ചായത്തിൽ ഉൾപ്പെട്ട വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളിൽ ഈ പഞ്ചായത്തിലുൾപ്പെട്ട വിദ്യാർത്ഥികൾക്ക് അഞ്ചാംതരം മുതൽ 9-ാം തരം വരെയുള്ള കുട്ടികളിൽ തിരഞ്ഞെടുത്ത് ഓരോ സ്കൂളിലേയും, ഓരോ ഡിവിഷനിലേയും ഉൾപ്പെട്ടവർക്ക് ഒരാട്ടിൻ കുട്ടിയെ വീതം നാമമാത്രമായ വില വാങ്ങിച്ചുകൊണ്ട് വിതരണം ചെയ്ത് ഇതിന് വിദ്യാർത്ഥി സഹകരണം കൂടി ഉറപ്പാക്കേണ്ടതാണ്. വിദ്യാർത്ഥികൾ അവരുടെ ഒഴിവു സമയം വിനോദമെന്ന നിലയിൽ ഇതിനു വേണ്ടി ചിലവഴിക്കുമെന്നതുകൊണ്ട് ഈ പദ്ധതി വളരെ പ്രോത്സാഹ ജനകമായിരിക്കും.

<u>പന്നിവളർത്തൽ</u>

1991-ലെ സെൻസസ് അനുസരിച്ച് ഈ പഞ്ചായത്തിൽ 114 പന്നികളേഉള്ളൂ. ഈ കൃഷിയിൽ ജനങ്ങൾക്കുള്ള അജ്ഞതയാണ് ഇതിന്റെ പ്രധാന കാരണം. ഇതിനെക്കുറിച്ച് ബോധവൽക്കരണം നടത്തി ജനങ്ങൾക്കാവശ്യമായ പ്രോത്സാഹനം നൽകുകയാണ് ആദ്യമായി ചെയ്യേണ്ടത്. ആവശ്യത്തിനുള്ള പന്നികുഞ്ഞുങ്ങളെ ലഭിക്കുവാൻ ഇന്ന് വളരെ പ്രയാസമായിരിക്കുന്നു. ജില്ലയിലുടനീളം തന്നെ വളരെ ദൗർലഭ്യം അനുഭവപ്പെട്ടു കൊണ്ടിരിക്കുകയാണ്. തയ്യാറുള്ള കൃഷിക്കാർക്ക് കൂടുപണിയുന്നതിനും കുഞ്ഞുങ്ങളെ വാങ്ങുന്നതിനും ആവശ്യമായ സാമ്പത്തിക സഹായം നൽകേണ്ടതാണം. നമ്മുടെ പഞ്ചായത്തിൽ ഉൾപ്പെട്ട ഹോട്ടൽ ധാരാളമുള്ള മേഖലകൾ കണ്ടെത്തി അതിനടുത്തുള്ളവരെ പ്രോത്സാഹിപ്പിച്ച് വളരെ കുറഞ്ഞ ചിലവിൽ ധാരാളം മാംസം ഉൽപാദിപ്പിക്കുവാൻ കഴിയും. തന്മൂലം ഹോട്ടലുകളിൽ നിന്ന് പുറന്തള്ളപ്പെടുന്ന ഭക്ഷണാവശിഷ്ടങ്ങളും മറ്റും പൂർണ്ണമായും പ്രയോജനപ്പെടുത്തുവാനും, പരിസരമലിനീകരണം ഒഴിവാക്കുവാനും സാധിക്കുന്നു.

4 പെൺ പന്നിക്കുട്ടികളും, ഒരു ആൺപന്നി കുഞ്ഞും ഉൾപ്പെടുന്നവയെ ഒരു യൂണിറ്റാക്കി ഒരു വർഷം 50 യൂണിറ്റ് എന്ന് കണക്കാക്കി 5 വർഷംകൊണ്ട് 250 യൂണിറ്റെങ്കിലും ഉണ്ടാക്കാവുന്നതാണ്. വലിയ മുതൽ മുടക്കില്ലാതെ അധികം സാമ്പത്തിക ലാഭം ഉണ്ടെന്നുള്ളത് ഒരു പ്രത്യേകതയാണ്. ഈ പഞ്ചായത്തിനടുത്തുള്ള ദീനബന്ധുമിഷൻ ആശുപത്രിയിൽ മന്ദബുദ്ധികൾ, പ്രായമുള്ളവർ, ജോലിക്കാർ എന്നിവർ താമസിക്കുന്നുണ്ട് എന്നത് സുപരിചിതമാണ്. ഇങ്ങനെയുള്ള സ്ഥാപനങ്ങൾ ഉണ്ടെങ്കിൽ അവയേയും കണ്ടെത്താകുന്നതാണ്. അങ്ങനെയുള്ള സ്ഥാപനങ്ങൾക്ക് രണ്ടോ, മൂന്നോ, യൂണിറ്റ് തുടങ്ങാനുള്ള സൗകര്യം മൃഗസംരക്ഷണ വകുപ്പിനെക്കൊണ്ട് ചെയ്യിച്ചും, പഞ്ചായത്തിൽ നിന്ന് ധനസഹായം നൽകിയും പൂർണ്ണമായതോതിൽ പ്രോത്സാഹിപ്പിക്കേണ്ടതാണ് ഇവിടെ നഷ്ടമായിക്കൊണ്ടിരിക്കുന്ന ഭക്ഷണാവിശിഷ്ടങ്ങൾ പരിപൂർണ്ണമായും ഉപയോഗപ്പെടുത്തിയാൽ തീറ്റക്കാര്യം കാര്യമായ ഒരു പ്രശ്നമേ ആവുകയില്ലേ. ഇവിടെ നിന്നും ഉണ്ടാകുന്ന കുഞ്ഞുങ്ങളെ വാങ്ങി പഞ്ചായത്തിലുള്ള കർഷകർക്ക് സബ്സിഡി നിരക്കിൽ നൽകി ഈ കൃഷി പ്രോത്സാഹിപ്പിക്കേണ്ടതാണ്. ഇതിൽ നിന്നും ലഭിക്കുന്ന ജൈവ വളം വളരെ വളക്കൂറുള്ളതാണെന്ന് പ്രസ്താവ്യമാണ്.

## <u>കോഴി വളർത്തൽ</u>

പഞ്ചായത്തിലെ ഏതാണ്ട് 75% ജനങ്ങളും കോഴിയിറച്ചി ഭക്ഷിക്കുന്നവരാണ്. കൂടാതെ ഈ പഞ്ചായത്തിനുള്ളിൽ നല്ല നിലയിൽ പ്രവർത്തിക്കുന്ന ഹോട്ടലുകളിലേക്കും ധാരാളം ഇറച്ചിക്കോഴികളും കോഴിമുട്ടയും ആവശ്യമാണ്. ഇതിന്റെയെല്ലാം ഒഴിവാക്കേണ്ട ഭാഗങ്ങൾ പന്നിവളർത്തലിന്റെ തീറ്റയിൽ ഉൾപ്പെടുത്താവുന്നതാണെന്ന് മുൻപ് പ്രസ്താവിച്ചിട്ടുണ്ടല്ലോ. നല്ലയിനത്തിലുള്ള ഇറച്ചിക്കോഴികുഞ്ഞുങ്ങളേയും, മുട്ടക്കോഴിക്കുഞ്ഞുങ്ങളേയും ആവശ്യാനുസരണം വിതരണം ചെയ്യേണ്ടിയിരിക്കുന്നു. ഇപ്പോഴും ഇവ തമിഴ് നാട്ടിൽ നിന്നും കൊണ്ടുവന്നാണ് വിതരണം ചെയ്യുന്നത്.

ആയതിനാൽ ഈ മേഖലയിൽ അനേകം പേർക്ക് തൊഴിൽ ലഭിക്കുവാൻ സാധിക്കും. ഇത് എങ്ങെ പ്രയോജനപ്പെടുത്താം?

**ഈ പഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ള കോഴികളുടെ കണക്ക്**

| M | F | C | ആകെ |
|---|---|---|---|
| 22.13 | 6256 | 1957 | 10426 |

**1991ലെ ലൈവ് സ്റ്റോക്ക് സെൻസസിൽ നിന്ന്**

കോഴി വളർത്തൽ മേഖലയെ രണ്ടായി തരം തിരിക്കാം.

1. മുട്ട കോഴികൾ
2. ഇറച്ചിക്കോഴികൾ

## 1. മുട്ടക്കോഴികൾ

ഈ പഞ്ചായത്തിൽ തൊഴിലില്ലാത്ത അഭ്യസ്ത വിദ്യരും അല്ലാത്തവരുമായ പതിനായിരകണക്കിനു യുവതി യുവാക്കൾ ഉണ്ട്. ഒരു കാലത്ത് കൊഴിമുട്ട കയറ്റി അയച്ചിരുന്ന പഞ്ചായത്തിൽ ഇപ്പോൾ ധാരാളം മുട്ടകൾ ഇറക്കുമതി ചെയ്യുകയാണ്. ഒരാൾക്ക് വർഷത്തിൽ 180 മുട്ട വേണ്ട സ്ഥാനത്ത് ഇവിടെ ഏകദേശം 50മുട്ട എന്നതോതിൽ മാത്രമേ ഉൽപാദിപ്പിക്കുവാൻ സാധിക്കുന്നുള്ളൂ. അതുകൊണ്ട് സ്കൂൾ തലം മുതൽ ഇത് പ്രാവർത്തികമാകേണ്ടിയിരിക്കുന്നു. കടവല്ലൂർ പഞ്ചായത്തതിർത്തിയിലുള്ള അഞ്ചാം തരം മുതൽ മേൽപ്പോട്ടുള്ള എല്ലാകുട്ടികളേയും പൗൾട്രിഫാമിൽ ഉൾപ്പെടുത്തി ഒരു കുട്ടിക്ക് രണ്ട് പിടക്കോഴികളേയും ഒരു പൂവൻകോഴിയേയും കൂടി 15/-ക ക്ക് കൊടുക്കുവാൻ സംവിധാനം ചെയ്യണം. കുട്ടികളുടെ 'ഒരു വിനോദമെന്ന നിലയിൽ ശ്രദ്ധയോടുകൂടി അവയെ പരിപാലിക്കുമെന്നതിൽ സംശയമില്ല. കൂടാതെ പഞ്ചായത്തിലുള്ള ഈ ആയിരം വീടുകൾക്കെങ്കിലും 60 ദിവസം പ്രായമായ രണ്ട് പൂവൻ കോഴികൾ അടക്കം 10 കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യണം. ഇതിന് മൃഗസംരക്ഷണ വകുപ്പിന്റേയും കേരള ഗവർമെന്റിന്റെ ഒരു കോടി കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്ന പദ്ധതിയും പ്രയോജനപ്പെടുത്തണം.

ഇങ്ങനെ വിതരണം ചെയ്യുന്ന കോഴികൾ 180/200 ദിവസം കഴിയുമ്പോൾ മുട്ടയിടുവാൻ ആരംഭിക്കും. ഒരു വീടിന്റെ ഉപയോഗത്തിനുള്ള മുട്ട ഇതിൽ നിന്നും ലഭിക്കുവാൻ പ്രയാസമുണ്ടാകയില്ല. ഓരോ വീടിനും 10 കോഴികളെ വളർത്താനുള്ള സൗകര്യം ഉണ്ടാകുമെന്നതുകൊണ്ട് കോഴി കൂടുകളുടെ നിർമ്മാണം ഒരു ബുദ്ധിമുട്ടാവുകയില്ല. എന്നാലും അത്യാവശ്യം വേണ്ട കുടുംബങ്ങൾക്ക് 180/- ക. നിരക്കിൽ കൂടുനിർമ്മാണത്തിന് വിതരണം ചെയ്യാവുന്നതാണ്. ഈ രൂപയ്ക്കുള്ള മുട്ടകൾ കർഷകരിൽ നിന്നും വാങ്ങുകയും ചെയ്യണം. കൂടാതെ മുട്ടക്കോഴികളെ ധാരാളമായി വളർത്തുന്നവർക്ക് ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് പണം ലഭിക്കുവാനുള്ള സൗകര്യം ഉണ്ടാക്കണം.

500 മുട്ടകോഴികളെ വളർത്തുന്ന 1000 യൂണിറ്റെങ്കിലും ഉണ്ടാകേണ്ടതാണ്. ഇതിൽ 300 യൂണിറ്റുകൾ ഓരോ വാർഡിലും ഒൻപത് എന്ന കണക്കിൽ കുടുംബങ്ങൾക്കും ഏകദേശം 60 യൂണിറ്റുകൾ എന്ന കണക്കിൽ കൂട്ടായ പ്രവർത്തനം നടത്തുന്ന പൗൾട്രി ഫാമുകൾ രൂപീകരിച്ച് പ്രവർത്തിപ്പിക്കേണ്ടതാണ്. ഇവയിൽ നിന്നും വരുന്ന മുട്ടകൾ 'വിൽക്കുവാൻ പൊതുവായി ഏറ്റവും ചുരുങ്ങിയത് 2 വാർഡുകൾക്ക് ഒന്ന് എന്ന നിലയിൽ വിപണനശാലകൾ പ്രവർത്തിപ്പിക്കേണ്ടതായിട്ടുണ്ട്.

ഇവയെല്ലാം കൂടി മൊത്തം 4 സഹകരണ സംഘങ്ങൾക്ക് കീഴിലാക്കി പ്രവർത്തിപ്പിക്കണം. ഒരു സംഘം ഇതിൽ പട്ടിക ജാതി വിഭാഗത്തിൽപ്പെടുത്തേണ്ടതാണ്.

**<u>എഗ്ഗർ ലെയർ നേഴ്സറികൾ</u>**

അടുക്കുളമുറ്റത്തെ കോഴിവളർത്തൽ പദ്ധതിക്ക് ആവശ്യമായിവരുന്ന കോഴികുഞ്ഞുങ്ങളെ വളർത്തി എടുക്കുന്നതിന്, 500 കോഴിക്കുഞ്ഞുങ്ങളെ വളർത്താവുന്ന (1ദിവസം മുതൽ 60 ദിവസം വരെ) രണ്ടോ മൂന്നോ, നേഴ്സറികൾ ഈ പഞ്ചായത്തിൽ തുടങ്ങേണ്ടതാണ്. ഒരു വർഷം 5 തവണയെങ്കിലും കുഞ്ഞുങ്ങളെ വളർത്തി വിൽക്കാം.

**<u>ഇറച്ചിക്കോഴികൾ</u>**

ഇറച്ചിക്കോഴികളെ എങ്ങനെ ലാഭകരമായി വളർത്താം? വളരെയധികം സാദ്ധ്യതയുള്ള ഒരു മേഖലയാണിത്. 250 ഇറച്ചി കോഴികളെ വീതം വളർത്തുവാൻ തയ്യാറുള്ള കർഷകർക്ക് അതിനു വേണ്ട സൗകര്യം ഏർപ്പെടുത്തിക്കൊടുക്കാവുന്നതാണ്. കൂടുണ്ടാക്കുന്നതിന് മൃഗശാലാവകുപ്പിൽ നിന്നും, പഞ്ചായത്തിൽ നിന്നും തുക കണ്ടെത്തുവാനുള്ള സൗകര്യം ഏർപ്പെടുത്തിക്കൊടുക്കേണ്ടതിന്റെ ആവശ്യകതയുമുണ്ട്. ഇങ്ങനെയായാൽ ഈ പഞ്ചായത്തിലെ ഇറച്ചിക്കോഴികൾക്കുവേണ്ടി തമിഴ് നാടിനെ ആശ്രയിക്കേണ്ട ആവശ്യം ഉണ്ടാവുകയില്ല. തമിഴ് നാട്ടിലേക്ക് പോകുന്ന പണത്തിന്റെ ആളവ് ഗണ്യമായി കുറക്കുകയും ചെയ്യാം.

250 കോഴികളെ വീതം വളർത്താവുന്ന യൂണിറ്റാക്കി പ്രതിവർഷം 1000 യൂണിറ്റുകൾ എന്ന തോതിൽ 5 വർഷം കൊണ്ട് 5,000 യൂണിറ്റുകൾ നടത്തി ഈ പഞ്ചായത്തിൽ എല്ലാവർക്കും തൊഴിൽ എന്ന സങ്കൽപം യാഥാർത്ഥ്യമാക്കാവുന്നതാണ്. സ്വയം തൊഴിൽ പരിപാടിയിൽ കൂടി ചുരുങ്ങിയത് 5 വർഷംകൊണ്ട് 5,000 പേർക്ക് തൊഴിൽ നൽകുവാൻ സൗകര്യപ്പെടുത്തി അതിനുവേണ്ട സാമ്പത്തിക സഹായം പരമാവധി ഉപയോഗിച്ചാൽ ഇതൊരു വൻ വിജയമായിരിക്കും. ഇതിനു വരുന്ന പ്രായോഗിക പ്രയാസങ്ങൾ ഏതൊക്കെ?

1. *മുട്ടക്കോഴികളുടേയും, ഇറച്ചിക്കോഴികളുടേയും കുഞ്ഞുങ്ങളെ ആവശ്യാനുസരണം കിട്ടുന്നില്ല.*
2. *തീറ്റിക്കു വേണ്ടി വരുന്ന ക്രമാതീതമായ ചെലവ്.*
3. *മുട്ടയും ഇറച്ചിയും യഥാസമയങ്ങളിൽ വിറ്റഴിക്കൽ.*
4. *സാമ്പത്തികവും, വൈജ്ഞാനികവുമായ ബുദ്ധിമുട്ടുകളെ തരണം ചെയ്യൽ.*

### മേൽ പറഞ്ഞ പ്രയാസങ്ങളെ എങ്ങനെ തരണം ചെയ്യാം?

1. മുട്ടകോഴികളുടേയും, ഇറച്ചിക്കോഴികളുടേയും കുഞ്ഞുങ്ങളെ ആവശ്യാനുസരണം ലഭിക്കാത്തത്.
2. നമ്മുടെ വെറ്റിനറി കാർഷിക സർവ്വകലാശാലയിൽ നേരിട്ട് ബന്ധപ്പെട്ട് 60 ദിവസം പ്രായമായ കുഞ്ഞുങ്ങളെ 20 രൂപക്ക് വിറ്റുകൊണ്ടിരിക്കുന്നത് ലഭിക്കുവാൻ പരമാവധി സമ്മർദ്ദം ചെലുത്തുക. പോരാതെ വരുന്നതിന് വ്യക്തികൾക്കോ, സംഘങ്ങൾക്കോ മുട്ട വിരിപ്പിക്കുവാനുള്ള ഇൻക്യൂബേറ്ററുകൾ വിതരണം ചെയ്യുന്ന പദ്ധതി ഈ പഞ്ചായത്തത്തിൽ ഇരുപത്തിഅഞ്ച് സ്ഥലത്തെങ്കിലും പ്രാവർത്തികമാക്കേണ്ടിയിരിക്കുന്നു.

വിരിയിക്കാനുള്ള മുട്ട കാർഷിക സർവ്വകലാശാലയിൽ നിന്നോ പ്രൈവറ്റ് വ്യക്തികളിൽ നിന്നോ വാങ്ങി ചുരുങ്ങിയ നിരക്കിൽ എത്തിക്കുവാനുള്ള സൗകര്യം ഉണ്ടാക്കുക.

ഇറച്ചിക്കോഴിയുടെ കുഞ്ഞുങ്ങളെ നേരിട്ടുവരുത്തി ഇടത്തട്ടുകാരെ ഒഴിവാക്കിയാൽ ഇന്നത്തെ നിലക്ക് ഓരോ കുഞ്ഞിനും 4 രൂപതോതിൽ വില കുറച്ചു ലഭിക്കുന്നതാണ്. ഇവ സംഘങ്ങൾ വഴി ജന പങ്കാളിത്തത്തോടുകൂടി വരുത്തി വിതരണം ചെയ്യുക. ഇവിടെ വിരിയിക്കുന്ന മുട്ടക്കോഴിയുടെ കുഞ്ഞുങ്ങളെ 60ദിവസം വരെ വളർത്താൻ വേണ്ട നഴ്സറികൾ സ്ഥാപിക്കുകയും താൽപര്യമുള്ളവരെ അനുയോജ്യമായ സ്ഥലങ്ങളിൽ പോയി പരിശീലിപ്പിക്കുവാൻ വേണ്ട സൗകര്യം ചെയ്യുക.

2. തീറ്റക്ക് വേണ്ടി വരുന്ന ക്രമാതീതമായ ചെലവ്.

തീറ്റ കമ്പനികളിൽ നിന്ന് വാങ്ങി നേരിട്ട് വരുത്തി സംഘങ്ങൾ വഴി വിതരണം ചെയ്താൽ

ചാക്കൊന്നിന് 60 രൂപ മുതൽ 70 രൂപ വരെ വിലകുറച്ച് നൽകുവാൻ സാധിക്കും.

കൃഷി വകുപ്പിന്റെ കണക്കനുസരിച്ച് നമ്മുടെ പഞ്ചായത്തിൽ 3,400 ടൺ നെല്ല് ഉൽപാദിപ്പിക്കുമ്പോൾ നമ്മുടെ സാഹചര്യത്തിൽ ഭക്ഷ്യോപയോഗ്യമല്ലാത്ത (പതിർ) വസ്തുക്കൾ നമ്മൾ ഒരു പ്രയോജനവും ലഭിക്കാത്ത വിധത്തിൽ തള്ളിക്കളകയാണ് ചെയ്യുന്നത്. ഇത് തടഞ്ഞാൽ ഏതാണ്ട് 200 ടൺ പതിരെങ്കിലും ഇപ്രകാരം ഉപയോഗപ്പെടുത്താൻ കഴിയും. ഇതുപൊടിച്ച്, ഗോതമ്പ്, പിണ്ണാക്ക്, ചോളം, മറ്റുചേരുവകൾ കൂടി പൊടിച്ചെടുക്കാൻ ഈ പഞ്ചായത്തിന്ന് ആവശ്യമായ തീറ്റ ഇന്നത്തെ വിലയിൽ നിന്നും പകുതി വിലക്ക് ഉൽപാദിപ്പിക്കുവാൻ കഴിയും. അഭ്യസ്തവിദ്യരായ തൊഴിലില്ലാത്തവരുടെ സേവനം ഇതിനായി ഉപയോഗപ്പെടുത്താവുന്നതാണ്. (ചോളം സീസണിൽ പോയി ധാരളമായി അന്യസംസ്ഥാനങ്ങളിൽ നിന്ന് വാങ്ങിക്കൊണ്ടു വരികയോ, ഇവിടെ ഉൽപ്പാദിപ്പിക്കാനുള്ള സൗകര്യം ഏർപ്പെടുത്തി കർഷകരിൽനിന്നും വാങ്ങാനുള്ള സൗകര്യം ഉണ്ടാക്കുകയോ ചെയ്യാവുന്നതാണ്) കൂടുതൽ ഉൽപാദിപ്പിച്ചാൽ തീറ്റ വിൽക്കുകയും ചെയ്യാം. ഇങ്ങനെ തീറ്റ ഉൽപാദിപ്പിക്കുന്ന ചെറുകിട വ്യവസായ സംരംഭങ്ങൾ പഞ്ചായത്തിൽ മൂന്നോ, നാലോ സ്ഥലത്ത് സഹകരണാടിസ്ഥാനത്തിൽ നടപ്പാക്കാവുന്നതാണ്.

3. മുട്ടയും ഇറച്ചിയും യഥാസമയങ്ങളിൽ വിറ്റഴിക്കുക.

മുട്ടക്കും, ഇറച്ചിക്കും ധാരാളം ആവശ്യക്കാർ ഉണ്ട്. മുട്ട വിറ്റഴിക്കാൻ താരതമ്യേനെ വലിയ വിഷമമില്ലെങ്കിലും ഇതുവിൽക്കുവാൻ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ വിൽപനശാലകൾ തുറക്കാവുന്നതാണ്. 10 രൂപ കൊടുത്ത് വാങ്ങുന്ന ഒരു ഇറച്ചിക്കോഴിക്കുഞ്ഞ് 7 ആഴ്ച പ്രായമാകുമ്പോൾ വിൽക്കാവുന്ന അവസ്ഥയിലെത്തും. അതിൽ കൂടുതൽ വളർത്തുന്നത് ഒരിക്കലും ലാഭകരമായിരിക്കില്ല. 7 ആഴ്ച വളരുവാൻ $3^1/_2$ കി.ഗ്രാം. തീറ്റ ആവശ്യമായി വരും. ഇന്നത്തെ നിരക്കിൽ കണക്കാക്കിയാൽ ഇതിന് 28 രൂപ ചിലവ് വരും. മൊത്തം 40 രൂപ ചിലവ് വരുന്ന ഒരു കോഴി ശരിയായ പരിചരണം ലഭിച്ചാൽ ചുരുങ്ങിയത് $1^1/_2$ കി. ഗ്രാം. തൂക്കം വരും. മാർക്കറ്റ് വിലയനുസരിച്ച് 52 രൂപയോളം ശരാശരി വില ലഭിക്കുമ്പോൾ ഒരു കോഴിയിൽനിന്നും ആ ഇനത്തിൽ $12^1/_2$ രൂപ ലഭിക്കും. തീറ്റിയും, കുഞ്ഞുങ്ങളും നമ്മൾ തന്നെ ഉത്പാദിപ്പിച്ചാൽ വളരെയധികം സാമ്പത്തിക ലാഭം ലഭിക്കും. വളരെയധികം ചെറുപ്പക്കാർക്ക് തൊഴിൽ ലഭിക്കുകയും ചെയ്യും. ചില അവസരങ്ങളിൽ കോഴിയുടെ വില 60ഉം അതിലധികവുമായി വർദ്ധിക്കുന്നത് സാധാരണമാണ്. ഇങ്ങനെ 7 ആഴ്ച വളർത്തുന്ന കോഴികൾ യഥാസമയങ്ങളിൽ വിൽക്കുവാൻ വമ്പിച്ച ജനപങ്കാളിത്തത്തോടെ കൂട്ടായി പ്രവർത്തിക്കേണ്ടതാണ്.

4. സാമ്പത്തികവും വൈജ്ഞാനികവുമായ പ്രയാസങ്ങളെ തരണം ചെയ്യൽ:

സഹകരണ ബാങ്കുകളിൽനിന്നും ചുരുങ്ങിയ പലിശനിരക്കിൽ പണം ലഭ്യമാക്കിയും, സാമ്പത്തികസഹായം നൽകിയും പഞ്ചായത്തിന്റെ 9-ാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്താൽ സാമ്പത്തിക പ്രതിസന്ധി ഒരളവുവരെ കുറക്കുവാൻ കഴിയും. ഒരു നിശ്ചിത ശതമാനം ഉപഭോക്താക്കളും, അല്പം സഹകരണവുമുണ്ടെങ്കിൽ ഒരു തൊഴിലെന്ന നിലയിലും, ഉപതൊഴിലെന്ന നിലയിലും പ്രയോഗമിപ്പിക്കുവാൻ കഴിയും. കോഴികളെ വളർത്തുന്നതിനുള്ള അറിവുകൾ മുൻ സൂചിപ്പിച്ച പോലെ വിവിധ സ്ഥാപനങ്ങളിൽ പരിശീലകരെ അയച്ച് ബോധവൽക്കരണം നടത്താവുന്നതാണ്. ഇതുമൂലം ധാരാളം ജൈവവളവും ലഭ്യമാക്കാമെന്നതുകൊണ്ട് സാമ്പത്തികവും, കാർഷികവുമായ മേഖലകളിൽ അഭിവൃദ്ധിപ്പെടുത്തുവാൻ കഴിയും.

## ലൗ ബേർഡ്സ് (വിനോദ പക്ഷികൾ)

കോഴിവളർത്തൽ കൂടാതെ അത്രയും സാങ്കേതിക ജ്ഞാനവുമില്ലാത്ത ആബാലവൃദ്ധം ജനങ്ങൾക്ക് വിനോദമെന്ന നിലയിൽ പക്ഷികളെ വളർത്തി വളരെയധികം ലാഭം നേടിയെടുക്കാൻ കഴിയുന്ന ഒരു മേഖലയുണ്ട്. ചെറിയൊരു കർഷകനെക്കുറിച്ചുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

ഉദ്ദേശം 6 x 3 = 18ച. അടിയിൽ 2 കൂടുകൾ ചെറിയ ദ്വാരങ്ങൾ ഉള്ള വല ഉപയോഗിച്ചുണ്ടാക്കുക. ഉദ്ദേശം 1,000 രൂ. ചിലവിൽ 40 കിളികളെ ലഭിക്കുന്നതാണ്. ഇത്രയും കിളികൾക്ക് ഒരു മാസം

തീറ്റിക്ക് (തിന, ചാമ തുടങ്ങിയവ) കിലോ 7/ ക. നിരക്കിൽ 15 കി. ആവശ്യമാണ്(105 രൂപ) മുൻ നിർമ്മിച്ച ഒരു കൂട്ടിൽ 40 ചെറിയ കുടങ്ങൾ വെച്ചുകൊടുക്കണം. ഒരു കുടത്തിന് 6 ക. നിരക്കിൽ മൊത്തം 240 ക. ചിലവു വരുന്നതാണ്. കിളികൾ അവരുടെ ഇഷ്ടത്തിന് കൂട് തിരഞ്ഞെടുക്കുന്നതിന് വേണ്ടിയാണ് കുടങ്ങൾ കൂടുതലായി വെക്കുന്നത്. ഒരു കൂട്ടിൽ രണ്ടിനും, നാലിനും ഇടക്ക് കുട്ടികൾ ഉണ്ടാകും. 20 കൂട്ടിൽനിന്നും ശരാശരി ചുരുങ്ങിയത് 50നും 70നുമിടക്ക് കിളികളെ ലഭിക്കും. ഇവയെ ഒരു മാസമായാൽ രണ്ടാമത്തെ കൂട്ടിൽ നിക്ഷേപിക്കുക. കുടങ്ങൾ ആവശ്യാനുസരണം വെക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുകയും വേണം ഒരു മാസം കൂടി കഴിഞ്ഞാൽ രണ്ടുകൂട്ടിൽ നിന്നും 10മുതൽ 140 കിളികളെ വരെ ലഭിക്കുന്നു. ഈ കുഞ്ഞുങ്ങൾക്ക് ഒരുമാസമായാൽ 20നും 25നും രൂപ വരെ വില ലഭിക്കുന്നതാണ്. 2കൂട്ടിലും കൂടി 30 കി. തീറ്റക്ക് 210 ക. ചിലവ് വരും. 100 കിളികളെ വിറ്റാൽ തന്നെയും മാസം തോറും 2,000 ത്തിനും 2,500 നും ഇടക്ക് രൂപ ലഭിക്കും. 210 ക. ചിലവു കഴിച്ചാൽ 1,800നും, 2,300നും ഇടക്ക് ലാഭം പ്രതീക്ഷിക്കാമെന്നത് ശ്രദ്ധേയമാണ്. കിളികളെ കിട്ടുവാനും വലിയ പ്രയാസമില്ലാത്തതു കൊണ്ട് കർഷകർക്ക് വളരെ ലാഭകരമായി ചെയ്യുവാൻ കഴിയും. താൽപര്യമുള്ളവർക്ക് സാമ്പത്തികസഹായം ചെയ്യുവാൻ കഴിഞ്ഞാൽ അതൊരു വിജയമായിരിക്കും. നാമമാത്ര കർഷകർക്ക് 75%വും, സാധാരണ കർഷകർക്ക് 50%വും സബ്സിഡി നൽകി ഓരോ വാർഡിലും 5 വർഷം കൊണ്ട് 500 കൂട് എന്ന തോതിൽ വളർത്താവുന്നതാണ്. കിളികളെ വളർത്തി പരിചയമുള്ള കർഷകർ ഈ പഞ്ചായത്തിൽ ഉള്ളതു കൊണ്ട് അവരുടെ പ്രയോജനം സൗജന്യമായി ഉപയോഗിക്കാവുന്നതാണ്.

# മത്സ്യ ബന്ധനം

കടവല്ലൂർ പഞ്ചായത്തതിർത്തിയിൽ പഞ്ചായത്തിന്റെ വകയായി 12 കുളങ്ങളും സ്വകാര്യ വ്യക്തികളുടെ വകയായി 51 കുളങ്ങളും 2212 ൽ പരം കിണറുകളും രണ്ടേക്കറിൽ കൂടുതൽ വിസ്തൃതിയുള്ള കടവല്ലൂർ അമ്പലക്കുളവുമാണ് നിലവിലുള്ളത്. ഇതിൽ ചീനിക്കുളം, വെട്ടുകുളം, മാടമ്പിക്കുളം, N.S.K. കളത്തിൽകുളം, കോടാലിക്കുളം, കടവല്ലൂർ അമ്പലക്കുളം എന്നിവ വറ്റാത്ത വയാണെന്ന് പ്രത്യേകം എടുത്തു പറയേണ്ടിയിരക്കുന്നു. ഈ കുളങ്ങൾ വൃത്തിയാക്കി ആഴവും. വിസ്തൃതിയും കൂട്ടാവുന്നതാണ്. ഇപ്പോൾ വറ്റുന്ന കുളങ്ങൾ വൃത്തിയാക്കി ആഴവും. വിസ്തൃതി യും കൂട്ടാവുന്നതാണ്. നമ്മുടെ പഞ്ചായത്തിൽ ഉൾനാടൻ മത്സ്യബന്ധനം മാത്രമെ ഉള്ളൂ. വളരുന്ന മത്സ്യങ്ങളെ പിടിച്ച് ഉപയോഗിക്കുകയാണ് പതിവ്. പഞ്ചായത്ത് കുളങ്ങളും, സ്വകാര്യ കുളങ്ങളും മത്സ്യം വളർത്താൻ ഉപയോഗിക്കാം. പഞ്ചായത്തിലുള്ള കിണറുകളിൽ 1486 എണ്ണവും വേനൽക്കാ ലം മദ്ധ്യത്തോടെ വറ്റുന്നതാണ്. ഇതിൽ 6 മാസം കൊണ്ട് വിളവെടുപ്പിന് തയ്യാറാക്കാവുന്ന മത്സ്യങ്ങളെ വളർത്തിയാൽ കിണർ വൃത്തിയാക്കുന്നതോടൊപ്പം ഗണ്യമായ സാമ്പത്തിക നേട്ടവും ഉണ്ടാക്കാവുന്നതാണ്.

കുളങ്ങൾ പുനരുജ്ജീവിപ്പിക്കുമ്പോൾ കൃഷിക്കുള്ള വെള്ളം ലഭിക്കുമെന്നതും പ്രത്യേകം ശ്രദ്ധേയമാണ്. കൂടാതെ പൊതുമേഖലയിൽ കുളങ്ങൾ കുഴിക്കുവാൻ മത്സ്യഫെഡും അതോടൊപ്പം പഞ്ചായത്തും കൂടി സാമ്പത്തികസഹായം ചെയ്താൽ പൊതുമേഖലയിൽ ധാരാളം കുളങ്ങൾ കുഴി ക്കാം. ഉള്ളവ വൃത്തിയാക്കാനും വിസ്തൃതിയും ആഴവും കൂട്ടാനും, മത്സ്യഫെഡിന്റെ സാമ്പത്തിക സഹായം ഉപയോഗിക്കണം. ഈ കുളങ്ങളിൽ കട്ട്ല, രോഗു, മൃഗാൾ, വരാൽ, പൂവുള മത്സ്യങ്ങൾ തുടങ്ങിയ മത്സ്യങ്ങളെ വളർത്താം. ഇവിടെയുള്ള ഉൾനാടൻ മത്സ്യതൊഴിലാളികൾക്ക് സഹകരണ സംഘം രൂപീകരിക്കണം. വലകളും, മത്സ്യബന്ധന സാമഗ്രികളും വിതരണം ചെയ്യണം. തോടുക ളിൽനിന്ന് കൃഷിക്ക് നാശമുണ്ടാകാത്ത രീതിയിൽ മാത്രമെ മീൻപിടിക്കുവാൻ പാടുള്ളൂ എന്ന് നിയന്ത്രിക്കണം. പഞ്ചായത്തിന്റ വിവിധ ഭാഗങ്ങളിൽ മത്സ്യവിപണന കേന്ദ്രം സ്ഥാപിക്കണം. പൊതു സ്ഥലങ്ങളിൽ മാലിന്യമുണ്ടാക്കുന്ന രീതിയിലുള്ള മത്സ്യബന്ധനം നിയന്ത്രിക്കണം. ഗുണനിലവാരമുള്ള നിലവാരമുള്ള മത്സ്യങ്ങൾ മാത്രം വിൽക്കാൻ വേണ്ട നിയന്ത്രണങ്ങൾ ഏർപ്പെ ടുത്തണം. കൂടാതെ ടാങ്ക് കെട്ടി മത്സ്യം വളർത്താൻ സാമ്പത്തികസഹായം നൽകണം. ഇതിൽ വളർത്താനുള്ള മത്സ്യങ്ങളെ മത്സ്യഫെഡിൽനിന്നും വാങ്ങി സൗജന്യമായി വിതരണം ചെയ്യണം.

കടവല്ലൂർ പഞ്ചായത്ത് ഒരു ഉൾനാടൻ പഞ്ചായത്തായി മാത്രമെ കണക്കാക്കാൻ നിവൃത്തി യുള്ളൂ. മത്സ്യവകുപ്പിന്റെ വിവിധ പ്രവർത്തനങ്ങളിൽ പഞ്ചായത്തിന്റെയും, പൊതുജനങ്ങളുടെയും സഹകരണത്തോടുകൂടി വിപുലമായി നടത്തുവാൻ ശ്രദ്ധിക്കുക. നിലവിലുള്ള വിവിധയിനം മത്സ്യ ങ്ങളെ കണ്ടുപിടിച്ച് പരിപോഷിപ്പിക്കുക. കൂടാതെ അടുക്കളക്കുളങ്ങളിൽ മത്സ്യം വളർത്താൻ അല്പം ശ്രദ്ധിച്ചാൽ വീട്ടിലെ സ്ത്രീകൾക്കും അധികം സാമ്പത്തികചിലവില്ലാതെ മത്സ്യംവളർത്തി ധനം സമ്പാദിക്കാവുന്നതാണ്.

അലങ്കാര മത്സ്യങ്ങൾ

വിവിധതരം അലങ്കാരമത്സ്യങ്ങളെ ടാങ്കുകളിലും അക്വേറിയങ്ങളിലും വളർത്തിയെടുക്കുവാൻ സാധിക്കും. ചിലയിനം മത്സ്യങ്ങളാണ് ഏയ്ഞ്ചൽ, ഗോൾഡ്ഫിഷ്, കോയ് കാർപ്പ്, കിസിംഗർ, ഫൈറ്റർ, സീബ്രാ ലൈൻ തുടങ്ങിയവ. ലാഭകരമായി നടത്താവുന്ന ചെറിയ പദ്ധതികൾ കടവല്ലൂർ

പഞ്ചായത്തിൽ തുടങ്ങാവുന്നതാണ്. 18ച. അടി വിസ്താരമുള്ള 2 ടാങ്കുകൾ ഉണ്ടാക്കി അതിൽ 50 ഫാൻസി മത്സ്യങ്ങളെ നിക്ഷേപിച്ചാൽ മാസം ചുരുങ്ങിയത് 200 കുഞ്ഞുങ്ങൾ ഉണ്ടാകും. 4 മാസം പ്രായമായാൽ അവയെ വിൽക്കാവുന്നതാണ്. ഇതിന് പറ്റിയ ഇനമാണ് ഗപ്പി, ബ്ലാക്ക് മോളി, വൈറ്റ് മോളി, പ്ലാറ്റി തുടങ്ങിയവ. ഇത് ഒന്നിന് 1ക. വീതം ലഭിക്കും. സോഡ് റ്റെയിൽ എന്ന തരം മത്സ്യത്തിന് 3ക. വീതം ലഭിക്കും. മാസാമാസം 400 ക. മുതൽ 600 ക. വരെ ലഭിക്കുന്നതാണ്. കുറച്ചു കൂടി വലിയതോതിൽ ടാങ്ക് കെട്ടിയോ, കുളം സജ്ജീകരിച്ചോ വളർത്തുകയാണെങ്കിൽ ഇതിലും കൂടിയ വരുമാനം പ്രതീക്ഷിക്കാം. ഇവക്ക് തീറ്റക്ക് നാമമാത്രമായ ചെലവു മാത്രമെ വരികയുള്ളൂ.

## പ്രധാനമായി ചെയ്യേണ്ടവ

1. കടവല്ലൂർ വില്ലേജിൽ മൃഗാസ്പത്രി സ്ഥാപിക്കണം.
2. സഹകരണാടിസ്ഥാനത്തിൽ ഡയറികൾ രൂപീകരിക്കുക.
3. മൃഗാശുപത്രികൾ പുതുതായി ഉണ്ടാക്കുകയും, ഉള്ളവ വിപുലീകരിക്കുകയും ചെയ്യുക.
4. ആവശ്യാനുസരണം കുഞ്ഞുങ്ങളെ ലഭ്യമാക്കുക.
5. കൃത്രിമ ബീജസങ്കലന കേന്ദ്രങ്ങൾ പലയിടത്തായി സ്ഥാപിക്കുക.
6. തൊഴുത്തുകൾ പണിയുക.
7. സഹകരണസംഘങ്ങൾ സ്ഥാപിച്ച് തീറ്റ അവയിൽക്കൂടി നേരിട്ട് കൃഷിക്കാർക്ക് നൽകുക.
8. രജിസ്റ്റർ ചെയ്ത മൃഗങ്ങളെ വീട്ടിൽവന്ന് പരിശോധിക്കാനുള്ള സൗകര്യം ഉണ്ടാക്കുക. കാലികൾക്ക് വരാവുന്ന കുരലടപ്പൻ, കുളമ്പു ദീനം, ദഹനക്കേട്, വിരശല്യം, പനി മുതലായ രോഗങ്ങൾക്കുള്ള മരുന്നുകൾ സൗജന്യമായി നൽകുവാനുള്ള സൗകര്യം ഏർപ്പെടുത്തുക.
9. 8-ാം വാർഡിലെ പുറമ്പോക്ക് ഒഴിപ്പിച്ച് മൃഗാശുപത്രി പണിയുക.
10. തുകൽ സംസ്കരണ ശാല എത്രയും പെട്ടെന്ന് തുടങ്ങുക.
11. പുൽകൃഷി വ്യാപിപ്പിക്കുക.
12. തീറ്റമിശ്രണ യൂണിറ്റുകൾ സ്ഥാപിക്കുക.
13. ആധുനിക അറവുശാലകൾ നിർമ്മിക്കുക.

## കോഴിവളർത്തൽ

1. ധാരാളം ഇറച്ചിക്കോഴി യൂണിറ്റ് നടത്തിക്കുക.
2. കോഴിക്കുഞ്ഞുങ്ങളെ വിദ്യാലയങ്ങളിലും, വീടുകളിലും സൗജന്യനിരക്കിൽ വിതരണം ചെയ്യുക.
3. കോഴികൾക്ക് വരുന്ന പ്രധാന രോഗങ്ങളായ വസന്ത, വസൂരി, വിരശല്യം എന്നിവക്കുള്ള പ്രതിരോധ നടപടികൾ വീടുകളിൽ എത്തിക്കുക.
4. മുട്ട ഉൽപാദിപ്പിക്കാനും, വിരിയിക്കാനും ഉള്ള ഹാച്ചറികൾ സ്ഥാപിക്കുക.
5. പതിർ മുതലായ പാഴ്‌വസ്തുക്കൾ ഉപയോഗപ്പെടുത്തി തീറ്റ നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുക
6. മുട്ടയും ഇറച്ചിയും വിൽക്കാൻ ഷോപ്പുകൾ സഹകരണാടിസ്ഥാനത്തിൽ പ്രവർത്തിപ്പിക്കുക.
7. താൽപര്യമുള്ള കൃഷിക്കാരെ പരിശീലനത്തിനയക്കുക.
8. സർക്കാരിന്റെ ഒരു കോടി കോഴിക്കുങ്ങളെ വിതരണം ചെയ്യുന്ന പുതിയ പദ്ധതിയൽ എല്ലാ കുടുംബങ്ങളെയും ഉൾപ്പെടുത്തുക.

# ലൗ ബേർഡ്സ്

1. പഞ്ചായത്തിലെ വളർത്തുകാരെ വരുത്തി താൽപര്യമുള്ളവർക്ക് സൗജന്യമായി ബോധവൽക്കരണം നടത്തുക.
2. കൂടുകൾ സൗജന്യമായി നിർമ്മിച്ച് നൽകുക.

മത്സ്യം വളർത്തൽ

1. മത്സ്യ സഹകരണസംഘങ്ങൾ രൂപീകരിക്കുക.
2. നിലവിലുള്ള പഞ്ചായത്ത് കുളങ്ങളിലും, സ്വകാര്യകുളങ്ങളിലും മീൻ വളർത്താൻ സൗജന്യമായി മത്സ്യക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുക.
3. പഞ്ചായത്ത് കുളങ്ങൾ മത്സ്യം വളർത്താൻ സ്വകാര്യവ്യക്തികൾക്ക് കൊടുക്കുക.
4. കുളങ്ങൾ കുഴിച്ച് മത്സ്യം വളർത്താൻ വേണ്ട സഹായം നൽകുക.
5. അടുക്കള കിണറുകളിലും, അടുക്കള കുളങ്ങളിലും മത്സ്യം വളർത്താൻ പരിശീലനം നൽകുക.
6. അലങ്കാരമത്സ്യം വളർത്തി പരിചയമുള്ളവരെ വിളിച്ച് താൽപര്യമുള്ളവർക്ക് ക്ലാസ്സ് എടുക്കുക.
7. വലയും, മറ്റുപകരണങ്ങളും വാങ്ങിക്കൊടുക്കുക.
8. ടാങ്ക് നിർമ്മിക്കുവാൻ സാങ്കേതിക ഉപദേശവും, ധനസഹായവും നൽകുക.
9. ബോധവൽക്കരണം നടത്തുക.
10. നാട്ടിൽ നിലവിലുള്ള മത്സ്യങ്ങളെ എങ്ങനെ നിലനിർത്താം എന്നതിനെപ്പറ്റി പഠനം നടത്തുക.
11. മീൻ സ്റ്റാളുകൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ തുടങ്ങുക.

ആടു വളർത്തൽ

1. നിലവിലുള്ള ആടുഫാമുകളിലും, വ്യക്തികളിലുള്ള ആടുകളിലും ഗുണനിലവാരമുള്ള കുഞ്ഞുങ്ങളെ ഉൽപാദിപ്പിക്കുവാൻ ശ്രമിക്കുക.
2. മലബാറി തുടങ്ങി ഉൽപാദനക്ഷമതയുള്ള ആടുകളെ തിരഞ്ഞ് നോക്കി കർഷകർക്ക് സൗജന്യനിരക്കിൽ വിതരണം ചെയ്യുക.
3. കൂടുകൾ നിർമ്മിക്കുവാൻ സാമ്പത്തികസഹായം നൽകുക.
4. മൃഗാശുപത്രികളുടെ ഉപയോഗം പരമാവധി പ്രയോജനപ്പെടുത്തുക.
5. സ്ത്രീകൾക്ക് ആടുവളർത്തലിൽ പരിശീലനം നൽകുക.
6. കൂട്ടായി ആടുവളർത്തൽ നടത്തണം.
7. ആടുകൾക്കുണ്ടാകുന്ന വിവിധതരം അസുഖങ്ങൾക്കുള്ള മരുന്നുകൾ മൃഗാശുപത്രികൾ വഴി എത്തിക്കുക.

പന്നിവളർത്തൽ

1. പന്നിക്കുഞ്ഞുങ്ങളെ സൗജന്യമായി വിതരണം ചെയ്യുക.
2. കൂടുകൾ പണിയുവാൻ സാമ്പത്തികസഹായം നൽകുക.
3. ഹോട്ടലുകളിൽ നിന്നും പുറത്തുകളയുന്ന ഭക്ഷണാവശിഷ്ടങ്ങൾ കൊണ്ടുവരുവാനുള്ള വണ്ടികൾ സബ്സിഡി നിരക്കിൽ നൽകുക.
4. വളർത്തുവാൻ തയ്യാറുള്ള കർഷകരെയോ, സ്ഥാപനങ്ങളെയോ കണ്ടുപിടിച്ച് പ്രോൽസാഹിപ്പിക്കുക.

എല്ലാറ്റിനും ഉപരിയായി എല്ലാ കൃഷികളിലും നാട്ടറിവുകൾ പരമാവധി പ്രയോജനപ്പെടുത്തുക. കൃഷിക്കാർ തമ്മിൽ പരസ്പരം ആശയവിനിമയം നടത്തുന്നതിന് വേണ്ടി പെരുമ്പിലാവ് ടെലിഫോൺ എക്സ്ചേഞ്ചിന്റെ കപ്പാസിറ്റി കൂട്ടി ആവശ്യത്തിന് ടെലിഫോൺ കണക്ഷൻ നൽകുക.

59

ഭാഗം - III

# കടവല്ലൂർ ഗ്രാമ പഞ്ചായത്ത്

## ദ്വിതീയ മേഖല



*കല്ലുമ്പുറം ക്രിസ്തീയ ദേവാലയം*



*പുനരർപ്പണ ദിനം - നവംബർ 11 ശ്രീദാനം ചീരൻ കുറ്റിഞ്ഞാലിൽ ഹരിജൻ കോളനി റോഡ് II പണി ഉത്ഘാടനം. വൈസ് പ്രസിഡണ്ട് ശ്രീ. ഭാസ്കരൻ നായർ ഉത്ഘാടനം ചെയ്യുന്നു.*

# അദ്ധ്യായം 3
# വ്യവസായം, വാർത്താവിനിമയം

**ആമുഖം**

മദ്ധ്യകേരളത്തിൽ തൃശ്ശൂർ ജില്ലയുടെ വടക്ക് പടിഞ്ഞാറ് ഭാഗത്ത് മലപ്പുറം ജില്ലയോടും, പാലക്കാട് ജില്ലയോടും ചേർന്ന് കിടക്കുന്ന പ്രദേശമാണ് കടവല്ലൂർ പഞ്ചായത്ത്. കടവല്ലൂർ, കരിക്കാട്, പെരുമ്പിലാവ് എന്നീ മൂന്ന് വില്ലേജുകളാണ് പഞ്ചായത്തുകളിൽ ഉൾപ്പെടുന്നത്. പ്രധാനമായും കാർഷികവൃത്തിയെ ആശ്രയിച്ച് ജീവിക്കുന്ന 32500 ജനങ്ങൾ 6000 കടുംബങ്ങളിലായി ഈ പഞ്ചായത്തിൽ താമസിച്ചുവരുന്നു.

മണ്ണിന്റെ ഘടന ഫലഭൂയിഷ്ടമല്ലാത്തതിനാൽ കൃഷി ലാഭകരമല്ലാതായിരിക്കുന്നതുകൊണ്ട്, കൃഷിയിൽ നിന്നുള്ള സാമ്പത്തിക മുന്നേറ്റം പഞ്ചായത്തിലില്ല. ഒരു പക്ഷേ സാമ്പത്തികമായ ഈ പിന്നോക്കാവസ്ഥകൊണ്ട് തന്നെയാവാം, മുതൽ മുടക്കാവശ്യമായ വ്യവസായങ്ങൾ ഒന്നും തന്നെ പഞ്ചായത്തിലില്ല. നല്ലൊരു വിഭാഗം പഞ്ചായത്തിന് പുറത്തും വിദേശങ്ങളിലും തൊഴിൽ തേടുന്നു. ആ നിലയിൽ അടുത്തകാലത്തായി പഞ്ചായത്ത് സാമ്പത്തികമായി മുന്നേറാൻ തുടങ്ങിയിട്ടുണ്ട്.

ഗ്രാമീണ ജീവിതവുമായി ബന്ധപ്പെട്ടുള്ള പരമ്പരാഗത വ്യവസായങ്ങൾ ഇവിടെ പഴയ കാലം മുതലേ ഉണ്ട്. അതിൽ പ്രധാനപ്പെട്ടതാണ് കടവല്ലൂർ കേന്ദ്രമായി നടന്നുവരുന്ന ഓട്ടുപാത്രനിർമ്മാണം. ഓട്ടുപാത്രത്തിലെ രാജാവായ നാലു കാതൽ ചരക്കുകൾ വരെ വിദഗ്ദമായി നിർമ്മിക്കാൻ കഴിയുന്ന വിദഗ്ദൻമാർ കടവല്ലൂരിലുണ്ട്. കേരളത്തിലെ എന്നല്ല ഇന്ത്യയിലെ തന്നെ ഏറ്റവും വലിയ ആയൂർവ്വേദ മരുന്നുൽപാദകരായ കോട്ടയ്ക്കൽ ആര്യവൈദ്യശാലയ്ക്കാവശ്യമായ വലിയ ചരക്കുകൾ കടവല്ലൂരിലെ മൂശാരിമാരാണ് നിർമ്മിച്ചിട്ടുള്ളത്. പക്ഷേ ഇന്ന് മേഖയ ക്ഷീണിതാവസ്ഥയിലാണ്.

കൃഷിക്കാവശ്യമായ ആയുധങ്ങൾ നിർമ്മിക്കുവാനും, ഗ്രാഹികാവശ്യങ്ങൾക്കുള്ള ഇരുമ്പുപകരണങ്ങൾ നിർമ്മിക്കാനും, വിദഗ്ദരീതിയിലുള്ള പൂട്ടുകൾ നിർമ്മിക്കാനും, നാടൻ തോക്ക് മുതലായവ നിർമ്മിക്കാനും കഴിവുള്ള ഇരുമ്പ് പണിക്കാരായ കരുവാൻമാരും പഞ്ചായത്തിലുണ്ടായിരുന്നു. കടവല്ലൂർ, കല്ലുപുറം, കൊരട്ടിക്കര, കോട്ടോൽ, പെരുമ്പിലാവ്, തിപ്പലശ്ശേരി എന്നീ പ്രദേശങ്ങളിലുണ്ടായിരുന്ന ആലകളെ (കരുവാൻമാരുടെ പണിശാല) കേന്ദ്രീകരിച്ചായിരുന്നു ഈ പണകിൾ നടന്നിരുന്നത്. ഇന്ന്, കല്ല്വെട്ട് മഴു കാച്ചി മൂർച്ച കൂട്ടുന്നതിൽ ഒരുങ്ങിനിൽക്കുന്നു അപൂർവമായ ആലകളിലെ പണികൾ ഇന്നുള്ളു.

ഗ്രാമങ്ങളിലെ ഭവനനിർമ്മാണവും, ഗ്രഹോപകരണങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട മരപ്പണിചെയ്യുവാൻ വിദഗ്ദരായ ആശാരികളും പഞ്ചായത്തിലുണ്ട്. എല്ലാ വില്ലേജുകളിലും ഇവരുടെ സാന്നിദ്ധ്യമുണ്ട്. പരമ്പരാഗതതൊഴിലിൽ ശോഷണം സംഭവിക്കാത്ത ഒരു വിഭാഗമാണിത്. കോൺക്രീറ്റ് കെട്ടിടനിർമ്മാണം, ഇവരുടെ തൊഴിൽമേഖയ അപഹരിക്കുന്നുവെങ്കിലും, തൊഴിലില്ലായ്മ ഈ വിഭാഗത്തിൽ കാണപ്പെടുന്നില്ല.

ആഭരണനിർമ്മാണ രംഗത്തും ചെറിയ യൂണിറ്റുകൾ പരമ്പരാഗതമായി പഞ്ചായത്തിലുണ്ട്. മൺപാത്രനിർമ്മാണം, കൊട്ടനെയ്ത്ത്, ഖാദി, പപ്പടനിർമ്മാണം, ബുക്ബൈന്റിങ്ങ് എന്നിങ്ങനെയുള്ള ചെറുകിട യൂണിറ്റുകളും ഉണ്ട്. ആധുനിക വ്യവസായങ്ങളുമായി ബന്ധപ്പെട്ട വലിയ സംരംഭങ്ങളൊന്നുമില്ല. ധാതു സമ്പത്തൊന്നും തന്നെ പഞ്ചായത്തിലില്ല. കോട്ടോൽകുന്ന് പ്രദേശത്ത് ഇരുമ്പയിരടങ്ങിയ കല്ലുകൾ കാണപ്പെടുന്നു. പക്ഷേ അതിനെപറ്റി പഠനങ്ങളൊന്നും നടന്നതായറിവില്ല.

അടുത്തകാലത്തായി ചെറിയ ചില വ്യവസായങ്ങൾ ആരംഭിച്ചിട്ടുണ്ട്. പ്ലാസ്റ്റിക് പാത്ര നിർമ്മാണം റബ്ബർ സംസ്കാര യൂണിറ്റ് ഇലക്ട്രിക് വർക്ഷോപ്പുകൾ, ഇലക്ട്രോണിക്സ് വർക്ക് ഷോപ്പുകൾ, ഓട്ടോ മോബിൾ വർക്ക് ഷോപ്പുകൾ, ഇഞ്ചിനീയറിങ്ങ് വർക്ഷോപ്പുകൾ, കാർപന്ററി വർക് ഷോപ്പുകൾ, പ്രിന്റിങ്ങ് പ്രസ്സ്, ഫോട്ടോ സ്റ്റുഡിയോ, എന്നിവയെല്ലാം അതിൽപ്പെടുന്നു. പഞ്ചായത്തിലെ പല ഭാഗങ്ങളിലും കണ്ടുവരുന്ന വെട്ടുകല്ല് ഖനനവുമായും, കരിങ്കൽ കോറിയുമായി ബന്ധപ്പെട്ടും കുറെ തൊഴിലവസരം ലഭിക്കുന്നുണ്ട്. S.T.D. ബൂത്തുകൾ, ഫൈനാൻസ് കമ്പനികൾ, ട്രാൻസ്പോർട്ട് മേഖല, മത്സ്യകച്ചവടം, മാട്ടിറച്ചി കച്ചവടം, ചെറുകിട വ്യാപരങ്ങൾ, എന്നിവയും പഞ്ചായത്തിലെ പ്രധാനതൊഴിൽ മേഖലകളാണ്.

വ്യവസായസംരഭങ്ങളുടെ വളർച്ചയ്ക്കാവശ്യമായ, സുപ്രധാനഘടകങ്ങളായ ധാതുസമ്പത്ത്, ഗതാഗതസൗകര്യം സുലഭമായ ഊർജ്ജലഭ്യത, വൈദഗ്ദ്യം എന്നിവയുടെ അഭാവം പുതിയ വ്യവസായങ്ങൾ അധികം ഉണ്ടാകാതിരിക്കാനുള്ള കാരണങ്ങളാണ്. സർവ്വോപരി ഉൾക്കഷേചതുക്കളും, പരിശ്രമശാലികളുമായ ജനതയുടെ സാന്നിദ്ധ്യവും കൂട്ടായ പരിശ്രമവും ഉണ്ടെങ്കിൽ ഏത് പ്രതികൂലസാഹചര്യത്തെയും അനുകൂല സാഹചര്യമാക്കി മാറ്റിയെടുക്കാൻ കഴിയും. തന്റെ പുരോഗതിയിലൂടെ കുടുംബത്തിന്റെയും, നാടിന്റെയും പുരോഗതി കൂടി കരഗതമാക്കാമെന്നും, നാടിന്റെ പുരോഗതി തന്റെ കൂടി പുരോഗതിയാണെന്നും, നാടും സമൂഹവും പുരോഗമിക്കണമെങ്കിൽ, സമൂഹത്തിന്റെ ഭാഗമായ തന്റെ കൂടിയുള്ള പരിശ്രമം ആവശ്യമാണെന്നുമുള്ള ധാരണ ജനങ്ങൾക്കു ഉണ്ടാവേണ്ടതുണ്ട് നാം മെല്ലെ മെല്ല ആ ധാരണയിലേക്ക് എത്തികൊണ്ടിരിക്കുന്നു, എന്ന വസ്തുത നമുക്ക് ആവേശം നൽകുന്നു. അധികാരം ജനങ്ങളിലേക്ക് എന്ന ലക്ഷ്യത്തിൽ പഞ്ചായത്ത് രാജ് സംവിധാനം വന്നതിനേ തുടർന്ന് നടപ്പിലാക്കാൻ പോകുന്ന ജനകീയ ആസൂത്രണ പരിപാടിയും പ്രവർത്തനവും കൂടി ആകുമ്പോൾ നാടിന്റെ പുരോഗതി ത്വരിതഗദിയിൽ ആകുമെന്ന കാര്യത്തിൽ സംശയമൊന്നുമില്ല. നമ്മുടെ വ്യവസായ പുരോഗതിക്കാവശ്യമായി നാം എന്തു ചെയ്യണം, നമ്മുടെ സാദ്ധ്യതകൾ എന്ത്, നിലവിലുള്ളവയുടെ സ്ഥിതിയെന്ത്? അവ നേരിടുന്ന പ്രശ്നമെന്ത് പരിഹാരമെന്ത് എന്നീ വിശയങ്ങളെ പറ്റി ഗ്രാമസഭകളിലൂടെയും ചർച്ചകളിലൂടെയും രൂപംകൊണ്ട കാര്യങ്ങൾ താഴെ വിവരിക്കുന്നു. പഠനം സുഗമമാക്കുന്നതിനായി നിലവിലുള്ള വ്യാപാര വ്യവസായങ്ങൾ അവയിൽ നിലവിലുള്ള തൊഴിൽ ലഭ്യത എന്നിവ കാണിക്കുന്നു. ഒരു സ്ഥിതി വിവര പട്ടിക താഴെകൊടുക്കുന്നുണ്ട്. അതിനെ അടിസ്ഥാനമാക്കി ഒരു അവലോകനം നടത്തിയ ശേഷം പഞ്ചായത്തിൽ പുതിയതായി തുടങ്ങാൻ സാധ്യമാകാവുന്ന വ്യവസായങ്ങളെപറ്റിയും കൂട്ടായി എന്ത് ചെയ്യണമെന്നതിനെപ്പറ്റിയും പ്രതിപാദിക്കുന്ന റിപ്പോർട്ട് പരിപൂർണ്ണമാണെന്ന് പറയാൻ വയ്യ. എങ്കിലും ജനങ്ങളിലൂടെ ഉൽതിരിഞ്ഞുവന്ന എല്ലാ ആശയങ്ങളും ഇതിലുൾക്കൊള്ളിച്ചിട്ടുണ്ട്.

പഞ്ചായത്തിന്റെ വ്യാപാരവ്യവസായ സ്ഥിതി വിവരക്കണക്കിലൂടെ നാം ഒരവലോകനം നടത്തിയാൽ താഴെ കാണുന്ന വസ്തുതകൾ നമുക്ക് മനസ്സിലാകും. പഞ്ചായത്ത് തലത്തിൽ ജനങ്ങൾക്കുള്ള കാർഷികേതര പ്രത്യക്ഷ തൊഴിൽ ലഭ്യത 2584 മാത്രമാണ്. 32500 വരുന്ന പഞ്ചായത്തിലെ ജനസംഖ്യയുമായി തട്ടിച്ചുനോക്കുമ്പോൾ 7.59% മാത്രം. 6000 കുടുംബങ്ങളുള്ള പഞ്ചായത്തിൽ 2.35 വീടിന് ഒരു തൊഴിലവസരം! 2584 തൊഴിലവസരങ്ങളിൽ 796 സ്ത്രീ തൊഴിലാളികൾ മാത്രമെ ഉള്ളൂ. ആകെയുള്ള തൊഴിലിൽ 30% മാത്രമേ സ്ത്രീകളുള്ളു. സ്ത്രീകളിൽ തന്നെ നിലവിലുള്ള തൊഴിലിൽ കെട്ടിട നിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്ന സ്ത്രീകർക്ക് മാത്രമേ മിതമായ വരുമാനമെങ്കിലുമുള്ളു. മറ്റൊരു ഭാഷയിൽ പറഞ്ഞാൽ കർഷകതൊഴിലാളി സ്ത്രീകൾക്ക് 50 ക കൂലി കിട്ടുമ്പോൾ ബുക്ബൈന്റിങ്ങ്, കൊട്ടനെയ്ത്ത് ടൈയ്‌ലറിങ്ങ് പ്ലാസ്റ്റിക് നിർമ്മാണം തുടങ്ങിയ രംഗങ്ങളിൽ പണിയെടുക്കുന്ന സ്ത്രീ തൊഴിലാളികൾക്ക് കിട്ടുന്ന വേതനം പത്തുമുതൽ 30 രൂപ വരെയാണ്. വളരെ മോശമായ

അവസ്ഥ. 2584 തൊഴിലവസരങ്ങളിൽ 660 പേർ വ്യാപാരംഗത്ത് ആണ്. അതായത് 25.5% ഈ രംഗത്ത് 85% സ്വയം വ്യാപാരം ചെയ്യുന്നവരാണ്. 15% ത്തോളമെ വേതനം പറ്റുന്ന തൊഴിലാളികളായുള്ളൂ. വ്യാപാരമേഖലയിൽ വൻകിട വ്യാപരങ്ങളൊന്നും നടക്കുന്നില്ല. എല്ലാം ചെറുകിടകളാണ്. എങ്കിലും സമൂഹത്തിന്റെ ക്രയവിക്രയ ശേഷി വളരുന്നതിന് അനുസരിച്ച് മേഖലയും അഭിവൃദ്ധിപ്പെട്ടുവരുന്നു. പരമ്പരാഗത വ്യവസായ രംഗത്ത് മൊത്തം തൊഴിലവസരം 340 ആകുന്നു. 13.15%. ഈ മേഖലയുടെ സ്ഥിതി ആശ്വാസപ്രദമല്ല. മൺപാത്ര നിർമ്മാണം പാടെ തകർന്ന സ്ഥിതിയിൽ നിന്നും പതുക്കെ പുതുജീവൻ നേടുന്നുണ്ട്. അതിനുകാരണം മൺപാത്രങ്ങളോട് ജനങ്ങൾക്കുണ്ടായിരന്നു അലർജി പതുക്കെ നീങ്ങി, ഇപ്പോൾ മൺപാത്ര ഉപയോഗം പ്രചാരത്തിൽ വന്നുതുടങ്ങിയിട്ടുണ്ട് എന്നതാണ്. എന്നിരുന്നാലും ഇതിലൂടെയുള്ള വരുമാനം വളരെ കുറവും ആ മേഖലയിലുള്ളവരുടെ ജീവിതം ദുരിതപൂർണ്ണവുമാണ്. ഓട്ടുപാത്ര നിർമ്മാണ രംഗവും മോശമായ നിലയിലാണ്. തൊഴിലിൽ എർപ്പെട്ടിട്ടുള്ള ജനങ്ങളിൽ ആത്മ വിശ്വാസം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ദാരിദ്ര്യം അവരോട് കൂടെ തന്നെയുണ്ട്. ഖാദിമേഖലയും വരുമാനത്തിന്റെ കാര്യത്തിൽ ആശ്വാസകരമല്ല. അതിലേർപ്പെട്ടിരിക്കുന്നവർക്ക് ശരാശരി 30ക യിൽ കൂടുതൽ വരുമാനമില്ല എങ്കിലും ഒരു വരുമാനവും ഇല്ലാത്തവർക്ക് ഇത്രയെങ്കിലും ഉണ്ടല്ലോ എന്ന് ആശ്വാസിക്കാം. ഈ വേതനമെങ്കിലും നൽകി ഇതു നിലനിർത്താൻ കഴിയുന്നത് കാലാകാലങ്ങളിൽ ഗവൺമെന്റിൽ നിന്ന് ലഭിക്കുന്ന സബ്സിഡികൊണ്ടും മറ്റുസഹായങ്ങൾകൊണ്ടും ആണ്.

ബീഡിതെരുപ്പ് മെച്ചപ്പെടാനാണ് സാദ്ധ്യത. അത് ഒരു കുടിൽ വ്യവസായം എന്ന നിലയിൽ നടന്നുവരുന്നു. വീട്ടിലിരുന്ന് സ്ത്രീകൾ വീട്ടുവേല കഴിഞ്ഞ ഒഴിവുസമയങ്ങളിൽ ജോലിചെയ്യുന്നതിനാൽ അത് നല്ലൊരു വരുമാനമാർഗ്ഗമാണ്. അഭിവൃദ്ധിപെടുത്തേണ്ട ഒരു മേഖലയാണിത്. ടൈയ്ലറിങ്ങ് ഏറെകുറെ ഇതേ അവസ്ഥയിലാണ്. ടൈലറൻമാർ മുഴുവൻ തന്നെ കടകളിട്ട് ജോലിചെയ്യുന്ന മോശമല്ലാത്ത വരുമാനം ഈ രംഗത്തുള്ളവർക്ക് ലഭിക്കുന്നുണ്ട്. ബുക്ക് ബൈന്റിങ്ങ് ഈ പഞ്ചായത്തിൽ പുതിയതായി തുടങ്ങിയതാണ്. 15 പേരാണ് ഇപ്പോൾ ഇതിലുള്ളത്. സ്വയം തൊഴിൽ ചെയ്യുന്നവരാണ്. ഇതുവരെയുള്ള വേതനം 10ക പോലും തികയുന്നില്ല. എങ്കിലും സാദ്ധ്യതകളുള്ള ഒരു മേഖലയാണിത്.

എപ്രകാരം മെച്ചപ്പെട്ട വേതനം ലഭ്യമാക്കാം എന്നതിനെപ്പറ്റി പര്യാലോചിക്കേണ്ടതുണ്ട്. മരപ്പണി സ്വർണ്ണപണി കെട്ടിട നിർമ്മാണരംഗം എന്നിവയെല്ലാം മോശമല്ലാത്ത വേതനം ലഭ്യമാണ്. കല്ലുവെട്ട് കരിങ്കല്ല് ക്വാറി വർക്ക്ഷോപ്പുകൾ എന്നിവയിലും മിതമായ വേതനം ലഭിക്കുന്നുണ്ട്. പറയതക്ക പ്രതിസന്ധികൾ ഒന്നും തന്നെയില്ല. വളരാനുള്ള സാദ്ധ്യതകളാണ് ഉള്ളത്.

ആധുനികകാലഘട്ടവുമായി ബന്ധപ്പെട്ട വ്യവസായങ്ങൾ വളരെ കുറവാണ്. നമ്മുടെ പഞ്ചായത്തിൽ എന്ന് സ്ഥിതിവിവരകണക്കുകൾ പറയുന്നു. മൊത്തമുള്ള 2584 തൊഴിലവസരങ്ങളിൽ കേവലം 329 അവസരങ്ങളാണ് ഈ മേഖലയിൽ ഉള്ളത്. അതായത് 12.73%. വേതനത്തെപ്പറ്റി കണക്കാക്കിയാൽ ഇതിൽ ഭൂരിപക്ഷവും മറ്റുള്ള മേഖലയിൽ ലഭ്യമാകുന്നതിനേക്കാൾ കൂടുതൽ വരുമാനം ലഭിക്കുന്നവരാണ്. എന്നാൽ പ്ലാസ്റ്റിക് രംഗത്തും ബലൂൺ നിർമ്മാണരംഗത്തും പണിയെടുക്കുന്ന സ്ത്രീ തൊഴിലാളികൾക്ക് മാസം 1000 രൂപയിൽ താഴെയാണ് വരുമാനം. കെട്ടിട നിർമ്മാണരംഗം ആരോഗ്യപരമായ സാഹചര്യം കാഴ്ചവെക്കുന്നു. വിദേശങ്ങളിലും പുറത്തും ജോലിചെയ്യുന്നവരിൽ കൂടിയുള്ള വരുമാന വർദ്ധനവിന് അനുസരിച്ച് കെട്ടിനിർമ്മാണരംഗവും പുരോഗമിക്കുന്നു. തൊഴിലില്ലായ്മ ധാരാളമുണ്ടെന്ന് പറയുന്നുണ്ടെങ്കിലും കെട്ടിടനിർമ്മാണ രംഗത്ത് ആവശ്യമായ തൊഴിലാളികൾ പഞ്ചായത്തിൽ ലഭ്യമല്ലന്നതാണ് അനുഭവം. കാർഷികമേഖലയിലേക്കെന്ന പോലെ ഈ രംഗത്തെയും തമിഴ്നാട്ടിൽ നിന്നും തൊഴിലാളികൾ വന്നുകൊണ്ടിരിക്കുന്നു. മാന്യമായ

വേതനം ലഭിക്കുന്നുവെങ്കിലും ഈ രംഗത്തേക്ക് തൊഴിൽ രഹിതർ കടന്നുവരാൻ ആഗ്രഹം പ്രകടിപ്പിക്കുന്നില്ല.

അൽപം തൊഴിൽ പരിശീലനം ആവശ്യമുള്ള രംഗമാണിത്. അൽപം കാറ്റും വെയിലും കൊള്ളേണ്ടിവരും എന്നതുകൊണ്ടുമാവാം. മറ്റൊരു കാരണം പാരമ്പര്യ തൊഴിലാളികളായിരുന്നു ഈ മേഖലയിൽ ജോലിചെയ്തിരുന്നത്. പക്ഷേ ഇന്നത് പതുക്കെ മാറിവരുന്നുണ്ട്.

ഇത്രയും കാര്യങ്ങളിൽനിന്നും താഴെ പറയുന്ന കാര്യങ്ങൾ മനസ്സിലാക്കുന്നു.

1. ഏറ്റവും കൂടുതൽ തൊഴിൽ സാദ്ധ്യതയുള്ളത് വ്യാപാര രംഗത്താണ്.
2. പരമ്പരാഗത വ്യവസായങ്ങൾ ആരോഗ്യകരമായ നിലയിലല്ല.
3. ആധുനിക വ്യവസായങ്ങൾ വളർന്നുവന്നിട്ടില്ല.
4. നിലവിലുള്ള മേഖലകളിൽ വ്യവസായ പുരോഗതികൊണ്ടുള്ള നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.
5. പഞ്ചായത്തിന്റെ ജനസംഖ്യയുമായി തട്ടിച്ചുനോക്കുമ്പോൾ ജനങ്ങൾക്കാവശ്യമായ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ഉതകുന്നതും ജനങ്ങൾക്ക് തൊഴിലിൽ നിന്നും കൂടുതൽ വരുമാനം ലഭ്യമാക്കുന്നതും ആയ വ്യവസായ സ്ഥാപനങ്ങൾ പഞ്ചായത്ത് തലത്തിലില്ല. ഈ അവസ്ഥ മാറ്റിയെടുക്കേണ്ടതുണ്ട്.

### പ്രശ്നങ്ങൾ

നിലവിലുള്ള വ്യവസായങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് നോക്കാം. ഈ പരമ്പരാഗത വ്യവസായങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്ന ഓട്ടുപാത്ര നിർമ്മാണം വലിയ പ്രതിസന്ധിയിൽ ആണ്. ഏറ്റവും വലിയ പ്രശ്നം കുടിൽ വ്യവസായമായി നടന്നുവരുന്ന ഈ വ്യവസായത്തിന് ആവശ്യമായ മുതൽമുടക്കാൻ അതാതു കുടുംബങ്ങൾക്ക് കഴിയാറില്ല. നിർമ്മാണത്തിനാവശ്യമായ ഓട്, മെഴുക് മുതലായ അസംസ്കൃത വസ്തുക്കൾ വാങ്ങി സ്റ്റോക്കു ചെയ്യാൻ അവർക്ക് കഴിയാറില്ല. രണ്ടാമതായി ഒരു ഉൽപന്നം തയ്യാറാക്കിയെടുക്കാൻ ദിവസങ്ങളോളം ജോലിചെയ്യേണ്ടിവരും. ആ ദിവസങ്ങളിൽ വരുമാനമില്ലെങ്കിൽ പട്ടിണിയിലാവും. ഉൽപാദിപ്പിച്ച സാധനങ്ങൾ വിറ്റഴിക്കാൻ മാർക്കറ്റ് കണ്ട് പിടിച്ച് ലാഭകരമാക്കി വിറ്റഴിക്കാനുള്ള സാവകാശം സാമ്പത്തിക ഞെരുക്കം മൂലം അവർക്ക് ലഭിക്കാറില്ല. മാത്രവുമല്ല അലൂമിനിയം ഇൻഡാലിയം സ്റ്റീൽ എന്നീ ലോഹങ്ങൾ കൊണ്ടുള്ള പാത്രങ്ങൾ വിപണിയിൽ ഓട്ടുപാത്രങ്ങളെ അപേക്ഷിച്ച് വളരെ വിലകുറവിൽ സുലഭമായി ലഭിച്ചുകൊണ്ടിരിക്കുന്നതിനാൽ ഡിമാന്റ് കുറവും ഈ രംഗത്ത് കടുത്ത ഭീക്ഷണി ഉയർത്തുന്നുണ്ട്.

ഇത്തരം ഒരു പരിതസ്ഥിതിയിൽ വിദഗ്ദരായ ഈ തൊഴിലാളികൾ പ്രാദേശ്ശിക മുതലാളിമാരെ ആശ്രയിച്ചാണ് തങ്ങളുടെ തൊഴിൽ നടത്തിവരുന്നത്. മുതൽമുടക്കുന്നവർ സ്വാഭാവികമായും തങ്ങളുടെ മുടക്കുമുതലിന്റെയും ബുദ്ധിമുട്ടിന്റെയും എല്ലാം തോതനുസരിച്ചുള്ളതും അതിലിരട്ടിയും ലാഭമെടുക്കുന്നു. ഇതു നിമിത്തം തൊഴിലാളിക്ക് അവന്റെ തൊഴിലിനനുസരിച്ച വേതനം ലഭിക്കാതെ വരികയും ദാരിദ്ര്യവും കഷ്ടപ്പാടും കൂടുകയും അതുകൊണ്ടുതന്നെ അവൻ നിരാശബോധത്തിലേക്കും അലസമനോഭാവത്തിലേക്കും നിഷ്ക്രിയത്വത്തിലേക്കും താഴ്ന്നുപോവുകയും ചെയ്യുന്നു. ഉൽപാദനം കുറയുകയും തൻനിമിത്തം വരുമാനം കുറയുകയും ചെയ്യുന്നു. അതിനാൽ ദാരിദ്ര്യം വർദ്ധിക്കുകയും ചെയ്യുന്നു എന്നതാണ് ഇതുകൊണ്ടുണ്ടാവുന്നത്. ഈ മേഖലയിലെ പരമ്പരാഗത തൊഴിൽ വൈദഗ്ദ്യമായ വാർപ്പ്, മൂശയുണ്ടാക്കൽ, സങ്കരലോഹം ഉണ്ടാക്കൽ അത് ഉരുക്കി വാർക്കൽ എന്നിവ ഉപയോഗപ്പെടുത്തി കൂടുതൽ വരുമാനമുണ്ടാക്കാവുന്ന മറ്റു സാദ്ധ്യതകളെപ്പററിയുള്ള പഠനങ്ങളുടെയും പരിശ്രമങ്ങളുടെയും അഭാവം നിമിത്തം ഈ തൊഴിലാളികൾ ഡിമാന്റ് കുറഞ്ഞ ഓട്ടുപാത്ര

നിർമ്മാണ രംഗത്തുതന്നെ തുടരേണ്ടി വരുന്നു. മറ്റൊരു അർത്ഥത്തിൽ പറഞ്ഞാൽ ആവശ്യത്തിൽ കൂടുതൽ തൊഴിലാളികൾ ഈ രംഗത്ത് ഉണ്ടായികൊണ്ടിരിക്കുന്നു അതുകൊണ്ടുതന്നെ തൊഴിലിന്റെ മൂല്യശോഷണം സംഭവിക്കുന്നു.

ഖാദിവ്യവസായരംഗത്ത് മറ്റു എല്ലാപ്രദേശങ്ങളിലും നേരിടുന്ന പ്രശ്നങ്ങൾ മാത്രമേ പഞ്ചായത്തിലുമുള്ളു. കുറഞ്ഞ വേതനം മാത്രമേ ലഭിക്കുന്നുള്ളു. കൂടുതൽ പഠനങ്ങൾ നടന്നപ്പോൾ ഈ തൊഴിലിൽ നിന്നും ശരാശരി 30ക യോളമെ വേതനം ലഭിക്കുന്നുള്ളു. മറ്റു തൊഴിലൊന്നും ലഭിക്കാത്തപ്പോൾ മുട്ടുശാന്തി എന്നനിലയിലെ ഈ മേഖല ആശ്വാസം നൽകുന്നുള്ളു. വ്യവസായ പുരോഗതി കൊണ്ട് ഉണ്ടാകേണ്ട ഒരു നേട്ടവും ഈ മേഖലയിൽ നിന്നും ലഭ്യമല്ല എന്നതാണ് ഏറ്റവും വലിയ പ്രശ്നം. നല്ല സാധനങ്ങൾ ചുരുങ്ങിയ വിലക്ക് സമൂഹത്തിന് ലഭ്യമാകുക, നല്ല വേതനം ലഭിക്കുന്ന ധാരാളം തൊഴിൽ അവസരങ്ങൾ ലഭ്യമാകുക ഉൽപാദന വിപണനംകൊണ്ട് ഗവൺമെന്റിന് റവന്യൂ വർദ്ധനവ് ഉണ്ടാവുക എന്നീ മൂന്ന് ലക്ഷ്യങ്ങളാണ് വ്യവസായ പുരോഗതികൊണ്ട് ഉണ്ടായി തീരേണ്ടത് ഈ മൂന്നു രംഗത്തും മേഖല അതി ദയനീയമായ പ്രതികൂല ഫലങ്ങളാണ് നൽകുന്നത്. ഈ പരിതസ്ഥിതി മാറ്റിയെടുക്കാൻ തൽക്കാലം ഒരു മാർഗ്ഗവും കണ്ടെത്തിയിട്ടില്ല. ഈ പ്രശ്നങ്ങൾക്ക് പരിഹാരം തേടി ദേശീയ തലത്തിൽ തന്നെ ഒരുപാടു പഠനങ്ങൾ നടന്നിട്ടുണ്ട് നടന്നുകൊണ്ടിരിക്കുന്നുമുണ്ട്.

പുതിയതായി പഞ്ചായത്തിൽ തുടക്കം കുറിച്ച സംരംഭമാണ് ബുക്ക്ബൈന്റിങ്ങ് അഥവാ നോട്ടുബുക്കു നിർമ്മാണം. ധാരാളം വിപണനസാദ്ധ്യതയുള്ള ഒരു ഉൽപന്നം. പക്ഷേ ചുരുങ്ങിയ കാലത്തെ പരിചയം നൽകുന്ന പാഠം ആശാവഹമല്ല. 15 ഓളം തൊഴിലാളികളെ ഇപ്പോൾ ഈ രംഗത്തുള്ളു. അവർക്ക് ഏറ്റവും ചുരുങ്ങിയ വേതനം അതായത് ദിവസം 10 രൂപ എന്ന കണക്കിൽ എടുത്ത് ഉൽപാദനം നടത്തിയിട്ടും മാർക്കറ്റിൽ നിലവിലുള്ള വിലനിലവാരത്തേക്കാൾ കൂടുതൽ വില ഉൽപന്നങ്ങൾക്ക് വേണ്ടിവരുന്നു എന്നാണ് കണ്ടത്. അതുകൊണ്ട് മാർക്കറ്റിൽ ഉൽപന്നം വിറ്റഴിക്കണമെങ്കിൽ നഷ്ടം സഹിക്കേണ്ടിവരുന്നു. ഈ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയുന്നതിന് അനുസരിച്ചാണ് ഈ സംരംഭത്തിന്റെ വിജയസാദ്ധ്യത നിലകൊള്ളുന്നത്. ഇതിന് പരിഹാരം കണ്ടാൽ വളരെ വിജയസാധ്യതയുള്ള ഒരു രംഗമാണിത്.

സ്ത്രീ തൊഴിലാളികൾ കൂടുതൽ പണിയെടുക്കുന്ന രംഗമാണ് കൊട്ടനെയ്ത്ത്. കർഷകുടുംബങ്ങളുടെ ആവശ്യങ്ങളെ മുൻനിർത്തിയാണ് ഈ തൊഴിൽ നിലനിന്നത്. നെല്ല് ഉണക്കാനുള്ള പരമ്പ് വളം കോരാനുള്ള വളകൊട്ട നെല്ല് കോരാനുള്ള കൊമ്പോരം അരി ചേറാനുള്ള വട്ടോറം എന്നിവ കർഷകമേഖലയിൽ കൂടുതലായി ഉപയോഗിച്ചിരുന്ന ഉൽപന്നങ്ങളാണ്. ചോറ്റുകൊട്ട കൊട്ടക്കയിൽ എന്നീ അടുക്കള ഉപയോഗസാധനങ്ങളും ഉൽപാദിപ്പിക്കുന്നു. വീടുകൾ വളരെ വർദ്ധിച്ച നിലക്ക് ഈ രംഗം വളരേണ്ടതായിരുന്നു വളർന്നില്ല എന്നു മാത്രമല്ല തളരുകയാണ് ചെയ്തത്. കാരണം ഉപഭോക്താക്കൾ മുളയുടെ പാത്രങ്ങളുടെ സ്ഥാനത്ത് പ്ലാസ്റ്റിക് ഉപകരണങ്ങൾ ഉപയോഗിക്കുന്നു. അതിനു കാരണം പരിഷ്കരണ ഭ്രമത്തോടൊപ്പം വിലക്കുറവുതന്നെ. പഴയ കാലങ്ങളിൽ കൊട്ടനെയ്ത്തിന് ആവശ്യമുള്ള മുള കൊട്ടനെയ്ത്തുകാർക്ക് ഏറെകുറെ സൗജന്യമായി ലഭിച്ചിരുന്നു. മുളക്ക് വിലവർദ്ധിപ്പിച്ചതിനാൽ ഇന്നവർക്ക് സൗജന്യമായി ലഭിക്കുന്നില്ല. വലിയ വിലകൊടുത്ത് മുള വാങ്ങി കൊട്ട നെയ്താൽ നിലവിലുള്ള കൂലിയുമായി തട്ടിച്ച് വില കണക്കാക്കി പറഞ്ഞാൽ ഉപഭോക്താക്കൾക്ക് അത് വലിയ വിലയായി തോന്നും. ഇത് കാരണം നെയ്ത്തുകാർക്ക് തങ്ങൾ ഉണ്ടാക്കുന്ന ഉൽപന്നം വിറ്റഴിക്കാൻ പ്രയാസം നേരിടുന്നു. ഈറ്റ മുള മുതലായവ ചുരുങ്ങിയ വിലക്ക് ലഭിക്കുന്ന പ്രദേശങ്ങളിൽ സംഘടിതമായി നടക്കുന്ന വ്യവസായ കേന്ദ്രങ്ങളിൽ ഉൽപാദിപ്പിക്കുന്ന സാധനങ്ങൾ നാടൻ നിർമ്മിത വസ്തുക്കളെക്കാൾ കുറഞ്ഞ വിലയിൽ മാർക്കറ്റുകളിലൽ ലഭ്യമാകുന്നതിനാൽ പ്രാദേശികമായ സംരംഭങ്ങൾ മന്ദീഭവിച്ചുകൊണ്ടിരിക്കുന്നു.

പ്രാദേശിക ഉപയോഗങ്ങൾക്കുള്ള തൊഴിൽ സാദ്ധ്യത കുറഞ്ഞാൽ മറ്റുമേഖലകളിലേക്കുള്ള അതായത് പേക്കിങ്ങിനുള്ള കൊട്ടപോലെ ഉപകരണങ്ങൾ നിർമ്മിക്കാവുന്നതാണ്. പക്ഷേ ഇതിന് പ്രാദേശികമാർക്കറ്റില്ല. അസംസ്കൃത സാധനങ്ങൾകൊണ്ടുവരാനും ഉൽപന്നം മാർക്കറ്റിൽ എത്തിക്കാനും വേണ്ടിവരുന്ന ട്രാൻസ്പോർട്ടിങ്ങ് ചിലവ് വളരെകൂടുന്നതിനാൽ ഈ കാര്യവും പ്രായോഗികമായി അനുഭവപ്പെടുന്നില്ല. മൊത്തത്തിൽ ഈ പരമ്പരാഗത മേഖല അഭിവൃദ്ധിപെടുത്താൻ പറ്റാത്ത അവസ്ഥയിലാണ്.

മൺപാത്ര വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന അൽപം പേരുടെ സ്ഥിതിയും വലിയ ശുഭപ്രതീക്ഷക്ക് വക നൽകുന്നില്ല. പ്രധാന പ്രശ്നം മാർക്കറ്റിങ്ങ് തന്നെ. ഡിമാന്റ് വളരെ കുറവായിരുന്നു. പക്ഷേ ഇന്ന് സ്ഥിതി അൽപം ഭേദപ്പെട്ടുവരുന്നുണ്ട്. മൺപാത്ര ഉപയോഗത്തിൽ മാറിനിന്നിരുന്ന ജനങ്ങൾ വീണ്ടും കുറേശ്ശേയായി മൺപാത്ര ഉപയോഗത്തിലേക്ക് തിരിയുന്നതും പൂച്ചെടി വളർത്തുന്നതിൽ വളർന്നുവരുന്ന അഭിരുചി പൂചെട്ടികൾക്ക് ആവശ്യക്കാരെ ഉണ്ടാക്കുന്നതിനാലും വിപണന സാദ്ധ്യത വളർന്നുവരുന്നതായി കാണുന്നു. പക്ഷേ വിലയിൽ വരുന്ന വർദ്ധന ഉപഭോക്താക്കളെ അകറ്റി നിർത്തുന്നു. നിർമ്മാണാവശ്യത്തിനുവേണ്ടി വരുന്ന കളിമണ്ണ് പഞ്ചായത്തിൽ ലഭ്യമല്ലാത്തതിനാൽ ദൂരദിക്കുകളിൽ നിന്നും കൊണ്ടുവരേണ്ടതുണ്ട്. കളിമണ്ണിന് പണംകൊടുക്കേണ്ടിവരുന്നതോടൊപ്പം ട്രാൻസ്പോർട്ടിങ്ങ് ചിലവും കൂടിവരുന്നു. പാത്രം ചൂളക്ക് വെക്കാനുള്ള ചകിരി, വെയ്ക്കോൽ എന്നിവയ്ക്കും വില വളരെ കൂടുതലാണ്. പാത്ര നിർമ്മാതാക്കൾ തങ്ങളുടെ ഉൽപന്നങ്ങൾക്ക് ആവശ്യക്കാരെ തേടി ഗ്രാമപ്രദേശങ്ങളിൽ വീടുവീടാന്തരം മുട്ടി വിളിക്കേണ്ടതുണ്ട്. രാവിലെ മുതൽ വൈകുന്നേരം വരെ നടന്നാലും ഒന്നും വിൽക്കാതെ മടങ്ങേണ്ട അനുഭവങ്ങളും അവർക്കുണ്ട്. ഇത് കൊണ്ടൊക്കെ തന്നെ തൊഴിലിൽ ഏർപ്പെട്ടവർക്ക് വളരെ കുറഞ്ഞവരുമാനേ ലഭിക്കൂ. അതിനാൽ അവരുടെ ജീവിതം വളരെ ദയനീയവും!!

ബീഡി തെറുപ്പു രംഗം വളന്നുവരുന്നതായി കാണുന്നു. കൂടുതൽ പേർ ഈരംഗത്തേക്ക് കടന്നുവരുന്നു. പക്ഷേ ഇതിന് ഒരു സംഘടിതമേഖലയല്ല. പലസ്വകാര്യ കമ്പനികൾക്കുമായി, ഏജന്റുമാർ ബീഡിതെറുപ്പിക്കുകയാണ്. ബീഡിയിലയും, പുകയിലയും ഏജന്റുമാരിൽ നിന്നും വാങ്ങി വീട്ടിൽ കൊണ്ടുപോയി ബീഡിയാക്കി ഏജന്റിനെ ഏൽപിച്ച് കൂലിവാങ്ങുന്നു. 99.5 ശതമാനവും സ്ത്രീകളാണ് ഈ രംഗത്തുള്ളത്. മിതമായ കൂലി ലഭിക്കുന്നില്ലെങ്കിലും, വീട്ടിലിരുന്ന് ഒഴിവുസമയം പണിചെയ്തു കാശുണ്ടാക്കാം എന്ന നിലക്ക് പല വീടുകൾക്കും ഈ തൊഴിൽ വളരെ ഉപകാരപ്രദമായിരിക്കുന്നു. മുതൽ മുടക്കോ, ഉൽപ്പന്നം വിറ്റഴിക്കേണ്ട ബാദ്ധ്യതയോ ഒന്നും ആവശ്യമില്ലാത്തവരാണ് ഇതിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ. സ്ത്രീജനങ്ങൾക്ക് കൂടുതൽ തൊഴിൽ ലഭിക്കാവുന്ന ഒരു മേഖലയായി ഇതിനെ കണക്കാക്കാം. പക്ഷേ തൊഴിലിൽ ഏർപ്പെടണമെങ്കിൽ അൽപം പരിശീലനം ആവശ്യമാണ്. അപ്രകാരം പരിശീലനം നൽകാവുന്ന സംവിധാനങ്ങളില്ലാത്തതുകൊണ്ട് കൂടുതൽ പേർ ഈ രംഗത്തേക്ക് കടന്നുവരുന്നില്ല. പഞ്ചായത്ത് തലത്തിൽ ബീഡികമ്പനികൾ ഒന്നും ഇല്ലാത്തതും, കൂടുതൽ പേർ ഈരംഗത്തേക്ക് വരാതിരിക്കാൻ ഒരു കാരണമാണ്. പപ്പട നിർമ്മാണരംഗം വലിയ സാദ്ധ്യതയുള്ള മേഖലയല്ല. കൂടുതൽ പേർക്ക് തൊഴിൽ ലഭിക്കാവുന്ന ഒരു മേഖലയല്ല ഇത് എന്ന് കാണുന്നു. നാടൻ മാർക്കറ്റിനെ ആശ്രയിച്ചാണ് ഈ വ്യവസായം ചുരുങ്ങിയതോതിൽ നടന്നുവരുന്നത്. ഉൽപ്പന്നത്തിനാവശ്യമായ ഉഴുന്ന്മാവ് മുതലായവയും, വിലക്കയറ്റവും, വിലമാറ്റവും ഈ രംഗം നേരിടുന്ന വലിയ പ്രശ്നമാണ് ഉണ്ടാക്കുന്നത് ഉൽപന്നം കൂടുതൽ ദിവസം സ്റ്റോക് ചെയ്യാൻ പറ്റാത്തതിനാൽ, ഡിമാന്റ് അനുസരിച്ചേ ഉൽപാദനം നടത്താൻ കഴിയൂ. എന്നതിനാൽ തൊഴിലവസരങ്ങൾക്ക് പരിമിതികളുണ്ട്.

മറ്റൊരു തൊഴിലവസരമേഖലയായ ടയലറിങ്ങ് ക്രമേണ പ്രതിസന്ധിയെ നേരിടുകയാണ്. ജനസംഖ്യയുടെ വളർച്ചയ്ക്കനുസൃതമായി വളർന്നുവരേണ്ടതായിരുന്ന. ഈ മേഖലയിൽ, തൊഴിൽ

സാദ്ധ്യത കുറഞ്ഞുവരുന്നതായി കാണുന്നു. പുരുഷൻമാരും സ്ത്രീകളും തൊഴിൽ ചെയ്യുന്ന ഈ രംഗത്ത് സ്ത്രീകൾ കൂടുതൽ സ്വന്തം വീടുകളെ കേന്ദ്രീകരിച്ചും പുരുഷൻമാർ കൂടുതൽ തയ്യൽ കടകളെ ആശ്രയിച്ചുമാണ് തൊഴിൽ ചെയ്യുന്നത്. റെഡിമെയ്ഡ് വസ്ത്രങ്ങളുടെ തള്ളിക്കയറ്റം ഈ രംഗത്ത് തൊഴിൽലവസരം നഷ്ടപ്പെടാനുള്ള പ്രധാനകാരണമാണ്. പെൺകുട്ടികളുടെ ബ്ലൗസ് പാവാട എന്നിവയുടെ നിർമ്മാണമായിരുന്നു. ഈ രംഗത്ത് കൂടുതൽ നടന്നു വന്നിരുന്നത്. എന്നാൽ ചുരിദാർ മേക്സി എന്നിവയിലുള്ള അഭിരുചി ഈ തൊഴിലവസരം മന്ദീഭവിപ്പിക്കുന്നു. റെഡിമെയ്ഡ് സംസ്കാരത്തിനനുസൃതമായി തൊഴിലാളികളെ പുനഃപ്രതിഷ്ഠിക്കാനുള്ള ശ്രമങ്ങൾ നടന്നു കാണുന്നില്ല. തൊഴിലവസരം കുറഞ്ഞുകൊണ്ടിരുന്നപ്പോൾ കൂടുതൽപേർ ഈ രംഗത്തേക്ക് തൊഴിൽചെയ്യാൻ വന്നതും ഈ തൊഴിലിൽ ഏർപ്പെട്ടിരുന്നവരുടെ വേതനത്തിൽ ഗണ്യമായ കുറവുവരുത്തിയിട്ടുണ്ട്. ബേങ്കുകളിൽ നിന്നും മറ്റും വിതരണം ചെയ്ത തയ്യൽ മെഷീനുകൾ ഗ്രാമങ്ങളിൽ പെരുകി. ഗ്രാമപ്രദേശങ്ങളിലെ തൊഴിൽ സാധ്യതകളെപ്പറ്റി പഠിച്ച് ആസൂത്രണബോധത്തോടെ ആയിരുന്നില്ല ഈ വിതരണം. വർദ്ധിച്ചുവരുന്ന ടൈലർമാർക്ക് കൃത്യമായ തൊഴിൽ ഉറപ്പുവരുത്താൻ ഒരു സംവിധാനവും ഉണ്ടായിരുന്നില്ല. മുമ്പുണ്ടായിരുന്നവരും പുതിയതായി വന്നവരും ഒരുപോലെ പരുങ്ങലിലായി എന്നതാണ് ഫലം. പഞ്ചായത്തിലെ ആശാരിപണി അഥവാ മരപ്പണി വലിയ പ്രതി സന്ധിയൊന്നും നേരിടുന്നില്ല. പ്രധാനമായും ഭവനനിർമ്മാണവുമായാണ് ഈ മേഖലയിൽ കൂടുതൽ തൊഴിൽ ലഭിച്ചിരുന്നത്. പ്രധാനമായും വീടുകളുടെ മേൽപ്പുര നിർമ്മാണത്തിലായിരുന്നു കൂടുതൽ തൊഴിലവസരം ലഭിക്കുന്നത്. മേൽപ്പുര നിർമ്മാണ് കോൺക്രീറ്റ്കൊണ്ടാക്കി മാറ്റിയപ്പോൾ തൊഴിലവസരം കുറയുമെന്ന് കണക്കാക്കപ്പെട്ടിരുന്നു. പക്ഷേ ആധുനികഭവനങ്ങളിൽ മേൽപ്പുരയുടെ പണിനഷ്ടപ്പെട്ടപ്പോൾ കട്ടിളകൾ, ജനലകൾ അവയുടെ വാതിലുകൾ കൂടുതൽ അലമാരകൾ ഷോക്കെയ്സുകൾ ഫർണീച്ചറുടെ എന്നിവയുടെ പണി വളരെയധികം വർദ്ധിച്ചു. അതുകൊണ്ടുതന്നെ നല്ല തൊഴിലവസരവും കൂടുതൽ വേതനവും ഈ രംഗത്തുണ്ട്. പക്ഷേ കൂടുതൽ ആളുകൾ ഈ രംഗത്തേക്കു വരുന്നില്ല. കാരണം ഇതു ഒരു കുലതൊഴിൽ ആണ്. ആശാരി സമുദായമാണ് ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നത്. ആശാരിയുടെ മകൻ ആശാരിയാകുന്നു. പരിശീലനം ലഭിക്കുന്നു. മറ്റുള്ളവർക്ക് പരിശീലനം ലഭിക്കുവാനുള്ള അവസരകുറവാണ് പ്രധാന പ്രശ്നം.

കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് സാദ്ധ്യതയുള്ളതും നല്ല വേതനം ലഭിക്കുന്നതുമായ രംഗങ്ങളാണ് പടവ്, തേപ്പ് മുതലായവ. പഞ്ചായത്തിൽ പുറത്തുനിന്നും വരുന്ന തൊഴിലാളികളാണ് പഞ്ചായത്തിന്റെ ആവശ്യങ്ങളിൽ കുറേഭാഗം നിറവേറ്റുന്നത്. പഞ്ചായത്തിനാവശ്യമായ തൊഴിലാളികൾ ഇവിടെയില്ല. പരിശീലനം ലഭിക്കാനുള്ള അവസരകുറവും നേടാനുള്ള സന്നദ്ധകുറവും ആണ് പ്രധാനപ്രശ്നം ഇതുവരെയും പ്രധാനമായി ഗൾഫ് വരുമാനമത്തെ ആശ്രയിച്ച് നടന്നുവന്നിരുന്ന നിർമ്മാണപ്രവർത്തനങ്ങൾ ഗൾഫ് വരുമാനം കുറഞ്ഞതുകൊണ്ട് മന്ദീഭവിക്കുവാൻ ഇടയുണ്ട്. പക്ഷേ ഭവനനിർമ്മാണ രംഗത്ത് ഗവൺമെന്റ് തലത്തിലുള്ള ലോണുകളും സ്ബസീഡികളും ലഭിക്കാൻ തുടങ്ങുന്നതോടെ രംഗം സജീവമായി തുടരാനാണ് സാദ്ധ്യത.

പഞ്ചായത്തിൽ കൂടുതൽ തൊഴിലവസരം നൽകി ഒരു വ്യാപാര മേഖല ക്രമത്തിൽ വളർന്നു വരുന്നുണ്ട്. ജനങ്ങളുടെ ക്രയവിക്രയ ശേഷി വർദ്ധിക്കുന്നതിനോടൊപ്പം വർദ്ധിച്ചുവരുന്നു. ടൈലറിങ്ങിനെ പറ്റി പറഞ്ഞപോലെ ആവശ്യത്തിൽ കൂടുതൽ പേർ ഈ രംഗത്ത് വരുന്നുവെന്നു കാണുന്നു. അതിനാൽ വരുമാനത്തിൽ കുറവ് വരുന്നുണ്ട്. എന്നാൽ അത് വലിയ പ്രതിസന്ധിയൊന്നും സൃഷ്ടിച്ചിട്ടില്ല. പുറത്തുനിന്നും സാധനങ്ങൾ കൊണ്ടുവന്ന് പഞ്ചായത്തിൽ വിൽക്കുക എന്നതിനെപ്പറ്റി ആശ്രയിച്ചാണ് വ്യാപാരം നിൽക്കുന്നത്. പഞ്ചായത്തിൽ നിന്നും ഉൽപന്നങ്ങൾ പുറത്തുകൊണ്ടുപോയി വിൽക്കാൻ കാര്യമായിയൊന്നുമില്ല. അടക്ക, നാളികേരം എന്നിവയെ മാത്രം ആശ്രയിച്ച് അൽപം സാധ്യതതയുണ്ടെന്ന് മാത്രം പാരമ്പര്യ വ്യവസായങ്ങളുടെ സ്ഥിതിയും ആ രംഗത്തുള്ള പ്രശ്നങ്ങളാണ് നാം ഇതുവരെ പറഞ്ഞത്. ഇനി പറയുന്നത് ആധുനിക വ്യവാസയങ്ങളെപ്പറ്റിയാണ്. പഞ്ചായത്തിലുള്ള ചെറിയ സംഭരങ്ങൾ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം ഊർജ്ജം തന്നെയാണ്. എല്ലാ സംരംഭങ്ങളും ഇലക്ട്രിസ്റ്റിയെ ആശ്രയിച്ച് പ്രവർത്തിക്കുന്നവയാണ്. പവർകട്ടും ലോഡ്ഷെ

സ്ലിംങ്ങും നിമിത്തം ഒറ്റ സ്ഥാപനവും കൃത്യമായി പ്രവർത്തിപ്പിക്കുവാൻ കഴിയുന്നില്ല. ഉള്ള തൊഴില വസരങ്ങൾ നഷ്ടപ്പെടുന്നു. തൊഴിലാളികളും തൊഴിലുടമയും ഒരുപോലെ കഷ്ടനഷ്ടങ്ങൾ അനു ഭവിക്കുന്നു. രണ്ടാമത്തെ പ്രശ്നം സുഖമമായ ഗതാഗതസൗകര്യമില്ലായ്മയാണ്. തങ്ങളുടെ സ്ഥാപ നങ്ങൾക്കാവശ്യമായ സാധനങ്ങൾ കൊണ്ടുവരാനും, ഉണ്ടാക്കിയ സാധനങ്ങൾ മാർക്കറ്റുകളിൽ എത്തിക്കുവാനും ആവശ്യമായതിൽ കൂടുതൽ സമയം വേണ്ടിവരുന്നതിനാൽ ആ നിലയിൽ ചിലവ് വർദ്ധിക്കുന്നു. ഈ ചിലവ് വർദ്ധന ഉൽപ്പന്നത്തിന്റെ വില വർദ്ധനയിൽ കലാശിക്കും. ഇത് ഉൽപ ന്നത്തിന്റെ വിപണനത്തെ ബാധിക്കും.

പുതിയ സംരംഭങ്ങൾ പഞ്ചായത്തിൽ ഒരുപാടുണ്ടാവേണ്ടതുണ്ട്. പ്രതിസന്ധിയെ നേരിടുന്ന പരമ്പരാഗത രംഗത്തെ തൊഴിലാളികളെ പുനരധിവസിപ്പിക്കുവാനും വർദ്ധിച്ചു വരുന്ന തൊഴിൽരഹി തർക്ക് തൊഴിൽ നൽകുവാനും പഞ്ചായത്തിന്റെ പുരോഗതിക്കാക്കം കൂട്ടുവാനും പുതിയ സംരംഭ ങ്ങൾ തുടങ്ങാൻ യുദ്ധകാലഅടിസ്ഥാനത്തിൽ തന്നെ ശ്രമിക്കേണ്ടതുണ്ട്. പക്ഷേ ഒരുപാട് പ്രശ്ന ങ്ങൾക്ക് പരിഹാരം കണ്ടാലെ ഇത് സാദ്ധ്യമാവൂ. പ്രശ്നങ്ങളിൽ പ്രധാനം നിലവിലുള്ളവ നേരിടു ന്നവ തന്നെ; ഊർജ്ജവും ഗതാഗതവും. അത് രണ്ടും മാറ്റി നിർത്തിയാൽ ഒരുപാട് പ്രശ്നങ്ങൾ ഉണ്ട്. ഏത് ഒരു കാര്യത്തിന്റെയും പുരോഗതി നിലകൊള്ളുന്നത് ഇച്ഛാശക്തിയിലാണ്. ഇച്ഛാശക്തി ഉൽഭൂതമാകുന്നത് ആവശ്യത്തിൽനിന്നും തങ്ങളുടെ ജീവിതനിലവാരം ഉയർത്തണമെന്നും അതിനു കൂടുതൽ വരുമാനമുണ്ടാകണമെന്നും അതിലൂടെ തന്റെയും സമൂഹത്തിന്റെയും പുരോഗതി ഉറപ്പാക്ക ണമെന്നും നാം ആഗ്രഹിക്കണം. അതിനായി തന്നാൽ കഴിയുന്നത് താൻ ചെയ്യണം എന്ന ബോധം ഉണ്ടായേ തീരൂ. തനിക്കൊരു തൊഴിൽ താൻ തന്നെ കണ്ടെത്തണം. എന്നാൽ ആഗ്രഹത്തിന്റെ അഭാവം നമ്മുടെ ഇടയിൽ കാണപ്പെടുന്നു. തൊഴിൽ നൽകേണ്ടത് സർക്കാരിന്റെ ബാദ്ധ്യതയാണ്. നിർഭാഗ്യവശാൽ നാം കണക്കാക്കുന്നത് ഇത് നമ്മുടെ അവകാശമായി കാണാൻ നാം പഠിച്ചിരിക്കു ന്നു. നമ്മുടെ ബാദ്ധ്യതകളെ പറ്റി നാം വിസ്മരിക്കുകയും ചെയ്യുന്നു ഈ മാനസിക അവസ്ഥയാണ് വ്യവസായ രംഗം നേരിടുന്ന മറ്റൊരു പ്രശ്നം. വ്യവസായങ്ങൾ ഉണ്ടാകണമെങ്കിൽ ഭാവയും പരിശീ ലനവും പരിശ്രമവും ആവശ്യമാണ്. നമ്മൾ വിദ്യാസമ്പന്നരാണ് എന്നഭിമാനിക്കുന്നു. പക്ഷേ വിദ്യാ സമ്പന്നത വ്യവസായ പുരോഗതിക്കാക്കം കൂട്ടുന്ന വിധത്തിലല്ല. വ്യവസായരംഗത്ത് അത്യാവശ്യമായ കണക്കെഴുത്തും എഴുത്തുകുത്തുകളും നടത്താൻ ഉള്ള കഴിവ് വിദ്യാഭ്യാസം നമുക്ക് നൽകുന്നുണ്ട് എന്നതു വിസ്മരിക്കുന്നില്ല. പക്ഷേ ആധുനിക വ്യവസായങ്ങൾക്കാവശ്യമായ സാങ്കേതിക ആശയ ങ്ങളോ തൊഴിൽ വൈവിദ്ധ്യമോ നൽകാൻ ആവുന്ന വിദ്യാഭ്യാസ ലഭ്യതയുടെ അഭാവം വികസനം നേരിടുന്ന പ്രശ്നങ്ങളിൽ ഒന്നാണ്.

അപൂർവ്വമായി കാണുന്ന വൈവിദ്ധ്യം പ്രയോഗത്തിൽ വരുത്താൻ വേണ്ടിവരുന്ന സാമ്പത്തിക ലഭ്യതയുടെ അഭാവം മറ്റൊരു പ്രശ്നമാണ്. സാമ്പത്തിക രംഗത്ത് ഇന്ന് ഏറ്റവും കൂടുതൽ ബാദ്ധ്യത വരുത്തുന്നത് സ്ഥലം ആണ്. ആവശ്യമായ സ്ഥലം ലഭിക്കാൻ ഭൂമിയുടെ ക്രമാതീതമായ വിലക്കയറ്റം വലിയ ഒരു വിലങ്ങുതടിയാണ്. വഴിയും, ഊർജ്ജവും ഏളിയതോതിലെങ്കിലും ലഭ്യമാകുന്ന ഒരു സ്ഥലം ലഭ്യമാക്കുക ചെറിയ സംരംഭങ്ങൾക്ക് താങ്ങാൻ പറ്റാത്ത ബാദ്ധ്യത വരുത്തുന്നു. ആശയങ്ങ ളുള്ളവരുടേയും സമ്പത്തുള്ളവരുടേയും വൈവിദ്ധ്യമുള്ളവരുടെയും കൂട്ടായ്മയുടെ അഭാവം, പുതിയ സംരംഭങ്ങൾ പിറവിയെടുക്കുന്നതിന് സാദ്ധ്യത കുറക്കുന്നു.

പരിഹാരങ്ങൾ

ഇത്വരെയും പറഞ്ഞുവരുന്നത് നിലവിലുള്ള പ്രശ്നങ്ങളാണ്. ഏതൊരു കാര്യത്തിന്റെയും വിജയം, അവ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ട് പിടിച്ച് പരിഹരിക്കുന്നതിലാ ണ്. നമ്മുടെ മുമ്പിലുള്ള പ്രശ്നങ്ങൾക്ക് ഗ്രാമസഭകളിലൂടെ ഉൽതിരിഞ്ഞ് വന്ന പരിഹാര നിർദ്ദേശ ങ്ങൾ എന്താണെന്നു നോക്കാം.

പരമ്പരാഗത വ്യവസായ രംഗത്ത് മുൻപന്തിയിൽ നിൽക്കുന്ന ഓട്ടുപാത്രനിർമ്മാണം തന്നെ ആദ്യം എടുക്കാം. ഈ മേഖല സൗകരാര്യമുതലാളിമാരുടെ ചൂഷണത്തിൽ നിന്നും മോചിപ്പിക്കണ

മെന്ന നിർദ്ദേശമാണ് പൊന്തിവന്നത് ഇതെങ്ങനെ? മൂശാരിമാർക്ക് ആവശ്യമായ സാമ്പത്തിക സഹായം നൽകുക വ്യക്തിഗതമായോ സഹകരണാടിസ്ഥാനത്തിലോ ഇത് നടപ്പിലാക്കാം. പക്ഷേ ഈ രണ്ടു സംരംഭങ്ങളും പ്രയോഗിച്ച് ഉദ്ദിഷ്ടഫലം ലഭിക്കാതെ പരാജയപ്പെട്ടിട്ടുണ്ട്. കടവല്ലൂർ സോസൈറ്റിയുടെ ആഭിമുഖ്യത്തിലായിരുന്നു ഇത്. തൊഴിലാളികളുടെ ഭാഗത്തുനിന്നും സത്യസന്ധവും ആത്മാർത്ഥവുമായ സഹകരണത്തിന്റെ അഭാവമാണ് പരാജയകാരണമായി കണ്ടെത്തിയത്. ബാങ്കുകൾ മുഖേന ലഭ്യമാക്കിയ സാമ്പത്തിക സഹായവും പ്രസ്തുത കാരണത്താൽ വേണ്ടത്ര വിജയം കണ്ടില്ല. ഇതിനു കാരണം ദരിദ്രവിഭാഗങ്ങളിൽപ്പെടുന്ന ഈ തൊഴിലാളികളുടെ പരിതസ്ഥിതി വസ്തുനിഷ്ഠമായി വിലയിരുത്താതെയാണ് ഈ ശ്രമങ്ങളെല്ലാം നടന്നത്. പെട്ടെന്ന് കുറച്ച് പണം അവർക്ക് നൽകിയാൽ ആവശ്യത്തിന് വരുമാനമില്ലാതെ കഷ്ടപ്പെടുന്ന അവർ ലഭിക്കുന്ന പണം അത്യാവശ്യമായ മററുരംഗങ്ങളിലേക്ക് ഉപയോഗിക്കും. പ്രശ്നം പരിഹരിക്കപ്പെടാതെ കിടക്കുകയും ചെയ്യും ഇതിന് പരിഹാരമായി നിർദ്ദേശിക്കപ്പെടുന്നത് മേഖലയിൽ ജോലിചെയ്യുന്നവരുടെ സംഘടന രൂപീകരിച്ച് അവർക്ക് വ്യക്തമായ നിർദ്ദേശങ്ങൾ നൽകി ബോധവൽകരിച്ച് അവരിൽ നിന്നുതന്നെ കാര്യങ്ങൾ കൈകാര്യം ചെയ്യാൻ പ്രാപ്തിയുള്ളവരെ കണ്ടെത്തി ചുമതലയേൽപ്പിച്ച് പഞ്ചായത്ത് തലത്തിൽ നേതൃത്വം നൽകി ഒരു സംഘടനയുണ്ടാക്കുക. അവരുടെ ആവശ്യങ്ങൾക്ക് സ്വകാര്യമുതലാളിമാരെയോ ബ്ലെയ്ഡ് കമ്പനികളെയോ ആശ്രയിക്കാതെ, പണം ലഭ്യമാക്കാനും, തൊഴിലിനാവശ്യമായ അസംസ്കൃത വസ്തുക്കൾ ലാഭകരമായി യഥേഷ്ടം ലഭ്യമാക്കാനും, ഉൽപന്നങ്ങൾക്ക് ലാഭകരമായ വില ലഭിക്കാനുതകുന്ന മാർക്കറ്റ് ലഭിക്കും വരെ ഉൽപ്പന്നങ്ങൾ ശേഖരിച്ച് വെക്കാനും ആവശ്യമായ മൂലധനം ഉണ്ടാക്കുകയും ഈ മൂലധനത്തിൽ നിന്നും അവർക്ക് അത്യാവശ്യമായിവരുന്ന ഘട്ടത്തിൽ വളരെ ചുരുങ്ങിയ പലിശക്ക് അവർക്ക് പണം ലഭിക്കണം. തൊഴിലിന് മിതമായ കൂലി നിശ്ചയിച്ച് നൽകണം. സാധനങ്ങൾ വിറ്റ് ലാഭം ഉണ്ടായാൽ ലാഭം അനുപാതികമായി വീതിച്ചു നൽകുക. ഇപ്രകാരം ഒരു ക്രമീകരണം ഉണ്ടാക്കിയാൽ അവരുടെ ജീവിതം അഭിവൃദ്ധിപ്പെടുത്താനും വ്യാവസായം നിലനിറുത്താനും കഴിയും എന്ന് കണക്കാക്കുന്നു. തൊഴിലാളി ഒന്നിന് പതിനായിരം ഉറുപ്പിക എങ്കിലും മൂലധനം ഉണ്ടാകണം.

ഉൽപന്നങ്ങൾക്ക് മാർക്കറ്റ് ഡിമാന്റ് കുറവ് അനുഭവപ്പെടുന്നു എന്നതിനാൽ കൂടുതൽ തൊഴിലവസരങ്ങൾ ഈ മേഖലയിൽ ഉണ്ടാക്കാവതല്ല. അതിന് പരിഹാരമായി നിർദ്ദേശിക്കപ്പെടുന്നത് അവരുടെ തൊഴിൽ വൈദഗ്ദ്ധ്യം മറ്റു മേഖലയിൽ ഉപയോഗിക്കുക എന്നതാണ് മിഷനറി ഉപകരണങ്ങളുടെ ഭാഗങ്ങൾ വാർക്കുക മുതലായവ നിർദ്ദേശിക്കുന്നു. വളരാൻ സാധ്യതയുള്ള ഒരു രംഗമാണത്. ഏതൊക്കെ എപ്രകാരം എന്നതൊക്കെ പഠനങ്ങൾ അർഹിക്കുന്നു. സത്വരശ്രദ്ധ പതിപ്പിക്കേണ്ട ഒരു വിഷയമായി ഇത് നിർദ്ദേശിക്കുന്നു.

ഖാദി വ്യവസായം അഭിവൃദ്ധിപ്പെടുത്താൻ നിർദ്ദേശങ്ങൾ ഒന്നും തന്നെയില്ലെന്നു പറയാം. കൂടുതൽ പേർക്ക് പരിശീലനം നൽകാൻ സംവിധാനം ഉണ്ടാകണമെന്നതാണ് പ്രധാന നിർദ്ദേശം. പക്ഷേ നിലവിലുള്ള പരിതസ്ഥിതി പഠിച്ചതിൽ നിന്നും, തറി മാറി സ്ഥാപിക്കാൻ ഒരു മുഴുസമയ തൊഴിൽ മേഖലയാക്കി വളർത്തുന്നതിന് പകരം, പരിശീലനം ലഭിച്ചവർക്ക് വീടുകളിൽ സാമ്പത്തിക സഹായം നൽകി വീട്ടമ്മമാർക്ക് ഒഴിവുസമയ ജോലി എന്ന നിലയിലേക്ക് ഇതിനെ മാറ്റിയെടുക്കുന്നതായിരിക്കും നല്ലത്. ഇത് ഒരു മുഴു സമയ തൊഴിലാക്കുന്നവർക്ക് വേണ്ടത്ര വേതനം ഈ മേഖല നേടികൊടുക്കുന്നില്ല എന്നതാണ് പ്രശ്നം. വീട്ടിലാണെങ്കിൽ സമയം കണക്കാക്കാതെ പണിയെടുക്കുകയും ചെയ്യാം. മൺപാത്ര നിർമ്മാണത്തിനും ഓട്ടുപാത്ര നിർമ്മാണരംഗത്തെപോലെ സംഘടനയും അതുവഴി സാമ്പത്തിക സഹായവും നൽകാവുന്നതാണ്. കൊട്ടനെയ്ത് ചെറിയ തോതിൽ മാത്രമേ നിലനിറുത്താൻ കഴിയൂ. ഗ്രാമത്തിന്റെ ആവശ്യങ്ങളെ മാത്രം ആശ്രയിച്ചേ മിതമായ വരുമാനം ലഭിക്കത്തക്കവിധത്തിൽ ഇവ നിലനിറുത്താനാകൂ. മറ്റു ശ്രമങ്ങളൊക്കെ പരാജയംപ്പെട്ടതായാണ് അനുഭവം.

പ്രശ്നങ്ങളുടെ കൂട്ടത്തിൽ പരാമർശിക്കപ്പെടാതെപോയ ഒരു വിഭാഗമാണ് തട്ടാൻമാർ അഥവാ സ്വർണ്ണപണി. പ്രശ്നങ്ങൾ തൊഴിൽ മേഖലയിലില്ല. പക്ഷേ സ്വകാര്യ വ്യക്തികളുടെ മുതൽ മുട

ക്കിനെ ആശ്രയിച്ചാണ് ഇവരുടെ തൊഴിൽ. ഇതിന്റെ ഫലമായുള്ള ചൂഷണത്തിന് ഈ വിഭാഗവും വിധേയരാകുന്നുണ്ട്. പക്ഷേ പരിഹാരമാർഗ്ഗം വലിയ മുതൽ മുടക്കിനെയും, പല സങ്കീർണ്ണ പ്രശ്നങ്ങളെയും ആശ്രയിച്ചു നിൽക്കുന്നതാണ്. നിലവിലുള്ളതിനേക്കാൾ സ്ഥിതിമെച്ചമാക്കാൻ പ്രായോഗികമായനിർദ്ദേശങ്ങളില്ല. തൊഴിലെളുപ്പമാകാൻ പറ്റാവുന്ന ചില നിർദ്ദേശങ്ങളുണ്ട്. ലോഹങ്ങളെ തകിടുകളാക്കാനും മറ്റുമുള്ള മിഷ്യൻ ഉപകരണങ്ങൾ സഹകരണാടിസ്ഥാനത്തിൽ സ്ഥാപിക്കാൻ വേണ്ട സഹായം ലഭ്യമാക്കിയാൽ വേണ്ട സാമ്പത്തിക സഹായം ലഭ്യമാക്കിയാൽ അതവർക്ക് വളരെ ഗുണം ചെയ്യും. പണിയുടെ ഭാരം കുറയുകയും കൂടുതൽ ലാഭം ഉണ്ടാകുകയും ചെയ്യും. പരമ്പരാഗതമായി ഈ തൊഴിലിൽ മറ്റുള്ളവർക്ക് കൂടെ പരിശീലനം ലഭ്യമാക്കാനുതകുന്ന സംവിധാനങ്ങൾ ഉണ്ടാകണമെന്നും നിർദ്ദേശിക്കപ്പെടുന്നു. മരപ്പണിരംഗത്ത് സഹകരണസംഘർഷം രൂപീകരിച്ച് കാർപ്പന്ററി വർക്ക് ഷോപ്പുകൾ സ്ഥാപിച്ച് രംഗം കൂടുതൽ യന്ത്രവൽക്കരിച്ചാൽ തൊഴിൽ ഭാരം കുറയ്ക്കാനും ഉൽപാദനക്ഷമത വർദ്ധിപ്പിക്കാനും കൂടുതൽ വരുമാനമുണ്ടാക്കാൻ കഴിയും.

ടയ്ലറിങ്ങ് മേഖലയിൽ റെഡിമെയ്ഡും വസ്ത്ര നിർമ്മാണം ആരംഭിക്കുകയാണ് പ്രശ്നപരിഹാരമാർഗ്ഗമായി നിർദ്ദേശിക്കുവാനുള്ളത്. പക്ഷേ ഇത് വലിയ മൂലധനം ആവശ്യമുള്ള രംഗമാണ്. കൂടുതൽ വിലകുറച്ച് തുണിത്തരങ്ങൾ സംഘടിപ്പിക്കുവാനും പേക്കിങ്ങിനും പരസ്യത്തിനും മാർക്കറ്റിങ്ങിനുമെല്ലാം നല്ല മുതൽ മുടക്ക് വേണം. കൂടാതെ കട്ടിങ്ങ് മിഷീൻ നിലവിലുള്ള ചവിട്ടുമെഷീനുകളിൽ ഘടിപ്പിക്കുവാനുള്ള മോട്ടോർ എന്നിവയ്ക്കെല്ലാം മുതൽ മുടക്ക് ആവശ്യമാണ് ഇതിന് പരിഹാരമായി നിർദ്ദേശിക്കപ്പെടുന്നത് മിഷ്യനടിക്കാരുടെ ഒരു സഹകരണസംഘം രൂപീകരിച്ച് വേണ്ടത്ര മൂലധനം ലഭ്യമാക്കുകയെന്നതാണ്.

ബുക്ക്ബൈയിന്റിംഗ് രംഗത്ത് നേരിടുന്ന പ്രശ്നം പഠനവിധേയമാക്കിയപ്പോൾ കണ്ടെത്താൻ കഴിഞ്ഞത് വ്യവസായശാലയിൽ സ്ഥിരം തൊഴിൽ ചെയ്യുന്ന വിധത്തിൽ ഈ സംരംഭം വളർത്താൻ കഴിയില്ല എന്നതാണ് കാരണം, അപ്രകാരം ചെയ്താൽ തൊഴിലാളിയുടെ വേതനത്തിൽ വരുന്ന വർദ്ധനയനുസരിച്ച് ഉൽപന്നത്തിന്റെ വിലയിൽ വർദ്ധനവുണ്ടാകുന്നു. അതിലും കുറഞ്ഞ വിലക്ക് മാർക്കറ്റിൽ നോട്ടുപുസ്തകങ്ങൾ ലഭിക്കുമ്പോൾ നമ്മുടെ ഉൽപന്നം എങ്ങനെ വിറ്റഴിക്കും. അതിന് നിർദ്ദേശിക്കുന്ന പരിഹാരം ഉൽപാദനം കുടിൽ വ്യവസായമാക്കി മാറ്റുക എന്നതാണ്. ഒരു ഒഴിവുസമയ കുടുംബസംരംഭമാക്കിയാൽ വീട്ടിലെ വരുമാനത്തിൽ വർദ്ധനയുണ്ടാക്കുവാൻകഴിയും. വില കൂടുതൽ വരുന്നതിന്റെ മറ്റൊരു കാരണം ആവശ്യത്തിനുള്ള കടലാസുകൾ വാങ്ങുന്നതിൽ വരുന്ന പാകപിഴയാണ്. ലാഭകരമായി കടലാസ് വാങ്ങണമെങ്കിൽ വലിയ അളവിൽ കടലാസുവാങ്ങണം. ഒരു പ്രാവശ്യം പന്ത്രണ്ട് ടൺ കടലാസെങ്കിലും ഒന്നിച്ചെടുക്കണം. കടലാസ് വരയിടാനും പുസ്തകം കട്ട് ചെയ്തെടുക്കാനും മിഷനറികൾ വേണം. കടലാസുകൾ വീട്ടിലെത്തിക്കാനും ഉണ്ടാക്കുന്ന സാധനങ്ങൾ കടയിലെത്തിക്കാനും സംവിധാനം ഉണ്ടാക്കണം. ഇതിനെല്ലാം പറ്റുന്ന വിധത്തിൽ താൽപര്യമുള്ളവരെ ഉൾപ്പെടുത്തി ഒരു സഹകരണസംഘം ഉണ്ടാക്കുക മൂലധനം സ്വരൂപിക്കുക. അടുത്ത് അടുത്ത് വീടുകളുള്ള സ്ഥലങ്ങളെ കേന്ദ്രീകരിച്ച് കേന്ദ്രം സ്ഥാപിക്കുക. വിപണന സാദ്ധ്യതയുള്ള മേഖലയാണിത്.

പരമ്പരാഗത തൊഴിൽമേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് ഗ്രാമീണമേഖലയിൽ കണ്ടെത്തിയ പരിഹാരനിർദ്ദേശങ്ങളാണ് പരാമർശിക്കപ്പെട്ടുപോന്നത്. പക്ഷേ പരമ്പരാഗത വ്യവസായത്തെയും ഗ്രാമജീവിതത്തെയും അഭിവൃദ്ധിപ്പെടുത്തണമെങ്കിൽ ആധുനിക വ്യവസായ സംരംഭങ്ങൾ ഉണ്ടാകുകയേ നിവർത്തിയുള്ളൂ. ആധുനിക വ്യവസായം അഭിമുഖീകരിക്കുന്ന പ്രധാനപ്രശ്നങ്ങളായ ഊർജ്ജത്തിന്റെ കാര്യത്തിലും മറ്റു പ്രദേശങ്ങളുമായി ബന്ധിപ്പിക്കുന്ന ഗതാഗതത്തിന്റെ കാര്യത്തിലും പഞ്ചായത്ത് തലത്തിൽ കാര്യമായി ഒന്നും ചെയ്യാൻ കഴിയില്ല. കുറെചെറുകിട വ്യവസായങ്ങളേ കേന്ദ്രീകരിച്ച് വ്യവസായസംരഭകരുടെയും ഗവൺമെന്റിന്റെയും സഹകരണത്തോടെയും സഹായത്തോടെയും, വിദ്യുച്ഛക്തി ഉൽപാദനസംരംഭങ്ങൾ തുടങ്ങാൻ നമുക്ക് കഴിയുമോ എന്ന് പഠിക്കണം, അപ്രകാരം ഒരു സംരംഭം നമ്മൾ തുടങ്ങുകയാണെങ്കിൽ ഡീസൽ പ്ലാന്റിനേ സാദ്ധ്യതയുള്ളൂ. കൽക്കരി മുതലായ ഇന്ധനങ്ങൾ പലകാരണങ്ങളാൽ പ്രായോഗികമല്ല. ഇക്കാര്യത്തെപ്പറ്റി ഒരു പഠനം റിപ്പോർട്ട്

തയ്യാറാക്കാൻ വേണ്ടുന്ന നടപടികൾ സ്വീകരിക്കണം.

ഗതാഗതമാർഗ്ഗങ്ങൾ കുറ്റമറ്റതാക്കാൻ ഗവൺമെന്റിൽ ശക്തമായ സമ്മർദ്ധം ചെലുത്തണം. പഞ്ചായത്ത് തലഗതാഗതമാർഗ്ഗങ്ങൾ അഭിവൃദ്ധിപ്പെടുത്താൻ തീവ്രശ്രമം നടത്തണം. വ്യവസായവളർച്ചയ്ക്കാവശ്യമായ സാഹചര്യമൊരുക്കുന്നതിൽ മൂന്നാം സ്ഥാനത്ത് നിൽക്കുന്നത് സ്ഥല സൗകര്യമാണ്. ഭൂമിയുടെ വിലക്കയറ്റമാണ് ഈ രംഗത്തെ വെല്ലുവിളി എന്ന് നാം കണ്ടു കഴിഞ്ഞു. ഇതിന് പരിഹാരമായി പഞ്ചായത്തിനെ രണ്ടോ മൂന്നോ മേഖലയായി തിരിച്ച് ഓരോ മേഖലയിലും ഓരോ ഇൻഡസ്ട്രിയൽ ഏരിയകൾ ഗ്രാമപഞ്ചായത്തിന്റെ കീഴിൽ സംഘടിപ്പിക്കുക. പഞ്ചായത്തിന്റെ വ്യവസായാഭിവൃദ്ധിക്ക് ദീർഘവീക്ഷണത്തോടെ നടപ്പാക്കേണ്ട ഒരു പ്രധാന കാര്യമാണിത്. ആ സ്ഥലങ്ങളിലേക്ക് റോഡ് ഇലക്ട്രിക് ലയിൻ, എന്നിവ ഉണ്ടാക്കുകയും, വേണ്ടത്ര വെള്ളം ലഭിക്കുവാനുള്ള മാർഗ്ഗംമുണ്ടാക്കുകയും, ചെയ്യുക. മുന്നേപറഞ്ഞ ഇലക്ട്രിക് ജനറേറ്റുകൾ ഈ ഇൻഡസ്ട്രിയൽ ഏരിയകളിൽ സ്ഥാപിക്കാൻ കഴിയുമോ എന്ന് പഠിക്കുകയും കഴിയുമെന്ന് കണ്ടാൽ അവസ്ഥാപിക്കുകയും ചെയ്യുക.

ഇത്രയും സാഹചര്യങ്ങൾ ഒരുങ്ങിക്കഴിഞ്ഞാൽ പിന്നീട് വരുന്നത് ഇച്ഛാശക്തിയുള്ളവരും, സാങ്കേതിക വിദ്യ പ്രവീണരും, തൊഴിൽ വൈദഗ്ദ്യമുള്ളവരും, സാമ്പത്തികമായി കഴിവുള്ളവരുമായ വ്യക്തികളെ കണ്ടെത്താൻ ശ്രമിക്കണം. അത്തരം വ്യക്തികളുടെ കൂട്ടായ്മക്ക് അത്ഭുതങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞേക്കും. അതിനാദ്യമായിവേണ്ടത് യുവജനങ്ങളിൽ ഒരു വ്യവസായാഭിമുഖ്യം വളർത്തിയെടുക്കലാണ്. നമ്മുടെ ജീവിതം മെച്ചപ്പെടുത്താൻ നമ്മൾ തന്നെ ശ്രമിക്കണമെന്നും ആ ശ്രമംകൊണ്ടേ നമുക്കും നാടിനും പുരോഗതിയുണ്ടാകുകയുള്ളു എന്നും അവരെ ബോദ്ധ്യപ്പെടുത്തണം. ആയതിന് എല്ലാ ജനനായകന്മാരും രാഷ്ട്രീയനേതാക്കളും കലാസാംസ്കാരികനായകരും കൂട്ടായി പരിശ്രമിക്കേണ്ടതുണ്ട്.

ദേശത്തിന്റെ പുരോഗതിയെ ലക്ഷ്യം വെച്ച് ചലിച്ചാൽ ഈ നാട് പുരോഗമിക്കുകതന്നെ ചെയ്യും. രാഷ്ട്രീയവും ദാർശനികവും വർഗ്ഗീയവുമായ സങ്കുചിത ചിന്തകൾ കൈവെടിഞ്ഞ് 'നമ്മൾ ഒന്ന് നാട് ഒന്ന്" നമ്മുടെ നേട്ടം നാടിന്റെ നേട്ടം എന്ന കാഴ്ചപ്പാടോടെ നാം പ്രവൃത്തിക്കേണ്ടിയിരിക്കുന്നു.

പുരോഗമനേച്ഛ ഉണ്ടായാൽ ആവശ്യമായ സഹകാരികളെ കണ്ടെത്താനും അതിനെ ക്രിയാത്മകമാക്കി എടുക്കാം. മുന്നേറാം. ഒരാൾക്ക് സാങ്കേതികമായ ആശയങ്ങൾ ഉണ്ടാകാം പക്ഷേ അത് പ്രാവർത്തികമാക്കാനുള്ള വൈദഗ്ദ്യം ഇല്ല മൂലധനവും ഇല്ല. മറ്റൊരാൾക്ക് ഏതൊരു തൊഴിലും വളരെ വിദഗ്ദമായി ചെയ്യാം. പക്ഷേ മൂലധനമില്ല. ആശയവുമില്ല. മറ്റൊരാൾക്ക് പണമുണ്ട് എന്ത് വ്യവസായം ചെയ്യണം, എങ്ങിനെ ചെയ്യണം എന്നറിഞ്ഞുകൂടാ ഇത്തരം വിത്യസ്തഗുണങ്ങളുള്ള വ്യക്തികൾക്ക് ഒന്നിച്ചുചേരാനും ആശവിനിമയം നടത്താനുമുള്ള ഒരു വേദി ഗ്രാമപഞ്ചായത്ത് തലത്തിൽ ഉണ്ടാക്കിയെടുക്കുക. അതിനാവശ്യമായി ചെയ്യേണ്ടത് ഇത്തരക്കാരുടെയും തൊഴില്നേഷകരുടേയും ഒരു ലിസ്റ്റ് തെയ്യാറാക്കലാണ്. തൊഴിലന്വേഷകരുടെ ഒരു രജിസ്റ്റർ നമ്മൾ ഉണ്ടാക്കിയാൽ തൊഴിൽ അന്വേഷകരിൽ ഏതെല്ലാം തൊഴിൽ അറിയുന്നവരുണ്ടെന്ന് നമുക്ക് കണ്ടെത്താൻ കഴിയും. സാങ്കേതികമോ, വ്യവസായങ്ങളോ ഏതെങ്കിലും ആശയങ്ങളുള്ളവരോ ആയ ആളുകളുടെ രജിസ്റ്ററും വ്യവസായങ്ങളിൽ മുതൽ മുടക്കാൻ തയ്യാറുള്ളവരുടെയും രജിസ്റ്ററും ഉണ്ടാക്കിയാൽ അവരവർക്ക് തന്നെ ഈ രജിസ്റ്ററിലൂടെ തൊഴിൽ കണ്ടുപിടിക്കാനും കഴിയും അത് കഴിഞ്ഞ് ഇടക്കിടക്ക് ഇത്തരക്കാരെ എല്ലാം പങ്കെടുപ്പിച്ച് കൊണ്ട് ചർച്ചാക്ലാസുകളും സെമിനാറുകളും സംഘടിപ്പിക്കുകയും അത്തരം ചർച്ചകളിലും സെമിനാറുകളിലും പുറമെനിന്നുള്ള വിദഗ്ദരെ പങ്കെടുപ്പിക്കുകയും ചെയ്യണം.

വ്യവസായങ്ങൾക്കാവശ്യമായ മൂലധനം പഞ്ചായത്ത് തലത്തിൽ തന്നെ കണ്ടെത്താൻ കഴിയും. പണമുള്ളവർ വ്യവസായങ്ങളിൽ അത് മുടക്കാൻ മടിക്കുകയാണ്. കാരണം വ്യവസായങ്ങളിൽ മുടക്കിയാൽ ആ പണം പോയതുതന്നെ; എന്ന ധാരണ പരന്നുകഴിഞ്ഞിട്ടുണ്ട്. കാരണം നമുക്ക് സമ്മതിക്കാൻ പ്രയാസമാണെങ്കിലും വ്യവസായമേഖലകളിലുള്ള സമരങ്ങളാണ്. ഇതൊഴിവാക്കാൻ തൊഴിലാളികൾക്കുകൂടി പ്രാതിനിധ്യമുള്ള മാനേജ്മെന്റ് വ്യവസായം കൈകാര്യം ചെയ്യലാണ്. ഇതിന് വേണ്ടിയാണ് എല്ലാവരുടെയും കൂട്ടായ്മ വേണമെന്ന് പറഞ്ഞത്. മുതൽ മുടക്കുന്നതിന് മിതമായ

ആദായം ലഭിക്കുന്നതോടൊപ്പം മുതൽമുടക്കുന്നവന്റെ മുതൽ നഷ്ടപ്പെടാതെ നോക്കേണ്ടത് തന്റെ ബാദ്ധ്യതയാണെന്ന് തൊഴിലാളിയും, തന്റെ മുതൽമുടക്ക് കൊണ്ട് മാത്രമല്ല തൊഴിലാളിയുടെ തൊഴിൽ വൈദഗ്ദ്യം കൊണ്ടും മേനേജ്മെന്റ്കൊണ്ടും കൂടിയാണ് വ്യവസായം നടക്കുന്നതെന്നും ലാഭമുണ്ടാക്കുന്നതെന്നും അതുകൊണ്ട് ലാഭവിഹിതത്തിൽ അവനെക്കൂടി പങ്കാളിയാക്കേണ്ടത് തന്റെ ബാദ്ധ്യതയാണെന്ന് മുതലാളിയും കരുതിയാൽ ഈ പ്രശ്നത്തിന് പരിഹാരമായി. ലളിതമായി പറഞ്ഞാൽ അവകാശങ്ങൾക്ക് ഊന്നൽ നൽകുന്നതിന് പകരമായോ, അതിനോടപ്പമോ ബാദ്ധ്യതകൾക്ക് പ്രാധാന്യം നൽകുന്ന ഒരു സംസ്കാരം നമുക്കുണ്ടാവണം. പക്ഷേ എളുപ്പമല്ല. നമ്മൾ പഠിച്ചുപോന്നത് പഠിപ്പിക്കപ്പെട്ടുപോന്നത് അവകാശങ്ങൾക്കുമാത്രം ഊന്നൽ നൽകുന്ന ഒരു ചിന്താ രീതിയാണ്. ഇത് നമ്മെ സ്വാർത്ഥതയിലേക്ക് നയിക്കും. ബാദ്ധ്യതകൾക്ക് ഊന്നൽനൽകുന്ന സംസ്കാരം നമ്മെ സഹകരണമനോഭാവത്തിലേക്ക് നയിക്കും. വ്യവസായപുരോഗതിക്ക് ആക്കം കൂട്ടാൻ ഈ സഹകരണ മനോഭാവം ഉപകരിക്കും എന്ന് കരുതുന്നു.

പറഞ്ഞുവന്നത് മൂലധനത്തെപ്പറ്റിയാണ്. ഇന്ന് പണമുള്ളവൻ തന്റെ കൈവശമുള്ള പണം ഉപയോഗിച്ച് ലാഭമുണ്ടാക്കാൻ നോക്കുന്നത് കൊണ്ട് സമൂഹത്തിന്ന് ദോഷമാണുണ്ടാക്കുന്നത്. പണമുള്ളവൻ ഇന്ന് ബ്ലെയിഡ് കമ്പനികളിലും ഭൂമി ഇടപാടുകളിലുമാണ് മുഴുകുന്നത്. ഇത് രണ്ടും സമൂഹത്തിന് ദോഷം ചെയ്യുന്നു. ബ്ലെയിഡ് കമ്പനികളിൽ മുടക്കുന്ന പണം ഇടത്തരക്കാരിൽനിന്നും അമിതമായ പലിശ ഈടാക്കാൻ ഉപയോഗിക്കുന്നു. ഭൂമിയിൽ മുടക്കുന്നവൻ ഭൂമിയിൽ ക്രമാതീതമായി വിലക്കയറ്റം സൃഷ്ടിക്കുന്നു, സാധാരണക്കാരന് ഒരു പുരയിടം വെക്കാൻ 5സെന്റ് സ്ഥലം സമ്പാദിക്കാൻ പറ്റാത്ത അവസ്ഥ വരുന്നു. ഇത് വലിയ ആപത്താണ്. പറഞ്ഞുവന്നത് കാശുള്ളവന്റെ കാശ് മുടക്കാൻ വ്യവസായ സംരംഭങ്ങൾ ഉണ്ടാകേണ്ടത് പലനിലയും സമൂഹത്തിന് നന്മയാണെന്നാണ്. ആരംഭിക്കുന്നപണം പഞ്ചായത്ത് തലത്തിൽ ക്രോഡീകരിക്കാൻ നമുക്ക് കഴിയും. പണം ഇറക്കാൻ ഉള്ള വ്യവസായ സംരംഭങ്ങൾ കണ്ടെത്തിയാൽ അതിലേക്ക് മുതൽമുടക്കാൻ പണക്കാരനെ പ്രേരിപ്പിക്കാൻ കഴിയണം. അതിന് വേണ്ടി പഞ്ചായത്ത് തലത്തിലുള്ള ഉന്നത വ്യക്തികളുടെ ഒരു സമിതി നമ്മൾ രൂപീകരിക്കണം. ഉന്നതവ്യക്തികൾ എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് സത്യസന്ധരും, സാമ്പത്തിക ക്രമക്കേടുകൾ നടത്താത്തവരെന്ന് ജനങ്ങൾക്ക് ബോദ്ധ്യമുള്ളവരും കാര്യപ്രാപ്തിയുള്ളവരുമായ വ്യക്തികളെയാണ്. അവർ വ്യവസായസംരംഭങ്ങൾ പഠിച്ച് ശരിക്കും പ്രവർത്തിപ്പിക്കും എന്ന് ബോധ്യപ്പെട്ടാൽ മൂലധനം നൽകാൻ കഴിവുള്ളവരിൽ സമ്മർദ്ദം ചെലുത്തണം. അവരുടെ വാക്കുകൾ സ്വീകരിക്കപ്പെടും.

രണ്ടാമത്തെ മാർഗ്ഗം പഞ്ചായത്ത് തലത്തിൽ തന്നെ പഞ്ചായത്തിലെ സംരംഭങ്ങളുടെ ഒരു ഷെയർ മാർക്കറ്റ് തുടങ്ങാവുന്നതാണ്. 10ക. 100ക. 1000ക. 10000ക. എന്നിങ്ങനെ മുഖവിലയുള്ള ഷെയറുകളിലൂടെ മൂലധനം ശേഖരിക്കാൻ കഴിയും. ഇതിലൂടെ പഞ്ചായത്തിലെ എല്ലാ വ്യക്തികളെയും തൊഴിലുടമകളാക്കാൻ കഴിയും. അതുവഴി ലാഭവിഹിതം ലഭ്യമാക്കാനും സാധിക്കും. പഞ്ചായത്ത് തലത്തിൽ കരിമ്പണം ഉണ്ടാക്കുവാൻ സാധ്യതയുണ്ട്. ഭൂമി ഇടപാടുകളിൽ നിക്ഷേപിക്കുന്നത് കൂടുതലും കരിമ്പണമാണ്. പഞ്ചായത്ത്തല വ്യവസായങ്ങളിൽ മുടക്കുന്ന പണത്തിന്റെ ഉറവിടം അന്വേഷണവിധേയമാക്കില്ല എന്ന് കേന്ദ്ര ഗവൺമെന്റിനെവ്യവസായപുരോഗതിക്ക് വേണ്ട പ്രധാന ഇനമായ മൂലധനശേഖരണത്തിന് വേണ്ട നിർദ്ദേശങ്ങളാണ് നമ്മൾ പറഞ്ഞുവന്നത്. അടുത്തതായി നമുക്ക് നോക്കാനുള്ളത് ഏതെങ്കിലും വ്യവസായങ്ങൾക്ക് ഇവിടെ സാദ്ധ്യകളുണ്ടോയെന്നുള്ളതാണ്. വ്യവസായങ്ങൾക്ക് ഇവിടെ സാദ്ധ്യതയുള്ള ഒന്നാണ്. വ്യവസായങ്ങൾക്ക് തുടക്കം കുറിക്കാൻ ഉതകുന്ന പ്രാധാന അസംസ്കൃതവസ്തുക്കളായ ധാതുസമ്പത്ത് ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. കോട്ടോൽകുന്ന് പ്രദേശത്ത് കാണപ്പെടുന്നു എന്ന് പറയപ്പെടുന്ന ഇരുമ്പയിർ നിക്ഷേപത്തിന്റെ വ്യാവസായിക സാദ്ധ്യത പഠിക്കാൻ അനുബന്ധ ഡിപ്പാർട്ടുമെന്റുകളിൽ സമ്മർദ്ധം ചെലുത്തണം. കാർഷികമേഖലയിൽനിന്നും ലഭിക്കുന്ന അടക്കകൊണ്ട് എന്തെല്ലാം ഉൽപന്നങ്ങളുണ്ടാക്കാം എന്നതിനെപ്പറ്റി പഠിക്കേണ്ടതുണ്ട്. അതിനെപ്പറ്റി എന്തെങ്കിലും നിർദ്ദേശം വക്കാൻ കഴിയുന്നവർ പഞ്ചായത്തിലുള്ളതായി അറിയുന്നില്ല. കൂടുതൽ പഠനം ഈ മേഖലയിൽ നടത്തേണ്ടതുണ്ട്.

# വ്യവസായ വ്യാപാര സ്ഥിതിവിവര കണക്കുകൾ

| പേര് | സ്ഥാപനങ്ങളുടെ എണ്ണം | തൊഴിലാളികളുടെ എണ്ണം | ശതമാനം കണക്ക് | സ്ത്രീകൾ എണ്ണം |
|---|---|---|---|---|
| 1. കച്ചവടസ്ഥാപനങ്ങൾ | 249 | 460 | 17.8 | |
| 2. ഹോട്ടലുകൾ | 20 | 100 | 3.86 | |
| 3. പെട്ടിക്കടകൾ | 50 | 50 | 3.86 | |
| 4. പാത്രനിർമ്മാണം | 30( | 200 | 7.73 | 50 |
| 5. മൺപാത്രനിർമ്മാണം | 5 | 30 | 1.16 | 20 |
| 6. കൊട്ട നെയ്ത്ത് | 50 | 100 | 3.86 | 100 |
| 7. കൈത്തറി ചർക്ക | 1 | 150 | 5.80 | 140 |
| 8. ബുക്ക് നിർമ്മാണം | 2 | 15 | .58 | 15 |
| 9. ബീഡി നിർമ്മാണം | 3 | 105 | 4.06 | 100 |
| 10. ടൈലറിങ്ങ് | 120 | 120 | 4.64 | 40 |
| 11. മരപ്പണി (ആശാരി) | | 200 | 7.73 | |
| 12. ഇരുമ്പ് (ആലകൾ) | 5 | 10 | .38 | |
| 13. സ്വർണ്ണപ്പണി | 20 | 45 | 1.74 | |
| 14. അലുമനിയപാത്ര നിർമ്മാണം | 30 | 90 | 3.48 | 30 |
| 15. വെട്ടുകല്ല് നിർമ്മാണം | 12 | 60 | 2.32 | 15 |
| 16. കരിങ്കല്ല് കോറി | 5 | 40 | 1.54 | 15 |
| 17. കരിങ്കല്ല് ക്രഷർ | 3 | 18 | .69 | 6 |
| 18. ഹോളോ ബ്രിക്സ് | 3 | 20 | .77 | 10 |
| 19. റൈസ് & ഫ്ലവർ മിൽ | 23 | 23 | | |
| 20. കൊപ്രവ്യവസായം | 24 | 53 | | |
| 21. മരമില്ല് | 5 | 30 | | |
| 22. പ്ലാസ്റ്റിക്ക് നിർമ്മാണം | 2 | 20 | | 10 |
| 23. പൈപ്പ് (പോളിത്തീൻ) | 1 | 10 | | 2 |
| 24. റബ്ബർ സംസ്കരണം | 1 | 10 | | 5 |
| 25. ബലൂൺ നിർമ്മാണം | 1 | 4 | | [illegible] |
| 26. വർക്ഷോപ്പ് | 10 | 40 | | |
| 27. എഞ്ചിനീയറിംഗ് വർക്ക്സ് | 5 | 15 | | |
| 28. ഇലക്ട്രിക്സ്, പ്ലംബിംഗ് | 12 | 60 | | |
| 29. ഇലക്ട്രോണിക്സ് | 5 | 5 | | |
| 30. ഫോട്ടോ സ്റ്റുഡിയോ | 3 | 7 | | 8 |
| 31. പ്രിന്റിംഗ് | 5 | 20 | | |
| 32. പപ്പട നിർമ്മാണം | 12 | 12 | | 3 |
| 33. കല്ല് ഉടക്കൽ | | 40 | | 15 |
| 34. ഫൈനാൻസ് | 30 | 90 | | 30 |
| 35. കെട്ടിടനിർമ്മാണം | | 240 | | 160 |
| 36. ചുമട്ടുതൊഴിലാളി | 4 | 100 | | |
| 37. S.T.D. ബൂത്ത് | 9 | 18 | | 9 |
| 38. ഫോട്ടോസ്റ്റാറ്റ്. | 1 | 1 | | |

## വ്യവസായത്തെപ്പറ്റി ഗ്രാമസഭകളിൽ വന്ന നിർദ്ദേശങ്ങളും സാദ്ധ്യതകളും.

1. ഓട്ടുപാത്ര നിർമ്മാണത്തിൽ ഏർപ്പെട്ടിട്ടുള്ളവർക്കായി ധനസഹായവും സഹകരണസംഘങ്ങളും ഉണ്ടാക്കുക.
2. തേങ്ങയിൽ നിന്നുകിട്ടുന്ന കൊപ്ര എണ്ണ ആക്കാനുള്ള കൊപ്ര ശേഖരിച്ച് കൃഷിക്കാർക്ക് സഹായം നൽകാനുള്ള ഏർപ്പാട് ചെയ്യുക.
3. കൊട്ടടക്ക വാങ്ങിച്ച് (വില കുറയുമ്പോൾ) സഹായം നൽകാനും സംസ്കരിച്ചുവെയ്ക്കുവാനും, വായ്പ നൽകാനുമുള്ള സഹകരണ സംഘം സ്ഥാപിക്കുക.
4. സ്ത്രീകൾക്ക് ജോലി നൽകാൻ പറ്റിയ വ്യവസായമായ ബുക്ക് ബൈന്റിങ്ങ് എല്ലാ വാർഡിലും ഓരോ യൂണിറ്റ് സ്ഥാപിച്ച് കേന്ദ്രീകൃത ക്രയ വിക്രയം ചെയ്യുവാനുള്ള ഏർപ്പാടുകൾ ചെയ്യുക.
5. ഫൈബർ യൂണിറ്റുകൾ ഉണ്ടാക്കി സ്ത്രീകൾക്ക് തൊഴിൽ നൽകുക.
6. ഖാദിഗ്രാമവ്യവസായ മേഖല പുരോഗമിപ്പിക്കുക. പരിശീലന സമയത്ത് സ്റ്റയിഫന്റ് നൽകുക.
7. അലുമിനിയം പണിയിലും സ്വർണ്ണപണിയിലും ഏർപ്പെട്ടിരിക്കുന്നവർക്ക് സാമ്പത്തിക സഹായം നൽകുക.
8. മെഷിനറി സഹായത്തോടെ ഫർണിച്ചറും, കട്ടിലുകളും, ജനൽ, വാതിൽ മുതലായവ ഉണ്ടാക്കുന്ന യൂണിറ്റുകൾ സ്ഥാപിച്ച് ധാരാളം പേർക്ക് തൊഴിൽ അവസരം നൽകുക.
9. മെറ്റൽ ബോക്സ്, ഓട്ടോ സ്പെയർ പാർട്സുകൾ, പപ്പടനിർമ്മാണം എന്നി യൂണിറ്റുകൾ IRDP ലോണോ ബാങ്ക് വായ്പയോ ലഭ്യമാക്കി ധാരാളം പേർക്ക് തൊഴിൽ കൊടുക്കുക.
10. സോപ്പ് നിർമ്മാണം, കടലാസ് നിർമ്മാണം, ചിരട്ടകൊണ്ടുള്ള കരി നിർമ്മാണ യൂണിറ്റ്, പാക്ക് നിർമ്മാണ യൂണിറ്റ് എന്നിവ സാമ്പത്തിക സഹായം നൽകി തുടങ്ങാനുള്ള മിനി ഇന്ഡസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപിക്കുക.
11. ടൈലറിങ്ങ് യൂണിറ്റ്, ശീതള പാനിയ യൂണിറ്റുകൾ, സ്റ്റീൽ അലമാര നിർമ്മാണയൂണിറ്റ് സ്ഥാപിക്കുക.
12. വെട്ടുകൽ വ്യവസായം വിപുലീകരിക്കുന്നതിന് സാമ്പത്തിക സഹായം നൽകുക.
13. ടൈലറന്മാർ ഒത്തുചേർന്ന് റെഡിമെയിഡ് വസ്ത്രങ്ങൾ ഉണ്ടാക്കുവാനുള്ള യൂണിറ്റുകൾ ഉണ്ടാക്കുക, ഇലക്ട്രോണിക് സാധനങ്ങൾ കൊണ്ടുവന്ന് അസംബ്ലിൾ ചെയ്ത് വിൽക്കാനുള്ള സ്ഥാപനങ്ങൾ സ്ഥാപിക്കുക.
14. വനിതകളെ സംഘടിപ്പിച്ച് പ്ലാസ്റ്റിക് ഡപ്പകൾ ഉണ്ടാക്കാനുള്ള യൂണിറ്റുകൾ സ്ഥാപിക്കുക.
15. പുതിയതായി ക്രഷർ യൂണിറ്റുകൾ ഉണ്ടാക്കുക.
16. പെരുമ്പിലാവ് കാലിച്ചന്തയിൽ നടന്നുവന്നിരുന്ന തുകൽ വ്യാപാരത്തെ ഉപയോഗിച്ച് ആധുനിക വ്യവസായങ്ങൾ തുടങ്ങാനുള്ള സാദ്ധ്യതകൾ പഠിക്കേണ്ടതുണ്ട്. പരിസര മലിനീകരണത്തെ തുടർന്ന് കാലിച്ചന്തയിൽ ഇപ്പോൾ ഈ വ്യാപാരം തന്നെ നിലച്ചിരിക്കുന്നു. ആ വ്യാപാരം പുനരാരംഭിക്കാൻ വേണ്ടത് ചെയ്യണം.
17. സാമ്പത്തിക രംഗത്ത് മുതൽമുടക്ക് ത്വരിതപ്പെടുത്താൻ പഞ്ചായത്ത് തലത്തിലുള്ള 'കള്ളപ്പണം' രംഗത്ത് വരാൻ വഴി ഒരുക്കേണ്ടത് പഞ്ചായത്ത് തല വ്യവസായങ്ങളിൽ മുടക്കുന്ന പണത്തിന്റെ ഉറവിടം അന്വേഷണ വിധേയമാകുകയില്ലെന്ന് പ്രഖ്യാപിക്കുവാൻ കേന്ദ്ര ഗവൺമെന്റിനോട് നിർദ്ദേശിക്കണം. പലപ്പോഴും കേന്ദ്രസർക്കാർ ഇത്തരം പ്രഖ്യാപനങ്ങൾ നടത്തിയിട്ടുള്ളതിനാൽ ഇതിന് നിയമതടസ്സം ഉണ്ടാവുകയില്ല.

മറ്റൊരു പ്രധാന ഉൽപ്പന്നമായ നാളികേരത്തെ ഉപയോഗിച്ച് വ്യവസായങ്ങൾക്ക് ചെറിയ സാദ്ധ്യത മാത്രമെ ഉള്ളൂ. ശരാശരി വാർഷിക ഉൽപാദനം 50 ലക്ഷമാണെന്ന് കണ്ടിരുക്കുന്നു. ഇതിൽ 43 ലക്ഷവും (6000 വീട്x2x365) ആദ്യത്തെ ഉപയോഗത്തിന്ന് പോകുന്നു. ഭാക്കി ഏഴുലക്ഷം നാളികേരമുണ്ടാവും. ഇതിൽ വലിയൊരു പങ്ക് വീടുകൾ തന്നെ ഉണക്കി വീട്ടിലേക്കാവശ്യമായ വെളിച്ചെണ്ണ ഉൽപാദിപ്പിക്കുവാനും ഉപയോഗിക്കുന്നു. വലിയ തോതിലുള്ള ഒരു വ്യവസായ സാദ്ധ്യത കാണുന്നില്ല. പക്ഷെ 50 ലക്ഷം വരുന്ന ചകിരിയും ചിരട്ടയും ഇന്നുപയോഗിക്കുന്നത് വീട്ടിലെ ഇന്ധനാവശ്യങ്ങൾക്കാണ്. ഈ ചകിരി പച്ചയായി ചതപ്പ്നാരെടുക്കുന്ന മെഷീൻ ഉപയോഗിച്ച് നാരെടുത്ത് അതുകൊണ്ട് കയറും മറ്റുൽപ്പന്നങ്ങളും നിർമ്മിക്കാൻ പറ്റുമോ എന്ന് പരിശോധിക്കേണ്ടതാണ്. പെരുമ്പിലാവ് കാലിചന്തയിൽ നടന്നിരുന്ന തുകൽ വ്യാപാരം വഴി ലഭിക്കാവുന്ന തുകലിനെ ആശ്രയിച്ച് തുകൽ വ്യവസായത്തിന്ന് സാദ്ധ്യതകളുണ്ട്. പക്ഷെ പരിസരമലിനീകരണത്തെതുടർന്ന് വ്യാപാരം തന്നെ നിലച്ചിരുന്നു. പരിസരമലിനീകരണപ്രശ്നം പരിഹരിച്ച് വ്യാപാരം തുടങ്ങാൻ സത്വരനടപടി ഉണ്ടാക്കണം.

ചിരട്ട ഉപയോഗിച്ച് പ്ലൈവുഡ് നിർമ്മിക്കാൻ കഴിയും. ചിരട്ടക്കരിയും അതിൽനിന്ന് ഓയിലും സാദ്ധ്യതയുള്ള മറ്റൊരു നിർദ്ദേശമാണ്. വേനൽക്കാലത്ത് സുലഭമായി ലഭിക്കുന്ന ചക്ക ഉപയോഗിച്ച് ചിപ്സ്, ജാം എന്നിവ ഉണ്ടാക്കാവുന്നതാണ്. 6000 കുടുംബങ്ങളുള്ള പഞ്ചായത്തിൽ ഗാർഹിക ആവശ്യങ്ങൾക്കുള്ള മസാലപ്പൊടി, അലക്ക്സോപ്പ് നിർമ്മാണം എന്നിവക്കും സാദ്ധ്യതകളുണ്ട്.

ആധുനികയുഗത്തിൽ ഏറെ സാദ്ധ്യതകളുള്ള ഇലക്ട്രോണിക് രംഗത്ത് കാര്യമായ ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്. അല്പം ഇലക്ട്രോണിക് വർക്ക്ഷോപ്പുകളല്ലാതെ ഇലക്ട്രോണിക്സിൽ മറ്റ് വ്യവസായങ്ങളൊന്നുമില്ല. ഈരംഗവും സാദ്ധ്യതയുള്ളതാണ്. നമ്മുടെ നാട്ടിൽ വിദഗ്ദതൊഴിലാളികളായ മൂശാരിമാരെ ഉപയോഗിച്ച് നമുക്ക് വളർത്തിയെടുക്കാവുന്ന വ്യവസായമാണ് മെഷിനറി നിർമ്മാണം. വളരെ സാദ്ധ്യതയുള്ള മേഖലയാണിത്. ഇതിനെപ്പറ്റി കൂലങ്കുഷമായ പഠനങ്ങൾ ഉടനെ നടത്തേണ്ടതുണ്ട്.

ചെറിയ മുതൽമുടക്കും, ഊർജ്ജവും ഉപയോഗിച്ച് നടത്താവുന്ന വട്ടക്കണ്ണി നിർമ്മാണം, ആണി നിർമ്മാണം തുടങ്ങിയവയും ചെറിയ പൂട്ടുകൾ, വിസ്സാകിരി, ഓടാമ്പലുകൾ എന്നിവ നിർമ്മിക്കൽ, സ്റ്റീൽ പാത്രനിർമ്മാണം, അലുമിനിയപാത്രനിർമ്മാണം എന്നിവയും സാദ്ധ്യതയുള്ള മേഖലകളാണ്. പഞ്ചായത്തിലുള്ള ചെറിയ പ്ലാസ്റ്റിക് കമ്പനിയെ ഉപയോഗപ്പെടുത്തി വയറിംഗ് മെറ്റീരിയൽസ് നിർമ്മിക്കുവാൻ സാധിക്കും. പഞ്ചായത്തിൽ ലഭ്യമാകുന്ന റബ്ബർ ഉപയോഗിച്ച് ഹവായ് ചെരുപ്പു നിർമ്മാണവും സാദ്ധ്യതയുള്ള ഒരിനമാണ്.

ഇത്രയൊക്കെ കാര്യങ്ങളാണ് ഗ്രാമപഞ്ചായത്തിൽനിന്നും ഉരുത്തിരിഞ്ഞുവന്ന അഭിപ്രായങ്ങളെ മുൻനിർത്തി ഞങ്ങൾക്കെത്താൻ കഴിഞ്ഞ നിഗമനങ്ങൾ. കൂടുതൽ പഠനങ്ങളിൽനിന്ന് നമുക്ക് കൂടുതൽ പ്രതീക്ഷിക്കാം.

## 2. വാർത്താവിനിമയം

കടവല്ലൂർ പഞ്ചായത്ത് വാർത്താവിനിമയ രംഗം തൃപ്തികരമല്ല. പഞ്ചായത്തിൽ അഞ്ച് പോസ്റ്റാഫീസുകൾ പ്രവർത്തിക്കുന്നു. കരിക്കാടും കടവല്ലൂരും സബ്പോസ്റ്റ് ഓഫീസുകൾ ആണ്. ടെലിഫോൾ എക്സ്ചേഞ്ച് കരിക്കാട് പ്രവർത്തിക്കുന്നു.

പോസ്റ്റാഫീസുകളിൽ തപാൽ വിതരണം കാര്യക്ഷമമല്ല. തപാലാഫീസുകളുടെ പരിധിയിൽ പെടുന്ന പ്രദേശത്തിന്റെ വിസ്തൃതിയാണ് ഇതിന് കാരണം. പോസ്റ്റ് മേൻ പ്രദേശത്തിന്റെ ഭൂപ്രകൃതിയുടെ പ്രത്യേകത കൊണ്ട് തപാൽ വിതരണം കാര്യക്ഷമമാക്കാൻ കഴിയുന്നില്ല. ഉദാഹരണത്തിന് ആൽത്തറ തപാലാപ്പീസ് പരിധിയിൽപ്പെടുന്ന പ്രദേശം വളരെ വിസ്തൃതമാണ്. ഈ പ്രദേശത്ത് മുഴുവൻ തപാൽവിതരണം നടത്താൻ ഒരു പോസ്റ്റ് മാൻ മാത്രമാണ്. മാണുള്ളത്. ധാരാളം ആളുകൾ വിദേശത്ത് ജോലിചെയ്യുന്നത് കൊണ്ട് വരുന്ന എഴുത്തുകളുടെ എണ്ണം വളരെ അധികമാണ്. ഈ എഴുത്തുകൾ രജിസ്റ്റർ പോസ്റ്റുകൾ അല്ല. ഇതാണ് ഒരു പോസ്റ്റ്മാനെകൂടി വയ്ക്കാനുള്ള സാങ്കതിക പ്രശ്നം. പെരുമ്പിലാവ് ആൽത്തറ Post Office Sub Post Office ആയി ഉയർത്തണം.

ടെലിഫോൺ എക്സ്ചേഞ്ച് പ്രവർത്തിക്കുന്നത് കരിക്കാടുള്ള വാടകകെട്ടിടത്തിലാണ്. പുതിയ കെട്ടിടം പണിതുകൊടുത്താൽ മാത്രമെ എക്സചേഞ്ചിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ സാധിക്കുകയുള്ളൂ. ഇന്ന് 372 കണക്ഷനുകളാണ് ഈ എക്സ്ചേഞ്ചിൽ നിന്നും കൊടുത്തിട്ടുള്ളത്. അഞ്ഞൂറോളം പേർ പുതിയ കണക്ഷന് പണം കെട്ടി കാത്തുനിൽക്കുന്നു. പലപ്പോളും എക്സചേഞ്ചിൽ ഫോണുകൾ കേടാണ്. ഗൾഫ് മേഖലയായതുകൊണ്ട് എക്സ്ചേഞ്ചിന്റെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതുണ്ട്. അടുത്ത അഞ്ചുകൊല്ലത്തെ ആവശ്യം നിറവേറ്റണമെങ്കിൽ ചുരുങ്ങിയത് 2000 ലൈനിന്റെ കപ്പാസിറ്റയുള്ള പുതിയ എക്സ്ചേഞ്ച് ഉണ്ടാക്കണം. പഞ്ചായത്തിലെ വാർത്താവിനിമയ രംഗങ്ങളിടെ പ്രശ്നങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം.

1. ബ്രാഞ്ച് പോസ്റ്റാഫീസുകൾ എല്ലാം സബ് പോസ്റ്റാഫീസുകളായി ഉയർത്തുക.
2. തപാൽ വിതരണം കാര്യക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിക്കുക.
3. എല്ലാ വാർഡിലും പ്രധാന കേന്ദ്രങ്ങളിൽ തപാൽ പെട്ടികൾ സ്ഥാപിക്കുക.
4. ടെലിഫോൺ എക്സ്ചേഞ്ച് വിപുലീകരണത്തിനുള്ള നടപടികൾ സ്വീകരിക്കുക.
5. കൂടുതൽ പബ്ലിക് ടെലിഫോൺ ബൂത്തുകൾ ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കുക.
6. ടെലിഫോൺ എക്സ്ചേഞ്ചിനുള്ള സ്ഥലം പഞ്ചായത്ത് നൽകുക.
7. കടവല്ലൂർ പഞ്ചായത്തിൽ കമ്പി അടിക്കുന്നതിനുള്ള സൗകര്യം ഇല്ല. ഒരു ടെലിഗ്രാഫ് ഓഫീസ് സ്ഥാപിക്കണം.
8. പബ്ലിക് ടെലിഫോൺ ബൂത്തുകൾ, കരിക്കാട് കോട്ടോൽ, ആൽത്തറ, ഒറ്റപ്പിലാവ്, തിപ്പിലശ്ശേരി, കൊരട്ടിക്കര, പ്രിയദർശിനി എന്നീ സ്ഥലങ്ങളിൽ സ്ഥാപിക്കുക.

# അദ്ധ്യായം 4



## ഗതാഗതം



കടവല്ലൂർ ഗ്രാമപഞ്ചായത്തിൽ ഗതാഗതത്തിനായി റോഡുകൾ മാത്രമാണ് ആശ്രയിക്കുന്നത്. പഞ്ചായത്തിൽ ആകെ 242 റോഡുകൾ രജിസ്റ്റർ പ്രകാരമുണ്ട്, ഇടവഴികളും, നടപ്പാതകളും വേറെയും. ആകെ 206 കി.മീ. റോഡുകൾ ഉണ്ട്. രണ്ട് സ്റ്റേറ്റ് ഹൈവേകളും, 5 P.W.D. റോഡുകളും ഉണ്ട്. തൃശ്ശൂർ-കുറ്റിപ്പുറം റോഡ് (5 KM) പെരുമ്പിലാവ്-നിലമ്പൂർ റോഡ് (3.37) എന്നിവ സ്റ്റേറ്റ് ഹൈവേകളാണ്. അക്കിക്കാവ്-പഴഞ്ഞിറോഡ്, പഴഞ്ഞി-കടവല്ലൂർ റോഡ് കടവല്ലൂർ ബൗണ്ടറി റോഡ്, ന്യൂ കടവല്ലൂർ റോഡ് (1.77KM) അക്കിക്കാവ്-കടങ്ങോട് റോഡ് കാട്ടകാമ്പാൽ റോഡ് എന്നിവ കടവല്ലൂർ ഗ്രാമപഞ്ചായത്തിലൂടെ കടന്നുപോകുന്ന P.W.D. റോഡുകളാണ്. പഞ്ചായത്ത് റോഡുകളിൽ പതിനഞ്ച് 990 km ടാർ ചെയ്തിട്ടുള്ളതാണ്. ആകെ പഞ്ചായത്ത് റോഡ് 163.101 കി.മീ. ആണ്. പൊതുവെ ഗൾഫ് മേഖലയായതിനാൽ കെട്ടിടങ്ങൾ വർദ്ധിക്കുന്നതിനനുസരിച്ച് റോഡിന്റെ ആവശ്യകത വർദ്ധിച്ചുവരുന്നു. JRY ഫണ്ടും Untied fund ഉം V.R.M. Fundഉം മറ്റു സോഷ്യൽ ഗ്രാന്റുകളും ഉപയോഗിച്ചാണ് പഞ്ചായത്ത് റോഡുകൾ നിർമ്മിക്കുന്നതും, നന്നാക്കുന്നതും. എന്നാൽ പൂർണ്ണമായി റോഡിന്റെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് സാധിക്കുന്നില്ല. കഴിഞ്ഞ 5വർഷം കൊണ്ട് 5 ലക്ഷം രൂപ ചിലവഴിച്ചിട്ടും വേണ്ടത്ര പ്രയോജനം ലഭിച്ചിട്ടില്ല. പ്രധാനപ്പെട്ട പല റോഡുകളും ഇനിയു് ടാർ ചെയ്യേണ്ടതുണ്ട്. കുറഞ്ഞപക്ഷം 50 കി.മീ. എങ്കിലും അത്യാവശ്യമായി ടാർ ചെയ്യണം. കാലവർഷത്തിൽ കുത്തിഒലിച്ചും, വീടുകളിലേക്ക് കയറവാനും, വണ്ടി കൊണ്ടുപോകുവാനും കാന തൂർക്കുന്നതുകൊണ്ടാണ് പല റോഡുകളും നശിക്കുന്നത്. അതുകൊണ്ട് ജനങ്ങൾക്ക് ബോധവൽക്കരണം നടത്തേണ്ടത് വളരെ അത്യാവശ്യമാണ്. മനപ്പൂർവ്വം ഓട നികത്തുകയും, റോഡുകളിലും, കാനകളിലും മണ്ണ്, കല്ല്, വെട്ടുകല്ല്, മരം എന്നിവ ഇട്ട് തടസ്സം സൃഷ്ടിക്കുന്നവരുടെ പേരിൽ മുഖം നോക്കാതെ പിഴ ഈടാക്കുവാനും, ശിക്ഷിക്കുവാനും നടപടികൾ സ്വീകരിക്കുകയാണെങ്കിൽ ഈ പ്രവണത ഒരു പരിധിവരെ നിയന്ത്രിക്കുവാൻ കഴിയും. ഓരോ റോഡുകൾക്കും ഉപഭോക്താക്കളുടെ ഒരു സംരക്ഷണ സമിതി രൂപീകരിക്കാവുന്നതാണ്. എല്ലാ വാർഡുകളിലെയും ഗ്രാമസഭകളിൽ മുഴങ്ങികേട്ട പ്രശ്നങ്ങളിൽ പ്രധാനപ്പെട്ടത് റോഡ് തന്നെയായിരുന്നു. പഞ്ചായത്തിലെ എല്ലാ റോഡുകളും റിപ്പയർ ചെയ്യണമെന്നും, സഞ്ചാരയോഗ്യമാക്കണമെന്നും നിർദ്ദേശങ്ങൾ ഉണ്ടായി. എല്ലാ വാർഡുകളിലും പുതിയ റോഡുകൾ നിർമ്മിക്കണമെന്ന നിർദ്ദേശവുമുണ്ടായിട്ടുണ്ട്. അതുകൊണ്ട് എല്ലാ റോഡുകളും റിപ്പയർ ചെയ്ത് സഞ്ചാരയോഗ്യമാക്കേണ്ടത് അത്യാവശ്യമാണെന്ന കാണുന്നു. കോളനി റോഡുകൾ ടാർ ചെയ്യേണം.

ടാർ റോഡുകളിൽ മിക്കവയും ഓടയില്ലാത്തതിനാൽ വർഷക്കാലത്ത് വെള്ളം കെട്ടിനിൽക്കുന്നു. കാന തടസ്സപ്പെടുന്നതുമൂലം പഞ്ചായത്തിലെ മൺറോഡുകൾക്ക് വേഗ് കേട് സംഭവിക്കുന്നു. ഉയർന്ന സ്ഥലങ്ങൾ അഗാധ സ്ഥലങ്ങളായിക്കൊണ്ടിരിക്കുന്നതിനാൽ റോഡുകൾ ഇനിയും വിപുലപ്പെടുത്തേണ്ടതുണ്ട്.

### പ്രശ്നങ്ങൾ

1. 12 വാർഡുകളിലെ പ്രാധാന റോഡുകൾ ടാർ ചെയ്യണം.
2. P.W.D. റോഡുകളിൽ കാന ഉണ്ടാക്കണം.
3. നിലംപതികളും കൺവെർട്ടറുകളും പുതുക്കി വൃത്തിയാക്കണം.
4. ഓട്ടോറിക്ഷകൾ അമിതചാർജ്ജ് ഈടാക്കുന്നു.
5. പുതിയ റോഡുകൾ എല്ലാ വാർഡുകളിലും ആവശ്യം.

6. മെറ്റൽ റോഡുകൾ ടാർ ചെയ്യണം.
7. ടാർ ചെയ്ത പൊളിഞ്ഞ P.W.D. പഞ്ചായത്ത് റോഡുകൾ നന്നാക്കണം.
8. ഇടവഴികൾ വീതികൂട്ടി നന്നാക്കണം.
9. പുറമ്പോക്കൊഴിപ്പിച്ച് റോഡ് നിർമ്മിക്കുകയും വീതികൂട്ടുകയും ചെയ്യണം.
10. കോളനികളെ ബന്ധപ്പെടുത്തി റോഡുകൾ ടാർ ചെയ്യണം.
11. ആവശ്യമുള്ളയിടത്ത് കാന്സൈഡ് കെട്ടുക. നിലംപതി നിർമ്മിക്കുക, Ramp നിർമ്മിക്കുക
12. P.W.D. റോഡുകൾ നന്നാക്കുവാൻ പഞ്ചായത്തിന് അധികാരം നൽകണം.
13. പഞ്ചായത്ത് റോഡ് സംരക്ഷിക്കുന്നതിന് റോഡ് സംരക്ഷണസമിതി രൂപീകരിക്കണം.
14. കല്ലുംപുറം, കടവല്ലൂർ, കോട്ടോൽ, പഴഞ്ഞി വഴി കുന്നംകുളം ട്രാൻസ്പോർട്ട് ബസ് സർവ്വീസ് വേണം.
15. ഭാഗികമായി ടാർചെയ്ത റോഡ് എത്രയും വേഗം മുഴുവൻ ടാർചെയ്യുക.
16. എല്ലാ റോഡുപണികളും JRY, United fund norms അനുസരിച്ച് പൊതുജനങ്ങൾ ഏറ്റെടുത്തു നടത്തുക.
17. റോഡുപണിയിൽ സന്നദ്ധസേവനം പ്രയോജനപ്പെടുത്തുക.
18. അക്കിക്കാവ് പഴഞ്ഞിറോഡിൽ കാന ഇല്ല.
19. അക്കിക്കാവ് ജംഗ്ഷനിൽ കൾവർട്ട് ആവശ്യമുണ്ട്.
20. ഗ്രാമനിർദ്ദേശപ്രകാരം എല്ലാവാർഡുകളിലും 36കി.മീ. റോഡ് പുതിയതായി നിർമ്മിക്കണം.

## സാധ്യതകൾ

1. പഞ്ചായത്തിൽ ഭാഗികമായി ടാർചെയ്ത റോഡുകൾ പൂർണ്ണമായും ടാർചെയ്യുക.
2. 12 വാർഡുകളിലേയും പ്രധാനറോഡുകൾ ടാർചെയ്യുക.
3. ഗ്രാമസഭകളിൽ നിർദ്ദേശിച്ചിട്ടുള്ള എല്ലാറോഡുകളും റിപ്പയർ ചെയ്യുക.
4. ഗ്രാമസഭകളിൽ നിർദ്ദേശിച്ചിട്ടുള്ള റോഡുകൾ നിർമ്മിക്കുക.
5. P.W.D. റോഡുകൾ പൊട്ടിപ്പൊളിഞ്ഞു കിടക്കുന്നവ റിപ്പയർ ചെയ്യുക
6. P.W.D. റോഡ്, പഞ്ചായത്ത് റോഡ് എന്നിവക്ക് കാനനിർമ്മിക്കുക.
7. റോഡ്സൈഡ് കെട്ടാത്തയിടങ്ങളിൽ റോഡ്സൈഡ് കെട്ടുക.
8. സ്റ്റേറ്റ് ഹൈവേ വഴി ഓടുന്ന 90% ബസ്സുകളും ലിമിറ്റഡ് സ്റ്റോപ്പ് ബസ്സുകളാണ്. ആവശ്യാർത്ഥം സ്റ്റോപ്പുകൾ അനുവദിക്കുക.100 Kmൽ കുറവുള്ള L.S. മാറ്റി ഓർഡിനറി സർവ്വീസ് ആക്കുക.
9. മോശമായ വെയിറ്റങ്ങ് ഷെഡുകൾ റിപ്പയർ ചെയ്യുക.

## പഞ്ചായത്തിലെ താഴെപ്പറയുന്ന റോഡുകൾ നന്നാക്കണം

1 N.H അമ്പലനട റോഡ്
2 മന്നം നഗർ അമ്പലനട റോഡ്
3 പള്ളിപ്പുറം പാറപ്പുറം റോഡ്
4 പാറപ്പുറം കൊപ്പറമ്പത്ത് റോഡ്

5 പഴഞ്ഞി റോഡ് ജട്ടിപ്പാലം റോഡ്

6 മന്നം നഗർ ഹൈസ്കൂൾ റോഡ്

7 പള്ളിക്കുളം കല്ലുമ്മേൽ താഴം റോഡ്

8 കടവല്ലൂർ ക്ഷേത്രം എടയൂർ ക്ഷേത്രം റോഡ്

9 NH ഹൈസ്കൂൾ റോഡ്

10 കരുവാൻപടി റോഡ്

11 ആശാരിപ്പടി റോഡ്

12 ക്രഷ് കുമ്പാടിപാടം റോഡ്

13 മുസ്ലീം പള്ളി കൊള്ളഞ്ചേരി റോഡ്

14 കൊയനറ റോഡ് വീതി കൂട്ടൽ

15 NH കുമ്പട്ടിപ്പാടം റോഡ്.

16 ഹൈസ്കൂൾ അമ്പലനട റോഡ്

17 വെള്ളത്തിങ്കൽ പടി റോഡ് ടാറിങ്ങ്

18 ജുമാ മസ്ജിദ് റോഡ് (ക്രെഷ് ചാലിശ്ശേരി റോഡ്) ബാക്കിഭാഗം ടാറിങ്ങ്

19 കണ്ണത്ത് പടിറോഡ് ടാറിങ്ങ്

20 ചീരൻ കുറ്റിഞ്ഞാലിൽ കോളനി റോഡ് ടാറിങ്ങ്

21 വടക്കുമുറി പള്ളിക്ക് പടിഞ്ഞാറ് ഭാഗം റോഡ് വീതികൂട്ടൽ

22 NH കൊള്ളഞ്ചേരി റോഡ് വീതി കൂട്ടണം.

23 വട്ടമാവ് NH കൊള്ളഞ്ചേരി റോഡ്

24 വട്ടമാവ് മിച്ചഭൂമി റോഡ്

25 NH കോടത്തുകുണ്ട് റോഡ് ടാറിങ്ങ്

26 കല്ലുമ്പുറം കോത്തുളിക്കുന്ന് റോഡ് റീടാറിങ്ങ്

27 കല്ലുമ്പുറം താഴത്തെ അങ്ങാടി റോഡ്

28 കോത്തുളിക്കുന്ന് കോളനി റോഡ്.

29 വട്ടമാവ് കോളനി കോടത്തുകുണ്ട് റോഡ്

30 NH അംബേദ്കർ റോഡ്

31 കല്ലുമ്പുറം കോട്ടോൽ റോഡ്

32 കല്ലുമ്പുറം കരിക്കാട് റോഡ്

33 ഷൺമുഖപുരം കോളനി റോഡ്

34 കോട്ടോൽ കടവല്ലൂർ റോഡ്

35 കരിക്കാട് മദ്രസ്സ റോഡ്

36 കരിക്കാട് മദ്രസ്സ കോട്ടോൽ റോഡ്

37 കോട്ടോൽ തെക്കത്ത് റോഡ്

38 വടക്കെ കോട്ടോൽ അസുരമഹാകാളി ക്ഷേത്രം റോഡ്

39 വടക്കെ ലക്ഷംവീട് റോഡ് കോളനി അസുരമഹാകാളി ക്ഷേത്രം റോഡ്

40 കോട്ടോൽ റോഡിൽ നിന്ന് പാടത്തിൽ പടി വഴി

41 കരിക്കാട് ഒട്ടിമുറി ഗിരിജൻ സെറ്റിൽമെന്റ് റോഡ്

42 ധില്ലന്നൂർ മദ്രസ്സ റോഡ്

43 മില്ല് കളപ്പറമ്പത്ത് റോഡ് റിക്രിയേഷൻ റോഡ് വരെ

44 അയ്യപ്പത്ത് റോഡ്

45 പത്തങ്ങാടി കണ്ടംപാറ റോഡ്

46 കരിക്കാട് ഒടിമുറി സെറ്റിൽമെന്റ് റോഡ്

47 പഴഞ്ഞി റോഡ് ഒടിമുറി റോഡ്

48 കരുവാൻ തടം കാരുകുളം റോഡ് ടാറിങ്ങ്

49 കോട്ടോൽ വില്ലന്നൂർ റോഡ്

50 വില്ലന്നൂർ മദ്രസ്സ റോഡ് ബാക്കിഭാഗം ടാറിങ്ങ്.

51 കോട്ടോൽ മേലേപ്പുറം കോളനി റോഡ് ബാക്കിഭാഗം ടാറിങ്ങ്.

52 കോട്ടോൽ ചരൽപീടിക റോഡ് ടാറിങ്ങ്.

53 റിക്രിയേഷൻ ക്ലബ്ബ് കളപറമ്പത്ത് റോഡ് ടാറിങ്ങ്

54 കരിക്കാട് ചോല റോഡ് ടാറിങ്ങ്

55 പഴഞ്ഞി റോഡ് പൊറവൂർ റോഡ് ടാറിങ്ങ്

56 ഷൺമുഖപുരം കോളനി റോഡ് ടാറിങ്ങ്

57 കരിക്കാട് വെള്ളൂർക്കുണ്ട് റോഡ് റിപ്പയറിങ്ങ്

58 പൊറവൂർ കക്കുന്ന് റോഡ് റിപ്പയറിങ്ങ്

59 പ്രിയദർശിനി മഹിളാസമാജം റോഡ്

60 വടക്കെ കരിക്കാട് പൊറവൂർ റോഡ്

61 കോലടിക്കുന്ന് കോളനി റോഡ്

62 പഴഞ്ഞി റോഡ് പള്ളി റോഡ് ടാറിങ്ങ്

63 പെരുമ്പിലാവ് NH പരുവക്കുന്ന് പള്ളി റോഡ് ടാറിങ്ങ്.

64 പെരുമ്പിലാവ് ചന്ത പൊറവൂർ റോഡ് ടാറിങ്ങ്

65 NH പൊറവൂർ റോഡ്

66 പെരുമ്പിലാവ് കണക്കകോളനി റോഡ് ടാറിങ്ങ്

67 കോലാടിക്കുന്ന് റോഡ്

68 പരുവക്കുന്ന് കോലടി റോഡ്

69 കോലാടിക്കുന്ന് പാറകുണ്ട് റോഡ്

70 കണക്കകോളനി അയ്യപ്പൻകാവ് റോഡ്

71 പൂയംകുളം റോഡ് റീ ടാറിങ്ങ്

72 NH കോലാടിക്കുന്ന് റോഡ്

73 പരുവക്കുന്ന് ലക്ഷംവീട് കോളനിറോഡ്

74 NH പൊറവൂർ റോഡി ബാക്കി ഭാഗം ടാറിങ്ങ്

75 NH പെരുമ്പിലാവ് പൊറവൂർ റോഡ് ടാറിങ്ങ്.

82

76 കുന്നത്ത്കുളം റോഡ് ടാറിങ്ങ്
77 അയ്യപ്പൻകാവ് പണിക്കർ താഴം റോഡ് അഭിവൃദ്ധിപ്പെടുത്തൽ
78 പ്രിയദർശിനി പാതാക്കര റോഡ് ടാറിങ്ങ്
79 പ്രിയദർശിനി കുണ്ടൂര് അമ്പലം റോഡ്
80 അയ്യപ്പൻകാവ് അമ്പലം റോഡ്
81 പതാക്കര നീലയാട്ടിൽ പടി റോഡ് അഭിവൃദ്ധിപ്പെടുത്തൽ
82 ചുണ്ടാലത്ത് പടി ചീനിക്കുളം റോഡ്
83 ചുണ്ടാലത്ത് പടി റോഡ് അഭിവൃദ്ധിപെടുത്തൽ
84 NH കണ്ടൂര് അമ്പലം റോഡ്
85 കൊരട്ടിക്കര NH കൊരട്ടിക്കര അമ്പലം റോഡ്
86 കൊരട്ടിക്കര ഒറ്റപ്പിലാവ് റോഡ് ടാറിങ്ങ്
87 NH കൊരട്ടിക്കര സാമ്പവ കോളനി റോഡ് ടാറിങ്ങ്
88 NH വൈദ്യശാലാപടി റോഡ് ടാറിങ്ങ്
89 ഒറ്റപ്പിലാവ് മുടിപ്പാലം റോഡ് ടാറിങ്ങ്
90 പുതിയഞ്ചേരി പെരുമ്പിലാവ് പള്ളി റോഡ് റിപ്പയറിങ്ങ്
91 പെരുമ്പിലാവ് പള്ളി ഒരുകാൽകുന്ന് കോതര റോഡ്
92 ഒറ്റപ്പിലാവ് കോതച്ചിറ റോഡ് റീ ടാറിങ്ങ്
93 പട്ടാമ്പി റോഡ് നേഴ്സറി സ്കൂൾ റോഡ്
94 ചേലക്കപറമ്പിൽ കോളനി റോഡ്
95 മുന്നോടി പറമ്പ് കോളനി റോഡ്
96 ആലിക്കര കുങ്കിപ്പാറ റോഡ്
97 മണ്ണംകുളം കോടതിപ്പടി റോഡ്
98 ആൽത്തറ ആനക്കല്ല് റോഡ് ടാറിങ്ങ്
99 അയ്യപ്പൻകാവ് റോഡ് ബാക്കിഭാഗം ടാർ ചെയ്യൽ
100 ആൽത്തറ മുസ്ലീം പള്ളി റോഡ് ടാർ ചെയ്യൽ
101 ആൽത്തറ നെല്ലിപ്പറമ്പ് റോഡ് റിപ്പയർ ചെയ്യൽ
102 ആൽത്തറ നെല്ലിപ്പറമ്പ് റോഡിൽ മുല്ലപ്പിള്ളിക്കുന്ന് താഴ്വരയിൽ പാലം നിർമ്മാണം.
103 പന്തളം റോഡ് ടാർ ചെയ്യൽ
104 നായാടിക്കോട്ട റിങ്ങ്റോഡ് നന്നാക്കൽ
105 നായാടിക്കോട്ട നെല്ലിക്കുന്ന് റോഡ് നന്നാക്കൽ
106 മനക്കലെപ്പടി ആനക്കല്ല് റോഡ് നന്നാക്കൽ
107 കോടതിപ്പടി കോതച്ചിറ റോഡ്
108 മസ്താൻപടി ഒരുക്കാൽകുന്ന് റോഡ്
109 മസ്താൻപടി നടുള്ളിപ്പാടം റോഡ് അഭിവൃദ്ധിപ്പെടുത്തലും, നടപ്പാലം നിർമ്മാണവും
110 L.M.U.P. സ്കൂൾ പിൻഭാഗം റോഡ്

111 ആൽത്തറ കോട്ടപ്പുറം റോഡ്
112 പള്ളിക്കുളം നായാടിക്കോട്ട റോഡ്
113 അമ്പലനട ആശുപത്രിപടി റോഡ്
114 പൊന്നംകുന്ന് കല്ലാത്തി റോഡ്
115 തിപ്പിലശ്ശേരി കുറുകുളം റോഡ്
116 തിപ്പിലശ്ശേരി ഇക്കുഴി. റോഡ്
117 കോടതിപ്പടി കോതര റോഡ്
118 പള്ളിക്കുളം മംഗലത്ത് വളപ്പ് റോഡ്
119 സെന്റർ കോതര റോഡ്

## പുതുതായി നിർമ്മിക്കേണ്ട റോഡുകൾ

1 മൂന്നുജില്ലകൾ തമ്മിൽ യോജിപ്പിക്കുന്ന വടക്കുംമുറി റോഡ് to ചാലിശ്ശേരി കോക്കൂർ റോഡ് നിർമ്മാണം.
2 എടയൂർ റോഡ് & രാം നിവാസ് റോഡ് നിർമ്മാണം.
3 അമ്പലനട ബസ്സ്റ്റോപ്പ് & ചീരൻകുറ്റി ഹരിജൻ കോളനി റോഡി നിർമ്മാണം.
4 കക്കുന്ന് കോത്തുള്ളികുന്ന് റോഡ് നിർമ്മാണം
5 ചീനപ്പടി പീച്ചപ്പുള്ളി റോഡ് നിർമ്മാണം
6 വള്ളൂർകുണ്ട് തെക്കെപുറം റോഡ് നിർമ്മാണം
7 പെരുമ്പിലാവ് NH ഹൈസ്കൂൾ ഗ്രൗണ്ട് റോഡ് നിർമ്മാണ്
8 NH & ഒരുപാക്ക് റോഡുവഴി പട്ടാമ്പി റോഡും തമ്മിൽ ബന്ധിപ്പിക്കുന്ന റോഡ് നിർമ്മാണം.
9 NH സാമ്പവ സെറ്റിൽമെന്റ് റോഡിൽനിന്ന് പട്ടാമ്പിറോഡുമായി ബന്ധിപ്പിക്കുന്ന റോഡ് നിർമ്മാണം.
10 കാനറാ ബാങ്കിന്റെ ഭാഗത്തുനിന്ന് പഞ്ചായത്ത് ഗ്രൗണ്ടിലേക്ക് റോഡ് നിർമ്മാണം.
11 പ്രിയദർശിനി നഗറിൽനിന്ന് കമ്പി സാമ്പവകോളനി വഴി കുന്നത്ത്കുളത്തിലേക്ക് റോഡ് നിർമ്മാണം.
12 ചരൽപീടിക റോഡിൽനിന്ന റോഡ്
13 നീർച്ചാൽ പുത്തൻകുളം നടപ്പാത നിർമ്മിക്കൽ
14 ആനക്കല്ല് അക്കിക്കാവ് നമ്പ്യാർപറമ്പ് റോഡ് നിർമ്മാണം
15 നായാടിക്കോട്ട നെല്ലിക്കുന്ന് റോഡ് നിർമ്മാണം.
16 നായാടിക്കോട്ട മയ്യത്തുംകരവഴി നെല്ലിപ്പറമ്പ് റോഡ് നിർമ്മാണം.
17 കൊരട്ടിക്കര ക്ഷേത്രം & ഒറ്റപ്പിലാവ് റോഡ് നിർമ്മാണം.
18 കോടത്തും കുണ്ടിൽനിന്ന് ചാലിശ്ശേരി റോഡ് നിർമ്മാണം
19 കോത്തുള്ളികുന്നിൽനിന്ന് പൊറവൂർ റോഡിലേക്ക് റോഡ് നിർമ്മാണം.
20 NH & കോടത്തുംകുണ്ട് റോഡ് നിർമ്മാണം.
21 കളപറമ്പത്ത് റോഡിൽനിന്ന് കാരുകുളം വില്ലന്നൂർ റോഡിലേക്ക് റോഡ് നിർമ്മാണം.
22 അറക്കൽ സ്കൂളിൽനിന്നും കൊരട്ടിക്കരക്ക് പാടം റോഡ് നിർമ്മിക്കണം.

# ഊർജ്ജം

കടവല്ലൂർ ഗ്രാമ പഞ്ചായത്തിൽ ഊർജ്ജാവശ്യത്തിനായി ഉപയോഗിക്കുന്ന വിവിധ സ്രോതസ്സുകൾ വൈദ്യുതി, പ്രകൃതിവാതകങ്ങൾ എന്നീ വാണിജ്യ ഇന്ധനങ്ങളും വിറക്, ചപ്പുചവറുകൾ, തെങ്ങുൽപ്പന്നങ്ങൾ കാർഷിക അവശിഷ്ടങ്ങൾ തുടങ്ങിയ ജൈവ ദ്രവ്യങ്ങളുമാണ്. ഈ പ്രദേശത്തെ ഇന്ധന ഉപയോഗത്തെ പ്രധാനമായും നാല് മേഖലകളായി തരം തിരിക്കാം. ഗാർഹികം, വാണിജ്യം, കാർഷികം, വ്യാവസായികം. ഇതിൽ ഗാർഹിക ആവശ്യത്തിന് പ്രധാനമായും ജൈവദ്രവ്യ ഇന്ധനങ്ങളും കാർഷിക ആവശ്യത്തിന് വൈദ്യുതി, പ്രകൃതി വാതകങ്ങൾ തുടങ്ങിയ വാണിജ്യ ഇന്ധനങ്ങളും വാണിജ്യത്തിനും, വ്യവസായത്തിന്നും പ്രധാനമായും വൈദ്യുതിയും, ജനറേറ്റർ മുതലായവ പ്രവർത്തിപ്പക്കുന്നതിന് പ്രകൃതി വാതകങ്ങളുമാണ് ഉപയോഗിക്കുന്നത്.

ഈ പഞ്ചായത്തിലെ മൊത്തം 7396 വീടുകളിൽ 4613 വീടുകൾ വൈദ്യുതീകരിച്ചിട്ടുണ്ട്. 500വീടുകൾക്ക് ഇതുവരെ ഗ്രാമപഞ്ചായത്തിൽനിന്നും സൗജന്യ കണക്ഷൻ നൽകിയതും, പതിനാല് ഹരിജൻ കോളനികൾ വൈദ്യുതീകരിച്ചതും, ഈ വർഷം 16 ഓർഡിനറി കണക്ഷൻ 8 OPT കണക്ഷൻ, 75 OYEC കണക്ഷൻ എന്നിവ നൽകിയതും ഇതിൽപ്പെടുന്നു. 148 പേർ സാധാരണ വിഭാഗത്തിലും OTP യിൽ 10ഉം OYEC ൽ 36ഉം അപേക്ഷകർ ഉണ്ട്. എല്ലാംകുടി ഇനിയും 2783 വീടുകൾ വൈദ്യുതീകരിക്കേണ്ടതുണ്ട്.

ഈ ഗ്രാമപഞ്ചായത്തിൽ ചുരുക്കം ചില വീടുകളിൽ ഗ്യാസും, മണ്ണെണ്ണയും പാചക ആവശ്യത്തിനും ഉപയോഗിക്കുന്നുണ്ടെങ്കിലും ശരാശരി ഒരു മാസത്തേക്ക് 11,09,400 വിറക് ഉപയോഗിക്കുന്നു.

ഈ ഗ്രാമപഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള K.S.E.B.H.T. ട്രാൻസ്ഫോർമറുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| വിഭാഗം | എണ്ണം |
|---|---|
| ഗാർഹികം | 4613 |
| വാണിജ്യം | 312 |
| വ്യാവസായികം | 62 |
| കാർഷികം | 1338 |
| ആകെ | 6235 |

ഇതിൽ 250 K.V.A. ട്രാൻസ്ഫോർമർ സ്ഥാപിച്ചിട്ടുള്ളത് കടവല്ലൂർ അമ്പലം, മേക്കാട്ടുകുളം പ്ലാസ്റ്റിക് ഇൻഡസ്ട്രീസ് എന്നിവിടങ്ങളിലും 160 KVA പെരുമ്പിലാവ് (No.3) റെഡ്സ്റ്റാർ പൊറവൂർ പരുവക്കുന്ന്, തിപ്പിലശ്ശേരി (No.1) 150 KVA പെരുമ്പിലാവ് (No.1) 100 KVA കടവല്ലൂർ പടിഞ്ഞാറ്റുമുറി, കടവല്ലൂർ വടക്കുമുറി, അംബേദ്കർ നഗർ, കല്ലുംപുറം, കല്ലുംപുറം കോടത്തും കുണ്ട്, കൊരട്ടിക്കര, പെരുമ്പിലാവ് (No.2) Red Sun പെരുമ്പിലാവ്, അക്കിക്കാവ്, അൻസാർ ITC , പൊറവൂർ, നോർത്ത് കരിക്കാട്, നോർത്ത് കോട്ടോൽ, കശുവണ്ടിക്കമ്പനി കരിക്കാട്, കരിക്കാട്-ഭട്ടിമുറി, കരിക്കാട് കപ്പാസിറ്റർ ചിറമനേങ്ങാട്, 63 KVA കോത്തോളിക്കുന്ന്, കടവല്ലൂർ അമ്പലം, കടവല്ലൂർ ഹൈസ്കൂൾ, പാതാക്കര, തിപ്പിലശ്ശേരി കോളനി, തിപ്പിലശ്ശേരി (No.2) , തിപ്പിലശ്ശേരി പൊന്നാംകുന്ന് എന്നിവിടങ്ങളിലാണ് സ്ഥാപിച്ചിരിക്കുന്നത്.

ഈ ഗ്രാമപഞ്ചായത്തിന് തെരുവു വിളക്കിനായി 602 ബൾബുകളും, 12 ട്യൂബ് ലൈറ്റുകളും ഉണ്ട്. മാസം തോറും 6946 രൂപ ഇലക്ട്രിസിറ്റി ചാർജ്ജായി KSEB യിലേക്ക് അടച്ചുകൊണ്ടിരിക്കുന്നു. എന്നിരുന്നാലും വിരലിലെണ്ണാവുന്ന ബൾബുകളും, ട്യൂബുകളും മാത്രമെ ഇപ്പോൾ പ്രവർത്തിക്കുന്നുള്ളൂ. 25 സോഡിയം വേപ്പർ ലാമ്പുകളും, 300 ബൾബുകളും പുതുതായി അനുവദിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഇപ്പോൾ ഈ പഞ്ചായത്തിന്റെ മുഴുവൻ ഭാഗവും പഴഞ്ഞി മേജർ സെക്ഷന്റെ കീഴിൽ ആണ്. എങ്കലും കടവല്ലൂർ, കല്ലുംപുറം, കൊരട്ടിക്കര, പെരുമ്പിലാവ് എന്നീ ഭാഗങ്ങളിലേക്കുള്ള കണക്ഷൻ അടുത്ത സെക്ഷനായ ചാലിശ്ശേരി ഫീഡറിൽ നിന്നുമാണ് ലഭിക്കുന്നത്. ആയതിനാൽ പഴഞ്ഞിയിലോ, ചാലിശ്ശേരിയിലോ അറ്റകുറ്റപണികൾ നടക്കുമ്പോൾ ഈ പ്രദേശത്തെ വൈദ്യുതി കണക്ഷനുകൾ വിച്ഛേദിക്കപ്പെടുന്നു. കണക്ടഡ് ലോഡ് യഥാർത്ഥത്തിൽ ഉള്ളതിനേക്കാൾ വളരെ കൂടുതലാണ്. അതിനും പുറമെ മിക്കസമയങ്ങളിലും അറ്റകുറ്റപണി, പ്രഖ്യാപിത പവർകട്ട്, അപ്രഖ്യാപിത പവർകട്ട്(ഓവർലോഡ്* മൂലം) മഴ, കാറ്റ് തുടങ്ങിയ കാലാവസ്ഥാ പ്രശ്നങ്ങളാലും വൈദ്യുതി ബന്ധം വിച്ഛേദിക്കുന്നു. ഇലക്ട്രിക് പോസ്റ്റുകളും, കമ്പികളും ദ്രവിച്ച് കേടുവന്നത് അറിയിച്ചാൽപോലും മാറ്റിവക്കാൻ സാധിക്കാറില്ല. പലപ്പോഴും പോസ്റ്റ് വീഴുമ്പോഴും, കമ്പി പൊട്ടുമ്പോഴുമാണ് മാറ്റാറുള്ളത്. ലൈനിലുള്ള മരങ്ങളുടെ ശാഖകളും മറ്റും വെട്ടി മാറ്റുന്നതിന് ഡിപ്പാർട്ട്മെന്റ് പണം ചിലവാക്കുന്നുണ്ട് എങ്കിലും നമ്മുടെ ഗ്രാമപഞ്ചായത്തിലെ പല പ്രദേശങ്ങളിലും ഇത് കാര്യമായ രീതിയിൽ നടക്കാറില്ല. വോൾട്ടേജ് ക്ഷാമം കാരണം മിക്ക ഉപഭോക്താക്കളും 60W, 100W ബൾബുകളാണ് ഉപയോഗിക്കുന്നത്. ഇതിനും പുറമെ പല സമ്പന്നരുടെ വീടുകളിലും Step-up Transformer കൾ ഉപയോഗിക്കുന്നു. ഇതിനാൽ സമീപ പ്രദേശങ്ങളിലെ വോൾട്ടേജ് ക്ഷാമം രൂക്ഷമാകുന്നു.

## പ്രശ്നങ്ങൾ

1. ഊർജ്ജാവശ്യത്തിനായി ഉപയോഗിക്കുന്ന വിറകിന്റെ ഒരു ചെറിയ അംശം മാത്രമെ സഫലമാകുന്നുള്ളൂ. വിറക് വേണ്ടത്ര ലഭ്യമാകുന്നില്ല.
2. പ്രദേശത്തിന്റെ എല്ലാ ഭാഗങ്ങളിലും വൈദ്യുതി എത്തിക്കാൻ സാധിച്ചിട്ടില്ല.
3. വൈദ്യുതി എത്തിച്ച പ്രദേശങ്ങളിൽ തന്നെ വേണ്ടത്ര വോൾട്ടേജ് ലഭിക്കുന്നില്ല. Single Phase 230-240 Three Phase 400-440 ആയതുകൊണ്ട് പല ഉപകരണങ്ങളും കുറ്റമറ്റ രീതിയിൽ പ്രവർത്തിപ്പിക്കുവാൻ സാധിക്കുന്നില്ല.
4. ഗ്യാസ് കണക്ഷൻ ഈ ഏരിയയിൽ ലഭ്യമാക്കുന്നില്ല.
5. പാചകത്തിന് മണ്ണെണ്ണ പെർമിറ്റുകൾ വളരെ വിരളമായി മാത്രമെ ലഭിക്കുന്നുള്ളൂ. അതുകൊണ്ടു തന്നെ ലഭിക്കണമെങ്കിൽ പല തവണ സപ്ലൈ ഓഫീസുമായി ബന്ധപ്പെടേണ്ടിവരുന്നു.
6. പഞ്ചായത്ത് പ്രദേശത്ത് 602 ബൾബുകളും 12 ട്യൂബ് ലൈറ്റുകളും ഉണ്ടെങ്കിലും ഇതിന്റെ 4ൽ ഒരു ഭാഗം ബൾബുകളും ഒറ്റ ട്യൂബ് ലൈറ്റുകളും ശരിയായ രീതിയിൽ പ്രവർത്തിക്കുന്നില്ല.
7. രാത്രി 7 മുതൽ 9 വരെ പലപ്പോഴും പ്രഖ്യാപിത പവർകട്ട് ഇല്ലാതെ തന്നെ (Peak Load) വൈദ്യുതി ഓഫ് ചെയ്യുന്നു.
8. വൈദ്യുതി ലൈനിന്റെ ചുറ്റും വളർന്നുവരുന്ന മരശാഖകളും മറ്റും മുറിച്ചും പഴക്കം ചെന്ന വൈദ്യുതി ലൈനിന്റെ വസ്തുക്കൾ മാറ്റിയും ലൈനിന്റെ പ്രവർത്തനം സുഖമമാക്കാൻ സാധിക്കുന്നില്ല.
9. ബയോഗ്യാസ് വേണ്ടരീതിയിൽ പ്രചരിപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല.
10. വൈദ്യുതി ഉപയോഗം കുറഞ്ഞരീതിയിലുള്ള ഉപകരണങ്ങൾ പ്രചരിപ്പിക്കാൻ കഴിഞ്ഞിട്ടില്ല.

11. പഞ്ചായത്തിന്റെ ഏറ്റവും വേഗതയിൽ വളർന്നുവരുന്ന ഒരു പ്രദേശമാണ് പെരുമ്പിലാവ്. അവിടേക്കുള്ള കൂടുതൽ കണക്ഷനും ചാലിശ്ശേരി ഫീഡറിൽനിന്നുമാണ്. ആയതുകൊണ്ട് ചാലിശ്ശേരിയിലോ, പെരുമ്പിലാവിലോ ലൈനിൽ തകരാറുവരുമ്പോൾ ഇവിടെ ഓഫ് ചെയ്യേണ്ടിവരുന്നത് കൊണ്ട് ഈ പ്രദേശത്ത് പലപ്പോഴും വൈദ്യുതി ഇല്ലാതാവുന്നു.
12. പല ഹരിജൻ കോളനികളും വൈദ്യുതീകരിക്കാൻ സാധിച്ചിട്ടില്ല,
13. കാർഷിക മേഖലയായ ഈ പഞ്ചായത്ത് പ്രദേശത്ത് കാർഷിക കണക്ഷൻ ലഭിക്കുന്നതിന് പലപ്പോഴും കാലതാമസം നേരിടുന്നു.
14. ഈ പഞ്ചായത്തിന്റെ പ്രദേശത്തുള്ള ജനങ്ങൾക്ക് വൈദ്യുതി ബിൽ അടക്കുന്നതിന് വളരെയകലെയുള്ള വൈദ്യുതി ഓഫീസുമായി ബന്ധപ്പെടേണ്ടി വരുന്നു.
15. പഞ്ചായത്തിന്റെ പല പ്രദേശങ്ങളിലും സ്റ്റ്രീറ്റ് ലൈറ്റ് സ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ല.
16. വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് വയറിംഗ് കഴിഞ്ഞ് കാലങ്ങളോളം കാത്തിരിക്കേണ്ടി വരുന്നു.
17. പഞ്ചായത്തിന്റെ പല പ്രദേശങ്ങളിലും വൈദ്യുതി ദുരുപയോഗം ചെയ്യപ്പെടുന്നു.
18. ഭട്ടിമുറി പാടശേഖരത്തിൽകൂടെ കടന്നുപോവുന്ന വൈദ്യുതി ലൈൻ ജീവന് ഭീഷണിയായിരിക്കുന്നു.
19. സോളാർ എനർജി ഉപയോഗിക്കാൻ സാധ്യതയുള്ള ഏരിയയാണെങ്കിലും അതിന്റെ ഭാരിച്ച സ്ഥാപിത ചിലവുകാരണം ഇവിടെ ആരും തന്നെ ഉപയോഗപ്പെടുത്തുന്നില്ല
20. ഈപഞ്ചായത്ത് പ്രദേശത്ത് ഉപയോഗിക്കുന്ന വാഹനങ്ങൾക്ക് പെട്രോൾ, ഡീസൽ എന്നിവ ലഭിക്കണമെങ്കിൽ കിലോമീറ്ററോളം പോകണം. ആയതുകൊണ്ട് പലപ്പോഴും പെട്രോൾ തുടങ്ങിയ ഉത്പന്നങ്ങൾ ഇവിടെങ്ങളിലെ വീടുകളിൽ സൂക്ഷിച്ച് വിൽപ്പന നടത്തുന്നത് അപകടത്തിനുകാരണമാകുന്നു. പലപ്പോഴും ഉൽപ്പന്നത്തിന്റെ ഗുണത്തേയും ബാധിക്കുന്നു.

## സാധ്യതകൾ

1. വിറകിന്റെ ഉപയോഗം കുറക്കുന്നതിന്ന് ക്ഷമതകൂടിയ അടുപ്പുകൾ പ്രചരിപ്പിക്കുക. ഇതിന്നായി പഞ്ചായത്ത് പ്രത്യേക സബ്സിഡിയും മറ്റും ലഭ്യമാക്കി വിറക് ഉപയോഗിക്കുന്ന എല്ലാ വീടുകളിലും പുകയേൽക്കാത്ത അടുപ്പുകൾ എത്തിക്കാനുള്ള പദ്ധതി ഉണ്ടാക്കുക.
2. വൈദ്യുതിയുടെ വോൾട്ടേജ്ക്ഷാമം പരിഹരിക്കുന്നതിന്:-

a. ഉൾപ്രദേശങ്ങളിലും ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.
b. വളരെക്കുറച്ച് ഊർജ്ജം ഉപയോഗിക്കുന്ന തരത്തിലുള്ള ഉപകരണങ്ങൾ ഉപയോഗിക്കാൻ ജനങ്ങളെ ബോധവൽക്കരിക്കുക. ഉദാ. ട്യൂബ് ലൈറ്റ് C&L പ്രഷർ കുക്കർ Etc.
c. അനാവശ്യമായി ബൾബുകളും മറ്റും ഉപയോഗിക്കുന്നത് തടയുക.
d. വൈദ്യുതി ലൈനിൽകൂടിയുള്ള ചോർച്ച ഇല്ലാതാക്കുക.
e. വൈദ്യുതി ലൈനിന്റെ അറ്റകുറ്റപണികളും കേടുപാട്വന്ന കമ്പികളും മറ്റും സമയാസമയങ്ങളിൽ മാറ്റുന്നതും ലൈനിനു ചുറ്റുമുള്ളമരശാഖകളും മറ്റും മുറിച്ച്മാറ്റുന്നത് ഉറപ്പ് വരുത്തുന്നതിനും വിജിലൻസ് കമ്മറ്റികൾ വാർഡ്തോറും പ്രാവർത്തികമാക്കണം.

4. പെരുമ്പിലാവ് പ്രദേശത്തും മറ്റുമുള്ള വൈദ്യുതി പ്രശ്നം പരിഹരിക്കുന്നതിന് കുന്നംകുളത്ത് നിന്നും ഒരു ഫീഡർ വലിച്ച് അറ്റകുറ്റപണികൾ നടത്തി വൈദ്യുതി ലഭ്യമാക്കുക.
5. മണ്ണെണ്ണ പെർമിറ്റ് ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ ഉദാരമാക്കുക.
6. വയറിങ്ങ് നടത്തി അപേക്ഷ സമർപ്പിച്ച എല്ലാ വീടുകളിലും, എല്ലാ കോളനികളിലും എത്രയും പെട്ടെന്ന് വൈദ്യുതി എത്തിക്കണം.

7. പഞ്ചായത്ത് പ്രദേശത്ത് സർക്കാർ ആഭിമുഖ്യത്തിൽ ഗ്യാസ് കണക്ഷൻ ലഭ്യമാക്കാനുള്ള പ്രവർത്തനം തുടങ്ങണം.
8. രാത്രി സമയങ്ങളിലുള്ള അപ്രഖ്യാപിത പവർകട്ട് ഒഴിവാക്കാനുള്ള നടപടികൾ എടുക്കുക.
9. പെരുമ്പിലാവ് ചന്ത പ്രദേശത്തുള്ള ചാണകവും മറ്റും ഉപയോഗപ്പെടുത്തി ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുക.
2. പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ ചപ്പുചവറുകൾ ശേഖരിക്കുന്നതിന് തൊട്ടി സ്ഥാപിക്കുകയും, ഇവ പഞ്ചായത്തിന്റേതായ ഒരു സ്ഥലത്ത് കമ്പോസ്റ്റ് കുഴികളിൽ സ്ഥാപിക്കുകയും അതിൽനിന്നും ബയോഗ്യസ് ഉണ്ടാക്കുകയും ചെയ്യുക. ഇതിനായി ചപ്പുചവറുകൾ കൊണ്ടുവരുന്നതിനായി ഒന്നുരണ്ടു തൊഴിലാളിമാരെ നിയമിക്കുകയും ചപ്പുചവറ് നീക്കംചെയ്യുന്നതിന് ഒരു വാഹനം വാങ്ങിക്കുകയും ചെയ്യണം.
10. സോളാർ എനർജി ഉപയോഗപ്പെടുത്തുന്നതിന് സോളാർലാംപ്, സോളാർ വാട്ടർ ഹീറ്റർ, തുടങ്ങിയ സിസ്റ്റങ്ങൾ സ്ഥാപിക്കുന്നതിനായി പ്രത്യേക സബ്സിഡിയും മറ്റും ലഭ്യമാക്കുക.
11. വൈദ്യുതി ബിൽ അടക്കുന്നതിന് ഇലക്ട്രിസിറ്റി ഓഫീസിന്റെ കളക്ഷൻ കൗണ്ടർ പഞ്ചായത്ത് ഏരിയയിൽ സ്ഥാപിക്കുക.
12. കാർഷിക കണക്ഷനുകൾക്ക് മുൻഗണന നൽകുകയും സൗജന്യമാക്കുകയും ചെയ്യണം.
13. ഭട്ടിമുറി പാടശേഖരത്തിൽക്കൂടി പോകുന്ന വൈദ്യുതി ലൈൻ കരിക്കാട് റിക്രിയേഷൻ റോഡ് വഴി മാറ്റി സ്ഥാപിക്കുക.
14. ഒന്നിടവിട്ട എല്ലാ ഇലക്ട്രിക് പോസ്റ്റുകളിലും സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.
15. പഞ്ചായത്തിന്റെ പ്രധാന പ്രദേശങ്ങളായ അക്കിക്കാവ്, പെരുമ്പിലാവ്, കല്ലും പുറം, കടവല്ലൂർ, കൊരട്ടിക്കര, പൊറവൂർ, കരിക്കാട്, കോട്ടോൽ, ആൽത്തറ, തിപ്പിലശ്ശേരി, ഒറ്റപ്പിലാവ്, കരിക്കാട് പൊതുശ്മശാനം എന്നിവിടങ്ങളിൽ സോഡിയം ലാമ്പ് സ്ഥാപിക്കണം. ചുരുങ്ങിയ പക്ഷം ഒരു വാർഡിൽ രണ്ടെണ്ണമെങ്കിലും വേണം.
16. പഞ്ചായത്ത് പ്രദേശത്ത് പ്രത്യേകിച്ചും പെരുമ്പിലാവിൽ പെട്രോൾ പമ്പ് അനുവദിക്കണം.
17. ഫ്രീ കണക്ഷൻ അനുവദിക്കുന്നതിന് അപേക്ഷ നൽകിയിട്ടുള്ള ബാക്കിയുള്ള എല്ലാവർക്കും കണക്ഷൻ ലഭ്യമാക്കണം.
18. വൈദ്യുതി പോസ്റ്റിട്ട് കണക്ഷൻ കൊടുക്കേണ്ട ഏരിയയിൽ ഒരു പരീക്ഷണമെന്ന നിലക്കെങ്കിലും സോളാർ എനർജി ഉപയോഗപ്പെടുത്തി വെളിച്ചം എത്തിക്കണം.
19. വൈദ്യുതി എത്താത്ത 2783 വീടുകളിൽ ഓരോ കൊല്ലം 600 വീട് വച്ച് 5 കൊല്ലം കൊണ്ട് എല്ലാവീടുകളിലും, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന എല്ലാവർക്കും സൗജന്യമായി വൈദ്യുതി എത്തിക്കണം.
20. വൈദ്യുതീകരിക്കാത്ത 13 കോളനികളും വൈദ്യുതീകരിക്കണം.
21. ഡിപ്പാർട്ട്മെന്റിൽ നിന്നും ലഭ്യമാക്കേണ്ട സൗജന്യ സ്ട്രീറ്റ് ലൈറ്റ് കണക്ഷൻ ഇതുവരെയും ഈ പഞ്ചായത്തിന് കിട്ടിയിട്ടില്ല. അതും ലഭ്യമാക്കണം.
22. ഡിപ്പാർട്ട്മെന്റ് S.C.P സ്കീമിൽ ലൈറ്റ് ഇടുന്നതിനായി പഞ്ചായത്ത് വയറിംഗ് കഴിച്ചിട്ടുള്ള കൊരട്ടിക്കര സാമ്പവകോളനി, കൊരട്ടിക്കര കോടത്തുകുണ്ട്, പുല്ലാനിക്കുണ്ട്, കൊടമരക്കുന്ന് കോളനി, തിപ്പിലശ്ശേരി പൊന്നാംകുന്ന് കോളനി, കോട്ടോൽ തെക്കത്ത് ഹരിജൻ സെറ്റിൽമെന്റ് കോളനി എന്നീ കോളനികളിൽ എത്രയും പെട്ടെന്ന് ലൈറ്റിടണം.
23. K.S.E.B. Sub Section Office കടവല്ലൂർ പഞ്ചായത്ത് ഏരിയായിൽ സ്ഥാപിക്കണം. പഴഞ്ഞി സെക്ഷനിലെ 13000ത്തിൽ 8000 ഈ പഞ്ചാത്ത് ഏരിയായിൽ ആണ്.
24. വിറക് ക്ഷാമം പരിഹരിക്കുന്നതിന് സാമൂഹ്യ വനവൽക്കരണം സാർവത്രികമാക്കണം.

# മാർക്കറ്റ്

കടവല്ലൂർ ഗ്രാമ പഞ്ചായത്തിലെ പെരുമ്പിലാവ് ചന്ത കേരളത്തിലെ അറിയപ്പെടുന്ന കന്നുകാലി വിപണനകേന്ദ്രമാണ്. മലയാള വർഷം 1103ൽ കൊച്ചിൻ ദിവാൻ C.G. ഹെർബർ സാഹിബ് I.C.S. ആണ് ഉൽഘാടനം ചെയ്തത്. ഏകദേശം 69 വർഷത്തെ ചരിത്രപഴക്കമുണ്ട്. കൂടല്ലൂർ കുഞ്ഞ ഹമ്മദ് സാഹിബിന്റെ പ്രവർത്തനഫലമായിട്ടാണ് ഈ ചന്ത ഉണ്ടായത്. കാർഷികരംഗത്തെ യന്ത്ര വൽക്കരണം ചന്തയെ തളർത്തിയിട്ടുണ്ട്. ഈ മേഖലയെ ബോധപൂർവ്വം ഉപയോഗിക്കാൻ കഴി ഞ്ഞിട്ടില്ല. ബോധപൂർവ്വം ഉള്ള ഇടപെടൽ ധാരാളം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കും. ചന്ത പ്രവർത്തിക്കുന്ന സ്ഥലം ചില സ്വകാര്യ വ്യക്തികളുടെ കൈയ്യിലാണ്. ഈ ചന്തയിലേക്ക് രാജ്യത്തിന്റ വിവിധ ഭാഗങ്ങലിൽ നിന്നും ആടുമാടുകളെ വിൽപ്പനക്കായി കൊണ്ടുവരുന്നുണ്ട്. ചന്തയോടനു ബന്ധിച്ച് തുകൽ വ്യാപാരവും നടക്കുന്നു. വാണിജ്യ സ്ഥാപനങ്ങളുടെ വളർച്ച ചന്തക്ക് സമീപ മുള്ള ഒഴിഞ്ഞസ്ഥലങ്ങൾ ഇല്ലാതാക്കി. ജനങ്ങൾ തിങ്ങിപാർക്കുന്ന ഈസ്ഥലത്ത് തുകൽ സംസ്ക രണം നടത്തുന്നത് പരിസ്ഥിതി മലിനീകരണത്തിന് കാരണമായി. മലിനീകരണം ഒഴിവാക്കാൻ വേണ്ടി തുകൽ സംസ്കരണം നിർത്തിയിരിക്കുകയാണ്. മലിനീകരണം കൂടാതെയുള്ള തുകൽ സംസകരണം നടത്താനുള്ള പദ്ധതികൾ ആരായേണ്ടതുണ്ട്. ഈ രംഗത്ത് ധാരാളം തൊഴിലവസ രങ്ങൾ സൃഷ്ടിക്കാവുന്നതാണ്.

പഞ്ചായത്തിൽ നിലവിൽ ഒരു പൊതുമാർക്കറ്റില്ല. ചന്തയോടുചേർന്ന് പൊതുമാർക്കറ്റ് എന്ന ആശയം ഉൾപ്പെടുത്തിയിട്ടുണ്ട്. മത്സ്യ മാംസ വിപണനം ഇന്ന് പൊതുനിരത്തിലാണ് നടത്തുന്നത്. ഇത് പരിസ്ഥിതി മലിനീകരണത്തിനും ആരോഗ്യപ്രശ്നത്തിനും കാരണമായിത്തീരുന്നു. പഞ്ചായ ത്തിൽ അറവു ശാലയും മത്സ്യ മാർക്കറ്റും തുടങ്ങാൻ പഞ്ചായത്ത് റവന്യൂ പുറംപോക്കിൽ ഒരു ഏക്കർ മുപ്പത്തിമൂന്ന് സെന്റെ സ്ഥലം ജില്ലാ കലക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ടങ്കിലും ഇന്നുവരെ സാക്ഷാത്ക്കരിക്കപ്പെട്ടിട്ടില്ല.

<u>മാർക്കറ്റിനോടനുബന്ധിച്ച് പഞ്ചായത്തിലെ പ്രശ്നങ്ങളെ ഇങ്ങിനെ സംഗ്രഹിക്കാം.</u>

1. മൽസ്യമാംസ വിപണനം പൊതുനിരത്തിൽ നടത്തുന്നതുകൊണ്ടുണ്ടാകുന്ന പരിസ്ഥിതിപ്രസ്നങ്ങൾ.
2. തുകൽ സംസ്കരണംകൊണ്ടുള്ള പരിസ്ഥിതി പ്രശനങ്ങൾ.
3. ചന്തയോടനുബന്ധിച്ചുള്ള പരിസ്ഥിതി പ്രശ്നങ്ങൾ.

<u>മാർക്കറ്റിങ്ങിലുള്ള സാധ്യതകളെ ഇങ്ങനെ സംഗ്രഹിക്കാം.</u>

1. പൊതു നിരത്തിലുള്ള അറവും മത്സ്യമാംസ കച്ചവടവും നിരോധിക്കുക.
2. അറവുശാലയും മത്സ്യമാംസ വിപണനകേന്ദ്രവും തുടങ്ങുക.
3. തുകൽ സംസ്കരണം പരിസ്ഥിതിപ്രശനം കൂടാതെ നടത്താനുള്ള സാങ്കേതിക സഹായങ്ങൾ നേടുക. തുകൽ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്ന വ്യവസായം തുടങ്ങുക.
4. നാഷണൽ ഹൈവേയോട് ചേർന്ന് പെരുമ്പിലാവിൽ ഒരു ബസ്സ്റ്റാന്റ്, ഷോപ്പിംഗ് കോംപ്ലക്സ് എന്നിവ പണിയുക.

1. പഞ്ചായത്ത് വക പൊതുമാർക്കറ്റ് (ആഴ്ചയിൽ 2 ദിവസം)
2. കരിക്കാട് തിപ്പിലശ്ശേരി, കല്ലുംപുറം എന്നിവിടങ്ങളിൽ അന്തിച്ചന്തകൾ ആഴ്ചയിൽ 2 ദിവസം

ഭാഗം - IV

# കടവല്ലൂർ ഗ്രാമ പഞ്ചായത്ത്

## തൃതീയ മേഖല

## അദ്ധ്യായം 5

# വിദ്യാഭ്യാസം

### ഇന്നലെകൾ

പുരാതനകാലം മുതൽ വിദ്യാസമ്പാദനത്തിന് താൽപ്പര്യം കാട്ടിയ ഒരു ജനവിഭാഗമാണ് കടവല്ലൂർ പ്രദേശത്തുണ്ടായിരുന്നത്. ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ വരുന്നതിനും മുമ്പു തന്നെ തച്ചുശാസ്ത്രം, വൈദ്യശാസ്ത്രം, ജ്യോതിഷം, ക്ഷേത്രഗണിതം തുടങ്ങിയവയിൽ വൈദഗ്ദ്യം നേടിയവർ ഈ പ്രദേശത്തുണ്ടായിരുന്നു.

കടവല്ലൂർ ഭാഗത്ത് കുടിപ്പള്ളിക്കൂടങ്ങൾ നടത്തിയിരുന്ന ചില കുടുംബങ്ങൾ ഉണ്ടായിരുന്നു. മണലിൽ വിരൽ കൊണ്ടും പനയോലയിൽ എഴുത്താണികൊണ്ടുമാണ് എഴുത്ത് അഭ്യസിപ്പിച്ചിരുന്നത്.

മുഖ്യമായും കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരുന്ന ബഹുഭൂരിപക്ഷം വരുന്ന സാധാരണക്കാർക്ക് വിദ്യാഭ്യാസം ലഭിക്കുവാൻ മറ്റുമാർഗ്ഗങ്ങളൊന്നും ഇല്ലായിരുന്നു. സ്വാതന്ത്ര്യ സമരഘട്ടത്തിലും സ്വാതന്ത്ര്യ ലബ്ധിക്കുശേഷവും ചില പ്രൈമറി വിദ്യാലയങ്ങൾ ആരംഭിച്ചപ്പോൾ തങ്ങളുടെ കുട്ടികളെ വിദ്യാലയങ്ങളിലയക്കുവാൻ അന്നത്തെ രക്ഷിതാക്കൾ വ്യഗ്രത കാട്ടിയിരുന്നു. അന്ന് വിദ്യാഭ്യാസം സൗജന്യമല്ലാതിരുന്നതിനാലും സാമൂഹ്യസാമ്പത്തിക പരിതസ്ഥിതികൾ അനുകൂലമല്ലാത്തതിനാലും സാധാരണക്കാർക്ക് വിദ്യാഭ്യാസ രംഗത്ത് കയറി ചെല്ലാനായില്ല. കൂടുതൽ വിദ്യാലയങ്ങൾ സ്ഥാപിക്കപ്പെടുകയും പൊതുവിദ്യാഭ്യാസം സൗജന്യമാക്കുകയും ചെയ്തതോടെ വിദ്യാഭ്യാസ രംഗത്ത് പുത്തൻ ഉണർവ് ഉണ്ടായി.

ഈ പഞ്ചായത്തിലെ സ്ഥാപനങ്ങളിൽ നിന്ന് പ്രാഥമിക വിദ്യാഭ്യാസം നേടിയവരിൽ പലരും ഡോക്ടർ, എഞ്ചിനീയർ, വക്കീൽ, കോളേജ് അദ്ധ്യാപകർ, സ്കൂൾ അദ്ധ്യാപകർ ഓഫീസ് ഉദ്യോഗസ്ഥർ തുടങ്ങിയ നിലയിൽ പ്രശസ്തരായിത്തീർന്നിട്ടുണ്ട്.

വസ്തുതകൾ ഇതൊക്കെയാണെങ്കിലും കടവല്ലൂർ പഞ്ചായത്തിലെ വിദ്യാലയങ്ങൾക്ക് കാലത്തിനൊത്ത വളർച്ചയോ ഗുണപരമായ മികവോ നേടാൻ ഇനിയും കഴിഞ്ഞിട്ടില്ല. സമീപത്തുള്ള സർക്കാർ എയ്ഡഡ് വിദ്യാലയങ്ങളെ മറന്നുകൊണ്ട് ദൂരെയുള്ള പട്ടണങ്ങളിലെ അൺഎയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്ക് കുട്ടികളെ വിടുന്ന പ്രവണത ഇവിടെയും ഏറിവരികയാണ്. ഉയർന്ന നിലവാരം മോഹിച്ചാണ് രക്ഷിതാക്കൾ ഇത് ചെയ്യുന്നതെങ്കിലും നാട്ടിലെ വിദ്യാലയങ്ങളുടെ നാശത്തിന് ഇത് വഴിയൊരുക്കുന്നുണ്ട്.

### ഇന്നത്തെ വിദ്യാലയങ്ങളിലൂടെ

സർക്കാർ മേഖലയിൽ ഒരു ഹൈസ്കൂളും ഒരു യു.പി. സ്കൂളുമാണ് പഞ്ചായത്തിലുള്ളത്. സ്വകാര്യ എയ്ഡഡ് മേഖലയിൽ ഒരു ഹൈസ്ക്കൂളും ഒരു യു.പി. സ്കൂളും മൂന്ന് ലോവർ പ്രൈമറി വിദ്യാലയങ്ങളുമുണ്ട്. സ്വകാര്യ അൺഎയ്ഡഡ് മേഖലയിൽ മൂന്ന് വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നു. ഇവ ഇംഗ്ലീഷ് മീഡിയം സ്കൂളുകളാണ്. പ്രവേശനസമയത്ത് വാങ്ങുന്ന നിശ്ചിത സംഖ്യക്കു പുറമേ മാസംതോറും കനത്ത ഫീസും ഈടാക്കുന്ന ഈ സ്ഥാപനങ്ങൾ സാധാരണക്കാരുടെ കുട്ടികൾക്ക് അപ്രാപ്യമാണ്.

| സർക്കാർ | സ്വകാര്യ എയ്ഡഡ് | അൺ എയ്ഡഡ്. |
|---|---|---|
| 1. ഗവ. ഹൈസ്ക്കൂൾ കടവല്ലൂർ<br><br>2. ഗവ.യു.പി.സ്കൂൾ കൊരട്ടിക്കര | 1. T.M.H.Sപെരുമ്പിലാവ്.<br>2. L.M.U.P.S. പെരുമ്പിലാവ്<br>3. C.M.L.P.S. കരിക്കാട്<br>4. M.U.M.L.P.S. പെരുമ്പിലാവ്<br>5. A.V.P.S. തിപ്പലിശ്ശേരി | 1. N.S.S. ഇംഗ്ലീഷ് സ്കൂൾ കടവല്ലൂർ<br>2. അൻസാർ ഇംഗ്ലീഷ് സ്കൂൾ പെരുമ്പിലാവ്<br>3. അൽ-അമീൻ ഇംഗ്ലീഷ് സ്കൂൾ കരിക്കാട്. |

## 1. ഗവ. ഹൈസ്ക്കൂൾ കടവല്ലൂർ

1907ൽ പ്രൈമറി വിദ്യാലയമായി ആരംഭിച്ചു. 1946ൽ യു.പി. ആയി ഉയർത്തി. അന്ന് 4-ാം ക്ലാസ് കഴിഞ്ഞ് $4\frac{1}{2}$ ക്ലാസ്സ് കൂടി ഉണ്ടായിരുന്നു. ഇപ്പോൾ ഒന്നാം ക്ലാസ്സു മുതൽ പത്താം ക്ലാസ്സുവരെയുള്ള ഈ സ്ഥാപനം സാമാന്യം ഭേദപ്പെട്ട പഠന നിലവാരം നിലനിർത്തുന്നു. S.S.L.C. വിജയശതമാനത്തിലും താരതമ്യേന മുന്നിൽ തന്നെ. എങ്കിലും ഈ വിദ്യാലയത്തിന് ഒട്ടേറെ പരിമിതികൾ ഉണ്ട്.

1966ൽ ഹൈസ്ക്കൂളാക്കി ഉയർത്തിയപ്പോൾ ഭൗതിക സാഹചര്യങ്ങൾ വർദ്ധിക്കുകയുണ്ടായില്ല. പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സൗകര്യങ്ങൾ ഈ വിദ്യാലയത്തിൽ തീരെയില്ല. ഒരു കിണർ ഉള്ളത് വേനൽക്കാലത്ത് വറ്റുന്നു. ക്ലാസ് മുറികളുടെ കുറവും ഫർണിച്ചറിന്റെ അപര്യാപ്തതയും ഈ വിദ്യാലയത്തിലെ പഠനത്തെ പ്രതികൂലമായി ബാധിക്കുന്നു. P.T.A. യുടെ ഉത്തരവാദിത്വത്തിൽ "ഓപ്പറേഷൻ ബ്ലേക്ക് ബോർഡ്" സ്കീമിൽ രണ്ടുമുറികളുള്ള ഒരു കെട്ടിടം ഈയിടെ പണിതു. എന്നിട്ടും ക്ലാസ്സ് മുറികളുടെ അപര്യാപ്തത നിലനിൽക്കുന്നു.

ഒരു ഹൈസ്ക്കൂളിന് അനുയോജ്യമായ കളിസ്ഥലം ഈ വിദ്യാലയത്തിനില്ല എന്നത് കായിക രംഗത്ത് നേട്ടങ്ങളുണ്ടാക്കുന്നതിന് തടസ്സമായി നിൽക്കുന്നു. ഭൗതിക സാഹചര്യങ്ങൾ വർണ്ണിപ്പിച്ചാൽ ഈ വിദ്യാലയത്തിന് കൂടുതൽ ഉയർന്ന നിലവാരം പുലർത്താൻ കഴിയും, അദ്ധ്യാപകർക്കായി ക്വാർട്ടേഴ്സുള്ള അപൂർവ്വം സ്കൂളുകളിൽ ഒന്നാണിത്.

## 2. T.M.H.S. പെരുമ്പിലാവ്.

കുന്നംകുളം ചുങ്കത്ത് ശ്രീ. താരപ്പന്റെ സ്മാരകമായി 1939 ഫെബ്രവുവരി 15-ാം തിയ്യതി സർ R.K. ഷൺമുഖൻ ചെട്ടിയാർ സ്കൂളിന് തറക്കല്ലിട്ടു. 1939 ജൂൺ 5-ാം തിയ്യതി ശ്രീ. ഇട്ട്യേച്ചൻ മാസ്റ്റർ ഏക അദ്ധ്യാപകനായി സ്കൂൾ പ്രവർത്തനമാരംഭിച്ചു. 1946ൽ സർ. C.P. രാമസ്വാമി അയ്യർ T.M. ഹൈസ്ക്കൂളിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. സ്കൂളിലെ അദ്ധ്യാപകരായിരുന്ന ഇട്ട്യേച്ചൻ മാസ്റ്റർക്കും ശ്രീ. V.U. വേലുക്കുട്ടി മാസ്റ്റർക്കും കേരള സർക്കാറിന്റെ അദ്ധ്യാപക അവാർഡ് ലഭിച്ചിട്ടുണ്ട്. 1964ൽ രജതജൂബിലിയും 1989ൽ സുവർണ്ണ ജൂബിലിയും ആഘോഷിച്ചു.

ശ്രീ.വിനോബാജി കെ.പി. കേശവമേനോൻ, മഹാകവി വള്ളത്തോൾ എന്നിവർ ഈ സ്കൂൾ സന്ദർശിച്ചിട്ടുണ്ട്. സ്വകാര്യ എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൽ അഞ്ചുമുതൽ പത്തുവരെ ക്ലാസ്സുകൾ ഉണ്ട്. ഏതാണ്ട് പതിനഞ്ചുവർഷം മുമ്പുവരെ നല്ല അച്ചടക്കവും ഉയർന്ന പഠനനിലവാരവും ഉണ്ടായിരുന്ന ഈ വിദ്യാലയം ഇന്ന് അഭിമാനിക്കാനൊന്നുമില്ലാത്ത ഒരു സ്ഥാപനമായിത്തീർന്നിരിക്കുന്നു. പഠന നിലവാരത്തിലും S.S.L.C. വിജയശതമാനത്തിലും പിന്നിൽ തന്നെ ഈയിടെയായി കുട്ടികളുടെ എണ്ണം കുറഞ്ഞു കൊണ്ടിരിക്കുന്നു. കുട്ടികൾക്കുള്ള ഉച്ചഭക്ഷണം നല്ല രീതിയിൽകൊടുക്കുന്നുണ്ട്.

### 3. ഗവ:യു.പി. സ്കൂൾ കൊരട്ടിക്കര

പഞ്ചായത്തിൽ സർക്കാർ മേഖലയിലുള്ള ഏക യു.പി.സ്കൂൾ. 1961ൽ പ്രൈമറി വിദ്യാലയമായി പ്രവർത്തനമാരംഭിച്ചു. ആദ്യം വാടക കെട്ടിടത്തിലായിരുന്നു പ്രവർത്തനം. പിന്നീട് സ്വന്തം കെട്ടിടമായി. 1982ൽ അപ്പർപ്രൈമറിയായി ഉയർത്തി.

വൃത്തിയായി സൂക്ഷിക്കാവുന്ന വലിപ്പമുള്ള ക്ലാസ്സ് മുറികൾ ഉണ്ട്. മുൻവശത്ത് മതിലും ഗേറ്റും കിണർ മൂത്രപ്പുര എന്നിവയും ഉണ്ട്. ഈ വിദ്യാലയം ഇന്ന് നേരിടുന്ന ഏറ്റവും വലിയ പ്രശ്നം ക്ലാസ്സ് മുറികളുടെ അഭാവമാണ്. നാല് മുറികൾ ഇപ്പോഴും കുറവാണ്. അതുകൊണ്ട് അഞ്ച്, ആറ്, ഏഴ് ക്ലാസ്സുകളിൽ രണ്ടുഡിവിഷനുകൾ വീതം കൂട്ടിയിട്ടിരിക്കയാണ്. ഈ ക്ലാസ്സുകളിൽ തൊണ്ണൂറിൽ കൂടുതൽ കുട്ടികൾ ഇരിക്കുന്നുണ്ട്. ഈ സാഹചര്യം കുട്ടികളുടെ വിദ്യാഭ്യാസത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്.

കുന്നംകുളം സബ്ജില്ലയിലെ ഏറ്റവും കൂടുതൽ പട്ടിക ജാതി വിദ്യാർത്ഥികൾ പഠിക്കുന്ന U.P. വിദ്യാലയം ഇതാണ്. സ്കൂൾ കോമ്പൗണ്ടിന് പിൻഭാഗത്ത് വേലിയില്ലാത്തതിനാൽ സാമൂഹ വിരുദ്ധരുടെ അഴിഞ്ഞാട്ടം ഇടക്കിടെ ഉണ്ടാകാറുണ്ട്. രക്ഷിതാക്കളുടേയും പൊതുജനങ്ങളുടേയും അവഗണന നല്ല നിലയിൽ പ്രവർത്തിച്ചിരുന്ന ഈ സ്ഥാപനത്തെ നിലവാരത്തകർച്ചയിലേക്ക് നയിക്കുകയാണ്.

### 4. L.M.U.P. സ്കൂൾ പെരുമ്പിലാവ്

1900 മാണ്ടിൽ തൊഴിലാളികളുടെ മക്കൾക്കായി സ്ഥാപിച്ചതാണ് ഈ വിദ്യാലയം. പേർതന്നെ ഇത് സൂചിപ്പിക്കുന്നു. "ലേബർ മലയാളം അപ്പർ പ്രൈമറി സ്കൂൾ".

സ്വകാര്യ എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്നു. സ്കൂൾ കാര്യങ്ങളിൽ ശ്രദ്ധിക്കുന്ന ഒരു P.T.A. ഇപ്പോൾ ഉണ്ട്. സാമാന്യം മെച്ചപ്പെട്ട നിലവാരം പുലർത്തുന്നുണ്ട്. ഏതാനും ഡിവിഷനുകൾ ഇംഗ്ലീഷ് മീഡിയത്തിലാണ് പ്രവർത്തിക്കുന്നത്. സ്കൂൾ മാനേജ്മെന്റിന് വിദ്യാലയ നടത്തിപ്പിൽ താൽപര്യമുണ്ട്. സേവന തൽപ്പരരായ അദ്ധ്യാപകർ ഇവിടെയുണ്ട്.

### 5. C.M.L.P. സ്കൂൾ കരിക്കാട്

സ്വകാര്യ എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്നു. സ്ഥലപരിമിത രൂക്ഷമാണ്. കുട്ടികളുടെ മാനസികവും കായികവുമായ വളർച്ചക്ക് പറ്റിയ അന്തരീക്ഷമല്ല ഈ വിദ്യാലയത്തിലുള്ളത്. വേണ്ടത്ര കാറ്റും വെളിച്ചവും കയറുന്ന ക്ലാസ്സ് മുറികൾ ഇല്ല. പഠന നിലവാരം ഉയർത്തുന്നതിനും പാഠ്യേതര പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും അദ്ധ്യാപകർ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്.

### 6. M.U.M.L.P. സ്കൂൾ പെരുമ്പിലാവ്

പഞ്ചായത്തിലെ പഴക്കമുള്ള വിദ്യാലയങ്ങളിലൊന്നാണിത്. സ്വകാര്യ എയ്ഡഡ് മേഖലയിലാണ് പ്രവർത്തിക്കുന്നത്. എഴുപത് വർഷങ്ങൾക്കുമുമ്പ് പ്രൈമറി വിദ്യാലയമായി പ്രവർത്തിച്ചു തുടങ്ങിയ ഈ സ്ഥാപനത്തിൽ അന്നുള്ള സൗകര്യങ്ങൾ മാത്രമാണ് ഇന്നും ലഭ്യമായിട്ടുള്ളത്. പഠനത്തിനും മാനസിക വികാസത്തിനും പറ്റിയ യാതൊരു ഭൗതിക സാഹചര്യവും ഈ വിദ്യാലയത്തിലില്ല.

ഉപയോഗ്യമായ മൂത്രപ്പുരയോ കക്കൂസോ ഇല്ലാത്ത വിദ്യാലയമാണിത്. ഓഫീസ് മുറിയോ സ്റ്റാഫ് മുറിയോ ഇല്ല. ശക്തമായ ഒരു P.T.A. യുടെ അഭാവം സ്ഥിതി കൂടുതൽ ഗുരുതരമാക്കുന്നു.

### 7. A.L.P. സ്കൂൾ തിപ്പലിശ്ശേരി

പഞ്ചായത്തിന്റെ കിഴക്കേ അതിർത്തിയിൽ സ്ഥിതിചെയ്യുന്ന ഈ വിദ്യാലയത്തിന്റെ പ്രയോജനം കടങ്ങോട് പഞ്ചായത്തിലെ വിദ്യാർത്ഥികൾക്കും ലഭ്യമാണ്. 1968ൽ ആരംഭിച്ചു. സ്വകാര്യ എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്നു. കുട്ടികളുടെ എണ്ണം വളരെകുറവാണ്. ഉള്ള എണ്ണം നിലനിർത്താൻ അദ്ധ്യാപകർ പ്രയാസപ്പെടുന്നു. പഠനനിലവാരവും പാഠ്യേതര പ്രവർത്തനങ്ങളും മെച്ചമല്ല.

### 8. N.S.S. ഇംഗ്ലീഷ് സ്കൂൾ കടവല്ലൂർ

സ്വകാര്യ അൺ എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്നു. ഇംഗ്ലീഷ് മീഡിയത്തിൽ പഠിപ്പിക്കുന്ന ഭൗതിക സാഹചര്യങ്ങൾ സാമാന്യം ഭേദപ്പെട്ട രീതിയിലുണ്ട്. വേണ്ടത്ര യോഗ്യതയുള്ള അദ്ധ്യാപകരുടെ കുറവുണ്ട്. L.K.G. മുതൽ 4-ാം തരം വരെ ഇവിടെയുണ്ട്.

### 9. അൻസാർ ഇംഗ്ലീഷ് സ്കൂൾ, പെരുമ്പിലാവ്.

സ്വകാര്യ അൺ എയ്ഡഡ് വിദ്യാലയം C.B.S.E. സിലബസ് അനുസരിച്ചാണ് പഠനം. 1983ൽ സ്ഥാപിക്കപ്പെട്ട ഈ വിദ്യാലയത്തോടനുബന്ധിച്ച് U.K.G. മുതൽ പന്ത്രണ്ടാം ക്ലാസ്സുവരെയുണ്ട്. യൂണിവേഴ്സിറ്റി തലത്തിലുള്ള കോഴ്സുകൾക്കുപുറമേ I.T.C. യും കമ്പ്യൂട്ടർ കോഴ്സുകളും ഇവിടെയുണ്ട്. ഇവിടെ പഠിക്കുന്നവരിൽ ബഹുഭൂരിപക്ഷം കുട്ടികളും മറ്റു പഞ്ചായത്തുകളിൽ നിന്നും ഉള്ളവരാണ്.

സ്കൂളിലെ പട്ടികജാതി - പട്ടിക വർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികളെക്കുറിച്ച് യാതൊരു രേഖയും ഇവിടെ സൂക്ഷിച്ചു കാണുന്നില്ല.

### 10. അൽ-അമീൻ ഇംഗ്ലീഷ് സ്കൂൾ, കരിക്കാട്

സ്വകാര്യ അൺ എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്നു. L.K.G. മുതൽ U.P. ക്ലാസ്സുകൾ വരെയുണ്ട്. 4-ാം ക്ലാസ് വിദ്യാർത്ഥികൾക്ക് അംഗീകൃത പരീക്ഷ എഴുതാൻ കഴിയുന്നില്ല. വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരം കിട്ടിയില്ല.

മേൽപ്പറഞ്ഞ ഔദ്യോഗിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു പുറമേ മൂന്ന് ട്യൂട്ടോറിയൽ സ്ഥാപനങ്ങളും ഒരു പാരലൽ കോളേജുമുണ്ട്. ടൈപ്പ് റൈറ്റിംഗ് പരിശീലനത്തിനായി മൂന്ന് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

### പ്രശ്നങ്ങൾ

1. കടവല്ലൂർ ഗവ. ഹൈസ്ക്കൂളിൽ 4 ക്ലാസ്സ് മുറികളുടെ കുറവുണ്ട്. ഇതിന് കളി സ്ഥലമില്ല. ആവശ്യമായ മൂത്രപ്പുര, കക്കൂസ് എന്നിവയില്ല. പിൻഭാഗത്ത് മതിൽ ഇല്ലാത്തതിനാൽ സ്കൂൾ പൊതുവഴിയായി ഉപയോഗിക്കപ്പെടുന്നു. കുടിവെള്ളം ലഭിക്കുന്ന കിണർ വേനൽക്കാലമാകുന്നതോടെ വറ്റുന്നു. ഭക്ഷണം കഴിഞ്ഞ് കൈ കഴുകാൻ വിദ്യാർത്ഥികൾ സമീപത്തുള്ള വീടുകളെ ആശ്രയിക്കുന്നു. ഫർണിച്ചറിന്റെ കുറവും ഇവിടെയുണ്ട്. ഉള്ള ഫർണീച്ചറിനുവേണ്ടി കുട്ടികൾ വഴക്കിടുന്നു. കുടിവെള്ളം സംഭരിക്കുന്നതിന് ടാങ്കില്ല.

2. കൊരട്ടിക്കര ഗവ. യു.പി. സ്കൂളിൽ 5 ക്ലാസ് മുറികളുടെ കുറവുണ്ട്. ബഞ്ചും ഡസ്ക്കും കുറവുണ്ട്. വൈദ്യുതീകരിച്ചിട്ടില്ല. പിൻഭാഗത്ത് വേലിയോ മതിലോ ഇല്ലാത്തതിനാൽ നശീകരണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. കഴിഞ്ഞ വർഷം ഓഫീസ് കുത്തിതുറന്ന് മോഷണം നടക്കുകയുണ്ടായി. സബ്ജില്ലയിലെ ഏറ്റവും കൂടുതൽ പട്ടികജാതി വിദ്യാർത്ഥികൾ പഠിക്കുന്ന സ്ഥാപനമായതിനാൽ ഇതിന്റെ വികസനത്തിന് പ്രാധാന്യമേറുന്നു. സ്കൂൾ ഓഫീസിൽ എലിശല്ല്യം ഉണ്ട്.

ഫയലുകളും ചാർട്ട്, മാപ്പ് തുടങ്ങിയവയും എലികൾ നശിപ്പിക്കുന്നു.

3. പെരുമ്പിലാവ് T.M.H.S.ൽ വേണ്ടത്ര ഫർണീച്ചർ ഇല്ല.

4. പെരുമ്പിലാവ് M.U.M.L.P. സ്കൂളിൽ മൂത്രപ്പുരയുടെ അഭാവം ഗുരുതരമാണ്. ക്ലാസ് മുറിയുടെ ഘടനയും സംവിധാനവും ആശാസ്യമല്ല.

5. കരിക്കാട് C.M.L.P.S.ൽ ക്ലാസ്സുമുറികളിൽ കാറ്റും വെളിച്ചവും വേണ്ടത്രയില്ല. ഇടുങ്ങിയ സ്കൂൾ അന്തരീക്ഷമാണുള്ളത്.

6. മൊത്തത്തിൽ പഞ്ചായത്തിലെ സ്കൂളുകളിൽ P.T.A. യുടെ പ്രവർത്തനം തൃപ്തികരമല്ല.

7. S.S.L.C. വിജയശതമാനം ഉയരുന്നില്ല.

8. പഠന സഹായികളും ലബോറട്ടറി സൗകര്യവും സ്വകാര്യ സ്കൂളുകളിൽ തീരെയില്ല.

9. കല, സാഹിത്യം, കായികം തുടങ്ങിയ പാഠ്യേതര രംഗങ്ങളിൽ പഞ്ചായത്തിലെ വിദ്യാലയങ്ങളുടെ നിലവാരം ശോചനീയമാണ്.

10. തൊഴിൽ - സാങ്കേതിക പരിശീലനത്തിനുള്ള സ്ഥാപനങ്ങളൊന്നും ഈ പഞ്ചായത്തിലില്ല.

11. സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണമെടുത്ത് ഡിവിഷനുകൾ തീരുമാനിച്ച് സ്റ്റാഫ് ഫിക്സേഷൻ നടത്താൻ ഇന്ന് വളരെ വൈകുന്നു. ഇതു മൂലം അദ്ധ്യയന വർഷാരംഭത്തിൽ ഡിവിഷനുകൾ തിരിക്കുന്നതിനും പഠനം തുടങ്ങുന്നതിനും കാലതാമസം ഉണ്ടാകുന്നു.

## പരിഹാര നിർദ്ദേശങ്ങൾ (ഭൗതികം)

I a) കടവല്ലൂർ ഗവ. ഹൈസ്കൂളിന് 4 ക്ലാസ്സ് മുറികളുള്ള കെട്ടിടം പണിയണം.

b) മൂത്രപ്പുരയും കക്കൂസും പണിയണം.

c) സ്കൂളിനടുത്തായി ചുരുങ്ങിയത് ഒരു ഏക്കർ വിസ്തീർണ്ണമുള്ള കളിസ്ഥലം വാങ്ങണം.

d) 100 ബെഞ്ച്, 100 ഡസ്ക്, 20 മേശ, 10 കസേര എന്നിവ വേണം.

e) കിണർ ആഴം കൂട്ടുകയോ കുഴൽക്കിണർ കുഴിക്കുകയോ വേണം. ഒരു വാട്ടർ ടാങ്കും 20 ടാപ്പുകളുമുള്ള ജല വിതരണ സംവിധാനം സ്കൂളിൽ വേണം.

f) ഹൈസ്ക്കൂളിൽ നിന്നും L.P. വിഭാഗത്തെ ഭരണപരമായി വേർപ്പെടുത്തുക.

g) സ്കൂളിനു പടിഞ്ഞാറുവശത്തും വടക്കുവശത്തും മതിൽ കെട്ടണം.

h) കടവല്ലൂർ ഗവ. ഹൈസ്ക്കൂളിൽ "പ്ലസ് ടു" കോഴ്സ് ആരംഭിക്കണം.

i) ഇവടെ I.H.R.D. യുടെ കമ്പ്യൂട്ടർ കോഴ്സുകൾ ആരംഭിക്കണം.

j) സ്റ്റേജിന് മേൽപ്പുരപണിയണം.

II a) കൊരട്ടിക്കര ഗവ. യു.പി. സ്കൂളിന് 5 മുറികളുള്ള കെട്ടിടം പണിയുക.

b) സ്കൂൾ വൈദ്യുതീകരിക്കുക.

c) സ്കൂളിന് കിഴക്കും വടക്കും വശങ്ങളിൽ മതിൽ പണിയണം.

d) ഹാളിൽ നടക്കുന്ന ക്ലാസ്സുകളെ വേർതിരിക്കുന്നതിന് 3 സ്ക്രീനുകൾ നിർമ്മിച്ചുകൊടുക്കുക.

e) കിണർ ആഴം കൂട്ടുകയും വാട്ടർടാങ്കും 10 ടാപ്പുകളുമുള്ള ജലവിതരണ സംവിധാനം ഉണ്ടാക്കുകയും വേണം.

f) 20 ഡെസ്ക്കും 20 ബഞ്ചും പണിതു നൽകണം.

g) ഓഫീസിലേക്ക് വേണ്ടി ഒരു സ്റ്റീൽ അലമാര നൽകണം.

III പെരുമ്പിലാവ് T.M.H.S. ന് 20 ഡെസ്ക്കും 20 ബഞ്ചും നൽകണം.

IV തിപ്പലിശ്ശേരി A.L.P. സ്കൂളിന് ഉച്ചഭക്ഷണം പാകം ചെയ്യാനുള്ള പാത്രങ്ങൾ നൽകണം.

V തിപ്പലിശ്ശേരി, കരിക്കാട് ഭാഗത്ത് യു.പി. സ്കൂളും ആൽത്തറ ഭാഗത്ത് ഹൈസ്കൂളും

85

ഒറ്റപ്പിലാവ് ഭാഗത്ത് എൽ.പി. സ്കൂളും അനുവദിക്കണം.

VI. പെരുമ്പിലാവ് L.M.U.P.S. ന് ഉച്ചഭക്ഷണത്തിനുള്ള ധാന്യം സൂക്ഷിക്കാൻ ഒരു മുറി പണിയണം.

## പരിഹാരനിർദ്ദേശങ്ങൾ (അക്കാദമിക്)

I വിദ്യാഭ്യാസ വർഷാരംഭത്തിൽ തന്നെ സ്റ്റാഫ് ഫിക്സേഷൻ നടത്തുന്നതിന് വിദ്യാഭ്യാസ ഓഫീസുകളോട് ആവശ്യപ്പെടുക.

### II. പഞ്ചായത്ത് വിദ്യാഭ്യാസസമിതി

ഗ്രാമപഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു വിദ്യാഭ്യാസ സമിതി രൂപീകരിക്കണം.

ചെയർമാൻ : പഞ്ചായത്ത് പ്രസിഡന്റ്

കൺവീനർ : ഒരു അദ്ധ്യാപകൻ/അദ്ധ്യാപിക.

അംഗങ്ങൾ : a) എല്ലാ ഹെഡ്മാസ്റ്റർമാരും

b) സ്കൂൾ മാനേജർമാർ

c) P.T.A. പ്രസിഡന്റുമാർ

d) സ്കൂൾ സംരക്ഷണസമിതി പ്രതിനിധികൾ

e) എല്ലാ സ്കൂളിൽ നിന്നും ഒരു അദ്ധ്യാപക പ്രതിനിധി.

രണ്ടു മാസത്തിലൊരിക്കലെങ്കിലും യോഗം ചേരണം. എല്ലാ സ്കൂളുകളുടേയും പ്രവർത്തനങ്ങൾ നിരീക്ഷിക്കണം. വിലയിരുത്തണം. നിർദ്ദേശങ്ങൾ വെക്കണം. വിദ്യാർത്ഥികൾക്ക് പ്രോത്സാഹനസമ്മാനങ്ങൾ നൽകണം. P.T.A. പ്രവർത്തനങ്ങളെ സഹായിക്കണം. വർഷാരംഭത്തിൽ എല്ലാ സ്കൂളുകളിലേയും അദ്ധ്യാപകരുടെ യോഗം വിളിച്ച് പ്രശ്നങ്ങൾ ചർച്ച ചെയ്യണം.

### III. പഞ്ചായത്ത് സ്കൂൾ കോംപ്ലക്സ്

ഇന്ന് നിലവിലുള്ള സർക്കാർതല സ്കൂൾ കോംപ്ലക്സിൽ നിന്നും വ്യത്യസ്തമായിരിക്കണം. ലബോറട്ടറി സൗകര്യമുള്ളതിനാലും വിജയശതമാനം കൂടുതലുള്ളതിനാലും കടവല്ലൂർ ഗവ. ഹൈസ്കൂൾ ലീഡ് സ്കൂൾ ആയിരിക്കണം. പഞ്ചായത്തിലെ മറ്റുസ്കൂളുകൾ കോംപ്ലക്സിൽ അംഗങ്ങളായിരിക്കും.

### സ്കൂൾ കോംപ്ലക്സിന്റെ പ്രവർത്തനങ്ങൾ

a) അദ്ധ്യാപക പരിശീലനം നടത്തുക.
b) പഠനോപകരണ നിർമ്മാണ വർക്ക് ഷോപ്പ് നടത്തുക.
c) മാസം തോറും മാതൃകാ ക്ലാസ്സുകൾ, ചർച്ചകൾ സംഘടിപ്പിക്കുക.
d) നിലവാരംകുറഞ്ഞ കുട്ടികളെ കണ്ടെത്തി പരിഹാരബോധനം നൽകാനുള്ള ഏർപ്പാട് ചെയ്യുക.
e) ലബോറട്ടറി, സ്പോർട്ട്സ്, ലൈബ്രറി ഉപകരണങ്ങൾ സ്കൂളുകൾ തമ്മിൽ കൈമാറുക.

### IV) സ്കൂൾ സംരക്ഷണ സമിതി

ഉദ്ദേശ്യം: ഓരോ സ്കൂളിനും ഒന്ന്. സ്കൂളിന്റെ പ്രവർത്തനങ്ങളെ സഹായിക്കുക. ഭൗതിക സാഹചര്യങ്ങൾ സൃഷ്ടിച്ചു കൊടുക്കുക. സ്കൂൾ പ്രവർത്തനങ്ങൾക്കുള്ള ജനകീയ മോണിട്ടറിംഗ് നടത്തുക.

അംഗങ്ങൾ:

a) സന്നദ്ധ സംഘടനാ പ്രതിനിധികൾ.

b) രാഷ്ട്രീയ കക്ഷി പ്രതിനിധികൾ.

c) രക്ഷാകർതൃ പ്രതിനിധി.

മാസത്തിലൊരിക്കൽ യോഗം ചേർന്ന് P.T.A. യുമായി സഹകരിച്ച് പ്രശ്നങ്ങൾക്ക് പരിഹാരം കാണണം. P.T.A. യിൽ സംരക്ഷണം സമിതിയുടെ ഒരു പ്രതിനിധി ഉണ്ടായിരിക്കണം. നിലവാരം കുറഞ്ഞ കുട്ടികൾക്ക് സൗജന്യ ട്യൂഷൻ നൽകാനുള്ള സംവിധാനം സമിതി ചെയ്യണം.

V. എല്ലാ സ്കൂളിലും ദേശീയ പ്രാധാന്യമുള്ള ദിനങ്ങൾ (സ്വാതന്ത്ര്യദിനം, റിപ്പബ്ലിക് ദിനം etc) സമുചിതമായി ആഘോഷിക്കുന്നുവെന്ന്. ഉറപ്പുവരുത്തണം. ഇതിൽ എല്ലാ വിദ്യാർത്ഥികളും അദ്ധ്യാപകരും പങ്കെടുക്കണം.

VI. ഇടക്കുവെച്ച് പഠന് നിർത്തിയ കുട്ടികളെ കണ്ടെത്തി വിദ്യാലയത്തിലെത്തിക്കാൻ P.T.A. ശ്രദ്ധിക്കണം.

VII. എല്ലാ വർഡിലും വായനശാലകൾ സ്ഥാപിക്കണം. ഇവയിൽ ബാലസാഹിത്യകൃതികൾക്ക് പ്രത്യേകം വിഭാഗം വേണം.

വായന ശാലകളോടനുബന്ധിച്ച് സൗജന്യ ട്യൂഷൻ സെന്ററുകൾ തുടങ്ങുക.

VIII. തുടർ സാക്ഷരതാ പരിപാടികൾക്കും വയോജന വിദ്യാഭ്യാസത്തിനും ഉതകുന്ന ജനവിദ്യാകേന്ദ്രങ്ങളുടെ പ്രവർത്തനം ത്വരിതപ്പെടുത്തണം.

IX. സാങ്കേതിക-തൊഴിൽ പരിശീലനത്തിനുള്ള സ്ഥാപനങ്ങൾ പഞ്ചായത്തിൽ തുടങ്ങുക.

1966ൽ കടവല്ലൂർ ഗവ.യു.പി. സ്കൂൾ ഹൈസ്കൂൾ ആക്കി ഉയർത്തിയ ശേഷം ഈ പഞ്ചായത്തിൽ പത്താം ക്ലാസ്സ് കഴിയുന്നവർക്ക് തൊഴിൽ പരിശീലനം ലഭിക്കാൻ സൗകര്യമില്ല. ആയതിനാൽ കടവല്ലൂർ പഞ്ചായത്തിൽ സർക്കാർ മേഖലയിൽ ഒരു I.T.C. സ്ഥാപിക്കണം.

നഴ്സിംഗ്, ലാബ്-X-റേ ടെക്നീഷ്യൻ തുടങ്ങിയ പാരാമെഡിക്കൽ ട്രെയ്നിംഗ് അനുവദിക്കേണ്ടതാണ്.

X. സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ കുട്ടികളിൽനിന്നും ഈടാക്കുന്ന സെപഷ്യൽ ഫീസ് വേണ്ട വിധത്തിൽ ഉപയോഗിക്കാൻ ഹെഡ്മാസ്റ്റർമാർ ശ്രദ്ധിക്കണം. ഈ ഫണ്ട് ഉപയോഗിച്ച് സ്കൂളുകൾക്കാവശ്യമായ പഠന സഹായികൾ കുറെയൊക്കെ വാങ്ങാവുന്നതാണ്.

XI. വിദ്യാലയങ്ങളുടെ പല പ്രശ്നങ്ങളും പൊതുജന സഹകരണത്തോടെ പരിഹരിക്കാവുന്നവയാണ്. പ്രാദേശികമായി P.T.A. യുടെ സാഹയത്തോടെ പരിഹാരം കാണാൻ ശ്രമിക്കാതെ പഞ്ചായത്തിന്റെ സഹായത്തിനായി അപേക്ഷിക്കുന്ന പ്രവണത പല സ്കൂളുകളിൽ നിന്നും ലഭിച്ച റിപ്പോർട്ടുകളിൽ കാണുന്നുണ്ട്. ഇത് പ്രോത്സാഹിപ്പിക്കാവുന്നതല്ല.

XII. കോട്ടോൽ, ഒരുക്കാലിക്കുന്ന് എന്നീ പ്രദേശങ്ങളിലുള്ള കുട്ടികൾക്ക് മൂന്ന് കിലോ മീറ്ററിലേറെ യാത്ര ചെയ്ത് വേണം സമീപത്തുള്ള സ്കൂളിലെത്താൻ. ആയതിനാൽ ഈ പ്രദേശങ്ങളിൽ ഓരോ L.P. സ്കൂളുകൾ സർക്കാർ മേഖലയിൽ അനുവദിക്കണം.

XIII. അറക്കൽ M.U.M.L.P. സ്കൂൾ അപ്ഗ്രഡ് ചെയ്യണം.

പഞ്ചായത്ത് സ്കൂളുകൾ തമ്മിലുള്ള
ദൂരം കാണിക്കുന്ന ചാർട്ട്.



| നമ്പർ | സ്കൂൾ | ക്ലാസ്സ് | കുട്ടികളുടെ എണ്ണം | | | SC/ST കുട്ടികൾ | | | തോററു പഠിക്കുന്ന SC/ST | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1 | G.H.S കടവല്ലൂർ | 1-10 | 748 | 664 | 1412 | 161 | 131 | 292 | 31 | 11 | 42 |
| 2 | G.U.P.S കൊരട്ടിക്കര | 1-7 | 261 | 237 | 498 | 79 | 80 | 159 | 11 | 3 | 14 |
| 3 | L.M.U.P.S പെരുമ്പിലാവ് | 1-7 | 483 | 425 | 908 | 90 | 71 | 161 | 8 | 9 | 17 |
| 4 | T.M.H.S പെരുമ്പിലാവ് | 5-10 | 717 | 637 | 1354 | 114 | 126 | 240 | 36 | 18 | 54 |
| 5 | C.M.L.P.S കരിക്കാട് | 1-4 | 323 | 345 | 668 | 32 | 40 | 72 | 3 | 2 | 5 |
| 6 | A.L.P.S തിപ്പലിശ്ശേരി | 1-4 | 323 | 345 | 668 | 32 | 40 | 72 | 3 | 2 | 5 |
| 7 | M.U.M.L.P.S.പെരുമ്പിലാവ് | 1-4 | 212 | 107 | 319 | 10 | 9 | 19 | - | 1 | 1 |
| | | | 2856 | 2522 | 5378 | 331 | 334 | 665 | 91 | 47 | 138 |

കുട്ടികളുടെ ആൺ പെൺ, Sc/St തിരിച്ചുള്ള എണ്ണം.

| നമ്പർ | വിദ്യാലയം | I | II | III | IV | V | VI | VII | VIII | IX | X | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | G.H.S കടവല്ലൂർ | 94 | 101 | 85 | 85 | 138 | 153 | 175 | 210 | 193 | 168 | 1402 |
| 2 | G.U.P.S കൊരട്ടിക്കര | 66 | 59 | 70 | 65 | 80 | 82 | 76 | - | - | - | 498 |
| 3 | T.M.H.S.പെരുമ്പിലാവ് | | | | | 142 | 154 | 162 | 372 | 296 | 238 | 1364 |
| 4 | L.M.U.P.S പെരുമ്പിലാവ് | 120 | 112 | 114 | 113 | 153 | 153 | 163 | - | - | - | 928 |
| 5 | C.M.L.P.S കരിക്കാട് | 150 | 161 | 188 | 169 | - | - | - | - | - | - | 668 |
| 6 | M.U.M.L.P.S.പെരുമ്പിലാവ് | 53 | 55 | 54 | 57 | - | - | - | - | - | - | 219 |
| 7 | A.L.P.S തിപ്പലിശ്ശേരി | 42 | 42 | 70 | 65 | - | - | - | - | - | - | 219 |
| | ആകെ | 525 | 530 | 581 | 554 | 513 | 542 | 576 | 582 | 489 | 406 | 5298 |

ഒരോ സ്കൂളിലും കുട്ടികളുടെ ക്ലാസ്സ് തിരിച്ചുള്ള എണ്ണം.

| G.H.S കടവല്ലൂർ | | | | | T.M.H.S പെരുമ്പിലാവ് | | | |
|---|---|---|---|---|---|---|---|---|
| വർഷം | S.S.L.C വിജയ ശതമാനം | S.S.L.C എഴുതിയ Sc/St വിദ്യാർത്ഥികൾ | S.S.L.C ജയിച്ച Sc/St വിദ്യാർത്ഥികൾ | % Sc/St | S.S.L.C വിജയ ശതമാനം | S.S.L.C എഴുതിയ Sc/St വിദ്യാർത്ഥികൾ | S.S.L.C ജയിച്ച Sc/St വിദ്യാർത്ഥികൾ | % Sc/St |
| 1991-92 | 44 | - | - | - | 21.5 | 44 | 9 | 20.5 |
| 1992-93 | 30 | 27 | 7 | 26 | 20.7 | 62 | 11 | 17.7 |
| 1993-94 | 27.6 | 23 | 1 | 4.2 | 15.2 | 49 | 5 | 10.2 |
| 1994-95 | 28 | 28 | 1 | 3.5 | 15 | 65 | 7 | 10.7 |
| 1995-96 | 35 | 35 | 7 | 20 | | | | |

പഞ്ചായത്തിലെ രണ്ടു ഹൈസ്കൂളുകളിലെ SSLC വിജയ ശതമാനം.
SC ST വിഭാഗം കുട്ടികളുടെ വിജയശതമാനം പരിതാപകരമാം വിധം താഴ്ന്നതാണെന്ന് ഇവിടെ വ്യക്തമാകുന്നു.

# കടവല്ലൂർ പഞ്ചായത്ത്

**കെട്ടിടം ആവശ്യമുള്ള സ്കൂളുകൾ**

1. ഗവ. ഹൈസ്ക്കൂൾ കടവല്ലൂർ.
(4 മുറികളുള്ള കെട്ടിടം)
2. ഗവ. യു.പി. സ്കൂൾ കൊരട്ടിക്കര.
(5 മുറികളുള്ള കെട്ടിടം)

**മതിൽ ആവശ്യമുള്ള സ്കൂളുകൾ**

1. ഗവ. ഹൈസ്കൂൾ കടവല്ലൂർ
(പടിഞ്ഞാറ് 96.5 മീ. വടക്ക് 90.5 മീറ്റർ)
2. ഗവ. യു.പി. സ്കൂൾ കൊരട്ടിക്കര
(വടക്ക് 110 മീറ്റർ, കിഴക്ക് 90 മീറ്റർ നീളം ഉയരം 1.5 മീറ്റർ)

**മൂത്രപുര, കക്കൂസ് ആവശ്യമുള്ളവ**

1. ഗവ. ഹൈസ്ക്കൂൾ കടവല്ലൂർ.
(ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും)
പ്രത്യേകം പ്രത്യേകം വേണം-ഏറ്റവും ആവശ്യം)
2. A.L.P.S. തിപ്പലിശ്ശേരി (Aided School)
3. M.U.M.L.P.S. പെരുമ്പിലാവ് (Aided School)

**ഫർണീച്ചർ ആവശ്യമുള്ളവ**

1. ഗവ. ഹൈസ്കൂൾ കടവല്ലൂർ.
(100 ഡെസ്ക്, 100 ബഞ്ച്, 20 മേശ, 10 കസേര, 1 അലമാര, 1 റാക്ക്)
2. ഗവ. യു.പി. സ്കൂൾ കൊരട്ടിക്കര.
(20 ഡെസ്ക്, 20 ബഞ്ച്)
1 സ്റ്റീൽ അലമാര)
3. റ്റി.എം.എച്ച്.എസ്. പെരുമ്പിലാവ്. (Aided School)
(40 ബഞ്ച്, 40 ഡെസ്ക്)

**കളിസ്ഥലം ആവശ്യമുള്ളവ**

1. ഗവ. ഹൈസ്ക്കൂൾ, കടവല്ലൂർ.
(1 ഏക്കർ വിസ്തീർണ്ണം ചുരുങ്ങിയത്)

**കുടിവെള്ളം ആവശ്യമുള്ളവ**

1. ഗവ. ഹൈസ്ക്കൂൾ കടവല്ലൂർ
(കിണർ ആഴം കൂട്ടൽ / കുഴൽ കിണർ)
(ടാങ്ക്1, ടാപ്പ് 20)
2. ഗവ. യു.പി. സ്കൂൾ, കൊരട്ടിക്കര.
(ടാങ്ക് 1, ടാപ്പ് 10)
3. എ.എൽ.പി.എസ്. തിപ്പലിശ്ശേരി (Aided School)
(കിണർ 1)

**റേഡിയോ ആവശ്യമുള്ളവ**

1. ഗവ. യു.പി. സ്കൂൾ കൊരട്ടിക്കര.
2. ഗവ. ഹൈസ്ക്കൂൾ കടവല്ലൂർ
3. L.M.U.P.S. പെരുമ്പിലാവ്

**ടേപ്പ് റെക്കോർഡർ ആവശ്യമുള്ളവ**

1. ഗവ. ഹൈസ്കൂൾ കടവല്ലൂർ

അറക്കൽ **M.U.M. L.P.** സ്കൂൾ **Upgrade** ചെയ്യുക.

## അദ്ധ്യായം 6

# ആരോഗ്യം, ശുചിത്വം, കുടിനീർ.

വികസനത്തിന്റെ ഒരു മാനദണ്ഡമായ ആരോഗ്യ സ്ഥിതി പരിശോധിച്ചാൽ ഇവിടുത്തെ ജനങ്ങളുടെ ആരോഗ്യസ്ഥിതി കേരളത്തിന്റെ ശരാശരി ആരോഗ്യ സ്ഥിതിയേക്കാൾ മെച്ചപ്പെട്ടതാണെന്ന് മനസ്സിലാക്കാം. അഞ്ചു വർഷത്തെ ജനനനിരക്ക് പരിശോധിച്ചാൽ താഴെപറയുന്ന കാര്യങ്ങൾ മനസ്സിലാക്കാം. (1) ഈ പഞ്ചായത്തിലെ ജനനനിരക്ക് കേരളത്തിന്റെ ശരാശരി ജനനനിരക്കിനേക്കാൾ കുറവാണ്. കേരളത്തിലെ 17 ആയിരിക്കുമ്പോൾ ഇവിടുത്തെ ജനനനിരക്ക് 13.8 ആണ്. (Table 1 കാണുക) ഇതിൽ സ്ത്രീകളുടെ ജനനനിരക്ക് 47.1% വും പുരുഷന്റെ 52.9% ആണ്. അതുപോലെതന്നെ ഇവിടുത്തെ ശിശുമരണ നിരക്കും വളരെ കുറവാണ്. അതുപോലെ മാതൃമരണ നിരക്ക് 0.6 മാത്രമാണ്. ഇതും ഇവിടുത്തെ മെച്ചപ്പെട്ട ആരോഗ്യ സ്ഥിതിയേയും ജീവിതനിലവാരത്തേയും സൂചിപ്പിക്കുന്നു.

ഇനി മരണ നിരക്ക് പരിശോധിക്കാം (Table -2 കാണുക) സംസ്ഥാന മരണനിരക്ക് 5.9 ആയിരിക്കുമ്പോൾ 5 വർഷത്തെ ഈ പഞ്ചായത്തിലെ മരണ നിരക്ക് (പരിശോധിച്ചാൽ അത്) വെറും 4.1 ആണെന്ന് കാണാം. മരണനിരക്കിന്റെ സ്ത്രീ പുരുഷ അനുപാതം പരിശോധിച്ചാൽ സ്ത്രീ മരണ നിരക്ക് കേരളാ ശരാശരി പോലെ പുരുഷന്മാരേക്കാൾ തുലോം കുറവാണെന്ന് കാണാം. പുരുഷന്റെ മരണനിരക്ക് 57% വരുമ്പോൾ സ്ത്രീയുടേത് 43% മാത്രമാണ്.

1991 സെൻസസ് പ്രകാരം ഈ പഞ്ചായത്തിൽ 0-6നും ഇടയ്ക്കുള്ള 4165 കുട്ടികൾ ഉണ്ട്. ഇതിൽ ആൺകുട്ടികളുടെ എണ്ണം 2165ഉം (51.98%) പെൺകുട്ടികളുടെ എണ്ണം 2000 ഉം ആണ്. (48.02%)

ഇത് ജനസംഖ്യയുടെ 13.88% ആണ്. ഹെൽത്ത് ഡിപ്പാർട്ട്മെന്റ് വിസിറ്റ് അനുസരിച്ചുള്ള വിവിധ പ്രായ പരിധിയിൽപെടുന്ന കുട്ടികളുടെ എണ്ണം Table 7-ൽ കൊടുത്തിട്ടുണ്ട്. ഇതനുസരിച്ച് 1വയസ്സിന് താഴെയുള്ള കുട്ടികൾ 339ഉം 4വയസ്സുള്ളവരുടെ എണ്ണം 293ആണ്. 0-4 ഇടയിൽ 3572 പേർ ഉള്ളതായി കാണുന്നു. സെൻസസ്സ് റിപ്പോർട്ട് പ്രകാരം ആകെ ജനസംഖ്യയുടെ* 51.42% സ്ത്രീകളും 48.58% പുരുഷന്മാരാണെങ്കിൽ കുട്ടികളുടെ കാര്യത്തിൽ അത് പുരുഷന്മാർക്ക് അനുകൂലമായി കാണുന്നു. ഇതിനുള്ള കാരണം ഗൾഫിൽ ജോലിയുള്ള പുരുഷന്മാരുടെ എണ്ണം സെൻസസ്സിൽ ഉൾപെട്ടിട്ടില്ലാത്തതുകൊണ്ടാണെന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു.

ആരോഗ്യപ്രവർത്തനങ്ങൾ ഈ പഞ്ചായത്തിലെ മുക്കിലും മൂലയിലും എത്തിയിട്ടുണ്ടെന്നുള്ളത് സന്തോഷകരമാണ്. കുടുംബാസൂത്രണപ്രവർത്തനങ്ങൾ ദുർബ്ബല വിഭാഗങ്ങൾ അടക്കം എല്ലാവരിലും ഒന്നുപോലെ കടന്ന് ചെന്നിട്ടുണ്ടെന്ന് ടേബിൾ 3.4 എന്നിവ പരിശോധിച്ചാൽ മനസ്സിലാക്കാം. 15 മുതൽ 44 വയസ്സുവരെയുള്ള 3687 ദമ്പതികൾ ഈ പഞ്ചായത്തിൽ ഉണ്ടെന്ന് ആരോഗ്യ സർവ്വേകൾ വെളിപ്പെടുത്തുന്നു. ഇതിൽ 2355 പേർ കുടുംബാസൂത്രണമാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്. ഇത് 63.88% വരുന്നുണ്ട്. എന്നാൽ സ്ത്രീകളുടെ സന്താനോൽപാദനശേഷി 18മുതൽ34 നിടക്കാണ് എന്ന് കണക്കാക്കിയാൽ ആ ഗ്രൂപ്പിൽപെട്ട 2949 പേരിൽ 80% (2355) പേരും കുടുംബാസൂത്രണ മാർഗ്ഗങ്ങൾ സ്വീകരിച്ചിരിക്കുന്നതായി കാണാം. വിവിധമതവിഭാഗങ്ങൾ തിരിച്ചുള്ള കണക്കും ടേബിളിൽ നിന്നും അറിയാവുന്നതാണ്. ഇതിൻ പ്രകാരം ഹിന്ദുക്കളിൽ 67.6% മുസ്ലീമുകളിൽ 57.88%വും ക്രിസ്ത്യൻ സമുദായത്തിൽ 65.96 കുടുംബാസൂത്രണമാർഗ്ഗം സ്വീകരിക്കുന്നതായികാണാം.

103

## TABLE 1
## LIVE BIRTHS

| 1991 | | 1992 | | 1993 | | 1994 | | 1995 | |
|---|---|---|---|---|---|---|---|---|---|
| No Of. Births 966 | | No Of. Births 322 | | No Of. Births 9 | | No Of. Births 465 | | No Of. Births 312 | |
| Male | Female | Male | Female | Male | Female | Male | Female | Male | Female |
| 511 | 455 | 179 | 143 | 5 | 4 | 246 | 219 | 157 | 155 |

ജനന നിരക്ക് (5 വർഷത്തെ) = 13.8%
പുരുഷൻ % = 52.9%
സ്ത്രീ % = 47.1%

## TABLE 2
## DEATH

| 1991 | | 1992 | | 1993 | | 1994 | | 1995 | |
|---|---|---|---|---|---|---|---|---|---|
| Male | Female | Male | Female | Male | Female | Male | Female | Male | Female |
| 59 | 49 | 66 | 55 | 53 | 57 | 87 | 50 | 93 | 58 |
| 108 | | 121 | | 110 | | 137 | | 151 | |

മരണ നിരക്ക് - 4.1%
പുരുഷൻ - 57%
സ്ത്രീ - 43%

## TABLE 3

വിവിധ കുടുംബാസൂത്രണ മാർഗ്ഗങ്ങൾ സ്വീകരിച്ചവരുടെ വിവരങ്ങൾ

| മതം | ദമ്പതികളുടെ എണ്ണം | വാസക്ടമി | ട്യൂബെക്ടമി | കോപ്പർ-ടി | ആകെ | % |
|---|---|---|---|---|---|---|
| HINDU | 1877 | 29 | 1093 | 148 | 1270 | 67.6 |
| MUSLIM | 1346 | 9 | 691 | 79 | 779 | 57.88 |
| CHRISTIAN | 464 | 9 | 237 | 60 | 306 | 65.9 |
| ആകെ | 3687 | 47 | 2021 | 287 | 2355 | 63.88 |

## TABLE 4

വയസ്സ് തിരിച്ചുള്ള ദമ്പതിമാരുടെ കണക്കുകൾ

| AGE GROUP | ദമ്പതിമാരുടെ എണ്ണം |
|---|---|
| 15-19 | 197 |
| 20-24 | 914 |
| 25-29 | 1001 |
| 30-34 | 837 |
| 35-39 | 532 |
| 40-44 | 206 |
| Total | 3687 |

## TABLE 5

പ്രതിരോധന കുത്തിവെപ്പ് നില

| പേര് | ലക്ഷ്യം | ചെയ്തത് | ശതമാനം |
|---|---|---|---|
| BCG | 540 | 611 | 113 |
| MENSHES | 540 | 292 | 54 |
| DPT | 540 | 457 | 85 |
| POLIO | 540 | 473 | 86 |
| DT | 600 | 26 | 5 |
| TT (Upto 10 year) | 600 | 410 | 68 |
| TT (16 year) | 570 | 540 | 98 |
| TT | 570 | 177 | 31 |

## TABLE 6

കുടുംബാസൂത്രണ മാർഗ്ഗങ്ങൾ സ്വീകരിച്ചവർ 95-96

| നിരോധന മാർഗ്ഗങ്ങൾ | എണ്ണം |
|---|---|
| ലാപ്രോസ്കോപ്പി | 16 |
| മിനിലാപ് | 20 |
| പി.വി.എസ് | 30 |
| കോപ്പർ-ടി | 33 |
| ആകെ | 99 |

# 1994
## KADAVALLUR PANCHAYAT
### LANDUSE
### കടവല്ലൂർ ഗ്രാമ പഞ്ചായത്ത്



109



പണി പൂർത്തീകരിച്ച പഞ്ചായത്ത് ഹോമിയോ ഡിസ്പൻസറി, കരിക്കാട്.



കടവല്ലൂർ ശ്രീരാമക്ഷേത്രം

വികലാംഗരുടെ വാർഡ് തിരിച്ചുള്ള കണക്ക് ടേബിൾ 8ൽ കൊടുത്തിട്ടുണ്ട്. കണ്ണിന് വികലത സംഭവിച്ചവർ വയസ്സായവർ ആണ്. ചില സന്നദ്ധ സംഘടനകൾ വഴി ആ ഉപകരണങ്ങൾ വിതരണം ചെയ്യുവാനുള്ളവരുടെ സ്ഥിതിവിവരം എടുക്കുന്നുണ്ട്. വികലാംഗൻ നടത്തുന്ന ഒരു പബ്ലിക് കോൾ ബൂത്ത് ഈ പഞ്ചായത്തിൽ ഉണ്ട്. ഇനിയും 10 ബൂത്തുകളെങ്കിലും ആവശ്യമുള്ള തിനാൽ കുറച്ചു വികലാംഗർക്കും തൊഴിൽ ലഭിക്കുന്നതാണ്. വികലാംഗരുടെ ഇനം തിരിച്ചുള്ള കണക്കു ലഭ്യമാണ്. ട്രോപിക്കൽ ഹെൽത്ത് ഫൗണ്ടേഷൻ എന്ന സന്നദ്ധ സംഘടനയുടെ സർവ്വേ ഇവിടെ ആരംഭിച്ചിട്ടുണ്ട്. വികലാംഗരെ കണ്ടുപിടിച്ചു അവരുടെ ശാരീരിക, മാനസിക, സാമൂഹ്യ, സാമ്പത്തിക സ്ഥിതി മനസ്സിലാക്കി അവരെ സ്വയം തൊഴിലിന് പ്രാപ്തരാക്കുവാനും വേണ്ട ചികിത്സയും ഉപകരണങ്ങളും ലഭ്യമാക്കാനുള്ള പദ്ധതി, താമസംവിനാ നടപ്പിലാക്കണമെന്ന് പഞ്ചായത്ത് ഉദ്ദേശിക്കുന്നു അർഹതപ്പെട്ട എല്ലാ വികലാംഗർക്കും പെൻഷൻ നടപ്പിലാക്കാനും ഉപകരണങ്ങൾ വിതരണം ചെയ്യുവാനും, വാഹനങ്ങൾ കൊടുക്കുവാനും, മന്ദബുദ്ധികൾക്ക് ആവശ്യമായ വിദ്യാഭ്യാസ സൗകര്യങ്ങൾ ചെയ്തുകൊടുക്കുവാനും ആണ് പഞ്ചായത്ത് മുൻഗണന നൽകുന്നത്.

കാര്യമായ ഒരു പകർച്ചവ്യാധിയും ഈ പഞ്ചായത്തിൽ ഇത് വരെ ബാധിച്ചിട്ടില്ല. വർഷക്കാലത്ത് സാധാരണ അസുഖങ്ങൾ മാത്രമേ ഡിസ്പൻസറികളിൽ എത്തിയിട്ടുള്ളൂ. 4 കുഷ്ഠരോഗികളെ പഞ്ചായത്തിൽ കണ്ടെത്തി ലെപ്രസി വെൽഫയർ യൂണിറ്റ് ചികിത്സിച്ചു വരുന്നുണ്ട്. ആകെ 18 പേരോളം വരുമെന്നാണ് സർവ്വേ വെളിപ്പെടുത്തുന്നത്. ക്ഷയം, മല്ലമ്പനി, മുതലായവ വളരെ ദുർബ്ബലമായേ പ്രത്യക്ഷപ്പെട്ടിട്ടുള്ളൂ. റിപ്പോർട്ടുചെയ്തതാകട്ടെ പുറമെ നിന്നും വന്ന ആളുകളിലാണ്. ഇവിടുത്തെ ആയുർവ്വേദ, അലോപ്പതി, ഹോമിയോ ഡിസ്പൻസറികളിൽ വരുന്ന ഔട്ട് പേഷ്യൻസിൽ ഭൂരിഭാഗവും സാധാരണ പനിയും രോഗങ്ങളുമായാണ് എത്തുന്നത്. കുട്ടികൾ കഴിഞ്ഞാൽ പിന്നെ സ്ത്രീകളാണ് ചികിത്സക്ക് എത്തുന്നത്. ശ്വാസകോശസംബന്ധമായ 81 കേസുകളും വയറിക്കരോഗസംബന്ധമായ 12 കേസുകളുമാണ് കഴിഞ്ഞ 6 മാസത്തിനുള്ളിൽ അലോപതി ഡിസ്പൻസറിയിൽ നോട്ട് ചെയ്ത കേസുകൾ മറ്റ് 209 കേസുകളുമുണ്ട്. 1000-1500 ഇടയ്ക്കുള്ള എണ്ണം ആൾക്കാരാണ് ശരാശരി ഓരോ ഡിസ്പൻസറികളിലും ഔട്ട് പേഷ്യൻസ് ആയി എത്തുന്നത്. ഹോമിയോ ഡിസ്പൻസറി, കരിക്കാടിൽ കഴിഞ്ഞ നാലുവർഷമായി ചികിത്സിച്ച രോഗികളുടെ എണ്ണം ടേബിൾ 9ൽ കൊടുത്തിട്ടുണ്ട്. ഇതിൽ നിന്നും വർഷാവർഷം രോഗികളുടെ എണ്ണം പൊതുവെ കൂടിവരുന്നതായി കാണാം. കുട്ടികൾ 40%വും സ്ത്രീകൾ 38% ആണെന്ന് കാണാം. ഹൃദയസ്തംഭനം, കാൻസർ, പക്ഷാഘാതം മുതലായവയാണ് മറ്റ് കാണപ്പെടുന്ന രോഗങ്ങൾ (ഇത് വർദ്ധിച്ചുവരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്

**TABLE - 9**

**ഹോമിയോ ഡിസ്പെൻസറി രോഗികളുടെ വിവരങ്ങൾ**

| | 1992 - 93 | 93-94 | 94-95 | 95-96 (6 Months) |
|---|---|---|---|---|
| Male | 3442 | 4020 | 3897 | 4033 |
| Female | 5498 | 7677 | 8059 | 7283 |
| Children | 6202 | 8852 | 7842 | 6687 |
| ആകെ | 15142 | 20549 | 19798 | 18003 |

% of Male=20.91 % of Female=38.80 % of Children 40.25

113

പ്രതിരോധ കുത്തിവെയ്പ്പുകൾ കുട്ടികളിൽ സാർവ്വത്രികമായിട്ടുണ്ട്. ടേബിൾ 5 പരിശോധിച്ചാൽ പ്രതിരോധകുത്തിവയ്പ്പുകൾ എടുക്കുന്നവരുടെ എണ്ണം മനസ്സിലാക്കാം. ലക്ഷ്യം സാധിക്കാൻ ആരോഗ്യ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. കുട്ടികളെ ബാധിക്കുന്ന BCG, അഞ്ചാംപനി, ടെറ്റനസ്, ഡിഫ്തിരിയ, വില്ലൻചുമ, പോളിയോ മുതലായ മാരകരോഗങ്ങൾക്കുള്ള പ്രതിരോധ കുത്തിവയ്പ്പുകൾ എല്ലാ വിഭാഗക്കാരും പ്രയോജനപ്പെടുത്തുന്നുണ്ട്. പ്രത്യേകിച്ച് ഒരു വയസ്സുവരേയുള്ള കുട്ടികൾ ഇത് പ്രതിരോധകുത്തിവയ്പ്പുകളിൽ ഇവിടുത്തെ ജനങ്ങളുടെ അറിവിനെ കാണിക്കുന്നു. 'പൾസ് പോളിയോ' ഇമ്മ്യൂണൈസേഷൻ ഒന്നാംഘട്ടം പൊതുജന പങ്കാളിത്തത്തോടെ ഇവിടെ നൂറ് ശതമാനം വിജയത്തിലെത്തിച്ചു.

ഇതുപോലതന്നെ പ്രധാനമാണ് ഗർഭിണികളുടേയും അമ്മമാരുടേയും ആരോഗ്യം. 202 ഗർഭിണികളുടെ വിവരം ശേഖരിച്ചിട്ടുണ്ട്. അവർക്ക് ഫോളിക് ആസിഡ് ടേബ്ലറ്റസ് 138 പേർക്കും, അയേൺ ഗുളികകൾ 388 പേർക്കും, വൈറ്റമിൻ ഗുളികകൾ 92പേർക്കും (ആവശ്യമുള്ളവർക്കുമാത്രം വിതരണം ചെയ്തിട്ടുണ്ട്. ആരോഗ്യപ്രവർത്തകർ 13184 വീട്ട് സന്ദർശനങ്ങൾ കഴിഞ്ഞവർഷം നടത്തിയിട്ടുണ്ട്. 3038 പേർക്കു കുടുംബാസൂത്രണ ഉപദേശങ്ങൾ കൊടുത്തിട്ടുണ്ട്. കൂടാതെ അമ്മമാരിൽ 99 പേർ വിവിധ കുടുംബാസൂത്രണ മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്. (ടേബിൾ 6) കൂടാതെ 9450 ഗർഭനിരോധന ഉറകളും 274 ഗർഭനിരോധനഗുളികകളും സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. പുരുഷന്മാരിൽ ഭൂരിഭാഗവും ശാശ്വത വന്ധ്യകരണ ശാസ്ത്രക്രിയക്ക് വിധേയരായിട്ടുണ്ട്. എന്നാൽ സ്ത്രീകളിൽ മിക്കവരും പ്രസവത്തോടനുബന്ധിച്ച ശാസ്ത്രക്രിയയാണ് ഇഷ്ടപ്പെടുന്നത്. സ്ത്രീകളിൽ താൽക്കാലിക ഗർഭ നിരോധനത്തിന് കോപ്പർ ടി പ്രചാരം നേടിയിട്ടുണ്ട്.

ഓരോവർഷവും 200 ഓളം വിവാഹങ്ങൾ ഈ പഞ്ചായത്തിൽ നടക്കുന്നതായി കണക്കാക്കിയിട്ടുണ്ട്. അതായത് 200 ദമ്പതികൾ പുതിയതായി ഉണ്ടാകുന്നു. ഒന്നാം ക്ലാസ്സിൽ കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നതായികാണുന്നു. കുടുംബാസൂത്രണത്തിന്റെ ആവശ്യകത ജനങ്ങൾ മനസ്സിലാക്കിയതിന്റെ ഒരു തെളിവു കൂടിയാണ് ഇത്. ശരാശരി ഒരു വീട്ടിൽ 4.5 അംഗങ്ങൾ ആണ് ഉള്ളത്. 95ലെ ജനനം പരിശോധിച്ചതിൽ ആകെ '205' എണ്ണമാണ് ആരോഗ്യപ്രവർത്തകർ കണക്കാക്കിയിട്ടുള്ളത്. ഇതിൽ ആൺകുട്ടികൾ 100ഉം പെൺകുട്ടികൾ 105ഉം ആണ്. 5വർഷത്തെ ജനനനിരക്കുകൾ പരിശോധിച്ചാൽ ജനനനിരക്ക് കുറഞ്ഞുവരുന്നതായികാണുന്നു. എന്നാൽ മരണനിരക്ക് വർദ്ധിച്ചു വരുന്നതായും കാണാം. (ടേബിൾ 1,2 കാണുക). ഇതിൽ നിന്നും അമ്മമാർക്കും കുട്ടികൾക്കും വേണ്ട ഉൽബോധനവും സംരക്ഷണവും ആരോഗ്യകാര്യത്തിൽ ലഭിക്കുന്നുണ്ടെന്ന് കാണാം.

ഒരു വർഷം മുൻപു നടത്തിയ വികലാംഗ സർവ്വേവെളിപ്പെടുത്തുന്നത് ഈ പഞ്ചായത്തിൽ 276 വികലാംഗർ ഉണ്ടെന്നാണ് ഇത് 1000 പേർക്ക് 9 എന്ന അനുപാതത്തിൽ വരുന്നുണ്ട്. ഇതിൽ അധികം പേരും കൈകാലുകൾ ഭംഗം വന്നവരാണ് ഒരു കുടുംബത്തിലെ തന്നെ എല്ലാ കുട്ടികളും അംഗഭംഗം വന്നതായിട്ടുണ്ട്. വികലാംഗപെൻഷൻ വിരലെണ്ണാവുന്നവർക്കുമാത്രമേ ലഭിക്കുന്നുള്ളൂ. ഉപകരണങ്ങൾ ആവശ്യമുള്ളവരും സാമ്പത്തിക സഹായം ആവശ്യമുള്ളവരും തൊഴിൽ ആവശ്യമുള്ളവരും, വിദ്യാഭ്യാസം ആവശ്യമുള്ളവരും ഇതിൽപെടുന്നു. മന്ദബുദ്ധികളുടെ കാര്യം പ്രത്യേകം പ്രാധന്യമർഹിക്കുന്നുണ്ട്.

ഇവിടുത്തെ ഡിസ്പൻസറികളിൽ വരുന്ന രോഗികളിൽ കണ്ടുവരുന്ന രോഗങ്ങൾ താഴെ പറയുന്നവയാണ്. മഞ്ഞപ്പിത്തം, അപസ്മാരം, ഗ്യാസ്ട്രോ എന്ററൈറ്റിസ്, ജലദോഷം, ടോൺസിലൈറ്റിസ്,തൊണ്ടിവീക്കം, കൺജക്റ്റിവിറ്റിസ്,

കുട്ടികൾക്കുമുള്ള പോഷകങ്ങൾ മതിയായ അളവിൽ ലഭിക്കുന്നില്ല. 5 വയസ്സിൽ താഴെയുള്ള 3500ഓളം കുട്ടികൾക്കും 750 ഓളം അമ്മമാർക്കും മതിയായ അളവിൽ പോഷകവും മറ്റും ലഭ്യമാക്കേണ്ടതുണ്ട്. ചൊവ്വന്നൂർ ബ്ലോക്ക് ICDS ന് കീഴിൽ വന്നിട്ടുള്ളതിനാൽ ഇതിനുവേണ്ട നടപടികൾ ഉടൻതന്നെ പ്രാബല്യത്തിൽ വരുത്തേണ്ടതാണ്. ഈ പഞ്ചായത്തിന്റെ പരിധിയിൽപെടുന്ന എല്ലാ അംഗീകൃത സ്കൂളുകളിലേയും കുട്ടികൾക്ക് ഉച്ച ഭക്ഷണത്തിന് പഞ്ചായത്ത് സഹായം നൽകുന്നുണ്ട്. ശരാശരി 3500 കുട്ടികൾക്ക് മാസത്തിൽ ഒരുദിവസത്തേക്കുള്ള സഹായം പഞ്ചായത്ത് നൽകുന്നുണ്ട്. സഹായം വർദ്ധിപ്പിക്കുന്നതിനുള്ള നീക്കങ്ങൾ നടത്തേണ്ടതുണ്ട്.

ആരോഗ്യകാര്യത്തിൽ പാഞ്ചായത്തിലെ ജനങ്ങൾ മുഖ്യമായും ആശ്രയിക്കുന്നത് ഹോമിയോ, അലോപ്പതി, ആയുർവ്വേദ ഡിസ്പെൻസറികളെയും, സ്വകാര്യ ഉടമയിലുള്ള ഒരു അലോപ്പതി ആശുപത്രിയേയും, ഒരു ആയുർവ്വേദ ആശുപത്രിയേയുമാണ്. പഞ്ചായത്തധീനതയിലുള്ള അലോപ്പതി ആശുപത്രി ഇപ്പോൾ വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഇത് പഴഞ്ഞി മേജർ PHC യുടെ കീഴിലാണ് വരുന്നത്. സ്വാശ്രയ പഞ്ചായത്ത് സ്കീമിൽ P.H.C. ഉള്ള സ്ഥലത്തിൽ കെട്ടിടംപമി രണ്ടുവർഷമായിട്ടും തുടങ്ങിയിട്ടില്ല. കെട്ടിടം പണിയുന്നതോടെ (P.W.D) കൂടുതൽ സൗകര്യങ്ങൾ അവിടെ ഉണ്ടാക്കുന്നതാണ്. ഡോക്ടർ അടക്കം '19' ഓളം ജീവനക്കാർ ആരോഗ്യ പാലന രംഗത്ത് പ്രവർത്തിക്കുന്നുണ്ട്. കെട്ടിടം വന്നതോടെ അവിടേക്ക് വേണ്ട ഫർണീച്ചറും, ടേബിളും മറ്റും വാങ്ങേണ്ടതുണ്ട്. ദിനംപ്രതി 30 പേർ രോഗികളായി എത്തുന്നു.

പഞ്ചായത്തിന്റെ അധീനതയിലുള്ള ആയുർവ്വേദ ഹോമിയോ ഡിസ്പൻസറികളും ഇപ്പോൾ വാടകകെട്ടിടരൂപത്തിലാണ് പ്രവർത്തിക്കുന്നത്. ഹോമിയോ ഡിസ്പൻസ്റി കരിക്കാടിൽ സ്വാശ്രയ പഞ്ചായത്ത് സ്കീമിൽ ഒരു കെട്ടിടം പൂർത്തിയായിട്ടുണ്ട്. ഉടൻതന്നെ ആവശ്യമായ ഫർണീച്ചറുക ളടക്കം ഡിസ്പൻസറി അങ്ങോട്ട് മാറുന്നതാണ്. 20000 ത്തോളം രോഗികൾ വർഷം അവിടെ വന്നുപോകുന്നുണ്ട്.

കൊരട്ടിക്കരയിൽ ഇപ്പോൾ പ്രവർത്തിക്കുന്ന ആയുർവ്വേദാശുപത്രിയും സ്വാശ്രയപഞ്ചായത്ത് സ്കീമിൽ കോത്തോളികുന്നിൽ 2 ലക്ഷം ഉപയോഗിച്ചു കെട്ടിടം പൂർത്തിയായി വരുന്നുണ്ട്. അടു ത്തുതന്നെ ആയുർവ്വേദ ഡിസ്പൻസറിയും ആവശ്യമായ സജീകരണങ്ങളോടെ അവിടെ മാറ്റി സ്ഥാപിക്കുന്നതാണ്. വളരെക്കാലം മുൻപുതന്നെ നിലനിന്നു വന്ന ഈ ഡിസ്പൻസറിയിലും 20000 ത്തോളം ആളുണ് ചികിത്സക്കായി വർഷംതോറും എത്തുന്നുണ്ട്. ഒരു ഡോക്ടറും അറ്റൻഡറും പ്യൂണും, സ്വീപ്പറും അടങ്ങിയതാണ് ഇവിടുത്തെ ജീവനക്കാർ.

ഈ പ്രാഥമിക ഡിസ്പൻസറികൾ ഒഴിച്ചാൽ ഇവിടുത്തെ ജനങ്ങൾ ആശ്രയിക്കുന്നത് പഴഞ്ഞി യിലുള്ള (കാട്ടകാമ്പാൽ പഞ്ചായത്ത്) മേജർ ഹെൽത്ത് സെന്ററിനേയാണ്. എന്നാൽ സ്വകാര്യ ഉടമസ്ഥതയിൽ ഉള്ള അൻസാർ ഹോസ്പിറ്റൽ പെരുമ്പിലാവിൽ രണ്ട് വർഷം മുൻപ് ആരംഭിച്ചിട്ടു ള്ളതുകൊണ്ടും എല്ലാ വിധ ചികിത്സയും അവിടെ ലഭ്യമായതിനാലും സമീപ പഞ്ചായത്തുകളിൽ നിന്നുള്ള സാമ്പത്തികശേഷിയുള്ള ജനങ്ങളും ചികിത്സക്കായി ഇവിടെ വരുന്നുണ്ട്. ആധുനിക രീതിയിൽ എല്ലാ സജീകരണങ്ങളോടുകൂടിയും നടത്തിവരുന്ന ഈ ആസ്പത്രി ഈ പഞ്ചായ ത്തിലെ മുഴുവൻ ജനങ്ങൾക്കും ചികിത്സ നൽകാൻ അത്ര ശേഷിയുള്ളതാണ്. എന്നാൽ സാധാ രണ ജനങ്ങൾക്ക് ഒരു ബാലികേറാമലയായി അത് നിലനിൽക്കുന്നു. 20 ഡോക്ടർമാരും ക്ക ഓളം ജീവനക്കാരും ഇവിടെ ജോലിയെടുക്കുന്നുണ്ട്. ശ്രീ. ചിത്തിരാ ആശുപത്രിയുടെ സഹായത്താൽ കേരളത്തിൽ ആദ്യമായി ആപസ്മാര രോഗികളെക്കുറിച്ചു പഠിച്ച് ചികിത്സ നൽകുവാനുള്ള സർവ്വേയും പദ്ധതിയും ഈ ഹോസ്പിറ്റലിന്റെ സഹായത്തോടെ പഞ്ചായത്തിലെ ഓരോ വീടും സന്ദർശിച്ചു പ്രാഥമിക വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. ഈ സമഗ്ര അപസ്മാര ചികിത്സാ സർവ്വേയിൽ സംശയാ സ്പദമായ 1813 പേരേയും സ്പിച്ച് ഡിസോർഡർ ഉള്ള 1475 പേരേയും കണ്ടെത്തിയിട്ടുണ്ട്. (ആകെ

15

3288) ഇവരേ വീണ്ടും പരിശോധിച്ച് യഥാർത്ഥ രോഗികളെ കണ്ടെത്തികൊണ്ടിരിക്കുന്നു. ഇവരിൽ 29 പേരേ പരിശോധിച്ചതിൽ '8' പേർ അപസ്മാര രോഗമുള്ളവരായി കണ്ടു (30%) അപസ്മാര രോഗത്തെക്കുറിച്ചുള്ള ഉൽബോധനവും ക്ലാസ്സുകളും ഇവിടെ നടത്തിയിട്ടുണ്ട്. പഞ്ചായത്തിൽ നടക്കുന്ന മുഴുവൻ ജനനവും ഈ ആസ്പത്രിയിൽ ആണ് രജിസ്റ്റർ ചെയ്യുന്നത്. മെഡിസിന്റെ ഒട്ടുമുക്കാൽ വിഭാഗങ്ങളും ഹൈവേയുടെ ഓരത്തു സ്ഥിതി ചെയ്യുന്ന ഈ ആസ്പത്രിയിൽ ഉണ്ട്.

അൻസാർ ആസ്പത്രിയോട് അഭിമുഖമായി സ്വകാര്യമേഖലയിൽ ഉള്ള ആയുർവ്വേദ ആശുപത്രിയുണ്ട് "ഐശ്വര്യാ" ആയുർവ്വേദാശുപത്രി ആധുനിക സജ്ജീകരണങ്ങളോടെ രണ്ട് വർഷമായി ഇത് പ്രവർത്തിച്ചു വരുന്നു. ആയുർവ്വേദത്തിന്റെ എല്ലാ ശാഖകളിലുമുള്ള ചികിത്സ ഇവിടെ ലഭ്യമാണ്. സമീപ പ്രദേശത്ത് നിന്നുമുള്ള ജനങ്ങളും ഇവിടെ ചികിത്സക്ക് എത്തുന്നുണ്ട്. ഇതും സാധാരണ ജനങ്ങൾക്ക് അപ്രാപ്യമായ ഒന്നാണ്. അയൽ ജില്ലകളിൽ നിന്നും ആളുകൾ ഇവിടെ സുഖചികിത്സക്ക് എത്തുന്നുണ്ട്. ഇരുപതോളം ഡോക്ടർമാരും ജീവനക്കാരും ഇവിടെയുണ്ട്.

എന്തായാലും സാധാരണ ജനങ്ങൾക്ക് ദൈനം പ്രതിയുള്ള രോഗങ്ങൾക്ക് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ തന്നെയാണ് ശരണം. പ്രത്യേകിച്ച് ദുർബ്ബല വിഭാഗങ്ങൾക്ക്.

ഇതിൽനിന്നെല്ലാം ഈ പഞ്ചായത്ത് ആരോഗ്യപരിപാലനത്തിൽ മുൻപന്തിയിലാണെന്ന് കാണാം. ദുർബ്ബലവിഭാഗത്തിൽപ്പെട്ട എല്ലാവർക്കും മതിയായ ചികിത്സയും ആരോഗ്യവും പ്രദാനം ചെയ്യുകയാണ് അടുത്ത ലക്ഷ്യം.

**ശുചിത്വം:**

താരതമ്യേന ഉയർന്ന സ്ഥലത്ത് സ്ഥിതിചെയ്യുന്നതിനാൽ പ്രകൃത്യാവെള്ളം കെട്ടി നിൽക്കുന്ന പ്രദേശങ്ങൾ ഇവിടെ കുറവാണ്. എന്നാൽ മതിയായ അഴുക്കുചാലുകൾ ഇല്ലാത്തതിനാലും അശ്രദ്ധ മൂലവും ഹോട്ടലിൽ നിന്നും കർട്ടേഴ്സുകളിൽ നിന്നുമുള്ള മലിനജലം ചിലയിടങ്ങളിൽ കെട്ടി നിൽക്കാറുണ്ട്. അതിനാൽ അത് ഒഴിപ്പിക്കുവാൻ വേണ്ട സത്വര നടപടികൾ പഞ്ചായത്ത് എടുക്കുന്നുണ്ട്. ഹോട്ടലുകളും ബേക്കറികളിലും ഹെൽത്ത് ഇൻസ്പക്ടേഴ്സിന്റെ പരിശോധന വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നു. കുടിവെള്ളം നല്ല രീതിയിൽ ലഭിക്കേണ്ടതുണ്ട്. വേനൽക്കാലത്ത് കുടിവെള്ളം ദൗർലബ്യം പ്രശ്നമാണ്. (Ref. കുടിവെള്ളം) ദുർബ്ബല വിഭാഗത്തിൽപ്പെട്ടവർക്ക് കക്കൂസുകൾ ഇനിയും ആവശ്യമുണ്ട്. സോഷ്യാ ഇക്ണോമിക് യൂണിറ്റ് സ്കീമിൽ അടുത്ത 5 വർഷംകൊണ്ട് എല്ലാവർക്കും കക്കൂസുകൾ ലഭ്യമാക്കുന്നതാണ്. മലമ്പനി, എലിപ്പനി ഡെംഗ്പനി മുതലായവ തടയാൻ കൊതുക് നശീകരണത്തിനായി 3 സ്പ്രേയറുകൾ വാങ്ങിയിട്ടുണ്ട്. കൊതുകുനശീകരണ് വ്യാപകമാക്കുന്നുണ്ട്. ചപ്പുചവറുകളും ചന്തയിൽ നിന്നുള്ള മാലിന്യങ്ങളുമാണ് വേറെ ഒന്ന്. അത് കുന്ന് കൂടി മലിനമാകാതെ നോക്കാനുള്ള പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ഇവിടെ പ്രവർത്തിക്കുന്ന ക്രഷർ യൂണിറ്റ്, റബ്ബർ ഫാക്ടറി, തുകൽ ചന്ത എന്നിവയിൽ നിന്നുള്ള മലിനീകരണം തടയാൻ മലിനീകരണ നിയന്ത്രണബോർഡിന്റെ സഹായം ഇടക്കിടെ തേടുന്നുണ്ട്. അതനുസരിച്ച് പ്രവർത്തിക്കാത്തവരുടെ ലൈസൻസുകൾ ക്യാൻസൽ ചെയ്തിട്ടുണ്ട്.

രോഗങ്ങൾ പടരുന്നത് തടയാൻ വ്യക്തിഗത ശുചിത്വം പാലിക്കേണ്ടതിനെക്കുറിച്ചുള്ള ഉൽബോധന ക്ലാസുകൾ ജനങ്ങൾക്കും സ്കൂൾ കുട്ടികൾക്കും നൽകുന്നുണ്ട്. അനധികൃത മത്സ്യാമാംസ വിൽപ്പന നിറുത്തലാക്കുന്നതാണ്. ബദലായി പൊതുമാർക്കറ്റും പൊതു അറവുശാലയും ഉടനെ നിർമ്മിക്കേണ്ടതായിട്ടുണ്ട്. ഭക്ഷ്യസാധനങ്ങൾ, ബേക്കറി സാധനങ്ങൾ, വഴിയോര കച്ചവടങ്ങൾ എന്നിവ കടുത്ത പരിശോധനക വിധേയമാക്കുന്നുണ്ട്. മദ്യം, മയക്കുമരുന്ന്, പുകവലി മുതലായവക്കെതിരെ ജനങ്ങളെ ബോധവന്മാരാക്കേണ്ടതുണ്ട്. ഇതിനായി പരസ്യങ്ങളും ഉൽബോധന ക്ലാസ്സുകളും സംഘടിപ്പിക്കുന്നുണ്ട്.

## പ്രശ്നങ്ങൾ

1. ഓരോ വില്ലേജിലും P.H.C. വേണം.
2. കുപ്പതൊട്ടികൾ ഒരോസെന്ററുകളിലും സ്ഥാപിച്ചു അവ നീക്കം ചെയ്യുവാനുള്ള നടപടികൾ എടുക്കുക.
3. പൊതു ശ്മാശനവും അറവുശാലയും എത്രയും പെട്ടെന്ന് സ്ഥാപിക്കുക.
4. അംബേദ്കർ കോളനിയിൽ ഹെൽത്ത് സെന്റർ സ്ഥാപിക്കുക.
5. അനധികൃത അറവും, ഇറച്ചികച്ചവടവും വിൽപനയും നിരോധിക്കുക.
6. മാതൃ-ശിശു കേന്ദ്രങ്ങൾ എല്ലാ വർഡിലും തുടങ്ങുക. പോഷകാഹാരപരിപാടി ഊർജ്ജിതമാക്കുക. (കടവല്ലൂർ മാതൃ ശിശ്രൂഷാ കേന്ദ്രത്തിൽ ആഴ്ചയിൽ 2 ദിവസം 4 ഡോക്ടർമാർ വന്നു രോഗികളെ പരിശോധിക്കണം. അത് PHC ആയി ഉയർത്തുക.
7. എല്ലാവർക്കും കക്കൂസ് നിർമ്മിച്ചുകൊടുക്കുക.
8. വളർത്ത് മൃഗങ്ങൾക്ക് ലൈസൻസ് നിർബന്ധമാക്കുക. നായ പിടുത്തം ഊർജിതമാക്കുക.
9. കയ്യേറിയ പൊതു ശ്മശാനം ഒഴിപ്പിച്ചു വിസ്താരം കൂട്ടുക.
10. ഹെൽത്ത് വിസിറ്റേഴ്സ് എല്ലാ വീട്ടിലും എത്തി വേണ്ട മരുന്നുകളും വൈറ്റമിൻസും വിതരണം ചെയ്യുക.
11. ക്ലീൻ കടവല്ലൂർ പഞ്ചായത്ത് നടപ്പിലാക്കുക.
12. കൊതുക് നശീകരണം നടത്തുക
13. ആരോഗ്യ ക്ലാസ്സുകൾ നടത്തുക.
14. ഓടകൾ വൃത്തിയാക്കൽ പൊതുജന പങ്കാളിത്തത്തോടെ നടപ്പിൽ വരുത്തുക.
15. ഹെൽത്ത് സെന്ററുകൾക്ക് കട്ടിടവും, മരുന്നും ഫർണീച്ചറും ലഭ്യമാക്കുക.

## സാദ്ധ്യതകൾ

പെരുമ്പിലാവ് P.A.C. യുടെ കെട്ടിടവും ഹോമിയോ, ആയുർവ്വേദ കേന്ദ്രങ്ങളും ഉടനേ പൂർത്തിയാകുന്നതാണ്. ഹോമിയോ, ആയുർവ്വേദ ഡിസ്പൻസറികളിൽ വെള്ളം വെളിച്ചം, ഫർണ്ണീച്ചർ ലഭ്യമാക്കാവുന്നതാണ്. ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കാവുന്നതാണ്. കുപ്പതൊട്ടികൾ സ്ഥാപിക്കാനും അവ നീക്കം ചെയ്യാനുമുള്ള സാധ്യത പരിശോധിക്കേണ്ടതുണ്ട്. പൊതു ശ്മശാനവും അറവുശാലയും ഉടനേ പ്രാവർത്തികമാക്കാവുന്നതാണ്. അംബേദ്കർ കോളനിയിൽ ഇപ്പോൾ ഡോക്ടറുടെ സന്ദർശനം ദിവസങ്ങൾ കൂട്ടാൻ നോക്കാവുന്നതാണ്. ICDS നേതൃത്വത്തിൽ അംഗൻ വാടികളിൽ കൂടി പോഷകാഹാര പരിപാടികളും മാതൃ ശിശു ക്ഷേമ പരിപാടികളും ത്വരിതപ്പെടുത്താവുന്നതാ

ണ്. കക്കൂസുകൾ അഞ്ചു വർഷംകൊണ്ട് ലഭ്യമാക്കുന്നതാണ്.S.E.U. നേതൃത്വത്തിൽ പഞ്ചായത്ത് അതിനുള്ള വിഭവസമാഹരണം നടത്തിക്കഴിഞ്ഞിട്ടുണ്ട്. ഹെൽത്ത് വിസിറ്റേഴ്സിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതാണ്. "ക്ലീൻ കടവല്ലൂർ" പദ്ധതി പൊതുജന സന്നദ്ധ സംഘടനകളുടേയും മഹിളാസമാജങ്ങളുടേയും നേതൃത്വത്തിൽ നടപ്പിൽ വരുത്തുന്നതാണ്. കൊതുക് നശീകരണം മുഖ്യപ്രശ്ന മായി എടുത്ത് ഹെൽത്ത് ഡിപ്പാർട്ടുമെന്റിന്റെ സഹായത്താൽ നടത്തുന്നതാണ്. സ്കൂൾകുട്ടികളിൽ ഇടക്കിടെ ആരോഗ്യ പരിശോധനാ പരിപാടികൾ നടത്താവുന്നതാണ്. പൊതുശ്മശാനത്തിനും അറവുശാലക്കുംവേണ്ടി കടവല്ലൂരിൽ 1 ഏക്കർ 33 സെന്റ് റവന്യൂ പുറമ്പോക്ക് ഭൂമി പതിച്ച് നൽകുവാൻ കലക്ടറേറ്റുമായി എഴുത്തുകുത്തു നടത്തിവരുന്നു. ഉടനെ അതും പ്രാവർത്തികമാക്കാവുന്നതാണ്.

## കുടിവെള്ളം

വർഷത്തിൽ 300cm മഴലഭിക്കുന്നുണ്ടെങ്കിലും മാർച്ച്, മെയ്, ഏപ്രിൽ മാസങ്ങളിൽ പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും കുടിവെള്ള പ്രശ്നം രൂക്ഷമാണ്. ഇവിടത്തെ നെൽകൃഷി മഴയേ മാത്രം ആശ്രയിച്ചാണ് നടത്തപ്പെടുന്നത്. ചരിവു പ്രദേശങ്ങളിലുള്ള തെങ്ങ്, കവുങ്ങ്, വാഴ മുതലായവയും കിണറുകളേയും കുളങ്ങളേയും ആശ്രയിച്ചാണ് കഴിയുന്നത്.

ജനസംഖ്യ വർദ്ധനവോടെ ഈ പഞ്ചായത്തിന്റെ ഉയർന്ന പ്രദേശങ്ങളും ജനവാസമുള്ളതാക്കി തീർത്തിരിക്കുന്നു. ഇപ്പോൾ പഞ്ചായത്തിൽ മൊത്തം 52 കുളങ്ങളും 2212 കിണറുകളും ഉണ്ട്. പകുതിയിൽ കൂടുതൽ കുളങ്ങളും കിണറുകളും അടിപാറയുള്ളതും വേനൽക്കാലമായാൽ വറ്റുന്നതുമാണ്. ഈ സമയത്ത് ഉയർന്ന സ്ഥലങ്ങളിലെ ജനങ്ങൾ ആശ്രയിക്കുന്നത് പഞ്ചായത്തിലെ ഏഴു വാർഡുകളിൽ മാത്രം വിതരണം നടത്തുന്ന 120 ടാപ്പുകളും വിവിധ ഉയർന്ന പ്രദേശങ്ങളിൽ സ്ഥാപിച്ചിട്ടുള്ള 31 കുഴൽ കിണറുകളേയും അപൂർവ്വം വറ്റാത്ത കിണറുകളേയും മാത്രമാണ്.

**TABLE - 1**
**കുടിവെള്ളം ഉറവിടങ്ങൾ (വിഭവഭൂപടം)**

| ജലസ്രോതസ്സുകൾ | വറ്റുന്നവ (കേടുവന്നത്) | വറ്റാത്തത് | ആകെ എണ്ണം | പഞ്ചായത്ത് വക |
|---|---|---|---|---|
| കുളങ്ങൾ | 4.8 | 4 | 12 | |
| കിണറുകൾ | 55 | 10 | 65 | |
| കുഴൽ കിണറുകൾ | 7 | 24 | 31 | |
| ടാപ്പുകൾ | - | - | 120 | |

## Table 7

### വിവിധ വയസ്സിലുള്ള കുട്ടികളുടെ എണ്ണം (95-96)

| AGE | NUMBERS |
|---|---|
| 0 | 339 |
| 1 | 863 |
| 2 | 1006 |
| 3 | 1071 |
| 4 | 293 |
| ആകെ | **3572** |

## Table 8

### വികലാംഗന്മാരുടെ സ്ഥിതി വിവരങ്ങൾ

| Sl. No. | വാർഡുകൾ | വികലാംഗന്മാരുടെ എണ്ണം |
|---|---|---|
| 1 | I | 12 |
| 2 | II | 27 |
| 3 | III | 16 |
| 4 | IV | 20 |
| 5 | V | 19 |
| 6 | VI | 17 |
| 7 | VII | 24 |
| 8 | VIII | 9 |
| 9 | IX | 33 |
| 10 | X | 35 |
| 11 | XI | 40 |
| 12 | XII | 24 |
| | | **276** |

119

## TABLE

## സ്വകാര്യ ജലസ്രോതസ്സ് (വിഭവ ഭൂപടം)

| ജലസ്രോതസ്സുകൾ | വറ്റുന്നവ | വറ്റാത്തത് | ആകെ |
|---|---|---|---|
| കുളങ്ങൾ | 38 | 14 | 52 |
| കിണറുകൾ | 1486 | 726 | 2212 |
| കുഴൽ കിണറുകൾ | - | - | 6 |

പഞ്ചായത്ത് വക 12 കുളങ്ങളിൽ 4 എണ്ണം വേനൽക്കാലത്തും വെള്ളം കിട്ടുന്നവയാണ്. II, IV, X, XI വാർഡുകളിലാണ് ഇവ സ്ഥിതി ചെയ്യുന്നത്. ബാക്കിയുള്ള കുളങ്ങൾ ആഴം കൂട്ടുന്നതനുസരിച്ചു ഉപയോഗ്യമാക്കാവുന്നവയാണ്. 31 കുഴൽകിണറുകളിൽ 6 എണ്ണത്തിലെ വെള്ളം ഉപയോഗശൂന്യമായി കഴിഞ്ഞിരിക്കുകയാണ്. സ്വകാര്യകുളങ്ങളിൽ 70 ശതമാനം വേനക്കാലങ്ങളിൽ വറ്റുന്നവയാണ്. (Refer Table2) കൃഷിക്കാർ ജലസേചനത്തിന് ഉപയോഗിക്കുന്നവയാണ് ഇവ. പാടത്തോട് ചേർന്ന് ചരിവുകളിലാണ് ഇവ സ്ഥിതി ചെയ്യുന്നത്. 2212 കിണറോളം സ്വകാര്യ വ്യക്തികൾക്കായി ഉണ്ട്. ഇവയിൽ 70% വേനൽക്കാലത്ത് വറ്റി വരണ്ടുപോകുന്നു. തീരെ വറ്റാത്ത ബാക്കി കിണറുകളാണ് വീടുകളിൽ കുടിവെള്ളത്തിനായി ഉപയോഗിക്കുന്നത്. അപൂർവ്വം ചിലർ കിണറുകളിൽ ബോർ ചെയ്ത് കൃഷിക്ക് ഉപയുക്തമാക്കുന്നു. പഞ്ചായത്ത് കിണറുകളിൽ ഭൂരിഭാഗവും പാറയുള്ളതും വറ്റുന്നവയുമാണ്. അപൂർവ്വം ചില കിണറുകളിൽ വെള്ളം ലഭ്യമാണ്. അവിടെ മണ്ണ് ഇടിച്ചൽ ഉണ്ട്. ഇതിൽ നിന്നും വേനൽക്കാലത്ത് കുടിവെള്ളപ്രശ്നം രൂക്ഷമാകുന്നു എന്ന് മനസ്സിലാക്കാമല്ലൊ. ഇപ്പോൾ നിലവിലുള്ള 120 ടാപ്പുകളിലേയും വെള്ളം പമ്പുചെയ്യുന്നത് രണ്ട് കുഴൽകിണറുകളിൽ നിന്നും ഒരു കിണറിൽ നിന്നുമാണ്. ഒന്ന് കരിക്കാടും ഒന്ന് കല്ലുപുറത്തും ഒന്ന് പെരുമ്പിലാവ് കണക്കകോളണിയിലുമാണ്. കരിക്കാട് നിന്നുള്ള വെള്ളം ശേഖരിക്കുന്നതിന് പരുവകുന്നത്തും കണക്കകോളണിയിലെ കിണറിൽ നിന്നുള്ള ജലം അവിടെയുള്ള ടാങ്കിലും ശേഖരിച്ചാണ് വിതരണം ചെയ്യുന്നത്. എന്നാൽ കല്ലുപുറം കുഴൽ കിണറിൽ നിന്ന് ടാപ്പുകളിലേക്ക് നേരിട്ട് ഉള്ള പമ്പിങ്ങ് ആണ്. ഈ 120 ടാപ്പുകളും പഞ്ചായത്തിന്റെ 7 വാർഡുകളിൽ മാത്രമാണ് വെള്ളമെത്തിക്കുന്നത്. മറ്റ് 5 വാർഡുകളും ആശ്രയിക്കുന്നത് കുഴൽ കിണറുകളേയും സ്വകാര്യകിണറുകളേയും ലോറിയിൽ എത്തിക്കുന്ന കുടിവെള്ളത്തേയുമാണ്. എല്ലാ ഗ്രാമസഭകളിലും പ്രധാനമായും ഒരേപോലെ ഉയർന്ന് കേട്ട ശബ്ദം കുടിവെള്ളത്തിന് വേണ്ടിയുള്ളതായിരുന്നു. വാട്ടർ അതോറിറ്റിയുടെ ചാലിശ്ശേരി - പാവറട്ടി പദ്ധതിയിൽ കീഴിയിൽ പഞ്ചായത്തിന്റെ 82 കി. മീറ്റർ ദൂരം എല്ലാവാർഡുകളിലും പൈപ്പ് ലയിൽ കുഴിച്ചിട്ട് രണ്ട് വർഷത്തോളമായി. അക്കിക്കാവിൽ തൃത്താലയിൽ നിന്നും വരുന്ന വെള്ളം ശേഖരിക്കുവാൻ വേണ്ടിയുള്ള പടുകൂറ്റൻ ടാങ്കും നിർമ്മിച്ചു ഒരു വർഷം കഴിഞ്ഞു. എന്നാൽ ഭാരതപുഴയിലെ വെള്ളം ശേഖരിക്കാൻ തൃത്താലയിലുള്ള ടാങ്ക് ഇതുവരേ നിർമ്മിച്ചിട്ടില്ലാത്തതിനാൽ ഈ പദ്ധതി അടുത്ത കാലത്തൊന്നും കമ്മീഷൻ ചെയ്യാൻ സാദ്ധ്യതയില്ലെന്നറിയുന്നതിനാൽ കുടിവെള്ള പ്രശ്നത്തിന് ഒരു പകരപദ്ധതി പഞ്ചായത്തിന്റെ പരിഗണനയിലുണ്ട്. അതിനാൽ കുടിവെള്ള പ്രശ്നം ഈ പഞ്ചായത്തിന്റെ പ്രശ്നമായി മാറിയിരിക്കുന്നു. 5 ലക്ഷത്തോളം ഉറുപ്പിക വാട്ടർ അതോറിറ്റിക്കു കുടിശ്ശികയുണ്ട്. 120 ടാപ്പുകൾക്കായി പ്രതിമാസം വാട്ടർ അതോറിറ്റിക് 8750ക യോളം അടക്കുന്നുണ്ട്. എന്നിരുന്നാലും പൈപ്പിൽ വെള്ളം എല്ലായ്പ്പോഴും ലഭിക്കുന്നില്ല. വോൾട്ടേജ് പ്രശ്ന

വും കാര്യക്ഷമയില്ലായ്മയും പ്രശ്നം വീണ്ടും രൂക്ഷമാക്കുന്നു. കുന്നിൻ പ്രദേശങ്ങളിൽ ജലം തീരെലഭ്യമല്ല.

ഗ്രാമസഭയിൽ നിന്നും ഉരുത്തിരിഞ്ഞുവന്ന പ്രശ്നങ്ങൾ നിരവധിയാണ്. കിണറുകൾ അണുനാശിനികൾ ഇട്ട് ശുദ്ധീകരിക്കാൻ വേണ്ട നടപടികൾ തുടങ്ങണം. കോളനികളിലും ശുദ്ധജലക്ഷാമം ഉള്ള എല്ലാ സ്ഥലങ്ങളിലും കുഴൽ കിണറുകൾ സ്ഥാപിക്കണം. പൈപ്പ്ലയിൻ എല്ലാവാർഡിന്റേയും ബാക്കിയുള്ള സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കണം. സാമൂഹ്യജലസേചന പദ്ധതിയിൽ കാരുകുളത്ത് നിർമ്മിച്ചിട്ടുള്ള കിണറിൽ നിന്ന് പൈപ്പ്ലയിനുമായി ബന്ധിപ്പിക്കണം. ഉപയോഗ ശൂന്യമായ കുഴൽ കിണറുകൾ പഞ്ചായത്ത് കിണറുകൾ പാറപൊട്ടിച്ചും മണ്ണുനീക്കിയും സംരക്ഷിച്ചാൽ വെള്ളം ലഭിക്കും. വടക്കുമുറി മസ്ജിദ് കുഴൽ കിണറിൽ നിന്നു പമ്പ് ചെയ്താൽ വാർഡിന് ആവശ്യമായ വെള്ളം മുഴുവൻ ലഭിക്കാനുള്ള സംവിധാനം ഉണ്ടാക്കണം. വേനൽക്കാലത്ത് എല്ലായിടത്തും കുടിവെള്ളമെത്തിക്കണം. വാട്ടർ അതോറിറ്റിയിൽ നിന്നും വിതരണം പഞ്ചായത്ത് ഏറ്റെടുത്ത് കാര്യക്ഷമമാക്കണം. പൈപ്പ്പൊട്ടിയും, ടാപ്പുതുറന്ന്വച്ചും, വീടുപണിക്കും മറ്റു എടുത്ത് പാഴാക്കി കളയുന്നത് തടയാൻ കുടിവെള്ള സംരക്ഷണ സമിതികൾ എല്ലാ വർഡിലും ഉണ്ടാക്കണം. കിണറുകൾ കുത്താൻ സബ്സിഡി വർദ്ധിപ്പിക്കണം. ഹൗസ് കണകഷനുകൾ കുടിവെള്ളം പമ്പുചെയ്യാൻ എത്രയും പെട്ടെന്ന് നൽകണം.

പഞ്ചായത്തിലെ വറ്റാത്ത കുളങ്ങൾ കേന്ദ്രീകരിച്ചുകൊണ്ട് കുളങ്ങൾ താഴ്ത്തി പമ്പിങ്ങ് നടത്തി ചുറ്റുമുള്ള പ്രദേശങ്ങൾക്ക് കുടിവെള്ളമെത്തിക്കാവുന്നതാണ്. കൊറ്റുകുളം, വടക്കേകളത്തിൽ കുളം, മാടമ്പികുളം, കോലാടികുളം പള്ളിക്കുളം, കൊരട്ടിക്കരക്കുളം മുതലായ മതിയായ വെള്ളം ലഭിക്കുന്ന കുളങ്ങളിൽ പമ്പു ഹൗസുകൾ സ്ഥാപിച്ചു ചുറ്റുമുള്ള പ്രദേശങ്ങളിൽ കുടിവെള്ളമെത്തിക്കാവുന്നതാണ്. കൂടാതെ 12 പഞ്ചായത്ത് കുളങ്ങളും ആഴം കൂട്ടി നന്നാക്കി പൈപ്പലയിൻ വഴി ബന്ധിപ്പിച്ചു പമ്പിങ്ങ് നടത്തി വലിയ ഒരു പദ്ധതിക്ക് തുടക്കമിടാവുന്നതാണ്.

മസ്ജിദ് റോഡിലെ കുഴൽകിണർ, (അംബേദ്ക്കറിൽ ഹാൻഡ് പമ്പു പിടിപ്പിക്കാതെ ഇട്ടിട്ടുള്ള കുഴൽ കിണർ) എന്നിവയിൽ സുഭിഷമായി ജലം ലഭ്യമാണ് എന്ന് സർവ്വേ വ്യക്തമാക്കുന്നു. ടി ഈ കുഴൽ കിണർ രണ്ടാം വാർഡിന് ആവശ്യമായ കുടിവെള്ളം നേരിട്ട് നൽകുന്നതാണ്. വടക്കേകളത്തിൽ കുളം പമ്പിങ്ങുമായി ഇതു സംയോജിപ്പിക്കാവുന്നതാണ്.

കൂടാതെ കരിക്കാട് ഇപ്പോൾ പമ്പുചെയ്യുന്ന കുഴൽ കിണർ, കണക്കകോളനികിണർ, കല്ലുംപുറം കുഴൽ കിണർ (ഇപ്പോൾ പമ്പുചെയ്യുന്നത്) അംബേദ്ക്കർ കുഴൽകിണർ എന്നിവ വറ്റാത്ത ജലസ്രോതസ്സുകൾ ആണ്. ഈ കുഴൽ കിണറുകളിൽ നിന്നുള്ള ജലവും മറ്റ് വറ്റാത്ത കുഴൽ കിണറുകളിൽ നിന്നുമുള്ള ജലവും മറ്റ് വറ്റാത്ത കുഴൽ കിണറുകളിൽ നിന്നുമുള്ള ജലവും ചാലിശ്ശേരി - പാവർട്ടി സ്കീമിൽ അക്കിക്കാവിൽ പണിത്തീർത്തിട്ടുള്ള പടുകൂറ്റൻ ടാങ്കിലേക്ക് അടിച്ചുകയറ്റി ആ സ്കീമിൽ പഞ്ചായത്തിലാകമാനം ഇട്ടിട്ടുള്ള 82 കി.മീറ്റർ പൈപ്പ് ലയിനിൽ കൂടി വെള്ളം വിതരണം ചെയ്താൽ പഞ്ചായത്തി കുടിവെള്ള പ്രശ്നം മുഴുവനായി പരിഹരിക്കാവുന്നതേയുള്ളു. ഇത് നടപ്പിലാക്കികഴിഞ്ഞാൽ ശേഷിക്കുന്ന പഞ്ചായത്തിലെ പൈപ്പലയിൻ ഇടാത്ത മറ്റ് സ്ഥലങ്ങളിൽ കൂടി പൈപ്പ്ലയിൽ ഇട്ട് നൂറു ശതമാനം ജനങ്ങൾക്കും കുടിവെള്ളം എത്തിക്കാവുന്നതാണ്. ഇങ്ങനെ ഒരു ബ്രഹുത് പദ്ധതി 9-ാം പദ്ധതിയിൽപ്പെടുത്തി കുടിവെള്ള പ്രശ്നം പരിഹരിക്കാവുന്നതാണ്. കൂടാതെ കല്ലുംപുറം കുഴൽകിണർ പമ്പിങ്ങ് ജലം അവിടെ ഒരു ടാങ്ക് നിർമ്മിച്ചു (വാട്ടർ അതോറിറ്റിയുടെ കൈവശം ടാങ്ക് ഉണ്ട്) അതിൽനിന്ന് ചുറ്റുമുള്ള പ്രദേശങ്ങളിലേക്ക് കൂടുതൽ കാര്യക്ഷമമായി വെള്ളം പമ്പു ചെയ്താലും അവിടെ ഇപ്പോൾ നിലനിൽക്കുന്ന വിതരണം പ്രശ്നം പരിഹരിക്കാവുന്നതാണ്. കൂടാതെ വിവിധ കുഴൽ കിണറുകളും, കുളങ്ങളിൽ നിന്നുമുള്ള പമ്പിങ്ങ് പ്രൊജക്ട് ഇതുമായും സംയോജിപ്പിച്ച് ഈ പഞ്ചായത്തിലെ കുടിവെള്ളപ്രശ്നം മുഴുവനായും പരിഹരിക്കുന്നതിന് സഹായകമാവുകയും ചെയ്യുന്നതാണ്. ഈ പദ്ധതി പ്രാവർത്തികമാക്കാൻ പറ്റാത്ത പക്ഷം പാവർട്ടി സ്കീമിൽ ഇട്ടിട്ടുള്ള 82 കി.മീറ്റർ പൈപ്പുകൾ അതാതു വാർഡുകളിൽ നിന്നുളള കുഴൽകിണറിൽനിന്നുള്ള ജലം വിതരണം

124

ചെയ്യാനുള്ള അനുമതി തരേണ്ടാതണം. വരൾച്ച മാസങ്ങളിൽ ഇത് ഉപയോഗപ്പെടും. സ്കീമുകൾ വേഗം നടപ്പിലാക്കാനും കാര്യക്ഷമതകൂട്ടാനും വിതരണവും, മെയിന്റനൻസും പഞ്ചായത്തിനെ ഏൽപ്പിക്കേണ്ടതാണ്. വാട്ടർ അതോറിറ്റി വേണ്ട സാങ്കേതിക ഉപദേശങ്ങളും മേൽനോട്ടവും മാത്രം വഹിച്ചാൽ മതി. ഈ പദ്ധതി നടപ്പിലാക്കിയാൽ കുഴൽകിണറുകൾ പുതിയതായി കുഴിക്കാനം പാറപൊട്ടിക്കാനും മറ്റുമുള്ള സാമ്പത്തിക ഭാരം എന്നേക്കുമായി കുറഞ്ഞു കിട്ടുന്നതുമാണ്. കൂടാതെ കുഴൽ കിണർ കുഴിക്കൽ, മെയിന്റനൻസും മുതലായവ പഞ്ചായത്തിന് നേരിട്ട് ഗ്രണ്ട വാട്ടർ ഡിപ്പാർട്ടുമെന്റിന്റെ മേൽനോട്ടത്തിൽ ചെയ്യുവാനുള്ള നിയമം കൊണ്ടുവരേണ്ടതും ആണ്. ഈ സ്കീം നടപ്പിലാക്കി കഴിഞ്ഞാൽ വീട് കണക്ഷനുകൾ നൽകാൻ കഴിയുന്നതും ശുദ്ധമായകുടിവെള്ളം എല്ലാവർക്കും എത്തിച്ചുകൊടുക്കുവാൻ കഴിയുന്നതുമ്മാണ്. ലോറിയിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിനുള്ള സാമ്പത്തിക ഭാരം അനാവശ്യമായ ഇല്ലാതാക്കുകയും ചെയ്യാവുന്നതാണ്.

സാമൂഹ്യജലസേചന പദ്ധതികൾ ഓരോ വാർഡിലും ഓരോന്നുംവെച്ച് പ്രാവർത്തികമാക്കുകയും അതിൽ നിന്നുള്ള വെള്ളം കൂടുതൽ കുടുംബങ്ങൾക്കുകൂടി ഉപയോഗപ്രദമാക്കുവാൻ കഴിയുമാറ് വെള്ളത്തിന്റെ അളവനുസരിച്ച് പൊതുജന പങ്കാളിത്തത്തോടെ നടപ്പിലാക്കേണ്ടതാണ്. ഈ പദ്ധതികൾ മൂലം ജലം മൂലം വിന്യസിക്കുന്ന രോഗങ്ങൾ നൂറു ശതമാനവും തടയാൻ കഴിയുന്നതുമാണ്. കുടിവെള്ളം പാഴാക്കി കളയാതിരിക്കാൻ ഓരോ പ്രദേശത്തും ഗുണഭോക്താക്കൾ അടങ്ങുന്ന സംരക്ഷണ സമിതികൾ ഉണ്ടാക്കി അതിന്റെ സംരക്ഷണം അവരെ ഏൽപ്പിക്കാവുന്നതാണ്. ഇത് കുടിവെള്ളത്തിന്റെ പ്രാധാന്യം മനസ്സിലാക്കാനും കാര്യക്ഷമത വർദ്ധിപ്പിക്കാനും ഉതകും.

ഈ പഞ്ചായത്തിന്റെ 16% ഓളം വരുന്ന പട്ടിക ജാതിയിൽപ്പെട്ടവർ 40 ഓളം സാങ്കേതങ്ങളിലായി പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ അധിവസിക്കുന്നുണ്ട്. കണക്ക, സാസവ, പറയ സമുദയാത്തിൽപ്പെട്ടവരാണ് ഭൂരിഭാഗവും. ഇവർ തന്നെയാണ് സമൂഹത്തിന്റെ അടിത്തട്ടിൽ നിൽക്കുന്നവരിൽ ഭൂരിഭാഗവും. ഇവരുടെ സങ്കേതങ്ങളിൽ ഓരോരുത്തർക്കും 5-10സെന്റ് ഭൂമി മാത്രം ഉള്ളവരാണ്. ഇവരിൽ ഭൂരിഭാഗവും ആശ്രയിക്കുന്നത് പഞ്ചായത്ത് കിണറുകളേയും കുഴൽക്കിണറുകളേയും പൈപ്പുലയിനുകളേയുമാണ്. അതിനാൽ കുടിവെള്ള പ്രശ്നം പ്രത്യേകിച്ചും കോളനികളിൽ ശക്തമാണ്. ഭൂരിഭാഗവും കൂലി പണിക്കാരും തൊഴിലാളികളും ആയതിനാലും സാമ്പത്തികമായി പിന്നോക്കമായതിനാലും ഇവർക്ക് സ്വന്തമായി കിണർ കുഴിക്കുന്നതിനോ മറ്റോ കഴിയാറില്ല. പകുതിയിലേറെ കോളനികളിൽ പൈപ്പലയിൻ എത്തിയിട്ടുണ്ടെങ്കിലും നാൽപതോളം വരുന്ന കോളനികളിൽ എല്ലായിടത്തും കുടിവെള്ളം എത്തിക്കേണ്ട ചുമതല പഞ്ചായത്തിനുണ്ട്. രോഗങ്ങൾ പടർന്ന് പിടിക്കാതിരിക്കുവാനും ശുദ്ധജലം കൊടുക്കേണ്ടത് വളരെ അത്യാവശ്യമാണ്. കൂടാതെ സാനിറ്ററി കക്കൂസുകൾ എല്ലാവർക്കും എത്തിക്കേണ്ടതായിട്ടുണ്ട്. കോളനികളിലുള്ള എല്ലാ കിണറുകളും വർഷക്കാലത്തേ ഉപകരിക്കാൻ സാധിക്കുന്നുള്ളൂ. ഇപ്പോൾ ഇവർക്ക് കടും വരൾച്ചയിൽ കൂടി വെള്ളമെത്തിക്കാറുണ്ട്. എന്നാലും അതെല്ലാം തീരെ അപര്യാപ്തമാണ്. അതുകൊണ്ട് ൯-ാം പദ്ധതിയിൽ നേരത്തെ പ്രതിപാദിച്ച സ്കീം നടപ്പിലാക്കുകയാണെങ്കിൽ ഇപ്പോൾ കോളനികളിൽ ലഭിക്കുന്ന പൈപ്പ്വെള്ളത്തിന്റെ കാര്യക്ഷമമാക്കുവാനും കുഴൽകിണറുകളേ മാത്രം ആശ്രയിച്ചു കഴിയുന്ന ബാക്കി എല്ലാ കോളനികളിലേക്കും വെള്ളം എത്തിച്ചു കുടിവെള്ളത്തിന് മറ്റ് ഭാഗങ്ങളിലേപോലെ കോളനിവാസികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാനും കഴിയുന്നതാണ്. കൂടാതെ ചാലിശ്ശേരി പാവർട്ടി പദ്ധതിയിൽ വെള്ളം വിതരണം നടത്തുന്നതുവരെ അതിനുവേണ്ടി വാർഡ് തോറും നിക്ഷേപിച്ച പൈപ്പ് ലയിനിൽകൂടി പഞ്ചായത്തിന്റെ, ശുദ്ധജലവിതരണത്തിന്നായി ഉപയോഗിക്കുന്നതിന് അനുവാദം തരേണ്ടതാണ്. വരൾച്ച സമയത്ത് ഈ പൈപ്പുലയിനുകളിൽ വെള്ളം വിതരണം ചെയ്താൽ ചാലിശ്ശേരി-പാവറട്ടി പദ്ധതിയിൽ പൈപ്പലയിൻ ഇട്ടിട്ടുള്ള സ്ഥലങ്ങളിൽ വീണ്ടും പൈപ്പ്ലയിൻ ഇടാതെ കഴിക്കാവുന്നതും വളരെയധികം പണം ലാഭിക്കുവാൻ കഴിയുന്നതുമാണ്.

ആരോഗ്യവും കുടിവെള്ള അഭേദ്യമായി ബന്ധപ്പെട്ടു കിടക്കുന്നതിനാൽ എല്ലാവർക്കും ശുദ്ധ വെള്ളം ലഭിക്കാൻ ഉതകുന്ന മേൽ വിവരിച്ച പദ്ധതികൾ പ്രാവർത്തികമാക്കപ്പെട്ടാൽ ആരോഗ്യകാര്യത്തിൽ ഈ പഞ്ചായത്തിന്റെ നില ഒന്നുകൂടി ശോഭനമാക്കി തീർക്കാൻ കഴിയുമെന്ന് നിസ്സംശയം പറയാം.

# അദ്ധ്യായം 7.

## സാമൂഹ്യക്ഷേമം

ആസൂത്രണത്തിന്റെ പ്രാധാന വെല്ലുവിളിയാണ് ദാരിദ്ര്യം, തൊഴിലില്ലായ്മ സാമൂഹ്യപരമായ ഉച്ചനീചത്വം വിതരണ വ്യവസ്ഥയിലുള്ള അപാകത ഇവയാണ് ദാരിദ്ര്യത്തിന് മുഖ്യകാരണങ്ങൾ ഇവയിൽ ഏറ്റവും പ്രധാന കാരണം തൊഴിലില്ലായ്മയാണ്. തൊഴിലില്ലായ്മക്കുള്ള മുഖ്യ കാരണങ്ങൾ ഇവയൊക്കൊയാണ്.

1. ചിലതൊഴിലുകൾക്ക് മാത്രം മാന്യത കല്പിക്കുന്ന സംസ്കാരം.
2. തൊഴിൽ രംഗത്ത് മുതൽമുടക്കിനുള്ള വിഷമതകൾ.
3. ദേഹാദ്ധ്വാനം കൂടാതെ സാമ്പത്തീക നേട്ടം കൈവരിക്കാനുള്ള പുതിയ മാർഗ്ഗങ്ങൾ (ബ്ലേഡ് കമ്പനികൾ, ഷെയർമാർക്കറ്റ് etc.)
4. സ്വയം തൊഴിൽ പദ്ധതിയ്ക്ക് വായ്പാസഹായം ലഭ്യമാക്കുന്നതിനുള്ള വിഷമതകൾ.
5. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ അഭാവം.

ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും, തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും കടവല്ലൂർ പഞ്ചായത്ത് പല പദ്ധതികളും നടപ്പാക്കിയിട്ടുണ്ട് ഇതുമൂലം സാമ്പത്തീക സാമൂഹീക രംഗങ്ങളിൽ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ഇനിയും അനേകം പേർ ദാരിദ്ര്യരേഖയ്ക്കു താഴെയുണ്ട്. ആയതിനാൽ കുറേകൂടി കാര്യക്ഷമമായ രീതിയിൽ സാമൂഹ്യക്ഷേമ പ്രവത്തനങ്ങൾ നടത്തേണ്ടതുണ്ട്.

രണ്ടു വിധത്തിലുള്ള സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നു വരുന്നത്. ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികളും, വിവിധ പെൻഷൻ സഹായ പദ്ധതികളും 1992ലെ I.R.D.P. സർവ്വേ പ്രകാരം. പഞ്ചായത്തിൽ 2804 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്കു താഴെയുണ്ട്. ഇത് ആകെയുള്ളതിന്റെ 36% വരും. ഇതിൽ sc.st 630 കുടുംബങ്ങൾ ഉണ്ട്. ഇത് 22.5% വരും. I.R.D.P. പ്രകാരമുള്ള സഹായധനം ലഭിച്ചവർ 252 കുടുംബങ്ങളാണ്. ഇതിൽ sc.st കുടുംബങ്ങൾ 186 ഉണ്ട്. ആവശ്യത്തിന്റെ ഒരു ചെറിയ ശതമാനം മാത്രമാണിത്. ബാങ്കുകാരുടെ മനോഭാവത്തിൽ കാര്യമായ മാറ്റം ഉണ്ടായെങ്കിലേ ഈ പദ്ധതി പൂർണ്ണമായി വിജയിക്കുകയുള്ളൂ. ഉദാഹരണത്തിന് I.R.D.P. ഗുണഭോക്താക്കൾക്ക് വായ്പാസഹയം ലഭിക്കുവാൻ സ്ഥലത്തിന്റെ നികുതി രശീത് ഹാജരാക്കേണ്ടതുണ്ട്. സ്വന്തമായി സ്ഥലമില്ലാത്തവരാണ് ആവശ്യക്കാരിൽ ഭൂരിഭാഗവും. I.R.D.P. വായ്പാസഹായം ലഭിച്ചവുരുടെ പട്ടിക താഴെ കൊടുക്കുന്നു. ഇതിൽനിന്നും ഗുണഭോക്താക്കൾക്ക് മുഴുവൻ സഹായം ലഭിക്കുന്നില്ല എന്ന് വ്യക്തമാണ്.

തൊഴിലില്ലായ്മ പരിഹാരം പൊലെതന്നെ ദാരിദ്ര്യ നിർമ്മാജ്ജനത്തിന് ആവശ്യം വേണ്ട സംഗതിയാണ് അവശർക്കും ആലംബഹീനർക്കുള്ള സാമ്പത്തിക സഹായങ്ങൾ 1995 ലെ കണക്കനുസരിച്ച് ഈ പഞ്ചായിത്തിലെ വിവിധ ധന സഹായ പദ്ധതിയിൽ

പെൻഷൻ ലഭിക്കുന്നവരുടെ എണ്ണം താഴെ ചേർക്കുന്നു വിവിധ പെൻഷനുകൾക്ക് മുപ്പത്തിരണ്ടു അപേക്ഷകൾകൂടി പഞ്ചായത്തിൽ ലഭിച്ചിട്ടുണ്ട്.

| ക്രമനമ്പർ | പെൻഷൻ പദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ പങ്ക് |
|---|---|---|
| 1 | വിധവാ പെൻഷൻ | 58 |
| 2 | വികലാംഗ പെൻഷൻ | 6 |
| 3 | ക്ഷയരോഗ പെൻഷൻ | 27 |
| 4. | കുഷ്ഠരോഗ പെൻഷൻ | 40 |
| 5. | തൊഴിലില്ലായ്മ വേതനം | 96 |
| 6. | കർഷകത്തൊഴിലാളി പെൻഷൻ | 236 |
| 7. | വാർദ്ധക്യകാല പെൻഷൻ | 79 |
| 8. | വിവാഹധനസഹായം | 4 |

കഴിഞ്ഞ വർഷം ജനപങ്കാളിത്തതോടെ നടത്തിയ വികലാംഗ സർവ്വേ പ്രകാരം ഈ പഞ്ചായത്തിൽ 276 വികലാംഗരുണ്ട്. ഇവരുടെ ക്ഷേമത്തിനായി സന്നദ്ധസംഘടനകളുടെ സഹായത്തൊടെ സഹായങ്ങൾ ലഭ്യമാക്കാവുന്നതാണ്.

മേൽ പട്ടികയിൽ നിന്നും ഒരു കാര്യം വ്യക്തമാണ് പെൻഷൻ പദ്ധതികളുടെ ഗുണം ആവശ്യകാർക്ക് മുഴുവൻ ലഭിക്കുന്നില്ല. ഇതിനുകാരണം പെൻഷൻ പദ്ധതികളെകുറിച്ച്. സാധാരണക്കാരനുള്ള അറിവില്ലായ്മയും, ബന്ധപ്പെട്ട അധികാരികളുടെ പക്ഷപാതപരമായ നിലപാടും ആണ്. ബോധനത്തിനായി വായനശാലകളെ കേന്ദ്രികരിച്ച് Guidence Centre റുകൾ ആരംഭിയ്ക്കേണ്ടതുണ്ട്. അർഹതയുള്ള എല്ലാവർക്കും ഗുണം ലഭിക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

## ദാരിദ്ര്യ നിർമ്മാർജനത്തിനുള്ള പ്രശ്നങ്ങളെ ഇങ്ങനെ സംഗ്രഹിയ്ക്കാം

1. തൊഴിലില്ലായ്മ പരിഹരിക്കപ്പെടാനുള്ള ധനസഹായ പദ്ധതികളെ കുറിച്ച് അറിവില്ലായ്മ.

2. അർഹതപ്പെട്ടവർക്ക് മുഴുവൻ ധനസഹായം ലഭിയ്ക്കുന്നില്ല

## പ്രശ്ന പരിഹാരത്തിലുള്ള സാദ്ധ്യതകളെ ഇങ്ങനെ സംഗ്രഹിയ്ക്കാം

1. അർഹതയുള്ളവർക്കെല്ലാം ധനസഹായം ലഭ്യമാക്കുക.

2. ഇതിനായി പഞ്ചായത്തിൻെറ വിവിധഭാഗങ്ങളിൽ സന്നദ്ധ സംഘടനകളുടെ സഹായത്തോടെ Guidence Centre റുകൾ തുടങ്ങുക.

3. ദുർബല വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം അനുവദിയ്ക്കുക.

4. വാദ്യകല, ചിത്രമെഴുത്ത്, മരപ്പണി തുടങ്ങി ഈരംഗത്ത് പ്രവർത്തിച്ചിരുന്ന അവശകലാകാരന്മാർക്ക് പെൻഷൻ അനുവദിയ്ക്കുക.

5. കർഷകതൊഴിലാളികളെ പോലെതന്നെ ചെറുകിടകർഷക്കർക്കും പെൻഷൻ പദ്ധതികൾ ആവിഷ്ക്കരിക്കുക.

6. അർഹതയുള്ളവരെ മാത്രം ഉർപ്പെടുത്തി I. R. D. P. ലീസറ്റ് പ്രസിദ്ധികരിയ്ക്കുക.

7. ദുർബല വിഭാഗക്കാർക്ക് വീടുവെയ്ക്കുന്നതിന് വൈദ്യുതീകരിക്കുന്നതിനും ധന സഹായം നൽകുക.

8. വികലാംഗരുടെ സഹകരണ സംഘങ്ങൾ ആരംഭിയ്ക്കുകയും കൂട്ടുഉത്തരവാദിത്യത്തോടെ കുടിൽ വ്യവസായങ്ങളും, ചെറുകിടവ്യവസായങ്ങളും തുടങ്ങുകയും ചെയ്യുക.

9. കർഷകതൊഴിലാളി ക്ഷേമനിധിയിൽ മുഴുവൻ കർഷകതൊഴിലാളികളുടേയും പേർ രജിസ്ററർ ചെയ്യുക.

10. അങ്കണവാടികൾ എല്ലാവാർഡുകളിലും സ്ഥാപിക്കുക.

11. ക്ഷേമ പദ്ധതികൾ കാര്യക്ഷമമായി നടത്തുക.

12. വികലാംഗ സംരക്ഷണ ഭവനുകൾ ആരംഭിയ്ക്കുക.

13. വികലാംഗർക്ക് വാഹനങ്ങൾ വാങ്ങുന്നതിനുള്ള സാമ്പത്തിക സഹായം നല്കുക.

14. വികലാംഗർക്ക് സൗജന്യ ചികിത്സാ സാഹായം നല്ക്കുക.

15. കൃത്രിമാവയവങ്ങൾ, വീൽചെയർ മുലായവ സൗജന്യമായി നല്ക്കുക.

16. IRDP വായ്പ കൂടുതലും പട്ടികജാതിക്കാർക്കാണ് ഇപ്പോൾ നല്ക്കുന്നത്. മറ്റു സമുദായങ്ങൾക്ക് വളരെകുറച്ചുമാത്രമേ നല്ക്കുന്നുള്ളൂ. അതുകൊണ്ട് വായ്പ വിതരണം ശരിക്കും ഉപയോഗിക്കാൻ പട്ടികജാതിക്കാർക്ക് വായ്പ ആവശ്യമില്ലെങ്കിൽ നിർബന്ധിച്ച് കൊടുക്കാതെ അത് അത്യാവശ്യാമായ മറ്റുള്ളവർക്ക് കൊടുക്കുന്നതാണ് കുടുതൽ ഗുണം ചെയ്യും.

17. ആൺമക്കളും മറ്റു ജോലിക്കാരണംകൊണ്ടും, സ്ത്രീകൾ ഭർതൃഗൃഹത്തിൽ ആയതുകൊണ്ടും ആ വീടുകളിലെ വൃദ്ധദമ്പതികൾ പരിചരണത്തിനാളുകളില്ലാതെ വിഷമിക്കുന്നുണ്ട്. അവർക്കുവേണ്ടി വൃദ്ധസദനങ്ങൾ വേണം, നേഴ്സുകളെ ഏർപ്പെടുത്തണം.

18. ഉദ്യോഗസ്ഥകളുടെ കുട്ടികളെ പരിചരിക്കുന്നതിനും വിട്ടുവേല ചെയ്യാന്നും സ്ത്രീകളെ കിട്ടുന്നില്ല. ഗൃഹജോലിചെയ്യുന്നത് ഇന്ന് മാന്യതകുറവാണ് അതുകൊണ്ട് മാന്യത കൈവരാൻ ഈ ജോലിക്ക് സംഘങ്ങൾ രൂപികരിച്ചു ആവശ്യമനുസരിച്ച് സ്ത്രീകളെ ആവശ്യമായ വീടുകളിൽ നിയമിക്കാനുള്ള സവിധാനം ഉണ്ടാക്കണം.

85

## തൊഴിലില്ലായ്മ പ്രശ്നങ്ങളും പരിഹാരങ്ങളും

ദാരിദ്ര നിർമ്മാർജ്ജനത്തിന് ആവശ്യം വേണ്ടതാണ് തൊഴിലില്ലായ്മ പരിഹാരം, തൊഴിലല്ലായ്മ നിർമ്മാർജ്ജനത്തിന് ദ്രുതഗതിയിലുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതുണ്ട് വരുമാനജനകമായ സ്വയം തൊഴിൽ പദ്ധതികൾ സംഘടിപ്പിക്കുക, ഗ്രൂപ്പടിസ്ഥാനത്തിലുള്ള വരുമാനദായക പദ്ധതികൾ ആവിഷ്ക്കരിക്കുക. തൊഴിൽ വൈദഗ്ധ പരിശീലം കൊടുക്കുക, കുടുതൽ തൊഴിലവസരങ്ങൾ നല്ക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക എന്നീ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക ഈ പ്രവർത്തനങ്ങൾ വഴി തൊഴിലില്ലായ്മക്ക് ഒട്ടൊക്കെ പരിഹാരം കാണാൻ സാധിക്കും.

കുത്തകകളുടെ കടന്നു കയറ്റം നമ്മുടെ ഗ്രാമരംഗങ്ങളിൽ നിന്ന് ഉല്പാദിപ്പിക്കപ്പെടുന്ന ഉല്പന്നങ്ങളുടെ വിപണത്തിന് തടസ്സം നില്ക്കുന്നുണ്ട് ഉല്പന്നത്തിന്റെ ഗുണത്തേക്കാൾ ഏറെ ഉല്പന്നങ്ങളുടെ പരസ്യം ആണ് വിപണിയെ ഏറെ സ്വാധീനിക്കുന്നത്. ഈ പ്രവണത അവസാനിപ്പിക്കുന്നതിനുള്ള ബോധന പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. ഉപഭോക്തൃ സംഘങ്ങൾ രൂപികരിക്കുകയും ഇതിനെതിരെ ഉദ്ബോധന പ്രവർത്തനങ്ങൾ നടത്താവുന്നതാണ്. ഉല്പനങ്ങൾ വിറ്റഴിക്കാൻ പഞ്ചായത്തിലെ വാർഡുകളിൽ സഹകരണ സ്റ്റോറുകൾ ആരംഭിക്കുകയും ഈ സ്റ്റോറുകൾ വഴി സംഭരണവും വിപണനവും നടത്താവുന്നതുമാണ്.

തൊഴിൽ ഇല്ലായ്മ പരിഹാരത്തിന് പഞ്ചായത്തിൽ വിവിധ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട് ഈ പഞ്ചായത്ത് ചർക്കാഗ്രാമമായി തെരഞ്ഞെടുത്തിട്ടുണ്ട്. 50 സ്ത്രീകൾക്ക് ചർക്കകൾ സൗജനമായി കൊടുത്തിട്ടുണ്ട്.

വനിതകൾക്കായി DWCRA യുടെ ഒരു യൂണിറ്റ് കടവല്ലൂരിൽ പ്രവർത്തിക്കുന്നു. Book Binding ആണ് ഇവിടെ നടക്കുന്നത് DWCRA യുടെ പുതിയ യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്. ഇത് സ്ത്രീകൾക്ക് കൂടുതൽ തൊഴിൽ രംഗങ്ങൾ സൃഷ്ടിക്കുന്നതിന് സഹായകമാകും.

ട്രൈസം പദ്ധതിയിലൂടെയും തൊഴിൽ സഹായം ലഭിച്ചവർ പഞ്ചായത്തിലുണ്ട്. എങ്കിലും ഈ പദ്ധതിയെ കുറിച്ച് തൊഴിൽ രഹിതരിൽ ഭൂരിഭാഗത്തിനും അറിയുകയില്ല.

ട്രൈസം പദ്ധതിയിൽ സഹായം ലഭിച്ചവരുടെ പട്ടിക താഴെചേർക്കുന്നു.

| ട്രൈസം സഹായം ലഭിച്ചവർ | പട്ടികജാതികാർ |
|---|---|
| 48 | 15 |

തൊഴിൽ രഹിതർക്ക് ലഭിക്കുന്ന മറ്റൊരു സാമ്പത്തിക സഹായമാണ് തൊഴിലില്ലായ്മ വേതനം. പഞ്ചായത്തിൽ ആകെ തൊണ്ണൂറ്റി ആറു പേർക്കാണ്



*പഞ്ചായത്ത് ആയുർവ്വേദ ആശുപത്രി, കൊരട്ടിക്കര*



*T.V. കിയോസ്ക് അംബേദ്കർ കോളനി, കൊള്ളഞ്ഞേരി*

തൊഴിലില്ലായ്മ വേതനം ലഭിക്കുന്നത്. ബന്ധപ്പെട്ട അധികാരികളുടെ അനാസ്ഥയും മറ്റും അർഹതപ്പെട്ടവർക്ക് വേതനം ലഭിക്കുകയും ചെയ്യുന്നു. വേതനം ലഭിക്കേണ്ടവർ ആരെന്ന് നിശ്ചയിക്കേണ്ടത് ഗ്രാമസഭകളുടെ നിർദ്ദേശം അനുസരിച്ചായിരിക്കണം.

## വനിതാക്ഷേമം

വനിതാക്ഷേമ രംഗത്തും ഈ പഞ്ചായത്ത് പല പദ്ധതികളും നടപ്പാക്കിയിട്ടുണ്ട്. വാദി മേഖലയിൽ ധാരാളം വനിതകൾ പ്രവർത്തിക്കുന്നു. പതിമൂന്ന് മഹിളാ സമാജങ്ങളും ഒമ്പതു ബാലവാടികളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. വനിതാ ക്ഷേമത്തെ കുറിച്ച് റിപ്പോർട്ടിൽ മറ്റൊരിടത്ത് വിശതമായി തന്നെ പ്രതിപാദിക്കുന്നു.

## ജനവിദ്യാ കേന്ദ്രങ്ങളും അക്ഷരസംഘങ്ങളും

നിരക്ഷരതാ നിർമ്മാർജ്ജനത്തിൽ അഭിനന്ദനീയമായ പ്രവർത്തനം കാഴ്ചവെച്ച പഞ്ചായത്താണ്. കടവല്ലൂർ ഇവിടുത്തെ സാക്ഷരത 97% ശതമാനം ആണ്. പഞ്ചായത്തിൽ കടവല്ലൂരും തിപ്പിലശ്ശേരിയിലും ആയി രണ്ട് ജനവിദ്യാ കേന്ദ്രങ്ങൾ ഉണ്ട് ഇവ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനുള്ള ഏർപ്പാട് ഉണ്ടാക്കണം.

ഏല്ലാ വാർഡുകളിലും അക്ഷര സംഘങ്ങൾ പ്രവർത്തിക്കുന്നു. എന്നാൽ പ്രവർത്തനം സജീവമല്ല സജീവമാക്കേണ്ടതുണ്ട്.

ആസൂത്രണത്തിലും, ആസൂത്രണം നടപ്പാക്കുന്നതിലും അക്ഷര സംഘങ്ങളെ പരമാവധി ഉടയോഗപ്പെടുത്താവുന്നതാണ്. അക്ഷര സംഘങ്ങൾ വഴി ഉപഭോഗ്തൃ സംഘങ്ങൾ രൂപീകരിക്കയ്ക്കാം. ഈ ഉപഭോക്തൃ സംഘങ്ങൾ വഴി ഉപഭോക്താവിന്റെ അവകാശങ്ങളെ പറ്റിബോധന പ്രവർത്തനങ്ങൾ നടത്താവുന്നതാണ്. ഈ ജനങ്ങൾക്കിടയിൽ നിയമസാക്ഷരത വരുത്താനുള്ള പ്രവർത്തനങ്ങൾ അക്ഷരസംഘങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്. നിയമങ്ങളേയും അവകാശങ്ങളേയും പറ്റി വിദഗ്ധരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ക്ലാസുകളും ചർച്ചകളും സെമിനാറുകളും സംഘടിപ്പിക്കാവുന്നതാണ്.

അക്ഷര സംഘങ്ങൾക്ക് ആരോഗ്യരംഗത്തും പല പ്രവർത്തനങ്ങളും നടത്താവുന്നതാണ്. പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ പകർച്ചവ്യാധികൾ, വിഷചികിത്സ തുടങ്ങിയവയെപറ്റിയുള്ള ക്ലാസുകൾ സംഘടിപ്പിക്കകയും വാർഡുതോറും **Blood Doners Form,** നേത്രദാന ഫോറങ്ങൾ സ്ഥാപിക്കുകയം ചെയ്യാം.

പഞ്ചായത്തിലെ ശുചിത്വ പരിപാലന പ്രവർത്തനങ്ങൾ അക്ഷര സംഘങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്. ശുചിത്വ പരിപാലനത്തെ കുറിച്ച് അക്ഷര സംഘങ്ങൾ ക്ലാസ്സുകൾ സെമിനാറുകൾ, സ്ലൈഡ് ഷോകൾ; എക്സിബിഷനുകൾ എന്നിവ സംഘടിപ്പിക്കാവുന്നതാണ്.

ജനങ്ങൾക്കിടയിൽ വളർന്നു വരുന്ന വർഗ്ഗീയ വികാരത്തെ തടഞ്ഞു നിർത്തു

129

ന്നതിനുള്ള പ്രവർത്തനങ്ങൾ അക്ഷര സംഘങ്ങൾ നടത്തേണ്ടതുണ്ട്. വിദ്യാലയങ്ങൾ സമൂഹത്തിൻെറ ഒരു നെടുങ്കൻ പരിച്ഛേദമായിരിക്കണം. വിദ്യാലയങ്ങളിൽ നിന്നാണ് ഒരു കുട്ടി സമൂഹത്തെ പഠിക്കുന്നതും. മറ്റു മതങ്ങളിൽപ്പെട്ടവരേയും തന്റേതലാത്ത സാമൂഹ്യസാമ്പത്തിക സ്ഥിതിയിലുള്ളവരേയും അംഗീകരിയ്ക്കാൻ ശീലിപ്പിക്കുന്നതും ഇംഗ്ലീഷ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ പലതിനും ഈ ലക്ഷ്യത്തെ സാക്ഷാത്കരിക്കാൻ കഴിയുന്നില്ല. മേൽ പറഞ്ഞ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് അക്ഷര സംഘങ്ങളുടെ സഹായത്തോടെ ബാലവേദികൾ രൂപികരിക്കുകയു് ഈ ബാലവേദികൾ കുട്ടികളുടെ സർവതോമുഖമായ വികസനത്തിന് പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതുമാണ്. കുട്ടികൾക്കായി പെയിൻറിങ്, നൃത്തം, പാട്ട്, അഭിനയം എന്നിവയിൽ പരിശീലനം കൊടുക്കുന്നതിനായി പഞ്ചായത്തിലെ തന്നെ വിദഗ്ധരുടെ സഹായം ലഭ്യമാക്കാം. ഈ വേദികൾ മുഖേനെ കുട്ടികളുടെ സ്കൂൾ വിദ്യാഭ്യാസത്തിനു സഹായിയ്ക്കാവുന്നതാണ്. വിദ്യാഭ്യാസപരമായി പിന്നോക്കം നില്ക്കുന്ന കുട്ടികൾക്ക് സൗജന്യക്ലാസ്സുകൾ സംഘടിപ്പിക്കാവുന്നതാണ്. കുട്ടികൾക്കിടയിൽ Group Learning സമ്പ്രദായം പ്രചരിപ്പിക്കാനും ഇത് സഹായിക്കും.

1. വയോജന വിദ്യഭ്യാസ പ്രവർത്തനങ്ങൾ അക്ഷര സംഘവും ആയി ബന്ധിക്കപ്പെടേണ്ടതാണ്.
2. പ്രൊട്ടക്ഷൻ ആദ്ധ്യാപകരെ ജനവിദ്യാ കേന്ദ്രങ്ങളുമായി ബന്ധപ്പെടുത്തുക.

## സന്നദ്ധസംഘങ്ങൾ

കടവല്ലൂർ പഞ്ചായത്തിൽ 25ഓളം യുവകലാസമിതികൾ പ്രവർത്തിക്കുന്നു. ഈ കലാസമിതികൾക്ക് പഞ്ചായിത്തിൻെറ വികസനത്തിന് നിരവധി സംഭാവനകൾ നല്കാവുന്നതാണ്.

പഞ്ചായത്തിൽ ഒരു നവീന കായിക കലാസംസ്കാരം വളർത്തിയെടുക്കുന്നതിൽ ഈ സംഘങ്ങൾക്ക് വളരെ പ്രാധാന്യം ഉണ്ട്. നമ്മുടേതായ കലകളേയും, കായിക വിനോദങ്ങളേയും വളർത്തുന്നതിലും ഇത്തരം സമിതികൾക്ക് സഹായിക്കാം. ഇത്തരം സമിതികൾക്ക് പഞ്ചായത്തിൽ നിന്നും സാമ്പത്തിക സഹായം നല്കണം. ഈ കലാസമിതികളിൽ നിന്ന് തെരഞ്ഞെടുക്കുന്നവരെ ഉൾപ്പെടുത്തി പഞ്ചായത്തിൽ ഒരു കലാ കായിക സംസ്കാരിക കൗൺസിൽ രൂപികരിക്കുകയും ഈ കൗൺസിൽ മുഖേനെ പഞ്ചായത്തിൽ കലാകായിക സംസ്കാരിക മേളകൾ സംഘടിപ്പിക്കുകയും ചെയ്യണം.

ഇത്തരം സന്നദ്ധ സംഘങ്ങളെ അക്ഷര സംഘങ്ങളുമായി ബന്ധപ്പെടുത്തേണ്ടതാണ് അക്ഷര സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ സഹായിക്കാൻ ഇത്തരം സമിതികൾക്ക് കഴിയും.

**കലാസമിതികളുടെ പ്രവർത്തന സാദ്ധ്യതകളെ ഇങ്ങനെ സംഗ്രഹിയ്ക്കാം**

1. കലാസമിതികളുടെ അംഗങ്ങളെ ഉർപ്പെടുത്തി പഞ്ചായത്തിൽ കലാ കായിക സാംസ്കാരിക കൗൺസിൽ രൂപീകരിക്കുക. കലാ കായിക സംസ്കാരിക മേളകൾ സംഘടിപ്പിക്കുക.

2. നമ്മുടേതായ സംസ്കാരിക പൈതൃകത്തിനുതകുന്ന കായിക വിനോദങ്ങളേയും, കലകളെയും സംരക്ഷിക്കുക. (കളരി, പയറ്റ്, കബഡി, കോൽകളി, ചോഴികളി, ദഫ്, അവെതമുട്ട് etc)

3. ജനങ്ങളിൽ കൈതൊഴിലിനോടുള്ള ആഭിമുഖ്യം വളർത്തുന്നതിന് കൈ തൊഴിൽ മേളകളും പ്രദർശനങ്ങളും സംഘടിപ്പിക്കുക. (കുട്ടനെയ്ത്ത് മത്സരം, പരമ്പ് നിർമ്മാണം, ശില്പനിർമ്മാണം)

4. റോഡ്, പൊതു വൃക്ഷങ്ങൾ, പൊതുകിണറുകൾ, പൊതു കളിസ്ഥലങ്ങൾ, പൊതു സ്ഥാപനങ്ങൾ ഇവയുടെ സംരക്ഷണം ഏറ്റെടുക്കുക.

5. വ്യാജമദ്യ വില്പനയ്ക്കെതിരെ ജാഗ്രതാസമിതികൾ രൂപികരിക്കുക. മദ്യപാനത്തിനെതിരെ ബോധന പ്രവർത്തനങ്ങൾ നടത്തുക എന്നിവയ്ക്ക് സന്നദ്ധസംഘങ്ങളെ ഉപയോഗിക്കാം.

## സാമൂഹ്യ വനവല്ക്കരണം

സന്നദ്ധസംഘങ്ങൾക്ക് സാമൂഹ്യവനപദ്ധതിയിൽ ഒട്ടേറെ സഹായിയ്ക്കാം. പഞ്ചായത്തു നിരത്തുകളുടെ ഓരത്തും പുറമ്പോക്കു ഭൂമിയിലും വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതിനും അവ സംരക്ഷിക്കുന്നതിനും ഈ സന്നദ്ധ സംഘങ്ങൾക്ക് സാധിക്കും നമ്മുടെ പരിസ്ഥിതിയ്ക്ക് യോജിച്ച വൃക്ഷങ്ങളുടെ വളർച്ച പരിസ്ഥിതി പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഇന്ധനക്ഷാമത്തിനും ഒട്ടേറെ പരിഹാരമാകും.

**സാമൂഹ്യ വനവല്കരണ സാദ്ധ്യതകളെ ഇങ്ങനെ സംഗ്രഹിക്കാം.**

1. പഞ്ചായത്തു നിരത്തുവക്കിലും പുറമ്പോക്കിലും വൃക്ഷങ്ങൾ വളർത്തുകയും സംരക്ഷിക്കുകയും ചെയ്യുക.

2. ഇതിനായി പ്രദേശിക സന്നദ്ധ സംഘങ്ങളുടെ സേവനം ഉപയോഗിക്കുകയ

3. ഇന്ധനക്ഷാമ പരിഹാരത്തിന് ഇത് സഹായിക്കും.

4. പച്ചില വളങ്ങളുടെ ലഭ്യതയ്ക്കും ഇത് സഹായകമാകും.

## പൊതു വിതരണം (ഭക്ഷ്യം)

കടവല്ലൂർ പഞ്ചായത്തിലെ പൊതുവിതരണരംഗം സാമാന്യം തൃപ്തികരമാണ്. പഞ്ചായത്തിൽ തിപ്പലശ്ശേരി, പഴയ സൊസൈറ്റി, പുത്തൻ കുളം, പോരുമ്പിലാവ്.

അറക്കൽ, കോട്ടോൽ, കരിക്കാട്(രണ്ടെണ്ണം), കൊരട്ടിക്കര, കടവല്ലൂർ, കല്ലുംപുറം എന്നിവടങ്ങളിലായി പതിനൊന്ന് റേഷൻ കടകൾ പ്രവർത്തിക്കുന്നു.

പഞ്ചസാര, മണ്ണെണ്ണ, ഗോതമ്പ്, അരി, മുതലായവ റേഷൻ കടയിൽനിന്നും ന്യായമായ വിലയ്ക്ക് ലഭിക്കുന്നുണ്ടെങ്കിലും പച്ചക്കറികൾ മറ്റു അവശ്യ വസ്തുക്കൾ വസ്ത്രം പാർപ്പിടനിർമ്മാണ സാമഗ്രികൾ എന്നിവ ന്യായവിലയ്ക്ക് ലഭിക്കാൻ പഞ്ചായത്തിൽ സൗകര്യം ഒന്നും ഇല്ല. സ്വകാര്യ കച്ചവടക്കാർ കൊള്ളലാഭം എടുക്കുകയാണ്. ഇതിനായി പഞ്ചായത്തിൽ രണ്ടു മാവേലി സ്റ്റോറുകൾ അനുവദിച്ചുതരണം എന്ന് ഗ്രാമ സഭകളിൽ നിർദ്ദേശം വന്നിട്ടുണ്ട്, സഹകരണാടിസ്ഥാനത്തിൽ സ്റ്റോറുകൾ തുടങ്ങുകയും, ഭക്ഷ്യവസ്തുക്കൾ വസ്ത്രം മറ്റ് അവശ്യ സാധനങ്ങൾ എന്നിവയുടെ വിൽപ്പന ഇവയിലൂടെ നടത്തുകയും ചെയ്യുക എന്നതും ഗ്രാമസഭയിൽനിന്നു വന്ന മറ്റൊരു നിർദ്ദേശമാണ്. പാതാക്കര പ്രദേശത്ത് ഒരു റേഷൻ കട അനുവദിച്ചു തരേണ്ടതുമാണ്.

**പ്രശ്നങ്ങൾ.**

1. സ്വകാര്യ കച്ചവടക്കാർ അവശ്യസാധനങ്ങൾക്ക് കൊള്ളലാഭം ഈടാക്കുന്നു
2. Co-operative സ്റ്റോറുകളുടെ അഭാവം
3. പാതാക്കര പ്രദേശത്തുനിന്നു റേഷൻകടയിലേക്കുള്ള ദൂരക്കൂടുതൽ.

**പ്രശ്നപരിഹാരത്തിനുള്ള സാദ്ധ്യതകളെ ഇങ്ങനെ പരിഹരിയ്ക്കാം.**

1. സഹകരണാടിസ്ഥാനത്തിൽ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ സ്റ്റോറുകൾ തുടങ്ങുക.
2. പഞ്ചായത്തിൽ രണ്ടു മാവേലി സ്റ്റോറുകളെങ്കിലും അനുവദിയ്ക്കുക.
3. പാതാക്കരയിൽ പുതിയ റേഷൻകട അനുവദിയ്ക്കുക.
4. കച്ചവട സ്ഥാപനങ്ങളിൽ നിർബന്ധമായും വില നിലവാരപട്ടിക പ്രദർശിപ്പിക്കുക.
5. മായം ചേർക്കൽ തുടങ്ങിയ അഴിമതികൾക്കെതിരെ കർശന നടപടികൾ എടുക്കാനുള്ള അധികാരം പഞ്ചായത്തിന് നല്കുക.

## I.R.D.P കുടുംബങ്ങൾ.

| ക്രമങ്ങൾ. | വാർഡ് നമ്പർ | സഹായം ലഭിക്കേണ്ടവർ | പട്ടികജാതി പട്ടിക വിഭാഗം |
|---|---|---|---|
| 1 | I | 179 | 14 |
| 2 | II | 194 | 35 |
| 3 | III | 107 | 126 |
| 4 | IV | 221 | 54 |
| 5 | V | 94 | 26 |
| 6 | VI | 130 | 29 |
| 7 | VII | 179 | 108 |
| 8 | VIII | 202 | 39 |
| 9 | IX | 184 | 36 |
| 10 | X | 167 | 67 |
| 11 | XI | 168 | 31 |
| 12 | XII | 268 | 60 |
| | മൊത്തം | 2084 | 630 |

**ആകെ IRDP സഹായം ലഭിച്ചവർ 22.5%**

| വാർഡ് | പരിശീലന വിഷയത്തിന്റെ പേര് | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയം തൊഴിൽ കണ്ടെത്തിയവർ | ഇതര തൊഴിൽ ഏർപ്പെട്ടവർ | അന്വഷിക്കുന്നവർ |
|---|---|---|---|---|---|
| IV | ഓട്ടോ ഡ്രൈവിംഗ് | 2 | 2 | - | - |
| V | ഓട്ടോ ഡ്രൈവിംഗ് | 1 | 1 | - | - |
| IV | തയ്യൽ | 1 | 1 | - | - |
| VI | ഓട്ടോ ഡ്രൈവിംഗ് | 2 | 2 | - | - |
| VII | റേഡിയോ, ടി.വി. മെക്കാനിസം | 2 | - | - | 2 |
| VIII | ടി.വി. മെക്കാനിസം | 2 | - | 2 | - |
| I | തയ്യൽ | 5 | 3 | - | 2 |
| II | അച്ചടി. | 1 | - | - | 1 |
| III | നെയ്ത്ത് | 15 | - | 10 | 5 |
| IX | ബുക്ക് ബൈന്റിങ്ങ് | 8 | 8 | - | - |
| X | ഫൈബർ വർക്ക് | 1 | - | 1 | - |
| XI | ഇലക്ട്രിക്ക് വർക്ക്സ് | 2 | - | 2 | - |
| | ടൈപ്പ് റൈറ്റിംഗ് | 3 | - | - | 3 |
| | ടി.വി. റിപ്പയറിംഗ് | 3 | - | 3 | - |
| ആകെ | | 48 | 17 | 18 | 13 |



## അദ്ധ്യായം 7



# പാർപ്പിടം

കേരളത്തിലെ വാസ്തു വിദ്യാരീതിതന്നെയാണ് ഈ പ്രദേശത്തും പാർപ്പിട നിർമ്മാണത്തിനുപയോഗിച്ചിരുന്നത്. നമ്പൂതിരി നായർ തറവാടുകളിൽ ചിലത് നാല് കെട്ടുകളും എട്ടുകെട്ടുകളുമായിരുന്നു. ദുർബല വിഭാഗക്കാർ കുടിലുകലിൽ ആയിരുന്നു പാർത്തിരുന്നത്. ജന്മിത്വം തകരുകയും കൂട്ടു കുടുംബ വ്യവസ്ഥയില്ലാതാവുകയും ചെയ്തത് നാലുകെട്ടുകലുടെ അസ്തമനത്തിന് കാരണമായി.

പഴയ കാലത്ത് പാർപ്പിടംവെക്കാനുള്ള സ്ഥലത്തിന് ദുർഭല വിഭാഗക്കാർ ബുദ്ധിമുട്ടിയിരുന്നില്ല. ജന്മിമാരുടെ കുടിയാന്മാരായി ഇവർ കഴിഞ്ഞിരുന്നു. ജന്മിമാരുടെ ചൂഷണത്തിന് ഇരയായിരുന്നു ഇവർ ജന്മികുടിയാൻ നിയമത്തോടുകൂടി ദുർഭല വിഭാഗക്കാരുടെ ഈ പ്രശ്നം പരിഹരിക്കപ്പെട്ടു.

## പാർപ്പിടം പ്രശ്നങ്ങളും പരിഹാരങ്ങളും

ഇന്ന് ഈ പഞ്ചായത്തിലെ പാർപ്പിടപ്രശ്നം സാമാന്യം തൃപ്തികരമാണ്. വികസന പ്രക്രിയയിൽ മറ്റു തുറകളിൽ ഗൾഫ് പണം സ്വാധീനം ചെലുത്തിയിരികകുന്നതുപോലെ കെട്ടിട നിർമ്മാണ രംഗത്തും പാർപ്പിടരംഗത്തും ഗൾഫ് പണം വ്യക്തമായ സ്വാധീനം ചെലുത്തിയതായി കാണാം.

ഗൾഫുകാർ ഉയർന്ന കെട്ടിടങ്ങൾ കെട്ടിപൊക്കുന്നതിൽ ശ്രദ്ധചെലുത്തുന്നതുകൊണ്ട് കുറെ കെട്ടിട നിർമ്മാണ തൊഴിലാളികൾക്ക് തൊഴിലവസരങ്ങൾ ലഭിക്കുന്നുണ്ട്. പക്ഷെ ഈ സംസ്കാരം പല അപകടങ്ങളേയും ക്ഷണിച്ചുവരുത്തുന്നു.

പണം ഉൽപാദനപരമായ മേഖലയിൽ മുടക്കുന്നതിനു പകരം ആഡംഭരത്തിന് വിനിയോഗിക്കുന്നു. ഇതുകൊണ്ട് ഉൽപാദനപരമായ നിരന്തരത്വം ഇല്ലാതാവുന്നു പാർപ്പിട നിർമ്മാണ രംഗത്തെ ഈ പ്രവണത നിരുത്സാഹപ്പെടുത്തേണ്ടതാണ്.

പഞ്ചായത്തിലെ ഇപ്പോഴത്തെ പാർപ്പിടസ്ഥിതി പരിശോധിക്കുമ്പോൾ മൊത്തം 7852 വീടുകൾ ഉണ്ട് ഇവയിൽ 1954 വാർപ്പും 4264 ഓടുമേഞ്ഞതും 952 ഓലമേഞ്ഞതും ആണ്. മറ്റുള്ളവ 368 ശരാശരി 1000 വീടുകൾ ഉണ്ടങ്കിലേ പഞ്ചായത്തിലെ പാർപ്പിട പ്രശ്നത്തിന് പരിഹാരമാവുകയുള്ളു.

പാർപ്പിട പ്രശ്നത്തിൽ പ്രധാനകാരണം Neclear Family System ആണ്. അച്ഛൻ, അമ്മ, കുട്ടികൾ ഇവരക്കൊരുവീട് എന്ന ആശയം വരുമ്പോൾ വർഷംതോറും പിതിയ വീടുകൾ ആവശ്യമായി വരുന്നു.

മേൽഖണ്ഡികയിൽ സൂചിപ്പിച്ച പ്രകാരം വർഷംതോറും ശരാശരി 200 വീടുകൾ പുതിയതായി വരുന്നു. ഇ[illegible]ൽ 73% വാർപ്പും 13% ഓടിട്ടതും 12% ഓലമേഞ്ഞതുമാണ് കുടിലുകളിൽ കഴിയുന്നവർ എല്ലാം തന്നെ വീടു പണിയാൻ സാമ്പത്തിക സഹായം ആഗ്രഹിക്കുന്നവരാണ് ഗ്രാമസഭകളും കണക്കനുസരിച്ച് വീടുപണിയാൻ ആഗ്രഹിക്കുന്നവർ 1350 ഓളം വരും.

പാർപ്പിട പ്രശ്നം പരിഹരിയ്ക്കാൻ കാലകാലങ്ങളായി പഞ്ചായത്ത് പലനടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇരുന്നൂറ്റിയഞ്ചോളം പേർ ലോൺ സഹായത്തോടെ വീടുകൾ നിർമ്മിക്കാൻ തയ്യാറായിട്ടുണ്ട് രാജീവ് ദശലക്ഷം പാർപ്പിടം നിർമ്മാണ പദ്ധതി പ്രകാരം വീടുകൾ പണിയാനുള്ള സ്ഥലം കിട്ടുവാൻ ശ്രമിച്ചുവരുന്നു സർക്കാർ നിശ്ചയിച്ച വിലയിൽ ഭൂമി കിട്ടാനുള്ള വിഷമമാണ് ഇതിനു തടസ്സം നിൽകുന്നുണ്ട്. സെന്റിന് 3000ക എന്ന പരിധി പഞ്ചായത്തുകൾക്കനുസരിച്ച് ഉയർത്താനുള്ള അധികാരം അതാത് ഗ്രാമ പഞ്ചായത്തുകൾക്ക് നൽകണം.

പാർപ്പിട പ്രശ്നം പരിഹരിയ്ക്കാനുള്ള കൈരളി നിർമ്മാണ പദ്ധതിയും പല സാങ്കേതിക കാരണങ്ങളാലും പൂർണ്ണ ലക്ഷ്യത്തിലെത്തിക്കാൻ കഴിഞ്ഞിട്ടില്ല. സ്വാശ്രയ പഞ്ചായത്ത് സ്കീമിൽ

തൊണ്ണൂറ് ലോൺ വീടുകൾ ഉണ്ടെങ്കിലും ബാങ്കുമായുള്ള നൂലാമാലകൾകൊണ്ട് നാലുപേർ മാത്ര മാണ് മേൽപറഞ്ഞ പദ്ധതി വിനിയോഗിച്ചത്.

നൂറുവീടുകൾ ഉൾകൊള്ളുന്ന Housing Complex പണിതാൻ പാർപ്പിട പ്രശ്നം ഏറെകുറെ പരി ഹരിയ്ക്കാം. ബാക്കി വീടുപണിയേണ്ട എല്ലാവർക്കും സഹായം കൂട്ടേണ്ടതുണ്ട്. വർഷംതോറും ഏതാണ്ട് 200 ഓളം ദമ്പതിമാർ ഈ പഞ്ചായത്തിൽ കൂടുന്നു. അതുകൊണ്ട് വീടിന്റെ ആവശ്യം ഏതാണ്ട് അത്രതന്നെ വരുന്നു ഒരു വർഷത്തിന്റെ പുതിയതായി വരുന്ന കുടിലുകൾ 50 എണ്ണം വരും ഇത്രയും വീടുകൾ പണിയേണ്ടതുണ്ട്.

നിർമ്മിതി, Cost Ford എന്നിവയുടെ സഹായത്തോടെ പതിനൊന്നു വീടുകൾ ഇപ്പോൾ ഈ പഞ്ചായത്തിൽ പണിതിട്ടുണ്ട് ഇത്തരത്തിൽ വീടുപണിതവരിൽ അധികവും ഇടത്തരക്കാരാണ് 2550 Sqft വരുന്നതാണ് ഒരു വീട്. മറ്റൊരു വീട് 400 Sqft ഉം ബാക്കി വീടുകളെല്ലാം 1000 Sqft ആണ്.

പുതിയ പാർപ്പിടങ്ങൾ നിർമ്മിക്കുന്നതുപോലെതന്നെ പ്രധാനമാണ് പണിത പാർപ്പിടങ്ങളുടെ സംരക്ഷണവും വീടുകൾ റിപ്പയർ ചെയ്യുന്നതിനും സാമ്പത്തിക സഹായം ആവശ്യമായവർ 1290 പേർ വരും.

ലക്ഷം വീടുകൾ റിപ്പയർ ചെയ്യുന്നതിന് നിലവിൽ യാതൊരു സ്കീമും ഇല്ല. പഞ്ചായത്തിൽ IVP സ്കീമിൽ 22 വീടുകൾ റിപ്പയർ ചെയ്തിട്ടുണ്ട് ആകെ 39 കോളനികളുണ്ട്. ലക്ഷം വീടു കോളനികൾ 4 എണ്ണമുണ്ട്. മൂന്നെണ്ണം കോട്ടോൽ തിപ്പലശ്ശേരി കോളനികളിൽ വീടുകൾ പിണിതു കൊടുത്തിട്ടില്ല അവർക്കും വീടുകൾ പണിതുകൊടുക്കേണ്ടതുണ്ട്. ലക്ഷം വീടുകളിൽ ഭൂരിഭാഗവും കൈമാറ്റം നടത്തിയിട്ടുണ്ട് ഇക്കാരണത്താൽ ഭൂരിഭാഗം വീടുകൾക്കും പട്ടയമില്ല. ഇവർക്ക് പട്ടയം കൊടുക്കാനുള്ള സംവിധാനം ഉണ്ടാകണം.

മേൽപറഞ്ഞ പ്രശ്നം മിച്ച ഭൂമിയിൽ താമസിക്കുന്നവരിലും ഉണ്ട്. ഭൂരിഭാഗവും ഭൂമി കൈമാറ്റ ത്തിൽ വാങ്ങിയവരാണ് അതുകൊണ്ട് ഭൂരിഭാഗത്തിനും പട്ടയമില്ല.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സഹായത്തോടെ ഏഴുവർഷം മുമ്പ് പട്ടിക ജാതി കുടുംബങ്ങൾക്കായി അനുവദിച്ചതും Cost ford ഏറ്റെടുത്ത് തറപ്പണി കഴിഞ്ഞതുമായ വീടു കൾ പൂർത്തിയാവാതെ അതേ നിലയിൽ തന്നെ കിടക്കുകയാണ് എത്രയും പെട്ടെന്ന് പണിപൂർത്തീ കരിയ്ക്കാനുള്ള നടപടികൾ സ്വീകരിക്കണം. വായ്പാസഹായത്തിന് തടസ്സം നിൽക്കുന്നു. ഇവർക്ക് പട്ടയം നൽകാനുള്ള സംവിധാനം ഉണ്ടാകണം.

മുല്ലപള്ളി കുന്നിൽ ഭൂരഹിത കർഷകതൊഴിലാളികൾക്ക് ലഭിച്ച 4 സെന്റ് ഭൂമി ലഭിച്ചവർ ഭൂമി കൈമാറ്റം ചെയ്യുന്നത് ഒരു പ്രശ്നമായി തീരുന്നു. ഇത് ഈ പദ്ധതിയുടെ ഉദ്ദേശത്തെ തന്നെ ഇല്ലാതാക്കുന്നു. ഇവർ ഭൂമി കൈമാറ്റം ചെയ്യുന്നത് നിർത്താനുള്ള നിയമം കൊണ്ടുവരേണ്ടതുണ്ട്.

ഗൃഹനിർമ്മാണത്തിലെ പുതിയ സംസ്കാരം പലർക്കും ഗൃഹനിർമ്മാണം പൂർത്തീകരിയ്ക്കാൻ കഴിയാത്ത സ്ഥിതിയിൽ എത്തിക്കുന്നു. ആഡംഭരത്തിനാണ് സൗകര്യത്തേക്കാൾ പ്രാമുഖ്യം കൊടു ക്കുന്നത്. ദേശത്തിനു കാലാവസ്ഥയ്ക്കും അനുസരിച്ച വീടുകൾ നിർമ്മിക്കാനുള്ള സംസ്ക്കാരം വളർത്തിയെടുക്കേണ്ടതുണ്ട്. പ്രാദേശിക അസംസ്കൃത വസ്തുക്കൾ ആയിരിക്കണം ഗൃഹനിർമ്മാ ണത്തിനുപയോഗിക്കേണ്ടത്. വെട്ടുകല്ല്, കരിങ്കല്ല്, കളിമൺ ഇഷ്ടിക ഗൃഹനിർമ്മാണത്തിനാവശ്യ മായ അസംസ്കൃത വസ്തുക്കൾ ഈ പഞ്ചായത്തിൽ നിന്നും തന്നെ ലഭിക്കുന്നതാണ്.

ചെലവു കുറഞ്ഞ വീടുകൾ നിർമ്മിക്കാനുള്ള ഏജൻസികൾ ഒന്നും തന്നെ ഈ പഞ്ചായത്തിൽ ഇല്ല. മതിലുകൾക്ക് പകരം ജൈവ വേലികൾ എന്ന ആശയം പ്രചരിപ്പിക്കേണ്ടതുണ്ട്. മതിലുകളുടെ ആധിക്യം പരിതസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാക്കുന്നു.

കെട്ടിട നിർമ്മാണരംഗത്തെ പുരുഷതൊഴിലാളികളിൽ ഭൂരിഭാഗവും അന്യപ്രദേശത്തുകാരാണ്. ശരാശരി 120 രൂപയാണ് പുരുഷന്റെ കൂലി. സ്ത്രീ തൊഴിലാളിയുടെ കൂലി 60 രൂപയാണ്. സാധാ രണക്കാരനെ സംബന്ധിച്ചിടത്തോളം ഈ കൂലി നിരക്കും ഗൃഹനിർമ്മാണത്തിന് തടസ്സം നിൽക്കുന്നു കരാർ വ്യവസ്ഥയിൽ വീടു പണിതു കൊടുക്കുന്ന കമ്പനികൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ഇവ

യിൽ ഭൂരിഭാഗവും നിയന്ത്രിക്കുന്നത് അന്യപ്രദേശത്തുകാരാണ്. ഈ പ്രദേശത്തെ കെട്ടിട നിർമ്മാണ തൊഴിലാളികളുടെ സംഘടന രൂപീകരിച്ച് പ്രസ്തുത സംഘടന മുഖേനെ കരാർ വ്യവസ്ഥയിൽ വീടുനിർമ്മാണം ഏറ്റെടുക്കാവുന്നതാണ്.

ഹൗസിങ്ങ് സൊസൈറ്റികൾ ഒന്നും തന്നെ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. പുതിയ ഹൗസിങ്ങ് സോസൈറ്റികൾ സ്ഥാപിക്കാവുന്നതാണ്.

**പാർപ്പിട പ്രശ്നത്തിനുള്ള കാരണങ്ങളെ ഇങ്ങനെ സംഗ്രഹിയ്ക്കാം.**

1. കെട്ടിട നിർമ്മാണ സാമഗ്രികളുടേയും, ഭൂമിയുടേയും വില കയറ്റം
2. ഭവന വായ്പകൾ ലഭിയ്ക്കാനുള്ള വിഷമതകൾ
3. ദുർബല വിഭാഗങ്ങൾക്ക് വായ്പ ലഭിക്കാനുള്ള പ്രയാസം.
4. ചെലവ് കുറഞ്ഞ വീട് എന്ന ആശയം ജനങ്ങളിൽ എത്തിയിട്ടില്ല.
5. ഹൗസിങ്ങ് സോസൈറ്റികളുടെ അഭാവം
6. കെട്ടിട നിർമ്മാണ തൊഴിലാളികളുടെ കൂലിവർദ്ധന
7. പ്രാദേശിക സാമഗ്രികൾ ഉപയോഗിച്ച് ചെലവ് കുറഞ്ഞ വീടുകൾ നിർമ്മിക്കാൻ കഴിവുള്ള വിദഗ്ദരായ തൊഴിലാളികളുടെ അഭാവം
8. മതിലുകളുടെ ആധിക്യം അതുവഴി ഉണ്ടാവുന്ന പരിതസ്ഥിതി പ്രശ്നങ്ങൾ.
9. കൈരളി, രാജീവ് ദശലക്ഷം പദ്ധതിയിൽ കീഴിൽ അപേക്ഷിച്ചവർക്ക് മുഴുവൻ ഗഡുക്കളും ലഭിച്ചിട്ടില്ല. ഇവരിൽ പലർക്കും ആധാരം തിരിച്ചി കിട്ടിയിട്ടില്ല.

**പാർപ്പിട പ്രശ്നങ്ങളെ പരിഹരിയ്ക്കാനുള്ള സാദ്ധ്യതകളെ ഇങ്ങനെ സംഗ്രഹിക്കാം.**

1. ഹൗസിങ്ങ് സോസൈറ്റി സ്ഥാപിക്കുക.
2. ഉദാരമായ വായ്പാ പദ്ധതികൾ ആവിഷ്കരിക്കുക.
3. പഞ്ചായത്തിലെ പുറമ്പോക്കുകളിൽ വീടുകൾ പണിത് ദുർബല വിഭാഗക്കാർക്ക് നൽകുക.
4. ഇത്തരം വീടുകൾ കൈമാറ്റം ചെയ്യാതിരിയ്ക്കാനുള്ള നിയമങ്ങൾ കൊണ്ടുവരിക.
5. ചെലവു കുറഞ്ഞ വീടുകൾ ആശയം പ്രചരിപ്പിക്കുക.
   സെമിനാറുകൾ, ചർച്ചകൾ, പ്രദർശനങ്ങൾ എന്നിവ നടത്തുക.
6. ചെലവു കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിന് ഗ്രാമീണ യുവാക്കൾക്ക് സാങ്കേതിക പരിജ്ഞാനം നൽകുക. ഇതിനായി Cost ford നിർമ്മിതി തുടങ്ങി ഏജൻസികളുടെ സഹായം നേടുക.
7. ഭൂരഹിതർക്കും, ദുർബല വിഭാഗക്കാർക്കും പ്രത്യേക ഭവനനിർമ്മാണ പദ്ധതികൾ ആവിഷ്കരിക്കുക സംഘടനകൾ വ്യക്തികൾ എന്നിവരെ സ്പോൺസർമാരായി കണ്ടെത്തുക കോളനികൾക്ക് ഇവർ നിർദ്ദേശിയ്ക്കുന്ന പേരിടുക.
8. വീടുകളിലെ ആഡംഭരത്തിന് കനത്ത നികുതി ഏർപ്പെടുത്തുക. ഈ വരുമാനം നിർദ്ധനർക്കുള്ള ഭവന നിർമ്മാണത്തിനുപയോഗിക്കുക.
9. ജൈവവേലി സമ്പ്രദായം പ്രചരിപ്പിക്കുക.
10. കെട്ടിട നിർമ്മാണ തൊഴിലാളികളുടെ സംഘടന രൂപീകരിക്കുകയും ഇവർ കരാർ വ്യവസ്ഥയിൽ പാർപ്പിടം നിർമ്മാണം ഏറ്റെടുക്കുകയും ചെയ്യുക.
11. വീടുകൾ റിപ്പയർ ചെയ്യുന്നതിന് വായ്പാസഹായം ലഭ്യമാക്കുക.
12. രാജീവ് ദശലക്ഷം, കൈരളി ഭവനനിർമ്മാണ പദ്ധതി വഴി അപേക്ഷിച്ചവർക്ക് മുഴുവൻ ഗഡു വായ്പകളും ലഭ്യമാക്കണം.
    ആധാരം തിരിച്ചു കിട്ടാത്തവർക്ക് ആധാരം തിരിച്ചു കൊടുക്കണം.



*റസിഡൻഷ്യൽ കോർട്ടേഴ്സ് ശിലാസ്ഥാപനം ഉത്ഘാടനം*
*ശ്രീ. കെ.എസ്. നാരായണൻ നമ്പൂതിരി നിർവ്വഹിക്കുന്നു.*



*ഹരിജനങ്ങളുടെ വീട് വൈദ്യുതീകരണം ഉത്ഘാടനം*
*ഹരിജനക്ഷേമവകുപ്പ് മന്ത്രി ശ്രീ. പന്തളം സുധാകരൻ നിർവ്വഹിക്കുന്നു.*

# അദ്ധ്യായം 8

## പട്ടികജാതി പട്ടിക വർഗ്ഗം

ആകെ ജനസംഖ്യയുടെ 16% വരുന്നതാണ് ഈ പഞ്ചായത്തിലെ പട്ടികജാതിക്കാരുടെ ജനസംഖ്യ. പട്ടിക ജാതിയിൽപെട്ട നായാടികൾ എന്നവർഗ്ഗം 4ഠം വാർഡിലെ കോട്ടോൽ കുന്നത്തു 9 കുടുംബങ്ങളായി താമസിക്കുന്നുണ്ട്. പ്രത്യേകവാസ സ്ഥലമോ തൊഴിലോ ഇല്ലാത്ത ഈ കുട്ടർക്ക് 5 cent ഭുമിവീതം കോട്ടോൽ കുന്നത്ത് അവർ താമസിച്ചുവരുന്ന സ്ഥലത്തു പട്ടികജാതിവകുപ്പ് മുഖേന എടുക്കാൻ വേണ്ട നടപടികൾ പൂർത്തികരിച്ചുവരുന്നുണ്ട്. 4 കുടുംബങ്ങൾക്കാണ് ഈ സഹായം ചെയ്യുന്നത്. വിദ്യാഭ്യാസപരമായോ സാമൂഹ്യപരമായോ ഇന്ന്യാതൊരു പുരോഗമനവും ഇല്ലാത്ത ഇവർക്ക് എല്ലാ സഹായങ്ങളും ചെയ്തുകൊടുക്കേണ്ടതാണ്. മുഖ്യധാരയുമായി ഇണങ്ങി ചേരാത്ത ഇവരെ അതിലേക്ക് കൊണ്ടുവരുക എന്നതാണ് മർമ്മപ്രധാനമായ ലക്ഷ്യം. 9 ഠം പദ്ധതിയിൽ നായാടികളുടെ എല്ലാ കുടുബങ്ങൾക്കും സ്ഥലവും വീടും ലഭ്യമാക്കുവാൻ വേണ്ട നടപടികൾ കൈകൊള്ളേണ്ടതുണ്ട്.

ഈ പഞ്ചായത്തിലെ ജനസംഖ്യയുടെ 16.6% വരുന്ന പട്ടികജാതിക്കാർ ഈ പഞ്ചായത്തിലെ 12 വാർഡുകളിൽ അധിവസിച്ചുവരുന്ന 5 മുതൽ 64 കുടുംബങ്ങൾ വരെയുള്ള കൊളണികളും സെറ്റിൽമെൻറുകളിലുമായാണ് ഇവർ അധിവസിക്കുന്നത്. കണക്ക, പുലയ, പറയ സമുദായത്തിൽ പെട്ടവരാണ് ഇതിൽ ഭൂരിഭാഗവും. പഞ്ചായത്തിൻെറ ജനസംഖ്യയിൽ സ്ത്രീകളുടെ ജനസംഖ്യനിരക്കു 51.42% ആണ്. എന്നാൽ പട്ടികജാതിയിൽ ഇത് 50.8% ആണ്. അതായത് പട്ടിക ജാതിക്കാരിൽ പഞ്ചായത്തിൻെറ ശരാശരി പുരുഷന്മാരുടെ എണ്ണത്തേക്കാൾ പട്ടികജാതിയിൽ പെട്ട പുരുഷന്മാരുടെ നിരക്ക് കൂടുതലാണ് എന്ന് കാണാം. (Table 2 കാണുക) പട്ടിക ജാതിക്കാരിൽ നിന്നു അന്യനാടുകളിൽ പോയി ജോലിചെയ്യുന്ന പുരുഷന്ന്മാർ വിരളമാണെന്നതായിരിക്കണം ഒരു കാരണം. മറ്റ് കാരണങ്ങൾ വല്ലതുംമുണ്ടോ എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. ഈ പഞ്ചായത്തിൽ സെറ്റിൽമെൻറും, കോളനികളും ഉൾപ്പെട്ട 39 കോളനികൾ ഉണ്ട് അതിൽ 10 കോളണിയും കേന്ദ്രീകരിച്ചിരിക്കുന്നത് മൂന്നാം വാർഡിലാണ്. ഇവിടെ ആകെ 284 കുടുബങ്ങൾ ഉണ്ട്. ഇവിടെ പുലയ, പറയ, കണക്ക സമുദായങ്ങളാണ് ഉള്ളത്. അടുത്തതായി 5 കോളണികളിലായി താമസിക്കുന്ന 139 കുടുംബങ്ങൾ ഉള്ള 7ഠം വാർഡ് ആണ്. ഇതെല്ലാം പഞ്ചായത്തിൻെറ ഹൃദയഭാഗത്തോട് ചേർന്ന് കിടക്കുന്ന കോളണികളാണ്. 60 കുടുംബങ്ങളുള്ള 2ഠം വാർഡും, 71 കുടുബങ്ങളുള്ള 4 ഠം വാർഡും 67 കുടുംബങ്ങളുള്ള പത്താംവാർഡും 12 ഠം വാർഡും ആണ് അടുത്ത പടികജാതിക്കാർ താമസിക്കുന്ന കേന്ദ്രങ്ങൾ. (Table 1. കാണുക.)

കോളണികൾ പൊതുവേ പരിശോധിച്ചാൻ ഭൂരിഭാഗം കുടുബങ്ങളും 4-10 മദ്ധ്യേ മാത്രം ഭൂമിയുള്ളവരും ഓട് വീടുകളിലും ഓല വീട്ടുകളിലും വസിക്കുന്നവരാണെന്ന് കാണാം. ഒരു വീട്ടിൽ ശരാശരി 5.8 അംഗങ്ങൾ ഉണ്ട്. പഞ്ചായത്ത് ശരാശരി

ഇത് 4.5 ആണ് എന്ന് ഓർക്കണം. മിക്കവരും കൂലിപണിക്കാരാണ്. ഒരു വീട്ടിൽ നിന്നു 2 പേർ എങ്കിലും തൊഴിലിനുപോകുന്നു. IRDP സർവേ അനുസരിച്ച് 630 വീട്ടുകൾ ദാരിദ്രരേഖയുടെ കീഴെവരുന്നു. (75.6%) ഇതിൽ 96 കുടുബങ്ങൾക്കാണ് IRDPയിൽ സഹായം വിതരണം ചെയ്തിട്ടുള്ളത്. ഇതു വഴിഒരു കുടുംബത്തേയും ദാരിദ്രരേഖക്കുമുകളിൽ കൊണ്ടുവരാൻ കഴിഞ്ഞിട്ടില്ല.

പട്ടികജാതി വികസന വകുപ്പ് നടത്തിയ സർവേ പ്രകാരം 521 പേർ S. S. L. C. തോറ്റിട്ടുണ്ട്. S. S. L. C. പാസ്സായതും മീതെയുമായി 204 പേരും ഗവർണ്മെൻറ് ജോലിയിൽ 44 പേരും സ്വയം തൊഴിലായി 17 പേരുമുണ്ട്. 174 പേരോളം മറ്റ് ലോണുകൾ എടുത്തിട്ടുണ്ട്. 132 പേർ ഓലക്കുടിലുകളിലാണ് അധിവസിക്കുന്നതും. ന്യൂക്ലിയാർ കുടുംബ വ്യവസ്ഥയായതിനാൽ ഭൂമിയുടെ വലിപ്പം വീണ്ടും കുറഞ്ഞുവരികയും അങ്ങനെ വീടുവക്കാൻ എല്ലാവർഷവും 50 പേർ സ്ഥലമില്ലാതെ ബുദ്ധിമുട്ടുകയും ചെയ്യുന്നുണ്ട്. 39 കോളണികളിൽ 13 എണ്ണം കൂടി വൈദ്ധ്യുതീകരിക്കേണ്ടതുണ്ട്. ഈ പഞ്ചായത്തിലെ വീടുകളിൽ 16% കുടിലുകളാണ്. എന്നാൽ പട്ടികജാതിക്കാരിൽ ഇതു 20% ആണ്. പട്ടികവർഗ്ഗക്കാരിൽ ഇത് 75% ഓട് ഇട്ട വീട്ടുകളാണ്. വാർപ്പ്വീട്ടുകളുടെ എണ്ണം പഞ്ചായത്തിൻെറ . മൊത്തം വീടുകളുടെ 25% ആണ്. എന്നാൽ പട്ടികജാതിക്കാരുടെ ഇത് 5% ആണ്. 825 വീടുകളിൽ 51%ത്തോളം ഭവനങ്ങൾ വൈദ്ധ്യുതീകരിച്ചിട്ടുണ്ട്. അഞ്ചുവർഷംകൊണ്ട് 80 പേർക്കാണ് JRY വീടുകൾ നല്കിയിട്ടുണ്ട്. 145 വീടുകൾക്ക് ഫ്രീ ഇലക്ട്രിക് കണക്ഷൻ കൊടുത്തിട്ടുണ്ട്. സ്വാശ്രയപഞ്ചായത്തു സ്ക്രീം JRY എന്നിവ മുഖാന്തിരം 260 കുടുബങ്ങൾക്ക് കക്കൂസുകൾ കൊടുത്തിട്ടുണ്ട്. പുകയില്ലാത്ത അടുപ്പുകൾ 80 പേർക്ക് നല്ക്കിയിട്ടുണ്ട്. ഈ വർഷം 14 വീടുകളും 10 കക്കൂസുകളും JRY സ്ക്രീമിൽ കൊടുത്തിട്ടുണ്ട്.

പട്ടികജാതിക്കാരുടെ കുട്ടികൾ എല്ലാവരും പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കുന്നുണ്ട്. അടുത്തുള്ള ഗവ. സ്കൂളുകളേയും Aided സ്കൂളുകളേയും ഇവർ ആശ്രയിക്കുന്നത്. മറ്റുള്ളവരെ പോലെ unAided സ്കൂളുകളിലേകുള്ള തള്ളിക്കയറ്റം ഇവരിൽ ഇല്ല. സാമ്പത്തിക പരാധീനതയാണ് ഒരു കാരണം. അതിനാൽ ഗവഃസ്ക്കൂളുകളുടെ നിലവ്വാരം മെച്ചപ്പെടുത്താതെ ഇവരുടെ സ്ഥിതിക്കു മാറ്റം വരുത്താൻ കഴിയില്ല.

വിദ്യാഭ്യാസകാര്യത്തിൽ കുട്ടികളെ വീട്ടിലുള്ളവർക്ക് ശ്രദ്ധിക്കാൻ കഴിയുന്നില്ല. ഹൈസ്കൂൾ വരെയുള്ള കാലഘട്ടത്തിൽ ഉണ്ടാകുന്ന കൊഴിഞ്ഞ്പോക്ക് കൃത്യമായകണക്ക് അറിയേണ്ടതുണ്ട്. അത് വളരേക്കുറച്ചു മാത്രമാണെന്നാണ് സ്കൂൾ രേഖകളിൽ നിന്നും കാണുന്നത്. പട്ടികജാതികുട്ടികൾക്കായിട്ടുള്ള ട്യൂഷൻ സെൻററർ നടത്തേണ്ടതുണ്ട്. സാക്ഷരതയിൽ മറ്റു സമുദായങ്ങളെ അപേക്ഷിച്ച് ഇവരുടെ സ്ഥിതി താഴെയാണ്.

15 ഓളം കോളണികളിൽ മാത്രമേ പൈപ്പ് കണക്ഷൻ എത്തിക്കാൻ കഴിഞ്ഞിട്ടുള്ളൂ ബാക്കിയുള്ള കോളണികളിലെ ജനങ്ങൾ പ്രധാനമായും ആശ്രയിക്കുന്നത്

വേനൽക്കാലത്ത് വറ്റുന്ന കിണറുകളേയും, കുഴൽകിണറുകളേയും ആണ്. എല്ലാ കോളണികളിലും കുഴൽ കിണറുകൾ കുഴിക്കേണ്ടതായിട്ടുണ്ട്. കൂട്ടാതെ കിണറുകൾ കുത്തിയും, റിങ്ങ് ഇറക്കി സംരക്ഷിച്ചു പരിഹരിക്കേണ്ടതായിട്ടുണ്ട്.

ആരോഗ്യകാര്യത്തിൽ പഞ്ചായത്ത് ഹെൽത്ത്സെൻററുകളാണ് ഇവർ ആശ്രയിക്കുന്നത്. എന്നാൽ കാര്യമായ ചികിത്സയ്ക്കും മറ്റ് സ്വകാര്യ ആശുപത്രികളേയോ ജില്ലാ ആശുപത്രികളേയോ ആശ്രയിക്കേണ്ടിവരുന്നു. ഇതു സാമ്പത്തിക പരാധീനകൂട്ടുന്നു. അതിനാൽ പഞ്ചായത്ത് ഹെൽത്ത് സെൻെറർ എതോ SUS Centre ആയി വികസിപ്പിക്കേണ്ടതുണ്ട്. പകർച്ചവ്യാധികൾ ഒന്നും കാര്യമായി ബാധിക്കാറില്ല. കോളണികളിൽ ശുചിത്വം ഒരു പരിധിവരെ നിലവിലുണ്ട്. എന്നാൽ S. E. U. സ്കീമിൽ എല്ലാവർക്കും സാനിറ്ററി കക്കൂസുകൾ ലഭ്യമായാൽ മാത്രമേ സാധാരണ വയറിളക്കരോങ്ങൾ കുറക്കാൻ കഴിയുകയുള്ളൂ. ചിലയിടങ്ങളിൽ ഇവർ ഇന്നും അടുത്തുള്ള പറമ്പുകളിൽ തുറസ്സായ സ്ഥത്താണ് മലവിസർജനം ചെയ്യുന്നത്. ഇങ്ങനെയുള്ള സ്ഥലങ്ങളിൽ സാനിറ്ററി കക്കൂസുകൾ എത്രയും വേഗം ലഭ്യമാക്കേണ്ടതാണ്. വനിതകൾക്കും ഇത് ഒരു പ്രധാന ബുദ്ധിമുട്ടായിഭവിക്കുന്നുണ്ട്. പട്ടികജാതി വനിതകൾ ഭൂരിഭാഗവും കൃഷിതൊഴിലാളികളും കെട്ടിടം പണിതൊഴിലാളിക്കളും വ്യവസായതൊഴിലാളികളും ആണ്. പാരമ്പര്യതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരും ഉണ്ട്. എന്നാൽ പാരമ്പര്യ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരും ഉണ്ട്. എന്നാൽ പാരമ്പര്യതൊഴിലിനുവേണ്ട അസംസ്ക്രത പദാർത്ഥങ്ങളുടെ അഭാവം മൂലം ഇതിന് വിഘാതം നേരിട്ട് കൊണ്ടിരിക്കുന്നു. ബാലവാടികൾ ഒന്നും കോളണികളിൽ ഇല്ല. അതു നിമിത്തം പ്രിപ്രൈമറി വിദ്യാഭ്യാസം ഇവർക്ക് ലഭിക്കുന്നില്ല. അങ്കണവാടികൾ എല്ലാവാർഡിലും സ്ഥാപിക്കേണ്ടതായിട്ടുണ്ട്. ഭൂരിഭാഗം ദമ്പതിമാരും കുടുംബാസൂത്രണമാർഗ്ഗങ്ങൾ സ്വീകരിച്ചവരാണ്. പുരുഷന്മാരാണ് സ്ഥിരമായ വന്ധ്യകരണം നടത്തിയവരിൽ ഏറിയ പങ്കും ഹെൽവിസിറ്റേഴ്സ്. എല്ലാ വീടുകളും സന്ദർശിച്ചു *വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ ആരോഗ്യകാര്യത്തിൽ ചെയ്യുന്നുണ്ടെന്നതാണ് ആശ്വസമായിട്ടുള്ളത്. ഇതു മുടങ്ങാതെ നടത്തുക എന്നത് ആരോഗ്യപരിപോഷണത്തിന് അത്യന്താപേക്ഷിതമാണ്.

പല അന്ധവിശ്വസാങ്ങളും ഇവരുടെ ഇടയിൽ നിലവിലുണ്ട്. പകവലിയും, മദ്യവും ഇവരിൽ ഭൂരിഭാഗത്തിനം ശീലമാണ്. ഇത് ആരോഗ്യത്തെ മാത്രമല്ല സാമ്പത്തീകമായും ഇവരെ പിന്നോട്ട് വലിക്കുന്നു. തൊഴിലിന് ഇവർക്ക് വിഷമം നേരിടുന്നില്ല. എന്നാൽ ലഭിക്കുന്ന വേതനം മിച്ചം വരുത്താതെ ചിലവഴിക്കുന്നു എന്നുള്ളതാണ് ഇവരുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ കഴിയാത്തതിൻെറ മുഖ്യ കാരണം. ഉൽബോധനവും, സാമ്പാദ്യശീലം വളർത്താനുള്ള പദ്ധതികളും മദ്യത്തിനും പുകവലിക്കും, മയക്കമരുന്നിനുമെതിരെയുള്ള ഉൽബോധനം കൊണ്ടുമാത്രമേ ഈ പരിതസ്ഥിതിതരണം ചെയ്യാൻ സാധിക്കുകയുള്ളൂ. ഭുമി വിസ്തൃതി കുറവായതിനാൽ കൃഷിഭവനിൽ നിന്നും ലഭിക്കുന്ന പല സബ്സിഡികളും വായ്പകളും ഇവർക്ക് ലഭിക്കുന്നതിനു പ്രയാസം നേരിട്ടുന്നു. കോളണി റോഡുകൾ

ചിലയിടങ്ങളിൽ മുഴുവനായി ടാർചെയ്തിട്ടുണ്ട്. എറ്റവും കൂടുതൽ കുടുബങ്ങൾ ഉള്ള വാർഡുകളിലെ കുടുബങ്ങളുടെ ഉന്നമനത്തിനായി വലിയ പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതായിട്ടുണ്ട്.

പട്ടികജാതിവികസന പകുപ്പുനടപ്പിലാക്കികൊണ്ടിരിക്കുന്നതും പഞ്ചായത്തിൽ കൈമാറിയതുമായ, വാർദ്ധക്യകാല, വിധവാപെൻഷൻനുകൾ, ഓട്മേയാനുള്ള സ്ക്രീം, പെൺമക്കളുടെ വിവാഹധനസഹായം, ചികിത്സ ധനസഹായം, PSC Interviews പോകുന്നവർക്കുള്ള യാത്രാബത്ത ധനസഹായം, മിശ്രവിവാഹ ധനസഹായം എന്നിവ വളരെകുറച്ചു പേർക്കേലഭിക്കുന്നുള്ളൂ. ഇതിനുള്ള സഹായധനം കൂട്ടേണ്ടതും ആവശ്യമാണ്.

കറവുമാടുകളെ വിതരണം ചെയ്യാൻ, കൊഴിയൂണിറ്റ്, മുയൽയൂണിറ്റ്, ആട്യൂണിറ്റ് എന്നിവ ആവശ്യമുള്ള എല്ലാ പട്ടികജാതികുടുംബങ്ങൾക്കും ലഭിക്കുന്നില്ല. കറവുമാടുകളുടെ ആവശ്യക്കാർ കുറവാണെങ്കിലും കോഴി, ആട് യൂണിറ്റകൾക്ക് ധാരളം ആവശ്യക്കാരുണ്ട്.

ജാതിപരമായ ഉച്ചനീചത്വങ്ങൾ വളരേകുറവാണ്. എല്ലാസമുദായക്കാരും എല്ലാപരിപാടികളിലും പരസ്പരം പങ്കെടുക്കുന്നുണ്ട്. പ്രൊഫഷണൽ കോഴ്സിന് കോളേജിലും പഠിക്കുന്നവരുടെ സംഖ്യ വിരളമാണ് ഇവരുടെ ഇടയിൽ. പഞ്ചായത്തുതലത്തിൽ നേതൃത്വത്തിലേക്ക് വളരെക്കുറച്ചു പേരെ ഇവരുടെ ഇടയിൽ നിന്നും വന്നിട്ടുള്ളൂ. പരമ്പരാഗത കലകളും സംസ്ക്കാരങ്ങളും അന്യം നിന്നമട്ടാണ്.

പണം എല്ലാ വീട്ടിലും അക്രമ പലിശക്ക് കടം കൊടുക്കുന്ന തമിഴ് സംഘങ്ങളും ബ്ലേഡ് കമ്പനികളും ഇവരെ സാമ്പത്തീകമായി പിന്നോക്കാവസ്ഥയിലേക്ക് നയിക്കുന്നു. ഓരോ കോളനികളിലും സമ്പാദ്യ ബാങ്കുകൾ സ്ഥാപിക്കേണ്ടതായിട്ടുണ്ട്. മദ്യഷാപ്പുകൾ അടച്ചുപൂട്ടേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

കൊള്ളഞ്ചേരി അംബേദ്ക്കർ ഗ്രാമമാണ് ആദ്യമായി ഈ പഞ്ചായത്തിൽ തീവ്ര വികസനത്തിന്റെ തിരഞ്ഞെടുത്ത കോളനി. 39 കുടുംബങ്ങൾ ഉൾക്കൊള്ളുന്ന ഈ കോളനിയിൽ പഞ്ചായത്തു ഒരു T.V കിയോസ്ക്കും, T.V.യും, ഡോക്ടർക്ക് പരിശോധിക്കുവാനുള്ള റൂമും ഒരുക്കിയിട്ടുണ്ട് ആഴ്ചയിൽ രണ്ടുതവണ P.H.C, ഡോക്ടർ ഇവിടം വരേണ്ടതാണ് എങ്കിലും വണ്ടി സൗകര്യം ഇല്ലാത്തതിനാൽ വരുന്നില്ല. ഇത് ഓരു ഡിസ്പൻസറിയാക്കി മാറ്റേണ്ടതുണ്ട്. വിവിധ ഡിപ്പാർട്ടമെന്റുകൾ ഈ കോളനിയിൽ വിവിധ ജോലികൾ നിർവ്വഹിച്ചിട്ടുണ്ട്. റോഡുകൾ മുഴുവൻ ടാർ ചെയ്തിട്ടുണ്ട്. പൈപ്പ്വെള്ളം ഇവിടെ എല്ലായിടത്തും ലഭ്യമാണ്. ഇവിടെ കുഴിച്ചിട്ടുള്ള കുഴൽകിണറിൽ നിന്നും പമ്പിങ്ങ് സൗകര്യം ഏർപ്പെടുത്തിയാൽ അത് II, III വാർഡുകളുടെ ആവശ്യം നിറവേറ്റുന്നതാണ്. എല്ലാ വീടുകളും ഇവിടെ വൈദ്യതീകരിച്ചിട്ടുണ്ട്. ഇവിടെ വീടില്ലാത്തവർക്ക് വിവിധ ഡിപ്പർട്ടുമെന്റു വഴി വീടുകളും പഞ്ചായത്ത് J.R.Y. വഴി വീടുകളും നല്കിയിട്ടുണ്ട്. കക്കൂസുകളും നൽകിയിട്ടുണ്ട്. പട്ടികജാതി വികസനവകുപ്പ് മുഖേന പുരമേയാനുള്ള സൗകര്യങ്ങളും മറ്റ് പെൻഷനുകളും ചിലർക്ക് വിതരണം ചെയ്തിട്ടുണ്ട്.

കോട്ടോൽ മേലേപ്പുര കോളണിയും (45 കുടുംബം) തിപ്പിലശ്ശേരി, പെരിമ്പലാവ് ലക്ഷം വിട് കോളനികളുമാണ് I.R.D.P. കോളണികളായി വികസന പ്രവർത്തനൾ നടത്തിയ കോളണികൾ. ഇതിൽ പെരിമ്പിലാവ് ലക്ഷം വീട് കോളണിയിൽ I V P ഗ്രാന്റ് ഉപയോഗിച്ച് പഞ്ചായത്ത് ലക്ഷം വീടുളുടെ മൈനർ റിപ്പയറുകൾ നിർവ്വഹിച്ചിട്ടുണ്ട്. ഇവിടെ 21 കുടുംബങ്ങളാണുള്ളത്. J.R.Y.Scheem ൽ എല്ലാവർക്കും ഇവിടെ കക്കൂസുകൾ ലഭ്യമാക്കിയിട്ടുണ്ട്. വീടുകൾ എല്ലാം ഫ്രിയായി ഇലക്ട്രിഫൈ ചെയ്തിട്ടുണ്ട്. കൂടാതെ പൊതു സ്ഥലത്ത് ഒരു പൊതു കക്കൂസും പഞ്ചായത്ത് പണിതു കൊടുത്തിട്ടുണ്ട്. ഇവിടേയുള്ള എല്ലാ റോഡുകളും ടാർ ചെയ്തിട്ടുണ്ട്. I.R.D.P.സ്കീമിൽ ചിലർക്ക് ലോണുകളും നൽകിയിട്ടുണ്ട് വിവിധ ഡിപ്പാട്ടുമെന്റുകൾ ഇവിടെ വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ഇപ്പോൾ കസ്തൂർബാ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന P.A.C. ഇതിനടുത്തുണ്ട്. ഇവിടെ കുടിവെള്ളപ്രശ്നം കൂടെ പരിഹരിക്കാനുണ്ട്. ഇവിടത്തെ ലക്ഷം വീടുകൾ മുഴുവനും റിപ്പയർ ചെയ്യേണ്ടതായിട്ടുണ്ട്.

മേലേപ്പുര ഹരിജൻ കോളണിയിലെ എല്ലാവർക്കും United Scheem ൽ പഞ്ചായത്തു കക്കൂസുകൾ നിർമ്മിച്ചു കൊടുത്തിട്ടുണ്ട്. എല്ലാ വീടും വൈദ്യതീകരിച്ചിണ്ട്. റോഡ് കുറച്ചു ഭാഗം ടാർ ചെയ്തിട്ടുണ്ട്. കുടിവെള്ളപ്രശ്നം പരിഹരിക്കേണ്ടതായിട്ടുണ്ട്.

## പ്രശ്നങ്ങൾ ഗ്രാമസഭയിൽനിന്ന്.

എല്ലാ ഹരിജൻ കോളണികളും വൈദ്യതീകരിക്കണം, എല്ലാവർക്കും കണക്ഷൻ നല്കണം. വീടില്ലാത്തവർക്ക് വീടുകൾ നല്കണം, സ്ഥലം ഇല്ലാത്തവർക്ക് ഭൂമി നല്കണം, വിദ്യാഭ്യാസം പൂർത്തീകരിക്കാതെ കൊഴിഞ്ഞു പോകുന്നവരെ കണ്ടുപുടിച്ച് തുടർവിദ്യാഭ്യാസം ചെയ്യിക്കാനുള്ള പദ്ധതി ആസൂത്രണം ചെയ്യണം, സ്വയംതൊഴിൽ ചെയ്യാൻ ആഗ്രഹിക്കുന്ന എല്ലാവർക്കും ധനസഹായം ലഭ്യമാക്കണം. പൊതു ശ്മശാനം നിർമ്മിക്കണം. കുടിവെള്ളം എത്താത്ത സ്ഥലങ്ങളിൽ എല്ലായിടത്തും കുടിവെള്ളം എത്തിക്കാനുള്ളപദ്ധതികൾ ഉണ്ടാക്കണം തൊഴിൽ വികസന സഹകരണ സംഘങ്ങൾ രൂപീകരിക്കണം. പാരമ്പര്യ തൊഴിൽ ചെയ്യുന്നവർക്ക് സാധനങ്ങളും സഹായങ്ങളും നൽകണം. പട്ടയം ലഭിക്കാത്തവർക്ക് പട്ടയം ലഭ്യമാക്കണം, മിച്ചഭൂമി, ലക്ഷംവീട് മുതലായവയിലെ ആളുകൾക്ക് എത്രയും വേഗം പട്ടയം ലഭ്യമാക്കണം എല്ലാകുടുംബങ്ങൾക്കും കക്കൂസുകൾ ഉണ്ടാക്കി കൊടുക്കണം. പശു, ആട്, കോഴി, താറാവ്, എരുമ എന്നിവ വളർത്തുവാൻ തയ്യാറുള്ളവർക്കെല്ലാം അത് ലഭ്യമാക്കാനുള്ള നടപടികളും ധനസഹായങ്ങളും നല്കണം. പട്ടികജാതിയിലുള്ള കലാകായിക കഴിവുള്ളവരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കണം, പരിശീലനം നൽകണം. ട്യൂഷൻ സെന്ററുകൾ എർപ്പെടുത്തണം. എല്ലാം ഗവൺമേന്റ് നൽകണം എന്ന അവസ്ഥ മാറ്റാൻ ഉൽബോധനം നടത്തണം. മുള, ഈറ്റ, തഴപ്പായ മുതലായവ ലഭ്യമാക്കണം, സാധനങ്ങൾ വിറ്റഴിക്കാനും സഹകരണസംഘങ്ങൾ തുടങ്ങണം. നശിച്ചുകൊണ്ടിരിക്കുന്ന പാരമ്പര്യ നാടൻ കലകളെ പോഷിപ്പിക്കാൻ കലാസംഘങ്ങൾ വാർഡുതോറും പ്രാവർത്തികമാക്കണം. പട്ടിക ജാതിക്കാർക്ക് കിട്ടുന്ന ആനുകൂല്യങ്ങൾ

അർഹതപ്പെട്ടവർക്ക് പെട്ടന്ന് ലഭിക്കാനും അനർഹരെ കണ്ടുപിടിക്കാനുമുള്ള നടപടികൾ കൈകൊള്ളണം. കോളനികളിലുള്ള പഞ്ചായത്തുകിണറുകളെല്ലാം മണ്ണു നീക്കിയും റിങ്ങ് ഇറക്കിയും പ്രവർത്തനക്ഷമമാക്കണം. 3500 മീറ്ററോളം പൈപ്പ് ലയിൻ വിവിധസ്ഥലങ്ങളിലായി നീട്ടണം. അടിമനത്താഴം ഹരിജൻ കോളണിയിൽ പഞ്ചായത്ത് കിണർ വേണം. കല്ലിളമ്പു കോളനിയിൽ കിണറും, പൈപ്പ് ലൈനും വേണം. ഭട്ടിമുറി, ഒറ്റപിലാവ് സാമ്പവ കോളനി, കോത്തോളിക്കുന്ന്, പൊന്നാംകുന്നു, പാതാക്കര, പരുവകുന്നു എന്നീ കുഴൽ കിണറുകൾ ഉപയോഗശൂന്യമാണ്. രണ്ടാം വാർഡിൽ വലിയവളപ്പു, മോടൻ പറമ്പു കോളനികളിൽ കുഴൽകിണർ കുഴിക്കണം. 1. വടക്കേ ലക്ഷംവീട് 2. കണക്ക ക്കോളണി പെരിമ്പലാവ്. 3. കോലാടികുന്ന് കോളണി. 4.പൊറവൂർ സാമ്പവകോളണി. 5. പൊറവൂർ ഹരിജർ സെറ്റിൽമെന്റ് 6. കോത്തോളിക്കുന്ന് 7. പുല്ലാനിക്കോട 8. കുടമരക്കുന്ന് 9. കോടത്തുകുണ്ട് 10. കല്ലുംപുറം. 11. കോരട്ടിക്കര സാമ്പവകോളനി 12. ഒറ്റപിലാവ് കോളനി. 13. കടവല്ലൂർ വടക്കുംമുറി എന്നിവയിലെ പഞ്ചായത്തുകിണറുകൾ ഉപയോഗശൂന്യങ്ങളായി കിടക്കുന്നു. ആയത് നന്നാക്കണം.

പാറപ്പുറം, പടിഞ്ഞാറ്റുമുറി മാന്നോട്ടം മുന്നോടപ്പറമ്പ് എന്നീ സ്ഥലങ്ങളിലെ കിണറുകളിൽ റിങ്ങ് ഇറക്കി ഇടിച്ചിൽ നിറുത്തിയാൽ ധാരാളം വെള്ളം ലഭിക്കും.

കുടമരക്കുന്ന്, കോതുക്കുണ്ട്, തെക്കുന്ന് കോളണി, കോട്ടോൽ നായാടികോളണി ചേലക്കപ്പറമ്പ് കോളണി എന്നിവയിൽ കുഴൽകിണറുകൾ വേണം.

ഒതക്കാലക്കുന്ന്, ആനകല്ല്, ഇല്ലപ്പറമ്പ് കോളണി, കൊള്ളഞ്ചേരി, കല്ലിളമ്പ്, കോട്ടോൽ ലക്ഷംവീട് കോളണി എന്നിവടങ്ങളിൽ പുതിയ കിണറുകൾ കുഴിക്കണം. ഇവിടെ കുഴൽകിണറോ പൈപ്പ് ലൈനോ ഇല്ല.

രണ്ടാം വാർഡിൽ മസ്ജിദിനരികെയുള്ള കുഴൽകിണർ മൂടിയിട്ടിരിക്കുന്നതിൽനിന്ന് കേടുപാടുകൾ തീർത്ത് മോട്ടാറുപയോഗിച്ച് വെള്ളം പമ്പു ചെയ്താൽ അംബേദ്കർ കോളണിയും പരിസരവും മുഴുവൻ വെള്ളം സമൃദമായി ലഭിക്കും. അപ്പോൾ ഇവിടങ്ങളിലേക്ക് കല്ലുംപുറത്തുനിന്ന് പമ്പുചെയ്യേണ്ട ആവശ്യമില്ലാതാകും. രണ്ടാം വാർഡിൽ ഹൈവേക്കു വടക്കുഭാഗമുള്ള ദേശം മുഴുവൻ ശുദ്ധജല വിതരണത്തിന് ഇതുകൊണ്ട് സാദ്ധ്യമാകും.

## സാദ്ധ്യതകൾ

പഞ്ചായത്തിന്റെ മൊത്ത പ്രശ്നമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ചാലിശ്ശേരി-പാവർട്ടി സ്കീമിൽ അക്കിക്കാവിൽ പണിതിട്ടുള്ള ടാങ്കിലേക്ക് സുഭിക്ഷമായി വെള്ളം കിട്ടുന്ന കുഴൽ കിണറുകളിൽനിന്ന് വെള്ളം പമ്പ് ചെയ്ത് ശേഖരിച്ച് പഞ്ചായത്തിന്റെ എല്ലാ ഭാഗത്തേക്കും ഇപ്പോൾ കുഴിച്ചിട്ടുള്ള പമ്പുകളിൽക്കൂടിയും ആവശ്യമായ എല്ലാ സ്ഥലങ്ങളിലെയും പൈപ്പ്ലൈൻ എക്സ്റ്റന്റ് ചെയ്യുന്നതിനും കഴിയും. വെള്ളം വിതരണം ചെയ്യാൻ മറ്റ് ഭാഗങ്ങളിലെ പ്രശ്നങ്ങൾക്കൊപ്പം തന്നെ കോളനികളിലേയും പ്രശ്നങ്ങൾ പരിഹരിക്കപ്പെടുമെന്ന് കരുതപ്പെടുന്നു. ഈ പദ്ധതി നടപ്പിൽ വന്നില്ലെങ്കിൽ കുഴൽകിണറുകളും പഞ്ചായത്ത് കിണറുകളും മുൻഗണനാടിസ്ഥാനത്തിൽ കുഴിക്കേണ്ടിവരുന്നതാണ്. കൂടാതെ പൈപ്പ്ലൈനും പറ്റാവുന്നയത്ര സ്ഥലങ്ങളിലേക്ക്, കോളനികളിലേക്ക് മുൻഗണനയനുസരിച്ച് നീട്ടേണ്ടതായിവരുന്നതുമാണ്. കോളനികളിൽ വെള്ളം പാഴാക്കികളയാതിരിക്കാൻ കുടിവെള്ളസംരക്ഷണ സമിതിയും ഓരോ പ്രദേശത്തും രൂപീകരിക്കേണ്ടതും കിണറുകളും, ടാപ്പുകളും, കുഴൽകിണറുകളും അതാത് സംരക്ഷണസമിതികളെ ഏൽപ്പിച്ചു കൊടുക്കേണ്ടതും മൈനർ റിപ്പയേഴ്സ് ജനപങ്കാളിത്തത്തോടെ ചെയ്യേണ്ടതുമാണ്. ഉപയോഗശൂന്യമായി കിടക്കുന്ന കുഴൽ കിണറുകൾ ശരിയാകുന്നതിനേക്കാളും സാമ്പത്തികമായി കുറച്ച് ചിലവുവരിക പുതിയവ കുഴിക്കാനാണെന്ന് കണ്ടിരിക്കുന്നു. പഴയ കുഴൽകിണറുകളും മണ്ണിന്റെ മാറ്റമനുസരിച്ചാണ് ഉപയോഗശൂന്യമായിട്ടുള്ളത്. ചിലവ പൈപ്പ് ദ്രവിച്ചിട്ടും റിങ്ങ് ഇറക്കുക സാമ്പത്തികമായി അധികചിലവ് വരുന്ന ഒരു കാര്യമാണ്. അതാത് പ്രദേശത്തെ ജനങ്ങളുടെ നേതൃത്വത്തിൽ ഇത് പഞ്ചായത്തിന്റെ സാമ്പത്തിക സഹായത്തോടെ ഏറ്റെടുത്ത് നടത്തേണ്ടതാണ്. എന്നാൽ കുഴൽ കിണറോ പൈപ്പ് ലൈനോ വരുന്ന പക്ഷം അത് പലയിടങ്ങളിൽ ഉപയോഗശൂന്യമായി കിടക്കുകയാണ്. അതിനാൽ പൈപ്പ് വഴി കുടിവെള്ളമെത്തിക്കാൻ എല്ലാ സ്ഥലത്തും കഴിയുന്ന പക്ഷം മറ്റുചിലവുകൾ എല്ലാം തന്നെ വേണ്ട എന്ന് വെക്കാവുന്നതാണ്.

പട്ടയം കിട്ടാത്തവർക്ക് മിച്ചഭൂമിയിലും, ലക്ഷം വീട്ടിലും താമസിക്കുന്നവർക്ക് പട്ടയം എത്രയും പെട്ടെന്ന് കൊടുക്കുന്നതിന് പഞ്ചായത്തിനെ ചുമതലപ്പെടുത്തിയാൽ വില്ലേജ് ഓഫീസറുടെ സഹായത്തോടെ അത് എത്രയും പെട്ടെന്ന് നടപ്പിലാക്കാവുന്നതാണ്.

പരമ്പരാഗത തൊഴിലാളികൾക്ക് ഉപയുക്തമാകുന്ന സഹകരണസംഘങ്ങൾ വ്യവസായകേന്ദ്രത്തിന്റെയും ഖാദിഗ്രാമവ്യവസായ ബോർഡിന്റെയും സഹായത്തോടെ ബ്ലോക്ക് പഞ്ചായത്ത് വഴി രൂപീകരിക്കാൻ വേണ്ട സഹായം പട്ടികജാതിക്കാർക്ക് ലഭ്യമാക്കാവുന്നതാണ്. പട്ടികജാതി സഹകരണസംഘത്തിന്റെ പ്രവർത്തനം വിപുലീകരിക്കണം.

ട്രൈബൽ പ്ലാൻ പ്രകാരം പട്ടികജാതി കോളനികളിൽ റോഡ്, വൈദ്യുതി, കുടിവെള്ള സൗകര്യം സ്കൂൾ കെട്ടിടങ്ങൾ മുതലായവ ഉണ്ടാക്കുന്നതിന് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ മുഖേനെ വർക്കിങ്ങ് ഗ്രൂപ്പിന്റെ അനുമതിയോടെ കോട്ടോൽ നായാടി കോളനിയിൽ പട്ടികജാതിക്കാരുടെ ഉന്നമനത്തിനായി വികസനപദ്ധതികൾ തയ്യാറാക്കാവുന്നതാണ്. ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ മുഖാന്തിരം ഇവർക്ക് വിവിധ ഗ്രാന്റുകളും ലഭ്യമാക്കാവുന്നതാണ്.

പട്ടികജാതിയൽ പെട്ട 4ാം ക്ലാസ് പാസ്സായ കുട്ടികൾക്ക് പുറമെ ബോർഡിങ്ങിൽ നിന്ന് പഠിക്കുവാൻ വേണ്ട സകന ചിലവുകളും ജില്ലാ പഞ്ചായത്ത് മുഖേനെ ചെയ്യുന്നുണ്ട്. ഇത്തരം കുട്ടികളെ ബോർഡിങ്ങിൽ ചേർക്കാൻ വേണ്ട എല്ലാ ഉൽബോധനവും ചെയ്യേണ്ടതുണ്ട്.

പട്ടികജാതിക്കാർക്ക് വീടിനും, കക്കൂസിന് 4 സെന്റ് സ്ഥലത്തിനും പട്ടികജാതിവികസന വകുപ്പിൽ നിന്നും JRY പദ്ധതിപ്രകാരവും സഹായം ചെയ്യുന്നുണ്ട്. ഇവിടെ 205 കുടുംബങ്ങൾക്ക് വീടുകൾ

ആവശ്യമുണ്ട്. പഞ്ചായത്ത് ബ്ലോക്ക് JRY മുഖാന്തിരം മുഴുവൻ ആളുകൾക്കും വീട് കൊടുക്കുവാൻ കഴിയുന്നില്ല. അതിനാൽ രാജീവ് ദശലക്ഷം പാർപ്പിട പദ്ധതിയിൻ കീഴിൽ സ്ഥലം ഏറ്റെടുത്തു ഹൗസിംഗ് കോളനികൾ സ്ഥാപിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തേണ്ടതാണ്. അതിൻ പ്രകാരം കിട്ടാവുന്ന സ്ഥലം മുഴുവൻ വാങ്ങാനുള്ള ശ്രമം നടത്താവുന്നതാണ്.

കോളനികളിൽ കക്കൂസ് ഇല്ലാത്ത എല്ലാ കുടുംബങ്ങൾക്കും സോഷ്യോ ഇക്ണോമിക് യൂണിറ്റിന്റെ സഹാടത്തോടെ അടുത്ത ഒരു വർഷത്തിനകം കക്കൂസുകൾ ലഭ്യമാക്കുന്നതാണ്. പദ്ധതി '97 ഏപ്രിലിൽ ആരംഭിക്കുന്നതാണ്. പഞ്ചായത്തിന്റെ വിഹിതമായ 7.5 ലക്ഷം ഇതിന് സമാഹരിച്ചു കഴിഞ്ഞിട്ടുണ്ട്.

പട്ടിക ജാതിയിൽപെട്ട കുട്ടികൾക്ക് 5-10 വരെ പഠിക്കുന്നതിന് ഡിപ്പാർട്ട്മെന്റ് ഹോസ്റ്റലുകൾ മുഖേനെ എല്ലാ ചിലവുകളും നിർവ്വഹിക്കുന്നതിന് പട്ടികജാതി വികസനവകുപ്പിൽ നിന്നും ബ്ലോക്ക് പഞ്ചായത്ത് മുഖേനെ സഹായം ലഭ്യമാക്കുന്നതാണ്. കഴിയുന്നത്ര എല്ലാവർക്കും ഇത് ലഭ്യമാക്കാൻ ശ്രമിക്കുന്നതാണ്.

നിർദ്ധനരായ പട്ടിക ജാതിക്കാർക്ക് ചികിത്സക്കും, വിവാഹത്തിനുമുള്ള ധാരാളം അപേക്ഷകൾ ലഭിക്കുന്നുണ്ട്. എന്നാൽ വളരെ കുറച്ച് പേർക്കേ സഹായധനം നൽകാൻകഴിയുന്നുള്ളൂ. മാറകരോഗങ്ങൾക്കു അടിമപ്പെട്ടവരുടെ ചികിത്സാ ചിലവ് മുഴുവനായും .വഹിക്കാൻ ശ്രമിക്കേണ്ടതുണ്ട്. അതിന് ഗവ. ചെലവിൽ തീരുമാനം ആവശ്യമാണ്. ഇപ്പോൾ ചികിത്സാ സഹായം ലഭിക്കുന്നതിനുള്ള നിബന്ധനകൾ ലഘുവാക്കേണ്ടതുണ്ട്. ഗവൺമെന്റ് (ഡോക്ടരുടെ സർട്ടിഫിക്കറ്റ് നൽകണമെന്ന വ്യവസ്ഥയിൽ മാറ്റം വരുത്തണം.)

ഇവർക്ക് കിണറുകൾ കുഴിക്കുന്നതിനും 2 സെന്റ് സ്ഥലം വിട്ട് തരാൻ തയ്യാറുള്ളവരുടെ സ്ഥലം കിണർ കുഴിച്ച് വെള്ളം പമ്പ് ചെയ്ത് കൂടുതൽ ഗുണഭോക്താക്കൾക്ക് വെള്ളം ലഭിക്കുവാനുള്ള പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്. സാമൂഹ്യജല സേചന പരിപാടിയിലൂടെ സാദ്യശ്യമുള്ളതാണ് ഈ പരിപാടി.

PSC യും മറ്റും നടത്തുന്ന പരീക്ഷകൾക്ക് Interview ക്ക് പോകുവാനുള്ള യാത്രാബത്ത പഞ്ചായത്തു മുഖേന നൽകുന്നുണ്ട്. എന്നാൽ എല്ലാവർക്കും ഇത് ലഭ്യമാക്കുവാൻ കഴിയുന്നില്ല.

ബാലവാടികൾ ഒന്നും പട്ടികജാതിക്കാർ തിങ്ങിപാർക്കുന്ന ഈ പഞ്ചായത്തിൽ ഇല്ല. ഒരു ആയയും അദ്ധ്യാപികയും അടങ്ങുന്ന പ്രിപ്രൈമറി കുട്ടികൾക്കായുളന്മള ബാലവാടികൾ എല്ലാ വാർഡിലും സ്ഥാപിക്കേണ്ടതുണ്ട്.

പട്ടികജാതി വികസന വകുപ്പ് നടത്തുന്ന ഈ ബാലവാടികൾക്ക് വേണ്ടുന്ന സ്ഥലം പഞ്ചായത്ത് ലഭ്യമാക്കുവാൻ ശ്രദ്ധിക്കുന്നതാണ്. അതുപോലെതന്നെ പട്ടികജാതിക്കാരുടെ 3,5 വയസ്സിനിടയിലുള്ള കുട്ടികൾക്കായി നഴ്സറിസ്കൂളുകളും തുടങ്ങേണ്ടതായിട്ടുണ്ട്. ഓരോ കോളണിയും ഓരോന്നു വീതമെങ്കിലും ആവശ്യമായിവരും. പഞ്ചായത്തിന്റെ പുറമ്പോക്കു സ്ഥലങ്ങൾ ഇതിനായി അനുവദിക്കാവുന്നതാണ്. സാമ്പത്തിക സഹായം പട്ടിക ജാതി വകുപ്പിൽ നിന്നും പഞ്ചായത്തിൽ നിന്നും ലഭ്യമാകുന്നതാണ്.

വൈദ്യുതീകരിക്കാത്ത 13 കോളണികളും അടുത്ത അഞ്ച് വർഷത്തിനുള്ളിൽ വൈദ്യുതികരിക്കുന്നതാണ്. കാല് വേണ്ടാത്ത എല്ലാവർക്കം ഫ്രീ ഇലക്ട്രിക് കണക്ഷൻ കൊടുക്കുന്നതിനുള്ള പദ്ധതികൾ പഞ്ചായത്ത് ഏറ്റെടുക്കുന്നതാണ്. പോസ്റ്റ് വേണ്ടാത്ത 160 ഓളം കണക്ഷനുകൾ കൊടുക്കാൻ കഴിയുന്നതാണ്. കോളനികളുടെ വൈദ്യുതീകരണം ഇലക്ട്രിസിറ്റി ബോർഡിനെ കൊണ്ട് ചെയ്യിക്കുവാൻ ശ്രമിക്കുന്നതാണ്.

ആരോഗ്യ പ്രശ്നങ്ങൾ നിറവേറ്റുന്നതിന് PHC സെന്റർ ആക്കേണ്ടതാണ്. ഹെൽത്ത് വിസിറ്റേ

ഴ്സിന്റെ സേവനം കൂടുതൽ ഫലപ്രദമാക്കുന്നതാണ്. PHCയിൽ അത്യാവശ്യം വേണ്ട എല്ലാ മരുന്നുകളും ലഭ്യമാക്കേണ്ടതാണ്. അംബേദ്കർ ഗ്രാമത്തിൽ ഉള്ള ക്ലീനിക്കിൽ ഡോക്ടറുടെ സേവനം വിപുലപ്പെടുത്തേണ്ടതാണ്. ഒന്നിടവിട്ട ദിവസങ്ങളിൽ ഡോക്ടർ വന്നു രോഗികളെ പരിശോധിക്കണം. നാം വിപുലപ്പെടുത്തുന്നതാണ്. ആരോഗ്യകാര്യത്തിൽ ഓരോ കോളണിയിലും രക്തഗ്രൂപ്പ് പരിശോധനാ ക്യാമ്പുകളും രോഗനിർണ്ണയ ചികിത്സ ക്യാമ്പുകളും രോഗപ്രതധിരോധ ഉൽബോധ ക്യാമ്പുകളും ശുചിത്വ പരിപാലന ക്യാമ്പുകളും സംഘടിപ്പിക്കുന്നതാണ്. രോഗങ്ങൾ പടരുന്നതിനെക്കുറിച്ചും പോഷകാഹാരങ്ങളും അതിന്റെ അഭാവം അകറ്റാൻ വേണ്ട ഭക്ഷണക്രമത്തെക്കുറിച്ചും എല്ലാ കോളണികളിലും ക്ലാസ്സുകൾ സംഘടിപ്പിക്കേണ്ടതുണ്ട്. സൗജന്യാ ചികിത്സാ ക്യാമ്പ് എല്ലാ കോളണികളിലും നടത്തപ്പെടുന്നതാണ്. തിമിരം മുതലായ രോഗങ്ങൾക്ക് ഓപ്പറേഷൻ സൗജന്യമായി ചെയ്തുകൊടുക്കുന്ന കേസിൽ ഉൾപ്പെടുത്തണം.

എല്ലാവരേയും സാക്ഷരതരാക്കുന്നതിനുള്ള സാക്ഷരതാ പ്രവർത്തനത്തിനുള്ള ജന വിദ്യാ കേന്ദ്രങ്ങൾ വാർഡ് മെമ്പർ കൺവീനറായി എല്ലാ വാർഡിലും സജീവമാക്കണം. നിയമ സാക്ഷരതയും വേണ്ട സെമിനാറുകൾ എല്ലാ വാർഡിലും സംഘടിപ്പിക്കേണ്ടതാണ്. കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുവാൻ അദ്ധ്യാപക രക്ഷാകർതൃസംഘടനകളുടേയും സാക്ഷരതാസമിതികളുടേയും സേവനം ലഭ്യമാക്കുന്നതാണ്. കൊഴിഞ്ഞുപോക്കിന്റെ കാരണം കണ്ടുപിടിച്ച് അവർക്ക് വേണ്ട നിർദ്ദേശങ്ങളും സാമ്പത്തികാനുകൂല്യങ്ങളും നൽകുന്നതാണ്. സന്നദ്ധ ട്യൂഷൻ സെന്ററുകൾ കോളനികളിൽ നടത്തപ്പെടണം. പുകയില, മദ്യപാനം, മയക്കുമരുന്നിനെതിരെ കോളനി നിവാസികളെ ഉൽബുദ്ധരാക്കണം. സാക്ഷരതാ സമിതികൾക്ക് ഇതിനായി മുഖ്യസ്ഥാനം വഹിക്കാൻ കഴിയുന്നതാണ്. കുട്ടികൾക്ക് വേണ്ടി പുസ്തകങ്ങൾ, യൂണിഫോം, പഠനോപകരണങ്ങൾ മുതലായവ ലഭ്യമാക്കണം. ബാലവാടികളും നഴ്സറിസ്കൂളുകളും എല്ലാ വാർഡിലും തുടങ്ങേണ്ടതിന് ശ്രമിക്കേണ്ടതാണ്.

ആവശ്യമുള്ളവർക്കെല്ലാം IRDP സഹായങ്ങൾ ലഭ്യമാക്കുന്നതാണ്. ഇതു ലഭ്യമാക്കുന്നതിന് വാർഡുകൾതോറും കമ്മിറ്റികൾ ഉണ്ടാക്കി പ്രയോജനം വിലയിരുത്താനുള്ള നടപടികൾ ഉണ്ടാക്കുന്നതാണ്. തൊഴിൽ ആവശ്യമുള്ളവരുടെ ലിസ്റ്റ് തയ്യാറാക്കി അവർക്കുവേണ്ട സഹായങ്ങൾ ലഭ്യമാക്കുന്നതിന് സഹായിക്കേണ്ടതാണ്.

75% കുടുംബങ്ങളും ദാരിദ്യരേഖക്ക് കീഴെയാണ് വരുന്നത്. അതുകൊണ്ട് ദാരിദ്ര്യ നിർമ്മാർജ്ജനത്തിനുള്ള പദ്ധതികൾക്ക് മുൻതൂക്കം കൊടുക്കേണ്ടതുണ്ട്. അതിനുമുൻപായി തൊഴിൽ ലഭ്യതെക്കുറിച്ച് ആലോചിക്കേണ്ടതുണ്ട്. കൂടുതൽ പേരും തൊഴിലാളികളും കൂലിപണിക്കാരുമാണ്. കൃഷിയും മറ്റ് പാരമ്പര്യതൊഴിലുകളുമാണ് ഇവരുടെ വരുമാനമാർഗ്ഗം. എന്നാൽ കായികാദ്ധ്യാപനത്തിന് ഈ പഞ്ചായത്തിൽ തൊഴിലാളികൾ വിരളമാണ്. കെട്ടിട നിർമ്മാണ രംഗത്തും മണ്ണുപണികൾക്കും റോഡ് ജോലികൾക്കും തമിഴ് നാട്ടിൽ നിന്നാണ് തൊഴിലാളികൾ വരുന്നത്. കൂടാതെ തൊഴിലിനു വേണ്ട JRY പണികളിൽ മറ്റും തദ്ദേശ വാസികൾ നന്നേകുറവാണ്. ഇന്ന് സ്ത്രീക്ക് ചുരുങ്ങിയത് 50കയും പുരുഷന് 100 കയും ലഭിക്കുന്നുണ്ട്. പാരമ്പര്യ തൊഴിലുകളായ കൊട്ടെയ്ത്തും, തഴപ്പായനെയ്ത്തും വേണ്ടത്രയില്ല. യുവതലമുറയിൽ അതിനോടുള്ള താൽപര്യക്കുറവ് സാധനങ്ങൾ കിട്ടുവാനുള്ള പ്രയാസവും ഇതിനു വിഘാതം നിൽക്കുന്നുണ്ട്. അതിനാൽ തൊഴിൽ ചെയ്യുന്നവർ പൊതുവേ കുറവാണ് എന്നാൽ അഭ്യസ്തവിദ്യരുടെ ജോലി സാദ്ധ്യതകുറവാണ് ജോലിയുള്ളവർ അഭ്യസ്തവിദ്യരുടെ ഇവരുടെ ഇടയിൽ വിരളമാണ്. യുവജനങ്ങൾ കച്ചവടസ്ഥാപനങ്ങളിലും വാഹനങ്ങളിലും സമീപപ്രദേശങ്ങളിലെ തൊഴിൽശാലകളിലുമാണ് പണിയെടുക്കുന്നത്. സ്ത്രീകൾ കെട്ടിട നിർമ്മാണത്തിളം കൃഷിപണിക്കുംപോകുന്നു. വാർദ്ധക്യം അസുഖങ്ങൾ, കുടുംബനാഥന്റെ മരണം മുതലായവയാൽ ജോലിചെയ്യുവാൻ നിവൃത്തിയില്ലാത്ത ചുരുക്കം ചില കുടുംബങ്ങൾ ഉണ്ട്. അവർക്കുവേണ്ട

സഹായധനം ലഭ്യമാക്കേണ്ടത് പഞ്ചായത്തിന്റെ ചുമതലയാണ്. എന്നാൽ ബാക്കി കുടുംബങ്ങൾക്ക് വേണ്ട വരുമാനം അവരുടെ സമ്പാദ്യശീലം വളർത്താൻ ഉപകരിക്കുന്ന പദ്ധതികൾ നടപ്പിലാക്കിയാൽ പരിഹരിക്കാവുന്നതേയുള്ളു. ഇതിനായി താഴെ പറയുന്ന ഒരു പദ്ധതിക്ക് രൂപം നൽകേണ്ടതുണ്ട്.

സമ്പാദ്യശീലം വളർത്തുന്നതിന് മഹിളാ പ്രധാന ഏജന്റുമാരെ ഓരോ വാർഡിലും നിയമിക്കണം. റിക്കറന്റ് ഡെപ്പോസിറ്റുകൾ എല്ലാ ദിവസവും സ്വീകരിക്കണം. ഇതിനുവേണ്ട ഉൽബോധനം ഗ്രാമസഭകളിലും വാർഡുകളിലും മെമ്പർമ്മാരുടെ സഹായത്തോടെ നടത്തണം. ബജറ്റ് ഗ്രാമം എല്ലാ വർഡിലും നടപ്പിലാക്കണം. ഇതിനുവേണ്ടി വാർഡുമെമ്പറുടെ നേതൃത്വത്തിൽ സന്നദ്ധസേവനസംഘങ്ങളുടെ സഹായത്തോടെ ഓരോ വീടുകയറിയിറങ്ങി IVP സർട്ടിഫിക്കറ്റുകൾ എല്ലാമാസവും വിതരണം ചെയ്യണം. 100 കയുടെയോ, 250 കയുടെയോ സർട്ടിഫിക്കറ്റുകൾ ആവശ്യാനുസരമം വിതരണം ചെയ്യണം. കൂടാതെ ദിവേനയുള്ള 5ക യോ 10 ക യോ ഉള്ള റിക്കറന്റ് ഡിപ്പോസിറ്റുകളും സ്ത്രീകളെ ഇതിൽ നേരിട്ട് പങ്കാളികളാക്കണം. കൂടുതൽ നിക്ഷേപിക്കുന്നവർക്ക് പഞ്ചായത്ത് വാർഡ് തോറും പ്രോത്സാഹന സമ്മാനങ്ങൾ ഏർപ്പെടുത്തണം. സർവ്വീസ് സഹരണ സംഘങ്ങളിൽ എല്ലാവർക്കും സേവിങ്ങ്സ് അക്കൗണ്ടുകൾ തുടങ്ങാനുള്ള. സൗകര്യം ഉണ്ടാക്കണം. പണത്തിന് ആവശ്യം വരുമ്പോൾ തമിഴ് വാണിഭ സംഘങ്ങളേയോ, ബ്ലേഡ് കമ്പനികളേയോ, മറ്റ് പണമിടപാടുസ്ഥാപനങ്ങളേയോ ആശ്രയിക്കാതിരിക്കാനാണ് ഇത്. ഓരോ വീടിനേയും കുറിച്ചു പഠിച്ചു അവർക്ക് ചേർന്ന സമ്പാദ്യ പദ്ധതികളിൽ അവരെ ചേർക്കണം. തമിഴ് വാണിഭ സംഘങ്ങൾക്കും ബ്ലേഡ് കമ്പനികൾക്കും എതിരേ അവരെ പറഞ്ഞ് മനസ്സിലാക്കണം. അതുപോലെ മദ്യം, മയക്കുമരുന്ന് മുതലായവയിൽ കൂടി അവരുടെ സമ്പാദ്യം മുഴുവൻ കവർന്നെടുക്കുന്നതിനെക്കുറിച്ച് ഉൽബോധ ക്ലാസ്സുകളും പരസ്യങ്ങളും സംഘടിപ്പിക്കേണ്ടതുണ്ട്. ഇതിൽ നിന്നും അവരെ വിമുക്തരാക്കാൻ കഴിഞ്ഞാൽ എല്ലാ കുടുംബങ്ങളേയും ദാരിദ്ര്യമേഖലക്ക് മുകളിൽ കൊടുവരാൻ കഴിയുന്നതാണ്. കൂടാതെ വിവിധ പെൻഷനുകൾ അവർക്കു ആവശ്യമില്ലാതെ വരുകയും ചെയ്യും. മിതവ്യായം ശീലിക്കേണ്ടതിനെക്കുറിച്ചു അതിനുള്ള മർഗ്ഗങ്ങളെക്കുറിച്ചും അവരെ പറഞ്ഞ് മനസ്സിലാക്കേണ്ടിയിരിക്കുന്നു. സാക്ഷരത പ്രവർത്തനത്തിന് ഇതിനായി വളരെയധികം പങ്കുവഹിക്കുവാൻ കഴിയും.

കോളണികളുടെ വികസനത്തിന് അടുത്തതായി ചെയ്യാവുന്ന പദ്ധതി കൂടുതൽ കുടുംബങ്ങൾ തിങ്ങിപ്പാർക്കുന്നതും കൂടുതൽ പേർക്കു ഉപകാരം ലഭിക്കുന്നതിനും വേണ്ടി അത്തരം കോളനികൾ ദത്തെടുത്ത് വികസനപ്രവർത്തനങ്ങൾ നടപ്പിലാക്കുക എന്ന പ്രവൃത്തിയാണ്. ഇവിടെ ഒരു കാര്യം പ്രധാനപ്പെട്ടത് ഏത് ഏജൻസിയാണ് വികസനപ്രവർത്തനം നടത്തുന്നത് എന്ന് വ്ച്ചാലും ഗ്രാമപഞ്ചായത്ത് വഴിയായിതീർക്കണം അത് നടപ്പിലാക്കേണ്ടത്. കാര്യക്ഷമതകൂട്ടാനും അന്യാവശ്യ ചിലവുകൾ ഒഴിവാക്കാനും അതിന് കഴിയും.

ഈ പഞ്ചായത്തിലെ 3-ാം വാർഡാണ് പട്ടിക ജാതിക്കാർ ഏറ്റവും അധികം അധിവസിക്കുന്ന വാർഡ്, അവിടെ 10 കോളണികളിലായി 284 കുടുംബങ്ങളെ കൂടി ഉൾപ്പെടുത്തിയാൽ ഈ പഞ്ചായത്തിലെ പട്ടിക ജാതിക്കാരിൽ പകുതിയായി ഈ 3 വാർഡുകളിലെ കുടുംബങ്ങളേയും ഒറ്റ യൂണിറ്റായി എടുത്ത് വികസന പ്രത്തനങ്ങൾ വിവിധ ഏജൻസികളുടെ സഹായത്തോടെ നടത്താവുന്നതാണ്. അവശേഷിക്കുന്ന കോളനികളിൽ വെള്ളം വെളിച്ചം രോഡുകൾ, എന്നിവക്കു മുൻഗണന കൊടുത്തുകൊണ്ട് മുൻഗണനാ ക്രമത്തിൽ സമയബന്ധിത പരിപാടികൾ നടപ്പിലാക്കമം.

പട്ടികജാതിക്കാരുടെ ഒരു സഹകരണസംഘം ഇവിടെ പ്രവർത്തിച്ചുവരുന്നുണ്ട്. എല്ലാകുടുംബങ്ങളേയും അതിൽ അഗ്രങ്ങളാക്കി അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാവുന്നതാണ്.

പട്ടികജാതിവകുപ്പിന് പുറമേ പട്ടിക ജാതി വികസനകോർപ്പറേഷന്റെ വിവിധ ലോൺ പദ്ധതികൾ നിലവിലുണ്ട്. സ്വയം തൊഴിൽ കണ്ടെത്താൻ കഴിയുന്ന, ഫോട്ടോ സ്റ്റാറ്റ്, STD ബൂത്ത്, ഹോളബ്രിക്സ് നിർമ്മാണം, വീഡിയോകാമറ, കറവമാടുകൾ, വർക്ക് ഷോപ്പ്, VCR വർക്ക്ഷോപ്പ്, വാഹനങ്ങൾ, Auto, Tempo, ജീപ്പ്, കാർ, കോഴിവളർത്തൽ, പച്ചക്കറിയുരടെ, കൃഷിഭൂമിവായ്പാ, പരമ്പരാഗതതൊഴിലുകൾ പ്രൊഫഷണൽ സർവ്വീസ് മുതലായവ ഏതിനം വായ്പ ഇവിടെ നിന്നും ലഭ്യമാണ്. പുതിയ അംബേദ്കർ ഭവന നിർമ്മാണവായ്പാ പദ്ധതിയും പ്രാബല്യത്തിൽ വന്നിട്ടുണ്ട്. സ്വയം തൊഴിലിന് ഇഷ്ടപ്പെടുന്ന പട്ടിക ജാതിക്കാർക്ക് ഇവിടെ നിന്നും വായ്പ ലഭ്യമാക്കുവാൻ വേണ്ട നടപടികളും തിരിച്ചടക്കുന്നതിനുള്ള നടപടികളും പഞ്ചായത്ത് സമിതികളുടെ വിലയിരുത്തലുകളുടെയും ശുപാർശയുടേയും അടിസ്ഥാനത്തിൽ ചെയ്യുവാനുള്ള പദ്ധതികളും നടപ്പിലാക്കേണ്ടതുണ്ട്. ഇതിനുവേണ്ട പരിശീല ക്ലാസ്സുകൾ ഇവർക്ക് ധാരാളം ലഭ്യമാക്കേണ്ടതാണ്.

ഇപ്പോൾ ഇവിടെ നിന്നും വായ്പ ലഭ്യമാക്കുന്നവർ വിരലിലെണ്ണാൻ മാത്രമെ ഉള്ളൂ.

ഇതിൽനിന്നും പട്ടിക ജാതി പട്ടിക വർഗ്ഗങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുകയാണ് പഞ്ചായത്തിന്റെ വികസനത്തിന്റെ കാതൽ എന്ന് കാണാം. കൂടാതെ പട്ടികജാതിയിൽ പെടാതെ ഇതേനിലവാരം പുലർത്തുന്ന ദാരിദ്ര്യരേഖക്ക് താഴെ വരുന്ന 2174 കുടുംബങ്ങളുണ്ട്. ആകെയുള്ള ദാരിദ്ര്യരേഖയുടെ താഴെയുള്ള കുടുംബങ്ങളുടെ 77.5% വരും ഇത്. ഇവർക്കും സമാനമായ വികസനപദ്ധതികൾ നടപ്പിലാക്കേണ്ടതുണ്ട്.

ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികളും സാമൂഹ്യക്ഷേമപദ്ധതികളേക്കാളും ഏറെ പ്രാധാന്യം അർഹിക്കുന്നത്. അവരിൽ വേണ്ടത്ര വിദ്യാഭ്യാസവും അറിവും പ്രദാനം ചെയ്യുക എന്നതാണ്. വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന കേരളത്തിലും ഈ പഞ്ചായത്തിലും ഗൾഫിൽനിന്നുള്ള വരുമാനം പുതിയ തെഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. കെട്ടിടനിർമ്മാണരംഗത്തും കച്ചവടരംഗത്തുമാണ് ഇതിന്റെ മാറ്റൊലികൾ കാണുന്നത്. വരുമാനത്തിന്റെ ഏറിയപങ്കും ഉൽപാദനപരമല്ലാത്ത മാർഗ്ഗങ്ങളിലേക്കാണ് പോയിക്കൊണ്ടിരിക്കുന്നത്. ഇലക്ട്രോണിക്സ് രംഗത്ത് ധാരാളം തൊഴിലവസരങ്ങൾ ഉണ്ടാക്കാവുന്നതാണ്. ഈ പഞ്ചായത്തിലെ ധനകാര്യസ്ഥാപനങ്ങൾ 2 കോടിയോളം NRI ഡിപ്പോസിറ്റുകളും 8 കോടിയോളം മറ്റു ഡിപ്പോസിറ്റുകളും ഉണ്ട്. ഇതിൽ 25% മാത്രമെ ഇവിടെ ഉപയോഗിക്കുന്നുള്ളു. പഞ്ചായത്തിന്റെ വികസനത്തിന് ഈ വിഭവങ്ങൾ എങ്ങിനെ വിനിയോഗിക്കും എന്നാണ് നാം ചിന്തിക്കേണ്ടിയിരിക്കുന്നത്.

പട്ടികജാതിക്കാരുടെ വീട് അറ്റകുറ്റ പണികൾക്ക് സൗജന്യധനസഹായം നടപ്പിൽ ഉള്ളത് കൂടുതൽ പേർക്ക് ലഭ്യമാക്കണം. പട്ടികജാതിക്കാരുടെ 200 മീറ്റർ വരെ ലൈൻ വലിച്ച് വീട്ടുകണക്ഷൻ നൽകാൻ പദ്ധതിയുണ്ട്. എങ്കിലും സാധനസാമഗ്രികളുടെ ലഭ്യത കുറവായതിനാൽ വളരെ പേർ CD അടച്ച് കണക്ഷൻ ലഭിക്കാത്തതുണ്ട്. അവർക്കെല്ലാം ഉടൻകണക്ഷൻ നൽകാൻ സംവിധാനമുണ്ടാക്കണം. ദുർബലവിഭാഗങ്ങളായ പട്ടികജാതി കുടുംബങ്ങൾക്ക് വൈദ്യുതി സൗജന്യമാക്കണം. കേന്ദ്ര ഗവൺമെന്റിന്റെ തൊഴിൽ ദാനപദ്ധതിപ്രകാരമുള്ള വായ്പകൾ കൊടുക്കാൻ ജാമ്യവും ആധാരം മുതലായ രേഖകളും ആവശ്യപ്പെടുന്നു. വായ്പ കൊടുക്കുന്നില്ല. അത് കൊടുക്കാൻ ഏർപ്പാടുണ്ടാക്കണം. പട്ടികജാതി കുട്ടികൾക്ക് നൽകിവരുന്ന പഠനോപകരണങ്ങൾ വളരെ പരിമിതമായേ നൽകുന്നുള്ളൂ. എല്ലാവർക്കും ലഭ്യമാക്കണം. പട്ടികജാതിയിൽ പെട്ട പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം നൽകുന്ന പുരുഷൻ രണ്ടാം വിവാഹക്കാരനാണെങ്കിൽ(ഭാര്യമരിച്ചോ, വിവാഹമോചനം നേടിയോ) ധനസഹായം ലഭിക്കുന്നില്ല. ഈ നിയമം ഭേതഗതി ചെയ്യണം.

അംബേദ്കർ നഗറിലെ ടി.വി. കിയോസ്കിൽ മുകളിൽ ഒരു മുറികൂടി പണിത് ഒരു ഗ്രന്ഥശാല സ്ഥാപിക്കേണ്ടതാണ്.

ഹിരിജനങ്ങളുടെ വീടുകൾ റിപ്പയർ ചെയ്യുന്നതിന് ധനസഹായം നൽകണം.

# അദ്ധ്യായം 9
# സംസ്ക്കാരം

**ആമുഖം**

പ്രാക്തനമായ വൈദിക സംസ്കാരത്തിനും സംഗീത നൃത്താദി കലാരൂപങ്ങൾക്കും ഈറ്റില്ലമാകാൻ ഭാഗ്യം സിദ്ധിച്ച ഈ പഞ്ചായത്തിലെ നാട്ടകങ്ങൾ അനുഷ്ഠാന കലകൾക്കും മറ്റു നാടൻ കലാരൂപങ്ങൾക്കും മദ്ദളാദിചർമ്മ വാദ്യകലകൾക്കും നൽകിയ ഈടുറ്റ സംഭാവനകളിലൂടെ ചരിത്രത്തിൽ സ്ഥാനം പിടിച്ചു കഴിഞ്ഞിട്ടുണ്ട്. എങ്കിലും വിലപ്പെട്ട ഒട്ടേറെ നാട്ടറിവുകൾ ഇന്നും എഴുതപ്പെടാതെ കിടക്കുകയാണ്. ഒരു കാലത്ത് ജൈന സംസ്ക്കാരം ഈ മേഖലയിൽ നിലനിന്നിരുന്നതായും ചരിത്ര രേഖകൾ സൂചിപ്പിക്കുന്നു. അടുത്തകാലത്ത് ഈ പഞ്ചായത്തിലെ തിപ്പലശ്ശേരിയിലും കൊത്തൊള്ളിക്കുന്നിലും കാണപ്പെട്ട മുനിയറകൾക്ക് ചെന്തമിഴ് കാലഘട്ടത്തിലെ ജൈനമുനികളുടെ ധ്യാനഗുഹകളോടുള്ള സാദൃശ്യം ഈ അനുമാനത്തിന് ആക്കം കൂട്ടുകയും ചെയ്യുന്നുണ്ട്.

അന്യോന്യത്തിന്റെ നാടായ കടവല്ലൂർ, മദ്ദളകേസരി കടവല്ലൂർ അരവിന്ദാക്ഷന്റെയും സംസ്കൃതകവി വചസ്പതി ഖുസ്സിന്റെയും കൂടി ജന്മദേശമാകുന്നു. മോഹിനിയാട്ടത്തിന്റെ ഈറ്റില്ലമായിരുന്ന കൊരട്ടിക്കരയിൽ നിന്നും ഈ കലയുടെ വളർച്ചക്ക് അമൂല്യ സംഭാവകളർപ്പിച്ച അപ്പുരേടത്ത് കൃഷ്ണപ്പണിക്കർ, രാമൻ കണ്ടത്തു വളപ്പിൽ മാധവിയമ്മ മുള്ളത്ത് മാധവിയമ്മ എന്നിവരെ കേരള കലാമണ്ഡലം പുറത്തിറക്കിയ ബൃഹത്തായ ചരിത്ര ഗ്രന്ഥത്തിൽ അർഹമായ സ്ഥാനം നൽകി ആദരിച്ചിട്ടുണ്ട്.

ഐതിഹ്യപ്പഴമയിലും ഈ പഞ്ചായത്തിലെ നാട്ടകങ്ങൾ സമ്പന്നമാകുന്നു. കോട്ടോൽ കളരിപ്പണിക്കന്മാരേയും ആനകേറാകുളത്തേയും ആൽത്തറ ചെട്ടി സങ്കേതത്തേയും പറ്റിയുള്ള ഐതിഹ്യകഥകൾ പലതും ചരിത്ര ഗന്ധമുള്ളവതന്നെയാണ്. പക്ഷെ എഴുതപ്പെടാത്ത ഈ നാട്ടറിവുകൾ വിസ്മൃതിയിലാണ്ടുകൊണ്ടിരിക്കയാണ്.

ക്ഷേത്രങ്ങളും മുസ്ലീം പള്ളികളും ക്രൈസ്തവ ദേവാലയങ്ങളും ഏറെയുള്ള ഈ പഞ്ചായത്തിലെ ഉത്സവങ്ങളും നേർച്ചകളും പള്ളിപ്പെരുന്നാളുകളും വിവിധ നാടൻ കലാരൂപങ്ങൾക്കും അനുഷ്ഠാന കലകൾക്കും രംഗവേദികളായി മാറാറുണ്ട്.

മാതൃകാപരമായ മത സൗഹാർദ്ദവും നിഷ്കളങ്കമായ കർഷക സംസ്കാരവും ഈ പഞ്ചായത്തിന്റെ അനുഗ്രഹങ്ങളാകുന്നു.

പരമ്പരാഗത ആയോധനമുറയായ കളരിപ്പയറ്റ് ലോക കായിക കലാവേദിക്കു കേരളത്തിന്റെ സംഭാവനയാ സർക്കസ്സ് പരമ്പരാഗത കരകൗശല വേലകൾ എന്നിവയിലും നമ്മുടെ ഉൾനാടുകൾ തനതായ സംഭാവനകൾ അർപ്പിച്ചിട്ടുണ്ട്.

ഫ്യൂഡൽ വാഴ്ച ആടിത്തളർന്നുവീണ ഈ മേഖലയിൽ കൂത്ത്, കൂടിയാട്ടം, കഥകളി, നങ്ങ്യാർകൂത്ത്, തോൽപ്പാവക്കൂത്ത് എന്നീ ക്ഷേത്രകലകൾ വിസ്മൃതിയിലാണ്ടു കഴിഞ്ഞ മട്ടാണ്. ഇവിടത്തെ കലാകാരന്മാർ എഴുത്തുകാർ എന്നിവർക്കു പഞ്ചായത്തുമായി സഹകരിച്ചു പ്രവർത്തിക്കാനുള്ള സംവിധാനങ്ങൾ ഇന്നില്ല. ഒട്ടേറെ സാംസ്കാരിക സ്ഥാപനങ്ങൾ നിലനിന്നിരുന്ന ഈ മേഖലയിൽ അവയിൽ പലതിന്റെയും പ്രവർത്തനം നിലയ്ക്കുകയും അപൂർവ്വം ചിലതൊഴികെ മറ്റുള്ളവ അപചയം നേരിടുകയുമാണ്. പരമ്പരാഗത നാടൻ കലകൾ പലതും നമ്മോടും വിടപറയുകയാണ്. ഇവയെയൊന്നും പ്രോത്സാഹിപ്പിക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കുവാൻ നമുക്കു സാധിക്കുന്നില്ല.

## കടവല്ലൂർ ചരിത്രത്താളുകളിൽ

കേരള സാഹിത്യ അക്കാദമി പ്രസിദ്ധീകരിച്ച 'കേരളത്തിലെ സ്ഥല ചരിത്രങ്ങൾ-തൃശ്ശൂർ ജില്ല' എന്ന ഗ്രന്ഥത്തിൽ വി.പി.കെ. വാലത്ത് ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

'കുന്ദംകുളത്തിനു എട്ടുകിലോമീറ്റർ വടക്ക് കാട്ടാകാമ്പൽ കായൽത്തീരത്ത് സ്ഥിതിചെയ്യുന്ന കടവല്ലൂർ ഒരു വിദ്യാഭ്യാസ കേന്ദ്രമായിരുന്നു.' (പേജ് 159) കടവല്ലൂർ, കൊരട്ടിക്കര തുടങ്ങിയ സ്ഥലങ്ങൾക്ക് പൊതുവെ 'തലപ്പിള്ളി മേൽപട്ടു' എന്നു സ്ഥാനപ്പേരുണ്ടായിരുന്നതായും അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട് (പേജ് 152)

കേരള കലാമണ്ഡലം പ്രസിദ്ധീകരിച്ച 'കലാമണ്ഡലം ചരിത്രം' എന്ന പ്രൗഢമായ ഗ്രന്ഥത്തിൽ ശ്രീമതി ലീലാ നമ്പൂതിരിപ്പാട് (സുമംഗല) പറയുന്നു.

'ലക്കിടി മങ്കിളി കൊച്ചുകുട്ടിയമ്മ, കൊരട്ടിക്കര മുള്ളത്ത് മാധവിയമ്മ, കോട്ടുള്ളി നാരായണി അമ്മ, മുല്ലപ്പള്ളി മീനാക്ഷിയമ്മയും കാളിയമ്മയും, രാമൻ കണ്ടത്തു വളപ്പിൽ മാധവിയമ്മ, പുത്തൻപുരയിൽ അമ്മാളുഅമ്മയും ലക്ഷ്മിക്കുട്ടിഅമ്മയും അപ്പുരേടത്ത് കുഞ്ഞുകുട്ടിയമ്മയും കുഞ്ഞിഅമ്മയും. തുടങ്ങിയവർ 19-ാം നൂറ്റാണ്ടിന്റെ അന്ത്യദശകങ്ങളിലേയും 20-ാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിലേയും പ്രസിദ്ധപ്പെട്ട മോഹിനിയാട്ടക്കാരികളായിരുന്നു.

'അക്കാലത്തെ നട്ടുവന്മാർ .....കൊരട്ടിക്കര മുല്ലപ്പിള്ളി ശങ്കരൻ നായർ, അപ്പുരേടത്ത് കൃഷ്ണപ്പണിക്കർ എന്നിവരായിരുന്നു... കലാമണ്ഡലത്തിൽ മോഹിനിയാട്ടം പഠിപ്പിക്കുവാൻ അധ്യാപികയായി പെരിങ്ങോട്ടുകുറിശ്ശി, ഒരിക്കലോത്ത് കല്യാണിയമ്മയേയും, കൊരട്ടിക്കര അപ്പുരേടത്ത് കൃഷ്ണപ്പണിക്കർ എന്നൊരു നട്ടുവനേയും മഹാകവി വള്ളത്തോൾ പ്രയാസപ്പെട്ട് തേടിപ്പിടിച്ച് കൊണ്ടുവന്നു. കൃഷ്ണപ്പണിക്കരുടെ ഇലത്താളവും മാധവവാര്യരുടെ മദ്ദളവുമായിരുന്നു കല്യാണിയമ്മുടെ ആട്ടത്തിൻ പക്കമേളം.'

രവീന്ദ്രനാഥടാഗോറിന്റെ അപേക്ഷയനുസരിച്ച് മോഹിനിയാട്ടം പഠിപ്പിക്കാൻ കല്യാണിയമ്മയെ വള്ളത്തോൾ ശാന്തിനികേതനത്തിലേക്ക് അയച്ചുകൊടുക്കുകയും കൊരട്ടിക്കര കൃഷ്ണപ്പണിക്കർ കലാമണ്ഡലം വിടുകയും ചെയ്തതോടെ 1935 മുതൽ രണ്ടുവർഷത്തേക്ക് കലാമണ്ഡലത്തിൽ മോഹിനിയാട്ടക്കളരി നിശ്ചലമായി.

മോഹിനിയാട്ടം അന്ധകാരത്തിലാണ്ടു പോവുകയാണെന്നു കണ്ട് പരിഭ്രമിച്ച വള്ളത്തോൾ കഠിന പ്രയത്നം ചെയ്ത് കൊരട്ടിക്കര കൃഷ്ണപ്പണിക്കരെ അന്വേഷിച്ച് കണ്ടു പിടിക്കുകയും, 1937 മുതൽ മോഹിനിയാട്ടക്കളരി കലാമണ്ഡലത്തിൽ പുനരാരംഭിക്കുകയും ചെയ്തു. കൃഷ്ണപ്പണിക്കരും കൊരട്ടിക്കര രാമൻ കണ്ടത്തു വളപ്പിൽ മാധവിയമ്മയും കൂടി വിദ്യാർത്ഥികളെ അഭ്യസിപ്പിച്ചു തുടങ്ങുകയും ചെയ്തു. വാർദ്ധക്യത്തിലുള്ള അവശതമൂലം കൃഷ്ണപ്പണിക്കരും മാധവിയമ്മയും അടുത്തടുത്ത കാലങ്ങളിലായി കലാമണ്ഡലം വിടുകയും താമസിയാതെ മരിക്കുകയും ചെയ്തു.

'കൃഷ്ണപ്പണിക്കരും മാധവിയമ്മയും ചരമം പ്രാപിച്ച് ചിന്നമ്മു അമ്മ വരുന്നതുവരെയുള്ള ഇടക്കാലത്തും മോഹിനിയാട്ടത്തിന് തീരെ ഉദ്ഗതി ഉണ്ടായില്ല (പേജ് 41-43)

കൃഷ്ണപ്പണിക്കർ അവിവാഹിതനായിരുന്നുവെന്നും, ചരിത്രത്തിൽ പരാമർശിക്കപ്പെടുന്ന രാമൻ കണ്ടത്തു വളപ്പിൽ മാധവിയമ്മ അദ്ദേഹത്തിന്റെ ശിഷ്യയായിരുന്നു വെന്നും കൃഷ്ണപണിക്കർക്ക് അവസാനകാലം നേത്രരോഗം ബാധിച്ചുവെന്നും നാട്ടുകാർ പറയുന്നു. കൊരട്ടിക്കര പുത്തൻപ്പുരയിൽ അമ്മാളുഅമ്മ, പുത്തൻ പുരയിൽ ലക്ഷ്മിഅമ്മ, വലിയ വീട്ടിൽ നാരായണിഅമ്മ അക്കാട്ടു വളപ്പിൽ കാളിഅമ്മ, ഊറ്റുള്ളി ഇട്ടിച്ചിരി അമ്മ ഊറ്റുള്ളി കുട്ടിമാളുഅമ്മ, തുടങ്ങിയവരും കഴിഞ്ഞ

തലമുറയിലെ പുകഴ്പെറ്റ മോഹിനിയാട്ട കലാകാരി കളായിരുന്നുവെന്നും നാട്ടറിവുകൾ പറയുന്നു.

ഒരു കാലത്ത് മോഹിനിയാട്ടത്തിന് കീർത്തി നേടിയ ഈ ഗ്രാമത്തിൽ ഇന്ന് ആ കല അന്യം നിന്നമട്ടാണ് എന്നുകൂടി പറയേണ്ടതുണ്ട്. തൊട്ടപ്പുറത്തെ ഗ്രാമമായ കടവല്ലൂരിലാണ് ഇന്ന്. ഒരു മോഹിനിയാട്ട അദ്ധ്യാപികയുള്ളത്; ശ്രീമതി കലാമണ്ഡലം ഗിരിജ.

ഒരു കാലത്ത് വന്യമൃഗഭീഷണി ഈ മേഖലയെ അലട്ടിയിരുന്നതായി 168 വർഷം മുമ്പുള്ള രേഖകളിൽ കാണുന്നു. കൊല്ലവർഷം 1004ൽ (1828ൽ) രേഖപ്പെടുത്തപ്പെട്ട ഒരു ചരിത്രരേഖയിൽ ഇങ്ങനെ പറഞ്ഞുകാണുന്നു. "മീനമാസം 23നു എന്തെന്നാൽ കുന്നംകൊളത്തരെ പ്രവർത്തിയിൽ പെരുമ്പിലാവ് മുറിയിൽ ചണ്ടു കുമാരത്ത് പറങ്ങോടൻ പുലിയെ വെടിവെച്ചു അപായം വരുത്തി തോലും പല്ലും നഖവും ഹജ്ജൂരിൽ കൊണ്ടുചെന്നു ഏൽപിച്ചിരിക്കുന്നതിനു മര്യാദ പ്രകാരമുള്ള ഇനാം കൊടുക്കത്തക്കവണ്ണം ഇവിടത്തെ ചെലവുമുതൽ പിടിക്ക ഉത്തരവു വന്നാറെ......(കേരളത്തിലെ സ്ഥല ചരിത്രങ്ങൾ - തൃശ്ശൂർ ജില്ല' എന്ന ഗ്രന്ഥത്തിൽ നിന്ന് ഉദ്ധരിച്ചു ചേർക്കപ്പെട്ടത് പേജ് 160)

## അന്യോന്യത്തിന്റെ ഭൂമിക

പ്രാചീന കാലം മുതൽ നിലനിന്നിരുന്നതായി പറയപ്പെടുന്ന കടവല്ലൂർ അന്യോന്യം ഇടക്കാലത്തേക്ക് നിന്നുപോകുകയും 1990 നോടടുത്ത് വീണ്ടും ആരംഭിക്കുകയും ചെയ്തു. മുൻകാലങ്ങളിൽ വൃശ്ചികം 1-ാം തിയ്യതിയിലെ അന്യോന്യത്തോടനുബന്ധിച്ച് 41 ദിവസം വിപുലമായ തോതിൽ വാരവും പതിവായിരുന്നുവെന്ന് പഴമക്കാർ പറയുന്നു.

തൃശ്ശൂർ-തിരുന്നാവായ യോഗക്കാരായ പണ്ഡിതവരേണ്യരായ നമ്പൂതിരിമാർ ഇവിടെ സമ്മേളിച്ച് ഇപ്പോൾ ഉന്നതമായ തോതിൽ ഋഗ്വേദ പഠനം നടത്തുന്നു. വേദമന്ത്രങ്ങൾ മനപാഠമാക്കാനുള്ള അഭ്യസനവും ഇവിടെ പതിവാണ്. ഏറ്റവും കൂടുതൽ മന്ത്രങ്ങൾ മനസ്സിൽ നിക്ഷേപിക്കാൻ കഴിയുന്നവർക്ക് പ്രോത്സാഹനങ്ങളും നൽകിപ്പോരുന്നു. വേദമോതേണ്ട ശാസ്ത്രീയവും സാങ്കേതികവുമായ രീതി പുതിയ തലമുറക്കാർ കടവല്ലൂർ ശ്രീരാമക്ഷേത്രത്തിലെ അന്യോന്യ വേദിയിൽ പരിശീലിക്കുന്നുണ്ട്. ഋഗ്വേദത്തിൽ ഉയർന്ന പരീക്ഷകൾ ജയിക്കുന്നവർക്ക് അന്യോന്യത്തിൽ മുൻപന്തിയിൽ സ്ഥാനം ലഭിക്കും. 'കടന്നിരിക്കൽ' എന്നാണ് ഇതിനു പേർ പറയുന്നത്. നാനാഭാഗങ്ങളിൽ നിന്നും വേദാഭ്യാസനത്തിനായി അസംഖ്യം വിദ്യാർത്ഥികൾ ഇവിടെ എത്തി ചേരാറുണ്ട്.

പുരാതനക്ഷേത്ര വാസ്തു വിദ്യക്കു നിദർശനമാകുന്നു പ്രത്യേകരീതിയിലുള്ള ചുറ്റമ്പലത്തോടുകൂടിയ കടവല്ലൂർ ശ്രീരാമക്ഷേത്രം. ഇവിടത്തെ ശ്രീകോവിലിന്റെ ഭിത്തിക്കു മുകളിലായി സ്ഥിതി ചെയ്യുന്ന ദാരു ശില്പങ്ങൾപ്രത്യേക ശ്രദ്ധയർഹിക്കുന്നു. പ്രാചീന വാസ്തു വിദ്യയുടെ വിസ്മയങ്ങളിലൊന്നാകുന്നു ഈ ക്ഷേത്രത്തിന്റെ ചുറ്റുമതിൽ സിമന്റോ കുമ്മായമോ ഉപയോഗിക്കാതെ പ്രത്യേക രീതിയിൽ [illegible]കൾ അടുക്കിവെച്ച് വൃക്ഷലതാദികളുടെ നീരുപയോഗിച്ചു നിർമ്മിച്ചതെന്നു പറയപ്പെടുന്ന ഈ ചുറ്റുമതിലിന്ന് തൃശ്ശൂർ വടക്കുന്നാഥൻ ക്ഷേത്രത്തിന്റെ മതിലിനെക്കാൾ ഉയരമുണ്ടെങ്കിലും ഇന്നും കേടുപാടുകൾ ഒന്നും തന്നെയില്ല എന്നത് ശ്രദ്ധേയമാണ്. ഇവിടത്തെ കൂത്തമ്പലത്തിൽ ഒരു കാലത്ത് ക്ഷേത്രകലകൾ പരിപോഷിക്കപ്പെട്ടിരുന്നു എന്നതിന്റെ സ്മരണയുണർത്തുന്നതാണ് അവിടെ അവശേഷിച്ചിട്ടുള്ള പഴയ മിഴാവ്. തദ്ദേശവാസികളായ മൂശാരിമാരുടെ കരകൗശല വൈദഗ്ധ്യത്തിനു നിദർശനമായ ഓട് കൊണ്ട് നിർമ്മിച്ച ദീപസ്തംഭം ആരുടെയും ശ്രദ്ധയാകർഷിക്കും. സിലോണിൽ ജോലി ചെയ്തിരുന്ന ഇവിടത്തുകാരുടെ സംഘടനയായ സിലോൺ നായർ സമാജമാണ് ഇതിനുള്ള പണം അയച്ചുകൊടുത്തത്. രണ്ടേക്കർ വിസ്തീർണ്ണത്തിൽ പ്രാചീനമായ കൽപടവുകളോടെ സ്ഥിതിചെയ്യുന്ന അമ്പലക്കുളത്തിൽ ഒരു കാലത്തും ജലദൗർല്ലഭ്യം അനുഭവപ്പെടാറില്ല. കടവല്ലൂർ ക്ഷേത്രഗോപുരവും ചുറ്റുമതിലും ദാരു ശില്പങ്ങളും പുരാവസ്തു വകുപ്പിന്റെ

സംരക്ഷണത്തിലാണ്. ക്ഷേത്രം കൊച്ചിൻ ദേവസ്വം ബോർഡിന്റെ നേരിട്ടുള്ള ഭരണത്തിൻ കീഴി ലാണ്.

കടവല്ലൂർ ഏകാദശി പ്രസിദ്ധമാണ്. കൂടാതെ കന്നിനിറമാല, ശ്രീരാമനവമി, അഖണ്ഡനാമയ ജ്ഞം എന്നിവയും ഇവിടെ ആചരിക്കപ്പെടുന്നു.

## മാപ്പിള കലകൾ

മാപ്പിള കലകളായ ദപ്പ് മുട്ട്, അറബനമുട്ട്, കളരി സംസ്കാരത്തിന്റെ താളഭേദങ്ങളടങ്ങിയ കോൽക്കളി എന്നിവയും പഞ്ചായത്തിൽ സജീവമാണ്. ഒറ്റപ്പിലാവ് പള്ളി മദ്രസയോടനുബന്ധിച്ച് പ്രവർത്തിക്കുന്ന ദപ്പ്മുട്ട് സംഘം ജില്ലാതല മത്സരങ്ങളിൽ ഒന്നാം സ്ഥാനം നേടിയിട്ടുണ്ട്. പെരുമ്പി ലാവിലും കടവല്ലൂരിലും ഈ വിധം ദപ്പ്മുട്ട് സംഘങ്ങളുണ്ട്.

രാക്കല്യാണങ്ങളിൽ പെട്രോമാക്സുമായി നീങ്ങുന്ന ഘോഷയാത്രകളിൽ മോയിൻകുട്ടി വൈദ്യ രുടെയും മറ്റും മാപ്പിളപ്പാട്ടുകളും ബദർ,ഉഹദ് പടപ്പാട്ടുകളും, കൈക്കൊട്ടിപ്പാടി നീങ്ങിയിരുന്ന സ്ത്രീ കളുടെയും പുരുഷന്മാരുടേയും സംഘങ്ങൾ എന്നിവയും ഉണ്ട് പഴമക്കാരുടെ ഗൃഹാതുര സ്മരണ കൾ മാത്രമായി മാറിയിരിക്കുന്നു. പക്ഷേ വിവാഹത്തലേന്ന് നടക്കുന്ന മൈലാഞ്ചിക്കല്യാണങ്ങളിൽ ഒപ്പന ഇന്നും ഒരു ആവശ്യഘടകമാണ്..

പരുവക്കുന്ന് മുസ്ലീം പള്ളി ജാറത്തിങ്ങൽ നടന്നു വരാറുള്ള നേർച്ചക്ക് അണിനിരക്കുന്ന കോൽക്കളി, ദപ്പ്മുട്ട് അറബ്നമുട്ട്, തീപ്പന്തം വീശൽ എന്നീ മാപ്പിള കലാ പ്രകടനങ്ങൾ ആയിരങ്ങളെ ആകർഷിക്കുന്നു.

വിവിധ പള്ളി 'മദ്രസ കമ്മറ്റികളുടെ നേതൃത്വത്തിൽ കൊണ്ടാടപ്പെടാറുള്ള നബി ദിനാഘോഷ ങ്ങളുടെ ഭാഗമായി മാപ്പിള കലാപ്രകടനങ്ങൾ അണിനിരക്കുന്ന ഘോഷയാത്രകൾ, മത പ്രസംഗങ്ങൾ, കലാമത്സരങ്ങൾ എന്നിവ നടക്കാറുണ്ട്.

ഉഴിച്ചിൽ പിഴിച്ചിൽ, ആയോധനകലാകായികാഭ്യാസ പ്രകടനങ്ങൾ എന്നിവയിൽ പ്രാവിണ്യ മുള്ള പാരമ്പര്യ മുഹമ്മദീയ ഗുരുക്കൾ കുടുംബങ്ങൾ ഒറ്റപ്പിലാവ് തുടങ്ങിയ പ്രദേശങ്ങളിലുണ്ട്. അബ്ദുഗുരുക്കൾ, ബാവുഗുരുക്കൾ കുട്ടിഹസ്സൻ ഗുരുക്കൾ സെയ്തലവി ഗുരുക്കൾ എന്നിവർ ലോക പ്രശസ്തമായ കമലാ സർക്കസ്സിലെ ത്രിറിംഗ് കലാകാരന്മാരായിരുന്നു. പിന്നീട് അവർ സ്വന്തമായി സർക്കസ്സ് കമ്പനി തുടങ്ങുകയും വാർദ്ധക്യാവശതയിൽ സർക്കസ്സ് കലയോടു വിടപറയുകയും ചെയ്തു. ഇവരുടെ സഹോദരനായ മുഹമ്മദ് ഗുരുക്കളും ബന്ധുക്കളും ഇന്ന് കളരി മർമ്മാണി തൈല നിർമ്മാ ണത്തിൽ ഏർപ്പെട്ടിരിക്കുന്നു. ഒറ്റപ്പിലാവ്, വളാഞ്ചിറ എന്നിവിടങ്ങളിൽ കേളികേട്ട കളരിയാശാന്മാരും കായികാഭ്യാസികളും പങ്കെടുക്കുന്ന ഓണത്തല്ല് മുൻകാലങ്ങളിൽ നിരവധി ദേശങ്ങളിൽ നിന്നുംപ്രേ ക്ഷകരെ ആകർഷിച്ചിരുന്നതായി പഴമക്കാർ ഓർക്കുന്നു.

## ക്ഷേത്രങ്ങളും അനുഷ്ടാനകലകളും

കടവല്ലൂർ ശ്രീരാമ ക്ഷേത്രത്തിനു പുറമെ എടയൂർ നരസിംഹ മൂർത്തി ക്ഷേത്രം മണ്ഡപത്തി ങ്കൽ മുക്തിഭഗവതി ക്ഷേത്രം കുണ്ടൂർ വിഷ്ണുക്ഷേത്രം പൊറവൂർ ശിവക്ഷേത്രം കൊരട്ടിക്കര ഭഗവതിക്ഷേത്രം കൊടിയഞ്ചിറ ദേവീ ക്ഷേത്രം കരിക്കാട് വിഷ്ണുക്ഷേത്രം കരിക്കാട് ഭട്ടിമുറി മഹാ വിഷ്ണുക്ഷേത്രം പുതിയഞ്ചേരിക്കാവ് ദേവീ ക്ഷേത്രം, അയ്യപ്പകാവ്ക്ഷേത്രം, കൊടിക്കുന്നത്തുകാവ് ക്ഷേത്രം, പള്ളിക്കുളം ശിവക്ഷേത്രം, എരട്ടക്കുളങ്ങര വിഷ്ണുക്ഷേത്രം, തൃച്ചൂടല ശിവക്ഷേത്രം, തിപ്പലശ്ശേരി വിഷ്ണുക്ഷേത്രം എന്നീ ഹൈന്ദവ ദേവാലയങ്ങളും പഞ്ചായത്ത് അതിർത്തിക്കകത്ത് സ്ഥിതിചെയ്യുന്നു. ഈ ക്ഷേത്രങ്ങളിലെ ഉത്സവങ്ങളോടനുബന്ധിച്ച് തിറ, പൂതൻ, കരിങ്കാളി, മൂക്കോൻ ചാത്തൻ ദാരികനും കാളിയും തുടങ്ങിയ നാടൻ കലാരൂപങ്ങൾ കെട്ടിയാടാറുണ്ട്. ഇവയിൽ തിറമണ്ണാ

ന്മാരും മറ്റുള്ളവയെല്ലാം പറയ (സാംബവ) സമുദായക്കാരുമാണ് കെട്ടിയാടാറ്. പക്ഷെ ഈ സമുദായ ങ്ങളിലെ യുവതലമുറ ഇവ കെട്ടിയാടാൻ ഇന്ന് മടിച്ചു നിൽക്കുകയാണ്. ഈ നിലക്ക് ഒരു തലമുറ കൂടി കഴിഞ്ഞാൽ ഈ കലാരൂപങ്ങൾ അപ്രത്യക്ഷമാകുമോ എന്നു ഭയക്കേണ്ടിയിരിക്കുന്നു.

ഇതേ സമുദായത്തിന്റെ തന്നെ തനതു കരകൗശല വേലയായ മുളകൊണ്ടുള്ള കുട്ട, മുറം എന്നിവ നെയ്യാൻ പരിശീലിക്കാനും യുവതലമുറ തയ്യാറാല്ലാത്തതിനാൽ ഇതെല്ലാം അന്യം നിന്നു പോകുന്ന സ്ഥിതി വിശേഷങ്ങളാണ് നിലവിലുള്ളത്.

ആഭിചാരകർമ്മമായ ഒടിവിദ്യയിൽ പ്രാവിണ്യം നേടിയ വ്യക്തികളും മുൻതലമുറകളിൽ ഇവിടെ ഉണ്ടായിരുന്നതായി പറയപ്പെടുന്നു.

'ചാവോ' അഥവാ ചാക്കേട എന്ന മരിച്ച വീട്ടിൽ വേദമോതുന്ന പതിവുള്ള സാംബവർ ഇവിടെ യുണ്ട്. മഹാഭാരതകഥയാണ് ചാവേടിന്റെ ഇതിവൃത്തം. ഇത് നടത്തുന്ന ഒരേയൊരു ഹൈന്ദവസമു ദായമാണ് സാംബവർ. പറയരു വേലയുടെ അന്ത്യത്തിൽ സാംബവ സ്തീകൾ മുടിയാട്ട് നടത്തുന്ന സമ്പ്രദായം ഇന്നും തുടർന്നു വരുന്നുണ്ട്. പുലയരുടെ കാളക്കളിയും കുതിരകളിയും പെരുമണ്ണാൻ സമുദായക്കാരുടെ മണ്ണാർ പൂതം പാണന്മാരുടെ നായാടിക്കളി എന്നിവയും ഉത്സവങ്ങളോടനുബ ന്ധിച്ച് അരങ്ങേറപ്പെടാറുണ്ട്.

## പള്ളികൾ

പഞ്ചായത്തിലെ ഏറ്റവും പഴക്കമുള്ള മുസ്ലീം ദേവാലയം പെരുമ്പിലാവ് സെൻട്രൽ ജുമാമസ്ജി ദാകുന്നു. ഇതിന് ഇരുനൂറ്റി അമ്പതിലേറെ വർഷത്തെ പഴക്കമുണ്ട്. വിവിധദേശങ്ങളിൽ നിന്നും മതപരമായ ഉപരി പഠനത്തിനു വിദ്യാർത്ഥികൾ താമസിച്ചു പഠിക്കുന്ന ഇവിടത്തെ ദർസ് (മത പഠന കേന്ദ്രം) പ്രസിദ്ധമാണ്. പ്രസിദ്ധ മുസ്ലീം ദിവ്യൻ അക്കടിപ്പുറം അബൂബക്കർ മുസ്ല്യാർ ഉൾപ്പെടെയുള്ള വർ ഇവിടെ മുദരയ്യീസ് (പ്രധാനാദ്ധ്യാപകൻ) ആയിരുന്നിട്ടുണ്ട്. ഇതിനും പുറമെ ഒറ്റപ്പിലാവ് കൊരട്ടി ക്കര, പരുവക്കുന്ന്, ആൽത്തറ, പള്ളിക്കുളം, വില്ലനൂർ, കരിക്കാട്, കടവല്ലൂർ, പെരുമ്പിലാവ്, അൻസാർ എന്നീ ജുമാമസ്ജിദുകളും ഏതാനും നിസ്കാരപള്ളികളും പഞ്ചായത്തിൽ സ്ഥിതിചെയ്യുന്നു. കല്ലുംപുറം കൊരട്ടിക്കര, കടവല്ലൂർ, കോട്ടോൽ, കരിക്കാട്, എന്നിവടങ്ങളിലായി എട്ടു ക്രൈസ്തവ ദേവാലയ ങ്ങളും പഞ്ചായത്തിൽ സ്ഥിതിചെയ്യുന്നുണ്ട്. ഇവയിൽ നടക്കാറുള്ള പള്ളിപ്പെരുന്നാളുകൾ നാനാ ജാതി മതസ്തരായ ആയിരങ്ങളെ ആകർഷിക്കാറുണ്ട്.

## സാമുദായിക സൗഹാർദ്ദം

ഇത്രയേറെ ഹിന്ദു-മുസ്ലീം ക്രൈസ്തവ ദേവാലയങ്ങൾ തോളുരുമ്മി നിൽക്കുന്ന ഈ പഞ്ചായ ത്തിലെ സാമുദായിക സൗഹാർദ്ദം മാതൃകാപരമാണ് ഉത്സവങ്ങൾക്കും നേർച്ചകൾക്കും പള്ളിപ്പെരു ന്നാളുകൾക്കെല്ലാം ഇതര ജാതി മതസ്ഥരും ആത്മാർത്ഥമായി സഹകരിക്കുകയും പങ്കുകൊള്ളുക യും ചെയ്യുന്നു. ഒറ്റപ്പിലാവ് പള്ളി മദ്രസയുടെ നബിദിനാഘോഷച്ചടങ്ങുകളിലും ഘോഷയാത്രയിലും ചെറിയ തോതിൽ നാനാജാതി മതസ്ഥർ പങ്കെടുക്കുന്ന പതിവുണ്ട്. ഈ കാലഘട്ടത്തിൽ ഇത്തൊ രമൊരു സംഭവം തികച്ചും സ്തുത്യർഹമാണ്. കൂടാതെ ഇതേ പള്ളിയുടെ പുനരുദ്ധാരണ ഉൽഘാട നത്തിൽ ഇസ്ലാം മത പണ്ഡിതന്മാരോടൊപ്പം, സ്വാമി അവ്യയാനന്ദ, കുന്ദംകുളം ബിഷപ്പ് മാർ മിലി ത്തേയോസ് തിരുമേനി എന്നിവരും പങ്കെടുത്തു പ്രസംഗിക്കുകയുണ്ടായി എന്നതും ഇവിടെ സ്മരണീ യമാണ്. പഞ്ചായത്തിലെ വിവിധ മഹല്ല് കമ്മറ്റികളുടെ നേതൃത്വത്തിൽ നടന്നുവരാറുള്ള മതപ്രസംഗ പരമ്പരകളിലും ജാതി മതഭേദംകൂടാതെ ആബാലവൃദ്ധം ജനങ്ങൾ പങ്കെടുക്കാറുണ്ട്.

## ഐതിഹ്യപ്പഴമ

ഐതിഹ്യപ്പഴമയിലും ഈ പഞ്ചായത്തിലെ നാട്ടകങ്ങൾ സമ്പന്നമാകുന്നു. പെരുമ്പിലാവിനു കിഴക്കുവശത്തു സ്ഥിതിചെയ്യുന്ന ഉൾപ്രദേശമായ ആൽത്തറ മുൻകാലങ്ങളിൽ ചെട്ടി ആൽത്തറ എന്നാണ് അറിയപ്പെട്ടിരുന്നത്. അവിടെ പണ്ട് വണിക്കുകളായ ചെട്ടികളുടെ ആവാസ കേന്ദ്രമായിരുന്നുവത്രെ. വാഹന സൗകര്യങ്ങൾ വളരെ കുറവായിരുന്ന അക്കാലത്ത് നമ്മുടെ ഉൾപ്രദേശങ്ങളിലെ ബഹുമുഖമായ വ്യാപാരക്കുത്തക ഇവർക്കായിരുന്നു എന്ന് പറയപ്പെടുന്നു. ഇവരുടെ സമ്പത്തക്കു നിദർശനമായി പറഞ്ഞു കേൾക്കുന്ന ഒരു കഥയുണ്ട്. ഒരിക്കൽ കൊല്ലങ്കോട് കൊട്ടാരത്തിൽ സ്വർണ്ണനിർമ്മിതമായ ഒരു കദളിപ്പഴക്കുല മോഷണം പോയി. അത് ആൽത്തറയിലെ ചെട്ടികൾക്കു കിട്ടിയിട്ടുണ്ടെന്നായി ആരോപണം. രാജഭരണം നിലനിന്നിരുന്ന കാലം രാജകിങ്കരന്മാർ ആൽത്തറയിൽ വന്നു. ചെട്ടികളുടെ കാരണവന്മാർ രാജകിങ്കരന്മാരോടു പറഞ്ഞു. "പരിഹാരമുണ്ടാക്കാം രണ്ടുദിവസത്തെ സമയം തരണം" രാജകിങ്കരന്മാർ സമ്മതിച്ചു. അവർ കാത്തു നിന്നു. മൂന്നാം ദിവസം കാണുന്ന കാഴ്ച കണ്ണഞ്ചിപ്പിക്കുന്നതായിരുന്നു.

ആൽത്തറയിലുള്ള ആകെയുള്ള നാൽപത് വണിക്ക് ചെട്ടികളുടേയും ഭവനങ്ങളിൽ നാല്പതു സ്വർണ്ണകദളിക്കുലകൾ തൂങ്ങിന്നിരുന്നു. രാജകിങ്കരന്മാരോടു കാരണവർ ചോദിച്ചു. " ഇതിൽ ഏതാണ്ട് തമ്പുരാന്റെ കദളിക്കൂലി" അത്ഭുത പരതന്ത്രനായിത്തീർന്ന രാജകിങ്കരന്മാർ ചെട്ടിമാരോട് മാപ്പു റഞ്ഞ് തിരിച്ചുപോയെന്നാണ് ഐതിഹ്യം.

ചെട്ടിമാർ ഇവിടെ ക്ഷേത്രവും ആൽത്തറയും സ്ഥാപിച്ചിരുന്നു. ഈ ആൽത്തറയിലാണ് അവർ പതിവായി വാണിഭം നടത്താറുള്ളത്. പിന്നീടുള്ള കാലത്ത് ഇവർ സാമ്പത്തികമായി തകർന്നു പോവുകയും തുടർന്ന് കായികാഭ്യാസവേലകൾ കൊണ്ടു കാലം കഴിക്കുകയും ചെയ്തു. ചെട്ടികൾ ഇവിടെ അധിവസിച്ചിരുന്നുവെന്ന കാര്യം കേവലം ഐതിഹ്യമല്ല, ചരിത്രം തന്നെയാണെന്ന് പഴമക്കാർ തറപ്പിച്ചു പറയുന്നുണ്ട്. ചെട്ടി ആൽത്തറ എന്ന സ്ഥലപ്പേര് ഇന്ന് ഓർമ്മ മാത്രമായി. ആൽത്തറ എന്നുമാത്രമാണ് ഇന്നു പറയപ്പെടുന്നത്. ചെട്ടി കുടുംബങ്ങളും ഇന്ന് ഇവിടെ ഇല്ല. ചെട്ടി സങ്കേതം നിന്നിരുന്ന സ്ഥാനത്ത് ഇന്ന് എൽ.പി. സ്കൂൾ നിലകൊള്ളുന്നു.

വട്ടമാവ് പ്രദേശത്തിന് ആ പേരു വന്നത് ഒരു പടുകൂറ്റൻ മാവിൽ നിന്നാണത്രേ. 300 ഇഞ്ച് ചുറ്റളവും 15 അടി ഉയരവും ഉള്ളതായത്തടിയോടുകൂടി വട്ടത്തിൽ ശാഖകൾ പരത്തി നിറയെ കായ്കളുമായി നിന്ന ഈ പുളിമാവ് NH റോഡ് പണിക്കുവേണ്ടി മുറിച്ചു മാറ്റുകയായിരുന്നു.

കോട്ടോൽ കുന്നിന്റെ നെറുകയിൽ അതിരാളൻ കുന്ന് (അസുരമഹാകാളൻ കാവ്) എന്നൊരു പ്രാചീനക്ഷേത്രവും 'ആനറാൻ കുഴി' എന്നൊരു ഗുഹാമാർഗ്ഗവും ഇന്നും കാണാം. കുന്നിൻ താഴ്വരയിലെ പിലാക്കാട്ടുകുളത്തിൽ നിന്നും താലപ്പൊലിക്ക് ആനയും അമ്പാരിയുമായി കൊട്ടിക്കയറാൻ ഗുഹാമാർഗ്ഗത്തിൽ കല്പടവുകളുണ്ടായിരുന്നുവത്രേ പണ്ട്.

ഒരു വർഷം ഉത്സവത്തിന് കൊട്ടിക്കയറുമ്പോൾ ആനയും പരിവാരവും മണ്ണിൻ താഴ്ന്നുപോകുകയും പിലാക്കാട്ടുകുളത്തിൽ ചത്തുപൊന്തുകയും ചെയ്തു. പിന്നെ ഇതുവരെ അതിരാളൻ കാവിൽ ഉത്സവമുണ്ടായിട്ടില്ല.

കളരിപ്പയറ്റിൽ പൊന്നാട ലഭിച്ചിട്ടുള്ള കോട്ടോൽ കളരിക്കൽ ഗോപിപ്പണിക്കർ ഒന്നാംന്തരം ഉഴിച്ചിൽ വിദഗ്ദനും അമല ആസ്പത്രി ഉഴിച്ചിൽ വിഭാഗത്തിന്റെ തലവനുമാണ്. ഇദ്ദേഹത്തിന്റെ പിതാവായിരുന്ന കളരിക്കൽ കിട്ടുണ്ണിപ്പണിക്കർ വിവിധ ദേശങ്ങളിൽ ശിഷ്യ സമ്പത്തുള്ള കളരി അഭ്യാസിയും പാരമ്പര്യ വൈദ്യനുമായിരുന്നു.

കോട്ടോൽ നിവാസികളായ ഇവർ 'കോട്ടോൽ' പണിക്കന്മാർ എന്ന പേരിലാണറിയപ്പെടുന്നത്. ഇവരെ കുറിച്ചുമുണ്ട് ഒരു ഐതിഹ്യം.



സാമൂതിരിയുടെ പടനായകന്മാരായ ഇവർ പണ്ട് കോട്ടയിൽ പണിക്കന്മാർ എന്നാണ് അറിയപ്പെട്ടിരുന്നത്. എന്തോ കാരണവശാൽ സാമൂതിരിത്തമ്പുരാന് ഇവരോട് അപ്രീതി തോന്നുകയും ഇവിടെ കൊണ്ടുവന്ന് സ്ഥലം പതിപ്പിച്ചുകൊടുത്ത് താമസിപ്പിക്കുകയും ചെയ്തു. കോട്ടോൽ കരിക്കാട് പ്രദേശം അന്ന് കാടായിരുന്നുവത്ര. കോട്ടയിൽ പണിക്കർ മാർ വന്ന് താമസമാക്കിയതോടെയാണ്, 'അരുവായ്' എന്നു പേരുണ്ടായിരുന്ന ഈ പ്രദേശത്തിന് 'കോട്ടയിൽ' എന്ന പേര് സിദ്ധിച്ചത്. പിന്നീട് കാലക്രമത്തിൽ 'കോട്ടയിൽ' ലോപിച്ച് ഇന്നത്തെ 'കോട്ടോൽ' ആയി.

കൊടുങ്ങല്ലൂർ ക്ഷേത്രത്തിൽ ഭരണിയുത്സവത്തിന് 'കോട്ടോൽ പണിക്കർ വന്നിട്ടുണ്ടോ? എന്ന് വിളിച്ചു ചോദിച്ചിരുന്ന ഒരു കാലം ഉണ്ടായിരുന്നുവെന്ന് പഴമക്കാർ പറയുന്നു.

കരിക്കാട് വില്ലേജിൽ പാതാക്കര എന്നൊരു സ്ഥലമുണ്ട്. കൊട്ടാരത്തിൽ ശങ്കുണ്ണി ഐതിഹ്യമാലയിൽ പരാമർശിക്കുന്ന അങ്ങാടിപ്പുറത്തെ പാതായിക്കര നമ്പൂതിരിമാർ ഇവിടെ വന്ന് പോയവരാണെന്ന് പറയപ്പെടുന്നുണ്ട്. പാതാക്കരയിലെ പ്രാചീനമായ ക്ഷേത്രകിണറ്റിൽ ഒരു മനയുടെ അവശിഷ്ടങ്ങൾ കാണപ്പെട്ടിരുന്നുവെന്ന് ഈ ഊഹത്തിന് ആക്കം കൂട്ടുകയും ചെയ്യുന്നു.

ചങ്ങമ്പിള്ളി ഗുരുക്കൾ എന്ന മുഹമ്മദീയഭ്യാസിയുടെ ശിഷ്യനും ഐതിഹ്യമാലയിൽ പരാമർശിക്കപ്പെടുന്ന മഹാഅഭ്യാസിയുമായിരുന്ന പെരുമ്പിലാവിൽ കേളുണ്ണിമേനോന്റെ പൂർവ്വികർ പഴയക്കാലത്ത് ഈ പഞ്ചായത്തിലെ പെരുമ്പിലാവ് ദേശക്കാരായിരുന്നുവെന്നും ഒരു മതമുണ്ട്.

## നാടൻ പാട്ടുകളും കലകളും

ഇന്ത്യയിലെ ഏറ്റവും പഴക്കമുള്ള മതാനുഷ്ഠാനം നാഗാരാധനയാണെന്നു ചരിത്രരേഖകളിൽ കാണുന്നു. പാമ്പും അമ്മദൈവവും ദ്രാവിഡ സംസ്കാരത്തിന്റെ സംഭാവനയാണെന്നു ഡോ. ആനന്ദ കുമാരസ്വാമി India and Indonation Art എന്ന ഗ്രന്ഥത്തിൽ പറഞ്ഞിട്ടുള്ളതിനെ ഉദ്ധരിച്ചുകൊണ്ട് ഡോ. ചേലനാട്ട് അച്ചുതമേനോൻ 'കേരളത്തിലെ കാളീസേവ' എന്ന ഗ്രന്ഥത്തിൽ സമർത്ഥിക്കുന്നുണ്ട് (പേജ് 2)

സർപ്പക്കാവുകൾ പരക്കെ ഉണ്ടായിരുന്ന ഈ മേഖലയിലെ മേഖലയിലെ ഹൈന്ദവ തറവാട്ടുകളിൽ ഇന്ന് അവയുടെ എണ്ണം അംഗുലീ പരിമിതം മാത്രം. നാഗക്കളപ്പാട്ട് പാമ്പിൻ തുള്ളൽ എന്നീ അനുഷ്ഠാനങ്ങളും തദനുസൃതമായി കുറഞ്ഞിട്ടുണ്ട്. പുള്ളുവൻ പാട്ട് തക്കളപാട്ട് എന്നിവയും നാമാവശേഷമായി.

ഇവിടത്തെ ഈഴവർ പുലയർ പറയർ എന്നീ സമുദായക്കാരുടെ ഭവനങ്ങളിൽ കെട്ടിയാടപ്പെടാറുള്ള അനുഷ്ഠാന കലാരൂപമാണ് 'മലദേവിയാട്ടം' മലദേവി (കരിനീലി)യുടെ കോലവും മലവേടൻ കോലവും കെട്ടി രാത്രി മുഴുവൻ ആടിപ്പാടി ഇത് ആചരിക്കുന്നു. പറയരുക്കാവിൽ വേലയ്ക്കാണ് പറയസമുദായക്കാർ ഇത് സ്വന്തം തറവാടുകളിൽ കെട്ടിയാടുക. ഈഴവ, പുലയ ഗൃഹങ്ങളിൽ മറ്റു അവസരങ്ങളിൽ ഇവർ തന്നെ ചെന്ന് ഇത് കെട്ടിയാടുന്നു.

തിരുവാതിരയോടനുബന്ധിച്ച് മകീര്യം രാവിൽ ചെറുപ്പക്കാർ വാഴയുടെ ഉണങ്ങിയ ഇലകൾ ശരീരത്തിൽ വെച്ചുകെട്ടി 'ചോഴി' ആടുന്നപതിവ് ഇന്നുമുണ്ട്. "മഞ്ഞക്കാട്ടിൽ ചെന്നാൽപ്പിന്നെ മഞ്ഞക്കിളിയെ പിടിക്കാലോ......" എന്നാരംഭിക്കുന്ന നാടൻപ്പാട്ടാണ് ഈ അവസരത്തിൽ പാടുന്നത്. ചെണ്ട ഇലത്താളം എന്നിവയാണ് വാദ്യങ്ങൾ. യമൻ, ചിത്ര ഗുപ്തൻ, ചോഴികൾ എന്നീ വേഷങ്ങൾ ഇതിൽ ഉണ്ടായിരിക്കും. യമന്റെ ഭൂതഗണങ്ങളത്രെ ചോഴികൾ. ചോഴിവേഷം കുട്ടികളും മറ്റുവേഷം മുതിർന്നവരും കെട്ടുന്നു. ചിത്ര ഗുപ്തൻ, യമൻ എന്നീ വേഷങ്ങൾ മുഖം മൂടിയും കറുത്ത ഉടുപ്പും ധരിക്കും.

വീടുതോറും കയറിക്കളിക്കുന്ന ഇവർക്ക് പണവും വസ്ത്രവും മറ്റും ലഭിക്കുന്നു.

മണ്ണാൻ വേലപ്പൻ തുടങ്ങിയ പ്രശസ്തരായ നന്തുണ്ണിപ്പാട്ട് കലാകാരന്മാരും പഴയക്കാലത്ത് ഇവിടെ ഉണ്ടായിരുന്നു. ഇന്ന് ആ കലാരൂപവും അപചയം നേരിടുകയാണ്.

പാണന്മാരുടെ തുകിലുണർത്തുപ്പാട്ടുകൾ നമ്മുടെ നാട്ടകങ്ങളെ ഉണർത്തിയിരുന്നു ഓണക്കാലങ്ങൾ ഇന്ന് ഓർമ്മ മാത്രമായി. ധനു - മകരം മാസങ്ങളിൽ ശാസ്താമ്പാട്ടും (കാണിപ്പാട്ട്) ഉടുക്കിന്റെ താളവും നമ്മുടെ ഉൾനാടുകളെ ഇന്നും പുളകമണിയിക്കാറുണ്ട്. ശാസ്താവും മുഹമ്മദീയനായ ഇഷ്ട തോഴൽ വാവരും തമ്മിലുള്ള സൗഹൃദം ഘോഷിക്കുന്ന ഈ പാട്ടുകൾ സമുദായ സൗഹാർദ്ദത്തിൽ നമുക്കുള്ള മാതൃകാപരമായ പൈതൃകത്തിലേക്കു ചൂണ്ടുന്നു.

ഹൈന്ദവ വിവാഹഘോഷയാത്രയുടെ മുൻനിരയിൽ പരിചമുട്ട് കളിക്കാർ ചുവടുവെച്ചു നീങ്ങിയിരുന്നു ഒരു കാലം പഴമക്കാർ ഓർക്കുന്നുണ്ട് പരിചമുട്ട് കളി ഇന്നും ഇവിടെ വേരറ്റിട്ടില്ലി. മേളകളിലും സംസ്കാരികഘോഷയാത്രയിലും മറ്റും അവ അപൂർവ്വമായി സ്ഥാനം പിടിക്കാറുണ്ട്. കോൽക്കളി പോലെ പരിചമുട്ടും നമ്മുടെ പ്രാചീന കളരി സംസ്കാരവുമായി ബന്ധമുള്ള കലയാണ്.

ഒരു പഴയകാല പരിചമുട്ട് ആചാര്യനായ കൊള്ളഞ്ചേരി മൂച്ചിക്കൂട്ടത്തിൽ ചാത്ത ഇന്നും ജീവിച്ചിരിക്കുന്നു.

ഒറ്റപ്ലാവിനടുത്തുള്ള പുതിയഞ്ചേരിക്കാവ് ക്ഷേത്രത്തിൽ മുൻക്കാലങ്ങളിൽ തോൽപ്പാവക്കൂത്ത് പതിവുണ്ടായിരുന്നുവത്രേ. ഇന്ന് ആ പതിവ് നിലച്ചിരിക്കുന്നു.

തിരുവാതിരപ്പാട്ടുകളും കൈകൊട്ടിക്കളിയും മറ്റും ഒരു കാലത്ത് നമ്മുടെ നാട്ടകങ്ങളെ സജീവമാക്കിയിരുന്നു. ഇന്ന് ഇവ അത്യപൂർവ്വമായി മാത്രമേ കേൾക്കാറുള്ളൂ. ഞാറു നടുകയും പുല്ല് പറിക്കുകയും ചെയ്യുന്ന പണിക്കാരിപ്പെണ്ണുകളുടെ ചുണ്ടുകളിൽ നിന്നുയരുന്ന വടക്കൻപാട്ടുകൾ അടുത്ത കാലം വരെ നമ്മുടെ പാടശേഖരങ്ങളെ പുള്കമണിയിച്ചിരുന്നു. ഇന്ന് അവ നിലച്ചിരിക്കുന്നു. ഉഴവുപാട്ടുകളും തേക്കുപാട്ടുകളും അന്യം നിന്നുപോയി. അത്തപ്പൂക്കളമിടാൻ പൂക്കൾ തേടി അലയുന്ന കുട്ടികളുടെ സംഘങ്ങളും അവർ പാടുന്ന 'കറ്റക്കറ്റക്കയറിട്ടേ' എന്നാരംഭിക്കുന്ന പഴമ്പാട്ടും ഓർമ്മ മാത്രമായി ക്രൈസ്തവരുടെ മാർഗ്ഗം കളിയും അപചയത്തിലാണ്.

ഈ വിധം മൺമറഞ്ഞുകൊണ്ടിരിക്കുന്ന നിരവധി നാടൻ പാട്ടുകളുടേയും അനുഷ്ഠാനപരവും അല്ലാത്തതുമായ നാടൻ കലാരൂപങ്ങളുടേയും മാപ്പിളക്കലകളുടേയും പ്രാക്തന സംസ്കൃതികളുടേയും കലവറയായ ഈ പഞ്ചായത്തിലെ ഗ്രാമങ്ങളിലേക്ക് സാംസ്കാരിക വകുപ്പിന്റേയും ഫോക്ക്ലോർ അക്കാദമി തുടങ്ങിയ സ്ഥാപനങ്ങളുടേയും സത്വര ശ്രദ്ധ പതിയാത്ത പക്ഷം വൈവിധ്യമാർന്ന ഈ തനതുകലാരൂപങ്ങൾ ഈ തലമുറയോടുകൂടി മണ്ണടിഞ്ഞു പോകുമെന്നുള്ളതിൽ പക്ഷാന്തരമില്ല.

## എഴുത്തുകാരും കലാകാരന്മാരും

പ്രശസ്ത പണ്ഡിതനും നിരവധി പ്രൗഢഗ്രന്ഥങ്ങളുടെ രചയിതാവുമായ പി.കെ. മുഹമ്മദ് കുഞ്ഞി, കേരള സാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ച 'ചാവേർപ്പട' എന്ന നാടകത്തിന്റെ കർത്താവും ചലച്ചിത്ര സംവിധായകനുമായ ശ്രീ അസീസ്, മലയാളത്തിലെ എല്ലാ പ്രമുഖ പത്രവാരികകളിലും എഴുതാറുള്ള ഉപന്യാസക്കാരനും കഥാകൃത്തും റേഡിയോ പ്രഭാഷകനുമായ വി.പി. മുഹമ്മദാലി, ചരിത്രാന്വേഷകനും എഴുത്തുകാരനുമായ പി.എം.എൻ. നമ്പൂതിരി എന്നിവരും ഈ പഞ്ചായത്തുക്കാരാണ്. ശ്രീ മുഹമ്മദാലിയുടെ ഒരു നോവലൈറ്റ് കന്നട ഭാഷയിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. മദ്ദളകേസരി കടവല്ലൂർ അരവിന്ദാക്ഷൻ, ഗോവിന്ദൻ നായർ, ശങ്കുണ്ണി നായർ എന്നീ മദ്ദള വിദഗ്ധന്മാർ കടവല്ലൂരിന്റെ നാമധേയം രാജ്യത്തുടനീളം എത്തിച്ചവരാണ്. ചെണ്ട വാദ്യ വിദഗ്ധനായ കടവല്ലൂർ അച്ചുത മാരാർ തിമിലവിദഗ്ദനായ ചന്ദ്രമാരാർ എന്നിവരും പ്രശസ്തരുടെ

പട്ടികയിലാണ്.

സാധാരണ ഇരുമ്പു പണിമുതൽ മെഷിനുകൾ വരെ കൈകാര്യം ചെയ്യുന്ന കരുവന്മാരും വിദഗ്ദ്ധ ആശാരിമാരും കമനീയമായ ദീപസ്തംഭങ്ങൾ വരെ നിർമ്മിക്കുന്നു മൂശാരിമാരും ഈ പഞ്ചായത്തിലുണ്ട്. അനുഗ്രഹീതരായ കെട്ടിട നിർമ്മാണ വിദഗ്ധരും വാസ്തു വിദ്യാ പ്രവീണരായ എഞ്ചിനീയർമാരും ഇവിടെയുണ്ട്.

പരമ്പരാഗതരീതിയിൽ കൈനോട്ടവും പക്ഷിശാസ്ത്രവുമായി ഉപജീവിക്കുന്ന കുറത്തികളും പുല്പായ കച്ചവടക്കാരായ കുറവന്മാരും പഞ്ചായത്തിലെ സ്ഥിരവാസികളിൽപെടുന്നു.

## വാസ്തുവിദ്യ

നമ്മുടെ പഞ്ചായത്തിലെ കെട്ടിടങ്ങളിൽ പകുതിയോളവും ഇന്നും ഓടിട്ട വീടുകളാണ്. കോൺക്രീറ്റ് മന്ദിരങ്ങളിൽ ഏറിയ പങ്കും ഗൾഫ് മിഴി തുറന്നശേഷമാണ് രൂപം കൊണ്ടത്. അങ്ങിങ്ങ് ഓലമേഞ്ഞ പുരകളും പഞ്ചായത്തിൽ ഇന്നും കാണാം. പ്രാചീന വാസ്തു നിദർശനങ്ങളായ ഒട്ടേറെ ദേവാലയങ്ങളും പഴയ തറവാടുകളും പഞ്ചായത്തിലുണ്ട്.

ഞങ്ങളുടെ ദേവാലയങ്ങൾ ആധുനിക വാസ്തുവിദ്യയും പരമ്പരാഗത തച്ചു ശാസ്ത്രവും സംയോജിപ്പിച്ച് കോൺക്രീറ്റ് മന്ദിരങ്ങളായി പുതുക്കിപ്പണിയുന്നതിൽ ഹിന്ദു-മുസ്ലീം-ക്രൈസ്തവ സമുദായങ്ങൾ ഒരേപോലെ ഔത്സുക്യം പ്രകടിപ്പിച്ചുകാണുന്നു. ഇതോടെ സൗകര്യങ്ങളും പകിട്ടും വർദ്ധിക്കുമെങ്കിലും ദേവാലയങ്ങളുടെ തനതു രൂപശാലീനത നഷ്ടപ്രായമാകുന്നുണ്ട്.

## സാംസ്കാരിക കേന്ദ്രങ്ങൾ

പഞ്ചായത്തിനു ഒരു സാംസ്കാരിക നിലയവും ലൈബ്രറി റൂമും നിർമ്മിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ടെങ്കിലും അതോടനുബന്ധിച്ച് ഒരു ഗ്രന്ഥശാല ആരംഭിക്കുവാൻ ഇനിയും കഴിഞ്ഞിട്ടില്ല. പുസ്തകങ്ങളും ആനുകാലികങ്ങളും നാട്ടുകാർക്ക് വായിക്കാൻ ലഭിക്കുമാറ് ഒരു പഞ്ചായത്ത് വായനശാലയും ഗ്രന്ഥശാലയും ഉടനെ ആരംഭിക്കേണ്ടിയിരിക്കുന്നു.

ഒട്ടേറെ വായനശാലകളും കായികകലാസമിതികളും പ്രവർത്തിച്ചിരുന്ന ഈ പഞ്ചായത്തിൽ ഇന്ന് അവയുടെ എണ്ണം കുറഞ്ഞിട്ടുണ്ട്. 1947ന് മുമ്പ് തന്നെ കല്ലും പുറത്ത് ഗ്രാമീണ വായനശാല പ്രവർത്തിച്ചിരുന്നതാണ്. ഇന്ന് അത് നാമാവശേഷമായി കാൽ നൂറ്റാണ്ടുമുമ്പ് പ്രവർത്തിച്ചിരുന്ന കടവല്ലൂർ വചസ്പതി സ്മാരക ഗ്രന്ഥശാലയും ഇപ്പോൾ പ്രവർത്തിക്കുന്നില്ല. കോട്ടോൽ ഗ്രാമീണ വായനശാല പൊറവൂർ വായനശാല കൊരട്ടിക്കര ഉദയ വായനശാല ആൽത്തറ ഗ്രാമീണ വായനശാല വടക്കേകരിക്കാട് ഗ്രാമീണ വായനശാല എന്നിവയും കടവല്ലൂർ ഡിമോസ് ക്ലബ്, കടവല്ലൂർ ഉപാസന കലാസമിതി പെരുമ്പിലാവ് പ്രോഗ്രസീവ് ആർട്ട് & സ്പോർട്ട്സ് ക്ലബ്, കോട്ടോൽ രാഗം ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്, പാതാക്കര പ്രിയദർശിനി ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്, കരിക്കാട് റിക്രിയേഷൻ ക്ലബ്ബ്, തിപ്പലശ്ശേരി യുവധാര ആർട്ട്സ് & സ്പോർട്സ് ക്ലബ്, തിപ്പലശ്ശേരി അനശ്വര ക്ലബ്ബ്, കരിക്കാട് ഔവർ റിക്രിയേഷൻ സെന്റർ, തിപ്പിലശ്ശേരി ദർശന ക്ലബ്ബ്, കോട്ടോൽ യുവജനവേദി, ഒറ്റപ്പിലാവ് സംഘം അർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്, കരിക്കാട് വിന്നേഴ്സ് ക്ലബ്ബ്, കൊരട്ടിക്കര ശാസ്ത്ര സാഹിത്യ പരിഷത്ത് യൂണിറ്റ്, കല്ലുപുറം യൂണിവേഴ്സൽ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ് കടവല്ലൂർ പുരോഗമന കലാസാഹിത്യ സംഘം എന്നിവ നമ്മുടെ സാംസ്കാരിക സ്ഥാപനങ്ങളിലുൾപ്പെടുന്നു. ഇവിയിൽത്തന്നെ സജീവ പ്രവർത്തനം കാഴ്ചവെക്കുന്നവ അംഗുലി പരിമിതം മാത്രം. നെഹ്റു യുവകേന്ദ്രവുമായി യോജിച്ച് കടവല്ലൂർ ഡിമോസ് ക്ലബ്ബ് പല അനുകരണീയ പ്രവർത്തനങ്ങളും നടത്തിവരാറുണ്ട്. ഒറ്റപ്പിലാവ് സംഘം, പെരുമ്പിലാവ് പ്രോഗ്രസീവ് എന്നീ ക്ലബ്ബുകളും ഭേദപ്പെട്ട പ്രവർത്തനങ്ങൾ കാഴ്ചവെച്ചിട്ടുള്ളവയാണ്. വാർഷിക സമ്മേളനങ്ങളിലെ കലാപ്രകടനങ്ങളും

നാടകവും കായിക മത്സരങ്ങളുമായി കഴിയുന്ന ഈ സമിതികൾ കലാസാഹിത്യ - സാമൂഹ്യ വിഷയങ്ങളെക്കുറിച്ചുള്ള ചർച്ചകളും സംവാദങ്ങളും സംഘടിപ്പിക്കാനും കൂടി താൽപര്യമെടുക്കേണ്ടിയിരിക്കുന്നു. നാട്ടുകാരിൽ സാമൂഹ്യ സാംസ്കാരിക അവബോധം വളർത്തിയെടുക്കുവാൻ ഇത്തരത്തിലുള്ള ആശയവിനിമയ വേദികൾ വഴിയൊരുക്കുന്നതാണ്.

മുഖ്യഭാരവാഹികളും സംഘാടകരും ഉദ്യോഗം കിട്ടിപോകുന്നതോടെ അനാഥമായിത്തീരുന്ന ഈ സാംസ്കാരിക സമിതികൾ ഏറെ താമസിയാതെ അകാലമൃത്യു പ്രാപിക്കുന്ന ഒരു ദുരവസ്ഥയാണ് ഇന്നുള്ളത്. കനത്ത ഈ സാംസ്കാരിക നഷ്ടം തടയാനായി ഒരു ശാശ്വത സംവിധാനമുണ്ടാക്കേണ്ടത് അനിവാര്യമാകുന്നു. ഊർജ്ജസ്വലമായി പ്രവർത്തിക്കുന്ന സാംസ്കാരിക സ്ഥാപനങ്ങൾ ചരമടയുന്നത് നിസ്സംഗതയോടെ നോക്കിയിരിക്കാൻ പ്രബുദ്ധമായ ഒരു പഞ്ചായത്ത് ഭരണസമിതിക്കും കഴിയുകയില്ലല്ലോ?

എൺപതുകളിൽ നല്ലനിലയിൽ പ്രവർത്തിച്ചിരുന്ന ഫിലിം സൊസൈറ്റികൾ ഇവിടെ ഉണ്ടായിരുന്നു ഇന്ന് അവയുടേയും പ്രവർത്തനം നിലച്ചിരിക്കുന്നു.

ഗ്രാമീണ കലാസമിതികൾ അവതരിപ്പിക്കാറുള്ള അമേച്വർ നാടകങ്ങളിൽ സ്ത്രീ കഥാപാത്രങ്ങളെ അവതരിപ്പിക്കുവാൻ ഇന്നും പുറത്തുനിന്നും പ്രൊഫഷണൽ നടികളെ വാടകക്കെടുത്തു കൊണ്ടുവരേണ്ട അവസ്ഥയാണുള്ളത് കലാരംഗത്തെ സ്ത്രീ പുരുഷ സമത്വം നമുക്കിന്നും മരീചികയാകുന്നു.

## പത്രമാസികകൾ, പുസ്തകങ്ങൾ.

സ്വന്തമായി ഗ്രന്ഥശാല (ഹോം ലൈബ്രറികളുള്ള വീടുകൾ) പഞ്ചായത്തിൽ 1% മാത്രമേയുള്ളൂ. 30% പേർ വിലക്ക് വാങ്ങിയും 15% പേർ പൊതുഗ്രന്ഥശാലയിൽ നിന്നെടുത്തും പുസ്തകങ്ങൾ വായിക്കുന്നുണ്ട്. ഇവരിൽ ഏറിയപങ്കും ചെറുപ്പക്കാരാണ്. മദ്ധ്യവയസ്കരിലും വൃദ്ധജനങ്ങളിലും പുസ്തകവായന താരതമ്യേന കുറഞ്ഞു വരികയാണെന്നുള്ളത് സാംസ്കാരികമായ ഒരു അപകട സൂചനയായിത്തന്നെ നാം കാണണം. ലൈബ്രറികൾ ഇല്ലാത്തതും വായനയെ ഉത്തേജിപ്പിക്കുന്ന പൊതുചർച്ചാവേദികളുടെ അഭാവവുമാണിതിനുകാരണം.

മംഗളം മനോരമ തുടങ്ങിയ വാരികകൾക്കാണ് മാതൃഭൂമി ആഴ്ചപതിപ്പ്, കലാകൗമുദി തുടങ്ങിയവയുടെ അഞ്ചിരട്ടിയിലേറെ വായനക്കാരുള്ളത് എന്നത് ഒരു യാഥാർത്ഥ്യമാണ്. ഇവരിൽ അധികം പങ്കും സ്തീകളും കൗമാര പ്രായക്കാരുമാണ്. ദേശാഭിമാനി വാരിക ഇവിടുത്തെ വില്പന സ്റ്റാളുകളിൽ എത്താത്തതിനാൽ ആവശ്യക്കാർക്കു ലഭിക്കാറില്ല. നാന, വനിത, കേരളശബ്ദം, ചിത്രഭൂമി എന്നിവക്ക് ഭേദപ്പെട്ട പ്രചാരമാണുള്ളത്. ബാലരമ, പൂമ്പാറ്റ, ബാലഭൂമി എന്നിവയ്ക്കും നല്ല പ്രചാരമുണ്ട്. അടുത്തക്കാലത്ത് ആരംഭിച്ച മാധ്യമം പത്രത്തിന് പഞ്ചായത്തിനുള്ളിൽ ചുരുങ്ങിയകാലംകൊണ്ട് വേരൂന്നാൽ കഴിഞ്ഞിട്ടുണ്ട്. എങ്കിലും ഏറ്റവും പ്രചാരമുള്ള പത്രം 'മനോരമ'യാണ്. രണ്ടാംസ്ഥാനത്ത് 'മാതൃഭൂമിയും'.

## ഇലക്ട്രോണിക് മാധ്യമങ്ങൾ

ഒറ്റപ്പിലാവ്, പെരുമ്പിലാവ് കടവല്ലൂർ, കരിക്കാട് എന്നിവിടങ്ങളിലായി നാല് കേബിൾ ടി.വി. നെറ്റ് വർക്കുകൾ പ്രവർത്തിക്കുന്നുണ്ട്. 90% വീടുകളിൽ റേഡിയോ ഉള്ള പഞ്ചായത്തിൽ ടി.വി. സെറ്റുകളുള്ളത് 10% വീടുകളിലാണ്.

ഏതാനും വീഡിയോ കാസറ്റ് ലൈബ്രറികൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും കേബിൾ ടി.വി. ശൃംഖലകളുടെ രംഗപ്രവേശം അവയുടെ പ്രവർത്തനത്തെ മന്ദീഭവിച്ചിട്ടുണ്ട്. കേബിൾ ടി.വി. ചാനലുകളിൽ ഏറ്റവും ജനപ്രീതി ഇന്നും ഏഷ്യാനെറ്റിനു തന്നെ.

ലൈംഗീകാതി പ്രസരമുള്ള വിദേശസിനിമകൾ പ്രദർശിപ്പിക്കുന്ന കേബിൾ ടി.വി. ചാനലുകൾ നമ്മുടെ യുവജന മാനസങ്ങളെ വല്ലാതെ ആകർഷിക്കുന്നുണ്ട്.

ദൽഹി ദൂരദർശൻ ബുധനാഴ്ച രാത്രി സംപ്രേഷണം ചെയ്യുന്ന ചിത്രഹാറും ഏറ്റവും പുതിയ ചലച്ചിത്ര ഭാഗങ്ങൾ ഉൾകൊള്ളിച്ച് ശനിയാഴ്ചകളിൽ സംപ്രേഷണം ചെയ്യുന്ന 'എക്സെ ബഡ്കർ ഏക്' എന്ന പ്രത്യേക പരിപാടിയും നമ്മുടെ യുവത്വത്തിന്റെ ഹരമായി മാറിയിരിക്കുന്നു. കുത്തഴിഞ്ഞ പാശ്ചാത്യ സംസ്കാരം നിഴലിക്കുന്ന ഈ പരിപാടികളിലെ നൃത്താഭാസങ്ങൾ അധമ വികാരങ്ങളെയാണ് തൊട്ടുണർത്തുന്നത്. സ്ത്രീത്വത്തെ അവഹേളിക്കുന്ന ഇംഗ്ലീഷ്, ഹിന്ദി ചലച്ചിത്ര പോസ്റ്ററുകൾ വിതയ്ക്കുന്ന അപായവും ഇവിടെ ഓർക്കാം.

തിരുവനന്തപുരം ദൂരദർശൻ സംപ്രേഷണം ചെയ്യുന്ന മലയാള പരമ്പരകൾ അക്രമം, കൊള്ള, തട്ടിക്കൊണ്ടുപോകൽ, കൊലപാതകം എന്നിവയുടെ അത്യാധുനിക രീതികൾ എങ്ങനെയെന്ന് പഠിപ്പിക്കുന്ന വീഡിയോക്ലാസ്സുകളായി അധഃപതിച്ചിരിക്കുന്നു. അനുകരണവാസന ജ്വലിച്ചു നിൽക്കുന്ന അപക്വ കൗമാരങ്ങളെ ഇവ വല്ലാതെ ആകർഷിക്കുന്നുണ്ട്. സമൂഹത്തിൽ കുറ്റകൃത്യങ്ങൾ പെരുകികൊണ്ടിരിക്കുന്ന ഈ അവസരത്തിൽ അനാശാസ്യമായ ഈ സാംസ്കാരിക അനുപ്രസരത്തെ ഗൗരവമായി കാണുകയും ഇതിനു കടിഞ്ഞാണിടാൻ സർക്കാർ തലത്തിൽ നടപടി കൈക്കൊള്ളുകയും വേണം.

## അനാചാരങ്ങൾ

സ്ത്രീധനം തുടങ്ങിയ അനാചാരങ്ങളും വ്യാജചാരായം തുടങ്ങിയ സാമൂഹ്യതിന്മകളും ഒളിഞ്ഞു തെളിഞ്ഞും നിലനിൽക്കുന്നുണ്ട്. ഇതിനെതിരെ ഫലപ്രദമായ ബോധവൽക്കരണം ബഹുജനപങ്കാളിത്തത്തോടെ നടത്താൻ നാം തയ്യാറാകേണ്ടതുണ്ട്. സ്ത്രീ പീഡനക്കേസുകൾ നമ്മുടെ പഞ്ചായത്തിൽ വളരെ അപൂർവ്വമാണ്. ആർഭാടകരമായ വിവാഹച്ചടങ്ങുകളും താരതമ്യേന വിരളമാണ്. വീഡിയോ റെക്കോർഡിംഗ് പലവിവാഹങ്ങളിലും ഇന്ന് ഒരു അവശ്യഘടകമായി മാറിയിട്ടുണ്ട്. ജ്യോതിഷം, മഷിനോട്ടം എന്നിവയിലുള്ള വിശ്വാസം ഇന്നും നിലനിൽക്കുന്നു. അന്ധവിശ്വാസ ജഡിലമായ മാട്ടമാരണം, ശഹർ, ചാത്തൻസേവ എന്നിത്യാദികൾ ഈ ശാസ്ത്ര യുഗത്തിലും സമൂഹ മനസ്സിൽ നിന്നും പൂർണ്ണമായും പിഴുതുമാറ്റാൻ നമുക്ക് കഴിഞ്ഞിട്ടില്ല. രോഗചികിത്സക്ക് മന്ത്രവാദം അനിവാര്യമാണെന്നു കരുതുന്ന കുടുംബങ്ങൾ ഇന്നും നമുക്കിടയിലുണ്ട്.

## ഗുരുകുലവിദ്യഭ്യാസവും അയിത്തോച്ചാടനവും

കടവല്ലൂർ കൊള്ളഞ്ചേരി ദേശത്ത് ഉദ്ദേശം 60 വർഷങ്ങൾക്ക് മുമ്പ് പുതുവായ്ക്കൽ എന്ന നായർ തറവാട്ടിലെ കുട്ടപ്പൻ നായർ എന്ന വ്യക്തി ഒരു ഗുരുകുല വിദ്യഭ്യാസകേന്ദ്രം നടത്തിയിരുന്നു. അയിത്തം കൊടികുത്തി വാണിരുന്ന അക്കാലത്ത് സ്വന്തം അമ്മയുടേയും ബന്ധുജനങ്ങളുടേയും എതിർപ്പ് അവഗണിച്ച് ഹരിജനങ്ങളേയും ഈഴവരേയും വിദ്യാർത്ഥികളായി സ്വീകരിക്കുവാൻ ധീരതയും മഹാമനസ്കതയും അദ്ദേഹം പ്രദർശിപ്പിച്ചു. കൊടമരക്കുന്നിന്റെ പടിഞ്ഞാറേ താഴ്വരയിൽ ഇന്നും സ്ഥിതിചെയ്യുന്ന അടിമന ഇല്ലത്ത് വി.ടി. ഭട്ടതിരിപ്പാട് വളരെക്കാലം താവളമടിച്ച് സമുദായപരിഷ്കരണ പ്രവർത്തനങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെയുള്ള പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകിയിരുന്നു.

കൊടമരക്കുന്നിന്റെ പടിഞ്ഞാറേ താഴ്വരയിൽ ഒരു കാലത്ത് വർഷം മുഴുവൻ വറ്റാത്ത നിറയെ മത്സ്യസമ്പത്തുള്ള ഒരു വിശാലമായ കുളം ഉണ്ടായിരുന്നത് മുൻകാലത്തു തന്നെ നികത്തപ്പെട്ടുപോയി.

പൊറവൂർ ദേശത്ത് വേദാന്തി അച്ചുതൻനായർ എന്ന പേരിൽ ബഹുമുഖഭാഷാപണ്ഡിതനായിരുന്ന ഒരു ആയുർവേദാചാര്യൻ വസിച്ചിരുന്നു. ഗുരുകുല സമ്പ്രദായത്തിലായിരുന്നുവത്രേ അദ്ദേഹം വൈദ്യം പഠിപ്പിച്ചിരുന്നത്. നാടൊട്ടുക്ക് നിരവധി ശിഷ്യന്മാരുണ്ട് ഇദ്ദേഹത്തിന്.

## ജാതിഘടന

നമ്പൂതിരി, നായർ, അമ്പലവാസികൾ, ഈഴവർ, മൂശാരി, ആശാരി, കരുവാൻ, തട്ടാൻ പുള്ളുവൻ കമ്മാളൻ, മണ്ണാൻ, പാണൻ, കുറവൻ, മുളയൻ, പുലയൻ, കൊല്ലൻ, കണക്കൻ, പറയൻ നായാടി എന്നീ ഹൈന്ദവ വിഭാഗങ്ങളുള്ള ഈ പഞ്ചായത്തിൽ സുന്നി, ജുമാ അത്തെ ഇസ്ലാമി, മുജാഹിദ് എന്നീ മുസ്ലീം വിഭാഗങ്ങളും, സ്വതന്ത്ര മലബാർ സുറിയാനി സഭ, ഓർത്തഡോക്സ്, മാർത്തോമ, റോമൻ കാത്തലിക്ക് (റീത്ത്) ബ്രദറൻ, പെന്തികോസ്റ്റ് എന്നീ ക്രൈസ്തവ വിഭാഗങ്ങളും ഉണ്ട്.

ഹൈന്ദവരിൽ നായന്മാരും മുസ്ലീമുകളിൽ സുന്നികളും ക്രൈസ്തവരിൽ ഓർത്തഡോക്സ് സുറിയാനി വിഭാഗങ്ങളുമാണ് എണ്ണത്തിൽ കൂടുതലുള്ളത്.

## മായുന്ന ഫ്യൂഡൽ സംസ്കാരം

ജന്മിവാഴ്ച അതിന്റെ പൂർണ്ണമായ അർത്ഥത്തിൽ ഈ പഞ്ചായത്തിൽ നിലനിന്നിരുന്നു. അന്നത്തെ ജന്മി, നാടുവാഴി തറവാടുകളും ഇന്ന് ശോഷിക്കുകയോ നാമാവശേഷമാവുകയോ അന്യം നിന്നുപോവുകയോ ചെയ്തു.

കാർഷിക രംഗത്തെ തൊഴിലാളി ഉടമ ബന്ധത്തിലും അടുത്തകാലം വരെ ഇവിടെ ഫ്യൂഡൽ സമ്പ്രദായം അഭംഗം നിലനിന്നു പോന്നിരുന്നു. ഓരോ ഭൂവുടമക്കും സ്വന്തമായ അടിയോളർ പണിക്കാരായി ഉണ്ടായിരുന്നു. അവരുടെ മേൽ ഉടമക്ക് കുത്തകാവകാശമായിരുന്നു. കർഷക തൊഴിലാളികരായ അത്തരം അടിയാള കുടുംബങ്ങൾ അന്യഉടമകളുടെ ഭൂമികളിൽ പണിക്കു പോകുക പതിവുണ്ടായിരുന്നില്ല. ഇത്തരം അടിയാളർക്ക് ഓണം, വിഷു തുടങ്ങിയ വിശേഷാവസരങ്ങളിൽ അവരവരുടെ 'തമ്പ്രാൻപടി' ക്കൽ നിന്ന് മുണ്ട് നെല്ല് (ഇത് പറക്കണക്കിനു തന്നെ കൊടുത്തിരുന്നു) തേങ്ങ, വെളിച്ചെണ്ണ മുളക്, ഉപ്പ് തുടങ്ങി എല്ലാ പല വ്യഞ്ജനങ്ങളും, കറിവെക്കാനുള്ള വാഴക്കുല, ചേമ്പ്, എന്നിത്യാദികളും സൗജന്യമായി വർഷം തോറും നൽകിയിരുന്നു. അടിയാളർ പിന്നെ ഒന്നും വാങ്ങേണ്ടി വരരുതെന്നാണ് ഉദ്ദേശിച്ചിരുന്നത്. ഇതിനും പുറമേ അടിയാളരുടെ വീടുകളിൽ ഉണ്ടാകുന്ന ജനനം, മരണം, വിവാഹം, തിരണ്ടുകുളി തുടങ്ങി എല്ലാ ആവശ്യങ്ങൾക്കും തമ്പ്രാൻ പടിക്കൽ നിന്ന് കയ്യയച്ച് സഹായങ്ങൾ ചെയ്തിരുന്നു. ഭൂപരിധിയില്ലാത്ത അക്കാലത്ത് ഭൂവുടമയും സമൃദ്ധിയിലായിരുന്നതിനാൽ ഇതിന് യാതൊരു കുറവും വരുത്തിയിരുന്നില്ല.

തമ്പ്രാൻ പടിക്കൽ നിന്നും കൊടുക്കുന്ന കൈകോട്ടു കൊണ്ടുവേണം അടിയാളന്റെ ശവം മറവുചെയ്യാൻ എന്നുവരെ അടുത്തകാലം വരെ കീഴ്വഴക്കമുണ്ടായിരുന്നതായി നാട്ടറിവുകൾ പറയുന്നു.

1985 വരെ ഈ പഞ്ചായത്തിലെ ചില ഉൾപ്രദേശങ്ങളിൽ ഈ വ്യവസ്ഥ ലഘുവായ തോതിലെങ്കിലും നിലനിന്നിരുന്നു. അപൂർവ്വമായി വിരലിലെണ്ണാവുന്ന കുടുംബങ്ങളിൽ മാത്രമേ ഇന്ന് ഈ പതിവ് നിലനിൽക്കുന്നുള്ളൂ. അത്തരം 'സ്ഥിരം പണിക്കാർക്ക്' സാമാന്യ നിരക്കിലും കുറഞ്ഞ കൂലിയാണ് നൽകിവരുന്നത്.

സംസ്കാരത്തെ കുറിച്ചുള്ള ഈ റിപ്പോർട്ട് ഉപസംഹരിക്കുന്നതിനുമുമ്പ്, ഈ പഞ്ചായത്തിലെ കലാ-സാഹിത്യ-സാംസ്കാരിക മേഖലയെ ഉദ്ധരിക്കുന്നതിനായി ഇന്ന് നമുക്ക് കാര്യമായ പദ്ധതികളൊന്നുമില്ല എന്നതു കൂടി ചൂണ്ടിക്കാട്ടേണ്ടിയിരിക്കുന്നു.

ഗതാഗതം, ആരോഗ്യം, കുടിവെള്ളം പാർപ്പിടം എന്നീ മേഖലകളിലെന്നപോലെ സാംസ്കാരിക രംഗത്തും വികസനം അനിവാര്യമാണെങ്കിലും അവ ഏറ്റെടുത്തു നടത്താൻ സാമ്പത്തികവും മറ്റുമായ പരിമിതികൾ മൂലം ഇന്നു നമുക്ക് കഴിയുന്നില്ല.

വർഷത്തിലൊരിക്കൽ സംഘടിപ്പിക്കുന്ന കേരളോത്സവത്തിൽ പഞ്ചായത്തിലെ കലാസാഹിത്യ രംഗങ്ങളിലെ മത്സരങ്ങളിൽ വിദഗ്ദ്ധരുടെ സേവനം ലഭ്യമാക്കുകയും എല്ലാവർക്കും പങ്കെടുക്കുവാൻ അവസരം ഉണ്ടാക്കുകയും വേണം. ഈ പഞ്ചായത്തിൽ നിന്ന് കേരളോത്സവങ്ങളിൽ ജില്ലാ തലമത്സ രങ്ങളിൽ ഒപ്പന, തിരുവാതിരക്കളി എന്നീ ഇനങ്ങളിൽ പങ്കെടുത്ത് വിജയം നേടിയിട്ടുണ്ട്.

## സാക്ഷരത

സാക്ഷരതാരംഗത്ത് മികച്ച പ്രവർത്തനം കാഴ്ച വെച്ച ഈ പഞ്ചായത്തിൽ ഈ രംഗത്തെ തുടർവിദ്യാഭ്യാസം മുന്നോട്ടുകൊണ്ടുപോകുന്നതിൽ ഇന്ന് ഒരു മാന്ദ്യം അനുഭവപ്പെടുന്നുണ്ട്. ഇതിന് ജനപങ്കാളിത്തത്തോടെ പരിഹാരം കണ്ടെത്തേണ്ടതുണ്ട്.

## നാടകകല

ആദിമദ്ധ്യാന്തങ്ങളുള്ള നൃത്ത സംഗീതനാടകത്തിൽ തൽപരരായിരുന്ന ഈ മേഖലയിലെ നാട കാസ്വാദകരിൽ ഒരു ചെറിയ വിഭാഗമെങ്കിലും ഇന്ന് തനതു നാടക കലാരൂപങ്ങളെ ഉൾകൊള്ളുവാ നും ആസ്വദിക്കാനും തുടങ്ങിയിട്ടുണ്ട്. കടവല്ലൂരിലെ മാത്തൂർ വീട് എന്ന നായർ ഗൃഹത്തിൽ അരനൂറ്റാണ്ട് മുമ്പുതന്നെ മികച്ച തോതിൽ ഒരു പ്രൊഫഷണൽ നാടകസംഘം പ്രവർത്തിച്ചിരുന്നു. അന്നത്തെ ചമയങ്ങളും മറ്റും ഇന്നും ആ വീട്ടിൽ കാണാം. ഇന്നുള്ളത് അമേച്വർ സംഘങ്ങളാണ്. അവയുടെ പ്രവർത്തനം സ്വന്തം ക്ലബ്ബിന്റെ വാർഷികത്തിൽ അരങ്ങേറുന്നു. ഒന്നോ രണ്ടോ നാടക ത്തിൽ ഒതുങ്ങുകയും ചെയ്യുന്നു.

## കായികരംഗം

ഫുട്ബോൾ ടൂർണമെന്റുകൾ ഈ പഞ്ചായത്തിലെ പല സ്പോർട്ട്സ് ക്ലബ്ബുകളുടേയും നേതൃ ത്വത്തിൽ നടന്നുവരാറുണ്ട്. ഇവക്ക് അധികവും വേദിയാകുന്നത് കെയ്തൊഴിഞ്ഞ വേനൽ പാടങ്ങ ളാണ്. അവിടെ ഉഴുത് വിത്തിടുന്നതോടെ നമ്മുടെ കായിക കുതൂഹലത്തിനു വിരാമം കുറിക്കേണ്ടി വരുന്നു. പഞ്ചായത്തിന് ഒരു കളിക്കളം ഉണ്ട്. അതിന്റെ പുനരുദ്ധാരണ പണി പൂർത്തിയാകുമ്പോൾ എല്ലാ സൗകര്യങ്ങളും ലഭിക്കുന്നതാണ്.

പെരുമ്പിലാവ് T.M.ഹൈസ്കൂളിനും അൻസാർ ഇംഗ്ലീഷ് സ്കൂളിനും മാത്രമാണ് സ്വന്തമായി കളിക്കളങ്ങളുള്ളത്. ഈ മൂന്ന് കളിക്കളങ്ങളും ഒരു ചതുരശ്ര കിലോ മീറ്ററിനകത്താണ് സ്ഥിതിചെ യ്യുന്നത് എന്നത് കൗതുകകരമാണ്. അവശേഷിക്കുന്ന പഞ്ചായത്തിലെ 90% വരുന്ന പ്രദേശങ്ങളിലും പൊതു കളിക്കളങ്ങളില്ലാത്തതാണ് നമ്മുടെ കായിക രംഗം നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി. കായികതാരങ്ങളേയും കായിക പ്രതിഭകളേയും വളർത്തിയെടുക്കുവാനുള്ള അവസരങ്ങൾ ഇതു മൂലം നഷ്ടമാകുകയാണ്.

ക്രിക്കറ്റ് ജ്വരം നമ്മുടെ ഗ്രാമങ്ങളേയും ഗ്രസിച്ചു കഴിഞ്ഞു. കൊച്ചു കുട്ടികളിൽ പോലും ഇത് പ്രകടമാകുന്നുണ്ട്. ഫുട്ബോൾ ആണ് രണ്ടാം സ്ഥാനത്തെന്നു പറയാം. ബാറ്റ്മിന്റൺ, ഷട്ടിൽ, വോളിബോൾ എന്നീകളികളും അങ്ങിങ്ങ് ചില സ്വകാര്യഭൂമികളുടെ ഒഴിവു സ്ഥലങ്ങളിൽ കണ്ടുവരാ റുണ്ട്. ചെസ്സ് കാരംസ് എന്നീ ഇൻഡോർ ഇന മത്സരങ്ങളും പലേടത്തും നടക്കാറുണ്ട്.

കോർട്ടിന്റെ അഭാവം മൂലമാകാം ബാസ്കറ്റ്ബോൾ മത്സരങ്ങൾ നമ്മുടെ പഞ്ചായത്തിൽ അപൂർവ്വ

മായേ കാണാറുള്ളൂ.

കുറ്റിയും കോലും, കൊച്ചംകുത്തി (ചൂട്ടുകളി) കണ്ണ്കെട്ടികളി, ഒളിച്ചുകളി, തലപ്പന്ത് കളി, ഗോട്ടികളി, അണ്ടിക്കുഴി തുടങ്ങിയ പ്രാചീനമായ കായിക വിനോദങ്ങളിൽ ചിലതെല്ലാം ചെറിയ തോതിലെങ്കിലും കുട്ടികൾക്കിടയിൽ ഇന്നുമുണ്ട്. പകിടകളി, കവിടികളി എന്നിവ മുതിർന്നവർക്കിടയിൽ ഇന്നുമുണ്ട്.

നമ്മുടെ കർഷകസംസ്കാരത്തിന്റെ ഭാഗമായ കാളപ്പൂട്ട് മത്സരം പെരുമ്പിലാവ് ചന്തയുടെ താഴെ പാടത്ത് മുൻകാലങ്ങളിൽ നടന്നിരുന്നതായും ഒട്ടേറെ ദേശങ്ങൾ കുരൂഹലപൂർവ്വം അവയിൽ പങ്കെടുത്തിരുന്നതായും പഴമക്കാർ പറയുന്നു. ഇക്കാര്യത്തിൽ കൂടല്ലൂർ P.K. കുഞ്ഞിമുഹമ്മദ് സാഹിബ് നൽകിയ നേതൃത്വപരമായ പങ്ക് എടുത്ത് പറയത്തക്കതാണ്. പ്രശസ്തമായ പെരുമ്പിലാവ് ചന്തയുടെ സ്ഥാപകനും അദ്ദേഹമായിരുന്നല്ലോ.

യോഗ, കളരിപ്പയറ്റ് എന്നീ പരമ്പരാഗത കായികാഭ്യാസങ്ങൾ അവഗണിക്കപ്പെട്ടിരിക്കുന്നു. കരാട്ടെ ജിംനേഷ്യം എന്നിവയുടെ പരിശീലനം അങ്ങിങ്ങ് ചെറിയ തോതിൽ നടക്കുന്നുണ്ട്.

പഞ്ചായത്തിലെ എല്ലാ വിദ്യാലയങ്ങളിൽ നിന്നും മികവ് തെളിയിച്ചിട്ടുള്ള വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് അവർക്ക് സമയബന്ധിതമായും തുടർച്ചയായും കേന്ദ്രീകൃത കായിക പരിശീലനം നൽകുവാൻ സംവിധാനമുണ്ടാക്കേണ്ടിയിരിക്കുന്നു. ഇത്തരം ഗ്രാമീണ പരിശീലന കേന്ദ്രങ്ങളിൽ നിന്നാണ് പല ദെശീയ കായിക താരങ്ങളും ഉയർന്ന് വന്നിട്ടുള്ളതെന്ന വസ്തുത നാം വിസ്മരിച്ചു കൂടാത്തതാണ്.

## പ്രശ്നങ്ങളും സാധ്യതകളും.

1. പ്രവർത്തനം നിലച്ച പല ഗ്രന്ഥശാലകളിലും വിലപ്പെട്ട ഗ്രന്ഥസമ്പത്താണുള്ളത്. ഇത് പൊതുജനങ്ങൾക്ക് ഉപയോഗിക്കാൻ കഴിയും വിധം അവ പുനഃ പ്രവർത്തനമാരംഭിക്കുകയോ അതിനു സന്നദ്ധമല്ലാത്ത പക്ഷം തൊട്ടടുത്ത ഏതെങ്കിലും പൊതു ഗ്രന്ഥശാലക്ക് അവ കൈമാറുകയോ ചെയ്യാൻ സംവിധാനമുണ്ടാക്കണം.
2. വിഷയാടിസ്ഥാനത്തിലും നമ്പർക്രമത്തിലും പുസ്തകങ്ങളെ വർഗ്ഗീകരിച്ച് പ്രദർശിപ്പിക്കുവാനുള്ള സംവിധാനം ലൈബ്രറികളിൽ ഉണ്ടാക്കണം.
3. വായനശാലകളിൽ ജനപ്രിയവാരികകളോടൊപ്പം നിലവാരമുള്ളവയും വിജ്ഞാനപ്രദവുമായ ആനുകാലികങ്ങൾ കൂടി ലഭ്യമാക്കാൻ നിർദ്ദേശം നൽകുകയും അവ ഇടക്കിടെ പരിശോധിക്കാൻ ഒരു സെൽ രൂപവൽക്കരിക്കുകയും വേണം.
4. ഇലക്ട്രോണിക് മാധ്യമങ്ങളുടെ അതിപ്രസരത്തെ ചെറുക്കുന്നതിനും പുസ്തകവായനയെ ഉത്തേജിപ്പിക്കുന്നതിനും സഹായകമാകുന്ന പൊതു സാംസ്കാരിക സാഹിത്യ ചർച്ചകൾ പഞ്ചായത്ത് വാർഡ്, അടിസ്ഥാനത്തിൽ 3 മാസത്തിലൊരിക്കൽ നടത്തണം.
5. കായിക കലാ സമിതികൾക്കും ഗ്രന്ഥശാലകൾക്കും ഭേദപ്പെട്ട സാമ്പത്തിക സഹായം നൽകി അവയെ പ്രോത്സാഹിപ്പിക്കണം.
6. അനുഷ്ഠാന കലാരൂപങ്ങളും പരമ്പരാഗത നാടൻ കലകളും മാപ്പിളകലകളും കളരിപ്പയറ്റ് തുടങ്ങിയ അഭ്യാസ മുറകളും വിസ്മൃതിയിലാണ്ടു പോകാതിരിക്കാൻ അവയ്ക്ക് സാമൂഹ്യ സാമ്പത്തിക സംരക്ഷണവും പ്രോത്സാഹനവും നൽകണം. എല്ലാ ഓണക്കാലത്തും പഞ്ചായത്ത് തലത്തിൽ നാടൻ കലാമേള സംഘടിപ്പിച്ച് മണ്ണടിഞ്ഞുകൊണ്ടിരിക്കുന്ന ഈ കലാരൂപങ്ങൾക്ക് വേദിയും ജന സമ്പർക്കവും നൽകണം.
7. യോഗ പരിശീലനകേന്ദ്രവും ജിംനേഷ്യക്ലബ്ബും സ്ഥാപിച്ച് യുവജനങ്ങൾക്കും വയോജനങ്ങൾക്കും

പരിശീലനം നൽകാൻ മുന്നോട്ടുവരുന്ന ക്ലബ്ബുകൾക്കും യുവജന സമിതികൾക്കും മറ്റും പഞ്ചായത്ത് അർഹമായ സാമ്പത്തിക സഹായം നൽകാൻ പദ്ധതി തയ്യാറാക്കണം.

8. കായികരംഗത്ത് മികവുപ്രകടിപ്പിക്കുന്ന വിദ്യാർത്ഥികളെ പ്രൈമറി തലത്തിൽ തന്നെ തെരഞ്ഞെടുത്ത് പഞ്ചായത്ത് തലത്തിൽ വിദഗ്ദ കോച്ചിംങ്ങ് നൽകി അവരിൽ നിന്നും കായിക താരങ്ങളേയും പ്രതിഭകളേയും കണ്ടെത്തി വളർത്തിയെടുക്കാൻ പദ്ധതിക്കു രൂപം നൽകണം. 16

9. മൂന്നുവില്ലേജിലും കൂടുതൽ പൊതുകളിക്കളങ്ങൾ സ്ഥാപിച്ച് ഈ രംഗത്തെ പ്രതിസന്ധിക്കും തന്മൂലം കായികരംഗത്ത് നിലവിലുള്ള മുരടിപ്പിനും പരിഹാരം കണ്ടെത്തണം.

10. ഗ്രന്ഥശാലകളും കലാകായിക ക്ലബ്ബുകളും ഇല്ലാത്ത എല്ലാവാർഡുകളിലും ഇവ രണ്ടും സ്ഥാപിക്കുന്നതിന് ബ്ലോക്ക് യൂത്ത് വെൽഫെയർ ഓഫീസറുടെ സംഘാടകപാടവവും പഞ്ചായത്തിന്റെ പ്രോത്സാഹനവും സാമ്പത്തിക സഹായവും ഉപയോഗപ്പെടുത്തുമാറ് ഒരു സമയബന്ധിത പരിപാടി ഗ്രാമപഞ്ചായത്ത് തലത്തിൽ തയ്യാറാക്കി നടപ്പാക്കണം. ഇനം 12ൽ പറയുന്ന വിദഗ്ദരുടെ സഹായവും ഇക്കാര്യത്തിൽ ഉപയോഗപ്പെടുത്തണം.

11. പല പഞ്ചായത്തുകളിലും ഉള്ളതുപോലെ ഒരു സ്പോർട്ട്സ് കൗൺസിൽ നമ്മുടെ പഞ്ചായത്തിലും രൂപീകരിക്കണം.

12. പഞ്ചായത്തിലെ സാഹിത്യകാരൻമ്മാർ, കലാകാരന്മാർ, ശാസ്ത്ര സാഹിത്യ പ്രവർത്തകർ കായികരംഗത്തെ വിദഗ്ദർ എന്നിവരുടെ ഒരു പട്ടിക തയ്യാറാക്കി അവരുടെ ഒരു കൂട്ടായ്മ (Expert meet) വർഷത്തിൽ ഒരു നിശ്ചിത ദിവസം പഞ്ചായത്ത്ഭരണസമിതി വിളിച്ചു ചേർക്കുകയും, അതതുകാലങ്ങളിൽ പഞ്ചായത്തിലെ കലാ കായിക സാംസ്കാരിക രംഗങ്ങൾ നേരിടുന്ന പ്രശ്നങ്ങളും വെല്ലുവിളികളും അവരുമായി ചർച്ചചെയ്ത്, വിദ്ഗദ്ധാഭിപ്രായങ്ങൾ ക്രോഡീകരിച്ച് നടപ്പാക്കുകയും വേണം. മൺമറഞ്ഞു കൊണ്ടിരിക്കുന്ന നമ്മുടെ പരമ്പരാഗത നാടൻ കലകൾ, അനുഷ്ഠാന കലാരൂപങ്ങൾ എന്നിവയിൽ വിദഗ്ദരായ കലാകാരന്മാരേയും ഈ കൂട്ടായ്മയിലേക്ക് ക്ഷണിച്ച് ഈ കലയുടെ വിനാശം തടയാനുള്ള മാർഗ്ഗങ്ങൾ ചർച്ച ചെയ്യണം. തങ്ങളും തങ്ങളുടെ കലയും അവഗണിക്കപ്പെടുന്നു എന്ന അവരുടെ നൈരാശ്യം അകറ്റി ഈ വിധം ആത്മവിശ്വാസം പകരേണ്ടത് ഒരു പരിഷ്കൃത സമൂഹത്തിന്റെ ചുമതലയാകുന്നു.

13. പഞ്ചായത്തിലെ മുഴുവൻ വായനശാലകളുടെയും, ഗ്രന്ഥശാലകളുടെയും സെക്രട്ടറിമാരടങ്ങുന്ന 'സാംസ്കാരിക ജാഗ്രതാ സമിതി' രൂപീകരിക്കുകയും ഇവ രണ്ടുമാസത്തിലൊരിക്കൽ ബ്ലോക്ക് യൂത്ത് വെൽഫെയർ ഓഫീസറുടെ സാന്നിദ്ധ്യത്തിൽ വിളിച്ച്ചേർത്ത് തങ്ങളുടെ സ്ഥാപനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ അവതരിപ്പിച്ച് പരിഹാരം നേടുകയും വേണം. നമ്മുടെ മികച്ച സാംസ്കാരിക സ്ഥാപനങ്ങളിൽ പലതും അകാലമൃത്യുഅടയുന്നതുമൂലം ഉണ്ടാകുന്ന കനത്ത സാംസ്കാരിക നഷ്ടം ഇതുമൂലം കുറെയൊക്കെ തടയുവാൻ സാധിക്കും.

14. നമ്മുടെ പഞ്ചായത്തിലെ ഗ്രന്ഥശാലകളിൽ സംഭരിക്കുന്ന ഗ്രന്ഥങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനും ഇക്കാര്യത്തിൽ ആവശ്യമായ വിദഗ്ദോപദേശം നൽകുന്നതിനും ഒരു മൂന്നംഗ സെൽ രൂപീകരിക്കണം. എന്നാൽ മാത്രമെ ഗ്രന്ഥശാലയുടെ ഉപയോഗം ഉദ്ദിഷ്ടരീതിയിൽ സമൂഹത്തിന് പ്രയോജനകരമായിത്തീരുകയുള്ളു.

15. ലൈംഗികാതിപ്രസരമുള്ള വിദേശ ടി.വി. ശൃംഖലകളും, മറ്റ് ഇലക്ട്രോണിക് മാദ്ധ്യമങ്ങളും ഉയർത്തുന്ന സാംസ്കാരിക വെല്ലുവിളിയെ ചെറുക്കാൻ വാർഡ് തോറും ചുരുങ്ങിയത് 6 മാസത്തിലൊരിക്കലെങ്കിലും ചർച്ചകൾ, സെമിനാറുകൾ എന്നിവ നടത്തണം. ഇവയിൽ തനതു കേരള സംസ്കാരം പ്രതിഫലിപ്പിക്കുന്ന ഫീച്ചർഫിലിമുകളും ഡോക്യുമെന്ററികളും പ്രദർശിപ്പിക്കുവാനും കൂടി പഞ്ചായത്ത് സംവിധാനമുണ്ടാകണം.

16. ഗ്രാമോത്സവങ്ങളിലേക്ക് ജൂറികളെ നിശ്ചയിക്കുന്നതിന് ഒരു പൊതുമാനദണ്ഡമുണ്ടാക്കുകയും

അതാതുരംഗത്തെ വിദഗ്ദരെതന്നെ സ്ഥാനനിർണ്ണയത്തിന് വിനിയോഗിക്കുകയും വേണം. മത്സരങ്ങളിൽ പങ്കാളികളാകുന്നവർക്ക് തയ്യാറെടുപ്പിന് സാവകാശം ലഭിക്കും വിധം കഴിയുന്നതു് നേരത്തെ പ്രോഗ്രാം ക്ലബ്ബുകളേയും മറ്റു ബന്ധപ്പെട്ടവരെയും അറിയിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തണം.

17. ഈ സാമ്പത്തിക വർഷം തന്നെ പഞ്ചായത്ത് സാംസ്കാരികനിലയത്തിൽ ലൈബ്രറിയും റീഡിംഗ് റൂമും തുറന്ന് പ്രവർത്തനമാരംഭിക്കണം. എല്ലാ സാഹിത്യശാഖയിലും ഉൾപ്പെടുന്ന ഗ്രന്ഥങ്ങൾ ലൈബ്രറിയിലും അറിയപ്പെടുന്ന എല്ലാ പത്രമാസികകളിലും റീഡിംഗ് റൂമുകളിലും ലഭ്യമാക്കണം. ഇതിനായി വിദഗ്ദരുൾപ്പെടുന്ന ഒരു ലൈബ്രറി ഉപദേശകസമിതി ഉടനെ രൂപീകരിച്ച് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം. പുസ്തകങ്ങളെപ്പറ്റി അവബോധമുള്ള ഒരു പാർട്ട്-ടൈം ലൈബ്രേറിയനെയും നിയമിക്കണം. പ്രവർത്തനം വിപുലീകരിക്കുന്നതിനനുസരിച്ച് ഒരു ലൈബ്രറി അറ്റൻഡറെയും നിയമിക്കേണ്ടതാണ്. പഞ്ചായത്ത് ലൈബ്രറിക്കായി മേടിക്കുന്ന പുസ്തകങ്ങൾക്ക് പുറമെ കഴിയുന്നത്ര പുസ്തകങ്ങൾ ജനകീയപങ്കാളിത്തത്തോടെ വ്യക്തികളിൽനിന്ന് സംഭാവനയായി സമാഹരിച്ച് ലൈബ്രറിക്ക് മുതൽ കൂട്ടണം.

# അദ്ധ്യായം 10
# വനിതാക്ഷേമം

168

കടവല്ലൂർ ഗ്രാമ പഞ്ചായത്തിൽ സ്ത്രീകൾ കൂടുതലാണ്. ജനസംഖ്യ കണക്കുകൾപരിശോധിച്ചാൽ അതു വ്യക്തമാകും. 1991ലെ സെൻസസ് പ്രകാരം പഞ്ചായത്തിലെ ജനസംഖ്യ 30019 ആണ്. അതിൽ സ്ത്രീകളുടെ എണ്ണം 15439 ആണ്. അത് ജനസംഖ്യയുടെ 51.43% ആകുന്നു. ജനസംഖ്യയിൽ കൂടുതൽ വരുന്ന വനിതകളുടെ ഉന്നമനത്തിനും ക്ഷേമത്തിനും കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചാൽ മാത്രമെ നമ്മുടെ വികസന പ്രവർത്തനങ്ങൾക്ക് പ്രയോജനം ലഭിക്കുകയുള്ളൂ.

മുൻ കാലങ്ങളിലെ ചരിത്രങ്ങൾ പരിശോധിച്ചാൽ ഈ പഞ്ചായത്തിൽ വിദ്യാഭ്യാസം സ്ത്രീകളുടെ ഇടയിൽ വളരെ കുറവാണ് എന്ന് കാണുവാൻ കഴിയും. പെൺകുട്ടികളിൽ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുന്നവരുടെ സംഖ്യ വളരെ കുറവായിരുന്നു. ആയതിനാൽ ഉന്നത വിദ്യാഭ്യാസം നേടിയ സ്ത്രീകളുടെ എണ്ണം പറയുവാൻ മാത്രം ഇല്ല. പൊതുവെ സ്ത്രീകളുടെ വിദ്യാഭ്യാസത്തിന് പ്രാധാന്യം കൊടുക്കുന്നതായി കാണുവാൻ കഴിയുന്നില്ല. എന്നാൽ ഇപ്പോൾ പെൺകുട്ടികളെയും, ആൺകുട്ടികളോടൊപ്പം വിദ്യാഭ്യാസം കൊടുക്കുവാൻ മാതാപിതാക്കൾ ശ്രദ്ധിക്കുന്നതായി കാണുന്നു. സമ്പന്നരുടെ ഇടയിൽ പെൺകുട്ടികളെ പഠിപ്പിക്കുവാൻ ശ്രദ്ധിക്കുന്നുണ്ടെങ്കിലും ദരിദ്രവിഭാഗങ്ങളുടെ ഇടയിൽ അത്രമാത്രം ഉത്സാഹം കാണുന്നില്ല. ആൺകുട്ടികളോടൊപ്പം പെൺകുട്ടികൾക്കും വിദ്യാഭ്യാസം നൽകുകയും ഉന്നത പഠനത്തിനും, സാങ്കേതിക പഠനത്തിന് പറഞ്ഞു വിടേണ്ടതും. അതിന് അവസരം നൽകേണ്ടതും ഇന്നത്തെ കാലഘട്ടത്തിന്റെ ആവശ്യമാണ്. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽ സ്ത്രീകളിൽ വിദ്യാഭ്യാസം നേടിയവർ വളരെ ചുരുക്കമാണ്. ഭൂരിഭാഗത്തിലും കൂടുതൽ നിരക്ഷരാണ്. സാമൂഹ്യ അടിച്ചമർത്തലുകളും ദാരിദ്ര്യവുമാണ് അവർക്ക് അങ്ങനെ ഒരു സ്ഥിതിവിശേഷം ഉണ്ടായത്. എന്നാൽ ഇപ്പോൾ ഗവൺമെൻറ് ധാരാളം ശ്രദ്ധ അവരുടെ വിദ്യാഭ്യാസത്തിൽ ഉണ്ടെങ്കിലും ഈ പഞ്ചായത്തിൽ ടി ആളുകൾ പൂർണ്ണ പ്രയോജനം ഉപയോഗപ്പെടുത്തിയിട്ടില്ല അവരുടെ ഇടയിലെ പുരുഷൻമാർ പോലും വിദ്യാഭ്യാസത്തിൽ മുന്നേറുന്നതായി കാണുന്നില്ല. ബോധവൽക്കരണവും, പ്രോൽസാഹനവും ഇനിയും കൂടുതൽ ചെയ്യേണ്ടതായിട്ടാണ് ഇരിക്കുന്നത്. മുൻ കാലങ്ങളിൽ മുസ്ലീം വിഭാഗത്തിലെ സ്ത്രീകളേയും വിദ്യാഭ്യാസത്തിന് അയച്ചിരുന്നില്ല. എന്നാൽ ഇപ്പോൾ ആയതിന് വ്യത്യാസം വന്നിട്ടുണ്ട് എങ്കിലും പ്രോൽസാഹനപരമായ ഒരു മുന്നേറ്റം ഈ വിഭാഗത്തിലും ഉണ്ടായിട്ടില്ല. മററു സമുദായങ്ങളുടെ ഇടയിലും സ്ത്രീകളുടെ വിദ്യാഭ്യാസ കാര്യത്തിൽ വലിയ മുന്നേററം ഉണ്ടായിട്ടുണ്ടെന്ന് പറയുവാൻ കഴിയുകയില്ല. ആൺകുട്ടികൾക്കെന്നപോലെത്തന്നെ പെൺകുട്ടികളേയും അവരുടെ കഴിവിനും പ്രാപ്തിക്കും ഒത്തവിധത്തിൽ ഉന്നത വിദ്യാഭ്യാസ്വും സാങ്കേതിക വിദ്യാഭ്യാസവും നൽകേണ്ടതാണ്.

പുരുഷമേധാവിത്വം, പെൺകുട്ടികളെ വളരെ അകലെ വിട്ടു പഠിപ്പിക്കുവാൻ ഉള്ള ബുദ്ധിമുട്ട്, കുടുംബങ്ങളുടെ ദരിദ്രാവസ്ഥ എന്നിവയൊക്കെയാണ് സ്ത്രീവിദ്യാഭ്യാസത്തിന് പിന്നോക്കാവസ്ഥ വരുവാൻ കാരണം. ആയതിനാൽ ലിംഗഭേദം കൂടാതെ വിദ്യാഭ്യാസം നൽകുവാൻ കുടുംബങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. വിവാഹം കഴിച്ച് അയക്കാനുള്ള കാരണത്താൽ പെൺകുട്ടികളെ പഠിപ്പിക്കാത്ത മാതാപിതാക്കളും ഇല്ലാതില്ല. വീട്ടുജോലി ചെയ്യുവാനും, വീട്ടിലെ കാര്യങ്ങൾ നോക്കുവാനും സ്കൂളിൽ പെൺകുട്ടികളെ വിടാതിരിക്കുന്നതും ഒരു സാധാരണ പതിവാണ് ആയതിനാൽ പഞ്ചായത്ത് തലത്തിൽ സ്ത്രീവിദ്യാഭ്യാസത്തിന് കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

ഈ പഞ്ചായത്തിലെ സ്ത്രീ പുരുഷൻമാരുടെ ആരോഗ്യകാര്യത്തിൽ വലിയ വ്യത്യാസം ഇല്ല സ്ത്രീകളുടെ ആരോഗ്യ പരിപാലനം സമൂഹത്തിന്റെ ഉന്നമനത്തിന് വളരെ അത്യാവശ്യമാണ് സ്ത്രീകളുടെയും കുട്ടികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യ പരിപാലന

ത്തിന് നമ്മുടെ പഞ്ചായത്തിൽ പ്രൈമറി ഹെൽത്ത് സെൻറർ മുഖാന്തിരം പദ്ധതികൾ ഉണ്ടെങ്കിലും രോഗപ്രതിരോധനത്തിൽ ഊന്നിയുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടിയിരിക്കുന്നു PHC യിലെ ഉദ്യോഗസ്ഥർ വീടുകൾ കയറി സ്ത്രീകളുടെയും കുട്ടികളുടെയും സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുകയും രോഗപ്രതിരോധ പ്രവർത്തനങ്ങൾ ചെയ്യുകയും അവരുടെ ആരോഗ്യ കാര്യത്തിനുള്ള നിർദ്ദേശങ്ങൾ കൊടുക്കുകയും ചെയ്യുന്നുണ്ട് ഈ പഞ്ചായത്തിൽ കുര്യമായ പകർച്ചവ്യാധികളോ മററു രോഗങ്ങളോ പടർന്നു പിടിക്കാതിരിക്കുവാനുള്ള മുൻ കരുതലുകൾ പഞ്ചായത്തിന്റെ സഹകരണത്തോടെ ഹെൽത്ത് ഡിപ്പാർട്ട്മെൻറ് ചെയ്യാറുണ്ട് സ്ത്രീകളുടെ ആരോഗ്യ പരിപാലനം ലക്ഷ്യമാക്കികൊണ്ട്. PHCയുടെ കീഴിൽ പരുവകുന്ന്, കരിക്കാട്, വട്ടമാവ്, കടവല്ലൂർ, പെരുമ്പിലാവ്, കണക്കകോളനി എന്നിവടങ്ങളിൽ ഓരോ സെൻററുകൾ PHCയുടെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് വന്നുഇരിക്കാൻ സൗകര്യമില്ലാത്ത സ്ഥലങ്ങളാണ് കരിക്കാട് വട്ടമാവ് എന്നിവ കടവല്ലൂര് ഒരു മിഡ്വൈഫറി സെൻററും പെരുമ്പിലാവിൽ ഒരു PHC യും ഉണ്ട് പ്രൈമറി ഹെൽത്ത് സെൻറർ മുഖാന്തിരം സ്ത്രീകളുടെ ആരോഗ്യ പരിപാലനത്തിന് കൂടുതൽ ശ്രദ്ധകൊടുക്കുന്നത് പ്രൈമറി ഹെൽത്ത്സെൻറർ പഞ്ചായത്തിന്റെ കീഴിലായതിനാൽ പഞ്ചായത്തിന് ഈ കാര്യത്തിൽ കൂടുതൽ ശ്രദ്ധിക്കുവാൻ കഴിയും

കുടുംബാഗങ്ങളുടെ ആരോഗ്യപരിപാലനത്തിൽ സ്ത്രീകൾക്ക് പ്രധാനപങ്കുണ്ട്. വീടു പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിനും, കുടുംബത്തിന്റെ സുചിത്വം പരിപാലിക്കുന്നതിലും സ്ത്രീകൾക്ക് വലിയ ഉത്തരവാദിത്വമുണ്ട്. സുചിത്വപരിപാലനന്നിന്റെ ആവശ്യകതയും, ആരോഗ്യപരിപാലനത്തിൽ സുചിത്വത്തിനുള്ള പരമപ്രധാനമായ സ്ഥാനവും എന്താണെന്നുള്ളത് സ്ത്രീകളെ പഠിപ്പിക്കുകയും, ബോധവൽക്കരിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. കാരണം എന്താണെന്നു വെച്ചാൽ പഞ്ചായത്തിലെ പലവീടുകളും പരിസരങ്ങളും വളരെ വൃത്തിഹീനമായി കിടക്കുന്നതു കാണാം പ്രത്യേകിച്ച് പിന്നോക്ക അവസ്ഥയിലുള്ള ജനവിഭാഗങ്ങളുടെ വീടുകൾ മാത്രമല്ല വീടുകളിൽ നിന്നും വരുന്നമലിന വസ്തുക്കൾ, ചപ്പ്ചവറുകൾ ചെളിവെള്ളങ്ങൾ എന്നിവ വീടുകളുടെയും മററും പൊതുസ്ഥലങ്ങളുടെയും പരിസരം വൃത്തിഹീനമാക്കുന്നതായി കാണാം ഇതിന്റെ പ്രധാന കാരണം സ്ത്രീകളുടെ ഈ കാര്യത്തിലുള്ള അജ്ഞതയാണെന്ന് കാണാം അതുകൊണ്ട് സുചിത്വവും ആരോഗ്യപരിപാലനവും സംബന്ധിച്ച് സ്ത്രീകൾക്ക്ബോധവൽക്കരണം നടത്തേണ്ടത്വളരെ അത്യാവശ്യമാണ് ആകെയുള്ള ദമ്പതികൾ 3687 ആണ് അതിൽ 2355 പേർ കുടുംബാസൂത്രണ മാർഗ്ഗങ്ങൾ സ്വീകരിച്ചവരാണ.

കുഞ്ഞുങ്ങളെ വളർത്തുന്നതിൽ വലിയ പങ്ക് സ്ത്രീകൾക്കുതന്നെയാണ്. അതുകൊണ്ട് കുട്ടികളുടെ ആരോഗ്യപരിപാലനത്തിനും സ്ത്രീകൾ തന്നെയാണ് ശ്രദ്ധിക്കേണ്ടത്. രോഗപ്രതിരോധ പ്രവർത്തനങ്ങളെ സംബന്ധിച്ച് നല്ല അറിവ് സ്ത്രീകൾക്ക് ഉണ്ടാക്കേണ്ടത് വളരെ അത്യാവശ്യവുമാണ്. ആരോഗ്യമുള്ള തലമുറയാണ് നമ്മുടെ പഞ്ചായത്തിനും രാഷ്ട്രത്തിനും ആവശ്യം. സ്കൂളിൽ പോയിതുടങ്ങുന്ന കുട്ടികൾക്ക് പ്രാഥമിക പാഠങ്ങൾ പറഞ്ഞുകൊടുക്കുന്നതും അമ്മമാരാണ്. കുട്ടികളുടെ പ്രാഥമിക വിദ്യഭ്യാസത്തിന് ഉത്തേജനവും, പ്രോത്സാഹനവും അമ്മമാർതന്നെയാണ് പഞ്ചായത്തിൽ മൊത്തം പരിശോദിച്ചാൽ വിദ്യഭ്യാസമുള്ള മാതാക്കളുടെ കുട്ടികൾ വിദ്യഭ്യാസ കാര്യത്തിൽ മുൻപന്തിയിലാണ്. അവർ ഉന്നതവിദ്യഭ്യാസം നേടുന്നവരും ആണെന്ന് കാണാം. അങ്ങനെ തലമുറകൾ അഭിവൃദ്ധി പ്രാപിക്കുന്നതായി കാണാം. ഈ പഞ്ചായത്തിലെ സ്ത്രീകളുടെ സാക്ഷരതാ നിരക്ക് വളരെ പിന്നിലാണെന്ന് കാണാം. അതുകൊണ്ട് സ്ത്രീകളുടെ വിദ്യാഭ്യാസത്തിന് വളരെ പ്രധാനം സ്ഥാനം കൊടുക്കുകയും, സ്ത്രീകൾക്ക് ഹൈസ്കൂൾ വരെ വിദ്യഭ്യാസം നിർബന്ധമാക്കുകയും വേണം സ്കൂളിൽ നിന്ന് കൊഴിഞ്ഞുപോകുന്ന കുട്ടികള കണ്ടെത്തി 10–ാം ക്ലാസുവരെ പഠിപ്പിക്കുവാൻ വേണ്ട എല്ലാ പ്രോത്സാഹന മാർഗ്ഗങ്ങളും ഉപയോഗിച്ച് അവരെ പഠിപ്പിക്കാൻ ശ്രമിക്കണം.

ഗർഭിണികളുടെ ആരോഗ്യ പരിപാലനം PHC മുഖാന്തിരം നടപ്പിലാക്കി വരുന്നുണ്ട്.

പഞ്ചായത്തിലുള്ള ഗർഭിണികളെ കണ്ടെത്തി അവർക്ക് പോഷക ഗുളികകളും നിർദ്ദേശങ്ങളും PHC ഹെൽത്ത് ഇൻസ്പെക്ടർമാർ വീടുവീടാന്തരം കയറിയിറങ്ങി കൊടുക്കുന്നുണ്ട് കടവല്ലൂരും പെരുമ്പിലാവിലും മിഡ്‌വൈഫറി സെൻററുകളും ഉണ്ട്. ഗവ: പ്രസവാശുപത്രി നിമ്മുടെ പഞ്ചായത്തിൽ ഇല്ല ആയതിനാൽ ഇവിടെയുള്ളവർ പ്രൈവററ് ആശുപത്രികളെയാണ് ആശ്രയിക്കുന്നത് പ്രൈവററ് ആശുപത്രികൾ വളരെ കൂടിയ സംഖ്യയാണ് ഫീസായി ഈടാക്കുന്നത് അതുകൊണ്ട് സാധാരണ ആളുകൾ വളരെയെറെ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുണ്ട്. അതിന് ശാശ്വത പരിഹാരം കണ്ടെത്തണം പെരുമ്പിലാവ് PHC യിൽ പ്രസവത്തിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കണം. ആകെജനനം 312 ആണ് പഞ്ചായത്തിലെ ജനന നിരക്ക് 49.68% ആണ്. ഈ പഞ്ചായത്തിൽ കുടുംബാസൂത്രണ പദ്ധതികളിൽ വൻ വിജയം നേടാൻ കഴിഞ്ഞിട്ടുണ്ട്. സ്ത്രീകളുടെ ഇടയിൽ അതിന് നല്ല പ്രതികരണം ഉണ്ടായിട്ടുണ്ട്. ഇപ്പോൾ രണ്ടുകുളികളള ദമ്പതികളാണ് കൂടുതൻ പണ്ട് 8ഉം 10ഉം കുട്ടികൾ ഒരുകൂടുബത്തിൻെറ മുഖമുദ്ര ആയിരുന്നു എങ്കിൽ ഇപ്പോൾ ആയതിന് മാററം വന്നിരിക്കുന്നു. ആയതിനാൽ സ്കൂളുകളിൽ കുട്ടികളുടെ കുറവ് അനുഭവപ്പെടുന്നുണ്ട് അതു. സ്ത്രീകളുടെ ഉയർച്ചയെ ആണ് കാണിക്കുന്നത്. സ്ത്രീകളുടെ ഇടയിലെ കഷ്ടപ്പാടുകൾക്ക് കുറവ് വന്നു എന്ന് മനസിലാക്കാം പ്രസവങ്ങൾ തമ്മിലുള്ള വിത്യാസം കുറഞ്ഞകാരണം കൊച്ചുകുട്ടികളെ വളർത്തി എടുക്കുന്നതിലും മററും മുമ്പ് മാതാക്കൾ വളരെ.എറെ കഷ്ടപ്പെട്ടിട്ടുള്ളതായി കാണുവാൻ കഴിയും അതു ആരോഗ്യരംഗത്തെ വലിയ നേട്ടങ്ങളായി കണക്കാക്കാം.

ആധുനിക വൽക്കരണം സ്ത്രീകളുടെ ആരോഗ്യപരിപാലയത്തിന് ദോഷം സംഭവിച്ചതായികാണാം. പണ്ട് വെള്ളം കോരുകയും, തുണി അലക്കുകയും, മുളക് തേങ്ങ എന്നിവ അരക്കുകയും ചെയ്തിരുന്ന സ്ഥാനത്ത് ഇന്ന് മോട്ടറുകളും യന്ത്രങ്ങളും പ്രവർത്തിക്കുന്നതിനാൽ സ്ത്രീകൾക്ക് കായികമായ യാതൊരു അദ്ധ്വാനവും ഇല്ലാതെ വന്നിരിക്കുന്നു മററുയാതൊരുപണിയും എടുക്കാൻ ഇല്ലാത്ത ഇങ്ങനെയുള്ള സ്ത്രീകളുടെ ഇടയിൽ, പ്രഷർ, സുഗർ, വലിവ്, വാതം, മററ്രോഗങ്ങൾ കൂടുതലായി കണ്ടുവരുന്നു, അതുഇവിടെ സ്വകാര്യ ആശുപത്രികൾ കൊള്ളലാഭം എടുക്കുന്നതിന് മുഖാന്തിരമായി തീരുന്നു. കാരണം ഒരു വിധം സമ്പന്നരായ സ്ത്രീകൾക്കാണ് ഇങ്ങനെയുള്ള സാഹചര്യത്താൽ രോഗങ്ങൾ ഉണ്ടാകുന്നത്. ശരീരത്തിന് ആവശ്യമായ അദ്ധ്വാനം ഇല്ലാതെ വന്നാൽ രോഗങ്ങൾ ഉണ്ടാകുവാൻ സാദ്ധ്യത കൂടുതലാണ്. അതുകൊണ്ട് സ്ത്രീകളുടെ ആരോഗ്യ പരിപാലനത്തിന് കായിക അദ്ധ്വാനം ആവശ്യമാകയാൽ, അങ്ങനെയുള്ള സ്ത്രീകൾക്ക് കായികാഭ്യാസങ്ങൾ ചെയ്യുന്നതിന് വേണ്ട ബോധവൽക്കരണം നടത്തേണ്ടതാണ്.

തൊഴിൽ രംഗത്തും സ്ത്രീകളുടെ പങ്കാളിത്തം കുറവാണ് എന്ന് കണക്കുകൾ പരിശോധിച്ചാൽ മനസിലാക്കാം പട്ടിക കാണുക പുരുഷൻമാരോടൊപ്പം സ്ത്രീകൾക്കും പങ്കാളിത്തം നൽകുന്നതിന് ആവശ്യമായ കഴിവുകൾ അവർക്ക് ഉണ്ട് അതു മനസിലാക്കി അവരെ പ്രോത്സാഹിപ്പിക്കണം. ഭൂവിഭാഗത്തിൽ അധികം സ്ത്രീകളും യാതൊരുതൊഴിലും ഏർപ്പെടാത്തവരാണ്. അവർ വീടുകളിലെ വീട്ടുപണികളും കുഞ്ഞുങ്ങളെ നോക്കലും മാത്രമായി കഴിഞ്ഞുകൂടുന്നവരാണ്.

സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം പ്രതിനിധിക്കുന്ന പട്ടിക,

| തൊഴിൽ മേഖല | പു | സ്ത്രീ |
|---|---|---|
| കാർഷിക വൃത്തി | 677 | 79 |
| കർഷകതൊഴിലാളി, മൃഗ പരിപാലനം | 1835 | 1267 |
| ഖനനം, കുടിൽ വ്യവസായം | 155 | 41 |
| മററു വ്യവസായങ്ങൾ | 36 | 13 |
| കെട്ടിടനിർമാണം, വ്യാപാരം | 204 | 48 |
| ഗതാഗതം, വാർത്തവിനിമയം | 618 | 213 |

ഈ പഞ്ചായത്തിലെ തൊഴിലിൽ ഏർപ്പെടുന്ന സ്ത്രീകളിൽ ഭൂരിഭാഗവും കാർഷിക തൊഴിലാളികളായിട്ടാണ് പണി എടുക്കുന്നത് ആ മേഖലയിൽ കൂടുതലും പട്ടികജാതിക്കാരായ സ്ത്രീകളാണ് എന്നാൽ പുതിയ തലമുറയിൽപെട്ടവർ ആമേഖലയിൽ പണി എടുക്കുന്നതിന് തയ്യാറാകുന്നില്ല., ഒന്ന് മുഷിഞ്ഞ് ജോലിചെയ്യുവാൻ തയ്യാറല്ല. എന്നുള്ളതുതന്നെയാണ് മററുമേഖലയിൽ കൂലികൂടുതലും സ്ത്രീ തൊഴിലാളികളിൽ കൂലി കൂടുതൽ ഈ മേഖലയിലാണ്. എന്നാൽ ഈ മേഖലയിൽ പണി എടുത്തവർ കെട്ടിട നിർമാണം, റോഡുപണി, പാറയുടക്കൽ എന്നീ പണികളിലേക്ക് തിരിഞ്ഞിരിക്കുന്നു. കാർഷിക മേഖലയിൽ പണികുറവു വന്നിട്ടുണ്ട് കാർഷിക മേഖലയിൽ അഭിവൃദ്ധി ഉണ്ടായാൽ, ഈ മേഖലയിൽ സ്ത്രീകൾക്ക്കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാകും കറവുമാട്, കന്നുകാലി എന്നിവ വളർത്തലും കുറെ സ്ത്രീകൾ തൊഴിൽചെയ്യുന്നുണ്ട് എന്നാൽ ഈമേഖല സ്ത്രീകൾക്ക്കൂടുടുതൽ തൊഴിൽ ലഭിക്കുന്നതാണെങ്കിലും അധികം ആളുകൾ ഇതിൽ താൽപര്യം കാണിക്കുന്നില്ല കാരണം തീററ ലഭിക്കാനുള്ള വിഷമമാണ് പ്രധാനമായിട്ടുള്ളത് സ്ത്രീകൾക്ക് തൊഴിൽ ചെയ്യാൻ താൽപര്യമുള്ള ധാരാളം സ്ത്രീകൾ ഈ പഞ്ചായത്തിലുണ്ടെങ്കിലും അവർക്ക് തൊഴിൽ ലഭിക്കാൻ ആവശ്യമായ മേഖലകൾ ഇല്ല എന്നുകാണാം കർഷകരായസ്ത്രീകൾ 79 ആണ് എന്നാൽ ആ മേഖലയിൽ പണി എടുക്കാൻ തയ്യാറുള്ളവരുണ്ടെങ്കിലും സ്വന്തമായി ഭൂമി ഇല്ലാത്തവരാകയാൽ അതു സാധിക്കുകയില്ല കുടിൽ വ്യവസായ രംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം വെറും 41 ആണ് കുടിൽ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കേണ്ടത് വളരെ അത്യാവശ്യമാണ് ആ മേഖലയിൽ തൊഴിൽ സാന്ധ്യത വളരെയെറെയാണ്. തയ്യൽ, ബുക്ക്ബൈന്ഡിംഗ്. പപ്പടനിർമ്മാണം, സോപ്പു നിർമ്മാണം മെഴുകുതിരി നിർമ്മാണം, ബീഡി തെരവ്, പായനെയ്ത്ത്, കുട്ട മുറം നെയ്ത്ത്, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, ജനല കുററി കുളത്തു നിർമാണം, സാധനങ്ങൾ പാക്കിങ്ങ് ചെയ്ത് വിതരണം എന്നിവ കുടിൽ വ്യവസായ മേഖലയിലെ തൊഴിലുകളാണ്. ഈ തൊഴിലുകളാണ് ഈ പഞ്ചായത്തിൽ സ്ത്രീകൾ ചെയ്യുന്ന തൊഴിലുകൾ ഇവക്ക് താൽപര്യമുള്ള അനേകം സ്ത്രീകളുണ്ട് അവർക്ക് തൊഴിൽ ആരംഭിക്കുന്നതിനുള്ള പണം ഇല്ലാത്തതിനാൽ തുടങ്ങാൻ കഴിയുന്നില്ല അതുകൊണ്ട് കുടിൽ വ്യവസായങ്ങൾ തുടങ്ങുവാൻ ആഗ്രഹിക്കുന്നവർക്ക് സാമ്പത്തിക സഹായം ലഭിക്കുന്നതിന് വളരെ ലളിതമായ പദ്ധതികൾ ആവിഷ്കരിക്കണം പഞ്ചായത്ത് മുഖാന്തിരം ഇങ്ങനെയുള്ളവർക്ക് വായ്പയും സഹായ ധനവും ലഭിക്കുന്നതാണ് ഉത്തമം

മററു വ്യവസായ മേഖലയിൽ തൊഴിൽ എടുക്കുന്നവരുടെ എണ്ണം കുറവാണ് അവരുടെ എണ്ണം 15 മാത്രമാണ് ഈ മേഖലയിൽ അവരുടെ പങ്കാളിത്തം വളരെ കുറവാണുള്ളത് അവർക്ക് ഈ മേഖലയിൽ വമ്പിച്ച തൊഴിൽ സാധ്യതകളുടെ വനിത സഹകരണത്തോടെ ചെറുകിട വ്യവസായങ്ങൾ തുടങ്ങാവുന്നതാണ്. വ്യവസായവികസന വകുപ്പ് മുഖന്തിരം വനിത തൊഴിൽ സംരഭങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്ന പദ്ധതികൾ നിലവിലുണ്ട് എന്നാൽ ഈ പഞ്ചായത്തിലുള്ള വനിതകൾ അതുപൂർണ്ണമായും പ്രയോജനപ്പെടുത്തുന്നില്ല പ്രധാനപ്രശ്നം സർക്കാർ വകുപ്പുകളുമായി ജനങ്ങൾ ബന്ധപ്പെടുമ്പോൾ ഉണ്ടാകുന്ന പ്രയാസങ്ങൾ തരണം ചെയ്യുവാൻ സ്ത്രീകൾക്ക് സാധിക്കുന്നില്ല. ഒരു പ്രാവശ്യത്തെ യാത്രകൊണ്ട് തന്നെ ചെറുകിട വ്യവസായം തുടങ്ങുന്നതിനുള്ള ആഗ്രഹം ഉപേക്ഷിച്ച് മടങ്ങിയിട്ടുള്ള തൊഴിൽ സംരംഭകരായ വനിതകൾ ഉണ്ട്. അതുകൊണ്ട് പഞ്ചായത്തിൻെറ നിയന്ത്രണത്തിൽ വ്യവസായ വികസന വകുപ്പിൻെറ പഞ്ചായത്ത് തല ഓഫീസ് ആരംഭിക്കണം പഞ്ചായത്തിൽ ചെറുകിട വ്യവസായം ആരംഭിക്കുവാൻ ആഗ്രഹിക്കുന്ന വനിതകൾക്ക് പ്രോത്സാഹനം ലഭിക്കുവാൻ ഇടയാകും. അങ്ങനെ ആ മേഖലയിലേക്ക് അനേക സ്ത്രീകൾ കടന്നുവരുവാൻ ഇടയാകും,

കെട്ടിട നിർമ്മാണ മേഖലയിലും സ്ത്രീകൾ ധാരാളം ജോലിചെയ്യുന്നുണ്ട്. കൃഷി മേഖലയിൽ പണിക്കാരെ കിട്ടാനില്ലാത്ത ബുദ്ധിമുട്ടു അനുഭവിക്കുന്നുണ്ട് കെട്ടിട നിർമ്മാണ മേഖലയിൽ മററു മേഖലയിലേതിനേക്കാൾ കൂലികൂടുതലുണ്ട്, കൃഷി പണിക്ക് 50-60 രൂപകൂലികിട്ടുമ്പോൾ, കെട്ടിട നിർമ്മാണത്തിന് 70-80 രൂപ കൂലികിട്ടുന്നുണ്ട്. എന്നാൽ ഈ മേഖലകളിൽ രണ്ടിലും പണിഎടുക്കുന്ന സ്ത്രീകൾ ദാരിദ്ര വിഭാഗത്തിൽ പ്പെടുന്നവരാ

കയാൽ. കുടുംബ സംബന്ധമായ കാരണങ്ങളാൽ അവർ ജോലി ചെയ്തുണ്ടാക്കുന്ന പണം അവരുടെ കുടുംബത്തിന് ഉന്നമനത്തിന് വേണ്ട നിലയിൽ പ്രയോജനപ്പെടുന്നില്ലെന്നു കാണുവാൻ കഴിയും. 50% പുരുഷൻമാർ അലസൻമാരും കിട്ടുന്ന പൈസ ദുർവിനയം ചെയ്യുന്നവരുമാകയാൽ കുടുംബ ഭാരം സ്ത്രീകൾ വഹിക്കേണ്ടിവരുന്നു. കാരണം സ്ത്രീകൾ ജോലിചെയ്ത് കിട്ടുന്ന കൂലി പുരുഷൻമാർ (ഭർത്താക്കൻമാർ) വാങ്ങിച്ച് അവർ ദുർവ്യയം ചെയ്യുന്നു അതുകൊണ്ട് അങ്ങനെയുള്ളവരുടെ ഇടയിൽ സാമ്പാദ്യ ശീലം വളർത്തുന്നതിന് ആവശ്യമായ ബോധവൽക്കരണം നടത്തണം മദ്യപാനം, പുകവലി, ശീട്ടുകളി ദുർചിലവുകൾ ഇന്നനെയുള്ള തൊഴിലാളികളുടെ ഇടയിൽ കൂടുതലാണ് പഞ്ചായത്ത് തല ബോധവൽക്കരണം അനിവാര്യമാണ്

170

വനിതകളുടെ വ്യാപാര സ്ഥാപനങ്ങൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കകാണുവാൻ കഴിയും ഇനിയും കൂടുതൽ പേർക്ക് ഈ മേഖലയിൽ തൊഴിൽ കണ്ടെത്താവുന്നതാണ് പലചരക്ക് കച്ചവടം, സ്റ്റേഷനറി, ചായപീടിക, വിറക്, കൊപ്ര, പുസ്തകശാലകൾ, റേഷൻകട, പത്രവിതരണം, എന്നിവയും വനിതകൾക്ക് ചെയ്യാവുന്ന വ്യാപാര മേഖലയാണ്. പുരുഷൻമാർ സ്വാതന്ത്ര്യം നൽകിയാൽ മാത്രമെ സ്ത്രീകൾ ഈ മേഖലയിലേക്ക് കടന്നുവരുകയുള്ളൂ. സ്ത്രീകളുടെ അപകർഷത ബോധമാണ് പലകാര്യങ്ങളിലും അവർക്ക് മുൻപോട്ടു വരുവാൻ കഴിയാത്തത്.

തുണികടകൾ, ടെലിഫോൺ ബൂത്തുകൾ സ്റ്റേഷനറി കടകൾ, പണമിടപാടു സ്ഥാപനക്കൾ, പ്രസ്സുകൾ, ബുക്ക് ബൈഡിംഗ് സ്ഥാപനങ്ങൾ, ചെറിയ പ്ളാസ്ററിക് കമ്പനികൾ എന്നിവിടങ്ങളിലാണ് ബാക്കി തൊഴിൽ ചെയ്യുന്ന സ്ത്രീകൾ ജോലി ചെയ്യുന്നത്.

കന്നുകാലി വളർത്തൽ, ആടുവളർത്തൽ എന്നിവ സ്ത്രീകൾ ചെയ്യുന്ന തൊഴിലുകളാണെങ്കിലും ഒരു തൊഴിൽ എന്ന നിലയിൽ ആരും അതു കണക്കാക്കി അതിൽ ശ്രദ്ധിക്കുന്നില്ല. അതുപോലെ വീടുകളിൽ 4-5 കോഴികളെ വളർത്തുന്നു എന്നതിൽ അധികമായി ഒരു ആദായ മാർഗ്ഗ മെന്ന നിലയിൽ മുട്ട കോഴികളെയോ ഇറച്ചി കോഴികളെയോ വളർത്തുന്ന സ്ത്രീകളും നമ്മുടെ പഞ്ചായത്തിൽ ഇല്ല. അതുപോലെ തന്നെയാണ് പന്നി വളർത്തലിന്റെ കാര്യവും, സ്ത്രീകൾക്ക് ചെയ്യാവുന്ന ഒരുതൊഴിലാണ്. പന്നിവളർത്തൽ. തേനീച്ച വളർത്തൽ, പട്ടുനൂൽ പുഴുക്കളെ വളർത്തൽ, മത്സ്യം വളർത്തൽ എന്നീ തൊഴിലുകളും സ്ത്രീകൾ ചെയ്യാവുന്നതാണ്. കുററിമുല്ല പുഷ്പ കൃഷി, ഔഷധ സസ്യങ്ങൾ എന്നിവയുടെ കൃഷിയും സ്ത്രീകൾക്ക് ഏറ്റെടുത്ത് ചെയ്യാവുന്നവയാണ്.

പരമ്പരാഗത തൊഴിലുകളായ കുട്ട നെയ്ത്ത്, പായനെയ്ത്ത്, എന്നിവ ചെയ്യുന്ന സ്ത്രീകൾ ഈ പഞ്ചായത്തിലുണ്ട്. എന്നാൽ പുതിയ തലമുറ ഈ തൊഴിലുകൾ പഠിക്കുവാനോ ചെയ്യുവാനോ തയ്യാറായി കാണുന്നില്ല. അതും പ്രോത്സാഹനം അർപ്പിക്കുന്ന ഒരു മേഖലയാണ്. അസംസ്കൃതവസ്തുക്കളായ മുള ഈററ എന്നിവയുടെ ലഭ്യകുറവാണ് ഈ തൊഴിലുകളെ തളർത്തുന്നത് അസംസ്കൃത സാധനങ്ങളുടെ വിലകൂടുതലും കൂലികുടുതലും സാധന വില വർദ്ധിപ്പിക്കുന്നു വിലകുറഞ്ഞ പ്ളാസ്ററിക്, ടയർ മുതലായവ കൊണ്ടു നിർമിക്കുന്നവരും വീടുകളിൽ ഇരുന്ന് തയ്യൽ ജോലിചെയ്യുന്ന സ്ത്രീകളും നമ്മുടെ പഞ്ചായത്തിൽ ഉണ്ട് മുറികൾ വാടകക്കെടുത്ത് തയ്യൽ കട നടത്തുന്ന സ്ത്രീകൾ വളരെ കുറവാണെങ്കിലും രണ്ടു മൂന്നു സ്ഥലങ്ങളിൽ ഉണ്ട് സ്ത്രീകൾക്ക് ധാരാളം തൊഴിൽ സാധ്യതയുള്ള ഒരു മേഖലയാണ് ഇത്. തയ്യൽ അറിയാവുന്ന അനവയി സ്ത്രീകൾക്കും മെഷ്യൻ ഇല്ലാത്തതിനാൽ തൊഴിൽ ചെയ്യുവാൻ കഴിയാത്തവരായി പലരും ഈ പഞ്ചായത്തിൽ ഉണ്ട് ആയതിനാൽ തൊഴിൽ അറിതാവുന്നവർക്ക് തയ്യൽ മെഷ്യൻ നൽകുന്നതിന് പദ്ധതി ആവിഷ്കരിക്കേണ്ടത് വളരെ അത്യാവശ്യമാണ്. അനേകം സ്ത്രീകൾക്ക് തൊഴിൽ ലഭിക്കുവാൻ കഴിയും.

തൊഴിഴലടുക്കുന്നസ്ത്രീകളുടെ നില പരിശോധിച്ചാൽ, ഓരോതൊഴിൽ ചെയ്യുന്ന സ്ത്രീക്കും പുരുഷനും കൂലിക്ക് വളരെ അന്തരമുണ്ട്. എന്ന് കാണാൻ കഴിയും തൊഴിൽ നി

ലവാരം പരിശോധിച്ചാൽ ഒരുപക്ഷെ പുരുഷനെക്കാൾ സ്ത്രീകൾ കൂടുതൽ പണിചെയ്യുന്നുണ്ടെങ്കിലും കൂലി കുറവു ചെയ്യുന്നു. ഇതു വലിയ ഒരു ചൂഷണമാണ്. അതുകൊണ്ടു ഒരേ തൊഴിലിന് ഒരേ കൂലിഎന്ന ആശയം നടപ്പിലാക്കേണ്ടതാണ് സ്ത്രീകൾ ജോലിചെയ്തു ഉണ്ടാക്കുന്ന പണം വിനിയോഗിക്കാൻ സ്ത്രീകൾക്ക് വേണ്ട നിലയിൽ സ്വാതന്ത്ര്യം ഇല്ല എന്നുള്ളത് ഒരു പരമാർത്ഥം മാത്രമാണ് കുടുംബങ്ങളുടെ പൊതു കാര്യങ്ങൾ അവരുടെ സമ്പാദ്യം പ്രയോജനപ്പെടുന്നുണ്ട്. എന്നു വരികിലും പല കുടുംബങ്ങളിലും പുരുഷൻമാർ അതു ദുർവിനിയോഗം ചെയ്യുന്നതായികാണാം.

സ്ത്രീകൾക്ക് അർഹിക്കുന്ന സ്ഥാനം ലഭിക്കുന്നില്ല എന്നത് നമ്മുടെ സമൂഹത്തിൽ നിലനിന്നിരുന്ന ഫ്യൂഡൽ വ്യവസ്ഥിതിയുടെയും, പുരുഷ മേധാവിത്വത്തിന്റെയും പരിണത ഫലമാണ്. സ്ത്രീകൾ പുരുഷൻമാരോടൊപ്പം ജോലിക്കു പോകുന്നവരാണെങ്കിലും പുരുഷൻ സ്ത്രീകളെ വീട്ടു ജോലികളിൽ സഹായിക്കുകയോ, കുട്ടികളുടെ പരിപാലനത്തിൽ ശ്രദ്ധിക്കുകയോ ചെയ്യുന്നില്ല. അതുകൊണ്ട് ജോലിയുള്ള സ്ത്രീകൾ പുരുഷൻമാരെക്കാൾ വളരെയെറെ കഷ്ടപ്പെടുന്നുണ്ട്. വീട്ടുജോലികളിൽ സ്ത്രീകളെ സഹായിക്കുന്നതിനുള്ള മനോഭാവം പുരുഷൻമാരിൽ വളരേണ്ടത് അത്യാവശ്യമാണ്, എങ്കിൽ മാത്രമെ അങ്ങനെയുള്ള സ്ത്രീകൾക്ക് ആശ്വാസം ലഭിക്കുകയുള്ളൂ.

സ്ത്രീധനപീഢന കേസുകൾ ഒന്നും ഈ പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. എങ്കിലും വിവാഹ കമ്പോളത്തിൽ സ്ത്രീധനം വലിയ സ്വാധീനം ചെലുത്തുന്നുണ്ട്. സമ്പന്നർ വലിയതുകയും സ്വർണ്ണവും നൽകി പെൺകുട്ടികളെ കെട്ടിച്ചയക്കുമ്പോൾ, സ്ത്രീധനം കൊടുക്കുവാൻ ഇല്ലാത്തതിനാൽ അനേക പെൺകുട്ടികളെ വിവാഹം കഴിപ്പിച്ച് അയക്കുവാൻ സാധിക്കാത്ത അനേക കുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ട് സ്ത്രീധനം നിയമംമൂലം നിരോധിച്ചിട്ടുണ്ടെങ്കിലും മററു പല ഓമന പേരുകളിലും നമ്മുടെ സമൂഹത്തിൽ നിലനിൽക്കുന്നു. സ്ത്രീധനത്തിന്റെ പേരിൽ മാനസീകമായി പീഡനം സഹിക്കുന്ന അനേക സ്ത്രീകൾ ഉണ്ട്. പെൺകുട്ടികളുടെ മാതാപിതാക്കൻമാർ അവരുടെ ആൺകുട്ടികൾക്ക് സ്ത്രീധനം വാങ്ങി വിവാഹം കഴിക്കുവാനാണ് ഉത്സാഹം കാണിക്കുന്നത്. ഇത് നമ്മുടെ സമൂഹത്തിലെ വലിയ തിന്മയാണ് അത് കൊണ്ട് യുവാക്കളുടെ ഇടയിൽ ഒരു വലിയ പരിവർത്തനം ഉണ്ടായാൽ മാത്രമെ ഒരു മാററം പ്രതീക്ഷിക്കേണ്ടതുള്ളൂ. അതുകൊണ്ട് പഞ്ചായത്ത് തലത്തിൽ ബോധവൽക്കരണവും സ്വയ പ്രതിജ്ഞയും ആവശ്യമാണ്,

പെൺകുട്ടികളുടെ വിദ്യഭ്യാസകാര്യത്തിൽ ആൺ കുട്ടികൾക്കുള്ള പരിഗണന ഇന്നും ഇല്ല ഇപ്പോൾ സ്ത്രീ പുരുഷ ഭേദമില്ലാതെ സ്കൂളിൽ ചേർക്കുമെങ്കിലും അവരുടെ മുൻപോട്ടുള്ള വിദ്യഭ്യാസത്തിന് വേണ്ടത്ര പ്രോത്സാഹനം കൊടുക്കുന്നില്ല. മൂത്തത് പെൺകുട്ടിയാണെങ്കിൽ ഇളയവരെ നോക്കുന്നതിനും, വീട്ടിൽ പണി ചെയ്യുന്നയിനും പഠിപ്പ് നിർത്തിക്കുന്ന പെൺകുട്ടികൾ സാധാരണക്കാരുടെ ഇടയിൽ ധാരാളം ഉണ്ട് മുസ്ലീം സമുദായത്തിൽ പെൺകുട്ടികളെ കഴിയുന്നതും വേഗം കല്ല്യാണം കഴിപ്പിക്കണം എന്നുള്ള ഒരു രീതി നിലനിൽക്കുന്നതിനാൽ അങ്ങനെയുള്ള പെൺകുട്ടികൾക്ക് ഹൈസ്കൂൾ വിദ്യഭ്യാസം പോലും പൂർത്തീകരിക്കുവാൻ കഴിയുന്നില്ല. മുൻപോട്ട് പഠിക്കണം എന്ന് ആഗ്രഹമുള്ള പല പെൺകുട്ടികൾക്കും മാതാപിതാക്കളുടെ നിർബന്ധം കാരണം മുൻപോട്ടു പഠിക്കുവാൻ കഴിയാത്ത അനേകർ ഈ പഞ്ചായത്തിൽ ഉണ്ട്. പഠിക്കുവാൻ താൽപര്യമുള്ള പെൺ കുട്ടികളെ മാതാപിതാക്കൾ പഠിപ്പിക്കണം.

ഈ പഞ്ചായത്തിൽ ജോലിക്കു പോതുന്ന സ്ത്രീകളിൽ ഭൂരിഭാഗവും അദ്ധ്യാപകരു ബാക്കി ക്ലർക്കിൽ സംബന്ധിച്ച ജോലികളാണ്. എന്നാൽ ജോലിക്കുപോകുന്ന സ്ത്രീകളിൽ ഭൂരിഭാഗവും വിവാഹം കഴിച്ച് കൊണ്ടുവന്നവരാണ്. ഇവിടെ നിന്ന് വിവാഹം കഴിച്ച് അയച്ചവരിൽ ജോലിയുള്ളവർ വളരെ കുറവാണെന്നും മനസിലാക്കാം. ഇത് നമ്മുടെ പഞ്ചായത്തിൽ അഭ്യസ്ത വിദ്യരായ സ്ത്രീകൾ കുറവാണെന്ന് കാണിക്കുന്നു. എന്നാൽ ഇപ്പാൾ അതിന് മാററം വന്നുകൊണ്ടിരിക്കുന്നു.

പൊതുരംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച അധികം സ്ത്രീകൾ നമ്മുടെ പഞ്ചായത്തിൽ ഇല്ല. എങ്കിലും മുൻ പഞ്ചായത്ത് പ്രസിഡൻറ് ശ്രീമതി സത്യഭാമ പൊതുരംഗത്ത് പ്രവർത്തിച്ചവരിൽ ഒരാളാണ്. കലാരംഗത്ത് പ്രശസ്തരായ സ്ത്രീകൾ നമ്മുടെപഞ്ചായത്തിൽഉണ്ടായിരുന്നു. പഞ്ചായത്ത്രാജ് ആക്ട് പ്രകാരം സ്ത്രീകൾക്ക് സീററ് സംവരണംചെയ്തതിനാൽ ആ രംഗത്ത് സ്ത്രീകൾ വന്നു ചേർന്നിട്ടുണ്ട്. എന്നാൽ സ്വയ പ്രയത്നത്താലോ സാമൂഹത്തിൻെറ പ്രോത്സാഹനം കൊണ്ടോ സ്ത്രീകൾ ആരും തന്നെ നേതൃത്വനിരയിൽ വന്നിട്ടില്ല. പഞ്ചായത്തിൽ 4 മഹിളാ സമാജങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കസ്തൂർബാ മഹിളാ സമാജം പെരുമ്പിലാവ്, പ്രിയദർശിനി മഹിളാസമാജം കരിക്കാട്, നവജ്യോതി മഹിളാ സമാജം ഒററപ്പിലാവ്, കടവല്ലൂർ മഹിളാ സമാജം എന്നിവയാണ് അവ. അവിടെ ബാലവാടികളും പ്രവർത്തിക്കുന്നുണ്ട്. അവയുടെ പ്രവർത്തനം പ്രശംസനീയമാണ്. പഞ്ചായത്തിൻെറ വികസന പ്രവർത്തനങ്ങളിൽ ഈ മഹിളാ സമാജങ്ങൾ സജീവമായി സഹകരിക്കുന്നുണ്ട്. കരിക്കാട് ഒരു ഹരിജൻ മഹിളാ സമാജവും, പെരുമ്പിലാവ് പള്ളിക്ക് സമീപം ഒരു മഹിളാസമാജവും ഉണ്ടെങ്കിലും അവയുടെ പ്രവർത്തനം സജീവമായിട്ടില്ല.

പഞ്ചായത്തിൽ അംഗനവാടി ഒന്നും പ്രവർത്തനം ആരംഭിച്ചിട്ടില്ല. പഞ്ചായത്തിൻെറ എല്ലാ വാർഡുകളിലും അംഗനവാടികൾ ആരംഭിക്കണമെന്ന് ഗ്രാമ സഭകളിൽ നിർദേശങ്ങൾ വന്നിട്ടുണ്ട്.

പഞ്ചായത്തിലെ തൊഴിലില്ല എന്നുപറയുന്ന ഗണത്തിൽപ്പെടുന്ന സ്ത്രീകളും പ്രവർത്തനനിരതരാണ്. ആരും കണക്കിലെടുക്കാത്ത വീട്ടുജോലികളിൽ ആയതിനാൽ ആരും ആ മേഖല ശ്രദ്ധിക്കുന്നില്ല. വീട്ടിൽ ആഹാരം പാകപ്പെടുത്തുക, വിളമ്പുക, കുട്ടികളെ സംരക്ഷിക്കുക, തുണികൾ അലക്കുക, കന്നുകാലികളെ സംരക്ഷിക്കുക, വിറകും പുല്ലും സംരക്ഷിക്കുക, വീട്ടിൽ വരുന്ന അതിഥികളെ സൽക്കരിച്ചയക്കുക, കുട്ടികളുടെ വിദ്യഭ്യാസകാര്യത്തിൽ ശ്രദ്ധിക്കുക എന്നീ തുടങ്ങിയ കാര്യങ്ങളിൽ അവർ കർമ്മനിരതരാണ്. ഈ പണികൾക്ക് പ്രതിഫലം പണമായി കിട്ടാത്തതിനാലും കൊടുക്കാത്തതിനാലും അത് ശ്രദ്ധിക്കപ്പെടാതെ പോകുന്നു. സ്ത്രീകൾ ഈ ജോലികൾ കൂടാതെ ചെറുകിട കൃഷികളിൽ സഹായിക്കുന്നു. കന്നുകാലികൾ, ആടുകൾ, കോഴികൾ എന്നിവകളെ വളർത്തുന്നതിനും സശ്രദ്ധിക്കുന്നുണ്ട്. എന്നാൽ അതനുസരിച്ച് മാനസികോല്ലാസത്തിന് ഉള്ള സൗകര്യങ്ങൾ അങ്ങനെയുള്ള അധിക സ്ത്രീകൾക്കും കിട്ടാറില്ല. ഇത്രയൊക്കെ ചെയ്യുന്ന സ്ത്രീകൾക്ക് പുരുഷൻമാരുടെയും മാതാപിതാക്കളുടെ ഭാഗത്തു നിന്ന് കുററപ്പെടുത്തലുകളും ലഭിക്കുകയും ചെയ്യുമ്പോൾ മാനസികപീഢ അനുഭവിക്കുകയും ചെയ്യുന്നു. ഇതൊക്കെ കുടുംബചിദ്രത്തിനും ശിഥിലീകരണത്തിനും ഇടയാകുന്നു. അതുകൊണ്ട് സ്ത്രീകൾക്ക് സ്നേഹവും സംരക്ഷണവും പുരുഷൻമാരും സമൂഹവും നൽകേണ്ടതാണ്.

ഭർത്താക്കൻമാരുടെ രോഗത്താലും, മരണത്താലും കുടുംബഭാരം ഏറെറടുത്ത അനേക സ്ത്രീകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. എന്നാൽ അവരുടെ സാമ്പത്തിക സ്ഥിതി വളരെ മേശമാണ്. വിധവ പെൻഷൻ 59 പേർക്ക് ഈ പഞ്ചായത്തിൽ ലഭിക്കുന്നുണ്ടെങ്കിലും അർഹതയുള്ള പലരും ഇനിയും ഉണ്ട്. വിധവകളുടെ മക്കളുടെ വിവാഹത്തിനുള്ള ധനസഹായം പലർക്കും ലഭിച്ചിട്ടുണ്ടെങ്കിലും, ഇനിയും പലർക്കും ലഭിക്കാനുണ്ട്. അർഹതപ്പെട്ട എല്ലാവർക്കും ധനസഹായം ലഭിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നിന്നും ഉപഭോക്താക്കളെ തിരഞ്ഞെടുക്കുന്ന നിർദ്ദേശം ശക്തിപ്പെടുത്തണം. അത് നടപ്പിൽ വരുത്തുകയും വേണം. ഫണ്ടിൻെറ ലഭ്യത കുറവുകാരണം അപേക്ഷകരിൽ പലർക്കും ധനസഹായങ്ങൾ ലഭിക്കുന്നില്ല.

കൂലി പണിക്കുപോകുന്ന സ്ത്രീകളുടെ കുട്ടികളെ സംരക്ഷിക്കുന്നതിന് ക്രെഷ് യൂണിററുകളും ബാലവാടികളും പഞ്ചായത്തിൽ ഇല്ല ആയതുകൊണ്ട് പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ തുടങ്ങേണ്ടതാണ്. സ്ത്രീകളെ വിൽപന ചരക്കുകളാക്കി കാണിക്കുന്ന അശ്ലീല പോസ്ററുകളും, പരസ്യങ്ങളും, സിനിമകളും നിരോധിക്കുന്നതിന് നടപടികൾ സ്വീകരിക്കണം. സ്ത്രീകളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിന് സൈക്കിൾ

സവാരി പെൺകുട്ടികൾ പഠിക്കുകയും ഇരുചക്രവാഹനങ്ങളുടെ ഉപയോഗം സ്ത്രീകൾ പരിശീലിച്ച് പ്രയോജനപ്പെടുത്തുകയും വേണം അവർക്ക് ലളിത വ്യവസ്ഥയിൽ വാഹനങ്ങൾ വാങ്ങുന്നതിന് വായ്പ ലഭിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുകയും വേണം

വനിതകളുടെ തൊഴിലുകളിൽ നിന്നും ലഭിക്കുന്ന വരുമാനം അവരുടെ കുടുംബത്തിന്റെ ക്ഷേമത്തിന് ഉപകാരപ്രദമായി ഉപയോഗിക്കുന്നതിന് ശീലിക്കുകയും അങ്ങനെയുള്ള സ്ത്രീകളുടെ ക്ഷേമത്തിനും ആരോഗ്യപരിപാലനത്തിനും പ്രത്യേക ശ്രദ്ധ കേന്ദ്രീകരിക്കണം സ്ത്രീകളുടെ ക്ഷേമത്തിൽ കൂടി മാത്രമെ കുടുംബത്തിനും, സമൂഹത്തിനും രാജ്യത്തിനും പുരോഗതി ഉണ്ടാകുവാൻ സാധിക്കുകയുള്ളൂ അതുകൊണ്ടാണ് സ്ത്രീകളെ കുടുംബത്തിന്റെ വിളക്ക് എന്നു പറയുന്നത് അതുകൊണ്ട് വിളക്ക് അണയാതെ സൂക്ഷിക്കേണ്ടത് പുരുഷൻമാരുടെ കടമയാണ്

## പ്രശ്നങ്ങൾ

1 സ്ത്രീവിദ്യാഭ്യാസ നിരക്ക് കുറവ്
2 സ്ത്രീകളുടെ തൊഴിലില്ലായ്മ കൂടുതലാണ്
3 സ്ത്രീകൾക്ക് തൊഴിൽ ലഭിക്കുവാനുള്ള വ്യവസായ സ്ഥാപനങ്ങൾ കുറവ്
4 സ്ത്രീകൾക്ക് തൊഴിലുപകരണങ്ങൾ വാങ്ങാനുള്ള സാമ്പത്തിക പരാതീനത
5 പൊതുരംഗങ്ങളിൽ സ്ത്രീകളുടെ അദൃശ്യത
6 സ്ത്രീധന സമ്പ്രദായവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ
7 ബാലിക വിവാഹം
8 അനാചാരങ്ങൾ
9 പൊതു സ്ഥലങ്ങളിൽ പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യമില്ലായ്മ
10 പരമ്പരാഗത തൊഴിലിൽ ഏർപ്പെടുന്ന സ്ത്രീകൾക്ക് അസംസ്കൃത വസ്തുക്കളുടെ ലഭ്യതകുറവ്

## സാദ്ധ്യതകൾ

1 രാഷ്ട്രീയ, സാമൂഹ്യ രംഗങ്ങളിൽ വനിതകളുടെ പങ്കാളിത്തം ഉറപ്പാക്കുക.
2 എല്ലാ തൊഴിൽ മേഖലകളിലും വനിതകൾക്ക് തൊഴിലവസരം ഉറപ്പാക്കുക
3 സ്വയം തൊഴിൽ തുടങ്ങാൻ ആഗ്രഹിക്കുന്ന വനിതകൾക്ക് സാമ്പത്തിക സഹായം എളുപ്പം ലഭ്യമാക്കുക.
4 പഞ്ചായത്ത് തലത്തിൽ വ്യവസായ കേന്ദ്രത്തിന്റെ ഓഫീസ് പ്രവർത്തനം ആരംഭിക്കുക.
5 ബുക്ക് ബൈന്ഡിംഗ്, തുന്നൽ ക്ലാസ്, തയ്യൽ കട, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, കളിപ്പാട്ട നിർമ്മാണം, ബീഡിതെറുപ്പ്, കുട്ടനെയ്ത്ത് കല്ലുട എന്നീ തൊഴിൽ സംരംഭങ്ങൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ തുടങ്ങണം.
6 സ്ത്രീകളുടെ തൊഴിൽ സംരഭങ്ങൾ തുടങ്ങുന്നതിനും വളർത്തി എടുക്കുന്നതിനും സംഘടിത ശ്രമം തുടങ്ങണം,
7 സ്ത്രീകളുടെ ഇടയിൽ നേതൃത്വഗുണം വർദ്ധിപ്പിക്കുന്നതിന് നേതൃത്ത പരിശീലന ക്യാമ്പുകൾ സംഘടിപ്പിക്കണം
8 വനിത സഹകരണ സംഘങ്ങൾ സ്ഥാപിക്കണം
9 അങ്കനവാടികൾ, ക്രെഷ്കൾ എന്നിവ പഞ്ചായത്തിന്റെ വിവിദഭാഗങ്ങളിൽ തുടങ്ങണം
10 പൊതു സ്ഥലങ്ങളിൽ പ്രാഥമിക സൗകര്യങ്ങൾ ഉറപ്പുവരുത്തണം.
11 സ്ത്രീകൾ നാഥകളായിട്ടുള്ള കുടുംബങ്ങൾക്ക് പ്രത്യേക പരിഗണന നൽകണം.
12 സ്ത്രീപുരുഷ സമത്വബോധം വളർത്താനുപകരിക്കുന്ന തരത്തിൽവിദ്യഭ്യാസ മേഖലയിൽ ഊന്നൽ കൊടുക്കണം
13 ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്ക് പ്രത്യേക സംരക്ഷ

## അദ്ധ്യായം 11

# സഹകരണം

സഹകരണമേഖലയെ സംബന്ധിച്ചിടത്തോളം കടവല്ലൂർ പഞ്ചായത്ത് കാർഷിക രംഗത്ത് മാത്രമെ കാര്യമായി പ്രവർത്തനം നടക്കുന്നുള്ളൂ. 1995 കാലഘട്ടത്തിൽ തന്നെ നല്ലനിലയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. ഇപ്പോൾ ആയതിന്റെ ബ്രാഞ്ച് അക്കിപെരുമ്പിലാവിൽ തുറന്നു പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ബേങ്കിംഗ് പ്രവർത്തനവും ആരംഭിച്ചിട്ടുണ്ട്. കാർഷികേതരമേഖലയിലും ബേങ്കിന്റെ പ്രവർത്തനം വിപുലമാക്കിയിട്ടുണ്ട്. ഖാദിബോർഡിന്റെ സഹായത്തോടെയുള്ള ഫൈസ്വർ സെന്റർ ഭവനനിർമ്മാണ വായ്പകൾ, സ്വയംതൊഴിലിനുള്ള സാമ്പത്തിക സഹായം, ചെറുകിട വായ്പകൾ, എന്നീ തുറകളിലും പ്രവർത്തനം നടത്തുന്നുണ്ട്. കൂടാതെ ഇപ്പോൾ ആരംഭിക്കുന്ന കൊപ്ര സംഭരണം വിപണനം പ്രവർത്തനം വിപുലമാക്കുന്നതിനുള്ള പദ്ധതി, കേരവികസനബോർഡിന്റേയും കേരാഫെഡിന്റെയും സഹായത്തോടെ നടപ്പിലാക്കികൊണ്ടിരിക്കുന്നു. കടവല്ലൂരിന്റെ പരമ്പരാഗത വ്യവസായമായ ഓട്ടു പാത്രനിർമ്മാണ രംഗത്ത് 1962തന്നെ സഹകരണ സംഘം രൂപീകൃതമായെങ്കിലും കാര്യമായി പ്രവർത്തനം നടത്താതെ കിടക്കുന്നു. കൂടാതെ ഇപ്പോൾ പട്ടിക ജാതിക്കാരുടെ ഉന്നമനത്തിനായി പ്രത്യേകമായി പട്ടികജാതി സാർവ്വീസ് സഹകരണ സംഘം രൂപീകൃതമായിട്ടുണ്ടെങ്കിലും ആ രംഗത്തൊന്നും സഹകരണ കൊണ്ടുവരുവാൻ സാധിച്ചിട്ടില്ല. ഖാദി നിർമ്മാണരംഗത്ത് ഒരു യൂണിറ്റ് ഉണ്ടെങ്കിലും സഹകരണരംഗത്ത് സ്ത്രീകൾക്ക് മാത്രം തൊഴിലവസരങ്ങൾ നൽകുന്ന ഒരു സ്ഥാപനവും പ്രവർത്തനത്തിലില്ല.

### സംഘങ്ങളുടെ പേര് വിവരം താഴെകൊടുക്കുന്നു.

1. കടവല്ലൂർ സർവ്വീസ് സഹകരണബേങ്ക് കടവല്ലൂർ
   ബ്രാഞ്ച്: പെരുമ്പിലാവ്
2. പട്ടികജാതി സാർവ്വീസ് സഹകരണസംഘം കടവല്ലൂർ
3. വിശ്വകർമ്മാ ബെൽമെറ്റൽവർക്കേഴ്സ് സഹകരണ സംഘം കടവല്ലൂർ.

മറ്റു ധനകാര്യ സ്ഥാപനങ്ങൾ: പെരുമ്പിലാവ് കേന്ദ്രമാക്കി കനറാബേങ്കിന്റെ ഒരു ശാഖയും കടവല്ലൂർ കേന്ദ്രമാക്കി സൗത്ത് ഇന്ത്യൻ ബേങ്കിന്റെ ഒരു ശാഖയും പ്രവർത്തിക്കുന്നുണ്ട്.

# സംഘങ്ങളുടെ വിവരങ്ങൾ

| പേര് | മെമ്പർ മാരുടെ എണ്ണം | ജീവന ക്കാരുടെ എണ്ണം | വായ്പാ വിവരങ്ങൾ | മൂലധന വിവരങ്ങൾ | മറ്റു നിക്ഷേ പങ്ങൾ | ലാഭം/ നഷ്ടം |
|---|---|---|---|---|---|---|
| കടവല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് | A:4371<br>c:3529 | 12 | കാർഷിക വായ്പകൾ, ഹൗസിംഗ് ഗോൾഡ് ലോൺ, ഒ.ഡി. ലോൺ, മാ.ഡി.ലോൺ, എം.ഡി. എസ്സ്. സെഡ് എംപ്ലോയ്മെന്റ് ലോൺ | ഓഹരി മൂലധനം Rs.3,91 386.00<br>ഗവ. മൂലധനം: Rs1,27,200.00 | സ്ഥിരം : Rs. 7,66,503.00<br>ഹ്രസ്വകാലം : Rs. 3,44,973.00<br>മറ്റു നിക്ഷേപങ്ങൾ : Rs.2,451,847.00 | ലാഭം |
| ഷെഡ്യൂൾഡ് കാസ്റ്റ് സർവ്വീസ് സഹകരണ ബാങ്ക് | 571 | 1 | | Rs.5710/- | ഇല്ല | – |
| ചൊവ്വന്നൂർ ബ്ലോക്ക് വിശ്വകർമ്മ ബെൽമെറ്റൽ വർക്കേഴ്സ് സഹകരണ സംഘം കടവല്ലൂർ. | 34 | – | – | Rs.3400/- | – | – |

കാർഷികസേവന രംഗത്ത് കാര്യമായ പ്രവർത്തനം നടക്കുന്നുണ്ട്. മറ്റുരംഗങ്ങളിൽ പ്രത്യേകിച്ചും മൂശാരി, കമ്മാളർ, ആശാരി കൊല്ലൻ തുടങ്ങിയ പരമ്പരാഗതമായ തൊഴിൽരംഗത്ത് മായി പ്രവർത്തിക്കേണ്ട മേഖലയാണ്. വനിതകളുടടേതായ സഹകരണപ്രവർത്തനങ്ങൾക്ക് സാധ്യത വളരെയേറെയാണ്. കൂടാതെ മരപ്പണിതൊഴിലാളികളുടെ രംഗത്ത് സഹകരണസ്ഥാപനങ്ങൾക്ക് നല്ല സാദ്ധ്യതയുണ്ട്. മേൽപറഞ്ഞ രംഗത്ത് കാര്യമായ പരിഗണന ലഭിച്ചിട്ടില്ലായെന്ന വസ്തുത ശ്രദ്ധേയമാണ്.

## പ്രശ്നങ്ങൾ:-

1. ക്രെഡിറ്റ് സഹകരണ സ്ഥാപനത്തിന്റെ പ്രവർത്തനം എല്ലാ പ്രദേശത്തും വേണ്ടത്ര എത്തിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിക്കുന്നില്ല. കാർഷികേതര വായ്പകൾ വേണ്ടത്ര ലഭ്യമാക്കുന്നില്ല.
2. ക്ഷീരോൽപാദന രംഗം മൊത്തം അവഗണിച്ച നിലയിൽ കാണുന്നു. റവന്യൂ വില്ലേജ് അടിസ്ഥാനത്തിൽ ചുരുങ്ങിയ 3 സംഘങ്ങൾക്ക് ബാധ്യത ഉള്ളതായി കാണുന്നു.

3. പരമ്പരാഗത തൊഴിലായ ഓട്ടുപാത്രം വ്യവസായം, കൊല്ലപ്പണി , ആശാരിപണി എന്നീ തുറകളിൽ സാധ്യതകൾ ധാരാളം കാണുന്നു.
4. വനിതാ സഹകരണ സംഘത്തിന് സാധ്യതകൾ ധാരാളമുണ്ട് ആയത് പ്രയോജനപ്പെടുത്തേണ്ടിയിരിക്കുന്നു.
5. കരിങ്കൽപണി, കൽപണി എന്നീമേഖലകളിലെ അസംഘടിത തൊഴിലാളികളെ കൂട്ടിയോജിപ്പിച്ച് സഹകരണ പ്രസ്ഥാനത്തിലൂടെ വളർത്തിയെടുക്കാൻ സാദ്ധ്യതകൾ ധാരാളം കാണുന്നു. സംഘടിത ശ്രമം ആവശ്യം.
6. അടക്ക, നാളികേരം മുതലായ വിളകൾക്കുള്ള സംഭരണ വിതരണ രംഗം തീരെ ശൂന്യമായി കാണുന്നു.
7. ആവശ്യ വസ്തുക്കളുടെ വിലനിയന്ത്രണത്തിനാവശ്യമായ കൺസ്യൂമർ സ്റ്റോറുകൾ ഒന്നും ഇല്ല. സഹകരണ സംഘങ്ങളിൽ കൂടി സ്ഥാപനങ്ങൾ വളർത്തിയെടുക്കേണ്ടതാണ്.
8. ഭവനനിർമ്മാണ രംഗത്ത് സഹകരണമേഖലക്ക് വളരെയധികം പ്രവർത്തനസാധ്യത കാണുന്നു. സംഘിടത ശ്രമം അത്യാവശ്യം.
9. ആരോഗ്യരംഗത്ത് സഹകരണമേഖലയിൽ ആശുപത്രി രൂപീകരിക്കുന്നതിന് സാധ്യത കാണുന്നു. പ്രവർത്തനരഹിതമായി കിടക്കുന്ന ദിന ബന്ധു മിഷ്യൻ ഹോസ്പിറ്റൽ ഏറ്റെടുക്കുകയോ, അല്ലെങ്കിൽ പഞ്ചായത്ത് സ്ഥലത്ത് പുതുതായി ഒരു സഹകരണാശുപത്രിക്ക് സാധ്യത കാണുന്നു.
10. കാർഷിക ഉൽപ്പന്നങ്ങൾ സംഭരിച്ചുവെക്കാനം അതിൻമേൽ വായ്പ ലഭ്യമാക്കുവാനും സഹകരണ ബാങ്കിൽ ഏർപ്പാടുകൾ ചെയ്യണം.
11. കൃഷി ആവശ്യത്തിന് സ്വർണ്ണപണ്ടം പണയത്തിന്മേൽ 121/2 പലിശക്ക് വാണിജ്യബാങ്കുകൾ വായ്പ നൽകുന്നുണ്ട്. എന്നാൽ സഹകരണ ബാങ്കിൽ ഇപ്പോൾ ആ സമ്പ്രദായം ഇല്ല. അവിടേയും വായ്പ ലഭ്യമാക്കണം.
12. സഹകരണസംഘം കാർഷിക വായ്പയിൻമേൽ കൂടിയ പലിശ നിരക്കു കുറയുക.
13. ഈ പഞ്ചായത്തിൽ ട്രഷറി സ്ഥാപിക്കുക.

1122

# അദ്ധ്യായം 12

## വിഭവ സമാഹരണം

ഏതൊക്കെ രാജ്യത്തിന്റേയും എന്നപോലെ ഏതൊരു പഞ്ചായത്തിന്റേയും വികസനം അവിടെ നിന്നും ലഭിക്കണ വിഭവങ്ങളെയും അത് പരമാവധി പ്രയോജനപ്പെടുത്തുന്നതിലുള്ള കാര്യക്ഷമതയേയും ആശ്രയിച്ചാണ് ഇരിക്കുന്നത്. ഇവിടെ ദാരിദ്ര്യരേഖക്ക് കീഴെ 36% ത്തോളം ആളുകൾ ഉണ്ടെന്ന് കണ്ടെത്തിയിരിക്കുന്നു. ഇവരുടെയും എല്ലാവിഭാഗം ജനങ്ങളുടേയും ആവശ്യങ്ങൾ നിറവേറ്റുന്നതിനുവേണ്ടി, ഗ്രാമസഭയിൽ അവതരിപ്പിക്കപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നതിനുവേണ്ടിയും നമ്മുടെ വിഭവങ്ങൾ എത്രയെന്ന്, ഏതെന്നും, എങ്ങനെ അവ പ്രയോജനപ്പെടുത്താമെന്നും നമുക്ക് പരിശോധിക്കാം.

ഈ ഗ്രാമ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം അതിന്റെ പ്രധാന നികുതികളും വരുമാന മാർഗങ്ങളും പിട്ടക 1ൽ കൊടുത്തിട്ടുണ്ട്. പഞ്ചായത്ത് നേരിട്ട് പിരിക്കുന്ന കെട്ടിട നികുതി, തൊഴിൽ നികുതി, വിനോദനികുതി, പരസ്യനികുതി, ലൈസൻഫീസുകൾ മുതലായവയും ആക്റ്റ് പ്രകാരം തരുന്ന വസ്തുകൈമാറ്റ നികുതിയും, മറ്റ് ആവശ്യം തരുന്ന ഗ്രാന്റുകളും കൂടിയാൽ 30 ലക്ഷത്തോളം ക യോളം 95-96ൽ ഈ പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. കൂടാതെ VRM, VTC, MI, JRY, Unteel, B.T. എന്നീ ഗ്രാന്റുകൾ വേറെയുമുണ്ട്. ഇവയും ചേർത്താൽ പഞ്ചായത്തിന് മൊത്തം 50 ലക്ഷത്തോളം വരുമാനം പ്രതീക്ഷിക്കാം. എന്നാൽ ഗവ. തരുവാൻ ബാധ്യസ്ഥമായ വസ്തുകൈമാറ്റ നികുതി, V.T.C. VRM മുതലായ ഗ്രാന്റുകൾ ക്രമമായി ലഭിക്കാറില്ല.

പുതിയ പഞ്ചായത്ത്രാജ് നിയമത്തിൻ കീഴിലുള്ള അധികാരങ്ങൾ കൈമാറിയതിന് മുൻപു തന്നെ പലതിനും പണം തികയാറില്ല. എന്തെന്നാൽ 39% ത്തോളം തുക ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തിനായി ഉപയോഗിക്കേണ്ടിവരുന്നു. (11 ലക്ഷം ക) വിളക്കുവെപ്പിന് 1 ലക്ഷം കയും, വാട്ടർചാർജ് 75000 കയും വർഷത്തിൽ അടക്കേണ്ടതായിട്ടുണ്ട്. ബാക്കിയുള്ള ഗ്രാന്റ് സംഖ്യകൾകൊണ്ട് വേണം മറ്റ് വികസന പ്രവർത്തനങ്ങൾക്കുള്ള തുക കണ്ടെത്തുവാൻ പട്ടിക 2,3 എന്നിവ കാണുക. ജനങ്ങൾക്ക് ഇന്ന് കൂടുതൽ ആവശ്യം റോഡും, വെള്ളവും വെളിച്ചവും ആണ്. ഒരു കി. മീറ്റർ ദൂരം പുതിയതായി ടാർ ചെയ്യുവാൻ ഉദ്ദേശം $4^1/_2$ ലക്ഷം ക ആവശ്യമായി വരുന്ന 185 കി. മീറ്റർ നീളം റോഡുകളുള്ള ഈ പഞ്ചായത്തിൽഅത് എത്രത്തോളം പ്രാവർത്തികമാകുമെന്ന് പറയേണ്ടതില്ലല്ലോ. കൂടാതെ ബസ്സ്റ്റോപ്പുകൾ വെയ്റ്റിങ്ങ് ഷെഡ്ഡുകൾ, പൈപ്പലയിൻ, റോഡ് മെയിന്റനൻസ്, കക്കൂസുകൾ, ഇലക്ട്രിഫിക്കേഷൻ, വീടുകൾ മുതലായവ സൗജന്യമായികൊടുക്കുവാനും തുടങ്ങി അനേകായിരം ചുലതലകൾ ബാക്കി കിടക്കുമ്പോൾ അതിനുള്ള പണം കൂടി കണ്ടെത്തേണ്ടതുണ്ട്. കൂടാതെ പുതിയ ആക്റ്റ് അനുസരിച്ചു കൈമാറിയ ഡിപ്പാർന്റുമെന്റുകളുടെ ഭരണത്തിനും സ്കീമുകൾക്കുമുള്ള സമ്പത്തും കണ്ടെത്തണ്ടതുണ്ട്. വിവിധ കൈമാറിയ ഡിപ്പാർട്ടുമെന്റുകളിൽ നിന്നും കഴിഞ്ഞ വർഷം കിട്ടയ തുക പട്ടിക 4ൽ കൊടുത്തിട്ടുണ്ട്.

ഇതിൽനിന്നും ജനാവശ്യങ്ങൾ നിറവേറ്റുന്നതിനും ജനങ്ങൾക്ക് വേണ്ട ലോണുകൾ, ധനസഹായം, സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ മുതലായവ നടത്തുവാനുള്ള, ധനസഹായം, സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾ മുതലായവ നടത്തുവാനുള്ള സാമ്പത്തിക വിഭവം കണ്ടത്തേണ്ടതുണ്ട്. സ്ഥിതി ഇങ്ങനെയായിരിക്കേ ഉള്ള പണംപോലും കാര്യക്ഷമമായി ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ലെന്നുള്ള ഒരു വസ്തുതയാണ്. ഇവിടെയാണ് ജനകീയാസൂത്രണത്തിന്റെ പ്രസക്തിയും ജന പങ്കാളിത്തത്തിന്റെ ആവശ്യവും വരുന്നത്.

ഉദാഹരണമായി ഒരു ക്വട്ടേഷനോ, ടെണ്ടറോ വിളിച്ച് ഒരു കോൺട്രാക്റ്ററെകൊണ്ട് പണിയിക്കുന്ന ഒരു റോഡോ കെട്ടിടമോ JRY മോഡലിൻ അതിന്റെ ഗുണഭോക്താക്കൾ തന്നെ ഏറ്റെടുത്തു കൂടുതൽ കാര്യക്ഷമമായി, ഗുണമേന്മ നിലനിർത്തി പൂർത്തീകരിക്കാവുന്നതാണ്. അതിനുള്ള സംരംഭണങ്ങൾക്ക് നാം ഇപ്പോൾ തുടക്കമിട്ടിരിക്കുകയാണ്.

കാർഷിക മേഖല മുരിടച്ചു നിൽക്കേ വ്യവസായികമായി ഈ പഞ്ചായത്തും പിന്നിലാണ്.

## പട്ടിക I

## കടവല്ലൂർ പഞ്ചായത്ത്

## വരവ് സംബന്ധിച്ച വിവരങ്ങൾ 1995 - 96

| ഇനം | | |
|---|---|---|
| 1. കെട്ടിട നികുതി | 4,75,629 | 00 |
| 2. തൊഴിൽ നികുതി | 1,42,265 | 00 |
| 3. വിനോദനികുതി | 35,316 | 15 |
| 4. അധി. വിനോദനികുതി | 17,874 | 35 |
| 5. പ്രദർശന നികുതി | 2,538 | 00 |
| 6. പ്രദർശന നികുതി സർചാർജു | 504 | 50 |
| 7. ചന്തവരവ് | 13,100 | 00 |
| 8. ലൈസൻസ് ഫീ | 26,630 | 00 |
| 10. വസ്തു കൈമാറ്റ നികുതി 75% | 1,67,026 | 00 |
| 11. ലൈബ്രറി സെസ് | 23,793 | 00 |
| 12. ഡെപ്പോസിറ്റ് | 71,233 | 00 |
| 13. മറ്റുള്ള ഗ്രാന്റുകൾ | 15,95,610 | 00 |
| ആകെ | 29,04775 | 00 |

## പട്ടിക -2

## ഗ്രാന്റ് വിവരങ്ങൾ (ഗ്രാന്റ് റജിസ്റ്റർ) 95-96

| VRM | MI | VTC | BT | Spl. GRAND | JRY | UNITED | TOTAL |
|---|---|---|---|---|---|---|---|
| 47587 | 16660 | 6,34073 | 2,26,174 | 100000 | 5,69,465 | 3,55,800 | 19,49,759 |

**Total 1949759**

## പട്ടിക - 3

## ചിലവ് സംബന്ധിച്ച വിവരങ്ങൾ 95-96

| ഇനം | | തുക |
|---|---|---|
| 1. | ഭരണം | 11,35,351.00 |
| 2. | പൊതുമരാമത്ത് | 2,95,623.00 |
| 3. | വിദ്യാഭ്യാസം | 5,036.00 |
| 4. | ജലവിതരണം, ആരോഗ്യം | 42,876.00 |
| 5. | തെരുവുവിളക്കുകൾ | 85,362.00 |
| 6. | മറ്റുള്ളവ | 9,30,855.55 |
| | **ആകെ** | **24,93,091.55** |

## പട്ടിക -4

## മറ്റ് വകുപ്പുകളിൽ നിന്നും അനുവദിച്ച തുകകൾ 95-96

| വകുപ്പ് | തുക | | തുക |
|---|---|---|---|
| | പദ്ധതി വിഹിതം | പദ്ധതിയേതിര വിഹിതം | |
| 1. മൃഗസംരക്ഷണം | | 6100.00 | 6100.00 |
| 2. ആരോഗ്യം | | 72844.00 | 72844.00 |
| 3. കൃഷി | 55277.00 | 1,79,440.00 | 2,34,667.00 |
| 4. ഹരിജന ക്ഷേമം | | 8,317.00 | 8317.00 |
| 5. മറ്റുള്ളവ | | 1,250.00 | 1250.00 |
| **ആകെ** | **55,277.00** | **2,67951.00** | **3,23,228.00** |

ഇന്ന് നമ്മുടെ പഞ്ചായത്തിലുള്ള ധനകാര്യസ്ഥാപനങ്ങൾ രണ്ട് വാണിജ്യ ബാങ്കുകളും, ഒരു സർവ്വീസ് സഹകരണബാങ്കും പോസ്റ്റ് ഓഫീസുകളുമാണ്. സമാന്തരമേഖലയിൽ ധാരാളം പണമിടപാടു സ്ഥാപനങ്ങളും, കുറികമ്പനികളും, വീട് കയറിയിറങ്ങി പണം കടം കൊടുക്കുന്ന തമിഴ് വാണിഭ സംഘങ്ങളുമാണ് മേൽ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് ശേഖരിച്ച കണക്കുകൾ കാണിക്കുന്നത് അവിടത്തെ ഡെപ്പോസിറ്റിന്റെ 25% ത്തോളം മാത്രമാണ്. ഈ പഞ്ചായത്തിൽ തന്നെ വായ്പയായി കൊടുത്തിട്ടുള്ളത്. (സഹകരണസംഘം ഒഴിച്ച്).

രുണ്ടു വാണിജ്യ ബാങ്കുകളിലും കൂടി 10കോടിയോളം ഉറുപ്പിക ഡെപ്പോസിറ്റ് ആയി ഉണ്ട്. കൂടാതെ 3 കോടിയോളം ഉറുപ്പിക NRI അക്കൗണ്ടിലും ഉണ്ട്. ഇതിൽ വിവിധാവശ്യങ്ങൾക്കായികൊടുത്തിട്ടുള്ളത് രണ്ട് കോടിയോളം ഉറുപ്പിക മാത്രമാണ്. അതിൽതന്നെ കൃഷിക്ക് 1 കോടിയോളവും, കച്ചവടത്തിന് 50 ലക്ഷവും ബാക്കി ഹൗസിങ്ങ്, IRDP, (43Nos), മുതലായ കാര്യങ്ങൾക്കുമാണ്. NRI യുടെ 25% മാത്രമേ ഇവിടെ ഉപയോഗിക്കുന്നുള്ളൂ.

അതേസമയം 7900 പേർ അംഗങ്ങളായുള്ളതുമായ ഇവിടുത്തെ സർവ്വീസ് സഹകരണബാങ്കിൽ ഫിക്സഡ് ഡെപ്പോസിറ്റ് 8 ലക്ഷത്തോളം മാത്രമാണ്. 34 ലക്ഷത്തോളം ഹ്രസ്വകാല നിക്ഷേപങ്ങളുമാണ്. അതിനാൽ ഗ്രാമീണ ജനങ്ങൾക്ക് പ്രത്യേകിച്ചും കൃഷിക്കാർക്കും, ദുർബലവിഭാഗക്കാർക്കും വായ്പ ലഭിക്കുന്നത് വിരലിലെണ്ണാൻ മാത്രമുള്ളവർക്കാണ്. കൃഷിക്കാർ കൃഷിക്കും, വളത്തിനും, ഇടത്തരക്കാർ വീടുപണിയാനും സ്ഥലം വാങ്ങിക്കുവാനും ദുർബലവിഭാഗക്കാർ സ്വയം തൊഴിലിനും, കല്ല്യാണാവശ്യങ്ങൾക്കും, പെട്ടെന്നുള്ള പണത്തിന്റെ ആവശ്യത്തിനും സമീപിക്കുന്നതു സർവ്വീസ് സഹകരണബാങ്കിനെ തന്നെയാണ്. അതിനാൽസർവ്വീസ് സഹകരണബാങ്കിലെ ഡെപ്പോസിറ്റ് വർദ്ധിപ്പിക്കേണ്ടത് ഇവിടുത്തെ ജനങ്ങളുടെ വികസനത്തിന് അത്യന്താപേക്ഷിതമാണ്. വാണിജ്യ ബാങ്കുകളിൽ നിന്നും വായ്പ ലഭിക്കുവാനുള്ള താമസം ജനങ്ങളെ ടി ബാങ്കുകൾ സന്ദർശിക്കുന്നതിൽ നിന്നും വിലക്കുന്നു. കൂടാതെ ജനകീയത്വം തൊട്ടുതീണ്ടുകൂടിയിട്ടില്ലാത്തതും സേവനതൽപരതകുറഞ്ഞവയുമായ വാണിജ്യബാങ്കുകൾ വൻകിട കച്ചവടക്കാർക്കും വ്യവസായികൾക്കും മാത്രമായി നിലകൊള്ളുന്ന സ്ഥാപനങ്ങളായി തീർന്നിരിക്കുകയാണ്. ഇതുവഴി അവരുടെ ജോലഭാരം കുറയ്ക്കാനും നിയമത്തിന്റെ നൂലാമാലകൾ പ്രയോഗിക്കപ്പെടാതിരിക്കാനും അവർക്ക് അവസരം ലഭിക്കുന്നു. ഇന്ത്യാഗവൺമെന്റ് വാണിജ്യ ബാങ്കുകളുടെ ഈ നയം തിരുത്തി കുറിക്കേണ്ട കാലം അതിക്രമിച്ചിരിക്കുകയാണ്. ഹൗസ്ലോണുകളും, IRDP ലോണുകളും, സ്വയംതൊഴിൽ ലോണുകളും, മറ്റ് പാവപ്പെട്ടവർക്കു ആവശ്യമുള്ള ചെറുലോണുകളും പേരിനുമാത്രം നൽകി വെറുതേയിരിക്കുന്ന നയമാണ് വാണിജ്യബാങ്കുകളിൽ മിക്കവയുടേയും. ആസൂത്രണത്തിന്റെ ഭാഗമായി ഡെപ്പോസിറ്റിനെക്കുറിച്ചും വിവരശേഖരണം നടത്താൻ കടവല്ലൂരിലുല്ല ഷെഡ്യൂൾഡ് ബാങ്കിനെ സമീപിച്ചപ്പോൾ വിവരങ്ങൾ തരുന്നതിന് ഹെഡ് ഓഫീസുമായി ബന്ധപ്പെടണം എന്ന മറുപടിയാണ് തന്നത്. ഇതെല്ലാം കാണിക്കുന്നത് വാണിജ്യബാങ്കുകളുടെ സമൂഹത്തിനോടുള്ള കടപ്പാടില്ലായ്മയേയാണ്.

ഇതിൽനിന്നും സർവ്വീസ് സഹകരണബാങ്കുകൾ ഡെപ്പോസിറ്റ് നടത്തുന്നതിനുവേണ്ടിയുള്ള നടപടികൾ ഗ്രാമപഞ്ചായത്തിന്റെ സഹായത്തോടെ നടപ്പാക്കേണ്ടതാണ്. താഴെ പറയുന്ന കാര്യങ്ങൾ പ്രാവർത്തികമാക്കേണ്ടതാണ്.

1. ഡെപ്പോസിറ്റ് മോഡലിലെസേഷന് വാർഡമെമ്പർ കൺവീനറായി ഒരു കമ്മിറ്റി.
2. N.R.I. കൗണ്ടർ തുറക്കുവാൻ വേണ്ട നടപടികൾ എടുക്കൽ.
3. സഹകരണബാങ്കിൽ വിശ്വാസ്യത വളർത്തുവാൻ വേണ്ട നടപിടകൾ.



ഭൂരഹിത കർഷക തൊഴിലാളികൾക്ക് 4 സെൻറ് ഭൂമി വിതരണം ഉത്ഘാടനം ശ്രീ. എസ്. ശിവരാമൻ നിർവ്വഹിക്കുന്നു.



പഞ്ചായത്ത് സ്ഥലം നൽകി വാട്ടർ അതോരിറ്റി നിർമ്മിച്ച വാട്ടർ ടേങ്ക്

4. നിക്ഷേപകർക്ക് പ്രോത്സാഹനസമ്മാനങ്ങൾ.
5. ലോൺ തിരിച്ചടക്കാത്തവരെകൊണ്ട് തിരിച്ചടപ്പിക്കാനുള്ള നടപടികൾ ഊർജിതമാക്കൽ.
6. ഗൾഫിൽ നിന്നുള്ളവരെകൊണ്ട് പ്രേരിപ്പിച്ച് ഡെപ്പോസിറ്റ് ചെയ്യിക്കൽ.
7. വിവിധ വാർഡുകളിൽ സഹകരണ ബാങ്കിന്റെ ശാഖ തുറക്കൽ.
8. സഹകരണബാങ്കിൽ നിക്ഷേപിക്കേണ്ട ആവശ്യകതയെക്കുറിച്ച ബോധവാന്മാരാക്കൽ ഉൽബോധനം കൊടുക്കൽ.
9. വാണിജ്യബാങ്കുകൾ ജനകീയ ബാങ്കുകൾ ആക്കിക്കാന്നുള്ള സമ്മർദ്ദം ചെലുത്തൽ.
10. തിരിച്ചടക്കാത്തവരെ മേലിൽ ലോണിന് അനർഹരാക്കുക.

അങ്ങനെ ഇന്നാട്ടിലെ ജനങ്ങളുടെ പണം മുഴുവൻ ഇവിടുത്തെ വികസനത്തിനായി കിട്ടി കഴിയുമ്പോൾ പണം ഒരു പ്രശ്നമല്ലാതായിതീരും. കൂടാതെ ദുർബല വിഭാഗക്കാരെ ഇന്ന് ദാരിദ്ര്യ രേഖക്ക് കീഴെതന്നെ നിർത്തുന്ന പണമിടപാടുകാരേയും ബോർഡ് കമ്പനികളേയും കുറിച്ച് പാവപ്പെട്ടവരേ ബോധവാൻന്മാരാക്കുകയും ചെയ്താൽ സ്വാശ്രയശീലമുള്ള കുടുംബങ്ങളെ കിട്ടപടുക്കാവുന്നതാണ്. ഈ പഞ്ചായത്തിലെ ഡെപ്പോസിറ്റ് ക്രെഡിറ്റ് റേഷ്യോ 25% മാത്രമാണ്.

എല്ലാകുടുംബങ്ങളേയും 'ബജറ്റ് ഗ്രാമം' പരിപാടിയിൽ കീഴിൽ കൊണ്ടുവരുക. മഹിളാപ്രധാൻ ഏജറ്റ്മാർ എല്ലാ വാർഡിലും ഓരോ വീട്ടിൽനിന്നും ഡെപ്പോസിറ്റ് കാൻവാസ്ചെയ്യാൻ വേണ്ട നടപടികൾ എടുപ്പിക്കുക. ദിവസം 5ക യോ 10 കയോ കളക്റ്റ് ചെയ്ത് റിക്കറന്റ് പദ്ധതിയിൽ അംഗങ്ങളാക്കുക. IRDP ലിസ്റ്റിൽപ്പെട്ട എല്ലാ കുടുംബങ്ങളേയും ഇൻഷ്വറൻസ്, IVP, KVP, റിക്കറന്റ് ഡെപ്പോസിറ്റ് എന്നിവയിൽ അംഗമാക്കുക.

പ്രത്യേക വികസനബോണ്ടുകൾ ഇറക്കി വികസന പ്രവർത്തനങ്ങൾക്ക് ഫ്ണ്ട ശേഖരണം നടത്തുക. അതാത് പഞ്ചായത്തിലെ സംഭരണം വാർഡ് തലത്തിൽ ഉപയോഗിക്കുക. 'ബജറ്റ് പഞ്ചായത്ത്', IVP കളക്ഷൻ സ്കീം എന്നിവ വഴി പഞ്ചായത്ത് ധനം കണ്ടെത്തുക. ഇതുവഴി ഇരട്ടപ്രയോജനം ലഭിക്കും. പഞ്ചായത്തിന് വികസന കാര്യങ്ങൾക്ക് ആവശ്യമായ പണവും, എല്ലാവരേയും സമ്പാദ്യപദ്ധതിയിൽ അംഗമാക്കുക വഴി അവരുടെ സാമ്പത്തിക ഉന്നമനവും ഗൾഫ് പണം കെട്ടിടങ്ങളിലും നിർജീവമായി കിടക്കാതെയിരിക്കുവാൻ ഗൾഫ്കാരെ കണ്ട് പിടിച്ച് സഹകരണബാങ്കിലോ സമ്പാദ്യ പദ്ധതിയിലോ (പഞ്ചായത്തിന് ആനുപാതിക പണം ലഭിക്കണമെങ്കിൽ) നിക്ഷേപിപ്പിക്കുക. നിക്ഷേപകർക്ക് വിശ്വാസ്യത വരുത്തുവാൻ സമ്പാദ്യപദ്ധതി, നിക്ഷേപങ്ങൾ സ്വീകരിക്കുവാൻ പഞ്ചായത്തിൽ കൗണ്ടർ സ്ഥാപിക്കുകയും ചെയ്യേണ്ടതാണ്.

### പട്ടിക - 5
### ധനകാര്യ സ്ഥാപനങ്ങളിലെ
### സ്ഥിരനിക്ഷേപ - വായ്പാവിവരങ്ങൾ

| സ്ഥാപനം | നിക്ഷേപം | വായ്പകൾ | ബാക്കി | ചിലവഴിച്ച % |
|---|---|---|---|---|
| കാനറാ ബാങ്ക് | 640 | 176 | 464 | 27.5% |
| സൗത്ത് ഇന്ത്യൻ ബാങ്ക് | 420 | 110 | 310 | 26.1% |
| സർവ്വീസ് സഹകരണബാങ്ക് | 8 | 24 | -16 | 100% |
| പോസ്റ്റ് ഓഫീസുകൾ (KVP, IVP, + R.D) | 8 | - | - | - |
| | 1076 | 310 | 758 | 28.8% |

## പോസ്റ്റ് ഓഫീസ് നിക്ഷേപങ്ങൾ

ഈ പഞ്ചായത്തിൽ 5 പോസ്റ്റ് ഓഫീസുകൾ ഉണ്ട്. കടവല്ലൂർ, കരിക്കാട് എന്നിവ ബ്രാഞ്ച് പോസ്റ്റ് ഓഫീസുകൾ ആണ്. 1100 ഓളം പേർ മാത്രമാണ് വിവിധ പോസ്റ്റ് ഓഫീസുകളിൽ SB; RD അക്കൗണ്ടുകൾ തുറന്നിട്ടുള്ളത്, R.O. ഡിപ്പോസിറ്റുകൾ ആണ് 90 ശതമാനവും സ്ഥിരനിക്ഷേപങ്ങൾ NSC, KVP, IVP വളരേക്കുറച്ചേ ഉള്ളൂ. IVP ഡെപ്പോസിറ്റിന്റെ ഡിസംബർ 31 വരെയുള്ള നിക്ഷേപങ്ങളുടെ 20% പഞ്ചായത്തിന് നൽകുന്നതുകൊണ്ട് IVPൽ നിക്ഷേപിപ്പിക്കുവാനുള്ള ശ്രമം നടത്തി വരികയാണ്. പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുകയാണ് വേറൊരു പ്രധാന ആവശ്യം. പുതിയ നികുതികൾ പ്രാവർത്തികമല്ല. എന്നാൽ പരസ്യനികുതി. വിനോദനികുതി എന്നിവ ഇനിയും കാര്യക്ഷമമാക്കാവുന്നതാണ്. പഞ്ചായത്തിന്റെ പുറമ്പോക്കുകൾ ഒഴിപ്പിച്ചോ സ്ഥലം വാങ്ങിയോ ഒരോ വാർഡിന്റേയും മർമ്മപ്രധാനമായ സ്ഥാനങ്ങളിൽ ഷോപ്പിങ്ങ് കോംപ്ലക്സുകളും പ്രധാന സെന്റർ കേന്ദ്രീകരിച്ച് കല്ല്യാണമണ്ഡപകങ്ങളും വരുമാനം വർദ്ധിപ്പിക്കുവാനുള്ള ഉപാധികളാണ്. കൂടാതെ ചിലവ് കുറയ്ക്കുന്നതും കാര്യക്ഷമതകൂട്ടുന്നതും വരുമാനം വർദ്ധിപ്പിക്കുന്നതിന് തുല്യമാണ്. ഇതിനായി പൊതുജനപങ്കാളിത്തം എല്ലാ മേഖലകളിലേക്കും വ്യാപിപ്പിക്കേണ്ടതായിട്ടുണ്ട്. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള, റോഡുകൾ ജലവിതരണം, ഇലക്ട്രിക് വിളക്കുകൾ, കിണറുകൾ, കുളങ്ങൾ എന്നിവ സംരക്ഷിക്കുന്നതിനും പുനരുദ്ധരീകരിക്കുന്നതിനുമുള്ള "ഗുണഭോക്തൃകമ്മിറ്റികൾ" എല്ലാ സ്ഥലത്തും നിലവിൽവരേണ്ടതാണ്. പഞ്ചായത്തിന്റെ ആസ്തികൾ അതാതു സ്ഥലത്തെ 'ഗുണഭോക്തൃ സമിതികൾ' സംരക്ഷിക്കുകയും നിലനിർത്തുകയും വേണം. സന്നദ്ധസംഘങ്ങൾ വഴി സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ ഗ്രാമവികസന വകുപ്പിൽനിന്ന് ലഭിക്കുന്ന ഫണ്ടുകൾ വഴി ഏറ്റെടുക്കുവാനുള്ള സംരഭങ്ങൾ എല്ലായിടത്തും ആരംഭിക്കേണ്ടത് ഓരോ വാർഡിലും ഇതിനായിട്ടുള്ള 'മനുഷ്യവിഭവം' ലഭ്യമാണ്. ജനകീയാസൂത്രണത്തിന്റെ ഫലമായി പൊതുജനപങ്കാളിത്തം കൂടി വരുമ്പോൾ വിവിധ ഏജൻസികൾ അണിയറയിൽ നിന്ന് അന്തർധാനം ചെയ്യുകയും ഇതിന്റെ ഫലമായി ശരിയായ ജനപങ്കാളിത്തം ഉരുത്തിരികയും ചെയ്യുന്നതാണ്.

### പ്രശ്നങ്ങൾ

1. ബാങ്കുകളിൽ നിന്ന് എളുപ്പം വായ്പ്പകൾ ലഭിക്കുവാൻ വ്യവസ്ഥകൾ ലഘൂകരിക്കണം.
2. സഹകരണബാങ്കുകളിലെ നിക്ഷേപം കൂട്ടുവാൻഅതിലുള്ള വിശ്വാസ്യത കൂട്ടുവാനുള്ള നടപടികൾ എടുക്കണം.
3. ദുർബല വിഭാഗക്കാർക്ക് പണ്ടം പണയത്തിന്മേൽ മതിയായ പൈസ ലഭിക്കുവാനുള്ള സംവിധാനം ഉണ്ടാക്കണം.
4. വ്യവസായികൾക്കും, കൃഷിക്കാർക്കും ആവശ്യമായ ലോൺ ചുരുങ്ങിയ വ്യവസ്ഥകളിൽ കൊടുക്കണം.
5. ലോണുകൾ തിരിച്ചടക്കുമെന്ന് ഉറപ്പുവരുത്താൻ, അവൻ അതു ഏത് ആവശ്യത്തിനാണ് ഉപയോഗിക്കുന്നതു എന്നും തിരിച്ചടക്കാൻ ശേഷി ഉണ്ടെന്നും ഇതിനായി ഉണ്ടാക്കിയ ബാങ്ക് പ്രതിനിധി, പഞ്ചായത്ത് പ്രതിനിധി മറ്റുള്ളവർ അടങ്ങിയ ഇതിനായി ഉണ്ടാക്കിയ കമ്മിറ്റിയുടെ വിശകലനം ആവശ്യമാണ്.
6. സമാന്തര പണമിടപാടു സ്ഥാപനങ്ങളും തമിഴ് പലിശ സംഘങ്ങളും വ്യാപിച്ചു വരുന്നു.

7. മനുഷ്യ വിഭവം ശരിയായി പ്രയോജനപ്പെടുന്നുണ്ട്.
8. സഹകരണബാങ്കിൽ NRI അക്കൗണ്ട് തുടങ്ങണം.
9. സന്നദ്ധ സംഘടനകളിലൂടെ ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കണം.
10. 'സജന പഞ്ചായത്ത്' വിജയിപ്പിക്കണം.
11. മഹിളാ പ്രധാൻ ഏജന്റുമാർ എല്ലാ വീടും സന്ദർശിക്കണം.
12. വികസന ബോണ്ടുകൾ സ്വരൂപിക്കണം.
13. പുനരർപ്പണദിനം മാതിരിയുള്ള പരിപാടികൾ സംഘടിപ്പിച്ച് പൊതുജനപങ്കാളിത്തം ഉറപ്പുവരുത്തണം.
14. പഞ്ചായത്തിൽ ട്രഷറി തുടങ്ങുക.
15. കാർഷിക വായ്പ പലിശ സഹകരണ ബാങ്ക് കൂട്ടിയത് കുറക്കുക.

സാദ്ധ്യതകൾ:-

വായ്പ തിരിച്ചടക്കാൻ കഴിവുള്ളവരാണെന്ന ബോദ്ധ്യമുള്ള പക്ഷം മാത്രം വായ്പ കൊടുക്കണം. അങ്ങനെ സഹകരണ ബാങ്കുകളുടെ വിശ്വാസ്യത കൂട്ടാനാവുന്നതും അതു വഴി നിക്ഷേപകരെ, പ്രത്യേകിച്ചു ഗൾഫ് നിക്ഷേപരെ ഇവിടേക്ക് ആകർഷിക്കുകയും ചെയ്യാവുന്നതാണ്. പഞ്ചായത്ത് തലത്തിൽ ഒരു 'വിഭവസ്വരൂപണകമ്മിറ്റി' രൂപീകരിച്ചു സഹകരണസംഘങ്ങളുടെ നിക്ഷേപശേഷി വർദ്ധിപ്പിക്കാവുന്നതും അതുകൊണ്ട് ഇവിടുത്തെ നിക്ഷേപങ്ങൾ ഇവിടത്തെ ജനങ്ങൾക്കു തന്നെ ഉപയോഗിക്കാൻ കഴിയുന്നതുമാണ്. വാണിജ്യബാങ്കുകളുടെ സമീപനം മാറ്റിക്കുവാൻ വേണ്ട നിർദ്ദേശങ്ങൾ പഞ്ചായത്ത് ഗവൺമെന്റ് തലത്തിൽ കൊണ്ട്‌വരേണ്ടതാണ്. വായ്പ ആവശ്യമായ വ്യക്തികളുടേയും, കൃഷിക്കാരുടെയും, വ്യവസായികളുടെയും, സ്വയം തൊഴിൽക്കാരുടേയും സർവ്വേ നടത്തി അവരുടെ വിവരങ്ങൾ ശേഖരിക്കേണ്ടതാണ്. വായ്പ ലഭ്യമാക്കുന്ന അവസരത്തിൽ ഇത് ബാങ്കിന് ഗുണം ചെയ്യുന്നതാണ്. ദുർബ്ബല വിഭാഗങ്ങൾക്ക് പണ്ടം പണയത്തിന്മേൽ ആവശ്യം വേണ്ട തുക എത്രയായാലും പെട്ടെന്ന് കൊടുക്കുവാൻ വേണ്ട നടപടികൾ എടുക്കേണ്ടതാണ്. അല്ലെങ്കിൽ സന്ദർഭം ചൂഷണംചെയ്യുന്ന ബ്ലേഡ് കമ്പനികളും തമിഴ് പലിശ സംഘവും ഇവരെ ചൂക്ഷണം ചെയ്തുകൊണ്ടിരിക്കും. ഉദാരമായ വ്യവസ്ഥയിന്മേലും പെട്ടെന്ന് വ്യവസായം തുടങ്ങുന്നവർക്കു പണം ലഭ്യമാക്കാനുള്ള സംവിധാനം ആവിഷ്കരിക്കണം. ഓരോ വാർഡും 'ബജറ്റ് ഗ്രാമമാക്കാൻ' വാർഡ് തലത്തിൽ സംഘം രൂപീകരിച്ച് വീടുകൾ കയറിയിറങ്ങേണ്ടതാണ്. കൂടാതെ മഹിളാ പ്രധാൻ ഏജന്റുമാരേ നിർബന്ധമായും എല്ലാ വീട്ടിലും എത്തിക്കാനുള്ള ഏർപ്പാടു ചെയ്യേണ്ടതാണ്. നിക്ഷേപം കൂട്ടുവാനും സമ്പാദ്യശീലം വളർത്താനും പഞ്ചായത്ത് പ്രോത്സാഹന സമ്മാനങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. ഗൾഫ് പണം വികസനപരമായ കാര്യങ്ങൾക്കു വിനിയോഗിക്കുവാൻ അവരുടെ കൂടിക്കാഴ്ച പഞ്ചായത്ത് തലത്തിൽ ഇടക്കിടെ വിളിച്ചുചേർന്ന് അവരെ പ്രബുദ്ധരാക്കേണ്ടതാണ്. അവരുടെ സഹായത്താൽ പുതിയ വ്യവസായങ്ങൾ തുടങ്ങുവാനുള്ള നടപടികളും എടുക്കേണ്ടതാണ്. എല്ലാ കുടുംബങ്ങളേയും ദേശീയ സമ്പാദ്യപദ്ധതിയിൽ അംഗമാക്കാൻ വാർഡ് മെമ്പർ വഴി കമ്മിറ്റികൾ രൂപീകരിക്കേണ്ടതാണ്. വിവിധ വാർഡുകളിൽ പണം സ്വീകരിക്കാനും പണയത്തിന്മേൽ വായ്പകൊടുക്കുവാനും സഹകരണബാങ്ക് കൗണ്ടറുകൾ തുടങ്ങുക. പഞ്ചായത്ത് ആസ്തികൾ സംരക്ഷിക്കുവാനും, കാര്യക്ഷമതകൂട്ടുവാനും, കോൺട്രാക്റ്റ് പണികൾ പാടില്ലെന്ന നിയമം ഉൾപ്പെടുത്തുകയും JRY

186

united, നോംസ് അനുസരിച്ച് എല്ലാ ജോലികളും ചെയ്യുക. ഗുണഭോക്താക്കൾ "ഗുണഭോക്തൃസംഘം" രൂപീകരിച്ചു അതിനുവഴി എല്ലാ ജോലികളും സംരക്ഷണവും ചെയ്യുക. പലിശ സംഘങ്ങൾക്ക് ബ്ലേഡ് കമ്പനികൾക്കുമെതിരായി ഉൽബോധനം ഓരോ വാർഡിലും സംഘടിപ്പിക്കുക. ഓരോ സ്ഥലത്തും ഷോപ്പിങ്ങ് കോംപ്ലക്സുകൾ പണിയുവാൻ പഞ്ചായത്ത് വികസന ബോർഡുകൾ ഇറക്കുക. IVP സ്കീം വഴി പഞ്ചായത്ത് ധനം സ്വരൂപീക്കേണ്ടതാണ്. സന്നദ്ധസേവനം വഴിയും സ്പോൺസർഷിപ്പു വഴിയും വികസനപ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തിനോക്കുന്നതാണ്. പരസ്യനികുതി പിരിവും കൂടുതൽ കാര്യക്ഷമമാക്കാവുന്നതാണ്. മതിയായ നിയമം നിർമ്മിക്കുന്ന പക്ഷം കോൺട്രാക്റ്റ് വ്യവസ്ഥകൾ ഇല്ലാതാക്കാവുന്നതാണ്. ജനപങ്കാളിത്തം വഴി ജോലികൾ ചെയ്യുന്ന പക്ഷം കാര്യക്ഷമത കൂട്ടാവുന്നതും അതുവഴി തന്നെ പഞ്ചായത്തിന്റെ ഇന്നത്തെ വരുമാനംകൊണ്ട് ചെയ്തു വരുന്നതിന്റെ പതിന്മടങ്ങ് ജോലികൾ അത്ര വരുമാനം ഉപയോഗപ്പെടുത്തിചെയ്യാവുന്നതാണ്. അത്ര വരുമാനം ഉപയോഗപ്പെടുത്തി ചെയ്യാവുന്നതാണ്. ഇതും വിഭവസമാഹരണത്തിന് തുല്യമാണ്. ദുർബല വിഭാഗത്തിൽപെട്ടവരുടെ വരുമാനം മദ്യം, കൊള്ള പലിശ, മറ്റ് അനാവശ്യ ചിലവുകൾ മുതലായവയിൽ കൂടി പാഴായി പോകാതിരിക്കാൻ അവരിൽ സാമ്പാദ്യ ശീലം വളർത്തുവാൻ ശ്രമിക്കണം ഉപകരിക്കണമേൽ വിവരിച്ച പദ്ധതികൾ നടപ്പിലാക്കിയാൽ മാത്രം സാമൂഹ്യക്ഷേമ പ്രവർത്തികൾക്കായി പഞ്ചായത്തും ഗവൺമെന്റും ചിലവഴിക്കുന്ന കോടിക്കണക്കിന് രൂപാ മിച്ചം വരുത്തുവാൻ സാധിക്കുന്നതാണ്. ഈ തുക മറ്റ് വികസനപ്രർത്തനങ്ങൾക്കും വരുമാനം വർദ്ധിപ്പിക്കുവാൻ പഞ്ചായത്തിന് ചെയ്യാവുന്ന ഷോപ്പിങ്ങ് കോംപ്ലക്സ് കല്യാണമണ്ഡപം മറ്റ് അത്യാവശ്യം വേണ്ട കെട്ടിടങ്ങൾ എന്നിവയുടെ നിർമ്മാണത്തിന് ഉപകരിക്കാവുന്നതുമാണ്. അതോടൊപ്പം വരുമാനം ഉണ്ടെങ്കിലും ഇന്നും ദാരിദ്ര്യരേഖയുടെ കീഴെ വരുന്ന ഈ പഞ്ചായത്തിലെ 36% കുടുംബങ്ങളുടേയും ജീവിത നിലവാരം മെച്ചപ്പെടുത്തുവാനും അതു വഴി ഈ പഞ്ചായത്തിലെ ഓരോ അംഗത്തേയും സ്വാശ്രയരാക്കാനും സാധിക്കുന്നതാണ്. ഇത് മുന്നിൽ കൊണ്ടായിരിക്കും വരും വർഷങ്ങളിൽ ജനപങ്കാളിത്തത്തോടു കൂടിയുള്ള പഞ്ചായത്തിന്റെ പ്രവർത്തനം. ഈ നവംബർ 1-ാം തിയ്യതി ഈ പഞ്ചായത്തിലെ എല്ലാവാർഡുകളിലും 'പുനരുൽപ്പദിന'ത്തിൽ നിർവ്വഹിച്ച് താഴെ പറയുന്ന പ്രവൃത്തികൾ ഒരു പുത്തൻ വികസന സംസ്കാരത്തിലേയ്ക്കുള്ള ചൂണ്ടു പലകയാണ്. ഓരോ വാർഡിലും ജനങ്ങൾ അത്യുത്സാഹത്തോടടെയാണ്. ഈ പ്രവൃത്തികൾ വാർഡ് മെമ്പർമ്മാരുടെ നേതൃത്വത്തിൽ നിർവ്വഹിച്ചത്.

| വാർഡ് | പണിയുടെ പേര് |
|---|---|
| 1. | പഴഞ്ഞി റോഡ് & മുട്ടപ്പാലം റോഡ് നിർമ്മാണം |
| 2. | ചീരൻ കുറ്റി ഹരിജൻ കോളണ്ടി റോഡ് നിർമ്മാണം. |
| 3. | കല്ലുപുറം കരിക്കാട് റോഡ് കോത്തുള്ളികുന്നുവരെ അഭിവൃദ്ധിപ്പെടുത്തൽ |
| 4. | കരിക്കാട് PWD റോഡ് കാന അഭിവൃദ്ധിപ്പെടുത്തൽ |
| 5. | കരിക്കാട് PWD റോഡ് കാന അഭിവൃദ്ധിപ്പെടുത്തൽ |
| 6. | കരിക്കാട് PWD റോഡ് കാന അഭിവൃദ്ധിപ്പെടുത്തൽ |

7. ദീനബന്ധു & പരുവകുന്ന് കോളനി റോഡ് അഭിവൃദ്ധിപ്പെടുത്തൽ

8. പാതാക്കര ചീനിപ്പാടം റോഡ് നിർമ്മാണം

9. N.H. റോഡ് കൊരട്ടിക്കര ഭാഗത്ത് കാന വൃത്തിയാക്കൽ

10. നേഴ്സറി സ്കൂൾ & ഒറ്റപ്പിലാവ് മെയിൻറോഡ് അഭിവൃദ്ധിപ്പെടുത്തൽ

11. ആൽത്തറ മുസ്ലിം പള്ളി റോഡ് കാന അഭിവൃദ്ധിപ്പെടുത്തൽ

12. കോടതി പടി മുതൽകിഴക്കോട്ട് PWD റോഡിന്റെ കാന വൃത്തിയാക്കൽ

പൂർണ്ണമായും ജനപങ്കാളിത്തത്തോടെ നടത്തപ്പെട്ട ഈ പ്രവൃത്തികൾ ഭാവിയിൽ വികസനത്തിന്റെ പാതയിലേയ്ക്കുള്ള മണിമുഴക്കമായി വ്യാഖ്യാനിക്കാം.

188

# 1994
# KADVALLUR PANCHAYAT
## ASSET MAP
## കടവല്ലൂർ ഗ്രാമ പഞ്ചായത്ത്

## ആസ്തികൾ



193



കടവല്ലൂർ ഗ്രാമ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ